# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂലൈ 13, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂലൈ 13, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

924/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ …1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ …31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...62

**II അടിയന്തരപ്രമേയം**

രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും ...324

(അവതരണാനുമതി നിഷേധിച്ചു.)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) അന്തർ സംസ്ഥാന നദീജല കരാർ

—ശ്രീ. കെ. കൃഷ്ണൻകുട്ടി ...355

(2) മയക്കുമരുന്ന് ഉപയോഗവും വ്യാപനവും

— ശ്രീ. ഹൈബി ഈഡൻ ...359

**IV സബ്മിഷൻ**

(1) മുങ്ങിമരണം

— പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...364

(2) കൃഷിനാശം

— ശ്രീ. വി. എസ്. അച്ചുതാനന്ദൻ ...366

(3) യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് അടച്ചുപൂട്ടൽ ഭീഷണി

— ശ്രീ. എം. നൗഷാദ് ...367

പേജ്

(4) ചെക്ക് പോസ്റ്റ് നിർമ്മാണം

— ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് ...369

(5) ജില്ലാ ആശുപത്രിയിൽ സൗകര്യങ്ങൾ ഒരുക്കൽ

— ശ്രീ. സി. ദിവാകരൻ ...371

(6) സ്റ്റാഫും തസ്തികയും അനുവദിക്കൽ

— ശ്രീ. കെ. വി. വിജയദാസ് ...373

(7) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

— ശ്രീ. കെ. ജെ. മാക്സി ...374

(8) റോഡ് പുനരുദ്ധാരണം

— ശ്രീ. ഡി. കെ. മുരളി ...375

(9) പുതിയ പാലം

— ശ്രീ. കെ. എസ്. ശബരീനാഥൻ ...376

(10) പാലം പുതുക്കിപ്പണിയൽ

— ശ്രീ. അനിൽ അക്കര ...377

(11) പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം

— ശ്രീ. എൽദോസ് കുന്നപ്പിള്ളി ...378

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

1. ചട്ടം 47 (2) അനുസരിച്ചുള്ള കടലാസ്സുകൾ ...380
2. ചട്ടം 236 (6) അനുസരിച്ചുള്ള കടലാസ്സുകൾ ...381

**VI ക്രമപ്രശ്നം**

(1) സഭാതലത്തിൽ നൽകിയ ഉറപ്പുകളിന്മേലുള്ള നടപടിയും നിയമസഭാ ചോദ്യങ്ങളിന്മേലുള്ള മറുപടിയും യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച്

— ശ്രീ. എം. ഉമ്മർ ...385

*പേജ്*

**റൂളിംഗ്**

—മി. സ്പീക്കർ

(2) 12-7-2016-ലെ ശ്രീ. എം. സ്വരാജിന്റെ ബൈബിൾ പരാമർശം സംബന്ധിച്ച്

—ശ്രീ. വി. ഡി. സതീശൻ ...390

**VII ധനകാര്യം** ...396

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച ( തുടർച്ച)

**VIII പ്രമേയം** ...454

ചട്ടം 236(2) സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂലൈ 13, ബുധൻ*

| വാല്യം 162] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 11 |
|---|---|---|

നിയമസഭ 2016 ജൂലൈ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *151.

**ബ്രഡ്ഡിലും ബണ്ണിലും കാൻസറുണ്ടാക്കുന്ന രാസവസ്തുക്കളുടെ സാന്നിദ്ധ്യം**

1 (*151) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രാൻഡഡ് കമ്പനികൾ വില്പന നടത്തുന്ന ബ്രഡ്ഡിലും ബണ്ണിലും കാൻസറുണ്ടാക്കുന്ന രാസവസ്തുക്കളുടെ സാന്നിദ്ധ്യം സെന്റർ ഫോർ സയൻസ് ആന്റ് എൺവയോൺമെന്റ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയതായി പുറത്തു വന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയിൽ പല ബ്രാന്റുകളുടെ ഉല്പന്നങ്ങളും പ്രാദേശികമായി നിർമ്മിച്ച് വില്പന നടത്തുന്ന ഉല്പന്നങ്ങളും ഇപ്പോഴും വിപണിയിൽ സുലഭമാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പോ മറ്റേതെങ്കിലും ഏജൻസിയോ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ സംബന്ധിച്ച് വിശദമാക്കാമോ; ഇത്തരം വിഭവങ്ങളുടെ വിതരണത്തിൽ നിയന്ത്രണ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ,

(എ) ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൺവയോൺമെന്റ് നടത്തിയ പരിശോധനയിൽ രാജ്യത്ത് വില്പന നടത്തുന്ന ചില ബ്രാൻഡഡ് കമ്പനികളുണ്ടാക്കുന്ന ബ്രഡ്ഡിലും ബണ്ണിലും പൊട്ടാസ്യം ബ്രോമേറ്റിന്റെയും പൊട്ടാസ്യം അയോഡേറ്റിന്റെയും സാന്നിദ്ധ്യമുള്ളതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് വന്നയുടൻതന്നെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ബ്രഡ്ഡുകളും ബണ്ണുകളും ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധന നടത്തി. ഇത്തരം പരിശോധനകളിൽ കാൻസറുണ്ടാക്കുന്ന രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ബി) കേരളത്തിൽ വിതരണം ചെയ്യുന്ന ബ്രാൻഡഡ് കമ്പനികളുടെയും പ്രാദേശികമായി നിർമ്മിച്ച് വിൽപ്പന നടത്തുന്ന 28 ബ്രഡ്ഡ് സാമ്പിളുകളും 3 ബണ്ണ് സാമ്പിളുകളും പരിശോധന നടത്തി. അവയിൽനിന്ന് കാൻസർ ഉണ്ടാക്കുന്ന രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ബ്രഡ്ഡിന്റെയും ബണ്ണിന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തിയെങ്കിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞില്ല.

ശ്രീ. സി. മമ്മൂട്ടി : സർ, സെന്റർ ഫോർ സയൻസ് ആന്റ് എൺവയോൺമെന്റ് ലാബിൽ 38 സാമ്പിൾ എത്തിച്ചതിൽ 84 ശതമാനം സാമ്പിളുകളിലും അപകടകരമായ അളവിൽ പൊട്ടാസ്യം ബ്രോമേറ്റിന്റേയും പൊട്ടാസ്യം അയോഡേറ്റിന്റെയും അംശം കണ്ടെത്തിയെന്നാണ് വാർത്ത. ഇതുസംബന്ധിച്ച് കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ബ്രഡ്ഡും ബണ്ണും പരിശോധന നടത്താൻ തീരുമാനിച്ചു. പൊട്ടാസ്യം അയോഡേറ്റിന്റെ ഭാഗമായി തൈറോയിഡിനെ ബാധിക്കുന്ന രോഗങ്ങൾ, വൃക്ക രോഗങ്ങൾ, കാൻസർ തുടങ്ങിയ മാരകമായ രോഗങ്ങൾ വരാനുള്ള സാധ്യതയുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പലരും വെറും വയറ്റിൽ ബ്രേക്ക് ഫാസ്റ്റായി ബ്രഡ്ഡാണ് കഴിക്കുന്നത്. ഇതിലടങ്ങിയിരിക്കുന്നത് ഇത്രയും മാരകമായ രോഗങ്ങൾ വിതയ്ക്കുന്ന ഒന്നാണെങ്കിൽ

ഇതിന്റെ പരിശോധന സൂക്ഷ്മമായി നടത്തിയതാണോ? യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്ക, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിലുമൊക്കെ ഇത് നിരോധിക്കപ്പെട്ടിട്ടുണ്ട്. ബ്രിട്ടാനിയയിൽ ഇതിന്റെ അംശമില്ലായെന്ന് രേഖപ്പെടുത്തിയെന്ന് പറയുന്നു. ഇക്കാര്യം പത്രങ്ങളിൽ വലിയ വാർത്താ പ്രാധാന്യത്തോടെ വരുകയും ചെയ്തു. ഇതിന് ഗൗരവമായ പരീക്ഷണമോ നിരീക്ഷണമോ നടത്തിയിട്ടുണ്ടോ; ഇതിന് പ്രാഥമിക പരിശോധന മാത്രമാണോ നടത്തിയിട്ടുള്ളത്; ഇല്ലെങ്കിൽ എല്ലാ സൗകര്യങ്ങളുമുള്ള വലിയ ലാബുകളിൽ ഗൗരവതരമായും സുതാര്യമായും പരിശോധന നടത്താനുള്ള സംവിധാനമുണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ആഹാര സാധനങ്ങളിൽ ഇത്തരത്തിലുള്ള മാരകമായ വസ്തുക്കൾ കലരുക എന്നുള്ളത് വളരെ ഗുരുതരമായിട്ടുള്ള പ്രശ്നമാണ്. ഇപ്പോൾ നടത്തിയ പരിശോധനയിൽ ഇത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മാക്സിമം റെസിഡ്യൂ ലിമിറ്റ് നോക്കിയിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. മൂന്ന് റീജിയണൽ ലാബുകളും ഒരു ജില്ലാ ഫുഡ് സേഫ്റ്റി ലാബും ഉൾപ്പെടെ നാല് പ്രധാനപ്പെട്ട പരിശോധനാ ലാബുകളാണ് ഇവിടെയുള്ളത്. മറ്റ് കാര്യങ്ങൾ പരിശോധിക്കാൻ മറ്റ് ലബോറട്ടറികളും സംവിധാനങ്ങളുമുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കുറച്ചുകൂടി ഗൗരവമേറിയ പരിശോധന നടത്തേണ്ടതായിട്ടുണ്ടെന്നാണ് കരുതുന്നത്. അതിനുള്ള സംവിധാനം ഭാവിയിൽ ഉണ്ടാക്കുന്നതായിരിക്കും.

ശ്രീ. സി. മമ്മൂട്ടി : സർ, ഭക്ഷണ പദാർത്ഥങ്ങളിൽ ബ്രഡ്ഡ് മാത്രമല്ല ഉപ്പുപൊടിയിൽ കുപ്പിച്ചില്ലും കണ്ടെത്തി. മൂന്ന് നാല് വർഷം മുമ്പ് ഈ സഭയിൽ തന്നെ ഉന്നയിച്ച ഒരു വിഷയമാണിത്. നാരങ്ങയുടെ മുകളിൽ പുരട്ടുന്നതിനുവേണ്ടി ഒരു കുട്ടി ഉപ്പ് കയ്യിലിട്ട് കയക്കിയപ്പോൾ കൈ മുറിഞ്ഞു. പരിശോധിച്ചപ്പോൾ ഉപ്പിൽ കുപ്പിച്ചില്ലിന്റെ അംശമുണ്ടെന്നറിഞ്ഞു. ഉപ്പ് കട്ട പിടിക്കാതിരിക്കാൻവേണ്ടി ആറ് ശതമാനം കുപ്പിച്ചില്ല് പൊടി ചേർക്കാൻ അനുമതി കൊടുത്തു എന്നുപറയുന്നു. 'അന്നപൂർണ്ണ' എന്ന വലിയ കമ്പനിയുടെ ഉപ്പുപൊടിയായിരുന്നു അത്. ഈ അനുഭവം ഉണ്ടായത് എന്റെ മകൾക്കു തന്നെയാണ്. 2003-ൽ ഞാൻ പരിശോധന നടത്തിയപ്പോൾ ആറ് ശതമാനം വരെ കുപ്പിച്ചില്ല് പൊടി ഉപ്പ് പൊടിയിൽ ഇടാനുള്ള അനുമതി കൊടുത്തു എന്നുപറയുന്നു. പൊടി ഉപ്പിന് കൂടുതൽ ഡിമാന്റ് വന്നപ്പോൾ പ്രൊഡക്ഷൻ കൂട്ടാൻ കഴിയാത്തതുകൊണ്ട് കമ്പനി കുടിൽ വ്യവസായത്തെ ഏൽപ്പിച്ചു. അവർ കുപ്പിയൊക്കെ പൊടിച്ച് പൊടി ഉപ്പിൽ ചേർക്കാൻ തുടങ്ങി. ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന മാരകരോഗങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് എല്ലാ ഭക്ഷണ പദാർത്ഥങ്ങളും സൂക്ഷ്മമായി പരിശോധന നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇത് തീർച്ചയായും പരിഗണനാർഹമായ ഒരു വിഷയമാണ്. ഉപ്പിൽ മാത്രമല്ല തേയില, വെളിച്ചെണ്ണ തുടങ്ങിയ പല ഭക്ഷ്യവസ്തുക്കളിലും കടുത്ത മാലിന്യങ്ങൾ കലരുന്നതായി റിപ്പോർട്ടുകൾ വരുന്നുണ്ട്. അതുകൊണ്ട് ഈ പരിശോധനാ സംവിധാനം കുറച്ചുകൂടി കർശനമാക്കുന്നതിന് ആലോചിക്കുന്നുണ്ട്. പ്രധാനമായും മൂന്ന് മൊബൈൽ ഫുഡ് സേഫ്റ്റി ലാബുകളുടെ പ്രവർത്തനം തുടങ്ങണമെന്ന് ഡിപ്പാർട്ട്മെന്റ് ആഗ്രഹിക്കുന്നുണ്ട്. അതിൽ ഒന്ന് ഈ ഓണക്കാലത്തുതന്നെ ഭക്ഷണ പദാർത്ഥങ്ങൾ പരിശോധിക്കാൻ സജ്ജമാക്കുമെന്നാണ് അറിയിക്കാനുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, സംസ്ഥാനത്ത് ഇത്തരം ഭക്ഷണ വസ്തുക്കൾ വിപണനം ചെയ്യുന്ന ഏതെങ്കിലും കമ്പനികളോ അവരുടെ സംഘടനകളോ അവർക്കെതിരെ സ്വീകരിച്ച നടപടികൾ ഏതെങ്കിലും നിർത്തിവയ്ക്കണമെന്നോ ഉപേക്ഷിക്കണമെന്നോ ആവശ്യപ്പെട്ട് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ചില കാര്യങ്ങൾ പരിശോധിച്ച് ചിലർക്കെതിരെ കേസെടുത്തിട്ടുണ്ട്. അതെല്ലാം ഇപ്പോൾ നടപടിക്രമങ്ങളിലാണ്. പരിശോധനയുടെ ഭാഗമായി വെളിച്ചെണ്ണയുടെ ചില ബ്രാന്റുകൾ നിരോധിച്ചിട്ടുണ്ട്. ഇപ്പോഴും പരിശോധനകൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതിന്റെ കാര്യങ്ങൾ അന്വേഷണഘട്ടത്തിലാണ്. ചില കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ : സർ, നമ്മുടെ സംസ്ഥാനത്തെ എല്ലാ ഭക്ഷണ പദാർത്ഥങ്ങളിലും രാസവസ്തുക്കളുടെ അതിപ്രസരമുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് നമ്മുടെ സംസ്ഥാനത്ത് ലബോറട്ടറികളുടെ അപര്യാപ്തതയുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ സമയബന്ധിതമായി പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതിന് അത്യാധുനിക ലബോറട്ടറികൾ സംസ്ഥാനത്ത് അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടികളുണ്ടാകുമോ; ഞങ്ങൾ കൂടി പങ്കെടുത്ത മലപ്പുറം ജില്ലാ വികസന സമിതിയിൽ ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർ പങ്കെടുത്തില്ല. കാരണം അവർ കളക്ടറുടെ നിയന്ത്രണത്തിലല്ല സംസ്ഥാനത്തെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിലാണെന്നാണ് അറിഞ്ഞത്. ജില്ലയിൽ മഞ്ഞപ്പിത്ത രോഗം വ്യാപകമായി കണ്ട സമയത്ത് ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ കാറ്ററിംഗ് സർവ്വീസുകാരുടെ ഭക്ഷണത്തിൽ നിന്നാണ് ഉണ്ടായതെന്നാണ് മനസ്സിലായത്. പല കല്യാണങ്ങളിലും പങ്കെടുത്ത നൂറോളം ആളുകൾക്ക് മഞ്ഞപ്പിത്തം ബാധിച്ചതുകൊണ്ട് അത് ഫുഡ് സേഫ്റ്റി

ഉദ്യോഗസ്ഥനെ വിളിച്ച് അറിയിക്കാനാണ് മീറ്റിംഗ് വച്ചത്. ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥൻ ഈ മീറ്റിംഗിൽ വരികയില്ലെന്നും അവർക്ക് നേരിട്ട് ഫുഡ് സേഫ്റ്റി കമ്മീഷണറുമായിട്ടാണ് ബന്ധമുള്ളതെന്നുമാണ് കളക്ടർ പറഞ്ഞത്. എല്ലാ ജില്ലാതല ഉദ്യോഗസ്ഥരും വരുമ്പോൾ ജില്ലയിലെ ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥന് ആ ഡി.ഡി.സി.-യിൽ പങ്കെടുക്കാൻ പാടില്ല എന്നുപറയുന്നത് എന്തൊരു അനൗചിത്യമാണ്. അത്തരം ഉദ്യോഗസ്ഥരെ ജില്ലാ വികസന സമിതിയിൽ പങ്കെടുപ്പിക്കാനുള്ള അവസരം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ജില്ലാ വികസന സമിതിയിൽ ഇത്തരം ഉദ്യോഗസ്ഥർ പങ്കെടുത്താൽ കുറച്ചുകൂടി വിശ്വാസ്യമായി കാര്യങ്ങളിൽ ഇടപെടാൻ സാധിക്കും. ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിച്ച് ഈ ഉദ്യോഗസ്ഥരെ ജില്ലാ വികസന സമിതിയിൽ പങ്കെടുപ്പിക്കാനുള്ള തീരുമാനമെടുക്കുന്നതാണ്. അതുപോലെ എല്ലാ സ്ഥാപനങ്ങളുടെയും ലൈസൻസും രജിസ്ട്രേഷനും നിർബന്ധമാക്കി ഭക്ഷ്യ സുരക്ഷാ നിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പഴയ കാലഘട്ടങ്ങളിലൊക്കെ ബേക്കറിയടക്കമുള്ള വിപണന കേന്ദ്രങ്ങൾക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ അവർ സ്വയമേവ ഉണ്ടാക്കുകയായിരുന്നു ചെയ്തിരുന്നത്. അന്നൊന്നും ഇത്ര വിഷാംശം കലർത്തിക്കൊണ്ടുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കുമായിരുന്നില്ല. ഇന്ന് ബേക്കറികളടക്കമുള്ള വിപണന കേന്ദ്രങ്ങൾ വ്യാപകമായതോടുകൂടി ഓരോ പ്രൊഡക്ഷൻ സെന്ററും ബൾക്കായി ഇത്തരം സാധനങ്ങളുണ്ടാക്കി ബേക്കറികളിൽ എത്തിക്കുകയാണ്. അത്തരം പ്രൊഡക്ഷൻ സെന്ററുകൾക്ക് രജിസ്ട്രേഷനുണ്ടോ; അവയുടെ ഗുണനിലവാരം പരിശോധിക്കാനാവശ്യമായ എന്തെങ്കിലും നടപടിയുണ്ടോ; അവയുടെ രജിസ്ട്രേഷന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കൺസ്യൂമറിസം വ്യാപകമാകുന്നതിന്റെ ഭാഗമായി ലാഭാധിഷ്ഠിതമായ വ്യവസായമായി എല്ലാം മാറുകയാണ്. ഭക്ഷണവും കുടിവെള്ളവുമെല്ലാം ലാഭ കേന്ദ്രീകൃതമായിട്ടുള്ള വ്യവസായ വസ്തുക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി വരുന്ന ഇത്തരം കാര്യങ്ങളെ പ്രതിരോധിക്കാൻ ഗവൺമെന്റിന് ശക്തമായ നടപടി സ്വീകരിക്കേണ്ടതായിട്ടുള്ളതുകൊണ്ടാണ് ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുന്ന ലൈസൻസും രജിസ്ട്രേഷനും കുറച്ചുകൂടി കർശന പരിശോധന നടത്തിമാത്രമെ കൊടുക്കൂ എന്ന തീരുമാനം എടുക്കുന്നത്. അതിനുള്ള നടപടികളെല്ലാം വകുപ്പ് സ്വീകരിച്ചുവരികയാണ്.

ശ്രീ. മുരളി പെരുനെല്ലി : സർ, ഉപഭോക്തൃ സംസ്ഥാനമായ കേരളം ഭക്ഷ്യമേഖലയിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്. ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ പ്രധാനപ്പെട്ട ആഘോഷ വേളകളിൽ അന്യസംസ്ഥാനത്തുനിന്നും പാൽ, ഭക്ഷ്യ എണ്ണകൾ, പഴം, പച്ചക്കറി, മാംസം തുടങ്ങി ധാരാളം സാധനങ്ങൾ കേരളത്തിലേയ്ക്ക് കടന്നുവരുന്നുണ്ട്. ഇവയെല്ലാം കൃത്യമായി പരിശോധിച്ച് അതിന്റെ ഗുണനിലവാരം പരിശോധിക്കാനും മായം ചേർന്നിട്ടില്ലായെന്ന് ഉറപ്പുവരുത്താനും പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇതിന് വേണ്ടിയും കൂടിയാണ് മൊബൈൽ ഫുഡ് സേഫ്റ്റി ലാബ് ആരംഭിക്കുമെന്ന് പറഞ്ഞിട്ടുള്ളത്. ന്യൂ ജനറേഷൻ വസ്തുക്കളാണ് ഈ ഭക്ഷ്യവസ്തുക്കളിലെല്ലാം ചേർക്കുന്നത്. അത്തരത്തിലുള്ള പ്രിസർവേഷനും മറ്റ് കാര്യങ്ങളുമെല്ലാം ഉപയോഗപ്പെടുത്തുകയാണ്. നമുക്കിപ്പോൾ ഒരു കേന്ദ്ര നിയമമാണുള്ളത്. ഇത് കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നുള്ളതാണ് ഇതിലുള്ള ഒരു പ്രയാസം. ന്യൂ ജെൻ രാസവസ്തുക്കൾ കൂടി പരിശോധിക്കാൻ കേന്ദ്രനിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് എഴുതിയിട്ടുണ്ട്. ഇത് പരിശോധിക്കാൻ ഇപ്പോൾ മാർഗ്ഗമില്ലാത്ത ഒരവസ്ഥയാണുള്ളത്. അതുകൊണ്ട് ഒരു മാറ്റം വരുത്താൻ കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ബ്രഡ്ഡിലും ബണ്ണിലും പൊട്ടാസ്യം ബ്രോമേറ്റും പൊട്ടാസ്യം അയോഡേറ്റും കണ്ടെത്തിയെന്നുള്ള വാർത്ത കണ്ടു. അതോടൊപ്പംതന്നെ 2 ബി കാൽസിനോജൻ എന്നുപറയുന്ന തൈറോയ്ഡ് രോഗം വരാനുള്ള ഒരു മൂലകം കൂടി കണ്ടെത്തിയിട്ടുണ്ട്. അതിന്റെകൂടി ശക്തമായിട്ടുള്ള പരിശോധനകൾ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. Food Safety Standards Act, 2006 ആണ് കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി തീരുമാനമെടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായി 12 ലക്ഷം രൂപവരെ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഹോട്ടലുകൾക്ക് ലൈസൻസും ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ഏറ്റവും സമഗ്രമായ ഒരു പദ്ധതിയാണ് കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിയത്. അത് ഏത് വരെയായി? കേരളത്തിലെ തട്ടുകടകൾ മുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾ വരെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ഏകദേശം 50 ശതമാനത്തോളം പൂർത്തീകരിച്ചതാണ്. അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുമോ?

മറ്റൊന്ന്, സർക്കാർ തലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട എന്നിവിടങ്ങളിലായി 4 റീജിയണൽ ലാബുകളാണുള്ളത്. ഈ ലാബുകളിൽനിന്നും ലഭിക്കുന്ന റിസൾട്ടുകളിൽ നമുക്ക് നിയമപരമായ സാധ്യതാ ഫലം കിട്ടുന്നില്ല. അതിന് NABL Accreditation ഉണ്ടാകണം. NABL Accreditation ഉള്ള ഒരു ലാബും കേരളത്തിലില്ല. അതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് കുറെ നടപടികൾ സ്വീകരിച്ചു. അടിയന്തരമായി NABL Accreditation ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ എന്നുള്ളതിനെക്കുറിച്ചും അതിന്റെ നടപടിക്രമങ്ങൾ എന്തായി എന്നുള്ളതിനെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം.

മി. സ്പീക്കർ : അങ്ങ് രണ്ടു ചോദ്യം ചോദിച്ചു. ...പ്ലീസ്.... പ്ലീസ്....... മിനിസ്റ്റർ പറയട്ടെ.... ചട്ടപ്രകാരമുള്ളത് ഒരു ഉപചോദ്യമാണ്. അങ്ങ് രണ്ടെണ്ണം ചോദിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഒരു കാര്യം കൂടി, ഓണക്കാലം വരുന്നു, പച്ചക്കറികളിലെ വിഷാംശങ്ങളെപ്പറ്റിയുള്ള പരിശോധനകൾ ഒരു സ്ഥലത്തും നടക്കുന്നില്ല. അത് വളരെ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നുള്ള കാര്യം കൂടി അറിയണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഈ പരിശോധനയെല്ലാം വളരെ ദുർബലമായിട്ടാണ് ഇതുവരെ നടന്നുവന്നിരുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ ദൗർബല്യത്തിന്റെ ഭാഗമായിട്ടുതന്നെയാണ് ഇത്രയും വിഷവസ്തുക്കൾ ഇവിടെ പ്രചരിക്കപ്പെടുന്നത്. അതുകൊണ്ട് ഈ ദുർബലത പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തര നടപടികൾ ആലോചിച്ചിട്ടുണ്ട്. ലാബുകളിൽ NABL Accreditation സൗകര്യം ഒരുക്കുന്നതിന്റെ 95% പ്രവർത്തി ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ നാല് ലാബുകൾക്കും NABL Accreditation ലഭിക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് ഇപ്പോൾ ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ് : സർ, ഭക്ഷണ പദാർത്ഥങ്ങളിൽ മാത്രമല്ല നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന കുടിവെള്ളത്തിലും ഓരോ വർഷവും രാസവസ്തുക്കൾ കൂടുതലായി ഉപയോഗിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി വലിയ വിപത്തുകൾ സമൂഹം നേരിടുകയാണ്. സാമൂഹ്യമായ ഈ വിപത്തിനെ നേരിടാൻ പുതിയ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; ഈ പരിശോധന നഗരങ്ങളിൽ മാത്രമാണ് നടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് ഗ്രാമങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കുടിവെള്ളത്തിന്റെ പ്രശ്നം വളരെ ഗൗരവമായി എടുക്കേണ്ട വിഷയമാണ്. ഇതിനായി ലാബുകളുടെ വ്യാപനം ഉണ്ടാകേണ്ടതായിട്ടുണ്ട്. മൊബൈൽ ലാബുകൾ ആരംഭിക്കുന്നതുതന്നെ ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയാണ്. മാത്രമല്ല, ഈ ലാബുകളുടെ ശാക്തീകരണത്തിനുവേണ്ടി 6.15 കോടി രൂപ ഗവൺമെന്റ് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. അത് ഉപയോഗപ്പെടുത്തിക്കൊണ്ട് ലാബുകൾ ശക്തമാക്കി ഗ്രാമങ്ങളിലും കുടിവെള്ളമടക്കം പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ് : സർ, ഏറ്റവും ഗൗരവതരമായ ചോദ്യത്തിനാണ് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടത്, നമ്മുടെ ഏറ്റവും പ്രസ്റ്റീജിയസായ ടെക്നോപാർക്കിലെ ഒരു സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ ഭക്ഷ്യവസ്തുക്കളിലൊക്കെ മായം ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയെന്നാണ്. എന്റെ ചോദ്യം, വെളിച്ചെണ്ണയടക്കമുള്ള ഭക്ഷ്യ എണ്ണകളിൽ വ്യാപകമായി മായം ചേർക്കപ്പെടുന്നു എന്ന ആരോപണമുണ്ട്. അതോടൊപ്പംതന്നെ ഭക്ഷണപദാർത്ഥങ്ങളിൽ കളർ ചേർക്കപ്പെടുന്നത് ഒരു ഫാഷൻ പോലെയാണ്. പലരും കളർ ചേർത്ത ഭക്ഷണമേ കഴിക്കൂ എന്നൊരു നിലപാട് വന്നിട്ടുണ്ട്. അതുപോലെതന്നെ സൗന്ദര്യവർദ്ധക ഉല്പന്നങ്ങളായ ലിപ്സ്റ്റിക്, മുഖത്തുപുരട്ടുന്ന പലതരം ക്രീമുകൾ ഇവയിലെല്ലാം വളരെ കുഴപ്പങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യം ബ്രഡ്ഡിലും ബണ്ണിലുമുള്ള രാസവസ്തുക്കളുടെ സാന്നിദ്ധ്യമാണ്.

ശ്രീ. പി. ടി. തോമസ് : സർ, അതുകൊണ്ട് ഇത്തരം കാര്യങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. വെളിച്ചെണ്ണയിൽ പാം കർണൽ ഓയിൽ, പാം ഓയിൽ തുടങ്ങിയ വസ്തുക്കൾ ചേർക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. ഈ പരിശോധന നടത്തിയതിനുശേഷം ബ്രാൻഡഡ് വെളിച്ചെണ്ണകൾ 27 എണ്ണം ഇപ്പോൾ നിരോധിച്ചിട്ടുണ്ട്. അതുപോലെതന്നെ മറ്റു കാര്യങ്ങളും പരിശോധിച്ചു കണ്ടെത്തിയാൽ ഇത്തരം കാര്യങ്ങൾ നിരോധിക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ജനങ്ങളുടെ ബോധമണ്ഡലത്തിൽ ഒരു വലിയ മാറ്റം വരാതെ ഏത് ലാബ് സിസ്റ്റം കൊണ്ടുവന്നാലും കേരളത്തിലെ രോഗഗ്രസ്തമായ ഒരവസ്ഥയ്ക്ക് പരിഹാരം കാണാൻ സാധിക്കില്ല. വളരെ വലിയ

പ്രശ്നമെന്ന പറയുന്നത്, ഇപ്പോൾ എല്ലാത്തിലും കെമിക്കൽ ചേർക്കുന്നുണ്ട്. തുണിക്ക് മണമുണ്ടെന്ന് പറഞ്ഞ് ഒരു പരസ്യം വരുന്നുണ്ട്. അത് പരീക്ഷണത്തിൽ തെളിയിച്ചിട്ടുമുണ്ട്. അതൊരു കെമിക്കൽ ചേർക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിനാണ് മാതൃകാ നിയമമുള്ളത്. പുതിയതായി ഉണ്ടാകുന്ന പല കെമിക്കലും ആ നിയമത്തിൽ ഉൾപ്പെടുത്താത്തതിനാൽ അതിനെതിരെ കേസെടുക്കാൻ സാധിക്കുന്നില്ല. കുറച്ച് കെമിക്കൽ മാത്രമാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഞാൻ പറയുന്നത്, കുട്ടികൾക്കല്ല പ്രശ്നം, കേരളത്തിലെ 30% മനുഷ്യരും ഇത് അഫോർഡ് ചെയ്യാൻ പറ്റാത്തവിധം രോഗഗ്രസ്തരാണ്. ആസ്ട്രേലിയ, ഫ്രാൻസ്, യൂറോപ്പ് എന്നിവിടങ്ങളിൽ ഏതൊക്കെ കെമിക്കൽ ഉപയോഗിക്കാൻ പാടില്ലെന്ന് അവർ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. അമേരിക്കയിലില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് കേരളം കേന്ദ്രത്തോട് ആവശ്യപ്പെടുകയും ഒരു ബോധപ്രവർത്തനം നടത്താൻ ശ്രമിക്കുകയും ചെയ്യുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഇതാണ് ഞാൻ നേരത്തെ പറഞ്ഞത്. ന്യൂ ജനറേഷൻ കെമിക്കലുകൾ ധാരാളമായി ചേർക്കുകയാണ്. എന്തൊക്കയാണ് ചേർത്തുവരുന്നതെന്നുള്ള വിശദമായ പരിശോധനകൾ നടത്തേണ്ടതായിട്ടുണ്ട്. ഇതുകൂടി നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി ഇതിന്റെ എം.ആർ.എൽ. നിശ്ചയിച്ച തരണമെന്നുള്ളത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന് ഇപ്പോൾ എഴുതിയിട്ടുണ്ട്. അത് ഇതുവരെ അംഗീകരിച്ചിട്ടില്ല. കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ ഈ കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് വീണ്ടും ശക്തമായി ശ്രമിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

2 (*152) <u>ശ്രീ. എസ്. രാജേന്ദ്രൻ :</u>
<u>ശ്രീ. എം. എം. മണി :</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ :</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമായ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണോ പ്രസ്തുത തുക അനുവദിച്ചതെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് തുക അനുവദിച്ചതെങ്കിൽ ഇത്തരത്തിലുള്ള ദുരുപയോഗം നടന്നതിനെതിരെ ഉചിതമായ നിയമ നടപടി ഉണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് (18-5-2011 മുതൽ 24-5-2016 വരെ) 808,78,08,191 രൂപ (എണ്ണൂറ്റി എട്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി എണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും മുഖ്യമന്ത്രിയുടെ വിവേചനാധികാരം വിനിയോഗിച്ചുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 809 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നാണ് പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എൽ.ഡി.എഫ്.-ലെ എം.എൽ.എ.-മാർക്ക് കാശ് കിട്ടാതിരിക്കാൻ രഹസ്യമായി വേറെ ഡിപ്പാർട്ടുമെന്റ് വല്ലതും നടപ്പിലാക്കിയിരുന്നോ എന്നുള്ള ഒരു സംശയം പല ഘട്ടത്തിലും എനിക്ക് തോന്നിയിട്ടുണ്ട്. വെറുതെ പറയുന്നതല്ല, എന്റെ മണ്ഡലത്തിലെ തമ്പി മാങ്കുളം എന്നയാൾക്ക് 23-3-2015-ൽ വന്ന കത്തിൽ പറയുന്നത് 'താങ്കൾ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു' എന്നാണ്. അയാൾ മരിച്ചു പോയി. എന്റെ ചോദ്യം, മരണപ്പെട്ടവരുടെ പിൻഗാമികൾക്ക് കാശ് കിട്ടാൻ എന്തെങ്കിലും നടപടിയുണ്ടോ; 809 കോടി രൂപയോളം അനുവദിച്ചതിൽ കൊടുക്കാതെ കിടക്കുന്ന കാശ് എത്രയാണ്; ഇത് വ്യക്തമാക്കാൻ എന്തെങ്കിലും സാധ്യതകളുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, ഇതിന് കൃത്യമായ മാനദണ്ഡങ്ങളുണ്ട്. അതിനനുസൃതമായിട്ടുള്ള അപേക്ഷകൾക്ക് സഹായം നല്കുന്നതിന് സാധിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടാൽ പെട്ടെന്ന് തുക കൊടുക്കുവാനും വീട് വയ്ക്കുവാനും സാധിക്കുന്നില്ല. ത്രിതല പഞ്ചായത്തിന്റെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പേര് വന്ന് വീട് കിട്ടാൻ വളരെ പ്രയാസപ്പെടുന്ന സാഹചര്യമുണ്ട്. ദുരിതാശ്വാസ നിധിയിൽ നിന്നും മുഖ്യമന്ത്രി നേരിട്ടോ ഗവൺമെന്റ് നടപടിയിലൂടെയോ ഈ തുക കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഇത്തരം കാര്യങ്ങൾക്കും ഇപ്പോൾ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം അനുവദിക്കുന്നുണ്ട്. പക്ഷേ അപകടത്തിന്റെ ഭാഗമായുള്ള സഹായത്തിന് സാധാരണഗതിയിൽ ഇൻഷ്വറൻസ് ക്ലെയിം ബാധകമാക്കിയിട്ടുള്ളതാണ്. അപ്പോൾ രണ്ടുതരത്തിലുള്ള സഹായം അതിന് ലഭ്യമാകുന്ന നിലവരും. എങ്കിലും ചില കാര്യങ്ങൾക്ക് അതിനും തുക അനുവദിക്കുന്നുണ്ട്.

<u>ശ്രീ. എം. എം. മണി</u> : സർ, സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം ഏറിയേറി വരുകയാണ്. അതുകൊണ്ടുതന്നെ ഇത്തരം തൊഴിൽ ക്യാമ്പുകളിലും കേന്ദ്രങ്ങളിലും രോഗം ബാധിക്കുന്നുവെന്ന പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം സ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഇത് നമ്മുടെ സംസ്ഥാനം നേരിടുന്ന പൊതുവായ ഒരു പ്രശ്നമാണ്. ഇവിടെനിന്നും ധാരാളം ആളുകൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്നതുപോലെ നമ്മുടെ സംസ്ഥാനത്തിലേക്കും ധാരാളം ആളുകൾ തൊഴിലിനായി വന്നുകൊണ്ടിരിക്കുകയാണ്. അവർ നേരിടുന്ന പ്രശ്നവും സംസ്ഥാനത്തിന്റെ പ്രശ്നമായി തന്നെ നമുക്ക് കാണേണ്ടതായിട്ടുണ്ട്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : സർ, ദുരിതാശ്വാസനിധിയിലേയ്ക്കുള്ള അപേക്ഷകരുടെ ബാഹുല്യം വളരെ കൂടുതലാണ്. ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ഇതിനാവശ്യമായ തുക കണ്ടെത്തുന്നത്; നിലവിൽ അപേക്ഷിച്ചവർക്ക് സമയപരിധി നിശ്ചയിച്ച് ധനസഹായം നൽകാൻ കഴിയുമോ; അപേക്ഷ സ്വീകരിച്ചുവെന്ന് കാണിച്ച് അപേക്ഷകർക്ക് മൊബൈൽ ഫോണോ മറ്റേതെങ്കിലും മാർഗ്ഗം വഴിയോ എസ്.എം.എസ്. അയയ്ക്കാനുള്ള സംവിധാനം ചെയ്യാൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഇതിനുള്ള ഫണ്ട് പൊതുവായി സംഭാവനയായി സ്വീകരിക്കുന്നതാണ്. പക്ഷേ കഴിഞ്ഞദിവസം ഞാൻ വ്യക്തമാക്കിയതുപോലെ തുക വേണ്ടത്ര ഇല്ലാത്തൊരു അവസ്ഥയുണ്ട്. നമ്മുടെ പൊതുഫണ്ടിൽ നിന്നും ഇതിലേയ്ക്ക് പണം അനുവദിക്കേണ്ടതായി വരുന്നു. അപേക്ഷകർക്ക് ടെലഫോണിലൂടെ മറുപടി കൊടുക്കുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല. മറ്റ് നിലപാടുകൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം കിട്ടുന്നതിന് അപേക്ഷിച്ചാൽ മുഖ്യമന്ത്രി അനുവദിച്ചാലും തുക ലഭിക്കുന്നതിന് പല ഗവൺമെന്റ് ഓഫീസുകളും കയറി ഇറങ്ങേണ്ടിവരുന്നുവെന്ന ഒരു വിഷമമുണ്ട്. രോഗികൾക്ക് ധനസഹായം പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അപേക്ഷ നൽകിയ രോഗി മരിച്ചുപോയാൽ ആശ്രിതർക്ക് തുക ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, അനുവദിക്കുന്ന പണം എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും. ധനസഹായം ലഭ്യമാക്കുന്നതിന് ഏതെങ്കിലും തരത്തിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്. കാലതാമസം വരുന്നതിനുള്ള ഒരു ഘടകം ചിലപ്പോൾ ഫണ്ടില്ലാത്തതാകാം. ഏതായാലും സമയപരിധിക്കുള്ളിൽ സഹായം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 800 കോടി രൂപയിലധികം നൽകിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ അറിയിച്ചു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും അപേക്ഷകളിൽ പരിഹാരം കാണാൻ കഴിഞ്ഞ ഗവൺമെന്റ് പരമാവധി ശ്രമിച്ചതുകൊണ്ടും ജനങ്ങൾ നേരിട്ട് മുഖ്യമന്ത്രിക്കും മറ്റ് ജനപ്രതിനിധികൾക്കും അപേക്ഷകൾ നൽകിയതിന്റെയും അടിസ്ഥാനത്തിലാണ് ഇത്രയും തുക നൽകിയിട്ടുള്ളത്. ഇന്നലെ ശ്രീ. വി. ഡി. സതീശന്റെ സബ്മിഷന് മറുപടിയായി 'പുതിയ ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ സമീപനമാണ് എടുക്കുന്നത്' എന്ന് മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ ചോദ്യം, ഇന്നലെ അങ്ങയുടെ മറുപടിയിൽ 'ലഭിക്കുന്ന എല്ലാ അപേക്ഷകളും താഴോട്ടയച്ച് അതിന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷം പണം അനുവദിക്കും' എന്ന് പറഞ്ഞു. അടിയന്തരമായി ധനസഹായം ആവശ്യമായി വരുന്ന ചില കേസുകളിൽ താഴെത്തട്ടിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുന്നതിനും അനുവദിച്ച പണം ലഭ്യമാക്കുന്നതിനും കാലതാമസം വരികയാണ്. അതുകൊണ്ട് ഈ കാലതാമസം ഒഴിവാക്കുന്നതിന് കാൻസർ പോലെ മാരകമായ രോഗങ്ങളുള്ളവർക്ക് തിരുവനന്തപുരത്തെ ആർ.സി.സി, തലശ്ശേരിയിലെ ആർ.സി.സി, ശ്രീചിത്തിരതിരുനാൾ ഹോസ്പിറ്റൽ തുടങ്ങിയ ആശുപത്രികളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നേരിട്ട് പണം അനുവദിക്കുന്നതിനുള്ള നടപടി മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഗവൺമെന്റ് എന്നത് ഭരണപക്ഷത്തിനോ പ്രതിപക്ഷത്തിനോ പ്രത്യേകമായിട്ടുള്ള ഒന്നല്ല. ജനങ്ങൾക്ക് മൊത്തത്തിലുള്ളതാണ്. ഭരണപക്ഷവും പ്രതിപക്ഷവുമൊക്കെ ഈ സഭയിലുള്ളതാണ്. ഗവൺമെന്റ് കാര്യങ്ങൾ ചെയ്യുന്നത് മുഴുവൻ ജനങ്ങൾക്കുമായിട്ടാണ്. എല്ലാവരോടും ഒരേ തരത്തിലുള്ള സമീപനം മാത്രമേ ഏത് ഗവൺമെന്റിനും സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അതിൽ നിന്നും വ്യത്യസ്തമായാൽ ജനങ്ങൾ കൈകാര്യം ചെയ്യുന്ന സാഹചര്യമുണ്ടാകും. അതൊക്കെ ജനങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കും. ഇവിടെ ഉന്നയിച്ച വിഷയം ചെറിയ ഒരു സാങ്കേതിക പ്രശ്നം കൂടി ഉൾക്കൊള്ളുന്നതാണ്. ചികിത്സാ ധനസഹായം നൽകുന്നതിന് കളക്ടർ അടക്കമുള്ളവരുടെ റിപ്പോർട്ട്

വേണ്ടിവരുന്നുണ്ട്. അത് പൂർണ്ണമായി ഒഴിവാക്കിയാൽ ഇന്നത്തെ നിലയിൽ ചില പ്രശ്നങ്ങൾ ഉയർന്നുവരാൻ ഇടയുണ്ട്. പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് നന്നായിരിക്കും. ഒരു കരുതൽ ഇക്കാര്യത്തിലുണ്ടാകുന്നത് നല്ലതെന്നാണ് തോന്നുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പ്രകൃതിക്ഷോഭ ദുരിതാശ്വാസം നൽകുന്നതിൽ ഇടിമിന്നലേറ്റുണ്ടാകുന്ന തീപിടിത്തം ഉൾപ്പെടുത്തിയിട്ടില്ല. ഇടിമിന്നലേറ്റ് തീപിടിച്ച് ചെറിയ വീടുകളൊക്കെ നശിക്കുമ്പോൾ നാശനഷ്ടം വിലയിരുത്താനുള്ള സംവിധാനമില്ല. ഇതുകൂടി ഗവൺമെന്റ് പരിഗണിക്കുമോ; പ്രകൃതിക്ഷോഭത്തിൽ ഇടിമിന്നലേറ്റുണ്ടാകുന്ന തീപിടിത്തംമൂലം വീട് കത്തുന്നത് കൂടി ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഇടിമിന്നൽ കൊണ്ട് തീപടിക്കുന്നത് അത്യപൂർവ്വമായി മാത്രം സംഭവിക്കുന്നതാണ്. അതുകൊണ്ടായിരിക്കാം ഇത് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്താത്തത്. സാധാരണഗതിയിൽ ഇത് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തുന്നതിന് ഒരു പ്രയാസവുമില്ല.

**എൻഡോസൾഫാൻ ദുരിതബാധിതർ**

3 (*153) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതത്തിനിരയായവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) ദുരിതബാധിതരുടെ സൗജന്യചികിത്സ, പുനരധിവാസം, കടം എഴുതിത്തള്ളൽ തുടങ്ങിയ ആവശ്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുമോ;

(ഡി) എൻഡോൾഫാൻ ദുരിതത്തിനിരയായ നിരവധി പേർ ആനുകൂല്യത്തിന് അർഹതയുള്ളവരുടെ പട്ടികയിൽ ഉൾപ്പെടാതെ പോയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ റവന്യൂ, ആരോഗ്യം, സാമൂഹ്യനീതി, ഭക്ഷ്യ പൊതുവിതരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ മുഖാന്തരമാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കളക്ടറേറ്റിൽ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലയുടെ ചുമതലയുള്ള മന്ത്രി ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായി ഒരു ജില്ലാതല സെൽ പ്രവർത്തിച്ചുവരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി സ്പെഷ്യാലിറ്റി-സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് പ്രതിമാസ പെൻഷനും അവരെ പരിചരിക്കുന്നവർക്കുള്ള 'ആശ്വാസകിരണം' പദ്ധതിപ്രകാരമുള്ള ധനസഹായവും കുടിശ്ശിക തീർത്തും നല്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ സ്കോളർഷിപ്പ്, സൗജന്യ റേഷൻ, ചികിത്സയ്ക്കുള്ള യാത്രാസൗകര്യങ്ങൾ തുടങ്ങിയവ ദുരിതബാധിതർക്ക് നൽകി വരുന്നുണ്ട്. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായത്തിന്റെ രണ്ട് ഗഡുക്കൾ അർഹതപ്പെട്ടവർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

ജില്ലയിലെ ആരോഗ്യ, സാമൂഹ്യ, വിദ്യാഭ്യാസ, സേവന മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി നബാർഡ് RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 236 പദ്ധതികളിൽ 166 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് മുളിയാർ പഞ്ചായത്തിൽ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ആശ്വാസത്തിനായി താഴെ പറയും പ്രകാരമുള്ള സാമ്പത്തിക സഹായങ്ങൾ അനുവദിച്ചുവരുന്നുണ്ട്.

(1) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന പ്രതിമാസ പെൻഷൻ നൽകി വരുന്നു.

(2) പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്ത ദുരിതബാധിതരെ ശുശ്രൂഷിക്കുന്ന ഒരാൾക്ക് ആശ്വാസകിരണം പദ്ധതി വഴി 700/-രൂപ നിരക്കിൽ ധനസഹായം (സ്പെഷ്യൽ ആശ്വാസകിരണം) അനുവദിച്ചുവരുന്നു.

(3) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും ശാരീരിക വൈകല്യമുള്ളവർ, കാൻസർ രോഗികൾ എന്നിവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) ദുരിതബാധിതരുടെ സൗജന്യ ചികിത്സ, പുനരധിവാസം, കടം എഴുതിത്തള്ളൽ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിക്കും.

(ഡി) ഇനിയും പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവരെ കണ്ടെത്തുന്നതിലേയ്ക്കായുള്ള സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. എം. രാജഗോപാലൻ</u> : സർ, എൻഡോസൾഫാന്റെ വിഷമതയിൽ നിന്നും ആശ്വാസത്തിന്റെ കുടചൂടി ദുരിതബാധിതരെ സഹായിക്കുന്ന, രക്ഷിക്കുന്ന ഒരു സമീപനമാണ് എപ്പോഴും എൽ.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. ദുരിതബാധിതരുടെ പ്രശ്നപരിഹാരത്തിനായി ഈ ഗവൺമെന്റ് അടിയന്തര ഇടപെടലുകൾ നടത്തുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. എന്റെ ചോദ്യം, എൻഡോസൾഫാൻ ദുരിതം കാരണം ബുദ്ധിപരവും ആരോഗ്യപരവുമായ വെല്ലുവിളി നേരിടുന്നവർക്കു വേണ്ടി തുടങ്ങിയിട്ടുള്ള പുനരധിവാസ ഗ്രാമപദ്ധതി കൂടുതൽ കേന്ദ്രങ്ങളിൽ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; അതോടൊപ്പം തന്നെ നിലവിലുള്ള ബഡ്സ് സ്കൂളുകൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറ്റാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, പുനരധിവാസഗ്രാമങ്ങൾ കൂടുതലായി സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഇല്ല. അതേസമയം ബഡ്സ് സ്കൂളുകളിൽ അവരുടേതായ പ്രത്യേകമായ ചില കഴിവുകളുള്ള കുട്ടികളുടെ കഴിവ് വളർത്തിയെടുക്കാനുള്ള പൊതുവായ സമീപനം നാം സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആ സമീപനം ബഡ്സ് സ്കൂളുകളിൽ മാത്രമല്ല എല്ലാ സ്ഥലത്തും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ : സർ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ചിട്ടുള്ള ദുരിതാശ്വാസം ഇതുവരെയും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. സ്ഥിരവും ഗുരുതരവുമായ അസുഖമുള്ളവർക്ക് മൂന്ന് സ്ലാബിലായി മൂന്ന് ലക്ഷം, രണ്ടുലക്ഷം, ഒരു ലക്ഷം രൂപ യഥാക്രമം തീരുമാനിക്കപ്പെട്ടതാണ്. ഈ ധനസഹായം എപ്പോൾ ലഭ്യമാക്കാൻ കഴിയും?

ശ്രീ. പിണറായി വിജയൻ : സർ, ആവശ്യമായ സഹായം ശരിയായ സമയത്തുതന്നെ ലഭിച്ചാൽ മാത്രമേ സഹായം ലഭിക്കേണ്ടവർക്ക് അതിന്റേതായ ഗുണം അനുഭവിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നല്ല താൽപ്പര്യത്തോടെ തന്നെ ശ്രമം നടത്തുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ് : സർ, എൻഡോസൾഫാൻ ദുരിത ബാധിതരായിട്ടുള്ള ആളുകളുടെ കടം എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിരവധി പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടുതവണ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. കടബാധിതരായ എൻഡോസൾഫാൻ ബാധിതർ കടുത്ത ആശങ്കയിലാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ : സർ, നേരത്തേയുള്ള നിലപാടുകളുടെയും നടപടികളുടെയും ഭാഗമായി ഏതെങ്കിലും കാര്യങ്ങൾ നടപ്പായിട്ടില്ലെങ്കിൽ അക്കാര്യത്തിൽ ഫലപ്രദമായ നടപടി സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. ബാബു : സർ, എൻഡോസൾഫാൻ ദുരിതബാധിതർക്ക് സാമ്പത്തിക സഹായം നൽകണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ കഴിഞ്ഞ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത തുക പൂർണ്ണമായും വിതരണം ചെയ്തില്ല. അതുപോലെ ദുരിതത്തിനിരയായവർക്കുള്ള ധനസഹായം, സമഗ്ര പാലിയേറ്റീവ് കെയർ സംവിധാനം തുടങ്ങിയ നടപടികൾക്ക് സാമ്പത്തിക പിന്തുണ നൽകണമെന്നും കമ്മീഷൻ കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് പാലിക്കാൻ കേന്ദ്രസർക്കാരിനോ കേന്ദ്ര

സഹായം നേടിയെടുക്കാൻ ദുരിതബാധിതർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുന്ന കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടോ സാധിച്ചില്ല. അതിനാൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള കേന്ദ്രസഹായം കൃത്യമായി നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ : സർ, എന്റെ കയ്യിലുള്ള വിശദീകരണത്തിന്റെ ഭാഗമായി പറയാൻ കഴിയുന്നത് ഇതാണ്-പട്ടികയിലുൾപ്പെട്ടിട്ടില്ലാത്ത എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ ഇപ്പോൾ സംഘടിപ്പിച്ചുവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുന്നതിനുമുമ്പ് മരണപ്പെട്ടവരും എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതർ എന്ന് കണ്ടെത്തിയിട്ടുള്ളവരുമായവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് തിരുത്തുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, 2001-ൽ പത്രറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷനാണ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിനോട് എൻഡോസൾഫാനെക്കുറിച്ച് ഒരു പഠനം നടത്താൻ ആവശ്യപ്പെട്ടത്. അവർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് male reproductive system-ൽ അബ്നോർമാലിറ്റീസ് ഉണ്ടെന്ന് കണ്ടെത്തിയത്. അതിനുശേഷം വിദഗ്ദ്ധമായ പഠനം നടത്തിയിട്ടുണ്ടോ എന്നതാണ് നമുക്ക് അറിയേണ്ടത്. മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റ് എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അങ്ങയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അക്കാര്യത്തിൽ കാണിക്കുന്ന താൽപ്പര്യത്തെ ഞാൻ ശ്ലാഘിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാസർഗോഡിനെക്കുറിച്ച് നന്നായി അറിയാവുന്ന ആളാണ്. അദ്ദേഹം എൻഡോസൾഫാൻ മേഖല സന്ദർശിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്, രണ്ടാമതൊരു വിദഗ്ദ്ധ പഠനം അനിവാര്യമാണ് എന്ന് ഗവൺമെന്റിന് തോന്നുന്നുണ്ടോ; മാത്രമല്ല ഇതിന്റെ ഏറ്റവും വലിയ കുറ്റവാളി പ്ലാന്റേഷൻ കോർപ്പറേഷനാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; കാസർഗോഡ് ജില്ലയിൽ നടന്ന ദുരന്തങ്ങളുടെ വ്യാപ്തി കൃത്യമായി കണക്കാക്കുന്നതിനും നഷ്ടപരിഹാരത്തെക്കുറിച്ച് തീരുമാനം എടുക്കുന്നതിനുമുള്ള ഏക മാർഗ്ഗം ട്രിബ്യൂണൽ സ്ഥാപിക്കുക എന്നതാണ്. അതിനെക്കുറിച്ച് ഗവൺമെന്റ് ഒരു തീരുമാനം എടുക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, ബഹുമാനപ്പെട്ട അംഗം ആ ജില്ലയിൽ നിന്നുള്ള ആളായതുകൊണ്ട് ഒരുപാട് ചോദ്യങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട് ചോദിച്ചിരിക്കുകയാണ്. പഠനങ്ങൾ ധാരാളം നടന്നിട്ടുണ്ട്. പുതിയ സാഹചര്യത്തിൽ ഇന്നത്തെ അവസ്ഥ എന്താണ്, ഇപ്പോഴത്തെ മണ്ണിന്റെ നിലയെന്താണ് എന്നീ കാര്യങ്ങളെക്കുറിച്ച് ഒരു പഠനവും കൂടി നടത്തുന്നതിൽ യാതൊരു തകരാറുമില്ല. അത് നമുക്ക് ആലോചിക്കാവുന്ന കാര്യം തന്നെയാണ്. ദുരിതബാധിതർക്കുള്ള സഹായം ഫലപ്രദമായി എത്തിക്കുക എന്നതുതന്നെയാണ് ഉദ്ദേശിക്കുന്നത്. മറ്റ് കാര്യങ്ങൾ അവിടത്തെ പ്രശ്നങ്ങൾ വച്ചുകൊണ്ട് പൊതുവായി ചർച്ച ചെയ്ത് തീരുമാനിക്കാം.

ശ്രീമതി വീണാ ജോർജ്ജ് : സർ, കഴിഞ്ഞ ദിവസവും ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വളരെ പ്രധാനപ്പെട്ട കാര്യമാണ് എൻഡോസൾഫാൻ ദുരിതബാധിത പ്രദേശത്തെ മണ്ണ്, ജലം എന്നിവയുടെ ഇപ്പോഴത്തെ അവസ്ഥ പരിശോധിക്കപ്പെടേണ്ടതാണ് എന്നുള്ളത്. ഇതിനോടകം ഇതുസംബന്ധിച്ച് ശാസ്ത്രീയ പഠനം എന്തെങ്കിലും നടന്നിട്ടുണ്ടോ; ഈ സർക്കാർ ഇതുസംബന്ധിച്ച് എന്ത് നടപടികളാണ് അടിയന്തരമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ : സർ, ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ പഠനങ്ങൾ നടന്നിട്ടുണ്ട്. എൻഡോസൾഫാന്റെ പിന്നീടുള്ള പ്രത്യാഘാതങ്ങൾ ഏതെല്ലാം തരത്തിൽ ബാധിക്കുന്നുവെന്നതിനെക്കുറിച്ചും കൃത്യമായ വിലയിരുത്തലുകൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അത് കുറച്ച് കാലം മുമ്പാണ്. ഇപ്പോഴത്തെ അവസ്ഥയിൽ എൻഡോസൾഫാന്റെ ഭാഗമായിട്ടുള്ള അംശങ്ങൾ എത്രത്തോളം മണ്ണിൽ നിലനിൽക്കുന്നുണ്ട് എന്നതിനെക്കുറിച്ച് കൃത്യമായി പഠിക്കേണ്ടതുണ്ട് എന്നു തന്നെയാണ് നാം കാണേണ്ടത്.

**നിർഭയ പദ്ധതി**

4 (*154) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമം, ലൈംഗിക പീഡനം, ലൈംഗിക ചൂഷണം എന്നിവ തടയുന്നതിനായി നിർഭയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുവഴി താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

1. പ്രതിരോധം :–

   സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് ഈ പ്രശ്നത്തിന്റെ മൂലകാരണങ്ങൾ കണ്ടെത്തുക, ചൂഷണ വിധേയരാകാൻ സാധ്യതയുള്ളവർക്ക് ബോധവത്കരണം നടത്തുക, പ്രധാന കാരണങ്ങളായ ലിംഗവിവേചനം, മദ്യപാനം, ഉപഭോഗാസക്തി ഇവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള പ്രവണത മുൻകൂട്ടി തടയുക.

2. സംരക്ഷണം :–

   ശക്തമായ തിരുത്തൽ നടപടികൾക്കും പരിഹാര നടപടികൾക്കും തുടക്കം കുറിച്ചുകൊണ്ട് പീഡിതകൾക്ക് തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽനിന്ന് ആശ്വാസം നേടി മുഖ്യധാരയിൽ പുനഃപ്രവേശിക്കുന്നതിന് ആവശ്യമായ സംരക്ഷണ സേവനങ്ങൾ നൽകുക.

3. നിയമനടത്തിപ്പ് :–

   ഇത്തരം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുകയും കേസ്സന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

4. <u>പുനരധിവാസവും പുനരേകീകരണവും</u> :—

പുനരധിവാസ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യം എന്നത് ലൈംഗിക അതിക്രമത്തിനും വാണിഭത്തിനും ഇരയായവരെ മാനസികവും വൈകാരികവുമായി തയ്യാറാക്കി വിദ്യാഭ്യാസപരമായും തൊഴിൽപരമായും സജ്ജരാക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ അന്തസ്സോടുകൂടിയുള്ള ജീവിതത്തിന് പ്രാപ്തരാക്കുകയുമാണ്. ഏതൊരു പുനരധിവാസ പ്രവർത്തനത്തിന്റെയും ലക്ഷ്യം സാമൂഹിക പുനരേകീകരണമാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെല്ലിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു :

- <u>നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ</u> :— അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെടുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന നിർഭയ ഹെൽപ്പ് ലൈൻ നമ്പർ 1800-425-1400 പ്രവർത്തിപ്പിച്ചു വരുന്നു.

- <u>ഷെൽട്ടർ ഹോം</u> :— ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ 9 ജില്ലകളിലായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകിവരുന്നു.

- <u>വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ</u> :— അതിക്രമങ്ങൾക്കിരയായ വനിതകൾക്ക്/കുട്ടികൾക്ക് ഒരു കുടക്കീഴിൽ വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ 14 ജില്ലകളിലായി 21 സർക്കാർ ആശുപത്രികളിൽ വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

- വിവിധ ബോധവത്കരണ പരിപാടികളും ഈ ഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. ഹൈബി ഈഡൻ : സർ, ഷെൽട്ടർ ഹോമുകളിൽ കഴിയുന്ന സ്ത്രീകളെ സംബന്ധിച്ച് പലപ്പോഴും മാനസികമായ ഒരുപാട് സംഘർഷങ്ങളിലൂടെയാണ് അവർ മുന്നോട്ടുപോകുന്നത്. അവർക്ക് അവിടെ അഭയം കൊടുക്കുന്നുണ്ടെങ്കിലും പല സന്ദർഭങ്ങളിലും സ്റ്റോക്കോം സിൻഡ്രോം (stockholm syndrome) പോലുള്ള പ്രത്യേക അനുഭവങ്ങൾ അവരുടെ ജീവിതത്തിലേയ്ക്ക് കടന്നുവരികയാണ്. അത്തരം വിഷയങ്ങളെ ടാക്കിൾ ചെയ്യാൻ വേണ്ടി അവർക്ക് കൗൺസിലിംഗിനേക്കാൾ അപ്പുറമായുള്ള ചികിത്സാ രീതികൾ അവലംബിക്കാൻ സർക്കാർ തയ്യാറാകുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇത് പരിശോധിക്കേണ്ട വിഷയമാണ്. 'നിർഭയ' സംഭവത്തിന് ശേഷം ജസ്റ്റിസ് ജെ. എസ്. വർമ്മ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ ചില നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതനുസരിച്ച് നിർഭയ ഹോമുകളിൽ എന്തൊക്കെ ആവശ്യമാണെന്നതിനെക്കുറിച്ച് നിർദ്ദേശമുണ്ട്. ആ രീതിയിലുള്ള മുഴുവൻ സംവിധാനങ്ങളും നമ്മൾ ഇപ്പോൾ ആരംഭിച്ച നിർഭയ ഹോമുകളിലില്ല. എന്നാൽ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീമതി മേനകാ ഗാന്ധിയെ കഴിഞ്ഞ മാസം കണ്ടപ്പോൾ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ചുള്ള നിർഭയ ഹോമുകൾ 14 ജില്ലകളിലും ആരംഭിക്കുന്നതിന് സമ്മതം രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി അയച്ചാൽ നിർഭയ ഹോമുകൾ ആരംഭിക്കാൻ കേന്ദ്രം സഹായിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അത്തരം നിർഭയ ഹോമുകളിൽ കൗൺസിലിംഗ് അടക്കമുള്ള വിശദമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ നമുക്ക് സാധിക്കുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ : സർ, നിർഭയ ഹോമുകളിലുള്ളവരെ സംബന്ധിച്ച് റീഹാബിലിറ്റേഷനാണ് വളരെ പ്രധാനപ്പെട്ട ഒരു കാര്യം. കുട്ടികളാണെങ്കിൽ അവർക്ക് വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകുന്നതിനും സ്ത്രീകളാണെങ്കിൽ അവർക്ക് ഏതെങ്കിലും തരത്തിൽ സ്കിൽഡായുള്ള, അവർക്ക് പിന്നീട് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന് അവിടെ നിന്നുതന്നെ പ്ലേസ്മെന്റ്, എറണാകുളത്തുള്ള ഷെൽട്ടർ ഹോമിലെ സ്ത്രീകൾക്ക് കാക്കനാടുള്ള സ്ത്രീകളുടെ കൂട്ടായ്മകൾ ട്രെയിനിംഗ് നൽകി പുനരധിവാസം ഉറപ്പുവരുത്തുവാനും ജോലിയിൽ പ്രവേശിപ്പിക്കാനും ഒരുതരം പ്ലേസ്മെന്റ് പോലെതന്നെ പ്രവർത്തിക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ വ്യാപിപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, തീർച്ചയായും സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി ഇത്തരത്തിലുള്ള ബുദ്ധിമുട്ടിന് ഇരയാകുന്ന സ്ത്രീകൾക്ക് പുനരധിവാസവും തൊഴിൽ പരിശീലനവുമൊക്കെ നൽകുന്നതിനുള്ള പരിപാടി ഗവൺമെന്റ് ആരംഭിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, ഒമ്പത് ജില്ലകളിൽ ഷെൽട്ടർ ഹോമുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകുകയുണ്ടായി. ബാക്കിയുള്ള ജില്ലകളിൽകൂടി അത് വ്യാപിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; അത് മാത്രമല്ല, കേന്ദ്ര മന്ത്രിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർഭയ പദ്ധതിക്ക് കൂടുതൽ സഹായങ്ങൾ ലഭ്യമാക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നും മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയെങ്കിൽ അതിന് പദ്ധതി തയ്യാറാക്കിയോ; തയ്യാറാക്കുന്നുവെങ്കിൽ എത്ര തുക ആവശ്യപ്പെട്ടുകൊണ്ടാണ് ആ പദ്ധതി സമർപ്പിക്കുവാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ശേഷിച്ച ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നേടിയെടുക്കാനുള്ള കാര്യങ്ങൾ ചർച്ച ചെയ്തുവരുന്നുണ്ട്. അതിന്റെ പദ്ധതി തയ്യാറാക്കിവരികയാണ്. തുക എത്രയാണെന്നുള്ളത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം അറിയിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ ഉത്തരത്തിന്റെ മൂന്നാമത്തെ ഭാഗത്ത് പറയുന്നത് നിയമപരമായ നടപടികളെക്കുറിച്ചാണ്. അതിനകത്ത് രണ്ട് ഭാഗമുണ്ട്. ഒന്ന്, അവർക്ക് കൊടുക്കേണ്ട സംരക്ഷണം. രണ്ട്, ഇതിന് ഇരകളായവർക്ക് ഉണ്ടായ കേസിന്റെ അന്വേഷണം. കേസിന്റെ അന്വേഷണത്തിൽ എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുകൂടി ഒരു വാക്ക് ചോദിക്കാനുണ്ട്. ഇതുപോലുള്ള കേസ് വരുമ്പോൾ അതിന്റെ അന്വേഷണത്തിനുവേണ്ടി പ്രഗത്ഭരായ വനിതാ ഐ.പി.എസ്. ഓഫീസേഴ്സ് ഉൾപ്പെടുന്ന വിമൻ ഇൻവെസ്റ്റിഗേഷൻ ടീം നേരത്തെ ഉണ്ടായിരുന്നു. കേരളത്തിൽ സമീപകാലത്തുണ്ടായ പല സംഭവങ്ങളുമുണ്ട്. ചോദ്യോത്തരത്തിൽ ഞാൻ അതെല്ലാം പറയുന്നില്ല. ഇതുപോലുള്ള കാര്യത്തിന് ഒന്ന് - ഇൻവെസ്റ്റിഗേഷൻ, രണ്ട്-അടിയന്തരമായ നടപടികൾ, മൂന്ന്-ഫാസ്റ്റ്ട്രാക് സിസ്റ്റത്തിനകത്തുള്ള ഒരു ട്രയൽ എന്നീ മൂന്ന് കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇരകളായ ആളുകളെ നിർഭയ ഹോമിൽ കൊണ്ടുവന്നാൽ വളരെ പെട്ടെന്നുതന്നെ ആശുപത്രികളുമായി ബന്ധപ്പെട്ട് പരിശോധന നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കിക്കൊടുക്കാൻ ആലോചിക്കുന്നുണ്ട്. റേപ്പിന് വിധേയരായി വരുന്ന സ്ത്രീകളുടെ പരിശോധന വൈകുന്നതിന്റെ ഭാഗമായി പിന്നീട് തെളിവുകൾ നശിപ്പിക്കപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് എത്രയും പെട്ടെന്ന് അന്വേഷണം നടത്തിക്കിട്ടുന്നതിനാവശ്യമായ സഹായം നിർഭയ ഹോമിൽ വച്ചുതന്നെ ചെയ്തു കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ സാധിക്കും. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, വനിതാ പോലീസ് ഉദ്യോഗസ്ഥർ ഇടപെട്ട് അന്വേഷിക്കേണ്ട കാര്യങ്ങൾ ആ തരത്തിൽ അന്വേഷിക്കുന്നത് തന്നെയാകും നന്നാകുക എന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ സമീപനം. അക്കാര്യത്തിലുള്ള നടപടികളുണ്ടാകും.

ശ്രീ. വി. ഡി. സതീശൻ : സർ, സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ ധാരാളമായി റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ പത്തിരട്ടി കാര്യങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെടാതെ, പരാതി കൊടുക്കാതെ പോകുന്നത്. പീഡിപ്പിക്കുന്നവരെ കുറിച്ചുള്ള ഭയവും സമൂഹത്തിലുണ്ടാകുന്ന അപമാന ഭയവുമാണ് പലരെയും അതിൽനിന്നും പിന്തിരിപ്പിക്കുന്നത്. അവർക്ക് സംരക്ഷണം കൊടുക്കാൻ ഇതിന്റെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കണമെന്നതാണ് പ്രധാനപ്പെട്ട ഒരു കാര്യം. രണ്ടാമതായി, പട്ടാളത്തിന്റെയും പോലീസിന്റെയും ക്രൂരമായ പീഡനങ്ങൾക്ക് വിധേയരാകുന്നവർക്ക് ടോർച്ചർ മെഡിസിൻ എന്നൊരു പുതിയ സംവിധാനമുണ്ട്. അതുപോലെതന്നെ ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം, ശാരീരികവും മാനസികവുമായി അഡ്രസ്സ് ചെയ്യുന്ന തരത്തിലുള്ള ഒരു വൈദ്യശാസ്ത്രശാഖ വിദേശ രാജ്യങ്ങളിലെല്ലാം ഡവലപ് ചെയ്തുവരുന്നുണ്ട്. ഈ രണ്ട് കാര്യങ്ങളും പ്രത്യേകമായി ഗവൺമെന്റ് ശ്രദ്ധിക്കുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, നിർഭയ സെന്ററുകളുമായി ബന്ധപ്പെട്ടുതന്നെ കൗൺസിലിംഗ് നടത്താൻ സാധിക്കും. ആക്രമണത്തിന്റെ ഭാഗമായി ഉണ്ടായ ഭയം, ഇത്തരം കാര്യങ്ങൾ തുറന്നുപറയാനുള്ള മടി തുടങ്ങിയവയെല്ലാം പരിഹരിക്കുന്നതിന് ഈ സെന്ററുകളിൽ സാധിക്കും. ആധുനികമായ എല്ലാ രീതികളെക്കുറിച്ചും പരിശോധിച്ച് ഉൾപ്പെടുത്താൻ കഴിയും. അതിനെക്കുറിച്ച് വകുപ്പ് ശ്രദ്ധിക്കുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, 'നിർഭയ' സംഭവത്തെ തുടർന്ന് നമ്മുടെ രാജ്യത്തും അതോടൊപ്പംതന്നെ ലോകത്തും വളരെ ഗൗരവതരമായ ഒട്ടനവധി ചർച്ചകൾ നടക്കുകയും അതിന്റെ ഭാഗമായി കേന്ദ്ര ബഡ്ജറ്റിൽ വലിയൊരു തുക ഇതിനായി മാറ്റിവയ്ക്കപ്പെടുകയും ചെയ്തു. അങ്ങനെ മാറ്റിവച്ച തുകയിൽ ശ്രീ. നരേന്ദ്ര മോഡി ഗവൺമെന്റ് വന്നതിനുശേഷം വലിയ വെട്ടിക്കുറവുകൾ വരുത്തിയതുമൂലം സംസ്ഥാനത്താകമാനം വിഭാവനം ചെയ്തിരുന്ന വിവിധ പദ്ധതികളിലൊക്കെ വലിയ കുറവുണ്ടായി. തന്റേടം പാർക്ക്, ജെൻഡർ പാർക്ക്, പീഡനത്തിന് ഇരയായവരുടെ പുനരധിവാസം, കോമ്പൻസേഷൻ നൽകൽ, വിദ്യാഭ്യാസം, സ്വയംതൊഴിൽ എന്നിവയടക്കം എല്ലാ മേഖലകളിലും വലിയ

വെട്ടിക്കുറവ് ഉണ്ടാകുന്ന സാഹചര്യമുണ്ടായി. മറ്റ് പല ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് എടുത്ത തീരുമാനം നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ വിഭാവനം ചെയ്ത നിർഭയ പദ്ധതിയുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇപ്പോൾതന്നെ നടപടി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. നിർഭയ ഹോമുകൾ ഇല്ലാത്ത ജില്ലകളിൽ അടിയന്തരമായി ആരംഭിക്കുക, നിലവിലുള്ള നിർഭയ ഹോമുകളെ ഇവിടെ ചർച്ചയ്ക്ക് വന്നിട്ടുള്ള എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ അഡ്രസ്സ് ചെയ്യാൻ കഴിയുന്ന രീതിയിൽ പരിഷ്കരിക്കുക, കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ കൂടുതൽ സഹായം നേടിയെടുക്കാൻ ശ്രമിക്കുക എന്നീ കാര്യങ്ങളാണ് തുടക്കത്തിൽ ചെയ്യുന്നത്. അത് സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഞാൻ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ വന്നിട്ടുള്ള എല്ലാ ചർച്ചകളിലും ഗവൺമെന്റ് സ്വീകരിക്കേണ്ടതായ ചില നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങളെല്ലാം സ്വീകരിച്ചുകൊണ്ട് ഭാവിയിൽ കുറ്റമറ്റ രീതിയിൽ, പീഡിപ്പിക്കപ്പെട്ട സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീമതി യു. പ്രതിഭ ഹരി : സർ. കഴിഞ്ഞ ദിവസം തിരുവനന്തപുരത്തുനിന്ന് ഒരു വാർത്തയുണ്ടായി. ഒരമ്മ തന്റെ രണ്ടു കുഞ്ഞുങ്ങളേയും പുഴയിലെറിഞ്ഞതിനു ശേഷം ആത്മഹത്യ ചെയ്തു. ഇത്തരം കേസുകൾ കഴിഞ്ഞ കുറേ കാലമായി നമ്മുടെ നാട്ടിൽ വ്യാപകമായി സംഭവിക്കുന്നതായി കാണുന്നുണ്ട്. നിർഭയയെക്കുറിച്ച് സാമൂഹ്യനീതി വകുപ്പ് കൃത്യമായ അവയർനെസ്സ് എല്ലാ ജില്ലകളിലും കൊടുക്കുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെയൊക്കെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇതിന്റെ വ്യാപനത്തിനുവേണ്ടി, ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി വകുപ്പ് പ്രത്യേകമായി എന്തെങ്കിലും ചെയ്യുമോ; ഒപ്പംതന്നെ എത്ര വയസ്സുവരെ പ്രായമുള്ള കുട്ടികളെയാണ് ഇതുപോലുള്ള കേന്ദ്രങ്ങളിൽ അമ്മയോടൊപ്പം താമസിക്കാൻ അനുവദിക്കുന്നത്; പ്രത്യേകിച്ച് ആൺകുട്ടികൾ എട്ടിലും ഒൻപതിലുമൊക്കെ പഠിക്കുകയാണെങ്കിൽ പലപ്പോഴും അവർക്ക് അമ്മയിൽനിന്ന് അകന്നുനിൽക്കേണ്ടി വരുന്നുണ്ട്. ഇതിന് എന്തെങ്കിലും സംവിധാനം ചെയ്യാൻ സാധിക്കുമോ; പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഷെൽട്ടർ ഹോമുകളിൽ പ്രായപരിധി ഒരു ഘടകമായി വരുന്നുണ്ട്. ഇപ്പോൾ അഞ്ച് വയസ്സിനുതാഴെയുള്ള കുട്ടികളെയാണ് അമ്മയോടൊപ്പം മഹിളാ മന്ദിരങ്ങളിലൊക്കെ താമസിപ്പിക്കാൻ സാധിക്കുന്നത്. അതിനു മേൽപ്പോട്ട് വരുന്നവരുടെ കാര്യങ്ങളിൽ എന്തുചെയ്യാൻ

കഴിയുമെന്ന് ഗവൺമെന്റ് ചർച്ച നടത്തുന്നുണ്ട്. ആ രീതിയിൽ എന്തെങ്കിലുമൊരു സംവിധാനം കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. അതുസംബന്ധിച്ച കാര്യങ്ങൾ ഗൗരവത്തിലാണ് കാണുന്നത്. ഒറ്റപ്പെട്ടുപോകുന്ന കുട്ടികളെയും സ്ത്രീകളെയും പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി കാണുന്നുണ്ട്.

ശ്രീമതി ഗീതാ ഗോപി : സർ, കഴിഞ്ഞ ദിവസം തൃശ്ശൂർ ജില്ലയെ ഞെട്ടിപ്പിക്കുന്ന ഒരു സംഭവം ഉണ്ടായി. എന്റെ മണ്ഡലത്തിലെ നാട്ടിക പള്ളം ബീച്ചിൽ കേൾവിശക്തിയും സംസാരശേഷിയും നഷ്ടപ്പെട്ട 35 വയസ്സുള്ള ഷീജയെന്ന യുവതി പീഡിപ്പിക്കപ്പെട്ടു. തൃശ്ശൂർ മെഡിക്കൽ കോളേജിലെ തീവ്ര പരിചരണ വിഭാഗത്തിലായിരുന്നു അവരുടെ പരിശോധന നടത്തിയത്. 75 വയസ്സ് പ്രായമുള്ള ഒരമ്മയും രണ്ട് സഹോദരിമാരുമാണ് അവർക്കുള്ളത്. സഹോദരിമാരുടെ വിവാഹം കഴിഞ്ഞു. ചികിത്സയ്ക്കായി സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ആ കുടുംബത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ദയനീയമാണ്. ആ സ്ത്രീയുടെ മുഴുവൻ ചികിത്സയുമായി ബന്ധപ്പെട്ട് അടിയന്തരമായി സാമ്പത്തിക സഹായം ആ കുടുംബത്തിന് നൽകണം. മത്സ്യത്തൊഴിലാളി കുടുംബമാണ്. അവരെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് സഹായം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നേരത്തെ തന്നെ ഞാൻ നിവേദനം കൊടുത്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഈ കാര്യം ബഹുമാനപ്പെട്ട അംഗം ഒരു നിവേദനമായി തന്നിട്ടുണ്ട്. അവരുടെ ചികിത്സയ്ക്കും മറ്റു കാര്യങ്ങൾക്കും ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെകൂടി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഇക്കാര്യം പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ഇന്ന് ലൈംഗിക പീഡനവും ലൈംഗിക ചൂഷണവും പോലെതന്നെ സ്ത്രീകൾ ഏറ്റവും കൂടുതൽ അതിക്രമങ്ങൾ നേരിടുന്നത് ഓൺലൈൻ രംഗത്താണ്. സോഷ്യൽ മീഡിയയിലായാലും ഇന്റർനെറ്റിലായാലും ഏറ്റവും കൂടുതൽ ഫേസ്ബുക്ക് യൂസേഴ്സ് ഉള്ള ഒരു സംസ്ഥാനവും കേരളം തന്നെയാണ്. അപ്പോൾ ഇരകളായ പലരും, സാമൂഹിക രംഗത്തുള്ള ആളുകളൊക്കെ വെളിയിൽ വരുന്നുണ്ട്. പക്ഷേ പറയാതെ തന്നെ ഇതൊക്കെ സഹിച്ചുകൊണ്ടിരിക്കുന്ന 99 ശതമാനം സ്ത്രീകളും കുട്ടികളുമുള്ള ഒരു നാടാണ് കേരളം. അങ്ങനെയുള്ളവർക്കുള്ള ഒരു സൈക്കോളജിക്കൽ ഇംപാക്റ്റ് വളരെ വലുതാണ്. ഇതിനെതിരെ 'നിർഭയ'-യെ പോലെതന്നെ ഓൺലൈൻ ആയിട്ടുള്ള ഒരു സപ്പോർട്ട് സിസ്റ്റം നൽകുന്നതിനുള്ള പദ്ധതിയെക്കുറിച്ച് സർക്കാർ പ്ലാൻ ചെയ്യുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബോധവൽക്കരണം വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുസംബന്ധിച്ച കാര്യങ്ങൾ സർക്കാർ ആലോചിച്ചു വരുന്നുണ്ട്. നവമാധ്യമങ്ങളിലൂടെ ഇത്തരം കാര്യങ്ങൾ ബോധവൽക്കരിക്കുന്നതിനും ഓൺലൈൻ ആയിട്ടുവരുന്ന ഇത്തരം അപകടങ്ങളെ ചെറുക്കുന്നതിനും നിലവിലുള്ള നിയമത്തിന്റെ ദുർബലതകളൊക്കെയുണ്ട്. എങ്കിലും അതിന്റെ പരിധിയിൽ ഒതുങ്ങിനിന്നുകൊണ്ടുതന്നെ അതിനെയെല്ലാം ചെറുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജോയി : സർ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തെപ്പോലെതന്നെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും കൂടി വരികയാണ്. ഇതിൽ ഏറ്റവും പ്രധാനം സ്വന്തം വീടുകളിൽനിന്നുപോലും കുട്ടികൾക്ക് അതിക്രമം ഏറ്റുവാങ്ങേണ്ടി വരുന്നു എന്നതാണ്. എന്റെ മണ്ഡലത്തിൽ കഴിഞ്ഞ 6 മാസമായി ഒരു കുട്ടിയെ സ്വന്തം അമ്മാവൻ, അമ്മയുടെ സഹോദരൻ പീഡിപ്പിക്കുകയായിരുന്നു. എന്റെ ചോദ്യം, സ്കൂളുകളിൽ കൗൺസിലിംഗ് നടക്കുന്നുണ്ട് എങ്കിലും മാസത്തിൽ ഒരിക്കൽ കൗൺസിലിംഗ് ഏർപ്പെടുത്താൻ സാധിക്കുമോ എന്നാണ്. എങ്കിൽ ഈ ആറ് മാസം വരെ വൈകാതെ കുറ്റവാളിയെ നേരത്തെ പിടിക്കാൻ സാധിക്കുമായിരുന്നു. കൗൺസിലിംഗ് കർശനമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. വീട്ടിനകത്തുതന്നെയാണ് ഇത്തരത്തിലുള്ള അതിക്രമങ്ങൾ പലപ്പോഴും നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കുട്ടികളെ പീഡിപ്പിക്കുന്ന സംഭവങ്ങൾ നിരന്തരമായി വന്നുകൊണ്ടിരിക്കുന്നു. കുടുംബാംഗങ്ങളിൽ നിന്നാണ് ഇത്തരം അതിക്രമങ്ങൾ ഉണ്ടാകുന്നതെന്ന് പലപ്പോഴും സ്കൂൾ കൗൺസിലിംഗിന്റെ ഭാഗമായി വെളിപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സ്കൂളുകളിൽ കൗൺസിലിംഗ് നടക്കുന്നുണ്ട്. 320 സ്കൂൾ കൗൺസിലർമാർക്ക് പരിശീലനം നൽകി, മാസ്റ്റർ ട്രെയിനർമാരെയെല്ലാം നിശ്ചയിച്ച് കൗൺസിലിംഗ് നടത്തുന്നുണ്ട്. പക്ഷേ അതുമാത്രം മതിയാകില്ല. സ്കൂളിനകത്തുള്ള കൗൺസിലിംഗ് കുറച്ചുകൂടി വ്യാപകമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

## ക്യാൻസർ സെന്റർ നവീകരണം

5(*155) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ അർബുദ രോഗബാധിതരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന് അനുസൃതമായി ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) നിരന്തര ജനകീയ സമ്മർദ്ദത്തെ തുടർന്ന് കൊച്ചിയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച ക്യാൻസർ സെന്ററിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ;

(സി) തിരുവനന്തപുരം ആർ.സി.സി.-യുടെ വിപുലീകരണത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ മുൻ സർക്കാരിന്റെ ഭാഗത്തുനിന്ന് സമയബന്ധിതമായ നടപടിയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സർക്കാർ അതിനായി നടപടി സ്വീകരിക്കുമോ;

(ഡി) മലബാർ മേഖലയിലെ ജനങ്ങളുടെ താത്പര്യം കണക്കിലെടുത്ത് മലബാർ ക്യാൻസർ സെന്റർ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ,

(എ) ഉണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് സർക്കാർ മേഖലയിൽ ക്യാൻസർ ചികിത്സ ലഭ്യമാകുന്നത്. എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിലെങ്കിലും ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിനുള്ള പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. അർബുദരോഗ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകി കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ രീതികൾ ഈ സെന്ററുകളിലൂടെ സൗജന്യമായി നൽകി വരുന്നു. ആർ.സി.സി.-യിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ ക്യാൻസർ ചികിത്സയും രോഗനിർണ്ണയ സൗകര്യങ്ങളും ലഭ്യമാണ്.

(ബി) കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ ഒരു ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സർക്കാർ നയപരമായ തീരുമാനമെടുക്കുകയും അതിൻപ്രകാരം 30-2-2014-ലെ ജി.ഒ. (എം.എസ്.) 39/2014/ആ.കു.വ. ഉത്തരവ് പ്രകാരം എറണാകുളം മെഡിക്കൽ കോളേജ് കാമ്പസ്സിൽ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. 4-9-2015-ലെ ജി.ഒ. (എം.എസ്.) 192/2015/ആ.കു.വ. ഉത്തരവനുസരിച്ചാണ് കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന് ഭരണാനുമതി നൽകിയത്. 3 ഘട്ടങ്ങളിലായാണ് ഈ സംരംഭം വിഭാവന ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടമായി ഒ.പി. വകുപ്പും രണ്ടാം ഘട്ടത്തിൽ 150 കിടക്കകളോടുകൂടിയ ആശുപത്രിയും മൂന്നാം ഘട്ടത്തിൽ വീണ്ടും 150 കിടക്കകളോടുകൂടിയ റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

പ്രാഥമിക ഘട്ടം എന്ന നിലയിൽ എറണാകുളം മെഡിക്കൽ കോളേജിന്റെ പേവാർഡ് ബ്ലോക്കിനോട് ചേർന്ന് സെൻട്രൽ ബ്ലോക്ക് കെട്ടിടം ഒ.പി. വകുപ്പ് തുടങ്ങുന്നതിനായി കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന് വിട്ടുനൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പി.ഡബ്ല്യൂ.ഡി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക സ്പെഷ്യൽ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി. അതനുസരിച്ച് തുക കൈമാറിയിട്ടുണ്ട്. 15-10-2015-ൽ എം.ഒ.എ. അംഗീകരിച്ചു. 2.7 കോടി രൂപ ഉപയോഗിച്ച് സെൻട്രൽ ബ്ലോക്ക് കെട്ടിടം നവീകരിക്കുന്നതിനും കൂടാതെ ആർ.സി.സി. നോംസ് അനുസരിച്ച് നഴ്സിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനും 30-11-2015-ൽ അനുമതി നൽകി ഉത്തരവായി. ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റും നിയമനം അന്യത്ര സേവനം മുഖേന നടത്തുന്നതിനുള്ള നടപടികളും സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു. 21-6-2016-ന് സ്പെഷ്യൽ ഓഫീസറായ ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്. സൈറ്റ് റിവ്യൂ നടത്തിയിട്ടുള്ളതും ഒ.പി. വിഭാഗം 30 ദിവസത്തിനകം ആരംഭിക്കുന്നതിനായി ബാക്കിയുള്ള ഇലക്ട്രിക്കൽ വർക്കുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പു വരുത്തുവാനും പി.ഡബ്ല്യൂ.ഡി. അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി നേരിട്ട് സ്ഥലം സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന്റെ 2-5-2016-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം ടെറിഷ്യറി ക്യാൻസർ സെന്ററിനുവേണ്ടിയുള്ള ഡി.പി.ആർ. അടിയന്തരമായി സർക്കാരിന് ലഭ്യമാക്കുവാൻ സ്പെഷ്യൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർത്തിരിക്കുന്നു.*

(ഡി) മലബാർ ക്യാൻസർ സെന്റർ ടെറിഷ്യറി ക്യാൻസർ കെയർ സെന്ററായി ഉയർത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, ക്യാൻസർ രോഗബാധിതരുടെ എണ്ണം വൻതോതിൽ വർദ്ധിച്ചിട്ടുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ വൻതോതിൽ കേരളത്തിൽ ക്യാൻസർ രോഗം വർദ്ധിക്കുന്നുണ്ടെങ്കിലും രോഗം കണ്ടെത്തുന്നത് അങ്ങേയറ്റത്തെ സ്റ്റേജിൽ എത്തിയതിനുശേഷമാണ്. അതുതന്നെ കുടുംബങ്ങളെ വലിയ ദുരിതത്തിലേയ്ക്ക് ആഴ്ത്തും. രക്ഷിക്കാൻ പറ്റാത്ത അവസ്ഥയാകും. ഈ സാഹചര്യത്തിൽ ഗവൺമെന്റ് മുൻകൈയ്യെടുത്തുകൊണ്ട് എല്ലാ സ്ഥലത്തും ആറ് മാസത്തിലൊരിക്കലെങ്കിലും സാധാരണക്കാർക്കും പാവപ്പെട്ടവർക്കുമെല്ലാം പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ രോഗം മുൻകൂട്ടി കണ്ടെത്താൻ സാധിക്കുന്ന തരത്തിലുള്ള ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇക്കാര്യം ഇപ്പോൾത്തന്നെ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. Early intervention, വളരെ പെട്ടെന്നുതന്നെ മനസ്സിലാക്കുക എന്നുള്ളതാണ് പ്രാധാന്യമായിട്ടുള്ളത്. ഇത്തരത്തിൽ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ക്യാമ്പുകൾ വ്യാപകമായി നടത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ആശുപത്രികളിലെല്ലാം ഈ രോഗത്തിന്റെ ചികിത്സ വ്യാപിപ്പിക്കുമെന്ന് അങ്ങ് പറഞ്ഞിട്ടുണ്ട്. താലൂക്ക് ആശുപത്രികളിലെങ്കിലും അതിന്റെ സെന്ററുകൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇപ്പോൾ സർക്കാരിന്റെ നയം പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളുള്ള ആശുപത്രികളായി മാറ്റുന്നതോടൊപ്പം ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ജില്ലാ ആശുപത്രികളിലും വ്യാപകമാക്കുന്നതാണ്. നിലവിലുള്ള ക്യാൻസർ ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതാണ്. തുടർന്ന് താലൂക്ക് ആശുപത്രികളിലും ക്യാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ വ്യാപകമാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

ശ്രീ. ജോർജ് എം. തോമസ് : സർ, ക്യാൻസർ രോഗ ചികിത്സയ്ക്കുവേണ്ടി വരുന്ന മരുന്നിന് വലിയ തോതിൽ വില വർദ്ധിച്ചിരിക്കുകയാണ്. വില നിയന്ത്രിക്കുന്നതിനും സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇപ്പോൾത്തന്നെ ഈ മേഖലയിൽ ചില പദ്ധതികളുണ്ട്. ക്യാൻസർ ചികിത്സയ്ക്ക് കുട്ടികൾക്കും ബി.പി.എൽ. കുടുംബത്തിൽപ്പെട്ടവർക്കും സൗജന്യ ചികിത്സ പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ക്യാൻസർ ചികിത്സാ ചെലവ് ഭാരിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടികൾ ആലോചിക്കുന്നുണ്ട്.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, വയനാട്ടിൽ അംബേദ്കർ ട്രൈബൽ ആശുപത്രിയാണ് ക്യാൻസർ ചികിത്സാ കേന്ദ്രമായി തീരുമാനിച്ചിട്ടുള്ളത്. അവിടെ ആവശ്യമായ ഡോക്ടർമാരോ മറ്റ് സംവിധാനങ്ങളോ ഒന്നും ഒരുക്കിയിട്ടില്ല. ഇത് അടിയന്തരമായി ഒരുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, സംസ്ഥാനത്ത് മിക്കവാറും ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ഡോക്ടർമാരുടെയും അഭാവമുണ്ട്. അത് പരിഹരിക്കാൻ അടിയന്തര നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നത്. പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്താൻ ശ്രമിച്ചുവരികയാണ്. കുറേശ്ശെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. അതോടൊപ്പംതന്നെ സ്പെഷ്യലൈസ്ഡ് ആയിട്ടുള്ള ഡോക്ടർമാരെ കിട്ടുന്നതിനുള്ള പ്രയാസം ഇപ്പോൾ വന്നിട്ടുണ്ട്. അത് പരിഹരിക്കുന്നതിനും പ്രായോഗികമായിട്ടുള്ള ചില നടപടികൾ സർക്കാർ സ്വീകരിച്ചു വന്നിട്ടുണ്ട്. ഓങ്കോളജിസ്റ്റുകളേയും ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായിട്ടുള്ള മറ്റ് ടെക്നോളജിയിൽ വിദഗ്ദ്ധരായിട്ടുള്ള ആളുകളെയും നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. അതിൽ ഫലം കാണുമെന്നതന്നെയാണ് സർക്കാരിന്റെ വിശ്വാസം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, ആരോഗ്യ വകുപ്പ് 2003-04-ൽ ഒരു സർവ്വേ നടത്തിയപ്പോൾ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ക്യാൻസർ രോഗികളെ കണ്ടെത്തിയ ഒരു ജില്ലയാണ് വയനാട്. മലബാർ ക്യാൻസർ സെന്ററിലും ആർ.സി.സി.-യിലുമാണ് ഇവരുടെ ട്രീറ്റ്മെന്റിന് ആവശ്യമായ സംവിധാനങ്ങൾ ചെയ്യുന്നത്. ഇവർക്ക് ആവശ്യമായ ചികിത്സ കിട്ടുന്നതിനുവേണ്ടി ഒരു സ്ഥിരം സംവിധാനം വയനാട് ജില്ലയിൽ സ്ഥാപിക്കാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ബഹുമാനപ്പെട്ട അംഗം സി. കെ. ശശീന്ദ്രനും നേരത്തെ ഇതുതന്നെയാണ് ചോദിച്ചത്. വയനാട് ജില്ലയിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ, സാധ്യമായിട്ടുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, കൊച്ചിയിൽ പ്രഖ്യാപിച്ചിട്ടുള്ള ക്യാൻസർ സെന്ററിന്റെ പൂർണ്ണാർത്ഥത്തിലുള്ള പ്രവർത്തനം അടിയന്തരമായി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടിട്ടുണ്ട്. ആവശ്യമായ ഡോക്ടർമാരെയടക്കം നിയമിച്ചുകൊണ്ട് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, കൊച്ചിയിൽ മെഡിക്കൽ കോളേജിനുവേണ്ടി കണ്ടിരുന്ന കെട്ടിടത്തിന്റെ ഭാഗമായ ഒരു പേവാർഡ് ക്യാൻസർ ആശുപത്രിയായി മാറ്റുന്നതിനുള്ള ഒരു ശ്രമമാണ് നടന്നത്. ഞാനവിടെ ചെന്നിരുന്നു. വളരെ പ്രാഥമികാവസ്ഥയിലാണ് ആ കെട്ടിടം. ഒരു ക്യാൻസർ ആശുപത്രിയായി മാറ്റാനുള്ള സംവിധാനമൊന്നും അവിടെ ഉണ്ടായിട്ടില്ല. അവിടെനിന്ന് അതിനാവശ്യമായ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. സർക്കാർ ഇക്കാര്യവുമായി മുന്നോട്ടുപോവുകയാണ്. കഴിയാവുന്നത്ര നേരത്തെ തന്നെ ഈ ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനം യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ ശ്രമിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിജിലൻസിന് സ്വതന്ത്ര അധികാരം

6 (*156) ശ്രീ. പി. കെ. ശശി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സംവിധാനം നിഷ്ക്രിയമായതിനും ദുരുപയോഗം ചെയ്തതിനും മുൻസർക്കാരിന്റെ കാലത്ത് കോടതികളിൽ നിന്നുപോലും വിമർശനം ഏറ്റുവാങ്ങേണ്ടി വന്ന സാഹചര്യത്തിൽ വിജിലൻസിനെ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) വിജിലൻസിന് സ്വതന്ത്ര അധികാരം നൽകുന്നതിനെക്കുറിച്ച് പഠിക്കാനായി കേരള ഹൈക്കോടതി അമിക്കസ് ക്യൂറിയെ നിയമിക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(സി) വിജിലൻസ് സ്വതന്ത്ര നിലയിൽ പ്രവർത്തിച്ചാൽ മാത്രമേ അഴിമതി നിർമ്മാർജനം സാദ്ധ്യമാകുകയുള്ളൂ എന്നത് കണക്കിലെടുത്ത് സത്യസന്ധരായ ഉദ്യോഗസ്ഥരെ നിയമിച്ച് വിജിലൻസ് സംവിധാനം ഫലപ്രദമാക്കുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ വിജിലൻസ് സംവിധാനത്തെ ശക്തിപ്പെടുത്തും. വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നത് കുറ്റകൃത്യങ്ങൾക്ക് വഴങ്ങുന്ന സ്വഭാവമുള്ളവർ, പ്രവർത്തനങ്ങൾ, സ്ഥലങ്ങൾ, പ്ലാനുകൾ, പദ്ധതികൾ എന്നിവ കണ്ടെത്തുന്നതിലാണ്. വിജിലൻസിനെ കാര്യക്ഷമമാക്കാൻ നിഷ്ക്രിയരോ അല്ലെങ്കിൽ സംവിധാനം ദുരുപയോഗം ചെയ്യുന്നതോ ആയ ഉദ്യോഗസ്ഥരെ വിജിലൻസിൽ നിന്നും ഒഴിവാക്കി പകരം കാര്യശേഷിയുള്ള, അഴിമതിരഹിതരായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. വിജിലൻസ് സംവിധാനത്തെ ദുരുപയോഗം ചെയ്യാത്ത അഴിമതിരഹിതരും കാര്യക്ഷമതയുമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുക വഴി വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കും.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No.2530/14, 2272/15 എന്നീ കേസുകളിൽ 18-6-2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സ്വതന്ത്ര അധികാരം, പ്രവർത്തന സ്വാതന്ത്ര്യം എന്നീ കാര്യങ്ങൾ പഠിക്കുന്നതിന് വേണ്ടി 2 അമിക്കസ്ക്യൂറിമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ടായിരുന്നു. ഈ വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ സമർപ്പിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സത്യസന്ധരും കാര്യക്ഷമവുമായ ഉദ്യോഗസ്ഥരെ മാത്രമേ വിജിലൻസിൽ നിയമിക്കുകയുള്ളൂ.

**കഞ്ചാവ്, മയക്കുമരുന്നുകൾ എന്നിവയാൽ വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ**

7 (*157) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ്, മയക്കുമരുന്നുകൾ എന്നിവ നേരിട്ടും ആഹാരപദാർത്ഥങ്ങളിൽ ചേർത്തും ഉപയോഗിക്കുന്നതുമൂലം വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ ഉപഭോക്താക്കളാക്കാൻ സ്കൂൾ പരിസരങ്ങളിൽ മാഫിയകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് പരിശോധന നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ പരിശോധന നടത്തി കർശന നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) സംസ്ഥാനത്ത് ഇത്തരത്തിൽ കഞ്ചാവ്, മയക്കുമരുന്നുകൾ എന്നിവ നേരിട്ടും ആഹാരപദാർത്ഥങ്ങളിൽ ചേർത്തും ഉപയോഗിക്കുന്നതുമൂലം വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര റെഗുലേഷന്റെ റൂൾ 2.3.4 പ്രകാരം

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും പുകയിലയും, നിക്കോട്ടിനും അടങ്ങിയ പാൻമസാല ഉൾപ്പെടെയുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഇതിനകം നിരോധിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 25-2-2012-ലെ എ 1327/12/സി.എഫ്.എസ്. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുകയിലയും നിക്കോട്ടിനുമടങ്ങിയ പാൻമസാല തുടങ്ങിയ ഭക്ഷ്യപദാർത്ഥങ്ങൾ അവ ഏത് പേരിലറിയപ്പെട്ടിരുന്നാലും അവയുടെ സംഭരണം, ഉല്പാദനം, വിതരണം എന്നിവ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാണ്.

(ബി&സി) സ്കൂൾ, കോളേജ് പരിസരങ്ങളിൽ മയക്കുമരുന്ന് വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് മാഫിയ തലത്തിലുള്ള പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ആരോഗ്യ വകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായും അല്ലാതെയും ഇതിനെതിരെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന സേഫ് കേരള പ്രോഗ്രാമും ആഭ്യന്തര വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി സഹകരിച്ച് നടത്തുന്ന ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതികളും വിദ്യാർത്ഥികളെ മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും പിടിയിൽ നിന്ന് മോചിപ്പിക്കുന്നതിനും ലഹരിവിതരണ ശൃംഖലകളിൽനിന്നും വിദ്യാലയങ്ങളെ മോചിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനു പുറമേ പുകയിലവിരുദ്ധ നിയമമായ COTPA (Cigarettes and Other Tobacco Products Act) നടപ്പിലാക്കുന്നതിലൂടെ ആരോഗ്യ വകുപ്പ് ജീവനക്കാർ വിദ്യാലയങ്ങളുടെ പരിസരത്ത് ലഹരി ഉല്പന്നങ്ങൾ വിൽക്കുന്നതും ഉപയോഗിക്കുന്നതും തടയുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും മുൻകയ്യെടുക്കുന്നു. വിവിധ ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പുകയിലയ്ക്കും മയക്കുമരുന്നിനും എതിരെയുള്ള ബോധവല്ക്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു.

**അന്തർസംസ്ഥാന നദീജല കരാറുകൾ**

8 (*158) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായും കാലോചിതമായും പുനരവലോകനം ചെയ്യുന്നതിന് ഒരു സ്ഥിരം കർമ്മസേന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഘടന എങ്ങനെയായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) പറമ്പിക്കുളം-ആളിയാർ പ്രോജക്റ്റ് (പി.എ.പി.) കരാർ പുനരവലോകനം നടത്തി പുതുക്കേണ്ട സമയം കഴിഞ്ഞിട്ടും ആയത് പുതുക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) പി.എ.പി. കരാർ പുതുക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത കരാർ പുതുക്കുന്നതിന് സുപ്രീം കോടതിയിൽ നിലവിലുള്ള ഏതെങ്കിലും കേസ് തടസ്സമായിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ&ബി) അന്തർസംസ്ഥാന നദീജല കരാറുകൾ പുനരവലോകനം ചെയ്യുന്നതിനുള്ള ഒരു സ്ഥിരം കർമ്മസേന രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രി തലത്തിലും നിരവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിംഗിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും പരസ്പര ധാരണയിൽ എത്തിച്ചേർന്നിട്ടില്ല. ആയതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

(ഡി) കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി വീണ്ടും ചർച്ചകൾ നടത്തി കരാർ പുനരവലോകനം ചെയ്യണമെന്നു തന്നെയാണ് സർക്കാരിന്റെ തീരുമാനം.

(ഇ) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള ചർച്ചകൾ തുടരുന്നതിന് 2012-13 ജലവർഷത്തിൽ തമിഴ്നാട് നടത്തിയ പി.എ.പി. കരാർ ലംഘനങ്ങൾക്കെതിരെ കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത അസ്സൽ അന്യായവും (O.S.2 of 2013), ഒരു ഇടക്കാല ഹർജിയും (I.A. 1 of 2013) തടസ്സമാവില്ല എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ കേരളത്തിന്റെ അഭിഭാഷകൻ ശ്രീ. മോഹൻ വി. കട്ടാർക്കിയും കേരളത്തിന്റെ സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. രമേശ് ബാബു എം.ആർ.-ഉം നിയമോപദേശം നൽകിയിട്ടുണ്ട്.

## എയർ കേരള പദ്ധതി

9 (*159) ശ്രീ. അബ്ദുൽ ഹമീദ് .പി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുതിയ വ്യോമയാന നയത്തിന് രൂപം നൽകാൻ പോകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) അന്താരാഷ്ട്ര സർവ്വീസുകളുടെ കാര്യത്തിൽ നിലവിലെ നിബന്ധനകളിൽ കാര്യമായ ഇളവുകൾ ഉണ്ടാകാമെന്ന സൂചനകളുടെ പശ്ചാത്തലത്തിൽ നിർദ്ദിഷ്ട എയർ കേരള പദ്ധതിയുടെ കാര്യത്തിൽ എന്തു നയമാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയം 15-6-2016-ൽ നിലവിൽ വന്നു. പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്ര സർക്കാരിന്റെ പഴയ വ്യോമയാന നയപ്രകാരം അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര വിമാന ഗതാഗത പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമായിരുന്നു. എന്നാൽ പുതിയ വ്യോമയാന നയപ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം എന്ന നിബന്ധന എടുത്തുകളഞ്ഞെങ്കിലും 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്ന് വിലയിരുത്തുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മൊബൈൽ ടവറുകൾ ഉയർത്തുന്ന ഭീഷണി**

10 (*160) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മൊബൈൽ ടവറുകൾ പൊതു ജനാരോഗ്യത്തിന് ഏതെങ്കിലും തരത്തിൽ ഹാനികരമാണോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ജനവാസകേന്ദ്രങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകൾ നീക്കം ചെയ്യുന്നതിനും ആവശ്യമായ ബദൽ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ആരോഗ്യ വകുപ്പ് ഇതു സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. കേന്ദ്ര ടെലി കമ്മ്യൂണിക്കേഷൻ വകുപ്പിന്റെ ഇതുസംബന്ധിച്ച മാർഗ്ഗ രേഖകൾ അനുസരിച്ചാണ് മൊബൈൽ ടവറുകൾക്ക് അനുമതി നൽകിവരുന്നത്.

(ബി) വിവര സാങ്കേതിക വകുപ്പിന്റെ 15-3-2014-ലെ സ.ഉ.(എംഎസ്.) 14/2014/വി.സ.വ. നമ്പർ ഉത്തരവിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു *)

(സി) നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള ടവറുകൾ നീക്കം ചെയ്യുന്നതിന് പൊതുജനങ്ങൾക്ക് ജില്ലാ ടെലികോം കമ്മിറ്റികളെ സമീപിക്കുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ ടവറുകൾ സ്ഥാപിക്കുന്നതിന് നൽകിയ അനുമതി റദ്ദാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശിപാർശ നൽകുന്നതിനും വിവരസാങ്കേതിക വകുപ്പ് സ.ഉ. (കൈ) നമ്പർ 25/2014/ വി.സ.വി. തീയതി 2-8-2014 പ്രകാരം ജില്ലാ കമ്മിറ്റികൾക്ക് അധികാരം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോടതികളിൽ നിലവിലുള്ള കേസ്സുകൾ

11 (*161) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നത് നീതിന്യായ വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്ന കേസുകൾ അദാലത്തിലൂടെ തീർപ്പാക്കുന്നതിനു നടപടി സ്വീകരിക്കുമോ; ഇതിനായി സ്പെഷ്യൽ ജഡ്ജിമാരെ നിയമിക്കുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ;

(സി) കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യത്തിന് ജഡ്ജിമാരെയും മജിസ്ട്രേറ്റുമാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട്. അദാലത്തുകൾ സംഘടിപ്പിക്കുന്നതിനായി കോടതികളുടെ Special Sitting ആവശ്യമായി വരികയാണെങ്കിൽ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ഹൈക്കോടതി പുറപ്പെടുവിക്കാറുണ്ട്. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആവശ്യ പ്രകാരം National Lok Adalath സംഘടിപ്പിക്കുന്നതിന് വേണ്ടുന്ന പക്ഷം സർവ്വീസിലുള്ള ന്യായാധിപന്മാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള അനുമതി ബഹുമാനപ്പെട്ട ഹൈക്കോടതി നൽകാറുണ്ട്.

(സി) ഭൂലഭ്യത അനുസരിച്ച് നവീന രീതിയിലുള്ള കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കീഴ്ക്കോടതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികളും കൈക്കൊള്ളുന്നുണ്ട്. സ്റ്റേറ്റ് സബോർഡിനേറ്റ് ജുഡീഷ്യറിയിലേക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് ഹൈക്കോടതി നിർദ്ദേശപ്രകാരം ജുഡീഷ്യൽ ഓഫീസർമാരെ നിയമിച്ചുവരുന്നു.

## ഇ-ഫയലിംഗ് ശൃംഖല

12 (*162) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സിസ്റ്റം നടപ്പാക്കിയത് എന്നു മുതലാണെന്നും ആയത് വിജയകരമായിരുന്നോയെന്നും വിശദമാക്കാമോ;

(ബി) ഇ-ഫയലിംഗ് സിസ്റ്റം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ, താലൂക്ക്തല ഓഫീസുകളിൽ നിന്ന് സെക്രട്ടേറിയറ്റിൽ എത്തുന്ന ഫയലുകൾ സ്കാൻ ചെയ്ത് ഇ-ഫയൽ ആക്കി മാറ്റാൻ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഫയലുകൾ തപാൽ വഴി സെക്രട്ടേറിയറ്റിലും ഉയർന്ന ഓഫീസുകളിലും എത്താനെടുക്കുന്ന കാലതാമസം ഇ-ഫയലിംഗ് ഏർപ്പെടുത്തുക വഴി പരിഹരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളെയും ഇ-ഫയലിംഗ് ശൃംഖലയിൽ കണ്ണിയാക്കാനുള്ള നടപടി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) 8-7-2009-ലെ സ.ഉ.(സാധാ) നമ്പർ 143/2009/വി.സ.വ. ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിൽ Message/DDFS എന്ന ഇലക്ട്രോണിക് ഫയൽ സമ്പ്രദായം നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുകയും തുടർന്ന് ഉന്നത വിദ്യാഭ്യാസം, ഐ.റ്റി., ഭക്ഷ്യ സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിൽ ഈ സംവിധാനം നടപ്പിലാക്കുകയും ചെയ്തിരുന്നു. പിന്നീട് കേന്ദ്ര സർക്കാർ ഏജൻസിയായ എൻ.ഐ.സി. വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുവാൻ 24-8-2013-ലെ സ.ഉ.(കൈ) നമ്പർ 10/2013/വി.സ.വ. ഉത്തരവ് പ്രകാരം തീരുമാനിക്കുകയും DDFS ഘട്ടം ഘട്ടമായി നിർത്തലാക്കി പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുകയും ചെയ്തു. സെക്രട്ടേറിയറ്റിലെ ആഭ്യന്തരം, വിജിലൻസ്, വിവര പൊതുജന സമ്പർക്ക വകുപ്പുകളിലൊഴികെ മറ്റെല്ലാ വകുപ്പുകളും വജയകരമായി ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു.

(ബി) എല്ലാ വകുപ്പുകളിലും നടപ്പാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി) പരിഹരിക്കാൻ സാധിക്കും.

(ഇ) സെക്രട്ടേറിയറ്റിന് പുറമെ ലാന്റ് റവന്യൂ കമ്മീഷണറേറ്റുകളിലും, എല്ലാ കളക്ടറേറ്റുകളിലും സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് സമ്പ്രദായം ഘട്ടം ഘട്ടമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മറ്റ് വകുപ്പുകളിൽ ആദ്യം ഹെഡ് ഓഫീസിലും പിന്നീട് ജില്ലാതല ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്.

**കേരളത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്**

13 (*163) ശ്രീ. എം. സ്വരാജ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കുമെന്ന വർഷങ്ങൾക്കുമുമ്പുള്ള കേന്ദ്ര സർക്കാർ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ അത് നേടിയെടുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) എയിംസ് അനുവദിക്കാനായി എന്തൊക്കെ നിബന്ധനകളാണ് പാലിക്കേണ്ടതെന്ന് അറിയിക്കാമോ;

(സി) ഈ നിബന്ധനകൾ പാലിച്ചുകൊണ്ട് അതു നേടിയെടുക്കാൻ മുൻ സർക്കാർ എടുത്ത നടപടികൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഓൾ ഇന്ത്യ, മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിലുള്ള ഒരു സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അറിയിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 4 സ്ഥലങ്ങളുടെ പട്ടിക ഇതിനകം സമർപ്പിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാർ കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതി കിട്ടിയാലുടൻ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിക്കുമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

(ബി) ടി സ്ഥാപനം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ ഒന്നിലധികം സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കണമെന്നും, ടി ഭൂമികൾ സൗജന്യ നിരക്കിലാക്കിയിരിക്കണമെന്നും, ടി ഭൂമിയിലേക്ക് നല്ല റോഡ് മാർഗ്ഗം ഉണ്ടായിരിക്കണമെന്നും, ജലം/വൈദ്യുതി എന്നിവയുടെ ലഭ്യത പര്യാപ്തമായിരിക്കണമെന്നും നിബന്ധനയുണ്ട്.

(സി) ടി നിബന്ധനകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താഴെ പറയുന്ന നാല് സ്ഥലങ്ങൾ ടി സ്ഥാപനം നിർമ്മിക്കുന്നതിന് പര്യാപ്തമാണെന്ന് കേന്ദ്ര സർക്കാരിനെ 16-7-2014 -ൽ അറിയിച്ചിട്ടുണ്ട്.

1. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള സ്ഥലം (200 ഏക്കർ).
2. തിരുവനന്തപുരത്ത് നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലം (263.45 ഏക്കർ).
3. കോട്ടയം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള സ്ഥലം (248.21 ഏക്കർ).
4. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിന്റെ (എച്ച്.എം.റ്റി.) അധീനതയിലുള്ള സ്ഥലം (200 ഏക്കർ).

## കണ്ണൂർ വിമാനത്താവളം

14 (*164) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വിമാനത്താവളം യാഥാർത്ഥ്യമാക്കാനായി 1996-ലെ എൽ.ഡി.എഫ്. സർക്കാരും 2001-ൽ അധികാരത്തിലെത്തിയ യു.ഡി.എഫ്. സർക്കാരും പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരും ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) 4000 മീറ്റർ റൺവേ വിഭാവന ചെയ്തിരുന്നത് 3050 മീറ്ററോ 3400 മീറ്ററോ ആയി ചുരുക്കാൻ ശ്രമം നടന്നിരുന്നോ; എങ്കിൽ ഏതു കാലഘട്ടത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ വിമാനത്താവളം പ്രവർത്തനക്ഷമമാക്കുന്നതിന് ഈ സർക്കാരിന്റെ കർമ്മപദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ഓഹരി ഘടന താഴെ പറയും പ്രകാരമാണ് :

കേരള സർക്കാർ - 35%

പൊതുമേഖല സ്ഥാപനങ്ങൾ - 25%

എയർപോർട്ട് പൊതുമേഖല സ്ഥാപനങ്ങൾ - 10%

സ്വകാര്യ വ്യക്തികൾ, കമ്പനികൾ, സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, വാണിജ്യ ബാങ്കുകൾ, കിയാൽ ബോർഡ് കാലാകാലങ്ങളിലായി അംഗീകരിച്ച മറ്റ് നിയമാനുസൃതമായ സ്ഥാപനങ്ങൾ - 30%.

ഒന്നും രണ്ടും ഘട്ടങ്ങളിലെ സ്ഥലമെടുപ്പ് പൂർത്തിയായി. മൂന്നാംഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിൽ ഇതുവരെയായി 626.73 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റൺവേ 3050 മീറ്ററിൽ നിന്ന് 3400 മീറ്ററായി നീട്ടാൻ ആവശ്യമുള്ള 75.5 ഏക്കർ ഭൂമിയുടെ സർവ്വേ നടത്തി ഏറ്റെടുക്കാൻ അനുമതി നൽകി. ഡിനോവയായ 131 ഏക്കർ ഭൂമി ഏറ്റെടുക്കാൻ വേണ്ട 140 കോടി രൂപ അനുവദിച്ചു. അതിൽ 70 കോടി രൂപ കിൻഫ്രയ്ക്ക് ലഭ്യമാക്കി. എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവേ എയർസൈഡ് പ്രവൃത്തികൾക്ക് 694 കോടി രൂപയ്ക്കുള്ള കരാറും ടെർമിനൽ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള (498.70 കോടി രൂപയ്ക്കുള്ള) കരാറും ലാർസൺ & ട്യൂബ്രോ കമ്പനിക്ക് നൽകുകയും പ്രവൃത്തികൾ നടന്നു വരികയുമാണ്. എയർസൈഡ് പ്രവൃത്തി 84 ശതമാനവും ടെർമിനൽ ബിൽഡിംഗിന്റെ പ്രവൃത്തി 75 ശതമാനവും പൂർത്തിയായി. വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണാപത്രം 21-5-2015-ന് ഒപ്പുവയ്ക്കുകയും (കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം), ലോൺ ലഭ്യമാവുകയും ചെയ്തു.

എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപയ്ക്കുള്ള ഓഹരി ധാരണാപത്രം 24-6-2015-ൽ ഒപ്പുവച്ചു. മെറ്റീരിയോളജിക്കൽ സർവ്വീസിനു വേണ്ടി മെറ്റീരിയോളജിക്കൽ വകുപ്പുമായി ധാരണാപത്രം ഒപ്പുവച്ചു. എ.ടി.എഫ്.

എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ. കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചു (ബി.പി.സി.എൽ.-76%, കിയാൽ-24%). മറ്റു നിർമ്മാണ പ്രവൃത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ് തുടങ്ങിയവയുള്ള വർക്ക് അവാർഡ് ചെയ്യുകയും പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇനി ചെയ്യാനുള്ള ചുരുക്കം ചില പണികളുടെ ടെണ്ടർ നടപടികൾ തുടങ്ങി. ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി എന്നിവയുമായുള്ള പ്രാരംഭ ചർച്ചയും സ്ഥല സന്ദർശനങ്ങളും നടന്നു. 2017 മാർച്ച് മാസത്തോടുകൂടി പണികൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 1996-ലെ എൽ.ഡി.എഫ്. ഭരണകാലത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു: 1998-ൽ വിമാനത്താവള നിർമ്മാണത്തിന് ഭരണാനുമതി നൽകി, കിൻഫ്രയെ കണ്ണൂർ വിമാനത്താവളത്തിന്റെ നോഡൽ ഏജൻസിയായി നിയമിച്ചു. കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഒന്നാംഘട്ട സ്ഥലമെടുപ്പ് നടപടി ആരംഭിച്ചു. 2001-ഓടെ ഒന്നാംഘട്ട സ്ഥലമെടുപ്പ് പൂർത്തിയായി. 192.18 ഏക്കർ സ്ഥലം ഏറ്റെടുത്തു. 2001-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മറ്റ് പുരോഗതികളൊന്നും ഉണ്ടായിട്ടില്ല. പിന്നീട് അധികാരത്തിലെത്തിയ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

5-7-2008-ൽ കണ്ണൂർ എയർപോർട്ടിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. 2008-ൽ കേന്ദ്ര വ്യോമയാന മന്ത്രാലയം കണ്ണൂർ വിമാനത്താവളത്തിന് അനുമതി നൽകി (19-2-2008-ൽ തത്വാധിഷ്ഠിത അംഗീകാരം). 1-2-2008-ൽ കണ്ണൂർ വിമാനത്താവളത്തിനു വേണ്ടിയുള്ള രണ്ടാം ഘട്ട സ്ഥലമെടുപ്പ് പാക്കേജ് പ്രഖ്യാപിക്കുകയും 2010-11-ഓടെ 1086.77 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. 2008-ൽ മൂന്ന് ലാന്റ് അക്വിസിഷൻ ഓഫീസുകൾ മട്ടന്നൂരിൽ ആരംഭിച്ചു. 2008-ൽ കണ്ണൂർ വിമാനത്താവളത്തിന്റെ കൺസൾട്ടൻസിക്കായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയെ നിയമിച്ചു. 2009 ഡിസംബറിൽ കണ്ണൂർ വിമാനത്താവള കമ്പനി രൂപീകരിച്ചു. 2010 ഡിസംബർ 12-ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദന്റെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രി ശ്രീ. പ്രഫുൽ പട്ടേൽ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു.

(സി) 1998-ലെ G.O(Ms) No. 2/98/Tran dated 17-1-1998 പ്രകാരം എയർപോർട്ടിന്റെ റൺവേയുടെ നീളം ഏകദേശം 12000 അടിയായി വിഭാവനം ചെയ്തിരുന്നു. 2005-ൽ കേരള സർക്കാർ നിയമിച്ച കൺസൾട്ടന്റായ EMAUNIHORN റൺവെയുടെ നീളം ഏകദേശം 3400 മീറ്ററായി വിഭാവനം

ചെയ്തിരുന്നു. 2013-ൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് നിയമിച്ച കൺസൾട്ടന്റായ എയ്കോം ആദ്യഘട്ടത്തിൽ റൺവേയുടെ നീളം 3050 മീറ്ററിന്റെ ആവശ്യമേ ഉള്ളൂവെന്നും അന്തിമഘട്ടത്തിൽ 3400 മീറ്ററായി ദീർഘിപ്പിക്കാമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയുടെ നീളം 4000 മീറ്ററായിരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഫർണിച്ചർ, ഇന്റീരിയർ ഡിസൈൻ, സെക്യൂരിറ്റി എക്യുപ്മെന്റ് മുതലായവയുടെ ടെണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ബാക്കിയുള്ള എല്ലാ ടെണ്ടറുകളും ഓഗസ്റ്റ് മാസത്തിൽത്തന്നെ ക്ഷണിക്കാൻ ക്രമീകരണം ചെയ്തിട്ടുണ്ട്. അവാർഡ് ചെയ്യപ്പെട്ട പണികൾ പൂർത്തീകരിക്കുന്നതിനായി ഏജൻസികളുമായി എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി പുരോഗതി വിലയിരുത്തുന്നു. അടുത്ത മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഡി.ജി.സി.എ. ലൈസൻസിന് മുന്നോടിയായിട്ടുള്ള ഡോക്യുമെന്റ് പ്രിപ്പറേഷൻ നടന്നുവരുന്നു. സ്റ്റാറ്റ്യൂട്ടറി ഏജൻസികളായ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി, കസ്റ്റംസ്, എമിഗ്രേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് എന്നിവരുമായി മീറ്റിംഗ് നടത്തി അവർക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. അവരുടെ സേവനങ്ങൾക്കായുള്ള ക്രമീകരണം 2017 ജനുവരിയിൽ പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കിൻഫ്ര, മൈനർ ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി. എന്നിവയുമായി ചേർന്ന് എയർപോർട്ടുമായി ബന്ധപ്പെട്ട അനുബന്ധ കാര്യങ്ങൾ സംയുക്തമായി ചെയ്തുവരുന്നു. എയർപോർട്ട് പൂർത്തീകരിക്കുന്നതോടുകൂടി പ്രവർത്തന സജ്ജമാകാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതായിരിക്കും. എയർലൈൻ കമ്പനികളായ എയർ ഇന്ത്യ, ജറ്റ് എയർവേയ്സ്, ഇൻഡിഗോ മുതലായ സ്ഥാപനങ്ങളുമായി ചർച്ച നടത്തി എയർക്രാഫ്റ്റ് ഓപ്പറേഷന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

### പരിസ്ഥിതി സംരക്ഷണനയം

15 (T165) ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച നയം വ്യക്തമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പരിസ്ഥിതിയും പ്രകൃതി സൗന്ദര്യവും സംരക്ഷിച്ചുകൊണ്ടു മാത്രമേ ഭൗതിക വികസന പ്രവർത്തനങ്ങൾ നടപ്പാക്കാവൂ എന്ന പ്രകൃതിസ്നേഹികളുടെ ആവശ്യത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാനത്തിന്റെ വികസനം അതിന്റെ പരിസ്ഥിതിക്ക് കോട്ടവും ഭംഗവും തട്ടാതെ നടപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതു ജനങ്ങളെ വിശ്വാസത്തിലെടുത്തും അവരെ പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെയും പരിപോഷിപ്പിക്കുന്നതിന്റെയും ആവശ്യകത ബോദ്ധ്യപ്പെടുത്തിയുള്ള ഒരു നയമായിരിക്കും സംസ്ഥാന സർക്കാർ അവലംബിക്കുന്നത്.

(ബി) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധവും ശാസ്ത്രീയവും സന്തുലിതവുമായ ഒരു ബന്ധത്തെയാണ് വികസനം സൂചിപ്പിക്കുന്നത്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും പരിസ്ഥിതി നശിപ്പിക്കുന്നതിന് സന്ധി ചെയ്യാതെയും പരിസ്ഥിതി സംരക്ഷണവും വികസനവും സംയോജിപ്പിച്ച് നടപ്പിലാക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം.

### ക്രമസമാധാനപാലനവും അന്വേഷണവും വേർതിരിക്കൽ

16 (*166) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ലോ & ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതിനായി പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പ്രകാശ് സിംഗ് & അദേഴ്സ് Vs യൂണിയൻ ഓഫ് ഇന്ത്യ & അദേഴ്സ് എന്ന WP(C)310/1996 നമ്പർ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 22-9-2006-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിലെ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പരിപാലന ചുമതലയും, കുറ്റാന്വേഷണ ചുമതലയും വേർതിരിച്ചുകൊണ്ട് 27-12-2006-ൽ സ.ഉ.

(സാധാ)3069/2006/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഏത് രീതിയിൽ നടപ്പാക്കണമെന്ന് 25-1-2010-ൽ സർക്കുലർ നമ്പർ 5/2010 പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിക്കുന്നതിലെ ഭരണപരവും, സാമ്പത്തികവും, പ്രായോഗികവുമായ വശങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 24-8-2012-ൽ സ.ഉ. (സാധാ) 7253/2012/പൊ.ഭ. നമ്പർ ഉത്തരവ് പ്രകാരം ഒരു ഏകാംഗ കമ്മീഷനെ നിയോഗിക്കുകയും, ടി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായം സർക്കാർ പരിശോധിച്ചുവരുന്നു.

**എയർ കേരള വിമാന സർവ്വീസ്**

17 (*167) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കേരള വിമാന സർവ്വീസ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്നാണ് ലഭിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) അനുമതി ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടതെന്നും പ്രസ്തുത നിബന്ധനകളെല്ലാം പാലിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) എയർ കേരള പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഇല്ല.

(ബി&സി) പുതിയ വ്യോമയാന നയം പ്രകാരം രാജ്യാന്തര വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര വിമാന സർവ്വീസുകൾക്കായി മാറ്റി വയ്ക്കേണ്ടതായിട്ടുണ്ട്. 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്ന് വിലയിരുത്തുന്നു.

**പാചക വാതക സിലിണ്ടറുകൾമൂലമുള്ള അപകടങ്ങൾ**

18 (*168) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചക വാതക സിലിണ്ടറുകൾ പൊട്ടിത്തെറിച്ചും ലീക്ക് ചെയ്തും ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സിലിണ്ടറുകളുടെ പഴക്കം, ഫില്ലിംഗിലെയും വിതരണത്തിലേയും അശ്രദ്ധ, വിതരണ/സർവ്വീസ് കേന്ദ്രങ്ങളുടെ നിഷ്ക്രിയത്വം, ഉപഭോക്താക്കൾക്കുള്ള അജ്ഞത എന്നിവ പരിഹരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ&ബി) ഇത്തരത്തിൽ ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ എണ്ണക്കമ്പനി പ്രതിനിധികൾ, ഫാക്ടറീസ് & ബോയിലേഴ്സ് പ്രതിനിധി എന്നിവരുമായി സിവിൽ സപ്ലൈസ് ഡയറക്ടർ ചർച്ച നടത്തുകയും കാരണങ്ങൾ പരിശോധിക്കുകയും സുരക്ഷ ഉറപ്പാക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പാചക വാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സിലിണ്ടറുകൾ ബോട്ട് ലിംഗ് പ്ലാന്റുകളിൽ വച്ച് പരിശോധിച്ച് നിയമാനുസൃതമായ പരിശോധനകളിൽ യോഗ്യമെന്ന് കണ്ടെത്തുന്നവയിൽ മാത്രം പാചക വാതകം നിറയ്ക്കുന്നു. സിലിണ്ടറുകൾ ബോട്ട് ലിംഗ് പ്ലാന്റുകളിൽ നിന്നും അയയ്ക്കുന്നതിന് മുമ്പ് ഭാരവും വാട്ടർ ടെസ്റ്റ് ബാത്തുവഴി ചോർച്ചയും കൃത്യമായി പരിശോധിക്കപ്പെടുകയും ചെയ്യുന്നു. പരിശോധനയിൽ യോഗ്യമല്ല എന്ന് കാണുന്ന സിലിണ്ടറുകൾ വീണ്ടും ഉപയോഗിക്കാത്ത രീതിയിൽ സ്ക്രാപ്പ് ആയി വേർതിരിച്ച് കളയുന്നു. ബോട്ട് ലിംഗ് പ്ലാന്റുകളിൽ നിന്ന് പ്രത്യേകം സജ്ജീകരിച്ച വാഹനങ്ങളിൽ പരിശീലനം ലഭിച്ച ഡ്രൈവർമാരാണ് ഏജൻസികളിൽ പാചക വാതകം എത്തിക്കുന്നത്. ഇത്തരത്തിലുള്ള സിലിണ്ടറുകൾ ഗ്യാസ് ഏജൻസി തലത്തിൽ വീണ്ടും

പരിശോനയ്ക്ക് വിധേയമാക്കിയതിന് ശേഷമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. കൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും വീടുകളിൽ നിർബന്ധിത പരിശോധനകൾ നടത്തുകയും ചെയ്യാറുണ്ട്. ഏജൻസികളിലെ ജോലിക്കാർ, ഡെലിവറി ബോയ്സ്, ഗോഡൗൺ സൂക്ഷിപ്പുകാർ എന്നിവർക്ക് സുരക്ഷ സംബന്ധിച്ച് കൃത്യമായ പരിശീലനങ്ങളും നല്കാറുണ്ട്. ഇവയാണ് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ചുവരുന്ന നടപടികളെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്ത് സംസ്ഥാനത്ത് ഉണ്ടായ സിലിണ്ടർ അപകടങ്ങളുടെ പശ്ചാത്തലത്തിൽ എണ്ണക്കമ്പനി പ്രതിനിധികൾ, ഫാക്ടറീസ് & ബോയിലേഴ്സ് പ്രതിനിധി എന്നിവരുമായി സിവിൽ സപ്ലൈസ് ഡയറക്ടർ ചർച്ച നടത്തി സിലിണ്ടർ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സർക്കാരിൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചു വരികയും ചെയ്യുന്നു.

**ഇതര സംസ്ഥാന തൊഴിലാളികളിൽ നിന്നും പകർച്ചവ്യാധി ഭീഷണി**

19 (*169) ശ്രീ. എം. എം. മണി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം വ്യാപകമായ സാഹചര്യത്തിൽ തൊഴിലാളി ക്യാമ്പുകളിൽ നിന്നും പകർച്ച വ്യാധികളുടെ ഭീഷണി ഉണ്ടായിട്ടുണ്ടോ;

(ബി) കേരളത്തിൽ നിന്നും ഉന്മൂലനം ചെയ്യപ്പെട്ട മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ ഇതര സംസ്ഥാന തൊഴിലാളികളിലൂടെ തിരിച്ചു വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അനാരോഗ്യകരമായ ചുറ്റുപാടിൽ കഴിയുന്ന ഇവർക്ക് രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം ഏർപ്പെടുത്തി രോഗ വ്യാപന ഭീഷണി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ലേബർ ക്യാമ്പുകളിലെ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം വ്യാപകമായ സാഹചര്യത്തിൽ തൊഴിലാളി ക്യാമ്പുകളിൽ ആരോഗ്യ വകുപ്പ് പരിശോധന നടത്തിവരുന്നുണ്ട്. മലമ്പനി, ക്ഷയം, കുഷ്ഠരോഗം, മന്തുരോഗം, ത്വക്ക് രോഗങ്ങൾ മുതലായവ ഇപ്രകാരം കണ്ടെത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലമ്പനി നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗമല്ല. ഇതര സംസ്ഥാനങ്ങളിൽ ജോലിക്കും മറ്റ് ആവശ്യങ്ങൾക്കുമായി പോയി തിരിച്ച് വരുന്നവരിലും കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലും മലമ്പനി താരതമ്യേന കൂടുതലായി കണ്ടുവരുന്നു. കൂടാതെ മന്ത് രോഗത്തിന്റെ സൂക്ഷ്മ വിരകളുടെ സാന്നിദ്ധ്യം, ക്ഷയരോഗം, കുഷ്ഠരോഗം എന്നിവ ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ കൂടുതലായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് പല പദ്ധതികളും ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായി എല്ലാ ജില്ലകളിലും വിവിധ സ്ഥലങ്ങളിലായി ഇതര സംസ്ഥാന തൊഴിലാളികളുടെ രക്തം പരിശോധിച്ച് മലമ്പനി, മന്ത് രോഗം, ക്ഷയം, കുഷ്ഠരോഗം തുടങ്ങിയവ ബാധിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കി ആവശ്യമെങ്കിൽ സൗജന്യ ചികിത്സയും നൽകിവരുന്നുണ്ട്. 2015 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ "ജാഗ്രത" കാമ്പൈൻ വഴി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും ആരോഗ്യ വകുപ്പ് നടത്തുകയുണ്ടായി. ഇതുകൂടാതെ സേഫ് കേരള പരിപാടിയുടെ ഭാഗമായും പ്രത്യേക ദിവസങ്ങളിൽ ഇത്തരക്കാരുടെ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വം, കുടിവെള്ള ലഭ്യത, രോഗസാധ്യതകൾ തുടങ്ങിയവ ആരോഗ്യ വകുപ്പ് സ്ക്വാഡുകൾ പരിശോധിച്ച് പൊതുജനാരോഗ്യ നിയമപ്രകാരം നടപടികളും എടുത്ത് വരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഫീൽഡ്തല ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തുമ്പോഴും ഇത്തരം തൊഴിലാളികളുടെ ആരോഗ്യം ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഓരോ ജില്ലയിലും ഡെപ്യൂട്ടി ഡി.എം.ഒ.-യുടെ നേതൃത്വത്തിൽ ജില്ലാ മൈഗ്രന്റ് സെല്ല് വഴി ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പുകൾ എന്നിവയുമായി യോജിച്ചാണ് ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.

(ഡി) ലേബർ ക്യാമ്പുകളിലെ ശുചിത്വം ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തൊഴിൽ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ തുടങ്ങിയവ സംയുക്തമായി പ്രവർത്തിച്ചു വരുന്നു. ആരോഗ്യ വകുപ്പ് തുടർച്ചയായി ഇത്തരം ക്യാമ്പുകൾ സന്ദർശിച്ച് അന്യസംസ്ഥാന തൊഴിലാളികളുടെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമെങ്കിൽ പൊതുജനാരോഗ്യ നിയമപ്രകാരം വേണ്ട ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. മറ്റ് വകുപ്പുകളും ഒറ്റയ്ക്കും സംയുക്തമായും സമാനമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇതുകൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ശുചിത്വം സംബന്ധിച്ച ബോധവൽക്കരണവും അവരുടെ ഭാഷയിൽ തന്നെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നൽകിവരുന്നുണ്ട്.

## 108 ആംബുലൻസ് സംവിധാനം

20 (*170) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. ജോയി :
ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ആലപ്പുഴ ജില്ലകളിൽ ആരംഭിച്ച 108-ആംബുലൻസ് സംവിധാനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ബി) ഈ സംവിധാനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ എന്തെങ്കിലും തുടർ നടപടിയുണ്ടാകുമോ ; വിശദാംശം അറിയിക്കുമോ ;

(സി) നിലവിൽ സർവ്വീസ് നടത്തുന്ന ജില്ലകളിൽ 108 ആംബുലൻസ് കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാരിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തനം നടത്തുന്ന 108 ആംബുലൻസുകൾ 26-3-2016-ൽ തുടങ്ങി 8-7-2016 വരെ വിവിധ തീയതികളിൽ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് തീരുന്ന വാഹനങ്ങളാണ്. അതിനാൽ ഇവയുടെ സർവ്വീസ് വിവിധ തീയതികളിൽ നിർത്തിവയ്ക്കുകയും അറ്റകുറ്റപ്പണികൾ നടത്തി

വരികയുമാണ്. ഇതിൽ തിരുവനന്തപുരം ജില്ലയിൽ 04 വാഹനങ്ങളുടെയും ആലപ്പുഴ ജില്ലയിൽ 6 വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾ തീർത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളതാണ്. ബാക്കിയുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നു. 16-7-2016-ന് മുമ്പായി തിരുവനന്തപുരം ജില്ലയിൽ 9 വാഹനങ്ങളും ആലപ്പുഴ ജില്ലയിൽ 4 വാഹനങ്ങളും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റ് പൂർത്തിയാക്കി പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിയും. ബാക്കിയുള്ള വാഹനങ്ങൾ ത്വരിതവേഗത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാനായി 14-07-2014-ൽ ടെണ്ടർ വിളിക്കുകയും അന്നത്തെ ഓപ്പറേറ്റിംഗ് ഏജൻസിയായ ജി.വി.കെ. ഇ.എം.ആർ.ഐ. ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുകയും ചെയ്തു. സർക്കാർ നിയമിച്ച സെക്രട്ടറിമാരുടെ കമ്മിറ്റി വിവിധ ഘട്ടങ്ങളിലായി ചർച്ച നടത്തുകയും നിരക്കുകൾ കുറയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സെക്രട്ടറീസ് കമ്മിറ്റി മുന്നോട്ടുവച്ച നിരക്കുകൾക്കനുസരിച്ച് പ്രവർത്തിക്കാൻ സാധ്യമല്ല എന്ന് കമ്പനി അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിപ്പിക്കുവാനുള്ള നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. ചുരുങ്ങിയ കാലയളവിനുള്ളിൽ 6 കൊല്ലത്തോളം പഴക്കമുള്ളതും ശരാശരി 2.5 ലക്ഷം കിലോമീറ്റർ സഞ്ചരിച്ചതുമായ വാഹനങ്ങൾ പ്രവർത്തിപ്പിക്കുവാനായി ഒരു ഓപ്പറേറ്റിംഗ് ഏജൻസിയെ ലഭിക്കുവാനുള്ള വിദൂര സാധ്യത മുൻനിർത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അഭിപ്രായം അംഗീകരിച്ചുകൊണ്ട് പ്രസ്തുത വാഹനങ്ങൾ ജി.വി.കെ. ഇ.എം.ആർ.ഐ.-യിൽ നിന്നും ഏറ്റെടുത്ത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിക്കാൻ ഉത്തരവായി. അതിൻപ്രകാരം വാഹനങ്ങളും അതിലെ ജീവനക്കാരും അതാത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലും കൺട്രോൾ റൂമും അതിലെ ജീവനക്കാരും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലും പ്രവർത്തിപ്പിക്കുവാനായി നിർദ്ദേശിച്ചു. തത്ഫലമായി 16-7-2015 മുതൽ പ്രസ്തുത പദ്ധതി ഇപ്രകാരമാണ് പ്രവർത്തിക്കുന്നത്.

27-7-2015-ൽ കെൽട്രോൺ ഈ പദ്ധതി ഏറ്റെടുത്ത് നടത്തുവാനായി ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അഭിപ്രായം അറിയുന്നതിനായി അയയ്ക്കുകയും അതിനുശേഷം കെൽട്രോണിനോട് നിരക്കുകൾ കുറച്ച് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയുമുണ്ടായി. പ്രസ്തുത നിരക്കുകളും കൂടുതലാണെന്ന് കണ്ട് കെൽട്രോണിനോട് വീണ്ടും നിരക്കുകൾ കുറയ്ക്കാൻ ആവശ്യപ്പെടുകയും കെൽട്രോൺ സമർപ്പിച്ച നിരക്കുകൾ പരിശോധിച്ച് കമ്മിറ്റി ഓഫ് സെക്രട്ടറീസ് ഇതിന്റെ പ്രവർത്തനത്തിനായി നിശ്ചയിച്ച നിരക്കുകൾ ആധാരമാക്കി നിരക്കുകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ഇപ്പോൾ പ്രവർത്തിക്കുന്ന മാതൃകയിൽ പ്രസ്തുത പദ്ധതി കേരളമൊട്ടാകെ വ്യാപിപ്പിച്ചാൽ പ്രവർത്തന ചെലവുകൾ എത്രയാണെന്നുള്ളത് സർക്കാരിലേയ്ക്ക് അറിയിക്കാൻ നിർദ്ദേശം നൽകി. 18-3-2016-ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇപ്പോൾ പ്രവർത്തിക്കുന്ന രീതിയിൽ എപ്രകാരം കേരളമൊട്ടാകെ പ്രവർത്തനം വ്യാപിപ്പിക്കാമെന്നും അതിന് എന്ത് ചെലവ് വരുമെന്നുള്ളതും കാണിച്ച് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയുമാണ്.

(സി) നിലവിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നിലവിലുള്ളത്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏറ്റെടുത്ത ശേഷം 2.5 ലക്ഷത്തോളം കിലോമീറ്ററുകൾ പിന്നിട്ട ഈ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി മികച്ച രീതിയിൽ സംസ്ഥാന ആരോഗ്യമിഷന്റെ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരുടെ സഹായത്തോടുകൂടി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രസ്തുത പദ്ധതി ഏറ്റെടുത്തശേഷം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും തൊഴിൽ തർക്കങ്ങളും മറ്റും ഇല്ലാതാക്കുകയും ചെയ്തു. നിലവിലുള്ള 43 വാഹനങ്ങളുടെ കാലപ്പഴക്കം മാത്രമാണ് പദ്ധതിക്ക് വിഘാതമായിട്ടുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ മികച്ച രീതിയിലുള്ള ഒരു സോഫ്റ്റ്വെയർ സംവിധാനം തയ്യാറായി വരുന്നു. പ്രസ്തുത സോഫ്റ്റ്വെയർ മുഖാന്തരം വാഹനങ്ങളുടെ സേവനത്തിനായി വിളിക്കുന്ന വ്യക്തികൾക്ക് വിളിച്ചതിനുശേഷം വാഹനം എവിടെയെത്തി എന്ന് സ്മാർട്ട് ഫോണിൽ കൂടി മനസ്സിലാക്കുവാനുള്ള സംവിധാനം ഉൾപ്പെടെ വളരെയധികം ജനോപകാരപ്രദവും കാര്യക്ഷമവുമായുള്ള സംവിധാനങ്ങളും ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ട്

21 (*171) ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പോലീസ് കമ്മീഷന്റെ ഏഴാം റിപ്പോർട്ട് എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കണമെന്ന് സുപ്രീം കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ റിപ്പോർട്ടിലെ ശിപാർശകൾ മറ്റേതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയതായി അറിവുണ്ടോ; സംസ്ഥാനത്ത് എന്തുകൊണ്ടാണ് ഇത് നടപ്പാകാതെ പോയതെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) പോലീസ് സ്റ്റേഷനുകളിലെ സേനാംഗങ്ങളുടെ അംഗബലം വർദ്ധിപ്പിക്കുക, ആംഡ് റിസർവ്, ലോക്കൽ സംയോജിപ്പിക്കുക, സംസ്ഥാന പോലീസ് മേധാവി, റേയ്ഞ്ചിന്റെ ചുമതലയുള്ള ഇൻസ്പെക്ടർ ജനറൽമാർ, പോലീസ് സൂപ്രണ്ടുമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നിവർക്ക് കുറഞ്ഞ ഉദ്യോഗ കാലാവധി രണ്ട് വർഷമാക്കുക, പോലീസ് ഉദ്യോഗസ്ഥരുടെ സാമ്പത്തിക വിനിയോഗ അധികാരം ഉയർത്തുക, പോലീസിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ഹോം ഗാർഡുകളെ നിയമിക്കുക തുടങ്ങിയവയാണ് പ്രധാന ശിപാർശകൾ.

(സി) ദേശീയ പോലീസ് കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലെ പ്രധാന ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരള പോലീസിൽ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെല്ല് സംഭരണം

22 (*172) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; നെല്ലിന്റെ സംഭരണവില പുതുക്കാൻ നടപടി ഉണ്ടാകുമോ;

(ബി) നെല്ല് സംഭരിച്ചതിൽ മുൻസർക്കാരിന്റെ കാലയളവിലെ കുടിശ്ശികകളെല്ലാം കൊടുത്തു തീർത്തിട്ടുണ്ടോ; ആയതിന് എത്ര തുക അനുവദിച്ചെന്ന് അറിയിക്കുമോ;

(സി) നെല്ല് സംഭരണം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സപ്ലൈകോയുടെ നെല്ലുസംഭരണം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. നെല്ലിന്റെ സംഭരണവില പുതുക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) മുൻ സർക്കാരിന്റെ കാലയളവിലെ കുടിശ്ശിക തുക കൊടുക്കുന്നതിനായി 169.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നെല്ല് സംഭരണത്തിന്റെ കാലയളവ് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇപ്പോൾ പൂർത്തിയാക്കിയ 2015-16 നെല്ല് സംഭരണ സീസണിന്റെ കാലാവധി 2015 ഒക്ടോബർ മുതൽ 2015 ഡിസംബർ വരെ ഒന്നാം സീസണും, 2016 ജനുവരി മുതൽ ജൂൺ വരെ രണ്ടാം സീസണുമാണ്. നെല്ല് സംഭരണം നടക്കുന്ന പാടങ്ങളിൽ നെല്ലിന്റെ ഗുണമേന്മ സംബന്ധിച്ച് പ്രശ്നങ്ങളില്ലെങ്കിൽ നെല്ല് സംഭരണം കാര്യക്ഷമമായി നടക്കുന്നതാണ്. നെല്ലിന്റെ ഈർപ്പം, പതിരിന്റെ അളവ് എന്നിവ കേന്ദ്രസർക്കാരിന്റെ നിശ്ചിത മാനദണ്ഡങ്ങൾക്ക് ഉപരിയാകുന്ന പക്ഷം അത് ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി നെല്ല് ഉണക്കുന്നതിനും പാറ്റി വൃത്തിയാക്കുന്നതിനും കർഷകർ സമയമെടുക്കുന്നതിനാൽ വരുന്ന കാലതാമസം മാത്രമേ നെല്ല് സംഭരണ വേളയിൽ ഉണ്ടാവാറുള്ളൂ.

**സാമുദായിക ഭിന്നത ഉണ്ടാക്കുന്ന വർഗ്ഗീയ ശക്തികളുടെ പ്രവർത്തനങ്ങൾ**

23 (*173) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് വർഗ്ഗീയ ശക്തികൾ സാമുദായിക ഭിന്നത ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നത് ഇന്റലിജൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഛിദ്രശക്തികളെ അമർച്ച ചെയ്യാനായി എടുക്കാനുദ്ദേശിക്കുന്ന നിയമനടപടികൾ അറിയിക്കാമോ;

(സി) ഇത്തരം ഛിദ്രശക്തികളുടെ പേരിൽ നിയമ വിരുദ്ധ പ്രവർത്തനം തടയൽ നിയമപ്രകാരം കർശന നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തിന്റെ സഹായത്തോടുകൂടി നിരീക്ഷണങ്ങൾ നിരന്തരം നടത്തി വരികയും സാമുദായിക ഭിന്നത ഉളവാക്കുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ആളുകൾക്കെതിരെ 153(എ), 153(ബി) ഐ.പി.സി. മുതലായ വകുപ്പുകൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആരെങ്കിലും നിയമവിരുദ്ധ പ്രവർത്തനം തടയൽ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതായി വിവരം ലഭിച്ചാൽ അവരുടെ പേരിൽ ടി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യ സുരക്ഷ**

24 (*174) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഗുണനിലവാരമുള്ള ആഹാരസാധനങ്ങളാണ് വിൽക്കുന്നതെന്ന് ഉറപ്പാക്കാൻ വകുപ്പിന് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഭക്ഷ്യ ഉൽപ്പാദന സംഭരണ വിതരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനോ ലൈസൻസോ ഉണ്ടാകണമെന്ന നിയമം പാലിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) ലൈസൻസും രജിസ്ട്രേഷനും ഉള്ള സ്ഥാപനങ്ങൾ ശുചിത്വ നിലവാരവും ഗുണനിലവാരവും ഉള്ള ആഹാരസാധനങ്ങളാണോ വിൽക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കുറ്റക്കാരായ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്താണെന്നും അത് ഫലപ്രദമാണോ എന്നും ഇത്തരം സ്ഥാപനങ്ങൾ ക്കെതിരെ ക്രിമിനൽ നടപടിയെടുക്കാറുണ്ടോയെന്നും വ്യക്തമാക്കാമോ ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സർക്കാർ തലത്തിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധനയ്ക്കായി 3 റീജിയണൽ ലബോറട്ടറികളും ഒരു ഡിസ്ട്രിക്ട് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. ഗുണനിലവാരമുള്ള ഭക്ഷ്യപദാർത്ഥങ്ങളാണ് വിൽക്കുന്നതെന്ന് ഉറപ്പാക്കാൻ വേണ്ടി ഉൽപ്പാദകരിൽനിന്നും, വിതരണക്കാരിൽനിന്നും, വില്പനക്കാരിൽ നിന്നും ഭക്ഷ്യഗുണനിലവാര നിയമം 2006 പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ എടുത്ത് മേൽപ്പറഞ്ഞ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. ഈ ലാബുകളിൽ ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു. ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനു കാരണക്കാരായ ഭക്ഷ്യ ഉൽപ്പാദകരായ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരുടെ പേരിൽ പ്രോസിക്യൂഷൻ അടക്കമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തി ആഹാരസാധനങ്ങളുടെ നിർമ്മാണ പ്രക്രിയയിലും പാക്കിംഗിലുമുള്ള ന്യൂനതകൾ കണ്ടെത്തി നോട്ടീസ് നൽകുകയും വീണ്ടും ആവർത്തിക്കുകയാണെങ്കിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യ ഉൽപ്പാദന സംഭരണ വിതരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനോ ലൈസൻസോ ഉണ്ടായിരിക്കണമെന്ന് ഭക്ഷ്യ ഗുണനിലവാരനിയമം 2006 പ്രകാരം നിർബന്ധമാണ്. എന്നാൽ ലൈസൻസോ രജിസ്ട്രേഷനോ എടുക്കേണ്ട കാലാവധി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ 2016 ആഗസ്റ്റ് 5-ാം തീയതി വരെ നീട്ടിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ 56784 പേർക്ക് ലൈസൻസും 251781 പേർക്ക് രജിസ്ട്രേഷനും നല്കിയിട്ടുണ്ട്.

(സി) കേരളത്തിൽ ഭക്ഷ്യ ഉൽപ്പാദന സംഭരണ വിതരണ മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും, ക്യാന്റീനുകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാർ നിരന്തരമായി പരിശോധന നടത്തി ശുചിത്വ നിലവാരവും ഗുണനിലവാരവും ഉള്ള ആഹാരസാധനങ്ങളാണ് വിൽക്കുന്നതെന്ന് ഉറപ്പുവരുത്താറുണ്ട്. ഇതിനുപുറമെ ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഹോട്ടലുകളിലും, റെസ്റ്റോറന്റുകളിലും, ശീതളപാനീയ വിൽപ്പന കേന്ദ്രങ്ങളിലും പാലിക്കേണ്ട 30 ഇന മാനദണ്ഡങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാരുടെ പരിശോധനയിൽ ശുചിത്വ നിലവാരവും ഗുണനിലവാരവും പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും പിഴ ചുമത്താറുമുണ്ട്. എന്നാൽ ഭക്ഷണ പദാർത്ഥങ്ങൾ ലാബുകളിൽ അയച്ച് പരിശോധന നടത്തി ഗുണനിലവാരമില്ലെന്ന് തെളിഞ്ഞാൽ അതിന് കാരണക്കാരായ കച്ചവടക്കാർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ പരിശോധനകളിൽ ഭക്ഷണപദാർത്ഥങ്ങൾ മനുഷ്യരുടെ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയാൽ അവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കാറുമുണ്ട്.

**ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി**

25(*175) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. വി. അൻവർ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ഉൾപ്പെടെ വിവിധ സർക്കാർ ഓഫീസുകളിൽ നിരവധി ഫയലുകൾ തീരുമാനമെടുക്കാതെ ദീർഘകാലം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കാമോ;

(സി) അധികാര വികേന്ദ്രീകരണം ഫലപ്രദമാകാത്തതാണോ ഫയൽ ബാഹുല്യത്തിന് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ സേവനം യഥാസമയം ജനങ്ങൾക്ക് ലഭ്യമാക്കാനായി ഏതു തരത്തിലുള്ള ഭരണപരിഷ്കാരമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ഉണ്ട്. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് യഥാസമയം വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ച് വിലയിരുത്തിയിട്ടില്ല.

(ഡി) പൊതുജനങ്ങൾക്ക് സർക്കാർ സേവനം കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. ഇതിനായി സംസ്ഥാനത്ത് ഒരു ഭരണപരിഷ്കാര സമിതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിലാണ്. ജനങ്ങളുടെ പരാതികൾക്ക് വളരെ പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വകുപ്പുതലവൻമാരും സെക്രട്ടേറിയറ്റും തമ്മിലുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഓഫീസ് നടപടിക്രമങ്ങളെ ഓട്ടോമേറ്റ് ചെയ്തുകൊണ്ട് ഓഫീസുകളെ ലെസ്സ് പേപ്പർ ഓഫീസായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷൻ ആയ ഇ-ഓഫീസ്, സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേയ്ക്കും 14 ജില്ലാ കളക്ടറേറ്റുകളിലേയ്ക്കും 21 സബ് കളക്ടറേറ്റുകളിലേയ്ക്കും 75 താലൂക്ക് ഓഫീസുകളിലേക്കും ലാന്റ് റവന്യൂ കമ്മീഷണറേറ്റിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. മറ്റ് വകുപ്പുകളുടെ ഡയറക്ടറേറ്റുകളിൽ, ആദ്യം ഹെഡ് ഓഫീസിലും പിന്നീട് ജില്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്. ഇ-ഗവേണൻസ് സംവിധാനം, ഇ-ടെണ്ടർ സംവിധാനം, പൗരാവകാശരേഖ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ബയോമെട്രിക് പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാൻ ഉപയുക്തമാക്കും.

### നെൽ കർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി

26 (*176) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നെൽ കർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി.തിലോത്തമൻ):

(എ) നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കർഷകരിൽ നിന്ന് നെല്ല് കൈപ്പറ്റുമ്പോൾ സപ്ലൈകോയ്ക്ക് വേണ്ടി മില്ലുകൾ നല്കുന്ന രസീത് (PRS) ഇലക്ട്രോണിക് സംവിധാനത്തിലൂടെ POS device മുഖേന നൽകപ്പെടുന്നു. ഇതാണ് EPRS (Electronic Paddy Receipt Sheet). കർഷകർക്ക് രജിസ്ട്രേഷൻ സമയം മുതൽ പേയ്മെന്റ് ഓഫീസർ പാസാക്കുന്നതു വരെയും തുടർന്നും എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിലൂടെ അറിയുവാൻ കഴിയുന്നു. വിവരങ്ങൾ യഥാസമയം വെബ്സൈറ്റിൽ update ചെയ്യപ്പെടുന്നതിനാൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നു.

(സി) നെല്ല് സംഭരണത്തിന് കർഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ രേഖപ്പെടുത്തുന്ന മുഴുവൻ വിവരങ്ങളും മില്ലുകാർക്ക് നൽകിയിരിക്കുന്ന Hand held POS device -ലേക്ക് GPRS സംവിധാനം വഴി കൈമാറുകയും, നെല്ല് മില്ലിൽ എത്തി സ്റ്റോക്കിൽ ഏറ്റെടുത്തതിനുശേഷം നെല്ലിന്റെ തൂക്കം ഉൾപ്പെടെയുള്ള അനുബന്ധ വിവരങ്ങൾ computer സംവിധാനത്തിലൂടെ ലഭ്യമാകുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഇലക്ട്രോണിക് നെല്ല് കൈപ്പറ്റ് രസീത് (EPRS) കർഷകർക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറിൽ നിന്നും എപ്പോൾ വേണമെങ്കിലും പ്രിന്റ് എടുക്കാവുന്നതാണ്. EPRS സംവിധാനം 2014-15 ഒന്നാം സീസൺ മുതൽ നടപ്പിലാക്കിവരുന്നു.

## ലൈറ്റ് മെട്രോ പദ്ധതി

27 (T177) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇതിനായി മുൻ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ കൺസൾട്ടന്റായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നഗരങ്ങളിൽ ലൈറ്റ് മെട്രോയ്ക്ക് പകരം മെട്രോ പദ്ധതിയാണ് ആവശ്യമെന്ന വിദഗ്ദ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നു. ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് 11-9-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 74/2015/പൊ.മ.വ., പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യുമായി 20-1-2016-ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 7.91 ഹെക്ടർ സർക്കാർ ഭൂമിയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതിക്കായുള്ള, വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ഇതേവരെ ലഭ്യമായിട്ടില്ല.

(സി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായുള്ള ഇടക്കാല കൺസൾട്ടന്റായ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡും (ഡി.എം.ആർ.സി.) കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും (കെ.ആർ.റ്റി.എൽ.) തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളുടെ ഭൂപ്രകൃതിയും, ഗതാഗത സാന്ദ്രതയും (നിലവിലുള്ളതും 2041 വരെ പ്രതീക്ഷിക്കുന്നതും), കണക്കിലെടുത്തു കൊണ്ടാണ് ലൈറ്റ് മെട്രോ അനുയോജ്യമാണെന്ന നിഗമനത്തിൽ എത്തിയിട്ടുള്ളത്. കൂടാതെ പദ്ധതി അടങ്കൽ തുകയിൽ മെട്രോ പദ്ധതിയെ അപേക്ഷിച്ച് 30% വരെ കുറവ് ലൈറ്റ് മെട്രോ പദ്ധതിയിൽ ഉണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്. നഷ്ടം കൂടാതെ ഈ സംവിധാനം ദീർഘകാലം പ്രവർത്തിക്കണമെങ്കിൽ പദ്ധതി ചെലവ് കുറഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ തീരുമാനം പുനഃപരിശോധിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ

28 (*178) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി വിഭാവനം ചെയ്തിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി വിഭാവനം ചെയ്തിരുന്നു.

(ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാകേന്ദ്രം സ്ഥാപിച്ച് ചികിത്സാ സൗകര്യം വ്യാപിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.

## നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം

29 (*179) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 കേരള നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ഏത് തീയതിയിലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പെരുമാറ്റചട്ടം നിലവിൽവന്നശേഷം എടുത്ത മന്ത്രിസഭാ തീരുമാനങ്ങളിൽ ഏതെല്ലാമാണ് പ്രസ്തുത ചട്ടത്തിന് വിരുദ്ധമായവയെന്ന് മന്ത്രിസഭായോഗ തീയതി ഉൾപ്പെടെ വിശദമാക്കുമോ;

(സി) പ്രസ്തുത കാര്യങ്ങൾ പുതിയ സർക്കാരിന്റെ പരിശോധനയ്ക്ക് വിധേയമായിട്ടില്ലെങ്കിൽ, പെരുമാറ്റച്ചട്ട ലംഘനം നടത്തിയതായ തീരുമാനങ്ങൾ ഏതൊക്കെ എന്ന് വിശദമായി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ എന്നും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച 4-3-2016 മുതൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നു.

(ബി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന കാലയളവിൽ, പെരുമാറ്റച്ചട്ടത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതിയോടു കൂടിയാണ് സർക്കാർ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മുൻസർക്കാരിന്റെ അവസാന കാലഘട്ടത്തിൽ (2016 ജനുവരി 1-ന ശേഷം) എടുത്ത മന്ത്രിസഭാ യോഗ തീരുമാനങ്ങൾ അതത് വകുപ്പ് സെക്രട്ടറിമാർ പരിശോധിച്ച് പുനഃപരിശോധന ആവശ്യമുള്ളവ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 25-5-2016-ൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഉപസമിതി ഇപ്രകാരമുള്ള മന്ത്രിസഭാ യോഗ തീരുമാനങ്ങൾ പരിശോധിച്ചുവരികയാണ്.

**മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെടാനിടയായ സാഹചര്യം**

30 (*180) ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെടാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) അടിസ്ഥാന പശ്ചാത്തല സൗകര്യവും അദ്ധ്യയന സൗകര്യവുമില്ലാത്ത കോളേജുകൾക്ക് അനുമതി നൽകിയ നടപടി ഈ സ്ഥിതിക്ക് കാരണമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് ആരോഗ്യ സർവ്വകലാശാലയുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്നും ഇടപെടൽ സാധ്യമല്ലെന്നിരിക്കെ അഫിലിയേഷൻ നഷ്ടപ്പെട്ട കോളേജുകളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനം തടയാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സർക്കാർ/സ്വകാര്യ മേഖലയിലെ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിശ്ചയിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്. ഈ അദ്ധ്യയന വർഷാരംഭത്തിൽ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ പരിശോധനയിൽ ടി കോളേജുകളുടെ ഭൗതീക സാഹചര്യങ്ങൾ അപര്യാപ്തമാണെന്ന് കണ്ടെത്തുകയുണ്ടായി. ആയതിനാലാണ് സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നഷ്ടപ്പെടാനിടയായത്.

(ബി) പരിശോധിച്ചുവരുന്നു.

(സി) ഈ പ്രശ്നം സുപ്രീംകോടതി നിയമിച്ച ലോധ കമ്മിറ്റിയുടെ പരിഗണനയിലായതിനാൽ അർഹമായ ഗുണനിലവാരമുള്ള കോളേജുകളുടെ കാര്യത്തിൽ കേന്ദ്രസർക്കാർ മുഖേന ഇടപെടാൻ ശ്രമിക്കുന്നതാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാരവും ഇല്ലാത്ത കോളേജുകളിൽ വിദ്യാഭ്യാസം നല്കരുതെന്നാണ് ഗവൺമെന്റ് നയം.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേന്ദ്ര സർവ്വീസ് മാതൃകയിൽ ഡയറക്ടറേറ്റ്

1 (1244) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർവ്വീസ് മാതൃകയിൽ ഡയറക്ടറേറ്റ് രൂപത്തിൽ കേരളത്തിലെ സിവിൽ സർവ്വീസിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ&ബി) ഇക്കാര്യങ്ങളടക്കം പരിശോധിക്കുന്നതിനായി ഒരു ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

2 (1245) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## അമലാ അരുണിന് ആശ്രിത നിയമനം

3 (1246) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനത്തിനിടെ മരണപ്പെട്ട അരുൺകുമാറിന്റെ ഭാര്യ അമലാ അരുണിന് ആശ്രിത നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് പൊതുഭരണ വകുപ്പിന്റെ പരിഗണനയിൽ ഉള്ള 464376/ എസ്.ഡബ്ല്യൂ 2/16 ഫയലിന്റെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) അമലാ അരുണിന് എന്നത്തേയ്ക്ക് നിയമനം നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പട്ടാള സേവനത്തിനിടെ മരണപ്പെട്ട നമ്പർ15332364lL നായിക് അരുൺ കുമാറിന്റെ ഭാര്യ ശ്രീമതി അമലാ അരുണിന്, 29-4-2002-ലെ G.O(P)110/02/GAD നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആശ്രിത നിയമനം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൊല്ലം/പത്തനംതിട്ട എന്നീ ജില്ലകളിൽ ലോവർ ഡിവിഷൻ ക്ലാർക്കിന്റെ തസ്തികയിൽ നിയമനം നൽകണമെന്നാണ് അപേക്ഷക ആവശ്യപ്പെട്ടത്. ഒഴിവുണ്ടോയെന്ന് അറിയിക്കുവാൻ എല്ലാ വകുപ്പ് തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ജില്ലകളിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

## ജീവനക്കാരുടെ കൂട്ട സ്ഥലംമാറ്റം

4 (1247) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ (ധനകാര്യം, നിയമം ഉൾപ്പെടെ) എത്ര ജീവനക്കാരെ സ്ഥലം മാറ്റിയെന്ന് സെക്ഷനും കാറ്റഗറിയും തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥലം മാറ്റുമ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണെന്നും ഒരേ തസ്തികയിൽ എത്ര കാലം ജോലി ചെയ്തവരെയാണ് സ്ഥലം മാറ്റിയതെന്നും വ്യക്തമാക്കാമോ;

(സി) ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റിയത് കാരണം സെക്രട്ടേറിയറ്റിലെ ദൈനംദിന പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ സർക്കാർ അധികാരത്തിൽ വന്ന് ഒരു മാസത്തിനകം ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റിയത് പ്രതികാര നടപടികളുടെ ഭാഗമാണെന്നത് ശരിയാണോ; അല്ലെങ്കിൽ കൂട്ടസ്ഥലം മാറ്റത്തിനു മറ്റെന്ത് കാരണമാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

പൊതുഭരണ വകുപ്പ്

| | |
|---|---|
| സ്പെഷ്യൽ സെക്രട്ടറി | 1 |
| അഡീഷണൽ സെക്രട്ടറി | 70 |
| ജോയിന്റ് സെക്രട്ടറി | 46 |
| ഡെപ്യൂട്ടി സെക്രട്ടറി | 43 |
| അണ്ടർ സെക്രട്ടറി | 85 |
| സെക്ഷൻ ഓഫീസർ | 116 |
| അസിസ്റ്റന്റ് | 170 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 59 |

| | |
|---|---|
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 88 |
| ഓഫീസ് അറ്റൻഡന്റ് | 132 |
| അറ്റൻഡർ | 11 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 14 |
| ബൈൻഡർ | 10 |
| ധനകാര്യ വകുപ്പ് : | |
| ഡെപ്യൂട്ടി സെക്രട്ടറി | 4 |
| അണ്ടർ സെക്രട്ടറി | 1 |
| അക്കൗണ്ട്സ് ഓഫീസർ | 9 |
| സെക്ഷൻ ഓഫീസർ | 35 |
| അസിസ്റ്റന്റ് | 105 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 32 |
| ഓഫീസ് അറ്റൻഡന്റ് | 37 |
| ഡ്രൈവർ | 8 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 4 |
| അറ്റൻഡർ | 5 |
| ഓഫീസ് സൂപ്രണ്ട് | 6 |
| സി.എ./പി.എ. | 11 |
| നിയമ വകുപ്പ് : | |
| അഡീഷണൽ സെക്രട്ടറി | 4 |
| ജോയിന്റ് സെക്രട്ടറി | 3 |
| ഡെപ്യൂട്ടി സെക്രട്ടറി | 12 |
| അണ്ടർ സെക്രട്ടറി | 6 |
| സെക്ഷൻ ഓഫീസർ | 9 |

| | |
|---|---|
| ലീഗൽ അസിസ്റ്റന്റ് | 22 |
| ഓഫീസ് സൂപ്രണ്ട് | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 8 |
| ബൈൻഡർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 4 |
| റോണിയോ ഓപ്പറേറ്റർ | 2 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 3 |
| ഡഫേദാർ | 1 |

(ബി-ഡി) മേയ്, ജൂൺ മാസങ്ങളിൽ നടന്ന റിട്ടയർമെന്റിന്റെ ഫലമായും ഭരണപരമായ സൗകര്യത്തിനും വേണ്ടിയാണ് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത്. ജീവനക്കാരെ സ്ഥലംമാറ്റിയത് കാരണം സെക്രട്ടേറിയറ്റിലെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പി.എസ്.സി. നിയമനങ്ങൾ**

5 (1248) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അവസാന വർഷം അപ്രഖ്യാപിത നിയമന നിരോധനം നടപ്പാക്കിയതുമൂലം പല സർക്കാർ വകുപ്പുകളും പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ റാങ്കുകളുടെ കാലാവധി എത്ര തവണ നീട്ടുകയുണ്ടായി എന്നും വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ വകുപ്പുകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം ഏതെല്ലാം വകുപ്പുകൾ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് നാളിതുവരെ റിപ്പോർട്ടു ചെയ്തു എന്നും ഏറ്റവും കൂടുതൽ ഒഴിവുകളുണ്ടായിരുന്നത് ഏതെല്ലാം വകുപ്പുകളിലാണെന്നും അതിൽ എത്ര പേർക്ക് നിയമനം നൽകി എന്നും വ്യക്തമാക്കുമോ;

(ഡി) 2016 ജൂൺ മാസം അവസാനിക്കുന്ന എത്ര ലിസ്റ്റുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത കാരണത്താൽ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്നത് തടയുവാനും, വകുപ്പ് മേധാവികൾ യഥാസമയം ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 11 തവണ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുകയുണ്ടായി.

(ബി) ബാധകമല്ല.

(സി) 25-5-2016 മുതൽ 30-06-2016 വരെയുള്ള കാലയളവിൽ 5645 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളിൽ നിന്നുമാണ് ഏറ്റവുമധികം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്ത വകുപ്പുകളുടെയും നിയമനം നൽകിയതിന്റെയും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) സർക്കാരിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016 ജൂൺ 30-ന് കാലാവധി അവസാനിക്കേണ്ടിയിരുന്നതും നാലര വർഷം പൂർത്തിയായിട്ടില്ലാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-12-2016 വരെ പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പി.എസ്.സി. നിയമനത്തിന് സ്പോർട്സ് താരങ്ങൾക്ക് വെയിറ്റേജ്**

6 (1249) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് സ്പോർട്സ് വെയിറ്റേജ് നൽകാറുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് വെയിറ്റേജെന്നും ഏതൊക്കെ തസ്തികകൾക്കാണ് നൽകുന്നതെന്നും വെയിറ്റേജ് നൽകുന്ന രീതി എപ്രകാരമാണെന്നും വിശദമാക്കാമോ?

(ബി) ജില്ല, സംസ്ഥാന, ദേശീയതലങ്ങളിൽ നേട്ടമുണ്ടാക്കിയവർക്ക് പ്രസ്തുത നിയമനങ്ങളിൽ എപ്രകാരമാണ് വെയിറ്റേജ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) വെയിറ്റേജിനായി പരിഗണിക്കുന്ന സ്പോർട്സ് & ഗെയിംസ് ഇനങ്ങൾ എതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മറ്റ് സ്പോർട്സ് മീറ്റുകളിൽ നേട്ടമുണ്ടാക്കിയവർക്ക് വെയിറ്റേജ് പരിഗണന ലഭിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുള്ള 11-1-1978-ലെ G.O(Ms) 21/78/GAD, 30-5-2012-ലെ G.O(Ms) 129/2012/GAD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ക്ലാസ്സ് III, IV തസ്തികകളിലെ നിയമനങ്ങൾക്ക് പി.എസ്.സി. സ്പോർട്സ് വെയിറ്റേജ് നൽകി വരുന്നുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കത്തുകൾക്ക് മറുപടി/പരിഹാരം

7 (1250) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുപ്രവർത്തകർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പ്രത്യേകിച്ച് എം.എൽ.എ.-മാർ എന്നിവരുടെ ആവശ്യപ്രകാരമുള്ള കത്തുകൾക്ക് മറുപടി നൽകുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ കാലതാമസം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ പ്രദേശത്തെ ജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കുള്ള കത്തുകൾക്ക് മറുപടി/പരിഹാരം ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കത്തുകൾക്ക് മറുപടി/പരിഹാരം ലഭ്യമാക്കുന്നതിന് സമയക്രമം നിശ്ചയിക്കുന്നതിന് ആലോചിക്കുന്നുവോ;

(ഡി) പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കത്തുകൾക്ക് മറുപടി/പരിഹാരം യഥാസമയം ലഭ്യമാക്കുന്നതിനും സമയക്രമം പാലിക്കുന്നതിനും പര്യാപ്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ആലോചിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) എം.പി./എം.എൽ.എ.-മാരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക്/ കത്തുകൾക്ക് മുന്തിയ പരിഗണന നൽകേണ്ടതും അവയ്ക്ക് കഴിവതും 10 ദിവസത്തിനകം മറുപടി നൽകേണ്ടതുമാണ്. ഇത്തരം കത്തുകൾ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകേണ്ടതും പ്രസ്തുത കത്തുകളിലും/നിവേദനങ്ങളിലും സ്വീകരിക്കപ്പെടുന്ന നടപടികൾ സംബന്ധിച്ച് നിയമസഭാംഗങ്ങളെ അറിയിക്കേണ്ടതുമാണെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

8 (1251) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന് തീരുമാന മെടുത്തിട്ടുണ്ടോ; ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. പ്രഗൽഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് പ്രതിജ്ഞാബദ്ധമാണെന്ന് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് സമയബന്ധിതമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഭരണ പരിഷ്കാരങ്ങൾ**

9 (1252) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ഭരണത്തിലേറിയ എൽ.ഡി.എഫ് സർക്കാർ, സംസ്ഥാനത്ത് എന്തൊക്കെ പുതിയ ഭരണ പരിഷ്കാരങ്ങളാണ് ഉദ്യോഗസ്ഥ തലത്തിലും വികസന തലത്തിലും മറ്റ് വിവിധ മേഖലകളിലുമായി നടപ്പാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ക്യാബിനറ്റിൽ എത്ര മന്ത്രിമാർ ഉണ്ടാകുമെന്നാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ വിവിധ തസ്തികകളിൽ ആയി ആകെ എത്രപേരെ നിയമിക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഘടന എന്തെന്ന് വിശദമാക്കാമോ;

(ഡി) മുഖ്യമന്ത്രിയേയും മന്ത്രിമാരേയും ജനങ്ങൾ പരാതിയും മറ്റുമായി കാണുന്നതിന് സെക്രട്ടേറിയറ്റിലെ ഓഫീസുകളിലും വസതികളിലും എന്തെങ്കിലും തരത്തിൽ സമയം നിശ്ചയിച്ചിട്ടുണ്ടോ; ഇതിനെപ്പറ്റി വിശദമാക്കാമോ;

(ഇ) മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ആഴ്ചയിൽ എത്ര ദിവസം സെക്രട്ടേറിയറ്റിലെ ഓഫീസുകളിൽ കാണുമെന്നതിനെ സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിവരം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവത്കരിക്കുന്ന നടപടികൾ സ്വീകരിക്കും.

1. ജനങ്ങളുടെ പരാതികൾക്ക് വളരെ പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങേയറ്റം ദുർബലരും പാർശ്വവത്കരിക്കപ്പെട്ടവരുമായ പൗരന്മാരുടെ പരാതി പരിഹരിക്കുന്നതിനായിരിക്കും മുന്തിയ പരിഗണന നൽകുന്നത്.

2. അഴിമതിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും.

3. സർക്കാർ കേസുകൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വകുപ്പുതലവൻമാരും സെക്രട്ടേറിയറ്റും തമ്മിലുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

4. ഇ-ഗവേണൻസ് സംവിധാനം, ഇ-ടെണ്ടർ സംവിധാനം, പൗരാവകാശരേഖ, വിവരാവകാശ നിയമം, ഇ-ഓഫീസ്, ബയോമെടിക് പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുവാൻ ഉപയുക്തമാക്കും.

5. എല്ലാ വകുപ്പുകളും നിർബന്ധിതമായും വിവരങ്ങൾ വെളിപ്പെടുത്തണം എന്ന വ്യവസ്ഥ ഏർപ്പെടുത്തും.

6. കൂടുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ വ്യാപിപ്പിക്കും. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കും.

7. സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡം ഏർപ്പെടുത്തും.

8. പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റ് കൊണ്ടുവരും. പൊതു നിരീക്ഷണ സൗകര്യമൊരുക്കും.

9. 2012-ലെ കേരള സംസ്ഥാന സേവന അവകാശനിയമം, പൗരാവകാശ രേഖ എന്നിവ ശക്തിപ്പെടുത്തും.

10. യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനും, കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വകുപ്പുതല ചട്ടക്കൂട് ഇല്ലാതാകുന്നതിനും ഉതകുംവിധം സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് നടപടി ആരംഭിക്കും.

11. ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതിരഹിതമായ സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ ഐ.എം.ജി., കില മുതലായ സ്ഥാപനങ്ങൾ മുഖേന നൽകുന്നതാണ്.

12. ഭരണപരിഷ്കരണ കമ്മീഷനെ നിയമിക്കും.

13. നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കും.

(ബി) നിലവിൽ മുഖ്യമന്ത്രിയെക്കൂടാതെ 18 മന്ത്രിമാരുണ്ട്.

(സി) പൊതുഭരണ സർവ്വീസ് (എച്ച്) വകുപ്പിന്റെ 16-9-2011-ലെ സ.ഉ.(സാധാ) നമ്പർ 70361/2011/പൊ.ഭ.വ. പ്രകാരം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങളുടെ എണ്ണം 30 ആണെന്ന് നിശ്ചയിച്ചിട്ടുണ്ട്. കാറ്റഗറി എ-യിൽ 17-ഉം കാറ്റഗറി ബി-യിൽ 13-ഉം വീതമാണ് അംഗങ്ങളുടെ എണ്ണം.

(ഡി&ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമയം പുതുക്കി നിശ്ചയിച്ചിട്ടില്ല.

**ദേശീയ വനിതാ കമ്മീഷന്റെ കേരള സന്ദർശനം**

10 (1253) ശ്രീ. ബി. സത്യൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് കോട്ടം തട്ടുന്ന തരത്തിൽ ദേശീയ കമ്മീഷനുകളോ ദേശീയ സമിതികളോ പെരുമാറുന്നത് അത്യന്തം ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാകുവാൻ ഇടയാക്കുമെന്നത് ഗൗരവമായി കാണുമോ;

(ബി) സംസ്ഥാനത്ത് സന്ദർശനം നടത്തിയ ദേശീയ വനിതാ കമ്മീഷന്റെ മുന്നിൽ പരാതി നൽകുന്നതിന് ആർ.എസ്.എസിനെ ഒഴികെയുള്ള ഒരു സംഘടനാ പ്രതിനിധികളെയും അനുവദിക്കാതിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രാജ്യത്തെ ഔദ്യോഗിക ഏജൻസിയായ കമ്മീഷനുമായി ബന്ധപ്പെട്ട് ഇത്തരം ആക്ഷേപങ്ങൾ വീണ്ടും ഉണ്ടാകാതിരിക്കുന്നതിനായി പ്രശ്നങ്ങൾ ബന്ധപ്പെട്ടവരെ ഗൗരവമായി ധരിപ്പിക്കുന്നതിന് ശ്രമിക്കുമോ?

ഉത്തരം

(എ-സി) രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് കോട്ടം തട്ടുന്ന തരത്തിൽ ഏതെങ്കിലും ദേശീയ കമ്മീഷൻ പെരുമാറിയതായോ ദേശീയ വനിതാ കമ്മീഷന്റെ മുമ്പാകെ പരാതി നൽകുന്നതിന് ഏതെങ്കിലും സംഘടനകളെ അനുവദിക്കാതിരുന്നതായോ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ**

11 (1254) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിമാർ നടത്തിയ വിദേശ യാത്രകളെ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഓരോ മന്ത്രിമാരും ഏതെല്ലാം രാജ്യങ്ങളിലാണ് സന്ദർശനം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഏറ്റവും കൂടുതൽ വിദേശയാത്ര നടത്തിയിട്ടുള്ളത് ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച് ഈ വകുപ്പിൽ ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഡോ. എം. കെ. മുനീർ (32 തവണ).

**നിയമസഭാ സാമാജികർ ആദായകരമായ പദവികൾ വഹിക്കുന്നത് സംബന്ധിച്ച നിയമം**

12 (1255) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികർ ആദായകരമായ പദവികൾ വഹിക്കുന്നതു സംബന്ധിച്ച നിയമത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇങ്ങനെ മാറ്റം വരുത്തുവാൻ തീരുമാനിക്കാനുള്ള കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഭരണ നിർവ്വഹണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ നിയോഗിക്കാനുദ്ദേശിക്കുന്ന ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാനായി ഒരു എം.എൽ.എ.-യെ നിയമിക്കുന്നപക്ഷം ഉണ്ടായേക്കാവുന്ന അയോഗ്യത നീക്കം ചെയ്യുന്നതിനുവേണ്ടിയാണ് പ്രസ്തുത നിയമത്തിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചത്.

**വകുപ്പ്അദ്ധ്യക്ഷന്മാരുടെ ഒഴിവുകൾ**

13 (1256) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വകുപ്പ് അദ്ധ്യക്ഷന്മാരുടെ ഒഴിവുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി ഒരു വകുപ്പ് അദ്ധ്യക്ഷൻ നിലവിൽ ഒന്നിൽ കൂടുതൽ വകുപ്പുകളുടെ ചുമതല വഹിച്ചുവരുന്നുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഐ.എ.എസ്. കേഡർ തസ്തികകളിൽപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുടെ തസ്തികകളൊന്നും ഒഴിഞ്ഞുകിടക്കുന്നില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. ഐ.എ.എസ്. കേഡർ തസ്തികകളിൽപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുടെ കാര്യത്തിൽ ഐ.എ.എസ്. പ്രൊബേഷണർമാരെ സംസ്ഥാന കേഡറിലേയ്ക്ക് അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

**ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ**

14 (1257) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്ന് ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് എത്ര ശതമാനമാണ് നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷനറി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻെറ വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) ഇപ്രകാരം ഉദ്യോഗക്കയറ്റം നൽകിയിട്ടില്ലെങ്കിൽ അത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(ഇ) ലാസ്റ്റ് ഗ്രേഡ് തസ്തികയിൽനിന്നും സ്റ്റേഷനറി വകുപ്പിൽ ഇപ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കുന്ന നിലവിലുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഹയർ ഗ്രേഡ് യഥാസമയം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 5-4-2010-ലെ G.O.(P)12/10/P&ARD നമ്പർ ഉത്തരവ് പ്രകാരം പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്ന ക്ലാസ്സ് IV തസ്തികയിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ്

സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കും എൽ.ഡി. ടൈപ്പിസ്റ്റ്, എൽ.ഡി. ക്ലാർക്ക്, ടൈപ്പിസ്റ്റ് ക്ലാർക്ക്, കോപ്പിയ്സ്റ്റ് എന്നീ തസ്തികകളിലെ 10 ശതമാനം ഒഴിവുകൾ By Transfer നിയമനം നൽകുന്നതിനായി നീക്കിവച്ചിട്ടുണ്ട്. ഇതിന് പുറമെ 3-1-2014-ലെ ജി.ഒ.(പി)1/14/P&ARD നമ്പർ ഉത്തരവ് പ്രകാരം ഓരോ വകുപ്പിലെയും എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ 10 ശതമാനം അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (L.D. Clerk/L.D. Typist എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി ഉത്തരവായിരുന്നു. ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം നടത്തേണ്ടത് ജില്ലാതലത്തിലാണ്. എന്നാൽ എല്ലാ ജില്ലാ/മേഖലാ തലങ്ങളിലും L.D. Clerk/L.D. Typist തസ്തികകളുടെ അംഗബലത്തിന്റെ 10 ശതമാനം നീക്കിവയ്ക്കാൻ കഴിയാത്ത വകുപ്പുകളിൽ ടി തസ്തികകളിൽ സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനം തസ്തികമാറ്റ നിയമനത്തിനായി മാറ്റിവയ്ക്കാൻ 28-5-2015-ലെ G.O(P)16/15/P&ARD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി&സി) 28-5-2015-ലെ G.O(P)16/15/P&ARD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷനറി വകുപ്പിൽ 23-7-2015-ലെ 8473/ഇ 2/15/സ്റ്റേ. നമ്പർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം നടത്തിയിട്ടുണ്ട്.

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ യഥാസമയം നൽകുന്നുണ്ട്.

(ഇ) സ്റ്റേഷനറി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽനിന്നും ഉദ്യോഗക്കയറ്റം ലഭിക്കുന്ന നിലവിലുള്ള തസ്തികകൾ Packer, Store Assistant, Store Attender, Clerk എന്നിവയാണ്.

(എഫ്) സ്റ്റേഷനറി വകുപ്പിൽ യഥാസമയം ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്.

**താത്കാലിക നിയമനങ്ങൾ**

15 (1258) ശ്രീ. സി.കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും താല്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; കരാർ ജീവനക്കാരുടെ നിയമനത്തിന് എന്തെങ്കിലും നിയതമായ വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ ;

(ബി) മുൻ സർക്കാർ ഈ വ്യവസ്ഥകൾ പാലിച്ചു കൊണ്ടായിരുന്നോ വ്യാപകമായ തോതിൽ താല്ക്കാലിക ജീവനക്കാരെ നിയമിച്ചതെന്നു വ്യക്തമാക്കാമോ;

(സി) പി. എസ്. സി. മുഖേന അല്ലാതെ താല്ക്കാലികമായും കരാർ അടിസ്ഥാനത്തിലും ജോലിയിൽ പ്രവേശിച്ചതിന് ശേഷം സ്ഥിരപ്പെട്ട ജീവനക്കാർ ഉണ്ടോ എന്നും ഇത്തരത്തിൽ നിയമനം നേടിയവരെ ഒഴിവാക്കാനും നിയമനം നൽകിയവർക്കെതിരെ നിയമ നടപടി സ്വീകരിക്കാനും തയ്യാറാകുമോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ പൊതുചട്ടം 9(a)(i) പ്രകാരമാണ് താൽക്കാലിക നിയമനം സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും നടത്തുന്നത്. അങ്ങനെ നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാരിൽ അദ്ധ്യാപകർ, മെഡിക്കൽ സ്റ്റാഫ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരൊഴികെ മറ്റൊരു താൽക്കാലിക ജീവനക്കാരെയും 180 ദിവസത്തിൽ കൂടുതൽ തുടരുവാൻ അനുവദിക്കരുതെന്നും അദ്ധ്യാപകരെ ആനുവൽ വെക്കേഷന് സ്കൂൾ അടയ്ക്കുന്നതുവരെയോ പി.എസ്.സി. വഴിയുള്ള ഉദ്യോഗാർത്ഥി ജോയിൻ ചെയ്യുന്നതുവരെയോ അതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെയും മെഡിക്കൽ & പാരാമെഡിക്കൽ സ്റ്റാഫിനെ പരമാവധി ഒരു വർഷം വരെയോ പി.എസ്.സി. വഴിയുള്ള ഉദ്യോഗാർത്ഥി ജോയിൻ ചെയ്യുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെയോ മാത്രമേ തുടരുവാൻ അനുവദിക്കാവൂ എന്നും, ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ പി.എസ്.സി. വഴിയുള്ള ഉദ്യോഗാർത്ഥി റിപ്പോർട്ട് ചെയ്യുമ്പോൾതന്നെ പിരിച്ചുവിടണമെന്നും, റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താല്ക്കാലിക നിയമനം നടത്തരുതെന്നും, നിശ്ചിത കാലാവധിക്കുശേഷം ഒരു താല്ക്കാലിക ജീവനക്കാരെയും സർവ്വീസിൽ തുടരുവാൻ അനുവദിക്കരുതെന്നും പി.എസ്.സി. മുഖാന്തരം നികത്തേണ്ട ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താൽക്കാലികമായി നികത്തുന്നതിന് മുമ്പ് പി.എസ്.സി. റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് നിലവിലില്ല എന്ന് പി.എസ്.സി.-യിൽ നിന്നും Non-availability Certificate വാങ്ങണമെന്നും വ്യവസ്ഥയുണ്ട്.

KS&SSR ഭാഗം II Rule 9A-യിൽ കരാറുകൾ മുഖേനയുള്ള നിയമനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പക്ഷേ അങ്ങനെ നിയമിക്കപ്പെടുന്ന ഒരു വ്യക്തിയെ അദ്ദേഹം നിയമിക്കപ്പെട്ട തസ്തിക ഉൾപ്പെടുന്ന സർവ്വീസിലെ ഒരംഗമായി കണക്കാക്കരുതെന്നും ആ നിയമനം നൽകി എന്ന കാരണത്താൽ

മാത്രം അദ്ദേഹത്തെ ആ സർവ്വീസിലോ മറ്റേതെങ്കിലും സർവ്വീസിലോ മറ്റേതെങ്കിലും നിയമനത്തിനോ എന്തെങ്കിലും മുൻഗണനാവകാശത്തിന് അർഹനാക്കുന്നില്ലെന്നും ചട്ടത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. അതോടൊപ്പം കരാർ ജീവനക്കാരെ നിയമിക്കുന്നതിന് KSR ഭാഗം I ചട്ടം 8-ഉം അപ്പന്റിക്സ് I-ഉം പ്രകാരമുള്ള വ്യവസ്ഥകളും നിലവിലുണ്ട്.

1-4-2016 മുതൽ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ, ടി ജീവനക്കാർക്ക് അനുവദിക്കാവുന്ന വേതനം എന്നിവ സംബന്ധിച്ച് 26-2-2016-ലെ ജി.ഒ.(പി) നമ്പർ28/2016/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായി താല്കാലിക നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഈ വിഭാഗത്തിലുള്ളവരെ നിയമിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 26-2-2016-ലെ G.O(P)No.28/2016/ധന. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) പി.എസ്.സി. മുഖേന അല്ലാതെ താൽക്കാലികമായും കരാർ അടിസ്ഥാനത്തിലും ജോലിയിൽ പ്രവേശിച്ചതിനുശേഷം സ്ഥിരപ്പെട്ട ജീവനക്കാരുണ്ട്. ഇത്തരത്തിൽ നിയമനം നേടിയവരെ ഒഴിവാക്കുന്നത് സംബന്ധിച്ചും നിയമനം നൽകിയവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും നാളിതുവരെ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പൊതുഭരണ കോ-ഓർഡിനേഷൻ വകുപ്പിൽനിന്ന് ശേഖരിച്ചുവരുന്നു.

**ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി**

16 (1259) ശ്രീ. എ. എം. ആരിഫ് :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. കെ. ജെ. മാക്സി :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ കർശന നിർദ്ദേശം നൽകിയിട്ടും ചില വകുപ്പുകളിൽ ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ ഓഫീസുകൾ പേപ്പർരഹിതമാക്കുന്നതിന് കർമ്മപദ്ധതി**

17 (1260) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളെയും പേപ്പർ രഹിതമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഓഫീസുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഏതെല്ലാം സർക്കാർ ഓഫീസുകളിൽ ഈ സംവിധാനം നിലവിൽ വന്നിട്ടുണ്ട്;

(ഡി) ഇത് നടപ്പാക്കുന്നതിന് ആരുടെയെല്ലാം സാങ്കേതിക സഹായം പ്രയോജനപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പരമ്പരാഗത രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്നതിന് പകരമായി പൂർണ്ണമായും ഡിജിറ്റലായി ഫയൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) വികസിപ്പിച്ചെടുത്ത ഇ-ഓഫീസ്. ഓൺലൈനായി ഏത് സമയത്തും ഫയൽ കൈകാര്യം ചെയ്യാനും സർക്കാർ ഉത്തരവുകളും കത്തുകളും മറ്റും ഡിജിറ്റൽ ഒപ്പോടുകൂടി അയയ്ക്കുവാനും ഇതിൽ സംവിധാനമുണ്ട്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സർക്കാർ ഓഫീസുകളിലെ ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക, കാര്യക്ഷമത വർദ്ധിപ്പിക്കുക, അതുവഴി വേഗത്തിൽ തീരുമാനമെടുക്കാൻ സഹായിക്കുക എന്നുള്ളതാണ്. ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി

വരുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് എന്നിവ ഏർപ്പെടുത്തുകയും മലയാളം കമ്പ്യൂട്ടിംഗ്, ഇ-ഓഫീസ് എന്നിവയിൽ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗും നൽകിവരുന്നു.

(സി) സെക്രട്ടേറിയറ്റിലെ ആഭ്യന്തരം, വിജിലൻസ്, വിവര പൊതുജന സമ്പർക്ക വകുപ്പുകളൊഴികെ മറ്റെല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിന് പുറത്ത് 6 കളക്ടറേറ്റുകളിലും 7 ഡയറക്ടറേറ്റുകളിലും 2 സബ്‌കളക്ടറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിവരുന്നു.

(ഡി) ഇ-ഓഫീസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തത് എൻ.ഐ.സി. ആണ്. ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് എന്നിവ സംബന്ധിച്ച സാങ്കേതിക ഉപദേശങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ നൽകുന്നു. കൂടാതെ മലയാളം കമ്പ്യൂട്ടിംഗ്, ഇ-ഓഫീസ് ട്രെയിനിംഗ് എന്നിവ വകുപ്പുതലത്തിൽ നൽകിവരുന്നു.

**മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ്**

18 (1261) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉത്തരവുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണതയാണ് കാലതാമസം നേരിടുന്നതിനുള്ള വസ്തുതയെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നതിന് മാത്രമായി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്മീഷന്റെ ഉത്തരവുകൾ മിക്കതും കാലതാമസമില്ലാതെ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ചില ഉത്തരവുകൾ ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്നതിനാൽ നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഉത്തരവുകൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമായി വരുന്നു.

(ബി) കമ്മീഷന്റെ ചില ഉത്തരവുകൾ/ശിപാർശകൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത് നടപടിക്രമങ്ങളുടെ സങ്കീർണ്ണതകൊണ്ട് മാത്രമല്ല നയപരമായ കാര്യങ്ങളിൽ കമ്മീഷൻ ശിപാർശ നടത്തുമ്പോൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് അതിനെക്കുറിച്ച് കൂടുതൽ പരിശോധിക്കേണ്ടതായി വരുന്നു. നഷ്ടപരിഹാരവും മറ്റും കൊടുക്കുവാനുള്ള ഉത്തരവുകളിൽ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. കമ്മീഷന്റെ പല ഉത്തരവുകളും നടപ്പിലാക്കേണ്ടത് ജില്ലാഭരണകൂടം, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളാണ്. പ്രസ്തുത ഉത്തരവുകൾ നടപ്പിൽ വരുത്തേണ്ടത് അതത് അധികാര സ്ഥാനങ്ങളാണ്.

(സി) കമ്മീഷന്റെ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് /അധികാര സ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

## സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ

19 (1262) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ കർമ്മശേഷിയും ജോലിയും മറ്റും നിരീക്ഷിക്കുന്നതിനുള്ള നിലവിലെ സംവിധാനത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മെച്ചപ്പെട്ട സംവിധാനം ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു പുതിയ പരിശീലന നയം രൂപവത്കരിക്കുന്നതാണ്. എല്ലാ സർക്കാർ ജീവനക്കാർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗും അതുപോലെ വ്യവസ്ഥാപിത ഇൻസർവ്വീസ് കോഴ്സുകളും ഇതിൽ വ്യക്തമായി വ്യവസ്ഥ ചെയ്യുന്നതാണ്. കൂട്ടായ പ്രവർത്തനം കൈവരിക്കുന്നതിലേയ്ക്ക് സർക്കാരിന്റെ കീഴിലുള്ള വിവിധ പരിശീലന സ്ഥാപനങ്ങളുടെ ഏകോപനം സുഖകരമാക്കുവാൻ, ഐ.എം.ജി.-യുടെ ഡയറക്ടർ ജനറലിനെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആയി പദവി നിർദ്ദേശം ചെയ്യുന്നതാണ്. മഹത്തായ ഈ ലക്ഷ്യത്തിന് ധനസഹായം നൽകുന്നതിനായി വകുപ്പുകൾ അവയുടെ

വാർഷിക പ്ലാൻ ബഡ്ജറ്റിന്റെ ഒരു ശതമാനമെങ്കിലും പരിശീലനത്തിനുവേണ്ടി വിനിയോഗിക്കാൻ അനുവദിക്കുംവിധം യുക്തമായ ബഡ്ജറ്റ് സംവിധാനം കൊണ്ടു വരുന്നതാണ്. പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് നടപടി ആരംഭിക്കും. ഓഫീസ് നടപടിക്രമങ്ങളെ ഓട്ടോമേറ്റ് ചെയ്തുകൊണ്ട് ഓഫീസുകളെ പേപ്പർ ലെസ്സ് ഓഫീസായി രൂപാന്തര പ്പെടുത്തുന്നതിനുള്ള ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷനായ ഇ-ഓഫീസ്, സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേയ്ക്കും 14 ജില്ലാ കളക്ടറേറ്റുകളിലേയ്ക്കും 21 സബ് കളക്ടറേറ്റുകളിലേയ്ക്കും 75 താലൂക്ക് ഓഫീസുകളിലേയ്ക്കും, ലാന്റ് റവന്യൂ കമ്മീഷണറേറ്റിലേക്കും വ്യാപിപ്പിക്കുന്നതാണ്. മറ്റു വകുപ്പുകളുടെ ഡയറക്ടറേറ്റുകളിൽ ആദ്യം ഹെഡ് ഓഫീസിലും പിന്നീട് ജില്ലാതല ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്.

**സർക്കാർ ധനസഹായത്തോടെ ഭവന നിർമ്മാണം**

20 (1263) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ധനസഹായത്തോടെ ഭവനനിർമ്മാണം നടത്തുന്നവർക്ക് കെ.സി.ഇസഡ്.എം.എ.-യിൽ നിന്നുമുള്ള അനുമതി വൈകുന്നതുമൂലം ഭവന നിർമ്മാണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ എറണാകുളം ജില്ലയിൽ നിന്നുമുള്ള നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) മുൻഗണനാക്രമത്തിൽ അപേക്ഷകൾ പരിഗണിക്കുന്നതിനായുള്ള നിർദ്ദേശം നൽകാമോ ?

<u>ഉത്തരം</u>

(എ-സി) തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 500 മീറ്റർ കരഭാഗത്തേയ്ക്ക് തീരദേശ നിയന്ത്രണ നിയമം ബാധകമാണ്. വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ ദൈർഘ്യത്തിൽ അവികസിത മേഖലയും 200-500 മീറ്റർവരെ നിയന്ത്രണ മേഖലയുമാണ്. പ്രസ്തുത 500 മീറ്റർ തീരദേശ നിയന്ത്രണ മേഖലയിൽ കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.

കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 30-3-2016-ൽ അവസാനിക്കുകയും പുതിയ അതോറിറ്റി കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം മുഖേന 10-6-2016-ൽ നിലവിൽ വരികയും ചെയ്തു. പുതുക്കിയ വിജ്ഞാപനം അനുസരിച്ച് പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും യഥാക്രമം പുതിയ അതോറിറ്റിയുടെ ചെയർമാനും മെമ്പർ സെക്രട്ടറിയുമാണ്. ഈ അതോറിറ്റി നിലവിൽ വന്നുവെങ്കിലും അതോറിറ്റിയെ സഹായിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതേയുള്ളൂ. ആയതിനാൽ 1-4-2016 മുതലുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. പുതിയ സംവിധാനം നിലവിൽ വന്നാലുടൻ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മുൻഗണനാക്രമത്തിലാണ് അപേക്ഷകൾ പരിഗണിക്കുന്നത്.

**തീവണ്ടിയിൽ അഭയം തേടിയ കുടുംബം**

21 (1264) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടും തൊഴിൽചെയ്യാനുള്ള ശേഷിയുമില്ലാത്തതിനാൽ തീവണ്ടിയിൽ അഭയം തേടിയ കുടുംബത്തെക്കുറിച്ചുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുടുംബത്തെ സഹായിക്കാൻ അടിയന്തരമായി ഇടപെടുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സത്യപ്രതിജ്ഞ ചടങ്ങിന്റെ പരസ്യങ്ങൾ നൽകിയതിലെ ചട്ടലംഘനം**

22 (1265) ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിനായുള്ള സർക്കാർ പരസ്യങ്ങളിൽ മുഖ്യമന്ത്രിയായോ, എം.എൽ.എ. ആയി അധികാരമേറ്റിട്ടില്ലാത്ത വ്യക്തിയുടെ ഫോട്ടോ ഉൾപ്പെടുത്തിയത് നിയമപരമായിരുന്നോ; ഇക്കാര്യത്തിൽ നിയമലംഘനങ്ങളോ ചട്ടലംഘനങ്ങളോ ഉണ്ടോ; എങ്കിൽ ചെലവഴിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി) 25-5-2016-ന് പത്രങ്ങളിൽ പരസ്യങ്ങൾ നൽകുന്ന വേളയിൽ, സർക്കാർ പരസ്യങ്ങളിൽ രാഷ്ട്രപതി, പ്രധാനമന്ത്രി, സുപ്രീംകോടതി ചീഫ് ജസ്റ്റീസ് എന്നിവരുടെ ഫോട്ടോകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന നിലവിലുണ്ടായിരുന്നോ;

(സി) എങ്കിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തന്നെയായിരുന്നോ പ്രസ്തുത പരസ്യങ്ങൾ നൽകിയിരുന്നത്;

(ഡി) സംസ്ഥാനത്തിന് പുറത്ത് കോടിക്കണക്കിന് രൂപ ചെലവഴിച്ച് പരസ്യങ്ങൾ നൽകിയതുമൂലം കേരളത്തിലെ ജനങ്ങൾക്കുണ്ടാവുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന പ്രയോജനം എന്താണ് എന്നു വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട ഗവർണർ സത്യപ്രതിജ്ഞ ചെയ്യാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതിനുശേഷം അദ്ദേഹം നിയുക്ത മുഖ്യമന്ത്രിയാണ്. നിയുക്ത മുഖ്യമന്ത്രിയുടെ ഫോട്ടോയാണ് പരസ്യത്തിൽ നൽകിയത്. ചട്ടലംഘനമോ നിയമലംഘനമോ നടന്നിട്ടില്ല. നാളിതുവരെ ടി പരസ്യം നൽകിയ വകയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) സുപ്രീംകോടതിയുടെ ഭേദഗതി ഉത്തരവ് പ്രകാരമാണ് മുഖ്യമന്ത്രിയുടെ ഫോട്ടോ ഉപയോഗിച്ചത്.

(സി) അതെ.

(ഡി) അഴിമതിക്കും പക്ഷപാതത്തിനും സ്വജനപക്ഷപാതത്തിനുമെതിരായ ജനവിധിയുടെ പ്രതീകമായതും അങ്ങേയറ്റം ദുർബലരും പാർശ്വവത്കരിക്കപ്പെടുന്നതുമായ പൗരന്റെ അവകാശങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നതുമായ ഒരു പുതിയ സർക്കാർ അധികാരമേറ്റതുവഴി കേരള സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പ്രതിഛായ സംബന്ധിച്ച് ഇതര സംസ്ഥാനങ്ങളിലെ ജനങ്ങളിലും അവിടത്തെ മലയാളികളിലും അവബോധം സൃഷ്ടിക്കാനും അതുവഴി സംസ്ഥാനത്തിന് നേട്ടങ്ങൾ ഉണ്ടാക്കാനുമാണ് ഈ പരസ്യംകൊണ്ട് ഉദ്ദേശിക്കുന്നത്.

**ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.-മാർക്ക് നൽകുന്നതിന് നടപടി**

23 (1266) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ ഇറക്കുന്ന പ്രധാന ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.-മാർക്ക് നൽകണമെന്ന വ്യവസ്ഥ പല വകുപ്പുകളിലും സെക്രട്ടേറിയറ്റിലും പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എം.എൽ.എ.-മാരുടെ മണ്ഡലം ആസ്തി വികസന ഫണ്ട്, നിർദ്ദേശിക്കുന്ന മറ്റു പദ്ധതികൾ എന്നിവയുടെ ഉത്തരവുകളുടെ പകർപ്പുകൾ യഥാസമയം നിയമസഭാംഗങ്ങളെ അറിയിക്കുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുഭരണ ഏകോപന വകുപ്പിന്റെ 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ142/12/പൊ.ഭ.വ. നമ്പർ ഉത്തരവുപ്രകാരവും പാർലമെന്ററികാര്യ വകുപ്പിന്റെ 6-2-2013-ലെ 2717/എ 2/12/പാ.കാ.വ. നമ്പർ സർക്കുലർ പ്രകാരവും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സംസ്ഥാനത്തിന് വെളിയിൽ സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ**

24 (1267) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന കേഡറിലുള്ള എത്ര ഐ.എ.എസ് ഉദ്യോഗസ്ഥർ സംസ്ഥാനത്തിനു വെളിയിൽ സേവനമനുഷ്ഠിച്ചുവരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത്, ഐ.എ.എസ്. കേഡറിൽപ്പെട്ടവരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാന കേഡറിലുള്ള 36 ഐ.എ.എസ്. ഉദ്യോഗസ്ഥർ സംസ്ഥാനത്തിന് വെളിയിൽ സേവനമനുഷ്ഠിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ഐ.എ.എസ്. തസ്തികകളൊന്നും തന്നെ ഒഴിഞ്ഞുകിടക്കുന്നില്ല. സംസ്ഥാനത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകി കുറവ് താത്കാലികമായി പരിഹരിച്ചിട്ടുണ്ട്.

**കസ്തൂരിരംഗൻ റിപ്പോർട്ട്**

25 (1268) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള ഇ.എസ്.എ പരിധിയിൽ നിന്നും ജനവാസകേന്ദ്രങ്ങളേയും കൃഷി, തോട്ടവിള ഭൂമി എന്നിവയെയും ഒഴിവാക്കുന്നതിന് സംസ്ഥാനം കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച ആവശ്യങ്ങളിന്മേൽ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽനിന്ന് കൃഷി ഭൂമിയെയും ജനവാസ കേന്ദ്രങ്ങളെയും മറ്റും ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിച്ച് ഈ കാര്യത്തിൽ എത്രയുംവേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഉതകുംവിധം കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്നതും കേന്ദ്രസർക്കാരിൽ നിന്നുള്ള തീരുമാനമുണ്ടായശേഷം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതുമാണ്.

**വെട്ടിക്കുറച്ച തസ്തികകൾ**

26 (1269) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ ഓരോ വർഷവും വിവിധ വകുപ്പുകളിൽ നിന്നും ഏതെല്ലാം തസ്തികകൾ വെട്ടിക്കുറച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) വെട്ടിക്കുറച്ച തസ്തികകളുടെ പേര്, എണ്ണം, വർഷം, വകുപ്പ് എന്നിവയടങ്ങിയ വിശദമായ പട്ടിക ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലും നിയമ വകുപ്പിലും തസ്തികകൾ വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ധനകാര്യ വകുപ്പിൽ പത്താം ശമ്പള പരിഷ്കരണ കമ്മീഷനുവേണ്ടിയും അഞ്ചാം ധനകാര്യ കമ്മീഷനുവേണ്ടിയും താത്കാലികമായി സൃഷ്ടിച്ച 14 തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ട്.

മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ധനകാര്യ വകുപ്പിൽ വെട്ടിക്കുറച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| പേര് | എണ്ണം | വർഷം |
|---|---|---|
| അഡീഷണൽ സെക്രട്ടറി | 1 | |
| ജോയിന്റ് സെക്രട്ടറി | 1 | |
| അണ്ടർ സെക്രട്ടറി | 1 | |
| സെക്ഷൻ ഓഫീസർ | 3 | 2016 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് -2 | 3 | |
| സി.എ. ഗ്രേഡ് -2 | 2 | |
| ഓഫീസ് അറ്റൻഡന്റ് | 3 | |

## സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കാൻ നടപടി

27 (1270) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി.എഫ്.തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ്/പി.എസ്.സി. എന്നിവിടങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കിയോ; എങ്കിൽ വിശദമാക്കാമോ;

(ബി) സബോർഡിനേറ്റ് സർവ്വീസ് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

(സി) സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കുന്നതിന് എന്തെങ്കിലും കാലതാമസമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി 3-2-2016-ലെ എസ്.ആർ.ഒ. നമ്പർ 107/16 പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ ആനുകൂല്യം കേരള പബ്ലിക്

സർവ്വീസ് കമ്മീഷനിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും നൽകിക്കൊണ്ട് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് സെക്രട്ടേറിയറ്റിൽ നടപ്പിൽ വരുത്തുന്ന മുറയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലും ബാധകമാക്കുന്നതാണ്.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ഭേദഗതി ബഹുമാനപ്പെട്ട നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

## സർക്കാരിന്റെ പ്രസിദ്ധീകരണങ്ങൾ

28 (1271) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ബോധവത്ക്കരണ പ്രചാരണ പരിപാടികളും വികസന പ്രവർത്തനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് നടത്തിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം മാസികകളും പ്രസിദ്ധീകരണങ്ങളും ആണ് ഇക്കാലത്ത് പ്രസിദ്ധീകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ആനുകൂല്യങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ?

### ഉത്തരം

(എ) സർക്കാരിന്റെ ബോധവൽക്കരണ പ്രചാരണ പരിപാടികളും വികസന പ്രവർത്തനങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, കണ്ണൂർ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ വീഡിയോവാളുകൾ സ്ഥാപിച്ചു. ഹോർഡിംഗ് പരസ്യം, തീയേറ്റർ പരസ്യം, റെയിൽവേ പരസ്യം, കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം, മൊബൈൽ എക്സിബിഷൻ പര്യടനം, മൾട്ടിമീഡിയ ഷോ, ഫ്ളാഷ് മോബ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മാസികകളും പ്രസിദ്ധീകരണങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പി.ആർ.ഡി. പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ലഘുലേഖകൾ, മാധ്യമ പരസ്യങ്ങൾ, ഇലക്ട്രോണിക് മീഡിയായിലെ പ്രത്യേക പരിപാടികൾ, സുതാര്യ കേരളം പോലുള്ള പ്രത്യേക പരിപാടികൾ, കേരള കാളിംഗ് പോലെയുള്ള സർക്കാർ പ്രസിദ്ധീകരണങ്ങൾ എന്നിവ ഉപയോഗിച്ച് സർക്കാർ വിവരങ്ങൾ ജനങ്ങൾക്ക് എത്തിച്ചിട്ടുണ്ട്.

**നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതി എം.എൽ.എ.-മാരെ അറിയിക്കുന്നതിൽ വീഴ്ച**

29 (1272) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിജസ്ഥിതി എം.എൽ.എ.-മാരെ യഥാസമയം അറിയിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതികളുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ യഥാസമയം എം.എൽ.എ.-മാരെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 7-5-2008-ലെ 1294/എ 2/07/പാ.കാ.വ. നമ്പർ സർക്കുലർ, പൊതുഭരണ (ഏകോപന) വകുപ്പിന്റെ 21-11-2011-ലെ 77369/സി.ഡി.എൻ4/11/പൊ.ഭ.വ. നമ്പർ സർക്കുലറും പ്രസ്തുത വകുപ്പിന്റെ 11-6-2012 തീയതിയിലെ സ.ഉ.(എം.എസ്)നമ്പർ 142/12/പൊ.ഭ.വ. നമ്പർ ഉത്തരവ് എന്നിവ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മന്ത്രിസഭാ തീരുമാനങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി**

30 (1273) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാ തീരുമാനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതു സംബന്ധിച്ച് സംസ്ഥാന വിവരാവകാശകമ്മീഷൻ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മന്ത്രിസഭാ തീരുമാനങ്ങളും സർക്കാർ ഉത്തരവുകളും യഥാസമയം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മന്ത്രിസഭായോഗ തീരുമാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ/തീരുമാനങ്ങൾ എന്നിവ അപേക്ഷകർക്ക് നൽകാൻ 15-6-2016-ന് ഹർജി നമ്പർ AP.No.07(1)/2016/SIC തീർപ്പുകല്പിച്ചുകൊണ്ടുള്ള നടപടിക്രമം നമ്പർ 4746/SIC-Gen4/2016 പ്രകാരം വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) മന്ത്രിസഭാ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും അല്ലാതെയും പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് 9-6-2016-ലെ 590/എസ്.സി.1/2016/പൊ.ഭ.(എസ്.സി.) നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം**

31 (1274) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/ അസിസ്റ്റന്റ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത തസ്തികയുടെ കേഡർ സ്ട്രെങ്ത് എത്രയാണ്; വ്യക്തമാക്കുമോ;

(സി) ജില്ലയിൽ പ്രസ്തുത തസ്തിക പുതുതായി സൃഷ്ടിക്കുകയോ, വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ജില്ലയിൽ ഏതെല്ലാം ഓഫീസുകളിലാണ് ഈ തസ്തിക നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ഇ) 2016-17 സാമ്പത്തിക വർഷത്തിൽ പ്രൊമോഷൻ ഉൾപ്പെടെ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 11 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമന വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ഓഫീസ്, ആലപ്പുഴ | 1 |
| താലൂക്ക് ഓഫീസ്, കാർത്തികപ്പള്ളി | 1 |
| താലൂക്ക് ഓഫീസ്, മാവേലിക്കര | 2 |
| താലൂക്ക് ഓഫീസ്, ചെങ്ങന്നൂർ | 3 |
| താലൂക്ക് ഓഫീസ്, കുട്ടനാട് | 2 |
| താലൂക്ക് ഓഫീസ്, അമ്പലപ്പുഴ | 1 |
| താലൂക്ക് ഓഫീസ്, ചേർത്തല | 1 |
| ആകെ | 1 |

(ബി) 13 ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത തസ്തികയുടെ കേഡർ സ്ട്രെംഗ്ത് 38 ആണ്.

(സി) ഇല്ല.

(ഡി) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ഓഫീസ്, 6 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ഓഫീസ്, ജില്ലാ പട്ടികജാതി വികസന വകുപ്പ് (ഡെപ്യൂട്ടേഷൻ).

(ഇ) 2016-17 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ പ്രൊമോഷൻ ഉൾപ്പെടെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 2 ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്.

## വിദ്യാഭ്യാസ വായ്പ കുടിശ്ശികയുള്ളവർക്ക് ബാങ്ക് ജോലിക്ക് വിലക്ക്

32 (T 1275) ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് കുടിശ്ശിക വരുത്തുന്നവർക്ക് പ്രസ്തുത ബാങ്കുകളിലെ ജോലിക്ക് അപേക്ഷിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവണതകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എസ്.ബി.ഐ.-യുടെ സെൻട്രൽ റിക്രൂട്ട്മെന്റ്&പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ചിട്ടുള്ള എസ്.ബി.ഐ. ജൂനിയർ അസോസിയേറ്റ് തസ്തികയുടെയും പ്രൊബേഷണറി ഓഫീസർ തസ്തികയുടെയും റിക്രൂട്ട്മെന്റിനുള്ള വിജ്ഞാപനത്തിൽ, വായ്പാ തിരിച്ചടവിൽ വീഴ്ച വന്നിട്ടുള്ള ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികകളിലേയ്ക്ക് അപേക്ഷിക്കുവാൻ യോഗ്യരല്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ബാങ്കുകളിൽ ഇത്തരം വിലക്ക് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദ്യാഭ്യാസ വായ്പ എടുത്ത് കുടിശ്ശിക വരുത്തുന്നവർക്ക് നിയമനങ്ങളിൽ അയോഗ്യത ഏർപ്പെടുത്തിയ എസ്.ബി.ഐ.-യുടെ നടപടി പുനഃപരിശോധിക്കുന്നതിന് എസ്.എൽ.ബി.സി.-യുമായി കൂടിയാലോചിച്ച് സർക്കാർ ശ്രമം നടത്തുന്നതാണ്.

## വിദ്യാഭ്യാസ വായ്പ കുടിശ്ശികയുള്ളവർക്ക് ബാങ്കിംഗ് ജോലി വിലക്ക്

33 (T 1276) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ വിദ്യാർത്ഥികൾക്ക് ബാങ്കിംഗ് ജോലിക്ക് അപേക്ഷിക്കുന്നതിന് വിലക്കേർപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിബന്ധനമൂലം നിരവധി ഉദ്യോഗാർത്ഥികൾക്ക് ഈ മേഖലയിൽ ജോലിക്കുള്ള അവസരം നിഷേധിക്കപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) എങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എസ്.ബി.ഐ.-യുടെ സെൻട്രൽ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ചിട്ടുള്ള എസ്.ബി.ഐ. ജൂനിയർ അസോസിയേറ്റ് തസ്തികയുടെയും പ്രൊബേഷണറി ഓഫീസർ തസ്തികയുടെയും റിക്രൂട്ട്മെന്റിനുള്ള വിജ്ഞാപനത്തിൽ, വായ്പാ തിരിച്ചടവിൽ വീഴ്ച വന്നിട്ടുള്ള ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികകളിലേയ്ക്ക് അപേക്ഷിക്കുവാൻ യോഗ്യരല്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ബാങ്കുകളിൽ ഇത്തരം വിലക്ക് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിദ്യാഭ്യാസ വായ്പയെടുത്ത് കുടിശ്ശിക വരുത്തുന്നവർക്ക് നിയമനങ്ങളിൽ അയോഗ്യത ഏർപ്പെടുത്തിയ എസ്.ബി.ഐ.-യുടെ നടപടി പുന:പരിശോധിക്കുന്നതിനായി എസ്.എൽ.ബി.സി.-യുമായി കൂടിയാലോചിച്ച് സർക്കാർ ശ്രമം നടത്തുന്നതാണ്.

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനങ്ങൾ

34 (1277) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് സർവ്വീസ് റൂൾസ് ഇപ്പോൾ നിലവിലുണ്ടോ; ഇതിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചതാണോ; വ്യക്തമാക്കാമോ;

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാണോ നടത്തുന്നത്; അല്ലെങ്കിൽ ആയത് പി.എസ്.സി.-ക്ക് വിടാൻ തയ്യാറാകുമോ എന്ന് വിശദമാക്കാമോ;

(സി) നിലവിലെ നിയമനരീതി എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം നടത്തിയ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും നിയമസഭാ സമിതി ശിപാർശ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ അംഗീകരിച്ച കരട് സർവ്വീസ് റൂൾസ് അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അല്ല. പി.എസ്.സി. മുഖേന നിയമനം നടത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് സർക്കാർ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പത്രപരസ്യം മുഖേനയുമാണ് നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ട്. നിയമനങ്ങൾ സംവരണ തത്വം പാലിച്ച് മാത്രമേ നടത്താവൂ എന്ന് പിന്നോക്ക സമുദായക്ഷേമ സമിതി (2014-2016) ശിപാർശ ചെയ്തിട്ടുണ്ട്.

**കാലാവസ്ഥാ വ്യതിയാനംമൂലം സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ**

35 (1278) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം സംസ്ഥാനം പലപ്പോഴും ഗുരുതരമായ പ്രശ്നങ്ങൾ നേരിടാറുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രശ്നങ്ങൾ പഠിക്കുന്നതിനും നേരിടുന്നതിനും നിലവിൽ ഏത് രീതിയിലുള്ള സംവിധാനമാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് സമർപ്പിക്കപ്പെട്ടിട്ടുള്ള വിവിധ കമ്മിറ്റികളുടെ റിപ്പോർട്ടുകളിൽ കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിന് നൽകിയിട്ടുള്ള ശിപാർശകൾ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനം നിരീക്ഷിക്കുന്നതും മുന്നറിയിപ്പ് നൽകുന്നതും പ്രധാനമായും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഇന്ത്യാ Meteorological വകുപ്പാണ്. ഇതുകൂടാതെ Vegetable & Fruit Promotion Council, Kerala മുഖേന 5 Automatic Weather Monitoring Stations പാലക്കാട് ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും അതിന്റെ ആഘാതം ലഘൂകരിക്കുന്നതിനുമുള്ള 1170.4 കോടി രൂപയുടെ സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി (State Action Plan on Climate Change) കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കാനാകും.

## കസ്തൂരിരംഗൻ റിപ്പോർട്ട്

36 (1279) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതിലോല മേഖല എന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തപ്പെട്ട ജനവാസ കേന്ദ്രങ്ങളെ ഇതിൽനിന്നും ഒഴിവാക്കുന്നതിനും കർഷകരുടെ ഭൂമിയും കൃഷികളും, വീടുകളുമുൾപ്പെടെയുള്ള സമ്പാദ്യങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കുമോ;

(സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കേരളത്തിലെ പരിസ്ഥിതിലോല മേഖലയെ പുനർനിർവചിച്ചിട്ടുണ്ടോ; കേരളത്തിലെ ഏതൊക്കെ വില്ലേജുകളിലെ എത്ര ഏക്കർ ഭൂമിയാണ് ഇ.എസ്.എ. പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിൽ വനഭൂമി എത്രയെന്നും ജനവാസ യോഗ്യമായ ഭൂമി എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ട് നടപ്പാക്കുന്നതുവഴി കുടിയേറ്റ മേഖലകളിൽ 60 വർഷത്തിലേറെയായി പട്ടയം പോലും ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ ജീവിച്ചുവരുന്ന കർഷകർക്ക് തങ്ങളുടെ കൈവശ ഭൂമിയിൽ നിന്നും എല്ലാമുപേക്ഷിച്ച് ഇറങ്ങി പോകേണ്ട സ്ഥിതി ഉണ്ടാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) കേരളത്തിലെ 123 വില്ലേജുകളിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്ററായി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെക്കൂടി പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി നിജപ്പെടുത്തണമെന്ന് അവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമേ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം കേന്ദ്രസർക്കാർ തുടർനടപടി സ്വീകരിച്ചതായി അറിയിച്ചിട്ടില്ല. കേരളത്തിലെ 123 വില്ലേജുകളിൽപ്പെട്ട 9993.7 ച.കി.മീ. പ്രദേശത്തെ പരിസ്ഥിതിലോലമായി കണക്കാക്കി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 9107 ച.കി.മീ. വനപ്രദേശവും 886.7 ച.കി.മീ. വനേതരവുമാണ്.

(ഡി) പരിസ്ഥിതിലോല പ്രദേശത്ത് താമസിക്കുന്നവരെ കുടിയൊഴിപ്പിക്കില്ലെന്ന് കേന്ദ്രസർക്കാർ 4-9-2015-ൽ പുറപ്പെടുവിച്ച S.O.2435(E) നമ്പർ കരട് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി**

37 (1280) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി നീട്ടുന്നതിന് സർക്കാർ ശിപാർശ നൽകുകയുണ്ടായോ;

(ബി) എങ്കിൽ എത്ര കാലം കൂടി നീട്ടുന്നതിനാണ് ശിപാർശ ചെയ്തത്; നിലവിലുള്ള മുഴുവൻ റാങ്ക് പട്ടികകളുടേയും കാലാവധി നീട്ടുമോ;

(സി) ഇല്ലെങ്കിൽ ഏതു തരം റാങ്ക് പട്ടികകളുടെ കാലാവധി നീട്ടുന്നതിനാണ് പി.എസ്.സി.-യോട് ആവശ്യപ്പെട്ടത്;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി എത്ര തവണ നീട്ടിയിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലവിലുള്ളതും നാലര വർഷം പൂർത്തിയാകാത്തതുമായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 6 മാസത്തേയ്ക്കുകൂടി അല്ലെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെ അല്ലെങ്കിൽ നാലരവർഷം പൂർത്തിയാകുന്നതുവരെ (ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ) ദീർഘിപ്പിക്കുന്നതിന് പി.എസ്.സി.-യോട് 23-6-2016-ന് സർക്കാർ ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 30-6-2016-ന് നിലവിലുള്ളതും 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടേയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31-12-2016 വരെ

6 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് കമ്മീഷൻ തീരുമാനമെടുത്തിട്ടുണ്ട്. യൂണിഫോം്ഡ് ഫോഴ്സിലെ ട്രെയിനിംഗ് ആവശ്യമായ തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾക്കും ട്രെയിനിംഗിന് തെരഞ്ഞെടുക്കുകയും തുടർന്ന് സ്വമേധയാ നിയമിതരാവുകയും ചെയ്യുന്ന സർവ്വീസുകളുടെയും തസ്തികകളുടെയും റാങ്ക് ലിസ്റ്റുകൾക്കും മേൽ തീരുമാനം ബാധകമല്ല.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 11 തവണ നീട്ടിയിട്ടുണ്ട്.

## പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

38 (1281) ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011, 2011-2016 എന്നീ കാലയളവുകളിൽ പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) 2011-2016 കാലയളവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 25-5-2016-ന് പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും ഇപ്രകാരം റിപ്പോർട്ട് ചെയ്തതിൽ കാലങ്ങളായി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി)

| കാലയളവ് | നിയമന ശിപാർശ | ഒഴിവുകൾ |
|---|---|---|
| 18-5-2006 മുതൽ 17-5-2011 വരെ | 1,65,408 | 1,74,796 |
| 18-5-2011 മുതൽ 24-5-2016 വരെ | 1,54,238 | 1,56,478 |

(സി) 25-5-2016 മുതൽ 30-6-2016 വരെ വിവിധ വകുപ്പുകളിൽനിന്നായി ആകെ 5645 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലങ്ങളായി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കി മാറ്റുന്നതിനുള്ള നടപടി

39 (1282) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ശിപാർശയനുസരിച്ച് സെക്രട്ടേറിയറ്റ് സർവ്വീസിലേതുപോലെ സംസ്ഥാന സർവ്വീസിലെ വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കി മാറ്റുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ശമ്പള കമ്മീഷൻ ശിപാർശ നടപ്പിലാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ്

40 (1283) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ എത്രപേർ മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ വന്ന ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര നിയമനങ്ങൾ നടന്നുവെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് പട്ടിക 3-8-2015-ൽ നിലവിൽ വന്നു.

(ബി) 145 പേർ.

(സി) 9 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും 4 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതും 5 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

**ഇടുക്കി ജില്ലയിലെ എൽ.ഡി. ക്ലർക്ക് നിയമനം**

41 (1284) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിലവിലുള്ള എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എന്നാൽ നിയമന ശിപാർശ നൽകിയിട്ടില്ലാത്തതുമായ എത്ര ഒഴിവുകൾ ഉണ്ടെന്നും വെളിപ്പെടുത്താമോ;

(ഡി) ഒഴിവുകളിൽ അടിയന്തരമായി നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-3-2015-ന്.

(ബി) 175 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) 5 ഒഴിവുകൾ.

(ഡി) ഉടൻ നിയമന ശിപാർശ നൽകുന്നതാണ്.

**കണ്ണൂർ ജില്ലയിൽ പി.എസ്.സി.-യുടെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ്**

42 (1285) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പി.എസ്.സി.യുടെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ലിസ്റ്റിൽനിന്നും നിലവിൽ ഓരോ വിഭാഗത്തിലും ഏത് റാങ്ക് വരെയുള്ളവർക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്;

(സി) പുതുതായി എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഈ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 19-4-2012.

(ബി) ഈ ലിസ്റ്റിൽ നിന്നും 12-5-2016 തീയതിയിൽ നൽകിയ നിയമന ശിപാർശയിലെ ഓരോ വിഭാഗത്തിലുംപെട്ടവരുടെ റാങ്ക് വിവരം ചുവടെ ചേർക്കുന്നു:

1. ഓപ്പൺ - 39 വരെ
2 ഈഴവ – 39 വരെ
3. പട്ടികജാതി - സപ്ലിമെന്ററി ലിസ്റ്റിൽ 6 വരെ
4. പട്ടികവർഗ്ഗം - ലിസ്റ്റിലുള്ള എല്ലാപേരും
5. മുസ്ലീം - 157 വരെ
6. ലാറ്റിൻ ക്രിസ്ത്യൻ - 75 വരെ
7. മറ്റ് പിന്നാക്ക വിഭാഗം - 37 വരെ
8. വിശ്വകർമ്മ -10 വരെ
9. എസ്.ഐ.യു.സി.എൻ. / എ.ഐ. - 85 വരെ
10. ഹിന്ദു നാടാർ - ഇല്ല
11. മറ്റ് ക്രിസ്ത്യൻ വിഭാഗം -ഇല്ല
12. ധീവര - സപ്ലിമെന്ററി ലിസ്റ്റിൽ 1 വരെ
13. എൽ.പി. - ഇല്ല
14. ബധിരർ - എല്ലാപേരും
15. ശാരീരിക വൈകല്യമുള്ളവർ - 2 പേർ

(സി) 35 ഒഴിവുകൾ .

(ഡി) 19-10-2016. കാലാവധി ദീർഘിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

43 (1286) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിലവിലുള്ള കമ്പനി/ കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനം നടന്നിട്ടുണ്ട്;

(ബി) കെ.എസ്.എഫ്.ഇ. എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി. എത്ര തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ./കെ.എസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 22-9-2014-ൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും ഇതുവരെ 1970 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.-യിൽ നിന്നും നാളിതുവരെ 1344 Fresh ഒഴിവുകളും 406 NJD ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി-യിൽനിന്നും 132 ഫ്രഷ് ഒഴിവുകളും 66 എൻ.ജെ.ഡി. ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ വിവരങ്ങൾ**

44 (1287) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ജില്ല, തസ്തിക എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി(ഹോമിയോ)-ക്ക് പി.എസ്.സി. അംഗീകാരം

45 (1288) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോ) എന്ന കോഴ്സ് പി.എസ്.സി. അംഗീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹോമിയോപ്പതി വകുപ്പിലെയും ഹോമിയോ വിദ്യാഭ്യാസ വകുപ്പിലെയും ഫാർമസിസ്റ്റുകളുടെ അടിസ്ഥാന യോഗ്യതയായ നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) കോഴ്സിനോട് സർട്ടിഫിക്കറ്റ് കോഴ്സ്-ഇൻ-ഫാർമസി (ഹോമിയോ) കോഴ്സ് തുല്യമാക്കുന്നതിനായുള്ള നടപടികളും ഹോമിയോപ്പതി വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിച്ച് ഫാർമസിസ്റ്റുകളുടെ അടിസ്ഥാന യോഗ്യത സർട്ടിഫിക്കറ്റ് കോഴ്സ്-ഇൻ-ഫാർമസി (ഹോമിയോ) ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## നെറ്റ്‌വർക്ക് കണക്ടിവിറ്റിക്കായി ഇടുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിൾ

46 (1289) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡ് വഴി ടെലികോം ഓപ്പറേറ്റർമാർ നെറ്റ് വർക്ക് കണക്ടിവിറ്റിക്കായി ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുമ്പോൾ കരാർ (ROW) പ്രകാരം ഫ്രീയായിട്ടുള്ള ഇന്റർനെറ്റ് കണക്ഷൻ സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ വിദ്യാലയങ്ങൾ, എയ്ഡഡ് വിദ്യാലയങ്ങൾ എന്നിവയ്ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കണക്ഷൻ ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കരാറിലെ വ്യവസ്ഥകൾ പാലിക്കാത്ത കമ്പനികൾക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വ്യവസ്ഥകൾ പ്രകാരം കണക്ഷൻ കൊടുക്കാതെ കമ്പനികൾ നേട്ടമുണ്ടാക്കിയിട്ടുണ്ടോ;

(ഡി) വ്യവസ്ഥകൾ മറച്ചുവച്ച് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കമ്പനികൾ 2000 മുതൽ ഇതുവരെയുള്ള കാലയളവിൽ എത്ര രൂപയാണ് നെറ്റ് കണക്ഷൻ ചാർജ്ജായി വാങ്ങിയിട്ടുള്ളത് ;

(ഇ) സർക്കാരുമായി കരാർ ഒപ്പുവച്ച കമ്പനികൾ ട്രായ്/ടെലികോം വകുപ്പ് എന്നിവയുടെ ലൈസൻസ് ലഭിച്ചവയാണോ?

ഉത്തരം

(എ&ബി) നൽകിയിട്ടില്ല. റൈറ്റ്സ് ഓഫ് വേ (ROW) കരാർ പ്രകാരം, സംസ്ഥാനത്തിന്റെ നെറ്റ്‌വർക്ക് ഓപ്പറേഷൻസ് സെന്ററുകളിലും ജില്ലാ ആസ്ഥാനങ്ങളിലും നൽകിയ സൗജന്യ ബാൻഡ് വിഡ്ത്ത് ഒഴികെ, സർക്കാർ/ എയ്ഡഡ് മേഖലയിലുള്ള വിദ്യാലയങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിരുന്നില്ല. കേബിൾ കടന്നുപോകുന്ന വഴിയിലുള്ള സർക്കാർ, എയ്ഡഡ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കണമെന്നാണ് സർക്കാർ ഉത്തരവിൽ നിബന്ധന ചെയ്തിരുന്നത്. ഉത്തരവിൽ ദൂരപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാലും സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളും കണക്ടിവിറ്റിയുടെ തോതും വ്യക്തമായി സൂചിപ്പിച്ചിട്ടില്ലാത്തതിനാലുമുള്ള ബുദ്ധിമുട്ടുകൾ സേവനദാതാക്കൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതേത്തുടർന്ന് ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിന് പകരം, 10 Mbps ബാന്റ് വിഡ്ത്ത് ജില്ലാ ആസ്ഥാനങ്ങളിൽ സൗജന്യമായി വ്യവസ്ഥ ചെയ്തിരുന്നു. ഇതിൻ പ്രകാരം ഐഡിയ, വോഡഫോൺ, റ്റാറ്റാ കമ്മ്യൂണിക്കേഷൻ, എയർടെൽ എന്നീ കമ്പനികൾ ബാന്റ് വിഡ്ത്ത് നൽകിയിട്ടുണ്ട്. കൂടാതെ റിലയൻസ് ജിയോകോമുമായി സർക്കാർ ഏർപ്പെട്ട റൈറ്റ്സ് ഓഫ് വേ (ROW) കരാറിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ റൂട്ടിൽനിന്നും രണ്ട് കിലോമീറ്ററിനുള്ളിൽ വരുന്ന സർക്കാർ ഓഫീസുകൾക്ക് ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ സൗജന്യമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പുതുക്കിയ റൈറ്റ്സ് ഓഫ് വേ ഉത്തരവിലെ വ്യവസ്ഥകളനുസരിച്ച് ഐഡിയ, വോഡാഫോൺ, റ്റാറ്റാ കമ്മ്യൂണിക്കേഷൻ, എയർടെൽ, റിലയൻസ് എന്നീ കമ്പനികൾ ജില്ലാ ആസ്ഥാനങ്ങളിൽ 10 Mbps ബാന്റ് വിഡ്ത്ത് സൗജന്യമായി നൽകിയിട്ടുണ്ട്.

(ഡി) ഇപ്രകാരമുള്ള വസ്തുതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സർക്കാരുമായി കരാർ ഒപ്പുവച്ച കമ്പനികൾക്കെല്ലാം ട്രായ്/ടെലികോം വകുപ്പുകളുടെ ലൈസൻസ് ലഭിച്ചിട്ടുണ്ട്.

## ഏറനാട് ഇലക്ട്രോണിക് പാർക്ക്

47 (T 1290) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച അരീക്കോട് റൂറൽ ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) റൂറൽ ഇലക്ട്രോണിക് പാർക്കിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് റൂറൽ ഇലക്ട്രോണിക് ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി G.O.(MS) No.16/2016/ITD പ്രകാരം ലഭ്യമായതിനെത്തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള KSITIL-ന്റെ റിക്വസിഷൻ ജില്ലാ കളക്ടറുടെ പരിശോധനയിലാണ്.

## ചെറുകിട പട്ടണങ്ങൾ കേന്ദ്രീകരിച്ച് ഐ.ടി. വ്യവസായം ആരംഭിക്കുന്നതിന്

48 (1291) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട പട്ടണങ്ങൾ കേന്ദ്രീകരിച്ച് ഐ.ടി. വ്യവസായം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുകിട പട്ടണങ്ങൾ/ഗ്രാമങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഐ.ടി. പാർക്കുകൾ/സംരംഭങ്ങൾ, ടെക്നോ ലോഡ്ജുകൾ എന്നിവയ്ക്ക് സർക്കാർ നൽകിവരുന്ന പിന്തുണ സംവിധാനം തുടരും. പുതിയ ഐ.ടി. നയത്തിൽ ചെറുകിട ഐ.ടി. സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കാര്യം വ്യക്തമാക്കുന്നതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ബോട്ട് ദുരന്തം

49 (1292) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ആഗസ്റ്റ് മാസത്തിൽ ഫോർട്ടുകൊച്ചി-വൈപ്പിൻ അഴിമുഖത്തുണ്ടായ ബോട്ടുദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നല്കിയെന്ന് വ്യക്തമാക്കുമോ;

(ബി) മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് പ്രത്യേക സഹായ പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; ആയതിൽ എന്തെല്ലാം നടപ്പിലാക്കി; വിശദാംശം ലഭ്യമാക്കുമോ;

(സി) അന്നത്തെ സർക്കാർ പ്രഖ്യാപിച്ച അന്വേഷണത്തെ തുടർന്ന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ-സി) 2015 ആഗസ്റ്റ് മാസത്തിൽ ഫോർട്ട് കൊച്ചിയിലുണ്ടായ ബോട്ട് ദുരന്തത്തിൽ മരിച്ച 11 പേരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 5 ലക്ഷം രൂപ വീതം 9-9-2015-ലെ സ.ഉ.(എം.എസ്)നമ്പർ 445/15/റവ. പ്രകാരം അനുവദിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്തിട്ടുള്ളതുമാണ്. ഈ ബോട്ടപകടത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2-9-2015-ൽ സൗത്ത് സോൺ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനെ ചുമതലപ്പെടുത്തിയിരുന്നു. ടി ബോട്ടപകടം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് തുറമുഖ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായത്തിന്റെ അപര്യാപ്തത

50 (1293) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന സഹായം രോഗവുമായി ബന്ധപ്പെടുത്തി വളരെക്കുറവാണെന്ന യാഥാർത്ഥ്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) അനുവദിക്കുന്ന മാനദണ്ഡങ്ങൾ വിപുലീകരിച്ച് അർഹതയുള്ള സാധാരണ ജനങ്ങൾക്ക് വളരെ വേഗത്തിൽ ആശ്വാസം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും രോഗത്തിന്റെ സ്വഭാവമനുസരിച്ച് അർഹമായ ധനസഹായം അനുവദിച്ചുവരുന്നു.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം സമ്പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ച് യുക്തിപരമായി ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി നടപടിക്രമങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു.

**അസംബ്ലി മണ്ഡലം കേന്ദ്രമാക്കി ദുരിതാശ്വാസനിധി**

51 (1294) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ലി മണ്ഡലം കേന്ദ്രമാക്കി ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ജനപ്രതിനിധികൾക്ക് പുറമേ താലൂക്കുതല വകുപ്പ് മേലധികാരികളെ ഉൾപ്പെടുത്തുന്നതിൽ തടസ്സമുണ്ടാകുമോ; വിശദമാക്കാമോ;

(സി) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഇതിനാവശ്യമായ സമിതി രൂപീകരിക്കുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

**ഒല്ലൂർ നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം**

52 (1295) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ 2011-16 കാലയളവിൽ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2011-2016 കാലയളവിൽ ഈ മണ്ഡലത്തിൽ ചികിത്സാ ധനസഹായമായി എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2011-2016 കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവായതിൽ ഈ മണ്ഡലത്തിൽ എത്ര പേർക്ക് ഇനിയും തുക നൽകാനുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താത്ത വിവിധ രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്നവരുടെ പ്രത്യേക ലിസ്റ്റ്

53 (1296) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താത്ത വിവിധ രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്നവരുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇങ്ങനെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കാനുള്ള കാരണം വിശദമാക്കാമോ; ഈ പ്രത്യേക ലിസ്റ്റിൽ ഉള്ളവർക്ക് എന്തെങ്കിലും സഹായം വാഗ്ദാനം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ:

(സി) ഇത്തരത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് നൽകിയ വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദാമാക്കാമോ?

ഉത്തരം

(എ-സി) എൻഡോസൾഫാൻ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താത്തവരുടൈ പ്രത്യേക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത രോഗികളുടെ രോഗാവസ്ഥയ്ക്ക് കാരണം എൻഡോസൾഫാൻ അല്ല എന്ന് സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിലൂടെയും തുടർന്നുള്ള ഫീൽഡ് അന്വേഷണങ്ങളിലൂടെയും ശാസ്ത്രീയമായി ബോദ്ധ്യപ്പെട്ടു. എന്നാൽ സമാനതകളുള്ള ദുരിതം അനുഭവിക്കുന്ന ആളുകളുടെ പട്ടിക പ്രത്യേകമായി തയ്യാറാക്കിയിട്ടുണ്ട്. ഇത് മൂന്ന് തരത്തിലുണ്ട്.

1. പതിനെട്ട് വയസ്സിൽ താഴെയുള്ള എൻഡോസൾഫാൻ ദുരിത ബാധിതർ അല്ലാത്തവർ (ആരോഗ്യകിരണം/ആർ.ബി.എസ്.കെ.-യിൽ ഉൾപ്പെടുത്തി ചികിത്സ നൽകുന്നതിനായി).

2. കാൻസർ രോഗികൾ (എൻഡോസൾഫാൻ കൊണ്ടല്ലാത്ത കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയും മറ്റ് കാൻസർ കെയർ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി).

3. മേൽ പറഞ്ഞ 2 പട്ടികയിലും ഉൾപ്പെടാത്തതും അതീവ ഗുരുതര രോഗമുള്ളവരായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തിയവർ (128 എണ്ണം).

ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ട ആളുകളെ ആരോഗ്യകിരണം/ ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകിവരുന്നു.

മൂന്നാമത്തെ പട്ടികയിൽ ഉൾപ്പെട്ട ആളുകൾക്കുകൂടി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. അതിന് പുറമെ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## അപകടങ്ങളിലും ദുരന്തങ്ങളിലും അനുവദിക്കുന്ന ധനസഹായം

54 (1297) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിലും ദുരന്തങ്ങളിലും പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) അപകടങ്ങളിലും ദുരന്തങ്ങളിലുംപെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-I, അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

55 (1298) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011, 2011-2016 കാലഘട്ടങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അമ്പലപ്പുഴ, അരൂർ നിയോജക മണ്ഡലങ്ങളിൽ വിതരണം ചെയ്ത തുകയുടെയും ഗുണഭോക്താക്കളുടെയും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലങ്ങളിൽ മേൽപ്പറഞ്ഞ കാലയളവിൽ ഒരാൾക്ക് തന്നെ രണ്ടുവർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള കണക്കുകൾ നിയോജക മണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം**

56 (1299) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കപ്പെട്ടിട്ടും ആയതു വിതരണം ചെയ്യാത്ത എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ എത്ര പേർക്ക് തുക വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കപ്പെട്ട 2342 അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യാനുണ്ട്.

(ബി) പ്രസ്തുത തുക താലൂക്ക് തലത്തിൽ വിതരണത്തിനായി ലഭ്യമാക്കിയിട്ടുള്ളതും വിതരണ നടപടി ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) മണ്ഡലം തിരിച്ചുള്ള കണക്ക് പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

57 (1300) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനുള്ള പുതിയ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയോ; ഏതെല്ലാം അസുഖങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്; അവയുടെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനസഹായങ്ങൾ അനുവദിച്ചു കൊണ്ട് ഏതുമാസം വരെ ഉത്തരവുകളിറങ്ങിയെന്നും വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ;

(സി) പാവപ്പെട്ടവർക്കുള്ള ആശ്രയമെന്ന നിലയിൽ നിലവിൽ ഈ പദ്ധതി കൂടുതൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായമായി ജില്ലാ കളക്ടർമാർ 2,000 രൂപ വരെയും റവന്യൂ വകുപ്പുമന്ത്രി 5,000 രൂപ വരെയും അനുവദിക്കുന്നു. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000 രൂപവരെ അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,00,000 രൂപവരെയും റിപ്പോർട്ടില്ലാതെ 10,000 രൂപ വരെയും മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്.

ചികിത്സാ സഹായം, അപകട മരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.

ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.

ക്യാൻസർ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ക്യാൻസർ, വൃക്കരോഗം, ഹൃദയ രോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000 രൂപ വരെ അനുവദിക്കുന്നു.

അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.

തീപിടുത്തംമൂലം വാസഗൃഹങ്ങൾക്കും ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10,000 രൂപവരെ അനുവദിക്കുന്നു.

വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്.

(ബി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന തീയതിവരെ ധനസഹായത്തിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം

58 (1301) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവർക്ക് സഹായം ലഭ്യമാകാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭ്യമാകാൻ അപേക്ഷ സമർപ്പിക്കേണ്ട വിധവും ഏതെല്ലാം രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കണമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ദുരിതാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു.

(സി) നിശ്ചിത മാതൃകയിലുള്ള അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി ആറുമാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് (അപകട മരണം നടന്ന കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ., വാർഷിക വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ പകർപ്പുകൾ) ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസ്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം.

**തിരുവമ്പാടിയിൽ വിമാനത്താവളം**

59 (1302) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടിയിൽ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജൻസി സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

തിരുവമ്പാടിയിൽ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ ഏജൻസികളൊന്നും സാധ്യതാ പഠനം നടത്തിയിട്ടില്ല.

**വിമാനക്കമ്പനികളുടെ ചൂഷണവും എയർ കേരളയും**

60 (1303) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിലും സ്കൂൾ അവധിക്കാലത്തും തുച്ഛവരുമാനക്കാരായ വിദേശമലയാളികളെ അമിത ചാർജ് വസൂലാക്കി എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ ചൂഷണം ചെയ്യുന്നതു തടയാനായി എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) എയർ കേരള എന്ന പേരിൽ വിമാന സർവ്വീസ് തുടങ്ങുമെന്നു പ്രഖ്യാപിച്ചതിന്റെയടിസ്ഥാനത്തിൽ മുൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(സി) സംസ്ഥാനത്തെയും ദേശീയതലത്തിലുമുള്ള ആഭ്യന്തരസഞ്ചാരികളെ കൂടി പരിഗണിച്ചുകൊണ്ട് ഇക്കാര്യത്തിൽ എന്തുചെയ്യാൻ ഉദ്ദേശിക്കുന്നെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) വിമാനയാത്ര നിരക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ തിരക്കുള്ള സമയത്ത് യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് വിമാനക്കമ്പനികൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാനയാത്രാക്കൂലി നിശ്ചയിക്കുന്നതിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ലെന്നും 1937-ലെ എയർക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ് ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്.

(ബി&സി) സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളും ദക്ഷിണേന്ത്യയിലെ സമീപവിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബംഗ്ലൂരു, ചെന്നൈ എന്നീ വിമാനത്താവളങ്ങളെയും ബന്ധിപ്പിച്ചുള്ള എയർകേരള പദ്ധതി വിഭാവനം ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ പഴയ വ്യോമയാന നയ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര വിമാന ഗതാഗത പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമായിരുന്നു. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് മുൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു.

## കൊച്ചി മെട്രോ

61 (1304) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മെട്രോയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; കൊച്ചി മെട്രോ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; കൊച്ചിയിലേയ്ക്ക് ഏറ്റവും കൂടുതൽ യാത്രക്കാർ ഏതു പ്രദേശത്തു നിന്നാണ് എത്തുന്നതെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എറണാകുളത്തേയ്ക്ക് ഏറ്റവും കൂടുതൽ യാത്രക്കാർ എത്തുന്ന കൊച്ചിയുടെ ഉപഗ്രഹ നഗരമായ അരൂരിലേയ്ക്ക് കൊച്ചി മെട്രോ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

2013 ജൂൺ മാസത്തിൽ തുടങ്ങിയ കൊച്ചി - മെട്രോ നിർമ്മാണത്തിന്റെ സിവിൽ ജോലികളുടെ 73.6 ശതമാനത്തോളം 2016 മേയ് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള ആദ്യ റീച്ച് (ആലുവ-പാലാരിവട്ടം) പ്രവർത്തനങ്ങൾ ഏപ്രിൽ 2017-ൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2001-ൽ റെയിൽ ഇന്ത്യ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവ്വീസ് (റൈറ്റ്സ്) നടത്തിയ ഒരു പഠന റിപ്പോർട്ടിൽ ആലുവ മുതൽ പേട്ട വരെ ഒരു മാസ്സ് റാപിഡ് ട്രാൻസ്പോർട്ട് സിസ്റ്റം (MRTS) വിഭാവനം ചെയ്തിരുന്നു. കെ.എം.ആർ.എൽ. തയ്യാറാക്കിയ Comprehensive Mobility Plan പ്രകാരം കൊച്ചിയിലേയ്ക്ക് ഏറ്റവും കൂടുതൽ ആളുകൾ വരുന്നത് അങ്കമാലി, ആലുവ ഭാഗത്തു നിന്നുമാണ്. ഫോർട്ടുകൊച്ചി, കാക്കനാട്, പറവൂർ, തൃപ്പൂണിത്തുറ തുടങ്ങിയ പ്രദേശങ്ങളാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ നിൽക്കുന്നത്. മെട്രോ റെയിലിന്റെ രണ്ടാംഘട്ടം കാക്കനാട് ഭാഗത്തേയ്ക്ക് നീട്ടുവാനാണ് സംസ്ഥാന സർക്കാർ അനുമതി നൽകിയിരിക്കുന്നത്. അങ്കമാലി ഭാഗത്തേയ്ക്ക് മെട്രോ റെയിൽ ഭാവിയിൽ പരിഗണിക്കാവുന്നതാണ്. എങ്കിലും, അങ്കമാലി മുതൽ മൂത്തകുന്നം വരെയുള്ള എൻ.എച്ച് 17/എൻ.എച്ച് 47 ട്രങ്ക് റൂട്ടിൽ പ്രയോരിറ്റി ബസ്സ് കോറിഡോറിനുള്ള സാധ്യതാ പഠനം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടത്തിക്കൊണ്ടിരിക്കുകയാണ്.

**ലൈറ്റ് മെട്രോ പദ്ധതി**

62 (1305) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനിച്ചിരുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് 11-9-2015-ാം തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 74/2015/പൊ.മ.വ., പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ

പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും കെ.ആർ.റ്റി.എൽ.-ഉം തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 7.91 ഹെക്ടർ സർക്കാർ ഭൂമിയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇടക്കാല കൺസൾട്ടൻസി പ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഡി.എം.ആർ.സി.) ഏറ്റെടുത്തിട്ടുള്ള ജോലികൾ പുരോഗമിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ഇതേവരെ ലഭ്യമായിട്ടില്ല. ഇതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികൾ ആരംഭിക്കും.

## തിരുവനന്തപുരം ലൈറ്റ് മെട്രോ റെയിൽ പദ്ധതി

63 (1306) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന മേഖല ഏതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആറ്റിങ്ങൽ വരെ നീട്ടണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് സ.ഉ.(എംഎസ്.) നമ്പർ 74/2015/പൊ.മ.വ., തീയതി 11-9-2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.യും കെ.ആർ.റ്റി.എൽ.-ഉം തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 7.91 ഹെക്ടർ സർക്കാർ ഭൂമി കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഡി.പി.ആർ. പ്രകാരം തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി, പള്ളിപ്പുറം, കണിയാപുരം, കഴക്കൂട്ടം, കഴക്കൂട്ടം ജംഗ്ഷൻ, കാര്യവട്ടം, ഗുരുമന്ദിരം, പാങ്ങപ്പാറ, ശ്രീകാര്യം, പോങ്ങുംമൂട്, ഉള്ളൂർ, കേശവദാസപുരം, പട്ടം, പ്ലാമൂട്, പാളയം, സെക്രട്ടേറിയറ്റ്, തമ്പാനൂർ, കിള്ളിപ്പാലം, കരമന എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 21.821 കി.മീ. 19 സ്റ്റേഷനുകളോടെയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ ആദ്യഘട്ടം രൂപകൽപ്പന ചെയ്തിട്ടുള്ളത്.

(സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഒന്നാംഘട്ടം ടെക്നോസിറ്റി മുതൽ കരമന വരെയാണ്. ഭാവിയിൽ ടെക്നോസിറ്റിയിൽ നിന്ന് ആറ്റിങ്ങൽ ഭാഗത്തേയ്ക്ക് വികസനം സാധ്യമാകും വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## തിരുവനന്തപുരം നഗരത്തിലെ ലൈറ്റ് മെട്രോ പദ്ധതി

64 (1307) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ നിർമ്മാണ/നിർവ്വഹണച്ചുമതല ഏത് ഏജൻസിക്കാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ലൈറ്റ് മെട്രോ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതിയിൽ കേരള റാപിഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലിമിറ്റഡിന്റെ പങ്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡും (ഡി.എം.ആർ.സി.) കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും (കെ.ആർ.റ്റി.എൽ.) തമ്മിൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ഇതേവരെ ലഭ്യമായിട്ടില്ല. ആയതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഏജൻസിയെ നിയമിക്കുന്നതാണ്.

(ബി) 2014 സെപ്റ്റംബറിലെ വില നിലവാരം വച്ച് പദ്ധതിയുടെ ആകെ അടങ്കൽ തുക 3453 കോടി (കേന്ദ്ര നികുതി ഉൾപ്പെടെ) രൂപയും, കിലോമീറ്ററിനു കണക്കാക്കപ്പെട്ട ശരാശരി നിരക്ക് 154.24 കോടി രൂപയുമാണ്. പദ്ധതി പൂർത്തിയാകുന്ന 2020-ൽ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4219 കോടി രൂപയാണ്. ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ബാക്കി 60% തദ്ദേശ വിദേശ വായ്പകൾ വഴി സ്വരൂപിക്കാനാണ് ഡി.പി.ആർ. നിർദ്ദേശിക്കുന്നത്.

(സി) പ്രവർത്തനം ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണവും നടത്തിപ്പും പൂർണ്ണമായും കെ.ആർ.റ്റി.എൽ.-ന്റെ ചുമതലയിൽ ആയിരിക്കും. ഇതിൽ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ, കൺസൾട്ടന്റിനെ നിയമിക്കൽ, നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം, സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തി തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ, നിർമ്മാണ ശേഷം പദ്ധതിയുടെ നടത്തിപ്പ് എന്നീ ചുമതലകൾ ഉൾപ്പെടുന്നു.

## കാവേരി നദീജല ട്രിബ്യൂണൽ വിധി

65 (1308) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കേരളത്തിന് അവകാശപ്പെട്ട ജലമെത്രയാണെന്നും, നിലവിൽ ഉപയോഗിക്കുന്നതിന്റെ അളവെത്രയെന്നും വ്യക്തമാക്കുമോ;

(ബി) ശേഷിച്ച ജലം ഉപയുക്തമാക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കേരളത്തിന് 30 ടി.എം.സി. ജലമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ കബനി ബേസിന് 21 ടി.എം.സി.-യും ഭവാനി ബേസിന് 6 ടി.എം.സി.-യും, പാമ്പാർ ബേസിന് 3 ടി.എം.സി. ജലവുമാണ് അനുവദിച്ചിട്ടുള്ളത്. കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21 ടി.എം.സി. ജലത്തിൽ 11.71 ടി.എം.സി. ജലം കേരളം ഉപയോഗപ്പെടുത്തിവരുന്നു.

(ബി) ഉണ്ട്. കബനി നദിയിൽനിന്നും കാവേരി കരാർ പ്രകാരം ലഭിച്ചിരിക്കുന്ന ജലം ഉപയോഗിക്കുന്നതിനുവേണ്ടി പനമരം, മാനന്തവാടി, നൂൽപ്പുഴ-ബാവലി എന്നീ പുഴകളിൽ റഗുലേറ്റർ നിർമ്മിക്കുന്നതിന് വേണ്ടി ടോപ്പോ ഗ്രാഫിക്കൽ സർവ്വേ പൂർത്തീകരിച്ചു. അവയുടെ സ്ഥാനനിർണ്ണയവും നടത്തിവരുന്നു. കൂടാതെ കാവേരി ട്രൈബ്യൂണൽ അനുവദിച്ചിരിക്കുന്ന ജലം ഉപയോഗിക്കുന്നതിന് വേണ്ടി 9 പുതിയ പദ്ധതികളുടെ (കടമാൻതോട്, നൂൽപ്പുഴ, ചൂണ്ടാലിപ്പുഴ, തിരുനെല്ലി, ചേക്കാട്ട്, മഞ്ചാട്ട്, തോടാർ, പെരിങ്ങോട്ടുപ്പുഴ, കല്ലംപതി) സാധ്യതാ പഠനം പൂർത്തീകരിച്ചു. കാവേരി അവാർഡ് പ്രകാരം കബനി ബേസിനിൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കാൻ വേണ്ടി പ്രസ്തുത ബേസിനിലെ പോഷക നദികളിലേയും കൈവഴികളുടെയും ടോപ്പോ ഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. കാവേരി അവാർഡ് പ്രകാരം പാമ്പാർ ബേസിനിൽ 0.80 ടി.എം.സി. അനുവദിച്ചിട്ടുള്ള ചെങ്ങലാൽ സ്കീമിലുള്ള പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ പാമ്പാർ ബേസിനിലുള്ള 0.52 ടി.എം.സി. ജലം അനുവദിക്കപ്പെട്ട വട്ടവട സ്കീമിൽ ഉൾപ്പെട്ട 'ഒറ്റമരം' ഡാമിന്റെ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ പുനരാരംഭിക്കുവാനുള്ള നടപടികളും എടുത്തുവരുന്നു. ഭവാനി ബേസിനിൽ 2.87 ടി.എം.സി. ജലം ഉപയോഗിക്കാനുള്ള അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പാരിസ്ഥിതി കാനുമതിക്കായി മാർച്ച് 5, 2016-ൽ MOEF & CC-യിൽ അപേക്ഷ സമർപ്പിക്കുകയും, അവരുടെ Expert Appraisal Committee 28 March 2016-ൽ ഇക്കാര്യം പരിഗണിക്കുകയും ചെയ്തു. എന്നാൽ തമിഴ്നാട് അതിർത്തിയിൽനിന്നും 10 കി.മീ-നുള്ളിൽ പദ്ധതി പ്രദേശം വരുന്നതിനാൽ പദ്ധതിയിന്മേലുള്ള തമിഴ്നാട് സർക്കാരിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്.

**അന്തർ സംസ്ഥാന നദീജല കരാർ**

66 (1309) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള റിവ്യൂ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരള നിയമസഭയും സർവ്വകക്ഷിയോഗവും എടുത്ത തീരുമാനങ്ങളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള വ്യതിചലനം ആലോചിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് വ്യത്യസ്തമായ പ്രസ്താവനകൾ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ ഇടയായ സാഹചര്യം വെളിപ്പെടുത്തുമോ;

(ഡി) മുല്ലപ്പെരിയാർ കരാറിന്റെ നിയമ സാധുതകളെ സംബന്ധിച്ചും ഡാമിന്റെ സുരക്ഷാപ്രശ്നങ്ങളെ സംബന്ധിച്ചും ഏതെങ്കിലും ദേശീയ അന്തർദ്ദേശീയ സമിതികളെ പരിശോധനയ്ക്ക് ചുമതലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതികരാർ 30 വർഷത്തിലൊരിക്കൽ പുനരവലോകനം ചെയ്യേണ്ടതുണ്ട്. അതിന്റെ നടപടിക്രമങ്ങൾ കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പൂർത്തിയാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നുണ്ട്.

(ബി&സി) കേരള നിയമസഭയും സർവ്വകക്ഷി യോഗവും എടുത്ത തീരുമാനങ്ങളിൽ തന്നെ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. വ്യത്യസ്തമായ പ്രസ്താവനകൾ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

(ഡി) ദേശീയ, അന്തർദ്ദേശീയ വിദഗ്ദ്ധ സമിതികളെ പരിശോധനയ്ക്ക് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇരുസംസ്ഥാനങ്ങളും ചർച്ച ചെയ്തശേഷം ആലോചിക്കുന്നതാണ്.

**മുല്ലപ്പെരിയാറിൽ പുതിയ ഡാം**

67 (1310) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിലെ നൂറ്റാണ്ടിലേറെ പഴക്കമുള്ള ഡാമിനുപകരം പുതിയ ഡാം പണിയണമെന്ന ആവശ്യത്തിൻമേൽ മുൻ സർക്കാർ സ്വീകരിച്ചുവന്ന നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ആ നിലപാടിൽ ഏതെങ്കിലും വിധത്തിലുള്ള മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതു വിധത്തിലുള്ള വ്യതിയാനമാണ് പരിഗണനയിലുള്ളതെന്നും അതിനാധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സർവ്വകക്ഷി യോഗങ്ങളും കേരള നിയമസഭയും ഏകകണ്ഠമായി എടുത്ത തീരുമാനത്തോട് യോജിച്ച്, പുതിയ ഡാം പണിയണമെന്ന ആവശ്യമാണ് കേരള സർക്കാർ തുടർച്ചയായി സ്വീകരിച്ചുവരുന്നത്.

(ബി&സി) പുതിയ ഡാം നിർമ്മിക്കുന്ന സംഗതിയിൽ തമിഴ്നാട് സംസ്ഥാനവുമായി ചർച്ചകൾ നടത്തണമെന്നാണ് ആഗ്രഹിക്കുന്നത്.

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

68 (1311) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) പ്രധാനമന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ ചർച്ചയിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തമിഴ്നാടുമായി സർക്കാർതല ചർച്ച നടത്തിയോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത ഡാമിന്റെ ഉറപ്പ് സംബന്ധിച്ച് രാജ്യാന്തര വിദഗ്ദ്ധ സമിതിയെ കൊണ്ട് പരിശോധിപ്പിച്ചിട്ടുണ്ടോ; പഠന റിപ്പോർട്ട് തയ്യാറാക്കാൻ ചുമതല പ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കേരള ജനതയുടെ ജീവനും സ്വത്തിനും സുരക്ഷ നൽകുന്നതിലേയ്ക്കായി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നതുതന്നെയാണ് സർക്കാർ തീരുമാനം.

(ബി) ഇല്ല. ഉചിതമായ ഘട്ടത്തിൽ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചർച്ച നടന്നിട്ടില്ല.

(ഡി) മുല്ലപ്പെരിയാർ ഡാമിന്റെ ഉറപ്പ് സംബന്ധിച്ച് രാജ്യാന്തര വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ചിട്ടില്ല.

**കഴിഞ്ഞ സർക്കാർ പരസ്യത്തിനു ചെലവഴിച്ച തുക**

69 (1312) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചരണവുമായി ബന്ധപ്പെട്ട് ദൃശ്യ-മാധ്യമങ്ങൾക്കും മറ്റുമായി ഖജനാവിൽ നിന്നും എത്ര കോടി രൂപയാണ് യു.ഡി.എഫ്. സർക്കാർ ചെലവഴിച്ചത് എന്ന് വിശദമാക്കുമോ?

ഉത്തരം

ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചരണവുമായി ബന്ധപ്പെട്ട് ദൃശ്യ-മാധ്യമങ്ങൾക്കും മറ്റുമായി വിവര പൊതുജന സമ്പർക്ക വകുപ്പിൽ നിന്നും പരസ്യങ്ങൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ ഇലക്ഷൻ വകുപ്പ് ലഭ്യമാക്കിയ 10,50,000 (പത്തുലക്ഷത്തി അൻപതിനായിരം) രൂപ വോട്ടർമാരെ ബോധവത്കരിക്കുന്നതിലേയ്ക്കായി സംഘടിപ്പിച്ച വോട്ട് സന്ദേശ യാത്രയ്ക്ക് വിനിയോഗിച്ചിട്ടുണ്ട്.

**പ്രവാസിക്ഷേമ പദ്ധതി**

70 (1313) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് മുൻസർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) മടങ്ങിയെത്തുന്ന പ്രവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(ഡി) വിദേശത്തെ സംഘർഷ മേഖലകളിൽനിന്നും മലയാളികളെ നാട്ടിലെത്തിക്കാൻ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ?

ഉത്തരം

(എ) പ്രവാസികളുടെ ക്ഷേമത്തിന് മുൻ സർക്കാർ രൂപം നൽകിയ പദ്ധതികൾ താഴെപ്പറയുന്നു:

1. പ്രവാസികളുടെ സ്വത്ത് കയ്യേറ്റം തുടങ്ങിയ വിവിധ പരാതികൾ പരിഹരിക്കുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷൻ രൂപീകരിച്ചു.
2. നോർക്ക വകുപ്പിനെയും നോർക്ക റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ ഏർപ്പെടുത്തി.
3. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കായി എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ് ഏർപ്പെടുത്തി.
4. തിരികെയെത്തുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളുടെ സുസ്ഥിരവരുമാനം കണ്ടെത്തുന്നതിലേയ്ക്കായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി മുഖേന വായ്പ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തി.
5. നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നോർക്ക ബിസിനസ്സ് സഹായ കേന്ദ്രം (NBFC) ഏർപ്പെടുത്തി.

(ബി) മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

മടങ്ങിയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

(സി) മടങ്ങിയെത്തുന്ന പ്രവാസികൾക്കായി പ്രവാസികാര്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1. സാന്ത്വന: മടങ്ങിയെത്തി ദുരതിമനുഭവിക്കുന്ന പ്രവാസികൾക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്രവാസികാര്യ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയ്ക്ക് താഴെയുള്ള തിരികെ യെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻകീഴിൽ തിരികെയെത്തിയ പ്രവാസി മലയാളികളുടെ/അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് 50,000 രൂപ വരെയും, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 15,000 രൂപ വരെയും, പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 10,000 രൂപ വരെയും, മരണമടഞ്ഞ പ്രവാസിയുടെ ആശ്രിതർക്ക് 1,00,000 രൂപ വരെയും ധനസഹായം ഒറ്റത്തവണയായി പ്രവാസികാര്യ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് നൽകിവരുന്നു.

2. ചെയർമാൻ ഫണ്ട്: തിരികെവന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി ചെയർമാൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ചെയർമാൻ ഫണ്ടിന് കീഴിൽ വാർഷിക വരുമാന പരിധി 1,00,000 രൂപയിൽ താഴെയുള്ളവർക്ക് 1,00,000 രൂപ വരെ മരണാനന്തര സഹായമായും/ചികിത്സാ സഹായമായി 50,000 രൂപ വരെയും/വീൽ ചെയർ-ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 10,000 രൂപ വരെയും ധനസഹായമായി അനുവദിക്കുന്നുണ്ട്. വിവാഹ ധനസഹായമായി 15,000 രൂപ വരെയും അനുവദിക്കാറുണ്ട്.

3. നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM): തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

4. പ്രവാസിക്ഷേമനിധി : കുറഞ്ഞത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയിട്ടുള്ള അർഹരായവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമനുവദിക്കുകയും ബോർഡിൽ നിന്നുള്ള അർഹമായ ആനുകൂല്യങ്ങൾ (പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ്) അനുവദിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) വിദേശ രാജ്യങ്ങളിലെ സംഘർഷ മേഖലകൾ ഉൾപ്പെടെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ കഴിയുന്ന പ്രവാസി കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതിന് 'എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം വിദേശരാജ്യങ്ങളിൽ ആഭ്യന്തര കലാപം, യുദ്ധം തുടങ്ങി സമാനമായ സന്ദർഭങ്ങളിൽ പ്രവാസി കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഈ പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള ഫണ്ട് ഉപയോഗപ്പെടുത്തി വിദേശ രാജ്യങ്ങളിൽ നിന്നും 4116 കേരളീയരെ തിരികെയെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ കുടുങ്ങിപ്പോയ പ്രവാസി മലയാളികളെ ഒഴിപ്പിക്കേണ്ടിവന്ന സാഹചര്യങ്ങളിൽ പ്രവാസികാര്യ വകുപ്പിന്റെയും നോർക്ക റൂട്ട്സിന്റെയും ആഭിമുഖ്യത്തിൽ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകൾക്കുപുറമെ മുംബൈയിലും ഡൽഹിയിലുമുള്ള എയർപോർട്ടുകളിലും ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുകയും പ്രസ്തുത കേന്ദ്രങ്ങളിൽ തിരികെയെത്തുന്നവർക്ക് രജിസ്ട്രേഷൻ സൗകര്യവും ലഭ്യമാക്കിയിരുന്നു. മുംബൈ, ഡൽഹി വിമാനത്താവളങ്ങളിൽ എത്തിച്ചേർന്നവർക്ക് അവിടെ താമസ സൗകര്യം, ഭക്ഷണം എന്നിവ നൽകാനും വിമാന/റെയിൽ മാർഗ്ഗം നാട്ടിലെത്തിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് എത്തിച്ചേരുന്ന സ്ഥലത്തെ വിമാനത്താവളത്തിൽനിന്നും നാട്ടിലെത്തിക്കുന്നതിന് വാഹന സൗകര്യവും ചെലവുകൾക്കായി 2000, രൂപയും നൽകിയിരുന്നു. 2015-ൽ യമനിൽ കലാപത്തെ തുടർന്ന് കുടുങ്ങിപ്പോയ കേരളീയരെ പ്രസ്തുത പദ്ധതി പ്രകാരം തിരികെയെത്തിച്ചിട്ടുണ്ട്.

**സാന്ത്വന പദ്ധതി**

71 (T1314) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസിക്ഷേമ വകുപ്പ് നടപ്പാക്കുന്ന സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ധനസഹായങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) വിദേശത്ത് നിന്ന് തിരികെയെത്തിയ നിർദ്ധനരായ പ്രവാസികളെ അത്യാവശ്യഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ളതാണ് സാന്ത്വന പദ്ധതി. കുറഞ്ഞത് 2 വർഷത്തെ വിദേശ പ്രവാസ ജീവിതത്തിനുശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയതും കേരളത്തിനുപുറത്ത് (ഭാരതത്തിനകത്ത്) താമസിക്കുന്നതുമായ ദുരിതമനുഭവിക്കുന്ന കേരളീയർക്ക് ദുരിതാശ്വാസ ധനസഹായം ലഭ്യമാക്കുകയെന്നതാണ് പ്രവാസി കേരളീയകാര്യ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന' യുടെ അടിസ്ഥാന ലക്ഷ്യം. വാർഷിക വരുമാനം 1,00,000 രൂപയ്ക്ക് താഴെയുള്ള പ്രവാസികളെയാണ് സാന്ത്വന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൻകീഴിൽ ഒരു പ്രവാസി കേരളീയൻ മരണപ്പെട്ടാൽ ടിയാന്റെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി മരണാനന്തര സഹായമായി 1,00,000 രൂപവരെയും പ്രവാസി കേരളീയരുടെയോ/അടുത്ത കുടുംബാംഗങ്ങളുടെയോ ചികിത്സയ്ക്ക് ഹൃദയ-വൃക്ക, തലച്ചോർ, കാൻസർ സംബന്ധമായ രോഗങ്ങൾക്ക് പരമാവധി 50,000 രൂപ വരെയും, മറ്റുള്ളവയ്ക്ക് പരമാവധി 20,000 രൂപ വരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് പരമാവധി 15,000 രൂപ വരെയും, പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെയും, നിധിയിൽ നിന്നും ഒറ്റത്തവണ മാത്രം ധനസഹായം നൽകിവരുന്നുണ്ട്.

(സി) ഇല്ല.

**പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ് പദ്ധതി**

72 (1315) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും സ്ഥിരവരുമാനം കണ്ടെത്തുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നടപ്പാക്കിയിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോൺ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ചുരുങ്ങിയത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

(സി) സംസ്ഥാനത്ത് തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും സ്ഥിര വരുമാനം കണ്ടെത്തുന്നതിനും വേണ്ടി പ്രവാസികാര്യ വകുപ്പ് രൂപം കൊടുത്ത പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ചുരുങ്ങിയത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

(ഡി) പദ്ധതി നിർവ്വഹണത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 8,75,00,000 രൂപ അനുവദിച്ചിരുന്നു.

**നോർക്കയുടെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പദ്ധതി**

73 (1316) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി.ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോർക്ക തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പരിശീലന പദ്ധതിക്ക് ആരുടെയൊക്കെ സഹകരണം പ്രയോജനപ്പെടുത്തിയെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തി തൊഴിലിൽ മികവ് പുലർത്തുന്നതിനായി പ്രവാസികാര്യ വകുപ്പ് നടത്തിവരുന്ന തുടർ പദ്ധതിയാണ് 'സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം'. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്നതാണ് 'സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം' കൊണ്ടുദ്ദേശിക്കുന്നത്. ഇതുവഴി യുവാക്കളുടെ തൊഴിൽ അഭിരുചി മെച്ചപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കുന്നത്.

(സി) സർക്കാർ ഐ.റ്റി.ഐ., പോളിടെക്നിക്ക്, പ്രൈവറ്റ് സ്ഥാപനങ്ങൾ, എൽ.ബി.എസ്., കെൽട്രോൺ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തെരഞ്ഞെടുത്ത തൊഴിൽ മേഖലകളിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു.

(ഡി) പദ്ധതി നിർവ്വഹണത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 220 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2016-17 സാമ്പത്തിക വർഷത്തേയ്ക്കായി 2016 ഫെബ്രുവരിയിൽ അവതരിപ്പിച്ച ബജറ്റിൽ 2,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

**ജിഷ കൊലപാതകം**

74 (1317) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ എന്ന പെൺകുട്ടിയുടെ മൃഗീയമായ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ആരംഭഘട്ടത്തിൽ, ആയത് കൊലപാതകമാണെന്ന ശ്രദ്ധയിൽപ്പെട്ടപ്പോൾ അതുമായി ബന്ധപ്പെട്ട തെളിവുകൾ ശേഖരിക്കുന്നതിലും മൃതശരീരം ദഹിപ്പിക്കാൻ അനുമതി നൽകിയതിലും പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ചകൾ സംഭവിച്ചു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇത്തരം വീഴ്ചകൾ ഉണ്ടായിയിട്ടുണ്ടെങ്കിൽ ആയതന്വേഷിച്ച് യുക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വീഴ്ചകൾ പരിശോധിക്കുന്നുണ്ട്. വിശദാംശങ്ങൾ കേസന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചതിനുശേഷം മാത്രമേ വെളിപ്പെടുത്തുവാൻ നിർവ്വാഹമുള്ളൂ.

**സൈബർ കുറ്റകൃത്യങ്ങൾ**

75 (1318) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ,കുട്ടികൾ എന്നിവർക്കുനേരെ വ്യാജ പ്രൊഫൈലുകൾ, മൊബൈൽ, ഫേസ്ബുക്ക്, വാട്സ്ആപ്പ് എന്നിവ മുഖേനയുള്ള ലൈംഗികാതിക്രമം, ഓൺലൈൻ പെൺവാണിഭം, മയക്കുമരുന്ന് കടത്ത് തുടങ്ങിയവ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ വർഷംതോറും വർദ്ധിച്ചു വന്നിരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാലയളവിൽ ഓരോ വർഷവും ഇത്തരത്തിലുള്ള എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ പിടികൂടിയെന്നും അതിൽ എത്ര പേരെ ശിക്ഷിച്ചുവെന്നും ഇനിയും എത്ര പേരെ പിടികൂടുവാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിൽ ഓൺലൈൻ തട്ടിപ്പുകൾ ഓരോ വർഷവും വർദ്ധിച്ചു വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കോടി രൂപയുടെ എത്ര കേസ്സുകൾ ഓരോ വർഷവും രജിസ്റ്റർ ചെയ്തുവെന്നും എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടിയെന്നും ഇനിയും എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് സമൂഹമാധ്യമങ്ങൾ വഴി ദുഷ്പ്രചരണങ്ങൾ, ഭീകര പ്രവർത്തനങ്ങൾ, രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ കഴിഞ്ഞ അഞ്ച് വർഷമായി കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം ഓൺലൈൻ സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനും സംസ്ഥാന സൈബർ അന്വേഷണ വിഭാഗം ശക്തിപ്പെടുത്താനും നൂതനമായ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു*.

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു*.

(ഡി) സംസ്ഥാനത്ത് സമൂഹമാധ്യമങ്ങൾ വഴി ദുഷ്പ്രചരണങ്ങൾ, രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഭീകര പ്രവർത്തനങ്ങൾ സംബന്ധിച്ച കേസുകളൊന്നുംതന്നെ കഴിഞ്ഞ 5 വർഷത്തിനകത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജില്ലാതല സൈബർസെല്ലുകളും, ഒരു സൈബർ പോലീസ് സ്റ്റേഷനും, ഒരു ഹൈടെക് സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടങ്ങളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് വേണ്ട ആധുനിക പരിശീലനങ്ങളും ആവശ്യമായ ഉപകരണങ്ങളും നൽകിവരുന്നു. ഇതിനുപുറമെ, പോലീസിനെ സൈബർ കുറ്റാന്വേഷണത്തിലും, സൈബർ സുരക്ഷയിലും സഹായിക്കുന്ന സൈബർ വിദഗ്ധരുടെയും, സാങ്കേതിക വിദഗ്ധരുടെയും എത്തിക്കൽ ഹാക്കർമാരുടെയും ഒരു ഓൺലൈൻ ഓഫീസായി സൈബർ ഡോം പ്രവർത്തിച്ചുവരുന്നു. ഇന്റർനെറ്റ് നിരീക്ഷിക്കുന്നതിനു മാത്രമായി ഒരു യൂണിറ്റ് ഇതിൽ നിലവിലുണ്ട്. ഇന്റർനെറ്റ് വഴിയുള്ള ഭീകര വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് പ്രഥമ പരിഗണന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയും വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലിന് കുറ്റാന്വേഷണത്തിനും മറ്റും വിദഗ്ദ്ധ ഉപദേശവും പരിഹാരവും നൽകുന്ന പ്രത്യേക ഏജൻസിയായും ഈ കേന്ദ്രം പ്രവർത്തിക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനെ സംബന്ധിച്ച ബോധവത്കരണം, ജനമൈത്രീ പദ്ധതി, സൈബർസെൽ ഇവ മുഖാന്തരവും നടത്തിവരുന്നതും ഓൺലൈൻ തട്ടിപ്പ് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ശക്തമായി നിരീക്ഷിച്ച് വരുന്നതുമാണ്. വ്യാജസന്ദേശങ്ങളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സൈബർ പോലീസ് സ്റ്റേഷൻ സ്വീകരിച്ചുവരുന്നു.

## കറൻസി നോട്ടിന്റെ മാതൃകയിൽ കളിപ്പാട്ടങ്ങളും മറ്റ് വസ്തുക്കളും വിപണിയിൽ സജീവമായത്

76 (1319) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറൻസി നോട്ടിന്റെ മാതൃകയിൽ കളിപ്പാട്ടങ്ങളും മറ്റ് വസ്തുക്കളും വിപണിയിൽ സജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം നിർമ്മാണത്തിന്റെ ഉറവിടം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) നിലവിലുള്ള നിയമപ്രകാരം ഇത്തരം നിർമ്മാണങ്ങൾ അനുവദനീയമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) അനുവദനീയമല്ല.

(ഡി) കറൻസി നോട്ടുകൾ അതേപടി പകർത്തി ദുരുപയോഗം ചെയ്യുന്നത് നിലവിലെ നിയമപ്രകാരം കുറ്റകരമാണ്. ആയതിനാൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## അങ്കമാലി ബസ് ഡിപ്പോയിൽ പോലീസ് എയ്ഡ് പോസ്റ്റ്

77 (1320) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ബസ് ഡിപ്പോയിൽ സ്ത്രീകൾക്കും, കുട്ടികൾക്കും സുരക്ഷ ഒരുക്കുന്നതിന് വനിതാ പോലീസിന്റെ സേവനമോ, പോലീസ് എയ്ഡ് പോസ്റ്റോ ഇല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എങ്കിൽ ഇവിടെ വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിനും പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പോലീസ് എയ്ഡ് പോസ്റ്റ് ഇല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലേയ്ക്ക് അങ്കമാലി പോലീസ് സ്റ്റേഷനിൽനിന്നും ഏകദേശം 50 മീറ്റർ ദൂരം മാത്രമാണുള്ളത്. നിലവിൽ പിങ്ക് ബീറ്റ് ഉൾപ്പെടെയുള്ള വനിതാപോലീസിന്റെ സേവനം ബസ് സ്റ്റാൻഡിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനിലെ വാഹനങ്ങൾ അടിക്കടി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. നിലവിൽ അങ്കമാലി ബസ് ഡിപ്പോയിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

## അപകട മരണങ്ങൾ

78 (1321) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിന് ശേഷമുള്ള അപകടമരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ വന്നതിനുശേഷമുള്ള അപകടമരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| ജില്ല | അപകട മരണങ്ങളുടെ കണക്കുകൾ |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 86 |
| കൊല്ലം | 36 |
| ആലപ്പുഴ | 55 |
| കോട്ടയം | 34 |
| പത്തനംതിട്ട | 17 |
| എറണാകുളം | 99 |
| ഇടുക്കി | 36 |
| പാലക്കാട് | 43 |
| തൃശ്ശൂർ | 76 |
| മലപ്പുറം | 61 |
| കോഴിക്കോട് | 70 |
| കണ്ണൂർ | 49 |
| വയനാട് | 13 |
| കാസർഗോഡ് | 26 |
| ആകെ | 701 |

കൂടാതെ റെയിൽവേ സംബന്ധമായി ഒരു അപകട മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

**ജിഷ വധക്കേസ്**

79 (1322) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ ജിഷ വധക്കേസ്സുമായി ബന്ധപ്പെട്ട് ശ്രീ. പി. പി. തങ്കച്ചനെക്കുറിച്ച് അപകീർത്തികരമായി ജോമോൻ പുത്തൻപുരയ്ക്കൽ ഉന്നയിച്ച ആരോപണങ്ങൾ നിഷേധിച്ചു കൊണ്ടും ഈ ആരോപണങ്ങളുടെ ഉറവിടം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടും ശ്രീ. പി. പി. തങ്കച്ചൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു നൽകിയ പരാതിയിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

പെരുമ്പാവൂർ ജിഷ വധക്കേസുമായി ബന്ധപ്പെട്ട് ശ്രീ. പി. പി. തങ്കച്ചനെക്കുറിച്ച് ജോമോൻ പുത്തൻപുരയ്ക്കൽ എന്നയാൾ ഉന്നയിച്ച ആരോപണങ്ങളുടെ ഉറവിടം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. പി. തങ്കച്ചൻ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തുവാൻ പെരുമ്പാവൂർ ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജിഷയുടെ പിതൃത്വവുമായി ബന്ധപ്പെട്ട് ജോമോൻ പുത്തൻപുരയ്ക്കൽ ഉന്നയിച്ച വാർത്ത സംബന്ധിച്ച കാര്യത്തിന് ജോമോൻ പുത്തൻപുരയ്ക്കലിനെതിരെ മരണപ്പെട്ട ജിഷയുടെ പിതാവ് ശ്രീ. പാപ്പു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ. 1024/2016 നമ്പർ കേസിൽ മേൽ പറയുന്ന പരാതിയുംകൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിവരുന്നു.

**എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ**

80 (1323) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013, 2014, 2015 വർഷങ്ങളിൽ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ പ്രതികളായി രജിസ്റ്റർ ചെയ്യപ്പെട്ടവ ഉണ്ടോ ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2013, 2014, 2015 വർഷങ്ങളിൽ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു :

| വർഷം | രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം |
|---|---|
| 2013 | 252 |
| 2014 | 472 |
| 2015 | 398 |

(ബി) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിൽ രണ്ട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് എതിരായും കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസിൽ 2 കോളേജ് വിദ്യാർത്ഥികൾക്ക് എതിരായും എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കേസ്സുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അപകട മരണങ്ങൾ രജിസ്റ്റർ ചെയ്തത്**

81 (1324) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി, പയ്യോളി പോലീസ് സ്റ്റേഷൻ പരിധികളിൽ 2016 മാർച്ച് മുതൽ ജൂൺ 30 വരെ രജിസ്റ്റർ ചെയ്ത അപകടമരണങ്ങൾ എത്രയെന്ന് വിശദമാക്കാമോ;

(ബി) മരണപ്പെട്ടവരുടെ പേര്, വിലാസം മറ്റ് വിശദാംശങ്ങൾ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2016 മാർച്ച് മുതൽ ജൂൺ 30 വരെ കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ 20 അപകട മരണങ്ങളും പയ്യോളി പോലീസ് സ്റ്റേഷൻ പരിധിയിൽ 11 അപകട മരണങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മരണപ്പെട്ടവരുടെ പേര്, മേൽവിലാസം, മറ്റ് വിശദാംശങ്ങൾ എന്നിവ പോലീസ് സ്റ്റേഷൻ തിരിച്ച് പട്ടിക രൂപത്തിൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് പദ്ധതി

82 (1325) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം:

(സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെയും അനുബന്ധ ഓഫീസുകളുടെയും എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവത്കരിക്കുന്ന ദേശീയ തലത്തിലുള്ള ഒരു ബൃഹത പദ്ധതിയാണ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് &സിസ്റ്റംസ് (CCTNS). പ്രസ്തുത പദ്ധതി സംസ്ഥാന തലത്തിൽ പ്രവത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലായി 481 പോലീസ് സ്റ്റേഷനുകളിൽ CCTNS-ന്റെ ജനറൽ ഡയറി, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മോഡ്യൂളുകൾ നടപ്പിലാക്കിക്കഴിഞ്ഞു.

(ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകമാകുന്ന തരത്തിൽ ദേശീയതലത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യ വികസനം ഒരുക്കുകയും, ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14000 പോലീസ് സ്റ്റേഷനുകളും, 6,000 അനുബന്ധ പോലീസ് ഓഫീസുകളും അടുത്ത ഘട്ടത്തിൽ മറ്റിതര വകുപ്പുകളായ ട്രാൻസ്പോർട്ട്, എമിഗ്രേഷൻ, പാസ്പോർട്ട്, സെൻട്രൽ പോലീസ് ഏജൻസീസ് തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുകയെന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ന്യൂഡൽഹിയിലെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് CCTNS പദ്ധതി നിർവ്വഹണത്തിനുള്ള ദേശീയ നോഡൽ ഏജൻസി. കേരളത്തിൽ CCTNS പദ്ധതി നിർവ്വഹണത്തിനായുള്ള

നോഡൽ ഏജൻസി സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ്. കേരളത്തിൽ CCTNS നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക, വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുക, നയപരവും സാമ്പത്തികവുമായ തീരുമാനങ്ങൾ എടുക്കുക തുടങ്ങിയ പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി, ചീഫ് സെക്രട്ടറി തലവനായുള്ള സ്റ്റേറ്റ് അപ്പെക്സ് കമ്മിറ്റി, സ്റ്റേറ്റ് പോലീസ് ചീഫ് തലവനായുള്ള സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി, എ.ഡി.ജി.പി. SCRB തലവനായുള്ള സ്റ്റേറ്റ് മിഷൻ ടീം, ജില്ലാ പോലീസ് മേധാവികൾ തലവനായുള്ള ഡിസ്ട്രിക്ട് മിഷൻ ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്.

## പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

83 (1326) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്രയും ജനസംഖ്യയുള്ള പ്രദേശത്തെ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ഇടുങ്ങിയ കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊണ്ടി വസ്തുക്കളും മറ്റും അടങ്ങിയ വാഹനങ്ങൾ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന് സമീപം ഹൈവേയിൽ സൂക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിശാലമായ പ്രവർത്തന പരിധിയുള്ള പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തന പരിധി വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി, അയണിവേലിക്കുളങ്ങര, ആദിനാട്, കുലശേഖരപുരം, പാവുമ്പ, തൊടിയൂർ, കല്ലേലിഭാഗം, തഴവ, ആലപ്പാട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൊണ്ടി വസ്തുക്കളും മറ്റും അടങ്ങിയ വാഹനങ്ങൾ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന് പുറകിലായി പോലീസ് ക്വാർട്ടേഴ്സ് ഗ്രൗണ്ടിലാണ് സൂക്ഷിച്ചു വരുന്നത്.

(ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ദളിത് യുവതികളെ ആക്ഷേപിച്ചെന്ന ആരോപണം അന്വേഷിക്കുന്നത് സംബന്ധിച്ച്

84 (1327) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കുട്ടിമാക്കലിൽ ദളിത് യുവതികളെ ജാതിപ്പേർ വിളിച്ച് ആക്ഷേപിച്ചെന്നും ഇതിന്റെ വിവരം തിരക്കാനെത്തിയ യുവതികളുടെ പേരിൽ കള്ളക്കേസ് എടുത്ത് ഇവരെയും പിഞ്ചു കുഞ്ഞിനെയും ജയിലിൽ അടച്ചെന്നുമുള്ള സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ ഉന്നത ഉദ്യോഗസ്ഥരെ നിയമിച്ച് ഒരു സമഗ്ര അന്വേഷണം നടത്തുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) തലശ്ശേരി കുട്ടിമാക്കലിൽ ദളിത് യുവതികളുടെ പേരിൽ കള്ളക്കേസ് എടുത്തിട്ടില്ല. എന്നാൽ തലശ്ശേരി പി.എസ്. ക്രൈം നമ്പർ 1159/16 u/s 341, 452, 323, 324 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഉൾപ്പെട്ട യുവതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ടി യുവതികളെ ബഹുമാനപ്പെട്ട കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ടി കേസ് ഇപ്പോൾ തലശ്ശേരി ഡിവൈ.എസ്.പി. ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നുണ്ട്.

## ജോസഫ് കുര്യന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണ പുരോഗതി

85 (1328) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മോനിപ്പള്ളി കരയിൽ പൊട്ടുകുളം വീട്ടിൽ ജോസഫ് കുര്യന്റെ (ബേബി) കൊലപാതകം സംബന്ധിച്ച് എറണാകുളം ക്രൈംബ്രാഞ്ച് നടത്തുന്ന അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) അന്വേഷണത്തിനായി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിരുന്നോ;

(സി) അന്വേഷണം എന്നത്തേയ്ക്ക് പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. നാളിതുവരെ 105-ഓളം സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) കേസന്വേഷണം എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്.

## ഉപ്പള ആസ്ഥാനമാക്കി പുതിയ പോലീസ് സ്റ്റേഷൻ

86 (1329) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റ് നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉപ്പള ആസ്ഥാനമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

## സൈബർ ഡോം പദ്ധതി

87 (1330) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് സൈബർ ഡോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി കണ്ടുപിടിക്കുന്നതിനും തടയുന്നതിനും നിയന്ത്രിക്കുന്നതിനും സൈബർ സാമർത്ഥ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മോഡലിൽ കേരള പോലീസ് ആരംഭിക്കുന്ന ടെക്നോളജി & ഡെവലപ്മെന്റ് സെന്റർ ആണ് സൈബർ ഡോം. ഇത് സൈബർ സുരക്ഷയ്ക്കും ഗവേഷണത്തിനും നവീകരണത്തിനുമായുള്ള കേന്ദ്രമാണ്.

(ബി) പോലീസിലെ സൈബർ കുറ്റാന്വേഷണത്തിലും സൈബർ സുരക്ഷയിലും സഹായിക്കുന്ന സൈബർ വിദഗ്ധരുടെയും സാങ്കേതിക വിദഗ്ധരുടെയും എത്തിക്കൽ ഹാക്കർമാരുടെയും ഒരു ഓൺലൈൻ ഓഫീസായിരിക്കും 'സൈബർ ഡോം'. ഇന്റർനെറ്റ് നിരീക്ഷിക്കുന്നതിന് മാത്രമായി ഒരു യൂണിറ്റ് ടി കേന്ദ്രത്തിൽ ഉണ്ടാകും. ഭീകര വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകി പ്രസ്തുത സംഘം ഇന്റർനെറ്റ് നിരീക്ഷിക്കും. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലിന് കുറ്റാന്വേഷണത്തിനും മറ്റും വിദഗ്ധ ഉപദേശവും പരിഹാരവും നൽകുന്ന പ്രത്യേക ഏജൻസിയായി ടി കേന്ദ്രം പ്രവർത്തിക്കും.

(സി) സൈബർ ഡോം പദ്ധതി നടപ്പിലാക്കുന്നതിന് 22-8-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ167/14/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഏകദേശം 500 എത്തിക്കൽ ഹാക്കർമാർ സൈബർ ഡോമുമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. സോഷ്യൽ മീഡിയയുടെ ഉപയോഗം പട്ടണങ്ങളിലും ഗ്രാമങ്ങളിലും വർദ്ധിച്ചുവരുന്നതിനാൽ അതിനനുസരിച്ച് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളുടെ വെല്ലുവിളി നേരിടുന്നതിന് പുതിയ സോഷ്യൽ മീഡിയ ലാബ് തുറന്നിട്ടുണ്ട്.

**പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവർ**

88 (1331) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ഉന്നതോദ്യോഗസ്ഥർ ഉൾപ്പെടെ ക്രിമിനൽ പശ്ചാത്തലമുള്ളവരും കേസിൽ പ്രതിയായിട്ടുള്ളവരും നിരവധിപേരുണ്ടോ എന്നതിനെ കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം അറിയിക്കുമോ;

(ബി) കേരള ഹൈക്കോടതിപോലും ഇക്കാര്യത്തിൽ കർശന നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടെങ്കിലും യാതൊരു നടപടിയുമുണ്ടാകാതിരുന്നത് ഇത്തരക്കാർക്ക് പ്രചോദനമായെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കാൻ സത്വര നടപടിയുണ്ടാകുമോ; അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പോലീസ് സേനയിൽ ക്രിമിനൽ പശ്ചാത്തലമുള്ളവർ പ്രവൃത്തിയെടുത്ത് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിവിധ കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥർ 933 പേരുണ്ട്.

(ബി) കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസുദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പോലീസ് സേനയിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെതിരെയുള്ള വസ്തുതകൾ പരിശോധിച്ച് അഭിപ്രായം അറിയിക്കുവാൻ Additional Director General of Police (Int.)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പോലീസ് സേനയിലെ കുറ്റകൃത്യങ്ങൾ സംബന്ധിച്ച തീരുമാനമെടുക്കുന്നത് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. പോലീസ് സേനയിലെ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ദ്രുതഗതിയിലാക്കുന്നതിനായി സംസ്ഥാനത്തെ സോണൽ, ക്രൈംസ്, ഇന്റലിജൻസ് എന്നീ ഡി.ജി.പി.-മാർ ഉൾപ്പെട്ട ഒരു അച്ചടക്ക അവലോകന കമ്മിറ്റി സർക്കുലർ നമ്പർ 29/11 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള പോലീസുദ്യോഗസ്ഥരെ സർവ്വീസിൽനിന്നും നീക്കുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട്.

## ബൂത്ത് ഏജന്റുമാരെ ആക്രമിച്ച സംഭവം

89 (1332) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് ദിവസം കാസർഗോഡ് ജില്ലയിലെ ഉദുമ മണ്ഡലത്തിലെ ചന്ദ്രഗിരി മേൽപ്പറമ്പിൽ എൽ.ഡി.എഫ്. ബൂത്ത് ഏജന്റുമാരെ ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും ആരൊക്കെയാണ് പ്രതികൾ എന്നും വിശദമാക്കുമോ;

(സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇനി ആരെയൊക്കെ അറസ്റ്റ് ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 269/16 u/s 143, 147, 341, 323, 427, r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കേസിൽ പ്രതികളായി

1. അബൂബക്കർ കെ. S/o ഹുസൈൻ
2. അൻവർ സാദത്ത്, S/o മോയിദ്ദീൻകുട്ടി കളനാട്.
3. മുഹമ്മദ് ആഷിക്
4. നജീദ് കളട തുടങ്ങി ഏഴോളം പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഒന്നുമുതൽ മൂന്നുവരെയുള്ള പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

**പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ**

90 (1333) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ഇപ്പോൾ എത്ര പോലീസ് കോൺസ്റ്റബിൾ ഡൈവർ തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വാഹനങ്ങൾക്ക് ആനുപാതികമായി എത്ര ഡൈവർ തസ്തിക കൂടി സൃഷ്ടിക്കേണ്ടതുണ്ടെന്നും ഇതുസംബന്ധിച്ച് ഡി.ജി.പി. സമർപ്പിച്ച പ്രെപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പോലീസ് സേനയിൽ ഇപ്പോൾ 2603 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ നിലവിലുണ്ട്.

(ബി) വാഹനങ്ങൾക്ക് ആനുപാതികമായി രണ്ടുഘട്ടമായി 3657 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

## ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

91 (1334) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എത്ര സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ)

| | |
|---|---|
| TVPM City | 101 |
| TVPM RL | 20 |
| KLM City | 32 |
| KLM RL | 19 |
| PTA | 24 |
| ALPY | 12 |
| KTYM | 44 |
| IDUKKI | 21 |
| EKM City | 81 |
| EKM RL | 38 |
| TSR City | 31 |
| TSR RL | 30 |
| PKD | 36 |
| MPM | 24 |
| KKD City | 51 |
| KKD RL | 36 |
| WYND | 1 |
| KNR | 71 |
| KSGD | 9 |
| TOTAL | 681 |

(ബി) എ.ആർ./ബറ്റാലിയൻ സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട് കേസിൽ സീനിയോറിറ്റി പുനർനിർണ്ണയം താൽക്കാലികമായി തടഞ്ഞുകൊണ്ട് ട്രിബ്യൂണൽ ഉത്തരവ് നിലനിൽക്കുന്നതിനാൽ പ്രൊമോഷൻ വഴി റെഗുലർ നിയമനം നടത്തുന്നതിന് തടസ്സം നിലവിലുണ്ട്.

സബ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനം പി.എസ്.സി. വഴി സംസ്ഥാന തലത്തിലാണ് നടത്തുന്നത്. നിലവിൽ വിവിധ കോടതി ഉത്തരവുകൾ പ്രകാരം എസ്.ഐ.മാരുടെ 255 ഒഴിവുകൾ അധികമായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി അധിക ഒഴിവുകൾ അഡ്ജസ്റ്റ് ചെയ്യുന്നതിലേയ്ക്കായി 1-3-2016-ാം തീയതിയിലെ ജി.ഒ.(എംഎസ്.) 76/2016 ആഭ്യന്തരം പ്രകാരം സർക്കാർ 137 സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തിക അടുത്ത 3 വർഷത്തേയ്ക്ക് ഉണ്ടാകുന്ന എസ്.ഐ. ഒഴിവുകളിൽ അഡ്ജസ്റ്റ് ചെയ്യണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ ഈ ഒഴിവുകൾ അഡ്ജസ്റ്റ് ആകുന്നതുവരെ പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയില്ല.

## ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി

92 (1335) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ .സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ വിദ്യാർത്ഥികളുടെ ഇടയിൽനിന്നും മയക്കു മരുന്നിന്റെ ഉപയോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹ്യ വിപത്തും ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സ്കൂൾ കോളേജ് തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും വിവിധ ബോധവത്കരണ പരിപാടികൾ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകൾ സംയുക്തമായാണ് നടപ്പിലാക്കിവരുന്നത്. പ്രശസ്ത സിനിമാതാരം ശ്രീ. മമ്മൂട്ടി പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറാണ്.

(സി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ കോളേജ് തലത്തിലും, ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവിധതരം ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുകയുണ്ടായി. മയക്കുമരുന്നുകളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനും ഇതിന്റെ വിതരണക്കാരെയും ഇത് ഉപയോഗിക്കുന്നവരെയും ഇത് മറ്റു സ്ഥലങ്ങളിൽ നിന്ന് കൊണ്ടുവന്ന് ശേഖരിച്ച് സൂക്ഷിക്കുന്നവരെയും കണ്ടുപിടിച്ച് ക്രിമിനൽ നടപടിക്രമങ്ങൾ സ്വീകരിച്ച് ഈ മാരക വിപത്തിനെതിരെ ബോധവത്കരണം നടത്തിവരികയും ചെയ്യുന്നു. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, കടത്ത്, വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനുമായി Special Investigation Team (SIT)-ന്റെ കീഴിൽ Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതുവരെ കേരളത്തിൽ (30-5-2014 മുതൽ 7-7-2016 വരെ) 52711 റെയ്ഡുകൾ നടത്തുകയും അതിൽ 14904 കേസുകൾ രജിസ്റ്റർ ചെയ്യുകയും 14426 അറസ്റ്റുകൾ രേഖപ്പെടുത്തുകയും ചെയ്തു.

## ചവറയിലെ തെരഞ്ഞെടുപ്പ് സംഘർഷം

93 (1336) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി കൊല്ലം ചവറയിൽ സംഘടിപ്പിച്ച ചാനൽ പരിപാടിയിൽ യു.ഡി.എഫ്. പ്രവർത്തകർ ആസൂത്രണം ചെയ്ത് സംഘർഷമുണ്ടാക്കുകയും എൽ.ഡി.എഫ്. സ്ഥാനാർത്ഥിയെ അക്രമിക്കുകയും ചെയ്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതിനെതിരെ പോലീസ് എന്തുനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു പിന്നിലെ മുഖ്യ പ്രതികൾ ആരെല്ലാമെന്നും ആസൂത്രണത്തിനു പിന്നിൽ ആരെല്ലാമുണ്ടെന്നും വെളിപ്പെടുത്തുമോ?

### <u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മലയാള മനോരമ ന്യൂസ് ചാനലിന്റെ 28-4-2016-ന് നടന്ന സംവാദ പരിപാടിക്കിടെ എൽ.ഡി.എഫ്-യു.ഡി.എഫ്. പ്രവർത്തകർ തമ്മിൽ സംഘർഷ മുണ്ടാകുകയും കല്ലുകളും കസേരകളും വലിച്ചെറിഞ്ഞതിൽ വച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയും ഇപ്പോഴത്തെ ബഹുമാനപ്പെട്ട ചവറ എം.എൽ.എ.-യുമായ ശ്രീ. വിജയൻപിള്ളയ്ക്ക് പരിക്കേൽക്കുകയും ആയതിലേയ്ക്ക് ശ്രീ. വിജയൻപിള്ള വാദിയായി ചവറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1138/16 u/s 143, 147, 148, 324, 308, 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(ബി) ടി കേസിൽ (1) കോൺഗ്രസ്സ് ചവറ മണ്ഡലം പ്രസിഡന്റ് ബാബു ജി. പട്ടത്താനം (2) റിനോഷോ, കോലം (3) പാലത്തറ നൗഷാദ് (4) ശങ്കരനാരായണപിള്ള, ചെറുശ്ശേരിഭാഗം (5) സന്തോഷ് (6) മില്യ പിന്മന (7) കണ്ടാലറിയാവുന്ന മറ്റ് 94 പേരും പ്രതികളായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

## പോലീസ് ക്വാർട്ടേഴ്സുകളുടെ ശോചനീയാവസ്ഥ

94(1337) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്തെ പോലീസ് ക്വാർട്ടേഴ്സുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ക്വാർട്ടേഴ്സുകൾ പുനരുദ്ധരിച്ച് താമസ യോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താമസയോഗ്യമല്ലാത്തവയ്ക്ക് പകരമായി പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

## ടോട്ടൽ ഫോർ യു തട്ടിപ്പ് കേസ്

95 (1338) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിന്റെ വെളിച്ചത്തിൽ എത്ര പേർ തട്ടിപ്പിന് ഇരയായെന്നും; ഇതിലൂടെത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

<u>ഉത്തരം</u>

(എ) ടോട്ടൽ ഫോർ യു തട്ടിപ്പ് സംബന്ധിച്ച് ശബരീനാഥ് മുഖ്യപ്രതിയായി തിരുവനന്തപുരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിരുന്ന 34 കേസുകളിൽ ക്രൈം ബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിയിരുന്നു. അവയിൽ 33 കേസുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട തിരുവനന്തപുരം ACJM കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും, ഒരു കേസ് ഫാൾസായി പരിഗണിക്കുവാൻ റഫർ ചാർജ്ജ് ഹാജരാക്കിയിട്ടുള്ളതുമാണ്.

(ബി) 500-ഓളം പേർ തട്ടിപ്പിനിരയായതായും 50 കോടിയോളം രൂപയുടെ തട്ടിപ്പ് നടന്നതായും വെളിവായിട്ടുണ്ട്.

(സി) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസുകളുടെ വിചാരണ ബഹുമാനപ്പെട്ട തിരുവനന്തപുരം ACJM കോടതിയിൽ നടന്നുവരുന്നു. തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട തുക ലഭ്യമാക്കുന്നത്, കോടതി വിധിക്ക് വിധേയമായാണ്. അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ, നിക്ഷേപകർക്ക് നൽകുന്നതിനുള്ള നടപടികൾ കോടതി നിയോഗിച്ച Official Receiver സ്വീകരിച്ചുവരുന്നുണ്ട്.

## കായംകുളം ട്രാഫിക് യൂണിറ്റ്

96 (1339) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ട്രാഫിക്ക് യൂണിറ്റിൽ ലാന്റ് ലൈൻ ടെലിഫോൺ, കമ്പ്യൂട്ടർ, ഇ-മെയിൽ സംവിധാനങ്ങൾ എന്നിവ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ട്രാഫിക്ക് യൂണിറ്റിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനം പഴകിയതായതിനാൽ ട്രാഫിക് അപകടങ്ങളും മറ്റും ഉണ്ടാകുന്ന സമയങ്ങളിൽ വളരെ വേഗത്തിൽ സംഭവ സ്ഥലത്ത് എത്തുന്നതിന് അപര്യാപ്തമാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനുയോജ്യമായ ഒരു പുതിയ വാഹനം ട്രാഫിക് യൂണിറ്റിനനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കായംകുളം ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷൻ ആക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ ഒരു വാഹനം ട്രാഫിക് യൂണിറ്റിന് അനുവദിക്കുന്നതിന് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കായംകുളം ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## പോലീസ് യൂണിവേഴ്സിറ്റി

97 (1340) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസസ് & സെക്യൂരിറ്റി സ്റ്റഡീസ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടും കരട് ആക്ടും ലഭ്യമായിട്ടുണ്ട്.

(ബി) പോലീസ് സയൻസ്, ക്രൈം പ്രിവൻഷൻ ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ, ഇന്റർനാഷണൽ ആന്റ് റീജിയണൽ കോ-ഓപ്പറേഷൻ ഇൻ ക്രൈം ആന്റ് സെക്യൂരിറ്റി മാനേജ്മെന്റ്, പബ്ലിക് സേഫ്റ്റി ആന്റ് പബ്ലിക് പാർട്ടിസിപ്പേഷൻ ഇൻ സെക്യൂരിറ്റി അഫയേഴ്സ് തുടങ്ങിയ വിഷയങ്ങളിൽ ലോക നിലവാരത്തിലുള്ള ഒരു സർവ്വകലാശാല സ്ഥാപിച്ച് പോലീസ് സയൻസിലും, ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യം ഒരുക്കുകയാണ് പോലീസ് സർവ്വകലാശാലയുടെ ലക്ഷ്യം.

(സി) പദ്ധതി നിർവ്വഹണത്തിനുള്ള നോഡൽ ആഫീസറെ നിയോഗിക്കുകയും പ്രാരംഭപ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് പോലീസ് സംരക്ഷണം

98 (1341) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് പോലീസ് വകുപ്പിൽ നിന്നുള്ള സഹായം ആവശ്യപ്പെട്ടുള്ള പരാതികൾ അവരുടെ വീടുകളിൽ ചെന്ന് സ്വീകരിച്ച് മേൽ നടപടിയെടുക്കണമെന്ന നിർദ്ദേശം ഇപ്പോഴും നിലവിലുണ്ടോ; ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ സുരക്ഷയ്ക്ക് ഭീഷണിയുണ്ടാവുമ്പോൾ ഫോണിൽ ബന്ധപ്പെട്ടാൽ കൃത്യമായി പ്രതികരിക്കണമെന്ന നിബന്ധന നിലവിലുണ്ടോ; എങ്കിൽ നടപടിക്കുള്ള പരമാവധി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് കർശനമായി നടപ്പാക്കാനുള്ള നിർദ്ദേശം നൽകുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മുതിർന്ന പൗരന്മാർക്ക് പോലീസ് വകുപ്പിൽ നിന്നുള്ള സഹായം ആവശ്യപ്പെട്ടുള്ള പരാതികൾ അവരുടെ വീടുകളിൽ ചെന്ന് സ്വീകരിച്ച് മേൽ നടപടിയെടുക്കണമെന്ന നിയമം (Kerala Maintenance and Welfare of Parents and Senior Citizens Rules 2009) ഇതിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കുലർ നമ്പർ16/2010 തീയതി 11-3-2010 പ്രകാരം നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(ബി) നിലവിലുണ്ട്. ഇത്തരം പരാതികൾ ലഭിച്ചാൽ വളരെ വേഗം നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**കേസുകളുടെ കണക്ക്**

99 (1342) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത ജില്ല ഏതാണെന്ന് വ്യക്തമാക്കാമോ; 153(A), 302 എന്നീ സെക്ഷൻ പ്രകാരം ചാർജ്ജു ചെയ്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ;

(ബി) സെക്ഷൻ 153 (A) അനുസരിച്ച് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്തത് കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനിലാണെന്ന് വ്യക്തമാക്കാമോ;

(സി) മുകളിൽ പറഞ്ഞ നാല് ജില്ലകളിലുള്ള പോലീസ് സേനയിലെ അംഗങ്ങളുടെ കണക്കും പോലീസ് വാഹനങ്ങളുടെ കണക്കും ജില്ല തിരിച്ച് നൽകാമോ?

ഉത്തരം

(എ) കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ 153(A), 302 എന്നീ സെക്ഷൻ പ്രകാരം കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ചാർജ്ജ് ചെയ്ത കേസുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിലാണ്.

(സി) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ നാല് ജില്ലകളിലുള്ള പോലീസ് സേനയിലെ അംഗങ്ങളുടെ കണക്കും പോലീസ് വാഹനങ്ങളുടെ കണക്കും ചുവടെ ചേർക്കുന്നു:

| ജില്ല | പോലീസ് സേനയിലെ അംഗങ്ങളുടെ എണ്ണം | പോലീസ് വാഹനങ്ങളുടെ എണ്ണം |
|---|---|---|
| കാസർഗോഡ് | 1590 | 290 |
| കണ്ണൂർ | 2893 | 409 |
| കോഴിക്കോട് സിറ്റി | 2041 | 325 |
| കോഴിക്കോട് റൂറൽ | 1490 | 290 |
| മലപ്പുറം | 2135 | 289 |

**പാലക്കാട് പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം**

100 (1343) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നുണ്ടോ;

(ബി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ യോഗം എല്ലാ മാസവും ചേരാറുണ്ടോ;

(സി) 2015-16 വർഷത്തിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) പരാതി പ്രകാരം ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 2015-ൽ 50 കേസുകളും, 2016 ജൂൺ മാസം വരെ 18 കേസുകളും ലഭിച്ചിട്ടുണ്ട്.

(ഡി) ലഭിച്ചിട്ടുള്ള പരാതികളിൽ, വിചാരണയ്ക്കായി നോട്ടീസ് നൽകിയിട്ടുള്ളതും, വിചാരണയ്ക്ക് ഹാജരായ വ്യക്തികളെ ചീഫ് എക്സാമിനർ, ക്രോസ് എക്സാമിനേഷൻ, റീ-എക്സാമിനേഷൻ എന്നിങ്ങനെ വിചാരണ ചെയ്തിട്ടുള്ളതും, കേസുകളുടെ സ്വഭാവമനുസരിച്ച് എവിഡൻസ് കളക്ഷൻ മുതലായവ നടത്തി അന്തിമ തീരുമാനം കൈ ക്കൊള്ളാനായി വച്ചിട്ടുള്ളതുമാണ്.

(ഇ) സ്വീകരിച്ചിട്ടില്ല.

## പട്ടികജാതി/പട്ടികവർഗ്ഗ പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

101 (1344) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ (എസ്.സി. / എസ്.റ്റി.) പെൺകുട്ടികൾ കൊല ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എത്ര പേർ ബലാത്സംഗംമൂലം മരണപ്പെട്ടവരാണ്; എത്ര കേസ് ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര എസ്.സി./എസ്.റ്റി. പെൺകുട്ടികൾ ബലാത്സംഗത്തിന് ഇരയായതിൽപെട്ടതിൽ വച്ച് കേസ് എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ;

(ഇ) പ്രസ്തുത കേസുകളിൽ ഏതെങ്കിലും വിചാരണ കഴിഞ്ഞ് വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന്റെ വിശദാംശങ്ങളും ശിക്ഷയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ജി) ഇതിൻപ്രകാരമുള്ള എത്ര കേസുകൾ തെളിയാനുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കൊലചെയ്യപ്പെട്ട 2 പട്ടികജാതി/പട്ടികവർഗ്ഗ (എസ്.സി./എസ്.റ്റി.) പെൺകുട്ടികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കൊല്ലം റൂറൽ | - | 1 (എസ്.സി.) |
| പാലക്കാട് | - | 1 (എസ്.റ്റി.) |

(ബി) പാലക്കാട് ജില്ലയിൽ ബലാത്സംഗംമൂലം മരണപ്പെട്ടവരുടെ എണ്ണം - 1
രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം - 1

(സി) പ്രസ്തുത കാലയളവിൽ 451 എസ് സി/എസ് റ്റി. പെൺകുട്ടികൾ ബലാത്സംഗത്തിന് ഇരയാവുകയും, അതിൽ 455 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. (ഒരേ ഇരയ്ക്കെതിരെ ഒന്നിലധികം കുറ്റകൃത്യം റിപ്പോർട്ട് ചെയ്തതിനാലാണ് കേസ്സുകളുടെ എണ്ണം ഉയർന്നത്.) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ഡി) 595 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(ഇ&എഫ്) വിചാരണ കഴിഞ്ഞ 32 കേസുകളിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. (Conviction - 5, Acquitted - 24, other disposal -3). ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*. ശിക്ഷ വിധിച്ച 5 കേസുകളുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു*.

(ജി) 73 കേസ്സുകൾ തെളിയാനുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു*.

**പോലീസിന്റെ വാഹന പരിശോധന**

102 (1345) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് മരണമടയുന്നവരുടെ സംഖ്യ ഉയരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യമായ ചട്ടങ്ങൾ പാലിക്കാതെയുള്ള വാഹന പരിശോധനയാണ് ഇത്തരം വാർത്തകൾ സൃഷ്ടിക്കുന്നതെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എങ്കിൽ വാഹന പരിശോധനയുമായി ബന്ധപ്പെട്ട ഇത്തരം അത്യാഹിതങ്ങൾ പരമാവധി കുറയ്ക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശങ്ങളും നിലവിലുള്ള നിയമങ്ങളും കൃത്യമായി പാലിച്ചുകൊണ്ടാണ് വാഹന പരിശോധന നടത്തി വരുന്നത്.

(സി) തിരക്ക് കുറഞ്ഞ സ്ഥലങ്ങളിലും, നേർക്കാഴ്ചയുള്ള സ്ഥലങ്ങളിലും റോഡിൽ മറ്റ് വാഹനങ്ങൾക്കോ കാൽനട യാത്രക്കാർക്കോ അസൗകര്യം ഉണ്ടാകാത്ത വിധത്തിലും വാഹനങ്ങൾ നിർത്തിപ്പിച്ച് വാഹനങ്ങളുടെ അടുത്തെത്തി ഡ്രൈവർക്കോ യാത്രക്കാർക്കോ ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിലുമാണ് വാഹന പരിശോധന നടത്തേണ്ടതെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ, പോലീസിന്റെ വാഹന പരിശോധന ദൂരെ നിന്നുകാണുമ്പോൾ തന്നെ, പുറകിൽ നിന്നും വാഹനം വരുന്നത് ശ്രദ്ധിക്കാതെ അപകടകരമായ രീതിയിൽ വേഗത്തിൽ വാഹനം വെട്ടിക്കുന്നതുമൂലമുള്ള അപകടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ഓപ്പറേഷൻ കുബേര പദ്ധതിയുടെ നടത്തിപ്പ്**

103 (1346) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

"ഓപ്പറേഷൻ കുബേര" പദ്ധതി പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

ഇല്ല.

## കാസർഗോഡ് ജില്ലയിലെ രാഷ്ട്രീയ സംഘർഷം

104 (1347) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ സംഘർഷത്തെ തുടർന്ന് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും ഇതിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ സംഘർഷത്തെ തുടർന്ന് രണ്ട് കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ബേക്കൽ പി.എസ്.Cr.No.716/13, അമ്പലത്തറ പി.എസ്.Cr.No.304/15). ഈ കേസുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

## കാസർഗോഡ് ജില്ലയിൽ നടന്ന വർഗ്ഗീയ സംഘർഷങ്ങൾ

105 (1348) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര വർഗ്ഗീയ സംഘർഷങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പങ്കാളികളായവരുടെ പേരിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, പ്രതികളിൽ എത്ര പേരുടെ കേസ്സ് പിൻവലിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ 293 വർഗ്ഗീയ സംഘർഷങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഇതിൽ പങ്കാളികളായവരുടെ പേരിൽ കുമ്പള, മഞ്ചേശ്വരം, കാസർഗോഡ്, ആദൂർ, ബേക്കൽ, വിദ്യാനഗർ, ഹോസ്ദുർഗ്ഗ്, അമ്പലത്തറ, നീലേശ്വരം, ചന്ദേര എന്നീ പോലീസ് സ്റ്റേഷനുകളിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളിൽ ആരുടെയും കേസ് പിൻവലിച്ചിട്ടില്ല.

## കുറ്റ്യാടി മണ്ഡലത്തിലെ അസംബ്ലി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അക്രമങ്ങൾ

106 (1349) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 അസംബ്ലി പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കുറ്റ്യാടി നിയോജക മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഇത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) കേസിൽ ഉൾപ്പെട്ടവരുടെ പേരുവിവരവും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് ഇവർക്കെതിരെ കേസുകൾ എടുത്തിട്ടുള്ളത് എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2016 നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് 31 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 123 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി&സി) കേസിൽ ഉൾപ്പെട്ടവരുടെ പേരുവിവരം, പോലീസ് സ്റ്റേഷൻ, സെക്ഷൻ എന്നിവ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## നിലമ്പൂർ മണ്ഡലത്തിലെ മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് പ്രത്യേക റിക്രൂട്ട്മെന്റ്

107 (1350) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ മാവോയിസ്റ്റ് ഭീഷണി ഫലപ്രദമായി നേരിടുന്നതിന് ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ പ്രത്യേക റിക്രൂട്ട്മെന്റ് നടത്തി പോലീസ് സേനയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

മാവോയിസ്റ്റ് ആക്രമണം ഫലപ്രദമായി നേരിടുന്നതിനായി പോലീസ് വകുപ്പിൽ 75 സിവിൽ പോലീസ് ഓഫീസർമാരുടെ റെഗുലർ തസ്തിക സൃഷ്ടിച്ച് ആയതിലേയ്ക്ക് വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ ആദിവാസി യുവതി-യുവാക്കളെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം സ്പെഷ്യൽ ഡ്രൈവ് മുഖേന 16-1-2016 തീയതിയിലെ സ.ഉ.(അ)നമ്പർ 13/16/ആഭ്യന്തരം നമ്പർ പ്രകാരം നിയമിക്കാൻ ഉത്തരവായിരുന്നു. 27-6-2016-ലെ സ.ഉ.(കൈ) നമ്പർ 183/16/ആഭ്യന്തരം ഉത്തരവ് പ്രകാരം വയനാട് ജില്ല മുഴുവൻ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് എന്നിവയെ സ്പെഷ്യൽ ഡ്രൈവിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും ആകെയുള്ള 75 തസ്തികയിൽ 10% മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ക്രിമിനൽ പ്രവർത്തനങ്ങൾ തടയാൻ നടപടി**

108 (1351) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിന് ശേഷം സംഘപരിവാർ സംഘടനകൾ നടത്തുന്ന ആക്രമണത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടോ; തെരഞ്ഞെടുപ്പിന് ശേഷം പ്രസ്തുത സംഘടനകൾ നടത്തിയതായി പറയപ്പെടുന്ന കൊലപാതകങ്ങളും ആക്രമണങ്ങളും ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ പ്രതിപക്ഷ പാർട്ടികളും കേന്ദ്രമന്ത്രിമാരും മേൽപ്പറഞ്ഞ കക്ഷികളുടെ കേന്ദ്രനേതാക്കളും സംസ്ഥാനത്ത് നടത്തിയ പര്യടനങ്ങളും പ്രസ്താവനകളും ആക്രമണങ്ങളെയും കൊലപാതകങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നുവെന്ന ആക്ഷേപത്തെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

(സി) പിണറായി, പാലക്കാട് സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ തടയാൻ നടപടിയുണ്ടാകുമോ; അക്രമം നടത്തിയവർക്ക് പോലീസ് ഒത്താശ ഉണ്ടായിരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധനയ്ക്ക് വിധേയമാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആക്രമണത്തിന്റെ തോത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൃശ്ശൂർ റൂറൽ ജില്ലയിൽ കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിന് ശേഷം നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് BJP/സംഘപരിവാർ പ്രവർത്തകർ പ്രതികളായ 22 ആക്രമണ കേസുകളും ഒരു കൊലപാതക കേസും ഉൾപ്പെടെ 23 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകർ പ്രതികളായ 5 ആക്രമണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സംഘപരിവാർ പ്രവർത്തകർ പ്രതികളായ 34 ആക്രമണ കേസുകളും ഒരു കൊലപാതക കേസും ഉൾപ്പെടെ 35 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇപ്രകാരം പ്രസ്താവനകൾ ഉണ്ടായതായി പരാതികൾ ലഭിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഒത്താശ ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്ത് നടക്കുന്ന കുറ്റകൃത്യങ്ങളുടെ എണ്ണം**

109 (1352) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന കുറ്റകൃത്യങ്ങളുടെ എണ്ണം കഴിഞ്ഞ കുറച്ച് വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം വെളിപ്പെടുത്താമോ;

(ബി) പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര വീതമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) ഉണ്ട്. കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011 | - | 418770 |
| 2012 | - | 511278 |
| 2013 | - | 583182 |
| 2014 | - | 610365 |
| 2015 | - | 653976 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്ത് ഉടനീളം പോലീസ് പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയും ജനമൈത്രീ പോലീസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും പഞ്ചായത്ത് ജനകീയ സമിതികളുടെയും റെസിഡന്റ്സ് അസോസിയേഷനുകളുടെയും സ്ത്രീ ശാക്തീകരണ യൂണിറ്റുകളുടെയും വനിതാ സെല്ലിന്റെയും സഹകരണത്തോടുകൂടി സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് മുഖേന വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും കുറ്റ കൃത്യങ്ങൾക്കെതിരെയുള്ള അവബോധം സൃഷ്ടിച്ചും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സൈബർ സെല്ലിന്റെയും കമ്പ്യൂട്ടർ സെല്ലിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തിയും കുറ്റകൃത്യങ്ങളുടെ എണ്ണം കുറച്ചുകൊണ്ട് വരുവാൻ ശ്രമിക്കുന്നു. കൂടാതെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശക്തമായ നിയമനടപടികൾ സ്വീകരിച്ചും സ്ഥിരം കുറ്റവാളികൾക്കെതിരെ കരുതൽ തടങ്കൽ നടപടികൾ സ്വീകരിച്ചും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പിൻവലിച്ച ക്രിമിനൽ കേസുകൾ

110 (1353) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2011 മുതൽ 31-3-2016 വരെ കാലത്ത് എത്ര ക്രിമിനൽ കേസുകൾ പിൻവലിക്കുകയുണ്ടായി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ആർക്കൊക്കെ എതിരെ എടുത്തിരുന്ന കേസുകളാണ് പിൻവലിച്ചത്; ഓരോ കേസിന്റേയും വിശദാംശം ലഭ്യമാക്കാമോ;

(സി) 1-7-2011 മുതൽ 31-3-2016 വരെ പാലക്കാട് ജില്ലയിലുള്ള ഏതെങ്കിലും കേസുകൾ പിൻവലിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 1638 ക്രിമിനൽ കേസുകൾ പിവൻവലിക്കുകയുണ്ടായി. വിശദാംശം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.*

(സി) 78 കേസുകൾ. (പാലക്കാട് ജില്ലാ പോലീസ് 77, പാലക്കാട് റെയിൽവേ പോലീസ് 1)

**പോലീസിന്റെ കാര്യക്ഷമത**

111 (1354) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ കുറ്റാന്വേഷണ വിഭാഗവും ക്രമസമാധാന വിഭാഗവും രണ്ടായി തിരിച്ച് പോലീസിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(സി) സംസ്ഥാന റിസർവ് പോലീസിലേയും ആംഡ് ബറ്റാലിയനിലേയും സമർത്ഥരായ ഉദ്യോഗസ്ഥരെ കുറ്റാന്വേഷണത്തിന് നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രകാശ് സിംഗ് ആന്റ് അദേഴ്സ് vs. യൂണിയൻ ഓഫ് ഇന്ത്യ ആന്റ് അദേഴ്സ്, WP(C)310/1996 നമ്പർ കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 22-9-2006-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിലെ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പരിപാലന ചുമതലയും, കുറ്റാന്വേഷണ ചുമതലയും വേർതിരിച്ചുകൊണ്ട് 27-12-2006-ൽ സ.ഉ.(സാധാ) 3069/2006/ആഭ്യന്തര നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഏത് രീതിയിൽ നടപ്പാക്കണമെന്ന് 25-1-2010-ൽ സർക്കുലർ നമ്പർ 5/2010 പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിക്കുന്നതിലെ ഭരണപരവും സാമ്പത്തികവും പ്രായോഗികവുമായ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 24-8-2012-ൽ സ.ഉ.(സാധാ)7253/2012/പൊ.ഭ. നമ്പർ ഉത്തരവ് പ്രകാരം ഒരു ഏകാംഗ കമ്മീഷനെ നിയോഗിക്കുകയും ടി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായം സർക്കാർ പരിശോധിച്ചുവരികയുമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാന റിസർവ് പോലീസ്/ആംഡ് പോലീസ് ബറ്റാലിയൻ സേനാംഗങ്ങളുടെ ജോലികളും ചുമതലകളും ലോക്കൽ പോലീസിന്റേതിൽനിന്ന് വ്യത്യസ്തമായതിനാൽ ഈ ഉദ്യോഗസ്ഥരെ കുറ്റാന്വേഷണത്തിന് പരിഗണിക്കുന്നില്ല.

**വോട്ടർമാരെ സ്വാധീനിക്കാനായി പണം വിതരണം**

112 (1355) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്തിലെ കോരിക്കണ്ടം ഓധ്യപദവ് എസ്. സി. എസ്. റ്റി. കോളനികളിൽ വോട്ടർമാരെ സ്വാധീനിക്കാനായി പണം വിതരണം ചെയ്യുന്നതിനിടെ കാസർഗോഡ് എസ്.ബി.ഐ. മാനേജർ സുബ്രാനാ, എസ് സി പ്രമോട്ടറായ ഗോപാലൻ, അർത്യ ലോഹിത്, പ്രശാന്ത് എന്നിവരേയും കെ.എൽ 14-M-8384 വാഹനവും പിടികൂടി പോലീസിൽ ഏൽപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയുടെ ചീഫ് ഇലക്ഷൻ ഏജന്റ് നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കലക്ടർക്കും റിട്ടേണിങ്ങ് ഓഫീസർക്കും നൽകിയ പരാതി ജില്ലാ കളക്ടർ അന്വേഷണത്തിനായി ജില്ലാ പോലീസ് മേധാവിക്ക് കൈമാറിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ദേലമ്പാടി പഞ്ചായത്തിലെ കോരിക്കണ്ടം ഓധ്യപദവ് എന്ന സ്ഥലത്ത് കെ.എൽ.14-M-8384 വാഹനത്തെ നൂറോളം ആൾക്കാർ തടഞ്ഞുവച്ചിട്ടുണ്ട് എന്ന് അദൂർ സബ് ഇൻസ്പെക്ടർക്ക് ഫോൺ സന്ദേശം ലഭിച്ചതുപ്രകാരം സ്ഥലത്ത് സബ് ഇൻസ്പെക്ടർ എത്തുകയും അവിടെ ഒരു കൂട്ടം ആൾക്കാർ മേൽപ്പറഞ്ഞ വാഹനത്തെ തടഞ്ഞുവയ്ക്കുകയും പ്രസ്തുത വാഹനത്തെ തടഞ്ഞുവച്ച ആൾക്കാർ ടി വാഹനവും അതിലുള്ളവരെയും പരിശോധിക്കണമെന്നും അതിൽ വോട്ടർമാർക്ക് വിതരണം ചെയ്യാനുള്ള പണം ഉണ്ടെന്ന് പറഞ്ഞതിൻപ്രകാരം സ്ഥലത്തുണ്ടായിരുന്ന ആൾക്കാരുടെ സാന്നിദ്ധ്യത്തിൽ ടി വാഹനവും അതിലുണ്ടായിരുന്നവരെയും പരിശോധിച്ചിട്ടുള്ളതും വാഹനത്തിൽനിന്നോ ആൾക്കാരിൽനിന്നോ നിയമവിരുദ്ധമായി യാതൊന്നും കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ വാഹനവും അതിലുണ്ടായിരുന്നവരെയും സ്ഥലത്തുണ്ടായിരുന്ന ആൾക്കാരുടെ മുമ്പിൽവച്ചുതന്നെ വിട്ടയച്ചിട്ടുള്ളതുമാണ്.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഇല്ല. ടി സംഭവുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളൊന്നും കണ്ടെത്തിയിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

**ചായിത്തടുക്കം-ഒറ്റമാവുങ്കാൽ പ്രദേശത്ത് മദ്യം വിതരണം നടത്തിയ കേസ്**

113 (1356) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിൽ ചായിത്തടുക്കം-ഒറ്റമാവുങ്കാൽ പ്രദേശത്ത് പുതിയ പറമ്പ് മുണ്ടക്കയ കോളനി റോഡിൽ KL-11E-6348 ജീപ്പിൽ വച്ച് 15-6-2016-ന് രാത്രിയിൽ വോട്ടർമാരെ സ്വാധീനിക്കാനായി മദ്യം വിതരണം ചെയ്തവരെ പിടികൂടി ബേഡകം പോലീസിനെ ഏൽപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേസ് എടുക്കാതെ പ്രതികളെ, വണ്ടി ഉൾപ്പെടെ വിട്ടയച്ച ബേഡകം എസ്.ഐ.-യുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ചീഫ് ഇലക്ഷൻ ഏജന്റും ലോക്കൽ ഇലക്ഷൻ ഏജന്റും ജില്ലാ പോലീസ് ചീഫിന് നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ബേഡകം എസ്.ഐ.-ക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ യെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബേഡകം എസ്.ഐ.-യും പാർട്ടിയും സ്ഥലത്തുപോയി ടി വാഹനവും 2 പേരെയും രാത്രി 8 മണിയോടെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ട് പോകുകയും KL-11-E 6438-ാം നമ്പർ വാഹനം ആൾക്കാരുടെ മുമ്പിൽവച്ച് പരിശോധിച്ച ശേഷം വിട്ടയച്ചു.

(സി) ഉണ്ട്. ജില്ലാ പോലീസ് മേധാവിക്ക് കൊടുത്ത പരാതിയിന്മേൽ ഡിവൈ.എസ്.പി. സ്പെഷ്യൽ ബ്രാഞ്ചിനെ അന്വേഷണത്തിനായി ചുമതല പ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) ഡിവൈ.എസ്.പി. സ്പെഷ്യൽ ബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ മേൽ പരാതി തെറ്റിദ്ധാരണമൂലം ഉളവായതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ബേഡകം എസ്.ഐ.-ക്കെതിരെ മറ്റ് നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല.

**കള്ളക്കേസുകൾ എടുത്ത പോലീസിന്റെ നടപടി**

114 (1357) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകർക്കെതിരെയും നേതാക്കൾക്കെതിരെയും കള്ളക്കേസുകൾ എടുത്തതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്താകെ ഇത്തരം കേസുകളുടെ ഒരു പരിശോധന നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് വിലയിരുത്തുവാനും നിരപരാധികളായവർക്ക് നിയമത്തിന്റെ പരിരക്ഷ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിരപരാധികളായ സി.പി.എം. പ്രവർത്തകർക്കെതിരെ കെ.എ.പി.എ, യു.എ.പി.എ. പോലുള്ള വകുപ്പുകൾ ചേർത്ത് കേസെടുത്തിട്ടുള്ളതായുള്ള ആരോപണം പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ട പരാതികൾ പരിശോധിക്കുന്നതാണ്.

(സി) നിരപരാധികൾക്ക് നിയമപരിരക്ഷ നൽകുന്നതാണ്.

(ഡി) അത്തരം ആരോപണങ്ങൾ പരിശോധിക്കാവുന്നതാണ്.

**ചെങ്ങന്നൂരിൽ പോലീസ് സേനാംഗങ്ങളുടെ കുറവ്**

115 (1358) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്കുള്ള ഇടത്താവളവും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുമായ ചെങ്ങന്നൂരിൽ ക്രമസമാധാനത്തിന് മതിയായ പോലീസ് ഇല്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുറവ് പരിഹരിക്കുവാൻ യുക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെങ്ങന്നൂർ സബ് ഡിവിഷനിൽ ഉൾപ്പെട്ട മറ്റ് പോലീസ് സ്റ്റേഷനുകളിലെ അംഗബലം ഉപയോഗിച്ചുകൊണ്ട് പ്രസ്തുത കുറവ് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സസ്പെൻഷനിലായ പോലീസ് കോൺസ്റ്റബിളിന്റെ സർവ്വീസ് ആനുകൂല്യങ്ങൾ**

116 (1359) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് ഡിപ്പാർട്ടുമെന്റിൽ പോലീസ് കോൺസ്റ്റബിൾ ആയിരിക്കെ സസ്പെൻഷനിലായ ശ്രീ. പി. ജെ. ചാക്കോ (CPO U-1737)-യുടെ സസ്പെൻഷൻ കാലയളവിലെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നപേക്ഷിച്ച് സമർപ്പിച്ച പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീ. ചാക്കോയുടെ പരാതി ഫയൽ നമ്പർ 101669/H3/2014 തീർപ്പാകാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്നും ഫയൽ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച ഫയൽ നമ്പർ 101669/H3/2014/ആഭ്യന്തരം സർക്കാരിന്റെ പരിഗണനയിലാണ്.

**അന്വേഷണത്തിലിരിക്കുന്ന കേസുകളുടെ വിവരങ്ങൾ മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തുന്ന പ്രവണത**

117 (1360) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്വേഷണത്തിലിരിക്കുന്ന കേസുകളുടെ വിവരങ്ങൾ പോലീസ് ഉദ്യോഗസ്ഥർ മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അന്വേഷണത്തെ ബാധിക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) പ്രസ്തുത പ്രവണത ഒഴിവാക്കുന്നതിന് ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഏത് തരത്തിലുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(ഡി) കേസുകളുടെ വിവരം പോലീസ് വകുപ്പിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ സ്വരൂപിക്കുന്നതിന് മാധ്യമങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തരം കേസുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിൽ വിവരം സ്വരൂപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും ആരാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയ തെന്നും വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല.

**കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ**

118 (1361) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെ ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് ശൈശവ വിവാഹം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമെന്ന് വെളിപ്പെടുത്തുമോ; ശൈശവ വിവാഹം തടയുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര കുട്ടികളെ കാണാതായിട്ടുണ്ടെന്നും, എത്ര കുട്ടിക്കച്ചവടങ്ങൾ നടന്നിട്ടുണ്ടെന്നും, കാണാതായ കുട്ടികളിൽ എത്ര പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട കുട്ടികൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 6835 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശൈശവ വിവാഹം നടന്നതുമായി ബന്ധപ്പെട്ട് 50 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശൈശവ വിവാഹം തടയുന്നതിന് വേണ്ടി Prohibition of Child Marriage Act പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ചും, ജനമൈത്രി സംവിധാനം ഉപയോഗിച്ച് ബോധവൽക്കരണം നടത്തിയും വേണ്ട കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 6755 കുട്ടികളെ കാണാതാവുകയും ഇതിൽ 6568 കുട്ടികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കുട്ടിക്കച്ചവടം നടന്നതുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 253 കുട്ടികൾ കൊലചെയ്യപ്പെട്ടിട്ടുണ്ട്.

## ശുഭയാത്ര 2015 പദ്ധതി

119 (1362) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് ശുഭയാത്ര 2015 പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി ലഭ്യമാകുന്ന സേവനങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്നാണ് ശുഭയാത്ര 2015 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ ട്രാഫിക് അപകടങ്ങളും ഗുരുതര അപകടങ്ങളും കുറയ്ക്കുക, കാൽനട യാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുക, ട്രാഫിക് നിയമം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾ, ഡ്രൈവർമാർ, ഇരുചക്രയാത്രികർ എന്നിവർക്ക് ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിനും, ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണത്തിനുമായി വിവിധ കർമ്മ പദ്ധതികൾ ശുഭയാത്ര പദ്ധതിയിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുക എന്നുള്ളതും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ആധുനിക സാങ്കേതിക വിദ്യകളായ ആട്ടോമാറ്റിക് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം, ഹാൻഡ് ഹെൽഡ് സ്പീഡ് റഡാർ, അത്യാധുനിക ബ്രീത്ത് അനലൈസർ ആന്റ് ആൽക്കോമീറ്റർ, മോഡേൺ ട്രാഫിക് സ്റ്റേറ്റ് കമാന്റ് ആന്റ് സെൻട്രൽ സെന്റർ, ട്രാഫിക് പാർക്കുകളും മൊബൈൽ ട്രാഫിക് പാർക്കുകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) 4-6-2015-ലെ സ.ഉ.(ആർ.റ്റി)നമ്പർ 1368/2015/ആഭ്യന്തരം പ്രകാരം ശുഭയാത്രാ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി നടത്തിപ്പിനായി ആദ്യ ഘട്ടമായി 6,00,00,000 രൂപ (6 കോടി രൂപ) അനുവദിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ശുഭയാത്ര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

**മുൻ കയർഫെഡ് എം.ഡി.ക്കെതിരെയുള്ള വിജിലൻസ് കേസ്**

120 (1363) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. വി. എ. അരുൺകുമാറിനെതിരെ 18-12-2014-ൽ വി.സി. 3/14/ എസ്.സി.റ്റി. നമ്പരിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 6/1999 മുതൽ 2/2001 വരെയുള്ള കാലയളവിൽ ശ്രീ. വി. എ. അരുൺകുമാർ കയർഫെഡ് എം.ഡി. ആയിരിക്കെ ചേർത്തലയിൽ കയർഫെഡിനുവേണ്ടിയുള്ള ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വരുത്തിയെന്ന ആരോപണമാണ് അന്വേഷിക്കുന്നത്.

(സി) പ്രസ്തുത വിജിലൻസ് കേസിന്റെ പ്രഥമ വിവര റിപ്പോർട്ട് 18-12-2014 തീയതിയിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു.

(ഡി) കേസന്വേഷണം പുരോഗമിച്ചുവരുന്നു.

### ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം

121 (1364) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ വിദേശയാത്രകളുടെ വിശദാംശങ്ങളും, സ്വത്ത് സംബന്ധിച്ച ആരോപണത്തെക്കുറിച്ചും വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(ബി) വി. എ. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെക്കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(സി) ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി വി.എ.അരുൺകുമാറിന്റെ ബിസിനസ്സ് ബന്ധങ്ങൾ സംബന്ധിച്ച ആരോപണത്തെക്കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(ഡി) വി.എ.അരുൺകുമാർ, ദീപ്തി പ്രസേനൻ എന്നിവർ ചുതുപ്പ് നിലം നികത്തുവാൻ ഒത്താശചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിയിൻമേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 20-9-2011-ലെ 7967/ഇ 3/2011/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികളുടെ പൂർണ്ണ വിവരം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) കേസുകൾ അന്വേഷണത്തിലായതിനാൽ വിവരങ്ങൾ വെളിപ്പെടുത്താനാകില്ല.

(ഡി) വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## ലാവ്‌ലിൻ കേസിന്റെ നിലവിലെ അവസ്ഥ

122 (1365) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവ്‌ലിൻ കേസിലെ പ്രതികളെ കുറ്റവിമുക്തരാക്കിയ വിചാരണ കോടതി നടപടിക്ക് എതിരെ ഹൈക്കോടതിയിൽ സി.ബി.ഐ.-യുടെ റിവിഷൻ ഹർജി നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേസിന്റെ നമ്പരും നിലവിലെ അവസ്ഥയും വിശദമായി വെളിപ്പെടുത്തുമോ;

(സി) ലാവ്‌ലിൻ കേസ് പരിഗണിക്കുന്നത് രണ്ട് മാസത്തേക്ക് നീട്ടിവയ്ക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി തീരുമാനിച്ച ദിവസം ഏതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത കാലാവധി എന്നാണ് തീരുന്നതെന്ന് അറിയിക്കുമോ;

(ഡി) നിലവിൽ ഹൈക്കോടതിയിലുള്ള ലാവ്‌ലിൻ കേസിലെ പ്രതികൾ ആരൊക്കെയെന്ന് പേരു സഹിതം ക്രമമായി വിശദമാക്കുമോ;

(ഇ) ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെ കേസ് എന്നും കേസിലെ സെക്ഷൻ സഹിതം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റിവിഷൻ ഹർജിയുടെ നമ്പർ CRL. R.P.206/2014 ആണ്. ഈ ഹർജി നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ് ഉള്ളത്.

(സി) ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതി 9-6-2016-ലാണ് പരിഗണിച്ചത്. അന്നേ ദിവസം 2 മാസത്തേക്ക് സമയം അനുവദിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഹൈക്കോടതിയിൽ ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട് ഒരു റിവിഷൻ ഹർജി മാത്രമാണ് നിലനിൽക്കുന്നത്. പ്രസ്തുത കേസിൽ എതിർ കക്ഷികളെ സി.ബി.ഐ. കോടതി ഡിസ്ചാർജ് ചെയ്തതുകൊണ്ട് ഹൈക്കോടതിയിൽ സി.ബി.ഐ. ഫയൽ ചെയ്ത റിവിഷൻ ഹർജി മാത്രമാണ് നിലവിലുള്ളത്. ആയതിനാൽ റിവിഷൻ ഹർജിയിൽ എതിർകക്ഷികൾ മാത്രമാണുള്ളത്.

(ഇ) പിരിവ് (ഡി)-ക്കുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

**ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ**

123 (1366) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. വി. എ. അരുൺകുമാർ കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ഉണ്ടായെന്നുപറയപ്പെടുന്ന അഴിമതിയുമായി ബന്ധപ്പെട്ടും, യോഗ്യതയില്ലാതിരുന്നിട്ടും അദ്ദേഹത്തെ ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറായി നിയമിച്ചത് സംബന്ധിച്ചുമുള്ള വിജിലൻസ് അന്വേഷണങ്ങളുടെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി അന്വേഷണോദ്യോഗസ്ഥൻ ശ്രീ. വി. എസ്. അച്യുതാനന്ദനെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തോടനുബന്ധിച്ച് ഇദ്ദേഹത്തെ എത്രപ്രാവശ്യം അന്വേഷണോദ്യോഗസ്ഥർ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) കേസുകൾ അന്വേഷണാവസ്ഥയിലായതിനാൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ കഴിയില്ല.

**പാമോലിൻ, ടൈറ്റാനിയം കേസുകൾ**

124 (1368) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമോലിൻ, ടൈറ്റാനിയം കേസുകളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ;

(ബി) ഈ കേസുകളിൽ ആരെല്ലാമാണ് പ്രതികളെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്ലാന്റ് അഴിമതി സംബന്ധിച്ച് ശ്രീ. സുനിൽ, തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത സി.എം.പി. 845/2006 പ്രകാരം വിജിലൻസ് അന്വേഷണം നടത്തി താഴെപ്പറയുന്ന വ്യക്തികൾക്കെതിരായി വി.സി.01/2015/എസ്.ഐ.യു.1 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് താഴെപ്പറയുന്നവർക്കെതിരെ അന്വേഷണം നടത്തിവരുന്നു.

1. മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

2. ശ്രീ. ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

3. ശ്രീ. സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

4. ശ്രീ. എ. എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

5. ശ്രീ. തോമസ് മാത്യൂ. മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ട്രാവൻകൂർ

ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

6. ശ്രീ. ബി. ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

ഇതിനുപുറമെ ശ്രീ. ജയൻ, മണക്കാട് തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത സി.എം.പി. 802/2011 പ്രകാരം മേൽ പരാമർശിച്ച വ്യക്തികൾക്ക് പുറമെ താഴെപ്പറയുന്നവരെക്കൂടി അന്വേഷണത്തിൽ ഉൾപ്പെടുത്താൻ കോടതി നിർദ്ദേശം നൽകി.

(1) ശ്രീ. ഉമ്മൻ ചാണ്ടി, മുൻ മുഖ്യമന്ത്രി

(2) ശ്രീ. റ്റി. ബാലകൃഷ്ണൻ, മുൻ പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്

(3) ശ്രീ. ഈപ്പൻ ജോസഫ്, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, (2003 മുതൽ 2006 ഏപ്രിൽ വരെ )

(4) ശ്രീ. രമേശ് ചെന്നിത്തല, മുൻ കെ.പി.സി.സി. പ്രസിഡന്റ്

(5) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി

(6) ശ്രീ. രാജീവൻ, പ്രൊപ്രൈറ്റർ, M/s Green Tex Enterprises (M/s ചെമറ്റൂർ ഇക്കോ പ്ലാനിംഗ് ഫിൻലാന്റിന്റെ പ്രതിനിധി)

(7) ശ്രീ. എം. ഗംഗാധരൻ, റിട്ട. പ്രോഡക്ട്സ് മാനേജർ,

(8) ശ്രീ. കെ. ബാബു, ജനറൽ മാനേജർ, M/s മെക്കോൺ ഇന്ത്യ ലിമിറ്റഡ്

(9) ശ്രീ. എ. സുജനപാൽ, മുൻ ആരോഗ്യവും പരിസ്ഥിതിയും വകുപ്പുമന്ത്രി

(10)M/s ചെമറ്റർ ഇക്കോ പ്ലാനിംഗ്, ഫിൻലാന്റ്.

കോൺട്രാക്ടിന് വിരുദ്ധമായി നിലവാരം കുറഞ്ഞ ഇൽമനൈറ്റ് ഉയർന്ന നിരക്കിൽ ഇറക്കുമതി ചെയ്തതുമായി ബന്ധപ്പെട്ട് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന് 2.21 കോടി രൂപ നഷ്ടമുണ്ടായത് സംബന്ധിച്ച് ശ്രീ. മധുകുമാർ, കുളത്തൂർ, തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത സി.എം.പി.993/2013 പ്രകാരം വിജിലൻസ് അന്വേഷണത്തിൽ ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ വി.സി.6/2015/എസ്.ഐ.യു-1 നമ്പർ പ്രകാരം താഴെപ്പറയുന്ന വ്യക്തികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(1) ശ്രീ. ഷിഹാബുദ്ദീൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

(2) ശ്രീ. അനിൽകുമാർ, ഡെപ്യൂട്ടി മാനേജർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

(3) ശ്രീ. വി. മുരളീധരൻ നായർ, മുൻ മാനേജിംഗ് ഡയറക്ടർ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

## പാമോലിൻ കേസ്

18-6-1996-ലെ സർക്കാർ കത്ത് നമ്പർ 3890/ബി1/1996/വിജി. പ്രകാരമാണ് പാമോലിൻ ഇറക്കുമതി ചെയ്തതിൽ അഴിമതി നടന്നുവെന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പ്രാഥമികാന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1988-ലെ അഴിമതി നിരോധന നിയമത്തിലെ 13(2) r/w 13(1)(ഡി) വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 120(ബി) വകുപ്പുപ്രകാരവും വി.സി.01/1997/എസ്.സി.റ്റി. നമ്പരിൽ 21-3-1997-ൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. കേസ് രജിസ്റ്റർ ചെയ്തതിന് കോടതി നിർദ്ദേശം ഉണ്ടായിരുന്നില്ല. മാത്രമല്ല, ഈ കേസിൽ ആർക്കുമെതിരെ വിജിലൻസ് കോടതിയിൽ പരാതി ഉണ്ടായിട്ടില്ല. സി.സി.108/2011 നമ്പരായി തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിചാരണ നടന്നുവരുന്ന പാമോലിൻ കേസ് (വി.സി.01/1997/എസ്.സി.റ്റി.) തിരുവനന്തപുരം വിജിലൻസ് കോടതിയിലേയ്ക്ക് മാറ്റാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇക്കാര്യം തൃശ്ശൂർ കോടതിയുടെ പരിഗണനയിലാണ്.

(1) ശ്രീ. കെ. കരുണാകരൻ (Abated) മുൻ മുഖ്യമന്ത്രി

(2) ശ്രീ. റ്റി. എച്ച്. മുസ്തഫ, മുൻ ഭക്ഷ്യവും പൊതുവിതരണവും വകുപ്പുമന്ത്രി

(3) ശ്രീ. എസ്. പത്മകുമാർ, ഐ.എ.എസ്.(Abated) മുൻ ചീഫ് സെക്രട്ടറി, കേരള സർക്കാർ

(4) ശ്രീ. സക്കറിയ മാത്യൂ. ഐ.എ.എസ്.(Abated), മുൻ അഡീ. ചീഫ് സെക്രട്ടറിയും കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ

(5) ശ്രീ. ജിജി തോംസൺ, മുൻ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ

(6) ശ്രീ. ശിവരാമകൃഷ്ണൻ, (M/s പവർ & എനർജി പ്രൈവറ്റ് ലിമിറ്റഡ്, സിംഗപൂർ)

(7) ശ്രീ. ശിവദാസൻ, M/s മാള ട്രെയ്ഡിംഗ് കോർപ്പറേഷൻ, മദ്രാസ്

(8) ശ്രീ. പി. ജെ. തോമസ്, ഐ.എ.എസ്. മുൻ ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി.

**വിജിലൻസ് അന്വേഷണം**

125 (1369) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരങ്ങൾ നൽകുമോ;

(ബി) ആയതിൽ എത്രപേർക്കെതിരെ ത്വരിതാന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരങ്ങൾ നൽകുമോ;

(സി) എൽ.ഡി.എഫ്. സർക്കാർ അന്വേഷണം നടത്തുന്ന എല്ലാ വിജിലൻസ് കേസുകളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) 1. മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ്, മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവർക്കെതിരെ എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഹൈടെക്, ഐ.റ്റി. പാർക്ക് തുടങ്ങുന്നതിന് സ്ഥലം നൽകിയതിൽ ക്രമക്കേടുണ്ടെന്ന് ആരോപിച്ച് ശ്രീ. ഗിരീഷ് ബാബു സി.എം.പി. 102/2016 നമ്പരായി മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ വി.സി.05/2016/എസ്.ഐ.യു.II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

2. മുൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബ് നടത്തിയ 36.5 കോടി രൂപയുടെ അഴിമതിയെക്കുറിച്ചുള്ള ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ.-യുടെ 22-2-2016-ലെ പരാതിയിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യൂ.വി.07/2016/സി.ആർ.ഇ) നടന്നുവരുന്നു.

3. പെട്രോളിയം കമ്പനികളുടേതായി കേരളത്തിൽ പമ്പിന് അനുമതി നൽകാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിനായി നിയമമന്ത്രി ശ്രീ. കെ. എം. മാണിക്ക് നിലവിലെ പെട്രോൾ പമ്പ് ഉടമകൾ മൂന്ന് ലക്ഷം രൂപ കൈക്കൂലിയായി അദ്ദേഹത്തിന്റെ ചേംബറിൽ വച്ച് കൈമാറിയെന്ന എൽ.ഡി.എഫ്. കൺവീനറായ ശ്രീ. വൈക്കം വിശ്വന്റെ പരാതിയിന്മേൽ വിജിലൻസ് ഡയറക്ടർ ഉത്തരവിട്ട ത്വരിതാന്വേഷണം (ക്യൂ.വി.22/2014/എസ്.ഐ.യു.II) നടന്നുവരുന്നു.

4. പാനൂർ താലൂക്ക് ആശുപത്രിക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ധന സമാഹരണം സംബന്ധിച്ച് മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനെതിരെ ശ്രീ. ഇ മനീഷ്, ബഹുമാനപ്പെട്ട തലശ്ശേരി എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ സി.എം.പി. 12/2016 നമ്പരായി സമർപ്പിച്ച പരാതിയിന്മേൽ ഉത്തരവിട്ട ത്വരിതാന്വേഷണം (ക്യൂ.വി.07/2016/കെ.എൻ.ആർ.) നടന്നുവരുന്നു.

5. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് എക്സൈസ് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. കെ. ബാബുവിനെതിരെ കേരള ബാർ ഹോട്ടൽ അസോസിയേഷനുമായി ചേർന്ന് പുതിയ ബിയർ, വൈൻ പാർലറുകൾ അനുവദിക്കുന്നതിനായി 100 കോടിയോളം രൂപ കൈക്കൂലി വാങ്ങിയെന്നുള്ള ആരോപണത്തിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യൂ.വി.15/2016/സി.ആർ.ഇ) നടന്നുവരുന്നു.

(ബി) നാലു മന്ത്രിമാർക്കെതിരെ ത്വരിതാന്വേഷണം നടന്നുവരുന്നു.

1. മുൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബ് നടത്തിയ 36.5 കോടി രൂപയുടെ അഴിമതിയെക്കുറിച്ചുള്ള ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ.-യുടെ 22-2-2016-ലെ പരാതിയിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യു.വി.07/2016/സി.ആർ.ഇ) നടന്നുവരുന്നു.

2. പെട്രോളിയം കമ്പനികളുടേതായി കേരളത്തിൽ പമ്പിന് അനുമതി നൽകാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിനായി നിയമമന്ത്രി ശ്രീ. കെ. എം. മാണിക്ക് നിലവിലെ പെട്രോൾ പമ്പ് ഉടമകൾ മൂന്ന് ലക്ഷം രൂപ കൈക്കൂലിയായി അദ്ദേഹത്തിന്റെ ചേംബറിൽ വച്ച് കൈമാറിയെന്ന എൽ.ഡി.എഫ്. കൺവീനറായ ശ്രീ. വൈക്കം വിശ്വന്റെ പരാതിയിന്മേൽ വിജിലൻസ് ഡയറക്ടർ ഉത്തരവിട്ട ത്വരിതാന്വേഷണം (ക്യൂ.വി.22/2014/എസ്.ഐ.യു.II) നടന്നുവരുന്നു.

3. പാനൂർ താലൂക്ക് ആശുപത്രിക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ധനസമാഹരണം സംബന്ധിച്ച് മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനെതിരെ ശ്രീ. ഇ. മനീഷ്, ബഹുമാനപ്പെട്ട തലശ്ശേരി എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ സി.എം.പി. 12/2016 നമ്പരായി സമർപ്പിച്ച പരാതിയിന്മേൽ ഉത്തരവിട്ട ത്വരിതാന്വേഷണം (ക്യു.വി.07/2016/കെ.എൻ.ആർ.) നടന്നുവരുന്നു.

4. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് എക്സൈസ് വകുപ്പു മന്ത്രിയായിരുന്ന ശ്രീ. കെ. ബാബുവിനെതിരെ കേരള ബാർ ഹോട്ടൽ അസോസിയേഷനുമായി ചേർന്ന് പുതിയ ബിയർ, വൈൻ പാർലറുകൾ അനുവദിക്കുന്നതിനായി 100 കോടിയോളം രൂപ കൈക്കൂലി വാങ്ങിയെന്നുള്ള ആരോപണത്തിന്മേൽ ഒരു ത്വരിതാന്വേഷണം (ക്യു.വി.15/2016/സി.ആർ.ഇ.) നടന്നുവരുന്നു.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സമയബന്ധിതമായി എല്ലാ കേസുകളും അന്വേഷണങ്ങളും പൂർത്തീകരിക്കുന്നതിനായി 4-6-2016-ലെ 01/2016, 18-6-2016-ലെ 02/2016 എന്നീ സർക്കുലറുകൾ എല്ലാ ഉദ്യോഗസ്ഥർക്കും നൽകുകയും അത് മോണിറ്റർ ചെയ്യുന്നതിനായി മോണിറ്ററിംഗ് സെൽ, ഓഫീസ് ഓർഡർ നമ്പർ 08/2016 പ്രകാരം 29-6-2016-ൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## റിയാബ് (RIAB)-മായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ

126 (1370) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയാബ്-ന്റെ സെക്രട്ടറി ശ്രീ. പത്മകുമാർ ഏതെല്ലാം ചുമതലകളാണ് നിർവ്വഹിച്ചിട്ടുള്ളത്;

(ബി) അദ്ദേഹത്തിന്റെ പേരിൽ ഏതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ;

(സി) 1321/B-1 2016 (വിജിലൻസ്), QV 47/14/2015 (പാലക്കാട് വിജിലൻസ്), 29/2015 (പാലക്കാട് വിജിലൻസ്) എന്നീ കേസുകളിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) റിയാബ് സെക്രട്ടറി ശ്രീ. കെ. പത്മകുമാർ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി നോക്കി വരവേ 1994-ൽ റിയാബ് (RIAB)-ൽ ബിസിനസ് അനലിസ്റ്റായി നിയമിതനായി. 1998-ൽ റിയാബ് സെക്രട്ടറിയായി നിയമനം നൽകി പ്രസ്തുത തസ്തികയിൽ തുടരുന്നു. 1-10-2011 മുതൽ മലബാർ സിമന്റ്സിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചുവരുന്നു. ഇതിനുപുറമെ 8-9-2015 മുതൽ 13-6-2016 വരെ SIDCO മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയും വഹിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിലെ വ്യാപാരികൾക്ക് സിമന്റ് വിതരണം നടത്തിയതിൽ ഇളവുകൾ നൽകിയതുമായി ബന്ധപ്പെട്ട് 9-7-2016-ൽ വി.സി. 14/2016/പി.കെ.ഡി. എന്ന നമ്പരിൽ രജിസ്റ്റർ ചെയ്ത കേസിൽ ശ്രീ. പത്മകുമാർ ഒന്നാം കുറ്റാരോപിതനാണ്. മലബാർ സിമന്റ്സ് ലിമിറ്റഡിനുവേണ്ടി 2009-2010-ൽ ഫ്ലൈ ആഷ് വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 9-7-2016-ൽ വി.സി.17/2016/പി.കെ.ഡി. നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ ശ്രീ. പത്മകുമാർ രണ്ടാം കുറ്റാരോപിതനാണ്.

(സി&ഡി) വകുപ്പുതല നടപടി സ്വീകരിച്ചിട്ടില്ല.

ക്യു.വി.47/14/പി.കെ.ഡി.

സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് അനുമതിക്കായി വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയതിലെ വിജിലൻസ് ആംഗിൾ പരിശോധിച്ച് സമർപ്പിക്കുന്നതിനായി 6-6-2016-ലെ 1321/ബി1/16/വിജി നമ്പർ സർക്കാർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ലളിതകുമാരി Vs. യു.പി. സ്റ്റേറ്റ് കേസിന്റെ സുപ്രീം കോടതി ഉത്തരവനുസരിച്ച് 9-7-2016-ൽ വി.സി.17/16/പി.കെ.ഡി. നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തു.

ക്യു.വി.29/2015/പി.കെ.ഡി.

സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 18.01.2016 തീയതിയിലെ 11014/ബി1/2015/വിജി. നമ്പർ സർക്കാർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (വി.ഇ.01/2016/പി.കെ.ഡി.) ലളിതകുമാരി Vs. യു.പി. സ്റ്റേറ്റ് നമ്പർ കേസിൽ സുപ്രീം കോടതി വിധി അനുസരിച്ച് വി.സി.13/2016/പി.കെ.ഡി., 14/2016/പി.കെ.ഡി. നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**വിവാഹമോചന കേസുകൾ**

127 (1371) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 ജനുവരി മുതൽ ജൂൺ വരെ എത്ര വിവാഹ മോചന കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വെളിപ്പെടുത്താമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

26885 കേസുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

**കിളിമാനൂർ കേന്ദ്രമായി കോടതി തുടങ്ങുന്നതിന് നടപടി**

128 T(1372) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കേന്ദ്രമായി കോടതി തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) വിവിധതരം കോടതികൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് അഡ്വ. ബി. സത്യൻ എം.എൽ.എ. സമർപ്പിച്ച പ്രൊപ്പോസലിൽ നിയമ വകുപ്പിൽ നിന്ന് ലഭിച്ച ഒരു നിർദ്ദേശം ഹൈക്കോടതി പരിശോധിച്ചുവരികയാണ്.

(സി) വിവിധ കോടതികളിലെ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ സ്ഥിതി, മറ്റടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, ഭൂപ്രകൃതി എന്നിവയാണ് കോടതി സ്ഥാപിക്കുന്നതിന് പരിഗണിക്കുന്ന ഘടകങ്ങൾ.

**കരുനാഗപ്പള്ളിയിലെ കോർട്ട് കോംപ്ലക്സ്**

129 (1373) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിലെ കോർട്ട് കോംപ്ലക്സിനുള്ള സ്ഥലം എടുത്തിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലത്ത് നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഏതെല്ലാം വകുപ്പുകളുടെ അനുമതി ആവശ്യമാണ് എന്നും ആയത് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) എം.എ.സി.റ്റി. കോടതി കരുനാഗപ്പള്ളിയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ഗവൺമെന്റിന്റെ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എം.എ.സി.റ്റി. കോടതികൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ.ഉ.(സാധാ) 1159/12/ആഭ്യന്തരം തീയതി, 17-4-2012 പ്രകാരം ഒരു മുൻഗണനാ പട്ടിക സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം ആയതിൽ എട്ടാമതായി ചേർത്തിട്ടുണ്ട്.

## ഉപ്പള ഫയർ സ്റ്റേഷൻ

130 (1374) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗൽപാടി പഞ്ചായത്തിലെ സർവ്വെ നമ്പർ 50/1-ൽ ഉൾപ്പെട്ട ഒന്നര ഏക്കർ സ്ഥലത്ത് ഉപ്പള ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏത` ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ നിലവിലുള്ള പരാധീനതകൾ എന്തൊക്കെയെന്നും, ഏതൊക്കെ തസ്തികകൾ ഒഴിവുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാധീനതകൾ പരിഹരിച്ച് ഫയർ സ്റ്റേഷന് എപ്പോൾ കെട്ടിടം നിർമ്മിക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മംഗൽപാടി പഞ്ചായത്തിലെ സർവ്വേ നമ്പർ 50/1-ൽ ഉൾപ്പെട്ട ഒന്നര ഏക്കർ സ്ഥലത്ത് ഉപ്പള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനു വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) നിലയത്തിന് സ്വന്തമായി കെട്ടിടവും ഫാമിലി ക്വാർട്ടേഴ്സുകളും ഇല്ല. പഞ്ചായത്ത് താൽക്കാലികമായി നൽകിയ ഒരു കെട്ടിടത്തിലാണ് ഉപ്പള നിലയം പ്രവർത്തിച്ചുവരുന്നത്. നിലവിൽ ഫയർമാൻ തസ്തികയിൽ ഒരു ഒഴിവും ഫയർമാൻ ഡ്രൈവർ തസ്തികയിൽ 2 ഒഴിവുമാണ് ഉള്ളത്.

(സി) പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്.

## ചാലക്കുടി അഗ്നിശമന വിഭാഗത്തിന് കെട്ടിടം

131 (1375) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീർണ്ണിച്ച കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ചാലക്കുടി അഗ്നിശമനവിഭാഗത്തിന് പുതിയ ഓഫീസ് കെട്ടിടം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി അഗ്നിശമനവിഭാഗത്തിന് കൂടുതൽ ആധുനിക ഉപകരണങ്ങൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി മുകുന്ദപുരം താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 435/1, 437/1, 437/2 ഉൾപ്പെടെ 1.4812 ഹെക്ടർ സ്ഥലത്തുനിന്ന് 50 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 39 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചാലക്കുടി അഗ്നിശമന വിഭാഗത്തിന്റെ കാര്യവും പരിഗണിക്കാവുന്നതാണ്.

**നിലമ്പൂർ ഫയർ സ്റ്റേഷൻ**

132 (1376) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഫയർ സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷന് സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലമ്പൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനായി ആരവല്ലിക്കാവ് റിസർവിലെ റീ-സർവ്വേ നമ്പർ 173-ൽപ്പെട്ട വനഭൂമി അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പ്രസ്തുത ഭൂമി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂടിൽ ഫയർ സ്റ്റേഷൻ**

133 (1377) <u>ശ്രീ.ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുമൂട് കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻെറ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഫയർ സ്റ്റേഷനുകളുടെ നിലവിലുള്ള മുൻഗണനാ പട്ടികയിൽ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള സ്ഥലങ്ങളിൽ മാത്രം ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നത്. ചാരുംമൂട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലവും കെട്ടിവും ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ**

134 (1378) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ നിയോജക മണ്ഡലങ്ങളിലാണ് ഫയർസ്റ്റേഷൻ നിലവിലില്ലാത്തത്;

(ബി) ഫയർസ്റ്റേഷൻ ഇല്ലാത്ത കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

(1) വട്ടിയൂർക്കാവ്

(2) നേമം

(3) ഏറ്റുമാനൂർ

(4) ആലപ്പുഴ *

(5) അരൂർ

(6) കോങ്ങാട്

(7) തൃത്താല

(8) പട്ടാമ്പി

(9) നെന്മാറ

(10) കയ്പമംഗലം

(11) മണലൂർ

(12) ചേലക്കര

(13) ഒല്ലൂർ

(14) വണ്ടൂർ

(15) മങ്കട

(16) മഞ്ചേരി

(17) കൊണ്ടോട്ടി

(18) തിരൂരങ്ങാടി

(19) താനൂർ

(20) തവനൂർ

(21) കോട്ടയ്ക്കൽ

(22) വള്ളിക്കുന്ന്

(23) വേങ്ങര

(24) ബേപ്പൂർ

(25) ഏലത്തൂർ

(26) ബാലുശ്ശേരി

(27) കുന്ദമംഗലം

(28) കൊയിലാണ്ടി

(29) കുറ്റ്യാടി

(30) കല്ല്യാശ്ശേരി

(31) ഇരിക്കൂർ

(32) അഴീക്കോട്

(33) ധർമ്മടം.

* ആലപ്പുഴ ഫയർ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് അമ്പലപ്പുഴ നിയോജകമണ്ഡലത്തിലാണ്.

(ബി) പഴയങ്ങാടി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി തിരുവർക്കാട്ട് കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്ന കാര്യം ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്. ദേവസ്വം ബോർഡിൽനിന്നും പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി ലഭിച്ചാൽ മാത്രമേ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാനാകൂ.

## പുതിയ ജയിലുകൾ സ്ഥാപിക്കുന്നതിന്

135 (1379) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജയിലുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര ജയിലുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിക്കുക എന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ ജയിലുകൾ ആരംഭിക്കുന്നതോടെ തടവുകാർക്ക് എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാകും;

(ഇ) ജയിലിലെ ദൈനംദിന ഭരണകാര്യങ്ങളിൽ പുതിയ ജയിലുകൾ വരുന്നതോടെ എന്തെങ്കിലും മാറ്റം വരുത്തുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പുതിയ 5 ജയിലുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ഹൈ സെക്യൂരിറ്റി ജയിൽ വിയ്യൂർ, ജില്ലാ ജയിൽ മുട്ടം, സെൻട്രൽ ജയിൽ തവനൂർ, ജില്ലാ ജയിൽ മലമ്പുഴ, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട എന്നിവയാണ് പുതിയ ജയിലുകൾ.

(ഡി) ജയിൽ ചട്ടങ്ങൾ അനുശാസിക്കുന്ന എല്ലാവിധ സൗകര്യങ്ങളും പുതിയ ജയിലുകളിലെ തടവുകാർക്കും ലഭ്യമാകുന്നതാണ്.

(ഇ) തടവുകാരുടെ ബാഹുല്യംമൂലമുള്ള പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകുന്നതും ദൈനംദിന ഭരണ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നതുമാണ്. തീവ്രവാദ സ്വഭാവമുള്ള കേസുകളിൽപ്പെട്ടവരും പ്രത്യേക സുരക്ഷ നൽകേണ്ടതുമായ തടവുകാരെ പ്രത്യേകമായി പാർപ്പിക്കുന്നതിന് സൗകര്യമുള്ള ഹൈ സെക്യൂരിറ്റി ജയിൽ പ്രവർത്തനം ആരംഭിക്കുന്നതോടെ മറ്റു ജയിലുകളിൽ കഴിയുന്ന പ്രത്യേക സുരക്ഷ ആവശ്യമുള്ള തടവുകാരെ കൂടി ടി ജയിലിലേക്ക് മാറ്റി പാർപ്പിക്കുവാൻ കഴിയും.

## വയനാട് ജില്ലാ ജയിൽ നിർമ്മാണം

136 (1380) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലാ ജയിൽ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

വയനാട് ജില്ലയിൽ മാനന്തവാടിയിൽ നിലവിൽ ഒരു ജില്ലാ ജയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടി ജയിലിലെ സ്ഥലപരിമിതി കാരണം വയനാട് പുതിയ ജയിൽ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തിയിരുന്നില്ല.

## വിചാരണ തടവുകാരായ ആദിവാസി-പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ജാമ്യം

137 (1381) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ വിവിധ കേസുകളിൽ വിചാരണ തടവുകാരായിക്കഴിയുന്ന ആദിവാസി-പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ജാമ്യം ലഭ്യമാകാത്തതിനാൽ മോചിതരാകാൻ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമ സഹായം ലഭിക്കാത്തതിനാലും നിയമനിരക്ഷരതയും കാരണമാണ് ഇവർ തടവറകളിൽ കഴിയുന്നതെന്ന വിവരം ഗൗരവമായിക്കാണുമോ;

(സി) വിചാരണ തടവുകാരെ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിക്കുന്നതിനും, അനന്തര നടപടികൾ കൈക്കൊള്ളുവാനും തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജയിലുകളിൽ കഴിഞ്ഞുവരുന്ന അന്തേവാസികൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിന് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സഹായത്തോടെ ലീഗൽ എയ്ഡ് ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുമൂലം സ്വന്തമായി വക്കീലിനെ നിയോഗിക്കാൻ സാധിക്കാത്തവർക്കും നിയമനിരക്ഷരരായ തടവുകാർക്കും സൗജന്യമായി കേസ് നടത്തുന്നതിന് ലീഗൽ സർവ്വീസസ് അതോറിറ്റി ആവശ്യമായ നിയമ സഹായം നൽകിവരുന്നു.

(സി) വിചാരണ തടവുകാരെ സംബന്ധിക്കുന്ന വിവരങ്ങൾ ജയിൽ സ്ഥാപനങ്ങളിലെ ചട്ടപ്രകാരമുള്ള രജിസ്റ്ററുകളിലും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സിസ്റ്റത്തിലും സൂക്ഷിക്കുന്നുണ്ട്. ആറു മാസത്തിൽ കൂടുതൽ വിചാരണ കൂടാതെ റിമാന്റിൽ കഴിയുന്ന തടവുകാരുടെ കേസുകൾ ജില്ലാ ജഡ്ജിയുടെ അദ്ധ്യക്ഷതയിലുള്ള ഡിസ്ട്രിക്റ്റ് ലെവൽ കമ്മിറ്റി പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**സംസ്ഥാനത്തെ ജയിലുകളിൽ രോഗികളായ തടവുകാർക്ക് ചികിത്സ**

138 (1382) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ രോഗികളായ തടവുകാർക്ക് യഥാസമയം ചികിത്സ നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജയിലുകളിലും മുഴുവൻ സമയ മെഡിക്കൽ ഓഫീസറുടെ സേവനം തടവുകാർക്ക് ലഭ്യമാണോ; ഇല്ലെങ്കിൽ എത്ര ജയിലുകളിൽ ഇവരുടെ സേവനം ലഭ്യമല്ലെന്ന് വെളിപ്പെടുത്താമോ;

(സി) വിദഗ്ദ്ധ ചികിത്സയ്ക്കും പരിചരണത്തിനും മെഡിക്കൽ ഓഫീസർമാർ റഫർ ചെയ്യുന്ന തടവുകാരെ ആശുപത്രികളിൽ എത്തിക്കുന്നതിന് പലപ്പോഴും ജയിൽ അധികൃതർ അലംഭാവം കാണിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജയിലുകളിലും മുഴുവൻ സമയ മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കുന്നതിനും യഥാസമയം തടവുകാർക്ക് ചികിത്സ ലഭിക്കുന്ന സാഹചര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളിലെ രോഗികളായ തടവുകാർക്ക് അവരുടെ രോഗാവസ്ഥയനുസരിച്ച് കൃത്യമായ ചികിത്സ നൽകിവരുന്നുണ്ട്.

(ബി) കേരളത്തിലെ മൂന്ന് സെൻട്രൽ ജയിലുകളിലും രണ്ട് തുറന്ന ജയിലുകളിലും എറണാകുളം ജില്ലാ ജയിലിലും മുഴുവൻ സമയ മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാണ്. കേരളത്തിലെ 46 ജയിലുകളിൽ (ജില്ലാ ജയിലുകൾ - 9, സ്പെഷ്യൽ സബ് ജയിലുകൾ - 16, സബ് ജയിലുകൾ - 16, വനിതാ ജയിലുകൾ - 4, ബോർസ്റ്റൽ സ്കൂൾ, തൃക്കാക്കര – 1) മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമല്ല. ഇവിടങ്ങളിലെ രോഗികളായ തടവുകാരെ ചികിത്സിക്കുന്നതിനായി ഏറ്റവും അടുത്തുള്ള ജില്ലാ ആശുപത്രികളിൽനിന്നും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഡോക്ടർമാർ ജയിലുകൾ സന്ദർശിച്ച് ചികിത്സ നൽകുകയും റഫർ ചെയ്യുന്ന രോഗികളെ അതാത് ജില്ലകളിലുള്ള ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, മാനസിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അയച്ച് ചികിത്സ നൽകുകയും ചെയ്തുവരുന്നു.

(സി) വിദഗ്ദ്ധ ചികിത്സയ്ക്കും പരിചരണത്തിനും മെഡിക്കൽ ഓഫീസർമാർ റഫർ ചെയ്യുന്ന തടവുകാരെ ആശുപത്രികളിൽ എത്തിക്കുന്നതിന് പോലീസ് എസ്കോർട്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ അലംഭാവം കാണിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) മുഴുവൻ സമയ മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമല്ലാത്ത ജയിലുകളിൽ പ്രസ്തുത സേവനം ലഭ്യമാക്കുന്നതിന് മെഡിക്കൽ-പാരാ മെഡിക്കൽ സ്റ്റാഫുകളുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കാവുന്നതാണ്.

**യുവജന നയം**

139 (1383) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നയം നടപ്പാക്കാൻ ആസൂത്രണം ചെയ്ത കർമ്മ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) യുവജനങ്ങളുടെ അവകാശങ്ങളും ക്ഷേമവും സംബന്ധിച്ച കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് കൈക്കൊണ്ട നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എടുത്തിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) യുവജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ പുതിയ പദ്ധതികളോടൊപ്പം പഴയ പദ്ധതികൾകൂടി പുതുക്കി നടപ്പിലാക്കിയിട്ടുണ്ട്. വിദശവിവരം താഴെ ചേർക്കുന്നു :

കേരളോത്സവം, തൊഴിൽരഹിതർക്കുവേണ്ടി ജോബ് ഫെസ്റ്റുകൾ, ജീവദായിനി - രക്തദാന പദ്ധതി, യുവസംരംഭകത്വ പരിശീലനങ്ങൾ, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്കായി ദുരന്ത നിവാരണ സേന, മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജ്ജനി - രക്തദാനസേന, കാർഷിക സാക്ഷരത പദ്ധതി, യുവജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിനായി ദേശീയോദ്ഗ്രഥന ക്യാമ്പ്, പി.എസ്.സി./ബാങ്ക് പരീക്ഷാ സൗജന്യ പരിശീലന പദ്ധതി, ഡി.റ്റി.പി. പരിശീലനം, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹിത്യ ക്യാമ്പ്, ചലച്ചിത്ര ക്യാമ്പ്, സ്ത്രീ ശാക്തീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതാ ശില്പശാലകൾ, നാടൻകലാമേളകൾ, ഗോത്രവർഗ്ഗ കലാമേളകൾ, പെയിന്റിംഗ് ശില്പശാല, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലനങ്ങൾ മുതലായ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ധനസഹായം നൽകിയിട്ടുണ്ട്. ഇതിന് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജന നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെയും അവകാശങ്ങളെ സംബന്ധിച്ച്, പ്രസ്തുത വിഭാഗങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ കമ്മീഷൻ മുഖേന നടത്തിവരുന്നു. യുവാക്കളുടെ അവകാശങ്ങൾ, യുവാക്കളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി സെമിനാറുകൾ, യോഗങ്ങൾ, നാഷണൽ യൂത്ത് മീറ്റ് ഉൾപ്പെടെയുള്ള കൂട്ടായ്മകൾ, സാഹിത്യം, കല, സാമൂഹ്യ സേവനം, കൃഷി വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി യൂത്ത് ഐക്കൺ അവാർഡ്, യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും അതുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും അവരെ ബന്ധിപ്പിക്കുന്നതിനുമായി ഒരു "ജോബ് പോർട്ടൽ" എന്നിവയും കമ്മീഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ഡി) മേൽ പദ്ധതികൾ നടപ്പാക്കുന്നതിനായി കേരളോത്സവം, യുവശക്തി, യുവവികാസ്, മറ്റിനങ്ങൾ തുടങ്ങിയ ഇനങ്ങളിലായി ബഡ്ജറ്റ് വിഹിതമായി തുക അനുവദിച്ചിട്ടുണ്ട്.

## വാട്ടർ മെട്രോ

140 (1384) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ മെട്രോ നടപ്പാക്കാനുദ്ദേശിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വാട്ടർ മെട്രോയിൽ കൊച്ചിയും അനുബന്ധ പ്രദേശങ്ങളായ വൈക്കം, തവണക്കടവ്, പെരുമ്പളം, പാണാവള്ളി, അരുക്കുറ്റി എന്നീ പ്രദേശങ്ങളെയും കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊച്ചി സിറ്റിയുടെ വടക്ക് പടിഞ്ഞാറും തെക്കും ഭാഗങ്ങളിലുള്ള ദ്വീപുകളേയും കൊച്ചിയുടെ കിഴക്ക് കടമ്പ്രയാർ, ചിത്രപ്പുഴ എന്നീ നദികൾ സംയോജിക്കുന്ന ചമ്പക്കര കനാലിന്റെ കരകളേയും കൊച്ചി സിറ്റിയുമായി ബന്ധിപ്പിച്ചുകൊണ്ട് തുടങ്ങുവാനുദ്ദേശിക്കുന്ന ജലഗതാഗത പ്രോജക്ടാണ് വാട്ടർ മെട്രോ. വാട്ടർ മെട്രോ പ്രോജക്ട് ദേശീയ ജലപാത 3-നെ ആശ്രയിച്ചാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 38 ബോട്ട് ജെട്ടികളും 78 ബോട്ടുകളും ദ്വീപുകളിലെ ജെട്ടികളിലേക്കുള്ള റോഡുകളുടെ വികസനവും, ബോട്ട് ജെട്ടിയേയും മെട്രോ റെയിൽ സ്റ്റേഷനുകളേയും ബന്ധിപ്പിച്ചുള്ള ഫീഡർ ബസ് സർവ്വീസും വാട്ടർ മെട്രോയുടെ ഭാഗമാണ്. പദ്ധതിയുടെ ചെലവ് 747 കോടി രൂപയാണ്. ചെലവിന്റെ 80 ശതമാനം ജർമ്മൻ ഡെവലപ്പ്മെന്റ് ബാങ്കായ Kreditanstalt fur Wiederaufbau (KfW) വഴി സോഫ്റ്റ് ലോണായി ലഭ്യമാക്കുവാനുള്ള സമ്മതപത്രം ഒപ്പിട്ടുകഴിഞ്ഞു. പ്രോജക്ടിന്റെ ഔപചാരിക ഉദ്ഘാടനം ഈ മാസാവസാനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇപ്പോൾ ഗവൺമെന്റ് അനുവദിച്ചിട്ടുള്ള പ്രോജക്ട് തീരുമ്പോഴേയ്ക്കും ഗ്രേറ്റർ കൊച്ചിക്ക് വെളിയിലുള്ള പ്രദേശങ്ങളെക്കൂടി ബന്ധിപ്പിച്ചുള്ള ജലഗതാഗത പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്.

## മനേപ്പാടം ഭാഗത്ത് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിന് നടപടി

141 (1385) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയസഭാ മണ്ഡലത്തിലുൾപ്പെടുന്ന മനേപ്പാടം ഭാഗത്ത് രണ്ടിടങ്ങളിലായി ആയിരക്കണക്കിന് ജനങ്ങൾക്ക് നിലവിലുള്ള ജലഗതാഗത സൗകര്യം ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയ ജലപാതയായ കണിയാംപുഴയിൽ, ഈ പ്രദേശത്ത് ബോട്ട് ജെട്ടി ഇല്ലാത്തത് കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് രണ്ടിടത്ത് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിനായി ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്ത് ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന മനേപ്പാടം ഭാഗത്ത് സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തുന്നില്ല.

(ബി) ഉണ്ട്. രണ്ടിടത്ത് ബോട്ട് ജെട്ടി നിർമ്മാണവുമായി ബന്ധപ്പെട്ട് എം.എൽ.എ.-യുടെ അപേക്ഷ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ജലസേചന വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**സൂര്യതാപമേറ്റുള്ള മരണം**

142 (1386) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സംസ്ഥാനത്ത് സൂര്യതാപമേറ്റ് മരണപ്പെട്ടവരുടെ എണ്ണവും പേരും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മരണമടഞ്ഞവരുടെ ആശ്രിതർക്ക് യു.ഡി.എഫ്. സർക്കാർ എന്തെങ്കിലും സഹായധനം പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദവിവരം താഴെപ്പറയുന്നു :

| ജില്ല | മരിച്ചവരുടെ എണ്ണം | പേര് |
|---|---|---|
| പത്തനംതിട്ട | 1 | വിക്രമൻ |
| കോട്ടയം | 1 | സാബു. റ്റി. |
| ആലപ്പുഴ | 1 | സുഭാഷ് |
| പാലക്കാട് | 2 | മണിയൻ, നാടോടിയായ ഒരാൾ |
| വയനാട് | 1 | നല്ല തമ്പി |
| തൃശ്ശൂർ | 1 | രഘു |
| എറണാകുളം | 1 | മേരി കുര്യാക്കോസ് |

(ബി) 27-4-2016-നോ അതിനുശേഷമോ സൂര്യതാപം മുഖേന മരണം സംഭവിച്ചിട്ടുള്ളവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും, പ്രസ്തുത തീയതിക്ക് മുമ്പ് മരണം സംഭവിച്ചിട്ടുള്ളവരുടെ ആശ്രിതർക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം മരണമടഞ്ഞവരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ ആശ്വാസ ധനസഹായം ലഭിക്കുന്നതാണ്.

## പി.എസ്.സി.-യിൽ ഇ-ഗവേണൻസ്

143 (1387) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭ്യമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നടത്തുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരങ്ങൾ ലഭ്യമാക്കാൻ ഇത് വഴി സൗകര്യം ലഭിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പി.എസ്.സി.-യിൽ ഇ-ഗവേണൻസ് നടപ്പിലാക്കുവാനായി ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം, e-vacancy റിപ്പോർട്ടിംഗ് സംവിധാനം, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് രജിസ്ട്രേഷൻ സംവിധാനം, ഓൺലൈൻ പരീക്ഷാ സംവിധാനം എന്നീ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പി.എസ്.സി. ഉദ്യോഗാർത്ഥികൾക്കായി ഒരുക്കിയിട്ടുള്ള ഏകജാലക സംവിധാനമായ ഒറ്റത്തവണ രജിസ്ട്രേഷൻ (തുളസി) സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി.-യിൽ രജിസ്റ്റർ ചെയ്യുന്നതിനും അതിൽ ലോഗിൻ ചെയ്ത് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ, വിജ്ഞാപനം ചെയ്തിട്ടുള്ള വിവിധ തസ്തികകൾക്ക് അപേക്ഷ അയയ്ക്കുവാനും സാധിക്കുന്നു. നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ സ്റ്റാറ്റസ് പരിശോധിക്കുന്നതിനും പരീക്ഷകളുടെ അഡ്മിഷൻ ടിക്കറ്റ്, ഇന്റർവ്യൂ

മെമ്മോ തുടങ്ങിയവ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് പരീക്ഷകൾക്ക് ഹാജരാക്കുവാനും സാധിക്കുന്നു. പ്രസ്തുത രജിസ്ട്രേഷൻ സംവിധാനത്തിലൂടെ ആവശ്യഘട്ടങ്ങളിൽ ഉദ്യോഗസ്ഥർക്ക് ഉദ്യോഗാർത്ഥികളുമായി ബന്ധപ്പെടുവാൻ രജിസ്ട്രേഷൻ പ്രൊഫൈലിൽ അറിയിപ്പ് നൽകുന്നതിനും mobile sms alert നൽകുന്നതിനും സാധിക്കുന്നു. ഉദ്യോഗസ്ഥർക്ക് നിയമന പ്രക്രിയ വേഗത്തിലും കൃത്യതയോടെയും നിർവ്വഹിക്കുവാൻ ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. e-vacancy റിപ്പോർട്ടിംഗ് സംവിധാനത്തിലൂടെ വിവിധ ഡിപ്പാർട്ടുമെന്റ് മേധാവികൾക്ക് പി.എസ്.സി.-യുടെ സൈറ്റിൽ ലോഗിൻ ചെയ്ത് ഓൺലൈനായി വേക്കൻസി റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുന്നു.

ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് രജിസ്ട്രേഷൻ സംവിധാനം ഉപയോഗിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിയമിതരായ ഉദ്യോഗസ്ഥർക്ക് പി.എസ്.സി.-യിൽ രജിസ്റ്റർ ചെയ്യുവാനും ഡിപ്പാർട്ട്മെന്റ് പരീക്ഷയ്ക്കായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുവാനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുവാനും അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് പരീക്ഷ എഴുതി ഫലം അറിയുവാനും സാധിക്കുന്നു. സർട്ടിഫിക്കറ്റിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യവുമുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ട തസ്തികകൾക്ക് ഓൺലൈനായി പരീക്ഷകൾ നടത്തുന്നതിനും വേഗത്തിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും സാധിക്കുന്നു.

(സി) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നടത്തുമ്പോൾ ഉദ്യോഗാർത്ഥിക്കു വേണ്ട വിവരങ്ങൾ അവരുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈലിൽ അറിയിപ്പായും മൊബൈൽ വഴി sms alert ആയും ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in-ലൂടെ ലഭ്യമാക്കുവാനുമുള്ള സൗകര്യം നിലവിലുണ്ട്.

**ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയ്ക്കുള്ള യോഗ്യതാ മാനദണ്ഡം**

144 (1388) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയുടെ യോഗ്യതാമാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എം.എ. സൈക്കോളജിക്ക് തുല്യമായ എം.എസ്.സി. സൈക്കോളജി, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് യോഗ്യതാ മാനദണ്ഡമാക്കാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ യോഗ്യതാ മാനദണ്ഡ പ്രകാരം ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് എം.ഫിൽ (ക്ലിനിക്കൽ സൈക്കോളജി/മെന്റൽ ഹെൽത്ത് സോഷ്യൽ സൈക്കോളജി - നിംഹാൻസ്) അവശ്യ യോഗ്യതയായിരിക്കെ അതിൽ കുറഞ്ഞ യോഗ്യതകൾ മാനദണ്ഡമാക്കിയത് പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാറ്റഗറി നമ്പർ 428/2012

(ബി) 1. സൈക്കോളജിയിൽ എം.എ.

2. അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നും മെഡിക്കൽ ആന്റ് സോഷ്യൽ സൈക്കോളജിയിൽ എം.ഫിൽ./ഡിപ്ലോമ അല്ലെങ്കിൽ ഡി.എം.ഇ. നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ സൈക്കോളജി.

(സി) ആരോഗ്യ വകുപ്പിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയുടെ യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ നിലനിൽക്കുന്ന എക്സിക്യൂട്ടീവ് ഓർഡറിൽ ജി.ഒ.(എം.എസ്.)207/87/ആ.കു.വ. തീയതി 20-10-1987) തത്തുല്യ യോഗ്യത നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ടി യോഗ്യതകൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

(ഡി) ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**സി.എച്ച്.സി.-കളായി ഉയർത്തിയ ആശുപത്രികൾ**

145 (1389) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ ആരോഗ്യ മേഖലയിൽ പുതിയതായി എത്ര പി.എച്ച്.സി.-കളാണ് സി.എച്ച്.സി.-കളായി ഉയർത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര പുതിയ തസ്തികകളാണ് ഇതിനായി സൃഷ്ടിച്ചതെന്നും ഏതെല്ലാം വിഭാഗത്തിലാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പന്ത്രണ്ട് (12) പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തിയിട്ടുണ്ട്.

<u>തിരുവനന്തപുരം :</u>

1. പി.എച്ച്.സി., പള്ളിക്കൽ (2012)

2. പി.എച്ച്.സി., അണ്ടൂർക്കോണം (2016)

<u>മലപ്പുറം :</u>

3. 24x7 പി.എച്ച്.സി., കാളികാവ് (2012)

4. പി.എച്ച്.സി., ഊർങ്ങാട്ടീരി (2013)

5. 24x7 പി.എച്ച്.സി., പെരുവള്ളൂർ (2016)

6. പി.എച്ച്.സി., കുഴിമണ്ണ (2016)

<u>കോഴിക്കോട് :</u>

7. പി.എച്ച്.സി., കോടഞ്ചേരി (2013)

<u>കണ്ണൂർ :</u>

8. പി.എച്ച്.സി., കൂട്ടുമുഖം (2013)

<u>കോട്ടയം :</u>

9. പി.എച്ച്.സി., വാകത്താനം (2014)

10. പി.എച്ച്.സി., അയർകുന്നം (2014)

<u>എറണാകുളം :</u>

11. പി.എച്ച്.സി., പൂത്തോട്ട (2015)

<u>പത്തനംതിട്ട :</u>

12. പി.എച്ച്.സി., ചിറ്റാർ (2014)

(ബി) എഴുപത്തിനാല് (74) തസ്തികകൾ പുതിയതായി സൃഷ്ടിച്ചു.

| | | |
|---|---|---|
| 1. | സിവിൽ സർജൻ | 6 |
| 2. | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | 5 |
| 3. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 4 |
| 4. | ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | 1 |
| 5. | അസിസ്റ്റന്റ് സർജൻ | 15 |
| 6. | ഹെഡ് നഴ്സ് | 1 |
| 7. | സ്റ്റാഫ് നഴ്സ് | 16 |
| 8. | ഫാർമസിസ്റ്റ് | 3 |
| 9. | ലാബ് ടെക്നീഷ്യൻ | 4 |
| 10. | നഴ്സിംഗ് അസിസ്റ്റന്റ് | 7 |
| 11. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 2 |
| 12. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 7 |
| 13. | ക്ലാർക്ക് | 2 |
| 14. | പാർട്ട് ടൈം സ്വീപ്പർ | 1 |
| | ആകെ | 74 |

## പാരാ ടൈഫോയിഡ് നിയന്ത്രണ വിധേയമാക്കാൻ നടപടി

146 (1390) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി താലൂക്കിൽ വ്യാപകമായി പടർന്ന് പിടിച്ച പാരാ ടൈ ഫോയ്ഡ് രോഗം നിയന്ത്രണ വിധേയമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

27-3-2016-ന് കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കീഴിലുള്ള നെടിയിരുപ്പ് പി.എച്ച്.സി. ഏരിയ ഉൾപ്പെടുന്ന കുന്നത്ത്പറമ്പ് എന്ന സ്ഥലത്തെ വിവാഹ സത്കാരത്തിന് നേരിട്ട് പോയും, വീട്ടിൽ കൊണ്ടുവന്ന് ഭക്ഷണം കഴിച്ചവർക്കും മാത്രം ഉണ്ടായ പാരാ ടൈഫോയിഡ് പനിയായിരുന്നു വിവാഹത്തോടനുബന്ധിച്ച് 10 ദിവസത്തിനുശേഷം കൊണ്ടോട്ടി പ്രദേശത്ത് ആകമാനം വ്യാപിച്ച പനിക്ക് കാരണം.

13-4-2016-ന് തന്നെ ഇതിന്റെ വ്യക്തമായ കാരണം പാരാ ടൈഫോയിഡ് എന്ന രോഗാണു ആണെന്നും ഇത് വെള്ളത്തിൽ കൂടി പകരുന്ന രോഗമാണെന്നും മനസ്സിലാക്കിയിട്ടുണ്ട്. പാരാ ടൈഫോയിഡ് പനിയെ സംബന്ധിച്ചിടത്തോളം അത് 10 ദിവസം മുതൽ 25 ദിവസം വരെ ഇൻക്യുബേഷൻ പിരിയഡ് ഉള്ള രോഗാണുവാണ്. ഇതിന്റെ പനി മാസങ്ങളോളം നീണ്ടുനൽക്കാം. മാത്രമല്ല ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പകരാനുള്ള സാധ്യത വളരെ കുറവാണ്. ഇവിടെ ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് ഈ അസുഖം പകർന്നിട്ടില്ല. പനി പടർന്നു പിടിച്ചതുമായി ബന്ധപ്പെട്ട് 11-ാം തീയതി തന്നെ ജില്ലാ മെഡിക്കൽ ഓഫീസർ അടങ്ങുന്ന സംഘം സ്ഥലം പരിശോധിക്കുകയും ആശുപത്രി സന്ദർശിച്ച് ടൈഫോയിഡ് ലക്ഷണത്തിന്റെ അടിസ്ഥാനത്തിൽ രക്ത സാമ്പിൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ അയച്ച് 13-ന് തന്നെ രോഗകാരണം സ്ഥിരീകരിക്കുകയും തുടർന്ന് ആവശ്യമുള്ള മരുന്ന് വിതരണവും മെഡിക്കൽ ക്യാമ്പുകളും വീടുവീടാന്തരം കയറിയിറങ്ങിയുള്ള ബോധവൽക്കരണവും നടത്തിയിട്ടുണ്ട്. ഒരു മാസത്തിനുശേഷം ഗവൺമെന്റ് മെഡിക്കൽ കോളേജ് മഞ്ചേരിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി സഹകരിച്ച് വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി പഠനം നടത്തുകയും ആയതിന്റെ കാരണം ഉപയോഗിച്ച വെള്ളം തന്നെ എന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വെള്ളം എടുത്ത കിണറിൽനിന്നും മറ്റൊരു വ്യക്തി ഇതേ സമയം ഒരു മരണ സംബന്ധമായ ചടങ്ങിന് വെള്ളം എത്തിച്ചതിൽ ഇതേ അസുഖം അവിടെയും കണ്ടെത്തിയിരുന്നു. ആയതിനാൽ ഉറവിടം കൊണ്ടോട്ടിയിലെ നജാത്ത് മെറ്റൽസിന്റെ പറമ്പിലുള്ള പൊതുകിണറാണെന്ന് ബോദ്ധ്യപ്പെടുകയും അടിയന്തര പ്രതിരോധ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ കിണർ അടക്കം കൊണ്ടോട്ടിയിൽ വെള്ളം എടുക്കുന്ന എല്ലാ കിണറുകളും നിത്യേന ക്ലോറിനേഷൻ ചെയ്യുകയും, ജലവിതരണം ആരോഗ്യ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാത്രവുമാണ് നടത്തിയിട്ടുള്ളത്. ലൈസൻസില്ലാതെയും നിയമാനുസൃതമല്ലാതെയും അണുവിമുക്തമാക്കാത്ത കുടിവെള്ളം വിതരണം ചെയ്ത വ്യക്തിയുടെ പേരിൽ പോലീസ് കേസ്സെടുത്തിട്ടുണ്ട്.

ഇപ്പോൾ പനി നിയന്ത്രണ വിധേയമാണ്. പിന്നീട് റിപ്പോർട്ട് ചെയ്ത പനികൾ സാധാരണ വൈറൽ പനി മാത്രമാണ്. മാത്രമല്ല അഡ്മിഷൻ സൗകര്യത്തിനായും മരുന്ന് വിതരണത്തിനായും തൊട്ടടുത്ത പി.എച്ച്.സി. നെടിയിരുപ്പ്, സി.എച്ച്.സി. കൊണ്ടോട്ടി എന്നീ സ്ഥാപനങ്ങൾ സുസജ്ജമാണ്. ഇതിനോടനുബന്ധിച്ചുണ്ടായ എല്ലാ ചികിത്സാ സംബന്ധമായ മുൻകരുതലുകളും നിയന്ത്രണ വിധേയമാക്കാനുള്ളതും പ്രതിരോധവുമായി ബന്ധപ്പെട്ടിട്ടുള്ളതുമായ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും ആരോഗ്യ വകുപ്പ് നിർവ്വഹിച്ചിട്ടുണ്ട്.

**പെരിയ സി.എച്ച്.സി.-യിൽ തസ്തികകൾ അനുവദിക്കുന്നതിന് നടപടി**

147 (1391) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തായ പുല്ലൂർ-പെരിയയിൽ സ്ഥിതിചെയ്യുന്ന പെരിയ സി.എച്ച്.സി.-യിൽ ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷ്യന്റെയും തസ്തികകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഓപ്പറേഷൻ തിയേറ്ററും ലാബ് സൗകര്യങ്ങളും സജ്ജമാക്കിയിട്ടുള്ള പ്രസ്തുത സി.എച്ച്.സി.-യിൽ എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തിലെ സ്ഥാപനം എന്ന പരിഗണന നൽകി തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പെരിയ സി.എച്ച്.സി.-യിൽ അധിക തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം**

148 (1392) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പാക്കറ്റുകളിൽ വരുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം എങ്ങനെയാണ് പരിശോധിക്കുന്നത്എന്ന് വ്യക്തമാക്കുമോ;

(സി) കറിപൗഡറുകളിൽ അടക്കമുള്ള മായം ചേർക്കൽ കണ്ടെത്തി 2014-15, 2015-16 വർഷങ്ങളിൽ വകുപ്പ് കൈക്കൊണ്ട ശിക്ഷാ നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരവും, അനുബന്ധ ചട്ടങ്ങളും അനുസരിച്ച് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്ന ഭക്ഷ്യ സംഭരണ വിതരണ-വിൽപ്പന കേന്ദ്രങ്ങളിൽ പരാതികളുടെയും റിപ്പോർട്ടുകളുടെയും പ്രത്യേക നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിർദ്ദേശപ്രകാരം പ്രത്യേക സ്ക്വാഡുകളും പരിശോധന നടത്തുകയും ഇത്തരം ഭക്ഷ്യപദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) പാക്കറ്റുകളിൽ വരുന്ന ഭക്ഷ്യവസ്തുക്കളുടെ ഫോർമൽ സാമ്പിളുകളും ഇൻഫോർമൽ സാമ്പിളുകളും ശേഖരിച്ച് അവ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും നിശ്ചിത ഗുണനിലവാരമില്ലാത്തതും, ആരോഗ്യത്തിന് ഹാനികരവുമായ ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുസരിച്ചുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നവർക്കെതിരെ കേസ്സുകൾ എടുക്കുകയും ഗുണനിലവാരമില്ലാത്ത ഭക്ഷ്യപദാർത്ഥങ്ങൾ വിൽക്കുന്നവർക്കെതിരെ പരമാവധി 5 ലക്ഷം രൂപ പിഴ ഈടാക്കുകയും ലേബലുകളിൽ കൃത്രിമം കാണിച്ച് ഭക്ഷ്യസാധനങ്ങൾ വിറ്റുകഴിഞ്ഞാൽ പരമാവധി 3 ലക്ഷം രൂപ പിഴ ഈടാക്കുന്നതുമാണ്. ജീവഹാനി സംഭവിക്കുന്ന രീതിയിൽ മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ വിറ്റാൽ ജീവപര്യന്തം തടവും 10 ലക്ഷം രൂപ പിഴയും ഈടാക്കുന്നതാണ്.

(സി) സംസ്ഥാനത്ത് വില്പന നടത്തുന്ന കറിപൗഡറുകളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് 2014-15 വർഷത്തിൽ 196 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 1,05,000 രൂപ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2015-16 വർഷത്തിൽ 134 കേസ്സുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ആശുപത്രി സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടി

149 (1393) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പൂർത്തീകരിക്കുന്ന ആശുപത്രി സൗകര്യങ്ങൾ, സ്റ്റാഫിനെ നിയമിക്കാത്തതു കാരണം ജനങ്ങൾക്ക് ഉപകാരപ്രദമായി വിനിയോഗിക്കുന്നതിന് സാധിക്കാതെ വരുന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) അനുബന്ധമായി ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പിന്റെ അനുമതിയോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് പൂർത്തീകരിക്കുന്ന ആശുപത്രി സൗകര്യങ്ങളിൽ സ്റ്റാഫിനെ നിയമിക്കുന്നതിന്, ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ അനുസരിച്ച്, ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ലഭ്യമാക്കുന്ന പ്രൊപ്പോസൽ പ്രകാരം തസ്തിക സൃഷ്ടിക്കാറുണ്ട്. അവശ്യ സന്ദർഭങ്ങളിൽ എൻ.എച്ച്.എം. വഴിയും എച്ച്.എം.സി. വഴിയും അധികമായി സ്റ്റാഫിനെ താല്ക്കാലികമായി നിയമിക്കാറുമുണ്ട്.

## സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ

150 (1394) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലടക്കമുള്ള സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താത്തതു മൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ;

(സി) ഗ്രാമീണ മേഖലയിലെ നിർബന്ധിത സേവനം ഒഴിവാക്കിയ പശ്ചാത്തലത്തിൽ അത്തരം മേഖലകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പ്രത്യേക അലവൻസ് നൽകുന്നതിന് നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.-യിൽ നിന്നുള്ള അഡ്വൈസിന്റെ അടിസ്ഥാനത്തിൽ ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ചില പിന്നോക്ക ജില്ലകളിൽ ഡോക്ടർമാർ ജോലിക്ക് ചേരുന്നതിന് വിമുഖത കാണിക്കുന്നതുമൂലം ചില സ്ഥാപനങ്ങളിൽ ഒഴിവുകൾ നികത്തുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അഡ്ഹോക് വ്യവസ്ഥയിലും എൻ.എച്ച്.എം. വഴി താൽക്കാലികമായും ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പി.എസ്.സി.-യുടെ അഡ്വൈസ് അനുസരിച്ച് അസിസ്റ്റന്റ് സർജൻമാരുടെ കൗൺസിലിംഗ് നടത്തിയ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ ഗ്രാമീണ മേഖലയിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർക്ക് 1-2-2016 മുതൽ 3500 രൂപ മാസ നിരക്കിൽ റൂറൽ അലവൻസ് നൽകിവരുന്നുണ്ട്. ഇതുകൂടാതെ ദുർഘട ഗ്രാമീണ മേഖലയിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർക്ക് 1-2-2016 മുതൽ 5000 രൂപ മാസ നിരക്കിൽ (Difficult Rural Allowance) നൽകിവരുന്നു. അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് ഓരോ മാസവും 20000 രൂപ അഡീഷണൽ ഇൻസന്റീവായും നൽകിവരുന്നുണ്ട്.

**റോഡപകടങ്ങളിൽ അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്ന ഏതെങ്കിലും പദ്ധതി**

151 (1395) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ അതിവേഗം വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) കേന്ദ്ര സർക്കാർ ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് കേന്ദ്ര ഫണ്ട് ലഭിക്കുന്നുണ്ടോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിലും കണ്ണൂർ ജില്ലാ ആശുപത്രിയിലും എറണാകുളം ജനറൽ ആശുപത്രിയിലും ട്രോമാ കെയർ മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ പണം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ലഭിച്ചത്; തുക ചെലവഴിച്ചത് എങ്ങനെയാണ്?

ഉത്തരം

(എ) ഈ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ആലപ്പുഴ മെഡിക്കൽ കോളേജിലെ സ്കീം ഫോർ ഡെവലപ്പ്മെന്റ് ഓഫ് ട്രോമാകെയർ സെന്റർ ഇൻ ഹോസ്പിറ്റൽസ് എന്ന പദ്ധതിയുണ്ട്. ആദ്യ ഗഡുവായി ഇൻഫ്രാസ്ട്രക്ചർ മോഡിഫിക്കേഷനും ഉപകരണങ്ങൾക്കുമായി തുക നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ നോഡൽ ഓഫീസറായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷനെ നിയമിച്ചു. തുക നാഷണൽ ഹെൽത്ത് മിഷനിൽനിന്നും പ്രിൻസിപ്പാളിന്റെ അക്കൗണ്ടിലേക്ക് വന്നതിനുശേഷമേ പണി ആരംഭിക്കുവാൻ പറ്റുകയുള്ളൂ. ഉപകരണങ്ങളുടെ ലിസ്റ്റ് നാഷണൽ ഹെൽത്ത് മിഷന് അയച്ചു കൊടുത്തിട്ടുണ്ട്. അവ നാഷണൽ ഹെൽത്ത് മിഷൻ പർച്ചേസ് ചെയ്യും എന്നാണറിയിച്ചിട്ടുള്ളത്.

(സി) ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചിട്ടുള്ളതും, ടി തുകയ്ക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തിയതിൻ പ്രകാരം കെ.എം.എസ്.സി.എൽ. ഉപകരണം വിതരണം ചെയ്തിട്ടുള്ളതുമാണ്.

## തൃക്കൊടിത്താനം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സാ വിഭാഗം പുനരാരംഭിക്കുന്നതിനുള്ള നടപടി

152 (1396) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കൊടിത്താനം പ്രാഥമികാരോഗ്യ കേന്ദ്രത്തിലുണ്ടായിരുന്ന കിടത്തി ചികിത്സാ വിഭാഗം നിർത്തലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഭാഗം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

**ഒഴിഞ്ഞുകിടക്കുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ**

153 (1397) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും മാനസിക ആരോഗ്യ കേന്ദ്രങ്ങളിലും എത്ര ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ നാല് തസ്തികകളും ആരോഗ്യ വകുപ്പിനുകീഴിൽ ജില്ലാ ആശുപത്രികളിലും മാനസികാരോഗ്യ കേന്ദ്രങ്ങളിലുമായി ആറ് തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ആശ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി**

154 (1398) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'ആശ ' വർക്കർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര 'ആശ ' വർക്കർമാർ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) 'ആശ ' വർക്കർമാരെ സംസ്ഥാന സർവ്വീസ് ജീവനക്കാരായി അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) ഇല്ലെങ്കിൽ 'ആശ 'വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുമോ; എങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശ വർക്കർമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2016-17 വർഷത്തിൽ ആശമാർക്ക് പുതുതായി

ഏഴാം കൈപ്പുസ്തകത്തിന്റെ പരിശീലനം ജില്ലകളിൽ നടപ്പിലാക്കിവരുന്നു. പുതിയ രോഗങ്ങളെക്കുറിച്ചും വാക്സിനുകളെക്കുറിച്ചും നവജാത ശിശുപരിപാലനവും ശൈശവ രോഗങ്ങളുടെ പരിചരണവും ജനിതക വൈകല്യങ്ങൾ അടക്കമുള്ള പല രോഗങ്ങളും നേരത്തേ കണ്ടെത്തുന്നതിനുമുള്ള പരിശീലനങ്ങളും ഇതുവഴി നൽകുന്നു. ആശമാരുടെ മികവ് വർദ്ധിപ്പിക്കുന്നതിനും ഫീൽഡ് തലത്തിൽ ആശമാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി പുതിയ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

(ബി) സംസ്ഥാനത്ത് 26,157 ആശമാർ 14 ജില്ലകളിലായി പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 2617 |
| 2. | കൊല്ലം | 2108 |
| 3. | പത്തനംതിട്ട | 1167 |
| 4. | ആലപ്പുഴ | 2096 |
| 5. | കോട്ടയം | 1577 |
| 6. | ഇടുക്കി | 996 |
| 7. | എറണാകുളം | 2172 |
| 8. | തൃശ്ശൂർ | 2291 |
| 9. | പാലക്കാട് | 2458 |
| 10. | മലപ്പുറം | 3267 |
| 11. | കോഴിക്കോട് | 1862 |
| 12. | വയനാട് | 687 |
| 13. | കണ്ണൂർ | 1971 |
| 14. | കാസർഗോഡ് | 888 |
| | ആകെ | 26157 |

(സി) ഇക്കാര്യം പരിഗണനയിലില്ല.

(ഡി) ഓണറേറിയത്തിൽ 500 രൂപയുടെ വർദ്ധനവ് വരുത്തുന്ന കാര്യം ബഡ്ജറ്റ് നിർദ്ദേശത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## ശിശുമരണ നിരക്ക്

155 (1399) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ശിശു മരണ നിരക്കിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

ശിശു മരണ നിരക്ക് ആധികാരികമായി കണക്കാക്കപ്പെടുന്നത് ഗവൺമെന്റ് ഓഫ് ഇന്ത്യ നടത്തുന്ന ഡിസ്ട്രിക്റ്റ് ലെവൽ ഹൗസ്ഹോൾഡ്- ഡി.എൽ.എച്ച്.എസ്.-4 സർവ്വേ പ്രകാരമാണ്. ആയത് അവസാനമായി നടന്നത് 2012-2013 കാലഘട്ടത്തിലാണ്. എന്നാൽ സംസ്ഥാനത്തെ 25-5-2016 മുതൽ 30-6-2016 വരെയുള്ള ശിശുമരണ നിരക്കിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | ശിശു മരണനിരക്ക് |
|---|---|
| തിരുവനന്തപുരം | 7.32 |
| കൊല്ലം | 7.1 |
| പത്തനംതിട്ട | 0.83 |
| ആലപ്പുഴ | 4.7 |
| കോട്ടയം | 2.9 |
| ഇടുക്കി | 7 |
| എറണാകുളം | 2.8 |
| തൃശ്ശൂർ | 3.8 |
| പാലക്കാട് | 5 |
| മലപ്പുറം | 5.07 |
| കോഴിക്കോട് | 3.15 |
| വയനാട് | 6.73 |
| കണ്ണൂർ | 4.21 |
| കാസർഗോഡ് | 7.5 |

**മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നതിനെതിരെ നടപടി**

156 (1400) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾ നിത്യേന ആഹാരത്തിനായി ഉപയോഗിച്ചുവരുന്ന പലവ്യഞ്ജന, പച്ചക്കറി, വിവിധ മാംസ മത്സ്യ സാധനങ്ങളിൽ മായം ചേർത്ത് അമിത വിലയ്ക്ക് വിൽക്കുന്നതുമൂലം ജനങ്ങൾ പല രോഗങ്ങൾക്കും അടിമപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) മായംചേർത്ത ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ കേരളത്തിലെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും, ഗ്രാമപഞ്ചായത്തുകളിലുമായി സ്ക്വാഡുകളെ നിയമിച്ച് കമ്പോളങ്ങളിൽ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മായംചേർത്ത ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നതിനെതിരെ കേസ് എടുക്കുന്നതിന് നിലവിലുള്ള നിയമം എന്താണെന്നും ഇതിനുള്ള പരമാവധി ശിക്ഷ എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജനങ്ങൾ നിത്യേന ആഹാരത്തിനായി ഉപയോഗിച്ചു വരുന്ന പലവ്യഞ്ജന, പച്ചക്കറി, വിവിധ മാംസ മത്സ്യ സാധനങ്ങളിൽ മായം ചേർക്കുന്നത് സംബന്ധിച്ച് പരാതികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പ്രത്യേക പരിശോധനകൾ നടത്തുകയും നിശ്ചിത ഗുണനിലവാരമില്ലാത്തതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ ഭക്ഷ്യ പദാർത്ഥങ്ങൾ കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധ ചട്ടങ്ങളും അനുശാസിക്കും പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നതിനെതിരെ കേരളത്തിലെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും ഫുഡ് സേഫ്റ്റി ഓഫീസർമാർ നിരന്തരം പരിശോധന നടത്താറുണ്ട്. ഇതുകൂടാതെ കമ്മീഷണറുടെ നിർദ്ദേശപ്രകാരം സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് സംസ്ഥാനത്ത് ഒട്ടാകെ പരിശോധന നടത്തിവരുന്നു.

(ഡി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമാണ് മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നതിനെതിരെ കേസ് എടുക്കുന്നത്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യപദാർത്ഥങ്ങൾ വിറ്റ് കഴിഞ്ഞാൽ പരമാവധി 5 ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതാണ്. ലേബലുകളിൽ കൃത്രിമം കാണിച്ച് ഭക്ഷ്യസാധനങ്ങൾ വിറ്റുകഴിഞ്ഞാൽ പരമാവധി 3 ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതാണ്. മനുഷ്യന് മരണം സംഭവിക്കുന്ന രീതിയിൽ മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ വിറ്റാൽ ജീവപര്യന്തം തടവുശിക്ഷയും 10 ലക്ഷം രൂപ പിഴയും ഈടാക്കുന്നതാണ്.

## പുതിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത്

157 (1401) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധാരണമായി കണ്ടുവരാത്ത പുതിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്;

(സി) ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുന്ന രോഗങ്ങളുടെ സ്ഥിരീകരണത്തിനാവശ്യമായ ലബോറട്ടറി പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015-16-ൽ കൊല്ലം ജില്ലയിൽ 'ലിഷ്മാനിയാസിസ്' (കാലാഅസാർ), മലപ്പുറം ജില്ലയിൽ 'ഡിഫ്ത്തീരിയ' എന്നീ രോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ലിഷ്മാനിയാസിസും ഡിഫ്ത്തീരിയയും മുൻവർഷങ്ങളിലും ഒറ്റപ്പെട്ട രീതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളവയാണ്. ആലപ്പുഴ ജില്ലയിൽ അമീബിക് മെനിഞ്ചോഎൻസെഫലൈറ്റീസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ലകളിൽ ആരോഗ്യ-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിലെ വിദഗ്ദ്ധർ വിശദമായ ഫീൽഡുതല പരിശോധന നടത്തി രോഗവ്യാപനം തടയുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള സംഘങ്ങൾ ഇത്തരം പ്രദേശങ്ങൾ സന്ദർശിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിലയിരുത്തുകയും കൂടുതൽ പ്രവർത്തനങ്ങൾ ആവശ്യമെങ്കിൽ അതിന് നേതൃത്വം നൽകുകയും ചെയ്യുന്നു. വിവിധ മെഡിക്കൽ

കോളേജുകളിലെ വിദഗ്ദ്ധരുടെയും മൃഗസംരക്ഷണം തുടങ്ങിയ അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം ചേർന്ന് ഇത്തരം അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കും പ്രതിരോധത്തിനും ആവശ്യമായ മാർഗ്ഗരേഖ ഉണ്ടാക്കുകയും ജില്ലകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജ് ലബോറട്ടറികൾ, സ്റ്റേറ്റ് പി.എച്ച്. ലാബ്, എൻ.ഐ.വി. പൂനയുടെ ആലപ്പുഴ ബ്രാഞ്ച് തുടങ്ങിയ ലബോറട്ടറികളിൽ വിദഗ്ദ്ധ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്. സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത പരിശോധനാ സംവിധാനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ICMR, NIV (ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൂനെ) തുടങ്ങിയവയുടെ സേവനങ്ങൾ ലഭ്യമാക്കുന്നു.

(ഡി) പരിശോധനാ സൗകര്യങ്ങൾ വിപുലപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

## എല്ലാ സർക്കാർ ആശുപത്രികളിലും പി.എച്ച്.സി.-കളിലും ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

158 (1402) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ ആശുപത്രികളിലും പ്രത്യേകിച്ച് പി.എച്ച്.സി.-കളിൽ ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്തത് പാവപ്പെട്ട രോഗികളുടെ ചികിത്സാ സൗകര്യം ഇല്ലാതാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എല്ലാ പി.എച്ച്.സി.-കളിലും ലാബ് സൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയുണ്ടോ;എത്ര പി.എച്ച്.സി.-കളിൽ നിലവിൽ ലാബ് സൗകര്യം ഉണ്ടെന്നും എത്രയെണ്ണം ഇനിയും ആവശ്യമാണെന്നും വ്യക്തമാക്കുമോ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും കുറഞ്ഞ ചെലവിൽ കാര്യക്ഷമതയുള്ള ലബോറട്ടറി സൗകര്യം ഏർപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലബോറട്ടറി സംവിധാനം ലഭ്യമാകുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലബോറട്ടറി സംവിധാനം ആരംഭിച്ചിട്ടില്ല. പ്രസ്തുത സംവിധാനം ലഭ്യമല്ലാത്ത പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി

സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ ദേശീയാരോഗ്യ മിഷൻ/ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖേന ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 170-ഓളം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിൽ എല്ലാ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും കാര്യക്ഷമമായ ലബോറട്ടറി സംവിധാനം സൗജന്യനിരക്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി സൗകര്യം ലഭ്യമല്ലാത്ത പ്രാഥമിക/ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആരോഗ്യ വകുപ്പിന്റെ കീഴിൽ നാഷണൽ ഹെൽത്ത് മിഷന്റെ കോംപ്രഹെൻസീവ് ഹെൽത്ത് പ്രോഗ്രാം മുഖേന ലബോറട്ടറി സംവിധാനം ആരംഭിക്കുന്ന നടപടികൾ പുരോഗതിയിലാണ്.

**ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ**

159 (1403) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഹോമിയോപ്പതി വകുപ്പിൽ ജീവിത ശൈലീരോഗങ്ങൾ ചികിത്സിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കൊല്ലം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളായ ആയുർവ്വേദവും യോഗയും സമന്വയിപ്പിച്ചുകൊണ്ടുള്ള സമഗ്ര ചികിത്സാ പദ്ധതിയായ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളിലൂടെ പ്രമേഹം, രക്ത സമ്മർദ്ദം, കൊളസ്ട്രോൾ, ഗർഭാശയ രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുക, ചികിത്സയിലൂടെ രോഗശാന്തി നൽകുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഇപ്പോൾ ഹോമിയോപ്പതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വയനാട് ജില്ലയിൽ വാർഷിക പദ്ധതി പ്രകാരം പുതിയ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വിദേശ ബ്രാന്റുകളുടെ പേരിൽ വിറ്റുവരുന്ന വ്യാജ സിഗരറ്റുകൾ**

160 (1404) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ബ്രാന്റുകളുടെ പേരിൽ വ്യാജ സിഗരറ്റുകൾ സംസ്ഥാനത്ത് വ്യാപകമായി വിറ്റുവരുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഗുണനിലവാരമില്ലാത്ത പുകയില ഉപയോഗിച്ച് നിർമ്മിക്കുന്ന ഇത്തരം സിഗരറ്റുകളുടെ ഉപയോഗം മാരക രോഗങ്ങൾക്ക് കാരണമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന് നികുതി നഷ്ടവും ജനങ്ങൾക്ക് മാരകരോഗവും ഉണ്ടാക്കുന്ന ഇവയുടെ ഉപയോഗം തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനകം ഇത്തരം വ്യാജ സിഗരറ്റുകളുടെ നിർമ്മാണ-വിൽപന കേന്ദ്രങ്ങൾ കണ്ടെത്തി അവിടെ ആരോഗ്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) വിദേശ ബ്രാന്റുകളുടെ പേരിൽ വ്യാജ സിഗരറ്റുകൾ വിറ്റുവരുന്നതായുള്ള മാധ്യമ റിപ്പോർട്ടുകളല്ലാതെ ഇത് സംബന്ധമായ ഒരു പരാതിയും ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടില്ല. COTPA (Cigarettes and Other Tobacco Products Act) നിയമ പ്രകാരം ആരോഗ്യ വകുപ്പ് നേരിട്ട് നടത്തുന്ന റെയ്ഡുകളിൽ ഇത്തരം ഉല്പന്നങ്ങൾ കൈവശം വയ്ക്കുകയോ വിൽക്കുകയോ ചെയ്യുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) എല്ലാ പുകയില ഉല്പന്നങ്ങളും ക്യാൻസറും മറ്റ് മാരക രോഗങ്ങളും ഉണ്ടാക്കുന്നവെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട വസ്തുതയാണ്.

(സി) പുകയിലയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുവേണ്ടി ഭാരതത്തിൽ നിലവിലുള്ള നിയമമാണ് COTPA (Cigarettes and Other Tobacco Products Act). ഈ നിയമപ്രകാരം പുകയിലയുടെ വിൽപ്പനയ്ക്കും ഉപയോഗത്തിനും സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ പിഴയും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) ആരോഗ്യ വകുപ്പിന്റെ ഫീൽഡ് വിഭാഗം ജീവനക്കാർ നടത്തുന്ന COTPA Implementation പദ്ധതിയിലൂടെ വിദ്യാലയങ്ങളും പരിസരങ്ങളും പുകയില വിമുക്തമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ആരോഗ്യ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന സേഫ് കേരള പദ്ധതിയിലൂടെ കേരളത്തിലുടനീളം COTPA നിയമ ലംഘകർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും അനധികൃത പുകയില ഉൽപ്പന്ന കേന്ദ്രങ്ങളിൽ റെയ്ഡുകൾ സംഘടിപ്പിച്ച് ഉല്പന്നങ്ങൾ പിടിച്ചെടുക്കുകയും നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 2016 ജൂൺ 13-ന് തൃശ്ശൂർ ജില്ലയിൽ നടത്തിയ COTPA റെയ്ഡിൽ 14 ലക്ഷത്തിൽപ്പരം രൂപ വിലമതിക്കുന്ന അനധികൃത പുകയില ഉല്പന്നങ്ങൾ കണ്ടുകെട്ടുകയുണ്ടായി.

**സുകൃതം സൗജന്യ ചികിത്സാ പദ്ധതി**

161 (1405) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾക്ക് മുൻ സർക്കാർ ആരംഭിച്ച സുകൃതം സൗജന്യ ചികിത്സാ പദ്ധതി നിർത്തിവയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) സുകൃതം പദ്ധതി നിലവിലുള്ള ആശുപത്രികൾക്ക് ഫണ്ട് നൽകാൻ സർക്കാർ തയ്യാറാകുമോ;

(സി) ബി.പി.എൽ. കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ വരുന്നവർക്കും ഏറെ ആശ്വാസമായിരുന്ന സുകൃതം പദ്ധതിക്ക് ഫണ്ട് നിഷേധിച്ചതു മൂലമുള്ള രോഗികളുടെ ആശങ്ക ദൂരീകരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സുകൃതം പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള ക്യാൻസർ കെയർ സൊസൈറ്റി രജിസ്റ്റർ ചെയ്യപ്പെട്ടുകയും സുകൃതം പദ്ധതിയുടെ നടത്തിപ്പ് ഈ സൊസൈറ്റിയിൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി നിലവിലുള്ള എട്ട് ആശുപത്രികളിൽ നിന്നും ഫണ്ടിനായുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

(സി) സുകൃതം പദ്ധതിക്ക് ഫണ്ട് നിഷേധിച്ചിട്ടില്ല.

**ആരോഗ്യ നയം**

162 (1406) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമം ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യ നയം രൂപീകരിക്കുമ്പോൾ പാരാമെഡിക്കൽ നയം കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 20-5-2016-ന് 13-ാം കേരള നിയമസഭ പിരിച്ചുവിട്ടതിനാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 196 (5) പ്രകാരം 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 230 ആയി പ്രസിദ്ധീകരിച്ച കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ ലാപ്സായിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ആശ്രിത നിയമനം**

163 (1407) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്തുവരവേ മരണപ്പെട്ട ശ്രീ. വി. സി. രവീന്ദ്രന്റെ ആശ്രിതയ്ക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ഡി) നിയമനം നൽകുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയത് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തുവരവെ മരണമടഞ്ഞ പി. സി. രവീന്ദ്രന്റെ മകൾ ശ്രീമതി രജിത ആർ. വി., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് ലഭ്യമാക്കുകയും, പ്രസ്തുത അപേക്ഷ പരിഗണിച്ച് 22-6-2016-ലെ സ.ഉ. (എം.എസ്) നമ്പർ 120/2016/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി രജിത ആർ. വി.-യെ ആരോഗ്യ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

164 (1408) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ/ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ആരോഗ്യ/ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ പാരാ മെഡിക്കൽ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചത് ഏത് വർഷമാണ് എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന കാര്യത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂളിന്റെ കരട് തയ്യാറാക്കിവരുന്നു.

(സി) 6-11-2008-ലെ ജി.ഒ. (എംഎസ്.) നമ്പർ 568/08/ആ.കു.വ. സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

165 (1409) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ നടപ്പാക്കണമെന്ന് ഐ.എച്ച്.കെ. തുടങ്ങിയ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വൈദ്യശാസ്ത്ര മേഖലകളിലുള്ള വിവിധ ചികിത്സാ ശാഖകളിൽ അംഗീകൃത യോഗ്യത ഇല്ലാതെ ചികിത്സ നടത്തുന്നതിന് പ്രത്യേക അനുമതി പത്രം കൊടുക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഇപ്രകാരം ചികിത്സാരംഗം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ ആക്ട് പ്രകാരം അനുമതി പത്രം ലഭിച്ചിട്ടുള്ളവർക്ക് ചികിത്സ നടത്തുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രായപരിധി കഴിഞ്ഞതും യോഗ്യത ഇല്ലാത്തതുമായ ആളുകൾ ചികിത്സ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിക്കുന്നതിന് മുൻ സർക്കാർ ഒരു സമിതി രൂപീകരിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരൊക്കെയായിരുന്നു സമിതി അംഗങ്ങൾ എന്നും ഇവരുടെ നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു എന്നും വ്യക്തമാക്കുമോ ; ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമം നടപ്പിലാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ നടപ്പാക്കണമെന്ന് ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അംഗീകൃത യോഗ്യതയില്ലാതെ ചികിത്സ നടത്തുന്നതിന് നിലവിൽ വ്യവസ്ഥകളില്ല. ചികിത്സാരംഗം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടി ശിപാർശ ചെയ്യാറുണ്ട്.

(സി) ഇല്ല. യോഗ്യതയില്ലാതെ ചികിത്സ നടത്തുന്നവർക്കെതിരെ ലഭിക്കുന്ന പരാതി ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി പോലീസ് അധികാരികൾക്ക് കൈമാറാറുണ്ട്.

(ഡി) 16-4-2010-ലെ സ.ഉ. (സാധാ) നമ്പർ 1617/2010/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ആയുർവ്വേദം, ഹോമിയോ എന്നീ ചികിത്സാ സമ്പ്രദായങ്ങൾക്ക് പ്രത്യേകമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-1* ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത സമിതികളുടെ നിർദ്ദേശങ്ങൾ അനുബന്ധം-2* ആയി ചേർത്തിരിക്കുന്നു. ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കൊച്ചി മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ഒഴിവുകൾ**

166 (1410) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മണ്ഡലത്തിലെ വിവിധ താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഒഴിവുള്ള തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ല. താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഒഴിവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഏകീകൃത പൊതുജനാരോഗ്യ നിയമം**

167 (1411) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി&സി) 1955-ലെ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമവും 1935-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും കാലാനുസൃതമായി പരിഷ്കരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസ്സാക്കുന്നതിനായി രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റി സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ സർക്കാരിന്റെ പരിശോധനയിലാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### നെന്മാറ സി.എച്ച്.സി.-യിൽ വിഷചികിത്സാ കേന്ദ്രം തുടങ്ങാൻ നടപടി

168 (1412) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ സി.എച്ച്.സി.-യിൽ വിഷചികിത്സാ കേന്ദ്രം തുടങ്ങുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഈ പ്രദേശത്ത് പാമ്പുകടിയേറ്റ് യഥാസമയം ചികിത്സ കിട്ടാതെ മരണപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ പാമ്പുകടിയേൽക്കുന്നവർ ചികിത്സയ്ക്കായി ആശ്രയിക്കുന്നത് 30-50 കിലോമീറ്റർ അകലെയുള്ള ജില്ലാ ആശുപത്രിയെയും മറ്റ് ജില്ലകളിലുള്ള ആശുപത്രികളേയുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് നെന്മാറ സി.എച്ച്.സി.-യിൽ വിഷ ചികിത്സാ കേന്ദ്രം തുടങ്ങാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) നെന്മാറ സി.എച്ച്.സി.-യിൽ വിഷചികിത്സാ കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ ജീവനക്കാർ, ഭൗതിക സൗകര്യങ്ങൾ ഇവ ലഭ്യമാക്കി വിഷചികിത്സാ കേന്ദ്രം തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നെന്മാറ സി.എച്ച്.സി.-യിൽ വിഷചികിത്സാ കേന്ദ്രം തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

### നൂറനാട് ലെപ്രസി സാനട്ടോറിയം

169 (1413) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനട്ടോറിയത്തെ സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) സാനട്ടോറിയത്തിന്റെ നവീകരണത്തിനായി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നൂറനാട് ലെപ്രസി സാനട്ടോറിയത്തെ സ്പെഷ്യലാറ്റി ആശുപത്രി യാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ടി സ്ഥാപനത്തിനോട് ചേർന്ന് 100 കിടക്കകളുള്ള താലൂക്കാശുപത്രി ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ടി പ്രൊപ്പോസൽ 688053/M1/16/ആ.കു.വ. എന്ന ഫയലിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ടി ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, മെയിൽ, ഫീമെയിൽ വാർഡ് എന്നിവയുടെ നിർമ്മാണത്തിന് 2016-17 സാമ്പത്തിക വർഷത്തെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കരുവേലി താലൂക്ക് ആശുപത്രിയിൽ സർജനെ നിയമിക്കാൻ നടപടി**

170 (1414) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മണ്ഡലത്തിലെ കരുവേലി താലൂക്ക് ആശുപത്രിയിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് നവീകരിച്ച പോസ്റ്റ് ഓപ്പറേറ്റീവ് വാർഡിൽ സർജനെ നിയമിക്കാത്തത് കാരണം പ്രസ്തുത വാർഡ് ഉപയോഗ ശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രിയിൽ സർജനെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ ജനറൽ സർജറി വിഭാഗത്തിൽ ഒഴിവുള്ള ഒരു കൺസൾട്ടന്റിന്റെ തസ്തിക സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഡോ. പി. കെ. ദിലീപ് കുമാർ ജോലി നോക്കിവരുന്ന സാഹചര്യത്തിൽ സർജന്റെ ഒഴിവുമൂലം പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് ഉപയോഗ ശൂന്യമായി കിടക്കുന്ന സാഹചര്യം നിലവിലില്ല.

**മഴക്കാല രോഗങ്ങൾ നിയന്ത്രിക്കാൻ പദ്ധതി**

171 (1415) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പനിബാധിതരായവരുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) പനി ബാധിതർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) വിവിധയിനം പനികൾ ബാധിച്ചവരുടെ എണ്ണം വ്യാപകമാകുന്നു എന്ന പത്ര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ഇ) പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള തീരദേശ മേഖലയിൽ ആയത് നിയന്ത്രിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നു. മഴക്കാലം വരുന്നതിനു മുമ്പേതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ശുചിത്വമിഷനെയും ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗ പ്രതിരോധ നിയന്ത്രണ ബോധവത്കരണ ക്യാമ്പയിനുകളും നടപ്പിലാക്കിവരുന്നു. മേയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനമനുസരിച്ച് ജൂൺ 1 മുതൽ 5 വരെ ശുചീകരണ വാരമായി ആചരിച്ച് വീടുകൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ, തോട്ടങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ ശുചീകരണവും കൊതുകിന്റെ ഉറവിടം നശീകരണവും നടത്തിയിരുന്നു. കൂടാതെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടേയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രൈവറ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് പ്രധാന പകർച്ചവ്യാധികളെ സംബന്ധിക്കുന്ന ചികിത്സാ മാർഗ്ഗരേഖകളും ലഭ്യമാക്കിയിട്ടുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹ സന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപകർച്ച തടയുന്നതിനുള്ള കൊതുക് നശീകരണ പ്രവർത്തനങ്ങളും - ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ, ബോധവത്കരണ പ്രവർത്തനങ്ങൾ, വയറിളക്കരോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്.-ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(സി) ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ പ്രൈവറ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർക്ക് പ്രധാന പകർച്ചവ്യാധികളെ സംബന്ധിക്കുന്ന പരിശീലനവും ചികിത്സാ മാർഗരേഖകളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പനി വാർഡുകൾ, പനി ക്ലിനിക്കുകൾ തുടങ്ങിയവ സ്ഥാപിക്കുകയും ഒ.പി. സമയം നീട്ടുകയും ചെയ്തിട്ടുണ്ട്. പനി വാർഡുകളിൽ കൊതുക് വല ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) ഇത്തരം പത്ര റിപ്പോർട്ടുകൾ ശ്രദ്ധിക്കാനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഐ.ഡി.എസ്.പി. വിഭാഗത്തിൽ പ്രത്യേക പ്രവർത്തന രീതി (മീഡിയ സ്കാൻ ആന്റ് വെരിഫിക്കേഷൻ സെൽ) നിലവിലുണ്ട്. ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജില്ലാ സർവലൻസ് ആഫീസറുമായി ചർച്ച ചെയ്ത് വാർത്തകളുടെ നിജസ്ഥിതി ഉറപ്പാക്കുകയും അതിനനുസൃതമായി തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

(ഇ) പരിഗണിക്കുന്നതാണ്.

**ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇ.സി.ജി. മെഷീൻ**

172 (1416) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇ.സി.ജി. മെഷീൻ അടക്കമുള്ള അവശ്യ മെഷീനുകൾ കാലപ്പഴക്കം കൊണ്ട് തെറ്റായ റിസൽട്ട് നൽകുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് അടിയന്തര ഇടപെടൽ ഉണ്ടാകുകയും പുതിയ മെഷിൻ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊച്ചി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ

173 (1417) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

കൊച്ചി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും പ്രൈമറി ഹെൽത്ത് സെന്ററുകളിലെയും ഒഴിവുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു :

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഫോർട്ട് കൊച്ചി :

| | |
|---|---|
| ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്) | 1 |
| അസിസ്റ്റന്റ് സർജൻ | 1 |
| കാഷ്വൽറ്റി മെഡിക്കൽ ഓഫീസർ | 2 |

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മട്ടാഞ്ചേരി :

| | |
|---|---|
| കൺസൾട്ടന്റ് (ഗൈനക്ക്) | 1 |
| ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്) | 1 |
| അസിസ്റ്റന്റ് സർജൻ | 1 |
| നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2 | 1 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 2 |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 3 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |
| ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 |
| പി.എച്ച്.എൻ. | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 | 1 |

<u>ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി :</u>

| | |
|---|---|
| സൂപ്രണ്ട് | 1 |
| കൺസൾട്ടന്റ് സർജറി | 1 |
| ഒഫ്ത്താൽമിക് | 1 |
| മെഡിസിൻ | 1 |
| നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-1 | 1 |
| ഹെഡ് നഴ്സ് | 1 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 2 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |
| ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 |

<u>സി. എച്ച്.സി., കുമ്പളങ്ങി :</u>

| | |
|---|---|
| ജെ.എച്ച്.ഐ. | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 1 |

<u>ടി. ബി. സെന്റർ, കരുവേലിപ്പടി :</u>

| | |
|---|---|
| ട്രീറ്റ്മെന്റ് ഓർഗനൈസർ | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -1 | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2 | 1 |

അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി.-യുടെ ശിപാർശ അനുസരിച്ച് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്പെഷ്യാലിറ്റി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഓപ്ഷൻ വാങ്ങി സ്പെഷ്യലിസ്റ്റുകളായി നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ നിയമനാധികാരി ആയിട്ടുള്ള തസ്തികകളുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2-ന്റെ നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## മത്സ്യം കേടുകൂടാതിരിക്കാൻ മാരക രാസവസ്തുക്കളുടെ ഉപയോഗം

174 (1418) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പനയ്ക്ക് എത്തുന്ന മത്സ്യം കേടുകൂടാതിരിക്കാൻ ഫോർമാലിൻ പോലുള്ള മാരക രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നതായി വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം രാസവസ്തുക്കൾ മനുഷ്യശരീരത്തിൽ പ്രവേശിച്ചാലുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ അതീവ ഗൗരവമുള്ളതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള മത്സ്യ-വിപണന-വിതരണക്കാർക്കെതിരെ ക്രിമിനൽ നടപടിയെടുക്കുന്നതിന് ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം രാസവസ്തുക്കൾ മനുഷ്യ ശരീരത്തിൽ പ്രവേശിച്ചാലുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) രാസവസ്തുക്കൾ ചേർത്ത മത്സ്യവിപണനത്തിലേർപ്പെട്ടതായി കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധ ചട്ടങ്ങളും അനുസരിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. സംസ്ഥാനത്ത് രാസവസ്തുക്കൾ ചേർത്ത മത്സ്യവിപണനം നടത്തുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ലോകായുക്തയുടെ 14-11-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി മത്സ്യ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ഏതെങ്കിലും തരത്തിലുള്ള രാസവസ്തുക്കൾ ചേർത്തതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ മത്സ്യവിപണികളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നത് തുടർന്നുവരികയാണ്.

## എറിയാട് - അത്താണി ആശുപത്രി സി.എച്ച്.സി. ആയി ഉയർത്തൽ

175 (1419) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറിയാട്-അത്താണി ആശുപത്രി, സി.എച്ച്.സി. ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ;

(ബി) ശ്രീനാരായണപുരം ആൽമാവ് ആശുപത്രി, കുരിക്കുഴി ആശുപത്രി എന്നിവിടങ്ങളിൽ കിടത്തി ചികിത്സ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭൗതീക സാഹചര്യങ്ങളെല്ലാം പൂർത്തീകരിച്ച മേൽപറഞ്ഞ ആശുപത്രികളിലെ ഡോക്ടർമാരുടെ നിലവിലുള്ള എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 26-2-2009-ലെ ജി. ഒ. (എംഎസ്.) നമ്പർ 53/09/ആ.കു.വ. ഉത്തരവ് പ്രകാരം സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്.

(ബി) ശ്രീനാരായണപുരം ആൽമാവ് ആശുപത്രിയിൽ ഐ.പി. ഇല്ല. ഏകദേശം 55 ഒ.പി.യാണ് ഇവിടെ ദൈനംദിനമുള്ളത്. ഈ പി.എച്ച്.സി.-യുടെ 7 കി.മീ. ചുറ്റളവിൽ സി.എച്ച്.സി. പെരിഞ്ഞനം, 10 കി.മീ. ചുറ്റളവിൽ കൊടുങ്ങല്ലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി എന്നിവ സ്ഥിതിചെയ്യുന്നു. ആയതിനാൽ ഇവിടെ ഐ.പി. തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൂരിക്കുഴി ആശുപത്രിയിൽ ഐ.പി. ആരംഭിക്കുന്നതിനായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ജനസംഖ്യ-ഡോക്ടർ അനുപാതം**

176 (1420) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനസംഖ്യ-സർക്കാർ ഡോക്ടർ അനുപാതം എത്രയാണെന്നത് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

| | | |
|---|---|---|
| തിരുവനന്തപുരം | - | 6906:1 |
| കൊല്ലം | - | 8388:1 |
| പത്തനംതിട്ട | - | 4944:1 |
| ആലപ്പുഴ | - | 6605:1 |
| കോട്ടയം | - | 4161:1 |
| ഇടുക്കി | - | 6196:1 |
| എറണാകുളം | - | 9903:1 |
| തൃശ്ശൂർ | - | 7522:1 |
| പാലക്കാട് | - | 4221:1 |
| മലപ്പുറം | - | 10146:1 |
| കോഴിക്കോട് | - | 7575:1 |
| വയനാട് | - | 4682:1 |
| കണ്ണൂർ | - | 6428:1 |
| കാസർഗോഡ് | - | 6802:1 |

## അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

177 (1421) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) അവയവദാനം നടത്തിയ വ്യക്തിയുടെ കുടുംബത്തെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അവയവ ദാനത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ മരണാനന്തര അവയവ ദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) 'മൃതസഞ്ജീവനി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ സംസ്ഥാനതല ആഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചു വരുന്നു. രോഗികളെ രജിസ്റ്റർ ചെയ്യാനായി www.knos.org.in എന്ന പേരിൽ ഒരു വെബ്സൈറ്റും ആരംഭിച്ചു. മരണാനന്തര അവയവ ദാനത്തിന് താല്പര്യമുള്ളവർ വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) World Health Organization (WHO)-ന്റെ cells, tissue & organ transplantation മാർഗ്ഗനിർദ്ദേശ (5) പ്രകാരം cells, tissues, അവയവങ്ങൾ എന്നിവ ദാനം ചെയ്യുന്നത് യാതൊരു പ്രതിഫലേച്ഛയും കൂടാതെ ആയിരിക്കണം. ജീവിച്ചിരിക്കുന്ന വ്യക്തിയോ, മരണാനന്തര അവയവദാനം ചെയ്യുന്ന വ്യക്തിയുടെ ബന്ധുക്കളോ അവയവങ്ങളോ കോശങ്ങളോ ട്രാൻസ്പ്ലാന്റിനായി വിൽക്കുവാനോ വാങ്ങുവാനോ വാങ്ങാൻ പ്രേരിപ്പിക്കുന്നതോ ചെയ്യുന്നത് നിരോധിച്ചിരിക്കുകയാണ്.

(സി) അവയവ ദാനത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) 'മൃതസഞ്ജീവനി'-യുടെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം അവയവദാന ബോധവത്കരണ സെമിനാറുകളും ശില്പശാലകളും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫിന് ട്രെയിനിംഗ് പരിപാടികളും നടത്തി വരുന്നു.

**കേശവപുരം സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്താൻ നടപടി**

178 (1422) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേശവപുരം സി.എച്ച്.സി. താലൂക്കാശുപത്രിയാക്കി ഉർത്തുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ കൂടുതലായി അധിവസിക്കുന്ന കിളിമാനൂർ ബ്ലോക്കിലുൾപ്പെട്ട കേശവപുരം സി.എച്ച്.സി.-യിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാൻ ഉത്തരവിറങ്ങിയിട്ടും നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ 154 ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർ തസ്തിക (ഗൈനക്കോളജി & പീഡിയാട്രിക്സ്) സൃഷ്ടിക്കുന്ന ലിസ്റ്റിൽ കേശവപുരം സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**കുറിച്ചി സി.എച്ച്.സി.-യിൽ സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി**

179 (1423) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിലുള്ള സി.എച്ച്.സി.-യിൽ സ്റ്റഫ് പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിനെ നിയമിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**അങ്കമാലി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം**

180 (1424) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി താലൂക്ക് ആശുപത്രിയിൽ ഒ.പി., ഐ.പി. വിഭാഗങ്ങളിലായി നിത്യവും എത്ര രോഗികളാണ് എത്തുന്നതെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ ആശുപത്രിയിൽ ഡോക്ടർമാരുൾപ്പെടെ നിലവിലുള്ള വിവിധ തസ്തികകളുടെ ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ; നിലവിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ വിഭാഗം സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനമാണ് ഇവിടെ ലഭ്യമാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഈ ആശുപത്രിയിലെ അടിസ്ഥാന സൗകര്യത്തിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശരാശരി പന്ത്രണ്ട് (12) രോഗികൾ ഐ.പി. വിഭാഗത്തിലും അഞ്ഞൂറ് (500) രോഗികൾ ഒ.പി. വിഭാഗത്തിലും നിത്യേന ചികിത്സ തേടിയെത്താറുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി, ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക് എന്നീ വിഭാഗങ്ങളിലാണ് സേവനം ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) ഉണ്ട്. പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഡോക്ടർ തസ്തികകൾ**

181 (1425) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ ആകെ എത്ര ഡോക്ടർ തസ്തികകളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഈ ആശുപത്രിയിൽ എത്ര ഡോക്ടർമാർ സേവന മനുഷ്ഠിക്കുന്നുണ്ട്. വിശദമാക്കാമോ;

(സി) ഡോക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ ആ ഒഴിവിൽ നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 20 തസ്തികകൾ.

(ബി) 16 ഡോക്ടർമാർ.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോതമംഗലം താലൂക്ക് ആശുപത്രിയിലെ തസ്തികകൾ**

182 (1426) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ ക്ലീനിംഗ് വിഭാഗം ജീവനക്കാരുടെ ഏതെല്ലാം തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞുകിടക്കുന്നുണ്ടോഎന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ആ തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | ആശുപത്രി അറ്റൻഡർ ഗ്രേഡ് 1 | - | 2 തസ്തിക |
| | ആശുപത്രി അറ്റൻഡർ ഗ്രേഡ് 2 | - | 15 തസ്തിക |
| | പാർട്ട്-ടൈം സ്വീപ്പർ | - | 4 തസ്തിക (സ്ഥിരം) |

(ബി) പാർട്ട്-ടൈം സ്വീപ്പറുടെ മൂന്ന് ഒഴിവുകളുണ്ട്.

(സി) അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**അലോപ്പതി ഒഴികെയുള്ള ചികിത്സാ രീതികളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായുള്ള പദ്ധതി**

183 (1427) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ രംഗത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭാരതീയ ചികിത്സാ രീതികളായ ആയുർവ്വേദം, യോഗ, പ്രകൃതി ചികിത്സ, യുനാനി, സിദ്ധ എന്നീ സമ്പ്രദായങ്ങൾക്കും ഹോമിയോപ്പതിക്കും സംസ്ഥാനത്ത് കൂടുതൽ പ്രാമുഖ്യം നൽകുന്നതിനും ഈ ചികിത്സാ വിഭാഗങ്ങൾ ഗവേഷണപരമായും വിദ്യാഭ്യാസപരമായും കൂടുതൽ ഔന്നത്യം ആർജ്ജിക്കുന്നതിനും ആരോഗ്യ സംരക്ഷണത്തിൽ ഈ സമ്പ്രദായങ്ങളുടെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഇതുവഴി ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി കേന്ദ്ര സർക്കാരിന്റെ മാതൃകയിൽ സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ആയുഷ് ഹോളിസ്റ്റിക് സെന്റർ തിരുവനന്തപുരത്ത് ആരംഭിക്കുകയും ഇപ്പോൾ കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് 8 ജില്ലകളിൽ ആയുഷ് ഗ്രാമം പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയുഷ് ഹെൽത്ത് പ്രോഗ്രാം, ഹോളിസ്റ്റിക് സെന്റർ എന്നിവ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വിദ്യാലയ അന്തരീക്ഷം ആരോഗ്യപൂർണ്ണമാക്കുന്ന പദ്ധതി**

184 (1428) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009-ൽ 10 ശതമാനത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. ഇപ്രകാരം ഈ സേവനം 13655 സ്കൂളുകളിലെ 43 ലക്ഷത്തോളം കുട്ടികൾക്ക് ലഭ്യമാക്കി. 2014-15 സാമ്പത്തിക വർഷം സ്കൂൾ ഹെൽത്ത് നേഴ്സുമാരുടെ സേവനം അംഗൻവാടി കുട്ടികൾക്കുംകൂടി ലഭ്യമാകത്തക്കവണ്ണം പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി. പ്രത്യേകമായി നിയമിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നേഴ്സുമാരാണ് സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

<u>ചികിത്സാ സേവനം :</u>

സ്കൂൾ ഹെൽത്ത് നേഴ്സുമാർ ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളുകളിൽ വച്ചുതന്നെ കൈകാര്യം ചെയ്ത് റഫർ ചെയ്യേണ്ടവ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും കൃത്യമായി നിരീക്ഷണം നടത്തുകയും ചെയ്യുന്നു. വർഷത്തിലൊരിക്കൽ സ്കൂളിലെ എല്ലാ കുട്ടികളേയും ചിട്ടയായ വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കി വിവരങ്ങൾ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തുകയും ഇത്തരം പരിശോധനയിലൂടെ കണ്ടെത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സ്കൂൾ അധികൃതരുടേയും മാതാപിതാക്കളുടേയും ശ്രദ്ധയിൽപ്പെടുത്തി അവരുടെ സഹകരണത്തോടെ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നു. ഈ കുട്ടികളെ കൃത്യമായി, തുടർച്ചയായ നിരീക്ഷണം നടത്തുക എന്നത് സ്കൂൾ ഹെൽത്ത് നേഴ്സുമാരുടെ പ്രധാനപ്പെട്ട ചുമതലയാണ്.

വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്കടിസ്ഥാനത്തിൽ നടത്തിവരുന്നു. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും. ത്വക്ക്, കണ്ണ്, പല്ല്, ചെവി, തൊണ്ട, മൂക്ക് തുടങ്ങിയവ കൈകാര്യം ചെയ്യുന്ന വിദഗ്ദ്ധരെ ഈ ക്യാമ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവിടെ നിന്നും ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ തുടങ്ങിയ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നു.

<u>പ്രതിരോധ പ്രവർത്തനം :</u>

പ്രതിരോധ കുത്തിവയ്പുകളായ ടെറ്റനസ്, റുബല്ല വാക്സിനേഷനുകളും നൽകുന്നു. ഹെൽത്ത് ക്ലബ്ബ് കാര്യക്ഷമമായി നടത്തുകയും ആരോഗ്യ ബോധവത്കരണത്തിനായി വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റ് കലാരൂപങ്ങൾ മുതലായവ സ്കൂൾ ഹെൽത്ത് നഴ്സുമാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

കൂടാതെ കുട്ടികളോടുള്ള അതിക്രമത്തിനെതിരായ പ്രവർത്തനത്തിന്റെ ഭാഗമായി കൗമാരക്കാർക്കും അമ്മമാർക്കും അംഗണവാടി വഴി നേഴ്സുമാരും മറ്റ് വിദഗ്ദ്ധരും ക്ലാസ്സുകൾ നൽകിവരുന്നു. കൂടാതെ ആരോഗ്യകരമായ ഭക്ഷണശീലം കുട്ടികളിൽ വളർത്തുന്നതിനായി കുറഞ്ഞ ചെലവിൽ തയ്യാറാക്കാവുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഡെമോൺസ്ട്രേഷനുകളും പ്രദർശന മത്സരവും ക്ലാസ്സുകളും സെമിനാറുകളും അംഗൻവാടികളിൽ നടന്നുവരുന്നു.

<u>വിവരശേഖരണം :</u>

വിവരശേഖരണം നിത്യേന നടക്കുന്നു. ഇതിനായി ആധുനിക സാങ്കേതിക വിദ്യയായ ഇലക്ട്രോണിക് ഡേറ്റാ ബേസ് രൂപീകരിച്ചിട്ടുണ്ട്. ഹെൽത്ത് റിക്കോർഡിൽ നിന്നും ശേഖരിക്കുന്ന വിവരം മാസംതോറും ജില്ലാ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സ്റ്റേറ്റ് ഓഫീസിലേക്ക് അയയ്ക്കുന്നു.

<u>അംഗൻവാടി കുട്ടികളുടെ വൈദ്യപരിശോധന :</u>

ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ പ്രവർത്തനം അംഗൻവാടികളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. ഇത്തരത്തിൽ അങ്കണവാടികളിലെ കുട്ടികളെയും കൗമാര പ്രായക്കാരായ പെൺകുട്ടികളെയും പരിശോധിച്ച് ഹെൽത്ത് റെക്കോർഡിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നു.

<u>സൗജന്യ ചികിത്സാ :</u>

കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രം, സംസ്ഥാന സർക്കാരിന്റെ ആരോഗ്യകിരണം എന്നീ പദ്ധതികളുടെ സഹായത്തോടെ സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ എല്ലാ അസുഖങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്നു.

(ബി) വിദ്യാലയ ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

ജന്മവൈകല്യങ്ങൾ, ന്യൂനതകൾ, ബാല്യകാല രോഗങ്ങൾ, വളർച്ചയിലെ കാലതാമസവും-വൈകല്യങ്ങളും (4Ds) കാലേക്കൂട്ടി കണ്ടെത്തുകയും അനുയോജ്യമായ ചികിത്സാ സേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കുട്ടികളുടെ സാമൂഹ്യ മാനസിക സാംസ്കാരിക ഉന്നമനത്തിന് ആരോഗ്യ പൂർണ്ണമായ അന്തരീക്ഷം സൃഷ്ടിക്കുകയും അതിലൂടെ കുട്ടികളെ ഉത്തമ പൗരന്മാരായി വാർത്തെടുക്കുകയും ചെയ്യുന്നു. പ്രഥമ ശുശ്രൂഷ ഉൾപ്പെടെയുള്ള ചികിത്സാ സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തി ആരോഗ്യ പൂർണ്ണമായ വിദ്യാലയ അന്തരീക്ഷം സജ്ജമാക്കുന്നു. സാംക്രമിക, ജീവിതശൈലീ രോഗങ്ങളിൽ നിന്നും കുട്ടികളെ വിമുക്തരാക്കുന്നതിനായി വിദഗ്ദ്ധ പരിശോധനയും വിവിധങ്ങളായ ബോധവൽക്കരണ പരിപാടികളും വിദ്യാലയ അന്തരീക്ഷത്തിലെ അനാരോഗ്യ സാഹചര്യങ്ങളെ പൂർണ്ണമായും അകറ്റിനിർത്തുവാനുള്ള നടപടികളും സ്വീകരിക്കുന്നു.

വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുന്ന കുട്ടികൾക്ക് ഫലപ്രദമായി ചികിത്സ സമയബന്ധിതമായി ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു. വിവിധങ്ങളായ വൈകല്യങ്ങൾകൊണ്ട് കഷ്ടപ്പെടുന്ന കുട്ടികൾക്കുള്ള തെറാപ്പി ഉൾപ്പെടെയുള്ള നൂതന ചികിത്സാ രീതികളും വിവിധ പരിശീലന പരിപാടികളും വിദഗ്ദ്ധരുടെ സഹായത്തോടെ നടപ്പിലാക്കുന്നു. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദഗ്ദ്ധരുടെ സഹായത്തോടെ കൗൺസിലിംഗ് നടപ്പിലാക്കുന്നു. അമ്മമാർക്കും കൗമാരക്കാരായ കുട്ടികൾക്കും പോഷണ മൂല്യത്തിന്റെ പ്രാധാന്യവും ശാരീരിക-മാനസിക ലൈംഗിക അതിക്രമങ്ങൾ തടയുന്നതിലേക്കായും യോഗ ഉൾപ്പെടെയുള്ള സമഗ്ര ആരോഗ്യ പരിപാലനത്തിന് ആവശ്യമായ വിവിധങ്ങളായ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നു.

(സി) വിദ്യാലയങ്ങളിൽ വിവിധ പ്രവർത്തനങ്ങൾക്കായി 3200 കുട്ടികൾക്ക് ഒരു സ്കൂൾ ഹെൽത്ത് നഴ്സ് എന്ന അനുപാതത്തിൽ നാഷണൽ ഹെൽത്ത് മിഷനു കീഴിൽ നിയമിച്ചു. കുട്ടികൾക്കാവശ്യമായ ഹെൽത്ത് റെക്കോർഡുകൾ, സ്കൂളുകളിൽ രജിസ്റ്ററുകൾ, സ്കൂൾ ഹെൽത്ത് നേഴ്സുമാർക്കാവശ്യമായ കൈപ്പുസ്തകങ്ങൾ, ജോബ് എയ്ഡ്, സ്ക്രീനിംഗിനാവശ്യമായ എക്യുപ്മെന്റ് കിറ്റുകൾ എന്നിവ ലഭ്യമാക്കി. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സ്കൂൾ ഹെൽത്ത് നഴ്സുമാർ ഉൾപ്പെടെ വിവിധ തസ്തികകളിൽ നിയമനം നടത്തുകയും അവർക്ക് വിവിധ തരത്തിലുള്ള പരിശീലനം നൽകുകയും ചെയ്യുന്നു. വിദ്യാലയ ആരോഗ്യ പദ്ധതി വിപുലപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (RBSK) എന്ന പേരിൽ 2013 അവസാനത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങി.

ഈ പദ്ധതി പ്രകാരം 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് 30 അസുഖങ്ങൾക്കുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സാ സേവനങ്ങൾ തീർത്തും സൗജന്യമാണ്. പദ്ധതി ആരോഗ്യ, വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുകളുടെ സഹായ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി കേന്ദ്ര ഗവൺമെന്റ് വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിവിധ വശങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന സമഗ്രമായ മാർഗ്ഗനിർദ്ദേശം സംസ്ഥാന ആരോഗ്യ കേരളം മിഷൻ ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനം ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കാര്യക്ഷമമായി നടന്നുവരുന്നു.

## പൊള്ളൽ ചികിത്സയ്ക്കുള്ള ദേശീയ ആരോഗ്യ പദ്ധതി

185 (1429) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊള്ളൽ ചികിത്സയ്ക്കുള്ള ദേശീയ ആരോഗ്യ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ പൊള്ളൽ ചികിത്സയ്ക്കുള്ള അപര്യാപ്തതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ബേൺസ് യൂണിറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ അത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊള്ളൽ ചികിത്സയ്ക്കുള്ള ദേശീയ ആരോഗ്യ പദ്ധതിയായ 'National Programme for Prevention and Management of Burn Injuries' സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പൊള്ളൽ ചികിത്സയ്ക്കുള്ള അപര്യാപ്തത സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

(സി) തിരുവനന്തപുരം, കോഴിക്കോട് എന്നീ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ക്യാൻസർ ചികിത്സ**

186 (1430) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ ചികിത്സയ്ക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ക്യാൻസർ ചികിത്സയ്ക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ആശുപത്രികളിൽ ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ;

(സി) പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സുകൃതം, കാരുണ്യ പദ്ധതികൾ നേരത്തെ ലഭ്യമായിട്ടുള്ള ക്യാൻസർ സുരക്ഷാ സ്കീം ആർ.എസ്.ബി.വൈ./ചിസ് പ്ലസ് മുതലായവ തുടർന്ന് പോകുന്നു.

(ബി) ക്യാൻസർ ചികിത്സയ്ക്കാവശ്യമുള്ള എല്ലാ ചികിത്സാ സൗകര്യങ്ങളും ന്യൂക്ലിയാർ മെഡിസിൻ സംവിധാനം ഒഴികെ, നിലവിൽ മലബാർ ക്യാൻസർ സെന്ററിൽ ലഭ്യമാണ്. ആർ.സി.സി.-യിൽ എത്തുന്ന രോഗികൾക്കായി ലഭ്യമാകുന്ന സൗകര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മലബാർ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്കെത്തുന്ന ഭൂരിഭാഗം രോഗികൾക്കും സർക്കാരിന്റെ വിവിധ ധനസഹായ പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകിവരുന്നു. നിലവിൽ മലബാർ ക്യാൻസർ സെന്ററിൽ ലഭ്യമായ സർക്കാർ ധനസഹായ പദ്ധതികൾ താഴെപ്പറയുന്നു.

- ചിസ് പ്ലസ് സ്കീം
- കാരുണ്യ ബനവലന്റ് ഫണ്ട്
- സുകൃതം
- ക്യാൻസർ സുരക്ഷാ സ്കീം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേൽ പദ്ധതികൾക്ക് പുറമേ നിർദ്ധനരായ രോഗികൾക്ക് മലബാർ ക്യാൻസർ സെന്റർ സ്വരൂപിക്കുന്ന Patient Welfare Fund, Akshaya Fund എന്നിവയിൽ നിന്നും ചികിത്സാ സഹായം നൽകിവരുന്നുണ്ട്. ഇതുകൂടാതെ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകിവരുന്നുണ്ട്. തലശ്ശേരിയിൽ നിന്നും മലബാർ ക്യാൻസർ സെന്ററിലേക്ക് എല്ലാ ദിവസവും രോഗികൾക്ക് സൗജന്യ യാത്രയും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ക്യാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ സുകൃതം പദ്ധതി പ്രകാരം കേരളത്തിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള എല്ലാ പരിശോധനകളും ചികിത്സകളും സൗജന്യമായി നൽകിവരുന്നു. കൂടാതെ ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആർ.സി.സി.-യിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് ഒരു ലക്ഷം രൂപവരെ സൗജന്യ ചികിത്സ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചിസ് പ്ലസ് കാർഡുള്ളവർക്ക് 70,000 രൂപ വരെയുള്ള സൗജന്യ ചികിത്സ, കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ ആരോഗ്യ നിധി പ്രകാരം 1 ലക്ഷം രൂപ വരെ ചികിത്സ ആനുകൂല്യം തുടങ്ങിയവ ലഭ്യമാണ്.

(ഡി) സുകൃതം പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മുഖ്യമന്ത്രി ചെയർമാനായി കേരള ക്യാൻസർ കെയർ സൊസൈറ്റി രൂപീകരിച്ചു. പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും കോർപ്പറേറ്റുകളിൽ നിന്നും സുകൃതം പദ്ധതിക്കായി ഫണ്ട് സമാഹരിക്കുന്നതിനുവേണ്ടി ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## കോതമംഗലം താലൂക്ക് ആശുപത്രിയിലെ പാരാമെഡിക്കൽ സ്റ്റാഫിന്റെ തസ്തികകൾ

187 (1431) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ പാരാമെഡിക്കൽ സ്റ്റാഫിന്റെ എത്ര തസ്തികകളാണുള്ളതെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പാരാ മെഡിക്കൽ സ്റ്റാഫിൻെറ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | ഫാർമസിസ്റ്റ് | - | 6 |
| | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | - | 1 |
| | ലാബ് ടെക്നീഷ്യൻ | - | 2 |
| | ഓപ്ടോമെട്രിസ്റ്റ് | - | 1 |
| | റേഡിയോഗ്രാഫർ | - | 1 |
| | ദന്തൽ ഹൈജീനിസ്റ്റ് | - | 1 |
| | ജൂനിയർ ലാബ് അസിസ്റ്റന്റ് | - | 1 |
| | എക്സ്റേ അറ്റൻഡർ | - | 1 |

(ബി) ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ ഒരു (1) തസ്തിക മാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത്.

(സി) ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ തസ്തിക പ്രൊമോഷൻ തസ്തികയാണ്. ആയത് പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പാലക്കാട് മെഡിക്കൽ കോളേജിലെ അനധികൃത നിയമനങ്ങൾ**

188 (1432) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും പാർലമെന്ററി കാര്യവും നിയമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിലെ അനധികൃത നിയമനങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഇങ്ങനെ നിയമനം നടത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) നിയമനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന വസ്തുതകൾ കണ്ടെത്തിയിട്ടുണ്ട്.

1. നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി നേടുകയോ, തസ്തിക സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല.

2. ഗവേണിംഗ് ബോഡി മീറ്റിംഗിന്റെ തീരുമാന പ്രകാരം നിയമനങ്ങൾ സംബന്ധിച്ച നടപടികൾ പരിശോധിക്കുന്നതിനായി എക്സ്പേർട്ട് കമ്മിറ്റിയെ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി, നിയമനത്തിലെ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തു.

3. പാലക്കാട് വിജിലൻസ് ഡിപ്പാർട്ടുമെന്റ് നടത്തിയ അന്വേഷണത്തിൽ, നടപടിക്രമങ്ങൾ പാലിക്കാതെയാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് കണ്ടെത്തിയിരുന്നു.

4. സ്പെഷ്യൽ ഓഫീസർ നടത്തിയ നിയമനങ്ങൾ മാനദണ്ഡങ്ങൾ പാലിക്കാതെയും സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയ്ക്ക് വിരുദ്ധവുമായിട്ടാണ് നടത്തിയിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്.

5. അനദ്ധ്യാപക തസ്തികകളുടെ നിയമനത്തിന്, IMG-യെ ഏൽപ്പിച്ചത് സർക്കാരിന്റെ അനുമതിയില്ലാതെയാണ്.

6. 224 തസ്തികകൾക്കും 170 നിയമനങ്ങൾക്കും 18-2-2016-ലെ ഒ.എ. നമ്പർ 8385 പ്രകാരം ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. 25-2-2016-ലെ സ.ഉ. (കൈ) നമ്പർ 25/2016/ പ.ജ.പ.വ.വി.വ. പ്രകാരം പ്രസ്തുത തീരുമാനം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയം പുതിയ സർക്കാരിന്റെ റിവ്യൂ കമ്മിറ്റിയുടെ പരിഗണനയിലാണ്.

**ആലത്തൂർ താലൂക്കിൽ പകർച്ച വ്യാധികൾ തടയാൻ നടപടി**

189 (1433) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, പകർച്ചവ്യാധികൾ എന്തെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത താലൂക്കിലെ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും ഡോക്ടർമാരും നിലവിലുണ്ടോ;

(സി) ആലത്തൂർ താലൂക്ക് ഹെഡ് ക്വാർട്ടർ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലത്തൂർ താലൂക്കിന്റെ പരിധിയിൽ മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഭവന സന്ദർശനം നടത്തി കൊതുകിന്റെ ഉറവിട നശീകരണം നടത്തിയിരുന്നു. ഇപ്പോഴും തുടർന്നുവരുന്നുണ്ട്. ആരോഗ്യ വകുപ്പ് വിവിധ ഗ്രാമപഞ്ചായത്തുകളുമായി സംയുക്തമായി സഹകരിച്ച് പൊതുസ്ഥലങ്ങൾ, ഓടകൾ തുടങ്ങിയവ വൃത്തിയാക്കുകയും ജനങ്ങൾക്ക് ബോധവൽക്കരണം, റാലി എന്നിവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഞായറാഴ്ചകളിലും കൊതുകിന്റെ ഉറവിട നശീകരണത്തിനായി "ഡ്രൈഡേ" ആചരിക്കുന്നുണ്ട്. ആശുപത്രി പരിസരങ്ങളിലും അതിനോട് അനുബന്ധിച്ചുള്ള സ്ഥലങ്ങളിലും മറ്റും ഫോഗിംഗ്, സ്പ്രേയിംഗ്, ഉറവിട നശീകരണം എന്നിവ നടത്തുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളെല്ലാം ക്ലോറിനേഷൻ നടത്തുന്നുണ്ട്. ഭവന സന്ദർശന സമയത്ത് ബോധവൽക്കരണത്തിനായി നോട്ടീസ് വിതരണം നടത്തുന്നുണ്ട്. പകർച്ച വ്യാധികളുടെ സ്ഥിതി വിവര കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ആലത്തൂർ താലൂക്കിലെ ആശുപത്രികളിൽ അവശ്യമരുന്നുകൾ ലഭ്യമാണ്. കൂടാതെ ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പി.എസ്.സി.-യുടെ അഡ്വൈസിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജന്മാരെ നിയമിക്കുന്നതിനുള്ള നടപടികളും സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സാന്ത്വനം വാളണ്ടിയർമാർക്ക് അലവൻസ് അനുവദിക്കുന്നതിന് നടപടി**

190 (1434) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സാന്ത്വനം വാളണ്ടിയർമാർക്ക് സർക്കാർ നിലവിൽ എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ അനുവദിച്ചിട്ടുണ്ടോ;

(ബി) വളരെ തുച്ഛമായ പ്രതിഫലം മാത്രം ലഭിച്ചുവരുന്ന സാന്ത്വനം വാളണ്ടിയർമാർക്ക് അലവൻസോ ഓണറേറിയമോ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കുമ്പളങ്ങി സി.എച്ച്.സി.**

191 (1435) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുമ്പളങ്ങി സി.എച്ച്.സി-യിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) കുമ്പളങ്ങി സി.എച്ച്.സി.-യിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 26-5-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1669/14/ ആ.കു.വ. പ്രകാരം 154 ആശുപത്രികളെ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുവാനുള്ള പദ്ധതിയിൽ കുമ്പളങ്ങി സി.എച്ച്.സി.-യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

**മാവേലിക്കര ജില്ലാ ആശുപത്രിയെ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി**

192 (1436) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയെ പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; നിലവിൽ ഓരോ വിഭാഗത്തിലുമുള്ള ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും വിശദമായ കണക്ക് ലഭ്യമാക്കുമോ ;

(ബി) ജില്ലാ ആശുപത്രിയുടെ പാറ്റേണിലേക്ക് പൂർണ്ണമായി മാറുന്നതിനാവശ്യമായ ജീവനക്കാരെ അനുവദിക്കുമോ; പ്രസ്തുത ആശുപത്രിയിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. ഓരോ വിഭാഗത്തിലുമുള്ള ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും വിശദമായ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**നിലമ്പൂർ മണ്ഡലത്തിലെ ആശുപത്രികളിലെ സൗകര്യങ്ങൾ**

193 (1437) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ ആശുപത്രികളിലും ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്തത് പാവപ്പെട്ട രോഗികളുടെ ചികിത്സാ സൗകര്യം ഇല്ലാതാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലമ്പൂർ മണ്ഡലത്തിലെ എല്ലാ പി.എച്ച്.സി.-കളിലും ലാബ് സൗകര്യം ലഭ്യമാക്കാൻ പദ്ധതിയുണ്ടായിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിലമ്പൂർ ജില്ലാആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫും സ്റ്റാഫ് പാറ്റേണും എത്രയെന്നറിയിക്കാമോ; വിശദവിവരം ലഭ്യമാക്കുമോ;

(ഇ) നിലമ്പൂർ ജില്ലാ ആശുപത്രിക്ക് അനുവദനീയമായ ബെഡ്ഡുകളുടെ എണ്ണം ഇല്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജില്ലാ, താലൂക്കാശുപത്രികളിൽ ലാബ് സൗകര്യം ലഭ്യമാണ്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 170-ഓളം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിച്ചിട്ടുണ്ട്.

(ബി) 142 കിടക്കകളോടുകൂടിയ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പ്രതിദിനം ശരാശരി 1250-ഓളം രോഗികൾ ഒ.പി.-യിലും 300-ഓളം രോഗികൾ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയെത്തുന്നു. ടി ആശുപത്രിയിൽ ഓർത്തോ, ഇ.എൻ.റ്റി., പാലിയേറ്റീവ്, ത്വക്ക് രോഗ വിഭാഗം, ഗൈനക്കോളജി, കണ്ണ് രോഗ വിഭാഗം, നെഞ്ച്, റ്റി.ബി., അനസ്തേഷ്യ, ഡെന്റൽ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ നിലവിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെ 35 തസ്തികകൾ ഉണ്ട്. ഇതിൽ 28 ഡോക്ടർമാർ സേവനം അനുഷ്ഠിച്ചുവരുന്നു.

(സി) നിലമ്പൂർ മണ്ഡലത്തിലെ പി.എച്ച്.സി. കുറുമ്പലങ്ങോട്, എടക്കര, മൂത്തേടം എന്നീ പി.എച്ച്.സി.-കളിൽ ലാബ് സൗകര്യം നിലവിലില്ല. പി.എച്ച്.സി. പോത്തുകല്ല്, അമരമ്പലം എന്നിവിടങ്ങളിൽ എച്ച്.എം.സി. ലാബുകൾ പ്രവർത്തന സജ്ജമാണ്.

(ഡി) സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.*

(ഇ) കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വൈപ്പിനിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും അഭാവം**

194 (1438) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും അഭാവംമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മുനമ്പം, ഞാറയ്ക്കൽ ആശുപത്രികളിൽ നിന്നും വിവിധ തസ്തികകളിലുള്ള ആർക്കൊക്കെയാണ് വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം വർക്കിങ് അറേഞ്ച്മെന്റുകൾ റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 31 കിടക്കകൾ അനുവദിച്ചിട്ടുള്ള വൈപ്പിൻ മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജന്റെ 2 (രണ്ട്) തസ്തികകളും അസിസ്റ്റന്റ് സർജന്റെ 3 തസ്തികകളുമടക്കം നിലവിൽ 5 (അഞ്ച്) തസ്തികകളാണുള്ളത്. കൂടാതെ എൻ.എച്ച്.എം. വഴിയും ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ഇവിടെ ഒ.പി./ഐ.പി. സേവനങ്ങൾ മുടക്കം കൂടാതെ നടന്നുവരുന്നുണ്ട്. ശരാശരി 10-15 രോഗികൾക്ക് ഐ.പി. വിഭാഗത്തിൽ ചികിത്സ നൽകുന്നുണ്ട്.

(സി) മുനമ്പം ആശുപത്രിയിൽ നിന്ന് രണ്ട് നഴ്സിംഗ് അസിസ്റ്റന്റുമാരെ ഏഴിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്കും രണ്ട് സ്റ്റാഫ് നഴ്സുമാരെ നോർത്ത് പറവൂർ താലൂക്ക് ആശുപത്രിയിലേക്കും വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ മാറ്റിയിട്ടുണ്ട്.

(ഡി) ഈ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വർക്കിംഗ് അറേഞ്ചുമെന്റ് തടസ്സമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ഉചിതമായ നടപടിയെടുക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതാണ്.

**സംസ്ഥാനത്ത് ഫാർമ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി**

195 (1439) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഫാർമ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ക്ലിനിക്കൽ ഫാർമസിസ്റ്റ് എന്ന തസ്തിക മെഡിക്കൽ കോളേജിൽ സൃഷ്ടിച്ച് ഇതിൽ ഡോക്ടർ ഇൻ ഫാർമസി (ഫാം.ഡി.) കോഴ്സ് വിജയിച്ച വിദ്യാർത്ഥികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം സർക്കാർ ഫാർമസി കോളേജിന് ഫാം.ഡി. കോഴ്സ് തുടങ്ങുന്നതിന് സെൻട്രൽ ഫാർമസി കൗൺസിലിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 'ഫാർമ പാർക്ക്' പദ്ധതി സംബന്ധമായി പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**സംസ്ഥാനത്തെ സ്വകാര്യ ലാബുകൾ**

196 (1440) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ലാബുകൾ രോഗ നിർണ്ണയ പരിശോധനകൾക്ക് ഉയർന്ന ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാവപ്പെട്ടവർക്ക് സൗജന്യ നിരക്കിൽ രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നതിന് സർക്കാർ തലത്തിൽ ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) സർക്കാർ നിരക്കിനേക്കാൾ ഉയർന്ന ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായാണ് എല്ലാ പരിശോധനകളും ചെയ്തുനൽകുന്നത്. എ.പി.എൽ. വിഭാഗക്കാർക്ക് ഗവൺമെന്റ് ഉത്തരവ് പ്രകാരമുള്ള നാമമാത്രമായ ഫീസാണ് ഈടാക്കുന്നത്.

പുതിയ പബ്ലിക് ഹെൽത്ത് ലാബുകൾ വയനാട്, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമായിക്കഴിഞ്ഞാൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലെല്ലാം ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം. വഴി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നു.

**നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ**

197 (1441) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്ന് മുതൽക്കാണ് അപ്ഗ്രഡേഷൻ പ്രാബല്യത്തിൽ വന്നതെന്നും അറിയിക്കുമോ;

(ബി) താലൂക്ക് ആശുപത്രിയായിരുന്ന കാലഘട്ടത്തിൽ പ്രസ്തുത ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ജില്ലാ ആശുപത്രിയായി ഉയർത്തിയശേഷമുള്ള സ്റ്റാഫ് പാറ്റേൺ തസ്തിക തിരിച്ച് വിശദമാക്കുമോ;

(ഡി) ജില്ലാ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ജില്ലാ ആശുപത്രികളിൽ നിന്നും രോഗികൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങളെ സംബന്ധിച്ചും ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ചും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 17-5-2013-ലെ ജി.ഒ. (എംഎസ്.) 175/2013/ആ.കു.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്. ടി തീയതി മുതൽ അപ്ഗ്രഡേഷൻ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.*

(ഡി) 2-8-1961-ലെ ജി.ഒ. (സാധാ) നമ്പർ 3150/61/ഹെൽത്ത്, 6-11-2008-ലെ ജി.ഒ. (എംഎസ്.) 568/08/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്. പകർപ്പ് അനുബന്ധം -III ആയി ചേർത്തിരിക്കുന്നു. *

(ഇ) ജില്ലാ അശുപത്രികളിൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, കുടുംബക്ഷേമ സേവനങ്ങൾ, ശിശുരോഗ വിഭാഗം, അനസ്തേഷ്യ, നേത്രവിഭാഗം, ത്വക്ക് രോഗം, ഫിസിക്കൽ മെഡിസിൻ, ഇ.എൻ.ടി., ഓർത്തോ, സൈക്യാട്രി, ദന്തരോഗം തുടങ്ങിയ വകുപ്പുകൾ പ്രവർത്തിച്ചുവരുന്നു. ബ്ലഡ് ബാങ്ക്, നാഷണൽ ഹെൽത്ത് പ്രോഗ്രാമിന്റെ സേവനങ്ങൾ, ഇമ്മ്യൂണൈസേഷൻ സേവനങ്ങൾ എന്നിവയും രോഗനിർണ്ണയ സംവിധാനങ്ങളുടെ ഭാഗമായി എക്സ്റേ, അൾട്രാ സൗണ്ട്, ഇ.സി.ജി., ലബോറട്ടറി സൗകര്യങ്ങൾ എന്നിവയും പലയിടങ്ങളിലും സി.ടി. സ്കാൻ സേവനവും ലഭ്യമാക്കിവരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി ഒ.പി. ബിൽഡിംഗ്, മെയിൽ മെഡിക്കൽ സർജിക്കൽ വാർഡ്, ഫീമെയിൽ മെഡിക്കൽ സർജിക്കൽ വാർഡ്, മെറ്റേണിറ്റി വാർഡ്, പീഡിയാട്രിക് വാർഡ്, മോർച്ചറി കെട്ടിടം, ബ്ലഡ് ബാങ്ക്, ആംബുലൻസ് സൗകര്യം തുടങ്ങിയ ഭൗതിക സാഹചര്യങ്ങളോടെയാണ് ആശുപത്രികൾ പ്രവർത്തിച്ചുവരുന്നത്.

**കല്യാശ്ശേരി മണ്ഡലത്തിലെ ആശുപത്രികൾ**

198 (1442) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രി, പി. എച്ച്. സി.-കൾ എന്നിവിടങ്ങളിൽ എത്ര തസ്തികകൾ നിലവിലുണ്ട്; ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എല്ലാ പി.എച്ച്.സി.-കളിലും ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ രോഗങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ പി.എച്ച്.സി.-കളോടും അനുബന്ധിച്ച് ലാബ് സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രി, പി.എച്ച്.സി.-കൾ എന്നിവിടങ്ങളിലെ ഒഴിവുകൾ അനുബന്ധം (എ)-യിലും* അനുബന്ധം (ബി)-യിലും* ഉള്ളടക്കം ചെയ്യുന്നു. ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ എടുത്തുവരുന്നു.

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഡി) എൻ.എച്ച്.എം. സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 170-ഓളം പ്രാഥമിക/സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിച്ചിട്ടുണ്ട്.

**സർക്കാർ ആശുപത്രികളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി**

199 (1443) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

ഒഴിവുള്ള തസ്തികകൾ എല്ലാം തന്നെ നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആയുർവ്വേദ ആശുപത്രികളിൽ സ്പെഷ്യാലിറ്റി തസ്തികകൾ അനുവദിക്കാൻ നടപടി

200 (1444) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.എം. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതാണെന്ന് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ജില്ലകളിലും താലൂക്കുകളിലും ആയുർവേദ ആശുപത്രികൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ;

(സി) സ്പെഷ്യാലിറ്റി തസ്തികകളിൽ പ്രധാനപ്പെട്ട വിഭാഗമായ മർമ്മ ആയുർവേദ ഡോക്ടർ തസ്തിക ഇതുവരെ അനുവദിച്ചിട്ടില്ലാത്ത എല്ലാ ആയുർവേദ ആശുപത്രികളിൽ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മർമ്മ ചികിത്സാ വിഭാഗത്തിൽപ്പെട്ട രോഗികളുടെ എണ്ണം താരതമ്യേന അധികമാണെങ്കിലും ഈ വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടെ എണ്ണം കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിൽ 20 ബെഡ്ഡിൽ കൂടുതൽ കിടത്തി ചികിത്സാ സൗകര്യമുള്ള താലൂക്ക് ആയുർവ്വേദ ആശുപത്രികളിൽ മേന്മയേറിയ ചികിത്സാ സൗകര്യം രോഗികൾക്ക് ലഭിക്കുന്നതിന് ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇതുസംബന്ധിച്ച് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പരിഗണിക്കുന്നതാണ്.

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലബോറട്ടറികൾ

201 (1445) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ ലബോറട്ടറികൾ, സ്വകാര്യ ലബോറട്ടറികൾ എന്നിവയിൽ അംഗീകാരമുള്ളവയും അംഗീകാരമില്ലാത്തവയും എത്രവീതമെന്ന് വിശദമാക്കാമോ; ഇവ ഓരോന്നും പരിശോധനകൾക്ക് വിവിധ നിരക്കിലാണ് ഫീസ് ഈടാക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര നിയമമുണ്ടായതെന്നെന്നും കഴിഞ്ഞ സർക്കാർ നിയമസഭയിൽ പലപ്രാവശ്യം ഉറപ്പുകൾ നൽകിയിട്ടും കാലാവധി തീരുംവരെ പ്രസ്തുത നിയമം പാസ്സാക്കാത്തതുമൂലം സംസ്ഥാനത്തുടനീളം അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ ലാബുകൾ പ്രവർത്തിക്കുന്നതും പ്രസ്തുത സ്ഥാപനങ്ങളിൽ ഗുണനിലവാരമില്ലാത്ത പരിശോധനാ മരുന്നുകൾ ഉപയോഗിക്കുന്നതും യോഗ്യതയില്ലാത്ത പരിശോധകരെ കുറഞ്ഞ ശമ്പളത്തിന് നിയോഗിക്കുന്നതുമൂലം ആരോഗ്യരംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിശോധിക്കാനും നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന ലാബുകൾ പൂട്ടുവാനും, പരിശോധനകൾക്ക് ഏകീകൃത ഫീസ് പ്രഖ്യാപിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ ലബോറട്ടറികളെല്ലാം തന്നെ അംഗീകാരമുള്ളവയാണ്. സർക്കാർ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ പരിശോധനകൾക്ക് ഒരേ നിരക്കിലാണ് ഫീസ് ഈടാക്കുന്നത്. എച്ച്.എം.സി. നടത്തുന്ന ലബോറട്ടറികളിൽ അതാത് എച്ച്.എം.സി.-യാണ് ഫീസ് തീരുമാനിക്കുന്നത്.

(ബി) സ്വകാര്യ മേഖലയിലെ ഫീസ് ഏകീകരണത്തിനും മറ്റ് മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനും അതിലൂടെ അമിത ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ചൂഷണങ്ങൾ തടയുന്നതിനുമുള്ള 'ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ പരിഗണനയിലാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെയും ലാബുകളുടെയും നഴ്സിംഗ് ഹോമുകളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ പ്രധാന ലക്ഷ്യം. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം വരുന്നതോടെ സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രവർത്തനത്തിനുമേൽ നിയന്ത്രണം സാധ്യമാകും.

സേഫ് കേരള പദ്ധതി വഴി 2014 മുതൽ സംസ്ഥാനത്ത് ലബോറട്ടറികളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ ലബോറട്ടറികൾക്ക് നോട്ടീസ് നൽകുകയും ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ചെയ്തു. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ

202 (1446) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുളിങ്കുന്ന താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനും ഡി.എം.ഒ. സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

ജില്ലാ മെഡിക്കൽ ഓഫീസറുടെ ഇതുസംബന്ധിച്ചുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ലഭ്യമാകുന്നതിനനുസരിച്ചും ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്തും തുടർനടപടി സ്വീകരിക്കുന്നതാണ്. ആശുപത്രി കോമ്പൗണ്ടിൽ വെള്ളം കെട്ടിക്കിടക്കുന്നതിന് പരിഹാരം കാണുന്നതിനായി എച്ച്.എം.സി. തീരുമാനപ്രകാരം എം.എൽ.എ. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ബ്ലോക്ക് പഞ്ചായത്ത് മുഖേന കൈക്കൊണ്ടിട്ടുണ്ട്.

## കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിന് പുതിയ കെട്ടിടം

203 (1447) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2013-14-ലെ പദ്ധതി വിഹിതത്തിൽ നിന്നും മൂന്ന് കോടി രൂപ ചീഫ് എഞ്ചിനീയറുടെ 4210 ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ മണ്ണ് പരിശോധിച്ചതിൽ പൈലിംഗ് നടത്താതെ നിർദ്ദിഷ്ട കെട്ടിടം പണി പൂർത്തിയാക്കാൻ കഴിയില്ലെന്നും പ്രസ്തുത കെട്ടിടം പണി പൂർത്തീകരിക്കാൻ 4.5 കോടി രൂപ ആവശ്യമുണ്ടെന്നും മൂന്ന് കോടി രൂപയ്ക്ക് ഗ്രൗണ്ട് ഫ്ലോർ മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂവെന്നും ആയതിനാൽ കെട്ടിടം പൂർണ്ണമായി നിർമ്മിക്കുന്നതിന് ഒന്നരകോടി രൂപ അധികമായി വേണ്ടിവരുമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചതിനാൽ അതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**നെടുങ്കുന്നം ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താൻ നടപടി**

204 (1448) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ നെടുംകുന്നം ആയുർവേദ ഡിസ്പെൻസറി, ആശുപത്രിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നെടുങ്കുന്നം ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുമെന്ന് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപനം ഉണ്ടായിരുന്നുവെങ്കിലും ഇതിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷം ടി ശിപാർശ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മരുന്നുകളുടെ രാസനാമങ്ങൾ എഴുതണമെന്ന നിർദ്ദേശം**

205 (1449) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ രാസനാമങ്ങൾ കുറിപ്പടിയിൽ എഴുതുന്നത് സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ആശുപത്രികളിൽ ഗ്രീവൻസ് ആൻറ് മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ ഈ സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരം സെല്ലുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) Indian Medical Council (Professional conduct, Etiquette and ethics) Regulation 2002-ലെ പാരഗ്രാഫ് 1.5-ൽ എല്ലാ ഡോക്ടർമാരും കഴിയുന്നതും രാസനാമത്തിൽ (ജനറിക് നാമത്തിൽ) തന്നെ മരുന്നു കുറിപ്പടികൾ എഴുതണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ മരുന്ന് കുറിപ്പടികളും മരുന്നുകളുടെ ഉപയോഗവും യുക്തിക്ക് നിരക്കുന്നതും ന്യായവുമായിരിക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് 9-6-2014-ലെ സ.ഉ. (സാധാ) നമ്പർ 1895/2014/ആ.കു.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപന മേധാവികളും സ്ഥാപന സന്ദർശനം നടത്തുന്ന ജില്ലാ, സംസ്ഥാനതല ഉദ്യോഗസ്ഥരും ഇക്കാര്യം പരിശോധിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ ആശുപത്രികളിൽ ഗ്രീവൻസ് ആന്റ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട്, മഞ്ചേരി, കോട്ടയം എന്നീ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ പ്രസ്തുത സെൽ രൂപീകരിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽ ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ വിലയിരുത്താനും പരിഹാര നടപടികൾ എടുക്കാനും ഉദ്ദേശിച്ചുള്ളതാണ് ഈ സെൽ. കൂടാതെ രോഗികളും അവരുടെ കൂട്ടിരിപ്പുകാരും ആശുപത്രിയിലെ വിവിധ യൂണിറ്റുകളും തമ്മിലുള്ള ആശയ വിനിമയം കൂടുതൽ മെച്ചപ്പെടുത്തുക, പരാതികൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുക, വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സഹായങ്ങളും നിർദ്ദേശങ്ങളും രോഗികൾക്ക് നൽകുക, പരാതികൾ യഥാവിധി പരിശോധിച്ച് ഇവ ആവർത്തിക്കാതെ നിരീക്ഷണ വിധേയമാക്കുക എന്നിവയും ഇതിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു.

**മലിനപ്പെടുന്ന കായലുകളും ശുദ്ധജലതടാകങ്ങളും**

206 (1450) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായലുകളും ശുദ്ധജലതടാകങ്ങളും വ്യാപകമായ തോതിൽ മലിനപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലമലിനീകരണം കാരണം പല ജലസസ്യങ്ങളുടെയും നീർപക്ഷികളുടെയും മത്സ്യങ്ങളുടെയും എണ്ണത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കായൽ ടൂറിസത്തിന്റെ വളർച്ച ജലമലിനീകരണത്തെ ബാധിക്കുന്നുണ്ടെന്ന വസ്തുത ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ജലമലിനീകരണം സൃഷ്ടിക്കുന്ന ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനും ജലാശയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനും ജലസസ്യങ്ങളുടെയും നീർപക്ഷികളുടെയും മത്സ്യങ്ങളുടെയും സംരക്ഷണത്തിനും സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടത്തിയ പഠനങ്ങളിൽ കീടനാശിനി മൂലമുള്ള മലിനീകരണം മത്സ്യസമ്പത്ത് നശിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. കായൽ ടൂറിസം ജലമലിനീകരണം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ജല മലിനീകരണം തടയുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി നടപടി ഫലപ്രദമാണെന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

**മത്സ്യങ്ങളിലെ അമിത രാസവസ്തു പ്രയോഗം തടയാൻ നടപടി**

207 (1451) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിൽക്കുന്ന മത്സ്യങ്ങളിൽ മാരക രാസവസ്തുക്കൾ അമിതമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോർമാലിൻ, മറ്റ് രാസവസ്തുക്കൾ എന്നിവയുടെ പ്രയോഗം മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കലും, മത്സ്യങ്ങളിലെ അമിത രാസവസ്തുക്കളുടെ പ്രയോഗവും തടയുന്നതിന് എന്തൊക്കെ നൂതന മാർഗ്ഗങ്ങൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ഡി) മായം ചേർക്കൽ, രാസവസ്തുക്കളുടെ പ്രയോഗം എന്നിവ കണ്ടുപിടിക്കാൻ സ്പോട്ട് ചെക്കിംഗ് ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കലും മത്സ്യങ്ങളിലെ അമിത രാസവസ്തുക്കളുടെ പ്രയോഗവും തടയുന്നതിനും പരാതികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മായം ചേർക്കൽ, രാസ വസ്തുക്കളുടെ പ്രയോഗം എന്നിവ കണ്ടുപിടിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് രണ്ട് മൊബൈൽ ലബോറട്ടറി യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

**പെരുമ്പാവൂർ കോടനാട് പി.എച്ച്.സി.യിലെ ഡോക്ടർമാരുടെ അഭാവം**

208 (1452) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിലെ കോടനാട് പി.എച്ച്.സി.യിലെ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഞായറാഴ്ച പോലും അൻപതോളം രോഗികൾ എത്തുന്ന ഇവിടെ ഞായറാഴ്ചകളിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കോടനാട് പി.എച്ച്.സി.യിൽ നിലവിൽ മെഡിക്കൽ ഓഫീസറുടെ 3 തസ്തികകളാണുള്ളത്. നിലവിൽ ഒരു മെഡിക്കൽ ഓഫീസർ പ്രസവാവധിയിലും ഒരു ഡോക്ടർ ആർജ്ജിതാവധിയിലുമാണ്. ആയതിനാൽ ആലുവ ജില്ലാ ആശുപത്രിയിൽ നിന്നും ഒരു അസിസ്റ്റന്റ് സർജനെ തിങ്കൾ, ബുധൻ എന്നീ ദിവസങ്ങളിൽ ഈ സ്ഥാപനത്തിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്.

(ബി) 3 ഡോക്ടർമാരുടെ തസ്തിക നിലവിലുള്ളതിൽ 2 ഡോക്ടർമാർ അവധിയിലായതിനാലാണ് ഞായറാഴ്ചകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ കഴിയാത്തത്. ടി ഡോക്ടർമാർ അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഞായറാഴ്ചകളിലും സേവനം ലഭ്യമാകുന്നതാണ്.

## ഡോക്ടർമാരുടെ ഒഴിവുകൾ

209 (1454) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും ഇതിൽ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ ആശുപത്രികളിലും സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടെങ്കിൽ വിശദമാക്കുമോ;

(സി) സർവ്വീസിലുള്ള എത്ര ഡോക്ടർമാർ ദീർഘകാല അവധിയെടുത്ത് വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാർ എത്രയെന്ന് വെളിപ്പെടുത്തുമോ ; ഇവരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. നിലവിൽ 551 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ഇതിൽ 304 ഒഴിവുകൾ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടേതാണ്.

(ബി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ദേശീയ-സംസ്ഥാന മാനദണ്ഡങ്ങളനുസരിച്ച് സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കപ്പെട്ട സ്ഥാപനങ്ങളല്ല. എന്നാൽ താലൂക്കാശുപത്രി മുതൽ ജനറൽ ആശുപത്രി വരെയുള്ള ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട ചില സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും അനുവദിക്കപ്പെട്ട തസ്തികകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചുവരുന്നുണ്ട്. താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ഡോക്ടർമാർക്ക് പഠനാവശ്യത്തിന് ഒഴികെ ദീർഘകാല ശൂന്യവേതനാവധി അനുവദിക്കാറില്ല. എന്നാൽ 3 അസിസ്റ്റന്റ് സർജൻമാർക്ക് വിദേശത്ത് പോകുന്നതിന് പ്രത്യേക അനുമതി പ്രകാരം അവധി അനുവദിച്ചിട്ടുണ്ട്.

## ഡോക്ടർമാരുടെ തസ്തികകൾ നികത്തുന്നതിന് നടപടി

210 (1455) <u>ശ്രീ. യു. ആർ. പ്രദീപ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന സി.എച്ച്.സി -കളിലും പി.എച്ച്.സി-കളിലും എത്ര ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) മഴക്കാലത്ത് പനി മുതലായ പകർച്ചവ്യാധികൾ പിടിപെടാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ഡോക്ടർമാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് പരിഗണന നൽകുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2 തസ്തികകൾ. തിരുവില്വാമല-1 കൊണ്ടാഴി-1

(ബി&സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പാരാമെഡിക്കൽ ജീവനക്കാരുടെ അപര്യാപ്തത

211 (1456) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ ജീവനക്കാരുടെ വിവിധ സേവനങ്ങൾ സർക്കാർ ആശുപത്രികളിൽ ആവശ്യാനുസരണം ലഭിക്കാത്തതിനാൽ രോഗികൾ സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ജീവനക്കാരെക്കൊണ്ട് കഴിയുന്നത്ര സേവനങ്ങൾ നൽകുന്നുണ്ട്. പാരാമെഡിക്കൽ ജീവനക്കാരുടേതടക്കം തസ്തികകൾ ലഭ്യമാക്കി സേവനം നൽകുന്നുണ്ട്. കേരളത്തിൽ വലിയൊരു വിഭാഗം ജനങ്ങൾ ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്. ജീവനക്കാരുടെ സേവനക്കുറവുമൂലം രോഗികൾ സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണത്തിന് വിധേയമാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ, റെഗുലേഷൻ, അക്രഡിറ്റേഷൻ കാര്യങ്ങൾക്കായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## ഭിന്നശേഷിക്കാരായ ആയുർവേദ ഡോക്ടർമാർക്ക് നിയമനം നൽകുന്നതിനുള്ള നടപടി

212(1457) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽരഹിതരും ഭിന്നശേഷിക്കാരുമായ ആയൂർവേദ ഡോക്ടർമാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നൽകുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പിൻബലത്തോടെ കേന്ദ്ര ഗവൺമെന്റ് ഇറക്കിയിട്ടുള്ള ഉത്തരവ് പ്രകാരം പി.എസ്.സി.-യുടെ സർക്കുലർ പുനഃപരിശോധിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഭിന്നശേഷിക്കാരായ ആയൂർവേദ ഡോക്ടർമാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മെഡിക്കൽ ഓഫീസർ തസ്തികയിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് 1995-ലെ പി.ഡബ്ള്യു.ഡി. ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 3% സംവരണം ലഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സർക്കുലർ പുനഃപരിശോധിക്കുന്നതുൾപ്പെടെയുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## ഗുണനിലവാരമില്ലാത്ത കുപ്പിവെള്ളം

213 (1458) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത കുപ്പിവെള്ളം വിതരണം ചെയ്യുന്നത് വ്യാപകമാകുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിപണിയിലെ വ്യാജൻമാരെ കണ്ടെത്തുന്നതിനും കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) വർദ്ധിച്ചുവരുന്ന കുപ്പിവെള്ളത്തിന്റെ ഉപഭോഗം നിമിത്തം അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികൾ പരിസ്ഥിതി മലിനീകരണം വർദ്ധിപ്പിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) പ്രസ്തുത പ്രവണത അവസാനിപ്പിക്കുന്നതിനും കുപ്പിവെള്ള വിതരണക്കാർ തന്നെ പ്ലാസ്റ്റിക് കുപ്പികൾ തിരികെ ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചുവരുന്നു. പ്രത്യേക സ്ക്വാഡുകളെ നിയമിച്ച് കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ പരിശോധിച്ച് അവയ്ക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ സർട്ടിഫിക്കറ്റും (BIS) ഫുഡ് സേഫ്റ്റി ലൈസൻസും ഉണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നതോടൊപ്പം സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ ഗുണനിലവാര നിയമം അനുശാസിക്കുന്ന ഗുണനിലവാരങ്ങൾ ഇത്തരം കുപ്പിവെള്ളങ്ങൾക്ക് ഉണ്ടോയെന്നും പരിശോധിക്കാറുണ്ട്. ഇതുകൂടാതെ കുപ്പിവെള്ളം നിർമ്മിക്കുന്ന സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന ജലസ്രോതസ്സും മറ്റ് ശുചിത്വ മാനദണ്ഡങ്ങളും പരിശോധിച്ച് ഗുണനിലവാരം പുലർത്തുന്നവയാണെന്ന് ഉറപ്പുവരുത്താറുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രായോഗികത പരിശോധിക്കേണ്ടതുണ്ട്.

## ഓപ്റ്റോമെട്രിസ്റ്റ് തസ്തികയും ഒഴിവുകളും

214 (1459) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്റ്റോമെട്രിസ്റ്റ് ഇല്ലാത്ത സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും ഈ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിൽ എത്ര ഓപ്റ്റോമെട്രിസ്റ്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഓപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശ പരിശോധിച്ചുവരുന്നു.

(ബി)സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന ഓപ്റ്റോമെട്രിസ്റ്റ് തസ്തികകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1 |
| പത്തനംതിട്ട | 2 |
| ഇടുക്കി | 1 |
| എറണാകുളം | 2 |
| കണ്ണൂർ | 2 |

പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി)അന്ധതാ നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാഷണൽ പ്രോഗ്രാം ഫോർ കൺട്രോളിംഗ് ബ്ലൈൻഡ്നസ്സ്-ന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

1. ജില്ലകളിലെ സഞ്ചരിക്കുന്ന നേത്രവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ക്യാമ്പുകളുടെ എണ്ണം കൂട്ടുന്നതാണ്.

2. അന്ധതാ നിയന്ത്രണ സമിതിയിൽ അംഗീകാരം നേടുന്നതിന് വേണ്ടി കൂടുതൽ സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതാണ്.

3. തിമിര ശസ്ത്രക്രിയയ്ക്ക് പുറമെ ഡയബറ്റിക്ക് റെറ്റിനോപ്പതി, ഗ്ലൂക്കോമ എന്നിവയ്ക്കുള്ള ലേസർ ചികിത്സ, നേത്ര പടലം മാറ്റിവയ്ക്കൽ, വിട്രിയോ റെറ്റിനൽ സർജറി എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ജില്ലാ ജനറൽ ആശുപത്രികളിൽ കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

4. സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 3 നേത്ര ബാങ്കുകൾ കൂടി തുടങ്ങുന്നതിനായുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

5. സ്കൂൾ കുട്ടികൾക്കുള്ള നേത്ര പരിശോധനാ ക്യാമ്പ്, സൗജന്യ കണ്ണട വിതരണം എന്നിവ കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

6. നേത്ര ശസ്ത്രക്രിയയിലെ പുതിയ പ്രവണതകൾ പരിശീലിപ്പിക്കുന്നതിന് സർക്കാർ സർവ്വീസിലിരിക്കെ നേത്രചികിത്സാ വിദഗ്ദ്ധർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന പരിശീലനം കൂടുതൽ പേർക്ക് നൽകുന്നതാണ്.

**ഡിഫ്ത്തീരിയയ്ക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ**

215 (1460) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഡിഫ്ത്തീരിയ മരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) ഇനിയും കുത്തിവയ്പ്പെടുക്കാത്തതോ, ഭാഗികമായി കുത്തിവയ്പ്പെടുത്തതോ ആയ 132000-ത്തോളം കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അനാഥാലയങ്ങളിലെ കുട്ടികൾക്ക് കുത്തിവയ്പ്പ് നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡിഫ്ത്തീരിയ മരണം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടികളെടുക്കുമോ?

ഉത്തരം

(എ&ബി) ഈ വർഷം 7-6-2016-നാണ് മലപ്പുറം ജില്ലയിൽ ആദ്യമായി ഡിഫ്ത്തീരിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത്. ജില്ലയിലെ കൊണ്ടോട്ടി, വളവന്നൂർ, വെട്ടം, ഓമന്നൂർ, നെടുവ, കുറ്റിപ്പുറം, മങ്കട, വേങ്ങര എന്നീ ഹെൽത്ത് ബ്ലോക്കുകളിലാണ് (9-7-2016-വരെ) രണ്ട് മരണങ്ങൾ ഉൾപ്പെടെ 25 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ രണ്ട് പേർക്ക് ലാബ് പരിശോധനയിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടയുടൻ തന്നെ രോഗിയുമായി അടുത്തിടപഴകാൻ സാധ്യതയുള്ള കുടുംബത്തിലുള്ളവരെയും സ്കൂൾ കുട്ടികളെയും ഡോക്ടർമാർ അടങ്ങുന്ന സംഘം സ്ക്രീൻ ചെയ്യുകയും ടിഡി വാക്സിനും, ആന്റി ബയോട്ടിക് പ്രൊഫൈലാക്സിസ് നൽകുകയും ചെയ്തിട്ടുണ്ട്. രോഗലക്ഷണമുള്ളവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. രോഗബാധിതർക്കെല്ലാം ആന്റി ടോക്സിൻ നൽകുകയും വാക്സിൻ കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രോഗബാധ റിപ്പോർട്ട് ചെയ്ത വീടിന് ചുറ്റുമുള്ള 100 വീടുകൾ സർവ്വേ നടത്തി സമാനരോഗലക്ഷണങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുകയും പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ്പ് എടുക്കാത്ത സ്കൂൾ കുട്ടികൾ ഉൾപ്പെടെ എല്ലാവർക്കും ടിഡി വാക്സിൻ നൽകിയിട്ടുണ്ട്.

ജില്ലയിൽ 16 വയസ്സിന് താഴെയുള്ള 1253259 കുട്ടികളിൽ 235535 കുട്ടികൾ (18.79%) പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ് എടുക്കാത്തവരാണ്. ആയതിനാൽ എല്ലാ കുട്ടികൾക്കും പൂർണ്ണമായ പ്രതിരോധശേഷി ലഭ്യമാക്കുന്നതിനു വേണ്ടി സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പരിപാടികളായ മിഷൻ ഇന്ദ്രധനുഷ്, മിഷൻ മുക്തി എന്നിവ നടത്തി വന്നിരുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടും കൂടുതൽ കേസ്സുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെയും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും നിർദ്ദേശപ്രകാരം അഡീഷണൽ ഡയറക്ടർ (കുടുംബക്ഷേമം) ഇൻ-ചാർജ്, നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഡിഫ്ത്തീരിയ പ്രതിരോധ പ്രവർത്തനങ്ങളും നിയന്ത്രണ മാർഗ്ഗങ്ങളും ഉൾപ്പെടുത്തി അടിയന്തര കർമ്മപദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി.

കൂടാതെ ജില്ലയിൽ കൂടുതൽ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടാനുള്ള സാധ്യത കണക്കിലെടുത്ത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽ 7-7-2016-ന് അവലോകനയോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ, വിവിധ മതമേലദ്ധ്യക്ഷന്മാർ എന്നിവരും പങ്കെടുത്തു. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ രോഗബാധിത പ്രദേശങ്ങളിൽ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ഊർജ്ജിത ഡിഫ്ത്തീരിയ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും 10 മുതൽ 16 വയസ്സുവരെയുള്ള കുട്ടികളെ പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വാക്സിനേഷൻ കർമ്മ പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു.

ഇതനുസരിച്ച് 8 ബ്ലോക്കിലുമായി 231892 കുട്ടികൾക്ക് ടിഡി വാക്സിൻ നൽകേണ്ടതുണ്ട്. ഇതിനായി 11-7-2016 മുതൽ ഒരു മാസക്കാലയളവിൽ മൊത്തം കുട്ടികൾക്കും ടിഡി വാക്സിൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുള്ള പ്രദേശങ്ങളിൽ 60 സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയുണ്ടായി.

മഞ്ചേരി മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ 400-ഓളം നഴ്സിംഗ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ജില്ലയിൽ ഏറ്റവും കൂടുതൽ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കൊണ്ടോട്ടി ബ്ലോക്കിൽ സർവ്വേ നടത്തി നടപ്പിലാക്കപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളും നിലവിലെ രോഗപ്രതിരോധ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഐ.എം.എ., ഐ.എ.പി., കെ.ജി.എം.ഒ.എ. തുടങ്ങിയ വിവിധ സംഘടനകളെയും, ശിശുരോഗ വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം എന്നിവരെ ഉൾപ്പെടുത്തി ജില്ലയിലെ 1300 സ്കൂളുകളിൽ പി.റ്റി.എ. മീറ്റിംഗ് സംഘടിപ്പിക്കുവാനും ഡിഫ്ത്തീരിയ പൊട്ടിപ്പുറപ്പെടാനുള്ള സാഹചര്യം കണ്ടെത്തുന്നതിനായി വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുത്തി വയ്പിനെതിരെയുള്ള പ്രചരണം തടയുന്നതിനായി എല്ലാ മതവിഭാഗങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു കൂട്ടായ്മയുണ്ടാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) മലപ്പുറം ജില്ലയിലുള്ള 111 അനാഥാലയങ്ങളിൽ അതാത് പി.എച്ച്.സി.-യുടെ കീഴിൽ മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജിന്റെ നേതൃത്വത്തിൽ സന്ദർശനം നടത്തി 10 വയസ്സുമുതൽ 16 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ടിഡി വാക്സിനും 10 വയസ്സുവരെയുള്ള കുട്ടികൾക്ക് സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പട്ടിക പ്രകാരമുള്ള കുത്തിവയ്പുകൾ എടുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ഇടുക്കി ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റ്

216 (1461) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2 (ആരോഗ്യം) തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതായും ഇതിന്റെ കാലാവധി എന്നു വരെയാണെന്നും അറിയാമോ ; ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) 30-6-2016 വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഓരോ ഒഴിവുകളുടെയും പ്രാബല്യത്തീയതിയും പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്ത തീയതിയും സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്ത സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഇതിന്റെ കാലാവധി 15-1-2017 വരെയാണ്. ഈ ലിസ്റ്റിൽ നിന്നും ഇതുവരെ 43 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 7 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 2 ഒഴിവുകൾ 20-4-2016-ലും 5 ഒഴിവുകൾ 3-5-2016-ലുമാണ് പ്രാബല്യത്തിൽ വന്നത്. 5 ഒഴിവുകൾ 26-05-2016-ലും 2 ഒഴിവുകൾ 3-6-2016-ലുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം**

217 (1462) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചിട്ടും അത് ജീവനക്കാർക്ക് ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വർദ്ധനയുടെ അധികഭാരം പഞ്ചായത്തുകളുടെ ചുമതലയിൽ നിന്നും ഒഴിവാക്കുന്നതിനും സർക്കാർ സഹായം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വർദ്ധനവിന്റെ 50 ശതമാനം തുക സർക്കാർ നൽകുന്ന കാര്യം പരിഗണനയിലുണ്ട്.

**ഒൻപതാം ശമ്പളപരിഷ്കരണം**

218 (1463) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലെ സ്വയംഭരണ സ്ഥാപനമായ സി-മെറ്റ് (State Institute of Medical Education Technology)-ന്റെ കോളേജുകളിൽ സേവനം ചെയ്യുന്നതും, ഗവേണിംഗ് ബോഡി തീരുമാനപ്രകാരം സേവനം റഗുലറൈസ് ചെയ്തതുമായ ജീവനക്കാരിൽ പേ-സ്കെയിൽ പ്രകാരം ശമ്പളം വാങ്ങുന്നവർക്ക്, ഒൻപതാം ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന്റെ പ്രൊപ്പോസൽ, സർക്കാരിൽ ലഭിച്ചത് എന്നാണ്; ആയതിന്റെ വിശദവിവരവും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(ബി) നിരവധി വർഷം കഴിഞ്ഞിട്ടും ഈ പ്രൊപ്പോസൽ നടപ്പിലാക്കാത്തതിന്റെ കാരണം എന്താണ്;

(സി) ഇവർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) 2009 മുതൽ സേവനം ചെയ്യുന്ന ഇവർക്ക് കഴിഞ്ഞ 5 വർഷവും ഇൻക്രിമെന്റ് ശമ്പള വർദ്ധനവും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;?

<u>ഉത്തരം</u>

(എ) ചോദ്യത്തിൽ പറയുന്നതുപോലെ ജീവനക്കാർ ഇതുവരെ റഗുലറൈസ് ചെയ്യപ്പെട്ടിട്ടില്ല. സി-മെറ്റ് ഡയറക്ടർ ഇതുസംബന്ധിച്ച് നിർദ്ദേശം 15-4-2013-ന് സമർപ്പിച്ചിരുന്നെങ്കിലും ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടില്ല.

(ബി&സി) നിർദ്ദേശം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 24-5-2014-ന് കൂടിയ സി-മെറ്റിന്റെ 13-ാമത് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ഇൻക്രിമെന്റ്, ക്ഷാമബത്ത, പേ റിവിഷൻ എന്നിവ നൽകാത്തത് പരിഗണിച്ച്, ശമ്പള സ്കെയിൽ അനുവദിച്ചവർക്ക് 24-5-2014 മുതൽ അടിസ്ഥാന ശമ്പളം 20% വർദ്ധിപ്പിക്കുന്നതിനും കൺസോളിഡേറ്റഡ് പേയിൽ തുടരുന്ന ജീവനക്കാർക്ക് 24-5-2014 മുതൽ കൺസോളിഡേറ്റഡ് പേ 10% വർദ്ധിപ്പിക്കുന്നതിനായി സി-മെറ്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ**

219 (1464) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 2006-2011, 2011-2016 കാലഘട്ടങ്ങളിൽ സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ വികസനത്തിനായി എം.എൽ.എ. ഫണ്ട് , ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് എന്തെങ്കിലും നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2006-2011 കാലഘട്ടത്തിൽ ഡി, കെ, ഇ, ജെ1, ജെ2, ജെ3 എന്നീ ബ്ലോക്കുകളുടെ പണി പൂർത്തീകരിക്കപ്പെട്ടു. 2007-ൽ മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗം എന്നിവ വണ്ടാനത്തേക്ക് ഷിഫ്റ്റ് ചെയ്യപ്പെട്ടു. ബ്ലഡ് ബാങ്ക് വിത്ത് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് തുറന്നു. സെൻട്രലൈസ്ഡ് ലാബ്, ലാൻഡ് സ്കേപ്പിംഗ് വർക്ക് എന്നിവ തുടങ്ങുകയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ആരംഭിക്കുകയും ചെയ്തു. 2009-ൽ സർജറി ഡിപ്പാർട്ടുമെന്റ് ഷിഫ്റ്റ് ചെയ്യപ്പെട്ടു. ഫൈബർ ഓപ്റ്റിക് ബ്രോങ്കോസ്കോപ്പ്, പൾമണറി മെഡിസിൻ ഡിപ്പാർട്ടുമെന്റ് എന്നിവ ആരംഭിച്ചു. ഇലക്ട്രിക് ടിൽറ്റ് ടേബിൾ, കോമ്പിനേഷൻ തെറാപ്പി, ഇ.എം.ജി മെഷീൻ തുടങ്ങിയവ പി.എം.ആർ. ഡിപ്പാർട്ടുമെന്റിൽ വാങ്ങി. ന്യൂറോളജി ഡിപ്പാർട്ടുമെന്റിന് വീഡിയോ ഇ.ഇ.ജി. ന്യൂറോ സർജറിക്ക് ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, കാർഡിയാക് കാത്ത്റൈസേഷൻ ലാബ് എന്നിവ ആരംഭിച്ചു. സി.റ്റി.വി.എസ്. പ്രവർത്തനം ആരംഭിച്ചു.

2011-16-ൽ എച്ച്1, എച്ച്2, ജി1, ജി2 ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. മൾട്ടി ഡിസിപ്ലിനറി ഐ.സി.യു നിർമ്മാണം ആരംഭിക്കുകയും പുതിയ മോർച്ചറി കെട്ടിടം, ലീനിയർ ആക്സിലറേറ്റർ എന്നിവയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എച്ച്1, എച്ച്2 ബ്ലോക്കിലേക്ക് സർജറി ഡിപ്പാർട്ടുമെന്റും, ജി1, ജി2 ബ്ലോക്കിലേക്ക് മെഡിസിൻ ഡിപ്പാർട്ടുമെന്റും ഷിഫ്റ്റ് ചെയ്തു. പി.ഐ.സി.യു, എസ്.എൻ.ഐ.സി.യു. എന്നിവ ആരംഭിച്ചു. നഴ്സസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു. ലക്ചറർ തിയേറ്റർ കോംപ്ലക്സ്, സ്കിൽസ് ലാബ് എന്നിവ പൂർത്തീകരിച്ചു. ആശുപത്രി ഓഫീസ് ജെ ബ്ലോക്കിലേക്ക് ഷിഫ്റ്റ് ചെയ്യപ്പെട്ടു. യൂറോളജി ഡിപ്പാർട്ടുമെന്റിൽ ഇ.എൽ.ഡബ്ല്യു.എൻ.എൽ. യൂണിറ്റ് തുടങ്ങി. റീനൽ ട്രാൻസ്പ്ലാന്റേഷൻ തുടങ്ങി. കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിച്ചു. മാമോഗ്രാഫി, 1000 MA X-ray എന്നിവ റേഡിയോ തെറാപ്പി ഡിപ്പാർട്ടുമെന്റിൽ ആരംഭിച്ചു. ഓഫ്താൽമോളജിയിൽ Vitreoretinal Surgery യൂണിറ്റ് തുടങ്ങി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു.

(ബി&സി) എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

## ഡോക്ടർ ഇൻ ഫാർമസി (ഫാം.ഡി.) കോഴ്സ്

220 (1465) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സർക്കാർ ഫാർമസി കോളേജിന് 'ഡോക്ടർ ഇൻ ഫാർമസി (ഫാം.ഡി.) കോഴ്സ് ' തുടങ്ങുന്നതിന് സെൻട്രൽ ഫാർമസി കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര കോളേജുകളിലാണ് ഫാം.ഡി. കോഴ്സ് നിലവിലുള്ളതെന്നും ഇതിൽ എത്ര കോളേജുകളിൽ സർക്കാർ ക്വാട്ട ഉണ്ടെന്നും ആയത് നിലവിൽ ഇല്ലാത്ത കോളേജുകളിൽ സർക്കാർ ക്വാട്ട ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഫാം.ഡി. കോഴ്സ് യോഗ്യതയുടെ അടിസ്ഥാനത്തിൽ ക്ലിനിക്കൽ ഫാർമസിസ്റ്റ് എന്ന തസ്തിക പ്രസ്തുത കോഴ്സ് ജയിച്ചുവരുന്നവർക്കായി മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുമതി ലഭിച്ചിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരികയാണ്.

(ബി) അഞ്ച് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്കാണ് ഫാം.ഡി. കോഴ്സ് നടത്തുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഈ സ്ഥാപനങ്ങളിൽ 50% സീറ്റുകൾ സർക്കാർ മെരിറ്റ് സീറ്റുകളാണ്.

(സി) നിലവിൽ ഈ വിഷയം പരിഗണനയിലില്ല.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. സീറ്റുകൾ

221 (1466) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് ഉള്ളത്; അവയിൽ എത്ര എം.ബി.ബി.എസ്. സീറ്റുകളുണ്ട്;

(ബി) 50 % സീറ്റുകൾ സർക്കാരിന് നൽകുക എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ മുൻവർഷം എത്ര സീറ്റുകൾ സർക്കാരിന് ലഭിച്ചു; ഈ വർഷം എത്ര സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി കരാർ ഉണ്ടാക്കി; അവയിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റുകൾ വീതം ലഭിക്കാൻ സാദ്ധ്യതയുണ്ട്;

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഈ വർഷം അനുമതി നിഷേധിച്ച സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഏതെല്ലാം; ഇതുമൂലം എത്ര എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെട്ടു എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) സീറ്റുകൾ നഷ്ടപ്പെടാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ ഏതെല്ലാം; വിശദമാക്കുമോ;

(ഇ) സ്വാശ്രയ മെഡിക്കൽ കോളേജുകൾ 50% സീറ്റുകൾ സർക്കാരിന് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇവരുമായി എത്ര പ്രാവശ്യം ചർച്ച നടത്തി; തീയതി സഹിതം വ്യക്തമാക്കുമോ;

(എഫ്) മെഡിക്കൽ കൗൺസിലുമായി ബന്ധപ്പെട്ട് ഒരു സീറ്റും നഷ്ടപ്പെടുന്നില്ല എന്ന് സർക്കാർ ഉറപ്പു വരുത്തുമോ ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-ലെ പ്രോസ്പെക്ടസ് പ്രകാരം സർക്കാരുമായി കരാറിലേർപ്പെട്ടിട്ടുള്ള 14 സ്വാശ്രയ മെഡിക്കൽ കോളേജുകളുണ്ട്. അവയിൽ 100 വീതം 1400 എം.ബി.ബി.എസ്. സീറ്റുകളുണ്ട്.

(ബി) 700 സീറ്റുകൾ. കരാർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. ആയത് പൂർത്തീകരിച്ചതിനുശേഷം മാത്രമേ സീറ്റുകളുടെ എണ്ണം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) നിലവിൽ 8 എണ്ണം. അവ താഴെ പറയും പ്രകാരമാണ്.

1. ഡോ. എസ്.എം.സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം
2. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്
3. ശ്രീ. ഗോകുലം മെഡിക്കൽ കോളേജ്, വെഞ്ഞാറമൂട്, തിരുവനന്തപുരം.
4. അൽ അസ്സർ മെഡിക്കൽ കോളേജ്, തൊടുപുഴ
5. ഡി.എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, മേപ്പാടി, വയനാട്
6. പി. കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഒറ്റപ്പാലം, പാലക്കാട്
7. മോണ്ട് സിയോൺ മെഡിക്കൽ കോളേജ്, അടൂർ, പത്തനംതിട്ട

8. മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, കുറ്റിയാടി, കോഴിക്കോട്.

800 സീറ്റുകൾ

(ഡി-എഫ്) സർക്കാർ/സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിശ്ചയിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്. ഓരോ അദ്ധ്യയന വർഷ ആരംഭത്തിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇന്ത്യൻ യൂണിയനിലെ വിവിധ സംസ്ഥാനങ്ങളിലെ മെഡിക്കൽ കോളേജുകളിൽ (സർക്കാർ/സ്വകാര്യ മേഖല) പരിശോധന നടത്തുകയും, ടി പരിശോധനാ വേളയിൽ പ്രസ്തുത കോളേജിന്റെ ഭൗതിക സാഹചര്യങ്ങളായ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളുടെ എണ്ണം, മറ്റ് അനുബന്ധ ഭൗതിക സാഹചര്യങ്ങളായ ലാബ്, തിയേറ്റർ എന്നിവയുൾപ്പെടെ ഒട്ടേറെ കാര്യങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിക്കുകയും അത് പര്യാപ്തമല്ലെങ്കിൽ അടുത്ത അദ്ധ്യയന വർഷം കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി നിഷേധിക്കുകയുമാണ് ചെയ്തുവരുന്നത്. മേൽ കാരണങ്ങളാൽ ടി വിഷയത്തിൽ സംസ്ഥാന സർക്കാരുകൾക്ക് യാതൊരുവിധ ഇടപെടലും സാധിക്കുകയില്ല.

സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ മാനേജ്മെന്റുമായി 4-7-2016-ൽ ചർച്ച നടത്തുകയുണ്ടായി. ടി ചർച്ചയിൽ തീരുമാനമൊന്നും ആയിട്ടില്ല.

**ലീനിയർ ആക്സിലേറ്റർ യന്ത്രം അനുവദിക്കുന്നതിന് നടപടി**

222 (1467) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ റേഡിയേഷൻ യന്ത്രം തുടർച്ചയായി കേടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടെ റേഡിയേഷൻ യന്ത്രം എത്ര തവണ തകരാറിലായെന്ന് വ്യക്തമാക്കാമോ;

(സി) റേഡിയേഷൻ ചികിത്സക്കായി അത്യാധുനിക രീതിയിലുള്ള ലീനിയർ ആക്സിലേറ്റർ യന്ത്രം തൃശ്ശൂർ മെഡിക്കൽ കോളേജിന് അനുവദിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2014-15-ൽ 14 തവണയും 2015-16-ൽ 3 തവണയും തകരാറിലായിട്ടുണ്ട്.

(സി) പ്രസ്തുത യന്ത്രം തൃശ്ശൂർ മെഡിക്കൽ കോളേജിന് അനുവദിച്ചിട്ടുണ്ട്.

**മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ നടപടി**

223 (1468) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പരിഷ്കരണങ്ങൾ ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജുകളിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിനെ 'എയിംസ് ' മാതൃകയിൽ വികസിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഇ) സ്പെഷ്യാലിറ്റി വിഭാഗങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുമോ; വിശദാംശങ്ങൾ നല്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) ടി ഗവൺമെന്റ് മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് അനിവാര്യമായ പരിഷ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കുന്ന നടപടികൾ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി -ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ ചുമതലകൾ വിഭജിക്കുന്നതിന് നടപടി**

224 (1469) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാർ ഭരണനിർവ്വഹണപരമായ ചുമതലകളും അക്കാദമിക് ചുമതലകളും ഒരേ സമയം നിർവഹിക്കേണ്ടി വരുന്നതിനാൽ ആയത് മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രിൻസിപ്പൽമാരുടെ ഭരണ നിർവ്വഹണപരവും അക്കാദമിക്പരവുമായ ചുമതലകൾ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മെഡിക്കൽ കോളേജുകളിൽ ഭരണനിർവ്വഹണപരമായ ചുമതലകളിലും അക്കാദമിക് ചുമതലകളിലും പ്രിൻസിപ്പലിനെ സഹായിക്കുന്നതിനായി വൈസ് പ്രിൻസിപ്പലിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഭരണനിർവ്വഹണത്തിനായി ആശുപത്രി സൂപ്രണ്ട്, ആർ.എം.ഒ. തുടങ്ങിയ തസ്തികകളും നിലവിലുള്ളതിനാൽ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം സുഗമമായി നടക്കുന്നുണ്ട്.

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി**

225 (1470) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ എസ് ഐ-എം ഇ റ്റി (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ ആൻഡ് ടെക്നോളജി) കഴിഞ്ഞ 5 വർഷവും നഴ്സിംഗ് കോളേജുകൾ മാത്രം നടത്തുന്ന സ്ഥാപനമായി മാറി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന്റെ കീഴിൽ ആയുർവ്വേദ, ഹോമിയോ, ഫാർമസി കോളേജുകൾ ആരംഭിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(സി) ഇതുസംബന്ധിച്ച് പ്രൊപ്പോസലുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾ**

226 (1471) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സർക്കാർ മെഡിക്കൽ കോളേജുകളാണ് ഉള്ളത്; ഏതെല്ലാം;

(ബി) 2011 വരെ എത്ര സർക്കാർ മെഡിക്കൽ കോളേജുകളും അവയിൽ എത്ര എം.ബി.ബി.എസ്. സീറ്റുകളും ഉണ്ടായിരുന്നു; ഇപ്പോൾ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം എത്ര;

(സി) തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽകോളേജ് ആരംഭിക്കുന്നതിനുള്ള നടപടി ഏതുവരെയായി;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിലും കേന്ദ്രസർക്കാരും അനുമതി നൽകിയത് എത്ര എം.ബി.ബി.എസ്. സീറ്റുകൾക്കാണ്;

(ഇ) 25000 രൂപ വാർഷിക ഫീസിൽ 100 കുട്ടികൾക്ക് എം.ബി.ബി.എസ്. പഠനം നടത്താൻ കഴിയുന്ന പ്രസ്തുത കോളേജ് വേണ്ടെന്ന് വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഈ വർഷം തന്നെ പുതിയ മെഡിക്കൽ കോളേജിൽ കേന്ദ്ര സർക്കാർ അനുവദിച്ച പ്രകാരം അഡ്മിഷൻ നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 8 (എട്ട്) സർക്കാർ മെഡിക്കൽ കോളേജുകളാണുള്ളത്. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/എറണാകുളം/തൃശ്ശൂർ/മഞ്ചേരി/കോഴിക്കോട്/ഇടുക്കി

(ബി) 2011 വരെ സംസ്ഥാനത്ത് 5 (അഞ്ച്) മെഡിക്കൽ കോളേജുകളും 900 (തൊള്ളായിരം) സീറ്റുകളും ഉണ്ടായിരുന്നു. നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ (എട്ട്) മെഡിക്കൽ കോളേജുകളും 1100 (ആയിരത്തി ഒരുനൂറ്) എം.ബി.ബി.എസ്. സീറ്റുകളുമാണുള്ളത്.

(സി-എഫ്) തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജ് സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

**തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ പേവാർഡ്**

227 (1472) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ രോഗികൾക്ക് പേവാർഡ് ലഭിക്കുന്നതിനുള്ള പ്രയാസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഒഴിവാക്കി രോഗികൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി ഒരു ബഹുനില പേവാർഡ് സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 4 മാസത്തെ കാലതാമസം നേരിടുന്നുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## ഇടുക്കി മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിലെ താത്കാലിക നിയമനം സംബന്ധിച്ച്

228 (1473) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് 2 തസ്തികയിൽ താത്കാലിക നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ഇന്റർവ്യൂ നടത്തിയത് എന്നാണ്;

(ബി) എത്ര ഒഴിവുകളിലേക്കാണ് താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത്;

(സി) പ്രസ്തുത തസ്തികയിൽ ഉണ്ടായ ഒഴിവ് താത്കാലിക അടിസ്ഥാനത്തിൽ നികത്തുന്നതിനായി ഇന്റർവ്യൂ നടത്തിയ ശേഷം ഗ്രേഡ് 1 തസ്തികയിൽ നിയമിച്ചതായി അറിയിച്ചതിനാൽ ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് 2 നിർവ്വഹിക്കേണ്ട ചുമതലകൾ ഏറ്റെടുക്കാൻ താത്കാലിക ജീവനക്കാർ വിമുഖത കാട്ടുന്നത് പരിശോധിക്കുമോ;

(ഡി) താത്കാലികമായി നിയമിക്കപ്പെട്ടവർക്ക് നൽകിയ നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2 തസ്തികയിൽ നിയമിക്കപ്പെടേണ്ടവർ ഇതിനായി ഇന്റർവ്യൂവിൽ പങ്കെടുത്തതിനുശേഷം ഗ്രേഡ് 1 ആയി നിയമിക്കപ്പെടുവാനിടയായ സാഹചര്യം വിശദീകരിക്കാമോ?

### ഉത്തരം

(എ) ഇടുക്കി മെഡിക്കൽ കോളേജിലെ ഔട്ട്സോഴ്സ് (പുറം കരാർ) തസ്തികയായ ഹോസ്പിറ്റൽ അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്. ഇതിനായി 24-5-2016-ലാണ് ഇന്റർവ്യൂ നടത്തിയത്.

(ബി) ഹോസ്പിറ്റൽ അറ്റൻഡർമാരുടെ 10 ഒഴിവുകളിലേക്കാണ് താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത്.

(സി) ഹോസ്പിറ്റൽ അറ്റൻഡന്റ് എന്ന തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ചോദിച്ചതിൻ പ്രകാരം അവിടെനിന്ന് കിട്ടിയ ലിസ്റ്റിൽനിന്നും ഇന്റർവ്യൂ നടത്തി ഹോസ്പിറ്റൽ അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്. നിയമിക്കപ്പെട്ട ജീവനക്കാർ യാതൊരു തരത്തിലുമുള്ള വിമുഖത കാട്ടിയിട്ടില്ല.

(ഡി) ഇടുക്കി മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ അറ്റൻഡർമാരായി താൽക്കാലിക നിയമനം നടത്തിയവരുടെ നിയമന ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഇ) ഗ്രേഡ് 1 ആയി നിയമിക്കപ്പെട്ടിട്ടില്ല.

**മൊഗ്രാൽ യുനാനി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി പദ്ധതി**

229 (1474) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഏക യുനാനി ആശുപത്രിയായ കാസർഗോഡ് മൊഗ്രാൽ യുനാനി ആശുപത്രിക്ക് ഔഷധി മുഖേന പ്രതിവർഷം എത്ര രൂപയുടെ മരുന്നാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക രോഗികൾക്ക് ആവശ്യത്തിന് മരുന്ന് നൽകുന്നതിന് തികയാത്ത സാഹചര്യത്തിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ ആശുപത്രിയിൽ എത്ര ജീവനക്കാരാണുള്ളത്; ഏതെങ്കിലും തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടോ ; എങ്കിൽ ഉടനെ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ആശുപത്രി കിടത്തി ചികിത്സയ്ക്ക് സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഇ) യുനാനി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി എൻ.ആർ.എച്ച്.എം. മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൊഗ്രാൽ യുനാനി ഡിസ്പെൻസറിയിലേക്ക് 2210-02-103-99-24 M&S ശീർഷകത്തിൽ മരുന്ന് വാങ്ങുന്നതിന് ലഭിക്കുന്ന തുകകൊണ്ട് ഔഷധി മുഖേനയാണ് മരുന്ന് വിതരണം ചെയ്തുവരുന്നത്.

2013-14 വർഷം - 45000 രൂപ

2014-15-വർഷം - 50000 രൂപ

2015-16-വർഷം - 55000 രൂപ

2016-17-വർഷം - 55000 രൂപ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഔഷധിക്ക് യുനാനി മരുന്നിന്റെ ഉൽപ്പാദനം ഇല്ലാത്തതിനാൽ ഔഷധി മുഖേന മറ്റ് സ്ഥാപനങ്ങളിൽനിന്നും വാങ്ങിയാണ് വിതരണം ചെയ്യുന്നത്. മേൽ അനുവദിച്ച തുക കൂടാതെ കുമ്പള ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 2013-14 | - | 5 ലക്ഷം |
| 2014-15 | - | 5 ലക്ഷം |
| 2015-16 | - | 6 ലക്ഷം |
| 2016-17 | - | 8 ലക്ഷം |

(ബി) തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) 3 ജീവനക്കാർ, യോഗ്യരായവരുടെ അഭാവത്തിൽ ഒഴിഞ്ഞുകിടക്കുന്ന യുനാനി ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

(ഇ) എൻ.ആർ.എച്ച്.എം. മുഖേന നിലവിൽ 15 യുനാനി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു.

**സിദ്ധ ആശുപത്രികൾ**

230 (1475) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് സിദ്ധ ആശുപത്രികൾ നിലവിലുള്ളത്; വിശദാംശം നൽകാമോ;

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും സിദ്ധ ആശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിൽ ഒരു സിദ്ധ ഡിസ്പെൻസറി നിലവിലുണ്ട്.

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും സിദ്ധ ആശുപത്രികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ആയുർവ്വേദ മെഡിക്കൽ ഓഫീസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നടപടി

231 (1476) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 31 ന് സർവ്വീസിൽ നിന്നും വിരമിക്കേണ്ട ഡോക്ടർമാർക്ക് സർവ്വീസ് ദീർഘിപ്പിച്ച് നൽകുക വഴി ആയുർവ്വേദ മെഡിക്കൽ ഓഫീസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സേവനകാലം ദീർഘിപ്പിച്ച് നൽകിയത് റദ്ദാക്കി നിലവിലെ റാങ്ക് പട്ടികയിൽ നിന്നും നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഡോക്ടർമാരുടെ സേവനകാലം ദീർഘിപ്പിച്ച് നൽകിയത് റദ്ദാക്കാത്ത പക്ഷം 2016 മേയ് 31-ലെ വിരമിക്കൽ കണക്കാക്കി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ റാങ്ക് ലിസ്റ്റിന് 6 മാസത്തിലധികം കാലാവധിയുള്ളതിനാൽ അവസരം നഷ്ടപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മരുന്നുകളുടെ വില ഏകീകരിക്കാൻ നടപടി

232 (1477) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് സർക്കാർ ന്യായവില മരുന്നുകടകളിൽ ഒരേ മരുന്നിന് പല വില ഈടാക്കി വന്നിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ഇത് തടയുവാനും സംസ്ഥാനത്ത് മരുന്ന് വിതരണം നടത്തുന്ന കമ്പനികൾ ഒരേ മരുന്ന് ഒരേ വിലയ്ക്കുതന്നെ സർക്കാർ അധീനതയിലും സഹകരണ മേഖലയിലും സർക്കാർ നിയന്ത്രണത്തിലുമുള്ള മറ്റ് സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുവാനും ആയത് സർക്കാർ തലത്തിൽ ഉറപ്പുവരുത്താനും നടപടികൾ സ്വീകരിക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ ഒരേ മരുന്നിന്/മെഡിക്കൽ ഉപകരണത്തിന് മെഡിക്കൽ കോളേജിലെ കാരുണ്യഫാർമസി, മെഡിക്കൽ കോളേജ് പേയിംഗ്കൗണ്ടർ, എസ്.എ.ടി., ഡ്രഗ് ബാങ്ക്, ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ എച്ച്.എൽ.എൽ. ലൈഫ് കെയർ എന്നിവിടങ്ങളിൽ പല വില ഈടാക്കി വന്നിരുന്നത് ഏകീകരിക്കാൻ വേണ്ടി കഴിഞ്ഞ സർക്കാർ 2012 ആഗസ്റ്റ് മാസം ഉത്തരവ് നല്കിയെങ്കിലും ആയത് നടപ്പാക്കിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഇതിന് കാരണക്കാരെ കണ്ടെത്തി നിയന്ത്രിക്കാനും മരുന്നുകളും/ഉപകരണങ്ങളും സർക്കാർ നിയന്ത്രണ സ്ഥാപനങ്ങൾ വഴി ഒരേ വിലയ്ക്ക് നല്കാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോർ, സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസി ഇവയെല്ലാംതന്നെ കാലാകാലങ്ങളിലുള്ള സർക്കാരുകൾ തുടങ്ങിവച്ച ന്യായവില മെഡിക്കൽ സ്റ്റോർ സംരംഭങ്ങളാണ്. ഇവയെല്ലാം തന്നെ വ്യത്യസ്ത മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ ഇവയുടെ സംഭരണ രീതിയും വിൽപന വില നിശ്ചയിക്കുന്ന രീതിയിലും ഏറ്റക്കുറച്ചിലുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സ്ഥാപനങ്ങൾക്ക് ഒരേ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കണമെങ്കിൽ എല്ലാ സ്ഥാപനങ്ങളും ചേർന്ന് ഏകീകൃത സംഭരണ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. മെഡിക്കൽ സ്റ്റോറുകൾ സ്ഥിതിചെയ്യുന്ന ഇടമനുസരിച്ചാണ് മരുന്നുകളുടെ ആവശ്യകതയിൽ മാറ്റം വരുന്നത്. ആയതിനാൽ ഏകീകൃത സംഭരണ രീതി പൂർണ്ണമായും പ്രായോഗികമല്ല.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ബാധകമല്ല.

**നേമം വിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജിൽ സി.സി.എച്ച്. സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കിയ തീരുമാനം**

233 (1478) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 2002 മുതൽ സി.സി.എച്ച്. സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിന്, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ആവശ്യമായ കാര്യങ്ങൾ ബോധിപ്പിക്കാതെ നേടിയെടുത്ത കോടതി ഉത്തരവിന്റെ മറവിൽ സർക്കാർ ഖജനാവിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന തീരുമാനങ്ങൾ കൈക്കൊണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള നടപടികൾക്ക് ആരൊക്കെയാണ് ഉത്തരവാദികൾ ; അവരുടെ പേരിൽ എന്ത് നടപടികൾ സ്വീകരിച്ചു;

(സി) മുൻ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ എന്ന് മുതലാണ് ടി കോളേജിൽ സി.സി.എച്ച്. പാറ്റേൺ നടപ്പാക്കാൻ തീരുമാനിച്ചത്;

(ഡി) സി.സി.എച്ച്. പാറ്റേൺ 2002 മുതൽ നടപ്പാക്കാനുള്ള മുൻകാല പ്രാബല്യം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും നേടിയെടുക്കാൻ ഉണ്ടായ സാഹചര്യം എന്താണ്;

(ഇ) ഇപ്രകാരമൊരു മുൻകാല പ്രാബല്യത്തിന് കോടതി ഉത്തരവ് വരുന്നതിന് മുമ്പ് സർക്കാർ തലത്തിൽ തീരുമാനമെടുത്തിരുന്നോ;

(എഫ്) ഈ കാര്യത്തിൽ ഡിവിഷൻ ബഞ്ചിൽ ഫയൽ ചെയ്ത കേസിൽ മുൻ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് സർക്കാർ താല്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഉത്തരവാദികളായവരുടെ പേരിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുമോ ; ഇതുമായി ബന്ധപ്പെട്ട വസ്തുതകൾ വെളിച്ചത്തുകൊണ്ടു വരുന്നതിനുള്ള നടപടികൾക്കും ആവശ്യമായ അന്വേഷണത്തിനും തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ&ബി) ഖജനാവിന് സാമ്പത്തിക ബാധ്യത വരുത്തുന്ന തീരുമാനങ്ങൾ എടുത്തിട്ടില്ല. എന്നാൽ കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക ബാധ്യത ഉള്ളതിനാൽ കോടതി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് കൂടിയ യോഗത്തിന്റെ മിനിട്സിൽ തീയതി പരാമർശിച്ചിട്ടില്ല.

(ഡി) നേമം വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ മാനേജ്മെന്റും ജീവനക്കാരും വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2006 മുതൽ വിവിധ കേസുകൾ ഫയൽ ചെയ്യുകയും 13-3-2015-ൽ സി.സി.എച്ച്. പാറ്റേൺ 2002 മുതൽ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കാൻ പൊതുവിധി ഉണ്ടാകുകയുമാണ് ചെയ്തിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്&ജി) അപ്പീലിന്റെ ഭാഗമായി പരിശോധിച്ചുവരുന്നു.

## ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടി

234 (1479) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയോ (ആയുഷ് ഹോമിയോ പ്രൈമറി ഹെൽത്ത് സെന്റർ) ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഹോമിയോ ഡിസ്പെൻസറികളിലൂടെ പ്രധാനമായും പൊതുജനങ്ങൾക്ക് സൗജന്യ ഹോമിയോപ്പതി ചികിത്സാ സേവനം നൽകുക, സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക, ആരോഗ്യ ബോധവത്കരണം നടത്തുക, മദ്യം / മയക്കുമരുന്ന് വിമോചന ചികിത്സ നൽകുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ജനവാസ കേന്ദ്രങ്ങളിൽ മാലിന്യം തള്ളുന്നത് സംബന്ധിച്ച്

235 (1480) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമുള്ള ജനവാസ കേന്ദ്രങ്ങളിൽ സ്വകാര്യ കരാറുകാർ സെപ്റ്റിക് ടാങ്ക് മാലിന്യം തള്ളുന്നത് മലിനീകരണ നിയന്ത്രണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ഒഴിവുകൾ**

236 (1481) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 245 സൂപ്പർവൈസർമാരുടെ തസ്തികകളിൽ ഒഴിവുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 12 |
| ആലപ്പുഴ | 15 |
| പത്തനംതിട്ട | 13 |
| കോട്ടയം | 25 |
| ഇടുക്കി | 26 |
| എറണാകുളം | 24 |
| തൃശ്ശൂർ | 38 |
| പാലക്കാട് | 12 |
| മലപ്പുറം | 12 |
| കോഴിക്കോട് | 9 |
| വയനാട് | 14 |
| കണ്ണൂർ | 14 |
| കാസർഗോഡ് | 29 |

(ബി) പ്രസ്തുത ഒഴിവുകളിൽ 219 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 26 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമനം സംസ്ഥാനാടിസ്ഥാനത്തിലാണ് നടത്തുന്നത്.

## ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വൃക്കരോഗികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ ഉയർത്തുന്നതിന് നടപടി

237 (1482) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വൃക്കരോഗികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ വിതരണം ചെയ്യുന്നതിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കുള്ള പെൻഷൻ അഞ്ഞൂറ്റി ഇരുപത്തഞ്ച് രൂപയിൽ നിന്നും തൊള്ളായിരം രൂപയായി ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെൻഷൻ 525 രൂപയിൽ നിന്ന് 900 രൂപയായും പിന്നീട് 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

## ഓജസ് ന്യൂട്രിമിക്സ് യൂണിറ്റ്

238 (1483) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടികൾ വഴി വിതരണം ചെയ്യുന്നതിനുള്ള അമൃതം പൊടിയുടെ ഉൽപാദനച്ചെലവ് ഇപ്പോൾ വിലയെക്കാൾ അധികരിച്ച സാഹചര്യത്തിൽ ഇതിന് വില വർദ്ധിപ്പിച്ചുനൽകി പെരുമ്പാവൂർ മണ്ഡലത്തിലെ കീഴില്ലത്ത് പ്രവർത്തിക്കുന്ന ഓജസ് ന്യൂട്രിമിക്സ് യൂണിറ്റിലേയും ഈ മേഖലയിൽ പണിയെടുക്കുന്ന മറ്റ് പാവപ്പെട്ട സ്ത്രീകളെയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

അമൃതം ന്യൂട്രിമിക്സ് ഉൽപ്പാദനച്ചെലവ് വിലയെക്കാൾ അധികരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

**വയോജന സംരക്ഷണ നിയമം**

239 (1484) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജന സംരക്ഷണ നിയമം നിലവിലുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമപ്രകാരം വയോജനങ്ങളെ സംരക്ഷിക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് ഈ വർഷം എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്; അവരിൽ എത്രപേരെ കോടതി ശിക്ഷിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) വയോജന സംരക്ഷണ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമം കാര്യക്ഷമമാക്കുന്നതിനും തദ്വാര വയോജനങ്ങൾക്ക് അർഹമായ സംരക്ഷണം ലഭ്യമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വയോജന സംരക്ഷണ നിയമം നിലവിലുണ്ട്. The Maintenance and Welfare of Parents and Senior Citizens Act 2007 (Central Act-56 of 2007) സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വയോജന സംരക്ഷണ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമം കാര്യക്ഷമമാക്കുന്നതിനും മെയിന്റനൻസ്/അപ്പലേറ്റ് ട്രൈബ്യൂണലുകളുടെ പോരായ്മകൾ കണ്ടെത്തുന്നതിനുമായി ഒരു പഠനം നടത്തിയിട്ടുണ്ട്. പഠനറിപ്പോർട്ട് പരിശോധിച്ച് പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ**

240 (1485) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നൽകിവരുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതെല്ലാമാണ്; ഓരോ ഇനത്തിലും എത്ര രൂപ വീതം പ്രതിമാസ പെൻഷനായി നൽകുന്നു; ഇവ എപ്രകാരമാണ് വിതരണം നടത്തുന്നത് എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെൻഷൻ വിതരണം അവതാളത്തിലായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിച്ച് ഗുണഭോക്താക്കൾക്ക് യഥാസമയം പെൻഷൻ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളും അവയുടെ നിരക്കും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പെൻഷൻ | നിരക്ക് | |
|---|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിനു താഴെ | 600 |
| | | 75 വയസ്സും അതിന് മുകളിലും | 1500 |
| 2 | വികലാംഗ പെൻഷൻ | 80%-നു താഴെ അംഗവൈകല്യം | 800 |
| | | 80%-നു മുകളിൽ അംഗവൈകല്യം | 1100 |
| 3. | വിധവാ പെൻഷൻ | | 800 |
| 4. | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 |

ഗുണഭോക്താവിന്റെ ഹിതാനുസരണം മേൽപ്പറഞ്ഞ പെൻഷനുകൾ ഡിബിടി സംവിധാനത്തിലൂടെ ബാങ്ക് അക്കൗണ്ടുകൾ, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ എന്നിവ മുഖേനയും കിടപ്പ് രോഗികൾ, ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യാൻ കഴിയാത്തവർ തുടങ്ങിയവർക്ക് അവരുടെ താല്പര്യ പ്രകാരം ഇലക്ട്രോണിക് മണി ഓർഡർ മുഖേനയും വിതരണം ചെയ്യുന്നു. ഓരോ മാസത്തെയും പെൻഷൻ വിതരണത്തിനാവശ്യമായ തുക ഡിബിടി നോഡൽ ഓഫീസറായ പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുന്നതനുസരിച്ച് വിവിധ അക്കൗണ്ട് ഹെഡുകളിൽ ധനകാര്യ വകുപ്പ് അനുവദിക്കുകയും പ്രസ്തുത തുക പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകുകയും ചെയ്യുന്നു. പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത തുക ഓരോ പെൻഷൻ ഗുണഭോക്താവിനും ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ഇലക്ട്രോണിക് മണി ഓർഡർ എന്നീ മാർഗ്ഗങ്ങളിലൂടെ സോഫ്റ്റ്‌വെയർ സഹായത്തോടെ അതത് മാസം തന്നെ വിതരണം നടത്തുന്നു.

(ബി) ഉണ്ട്. ഗുണഭോക്താക്കൾക്ക് പെൻഷൻ വീട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബഡ്സ് സ്കൂളുകൾക്കുള്ള ആനുകൂല്യങ്ങൾ**

241 (1486) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂളുകൾക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും വകുപ്പിൽ നിന്നും ധനസഹായം ലഭ്യമാകുമോ; എങ്കിൽ ഇതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(സി) ബഡ്സ് സ്കൂൾ ജീവനക്കാർക്ക് നിലവിൽ ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നും ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഓച്ചിറ ക്ഷേത്രപരിസരത്ത് അധിവസിക്കുന്ന വൃദ്ധരും നിരാലംബരുമായവരുടെ സംരക്ഷണം**

242 (1487) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ക്ഷേത്ര പരിസരത്ത് വൃദ്ധരും നിരാലംബരുമായവർ അധിവസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ കുറിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് രാത്രികാലങ്ങളിൽ കഴിയുന്നതിന് കെട്ടിടങ്ങളോ, അഭയ കേന്ദ്രങ്ങളോ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇവർക്ക് മതിയായ ആഹാരം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവർക്ക് ആഹാരം, ചികിത്സ, പരിചരണം തുടങ്ങിയവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓച്ചിറ ക്ഷേത്ര പരിസരത്ത് വൃദ്ധരും നിരാലംബരുമായവർ അധിവസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെക്കുറിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ബി) ഓച്ചിറ ക്ഷേത്രത്തിനോടനുബന്ധിച്ച് ഭക്തജനങ്ങൾക്ക് വിശ്രമിക്കു വാനായിട്ടുള്ള ഹാളിൽ തന്നെയാണ് വൃദ്ധരും നിരാലംബരുമായിട്ടുള്ളവർ അധിവസിക്കുന്നത്. പ്രത്യേകിച്ച് അഭയ കേന്ദ്രങ്ങൾ ഇതിനായി പ്രവർത്തിക്കുന്നില്ല.

(സി) ഇവർക്കായി ഭക്തജനങ്ങൾക്ക് തയ്യാറാക്കുന്ന ആഹാരം നൽകുന്നുണ്ട്. ആഹാരം, ചികിത്സ, പരിചരണം തുടങ്ങിയവ നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

## ജുവനൈൽ ജസ്റ്റിസ് നിയമം

243 (1488) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുവനൈൽ ജസ്റ്റിസ് നിയമത്തിൽ കേന്ദ്ര സർക്കാർ ചില കാതലായ മാറ്റങ്ങൾ വരുത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) കുട്ടിക്കുറ്റവാളികളെ വിലങ്ങുവയ്ക്കാനോ ജയിലിലടയ്ക്കാനോ പാടില്ലെന്ന് നിയമത്തിൽ പുതുതായി വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കുമോ;

(സി) അവർക്ക് വൈദ്യ, നിയമ സഹായങ്ങൾ ഉറപ്പുവരുത്തണമെന്നും രക്ഷിതാക്കളെ വിവരമറിയിക്കണമെന്നും നിയമത്തിൽ പരാമർശമുണ്ടോ; വിശദമാക്കുമോ;

(ഡി) കുട്ടിക്കുറ്റവാളികളെ പുനരധിവസിപ്പിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും ഓരോ കേന്ദ്രങ്ങൾ വീതമെങ്കിലും ആരംഭിക്കണമെന്ന് നിയമത്തിൽ നിർദ്ദേശമുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കുട്ടികുറ്റവാളികളെ (അങ്ങനെ ഒരു വാക്ക് ജുവനൈൽ ജസ്റ്റിസ് നിയമത്തിൽ ഇല്ല. നിയമവുമായി പൊരുത്തപ്പെടാത്ത, അല്ലെങ്കിൽ നിയമത്തിനു വിധേയമാവാത്ത കുട്ടികൾ എന്നാണ് ആക്ടിൽ പറയുന്നത്) വിലങ്ങുവയ്ക്കുവാനോ ജയിലിൽ അടയ്ക്കുവാനോ പാടില്ലെന്ന് ജുവനൈൽ ജസ്റ്റിസ് നിയമം 2015 സെക്ഷൻ 10(1)-ൽ വ്യക്തമാക്കുന്നുണ്ട്.

(സി) ജെ.ജെ. ആക്ട് 2015 സെക്ഷൻ 13(1)(i) പ്രകാരം നിയമവുമായി പൊരുത്തപ്പെടാത്ത ഒരു കുട്ടിയെ പോലീസ് സ്റ്റേഷനിലെ ചൈൽഡ് വെൽഫയർ പോലീസ് ഓഫീസർക്ക് മുമ്പിലോ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിലോ ഹാജരാക്കിയാൽ ആ വിവരം കുട്ടിയുടെ രക്ഷിതാക്കളെ അറിയിക്കേണ്ടതുണ്ട്. ജെ.ജെ. ആക്ട് സെക്ഷൻ 92 പ്രകാരം ഇത്തരം കുട്ടികൾക്ക് വൈദ്യസഹായം ഉറപ്പുവരുത്തണമെന്നും സെക്ഷൻ 13, 14-ൽ കുട്ടിക്ക് നിയമപരമായ പരിരക്ഷ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) ഉണ്ട്. ജെ.ജെ. ആക്ട് സെക്ഷൻ 47 പ്രകാരം സംസ്ഥാന സർക്കാരുകൾക്ക് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി ഒരു ജില്ലയ്ക്ക് ഒരു ഒബ്സർവേഷൻ ഹോം അല്ലെങ്കിൽ ഒന്നിലധികം ജില്ലകൾക്കായി ഒരു ഒബ്സർവേഷൻ ഹോമെങ്കിലും സ്ഥാപിക്കണമെന്ന് നിയമത്തിൽ നിർദ്ദേശമുണ്ട്.

**സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ വേതനം**

244 (1489) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ സർക്കാർ സ്കൂളുകളിൽ എത്ര സൈക്കോ സോഷ്യൽ സ്കൂൾ കൗൺസലർമാരുണ്ട്; ഇവരുടെ പ്രതിമാസ ശമ്പളം എത്രയാണ്;

(ബി) ഇവർക്ക് ഐ.ഇ.ഡി. ടീച്ചർമാർക്ക് തുല്യമായ വേതനം നൽകണമെന്ന് സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എം.എസ്.ഡബ്ല്യൂ./എം.എ. സൈക്കോളജി എന്നീ പി.ജി. യോഗ്യത നേടിയ വനിതാ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസലർമാരുടെ വേതനം ഐ.ഇ.ഡി. ടീച്ചർമാർക്ക് തുല്യമാക്കുന്നതിനും കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്?

<u>ഉത്തരം</u>

(എ) 666 സ്കൂൾ കൗൺസിലർമാരാണ് ഉള്ളത്. ഇവരുടെ പ്രതിമാസ ഓണറേറിയം 12500 രൂപയാണ്.

(ബി) ഇല്ല.

(സി) പദ്ധതിയുടെ പുതുക്കിയ ധാരണാപത്രത്തിൽ സ്കൂൾ കൗൺസിലേഴ്സിന്റെ ഓണറേറിയം IED സ്കൂളുകളിലെ കൗൺസിലേഴ്സിന്റെ ഓണറേറിയത്തിന് തുല്യമാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സ്കൂൾ കൗൺസിലേഴ്സിന്റെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ 141 ഒഴിവുകളാണ് നിലവിലുള്ളത്.

**അങ്കണവാടി വർക്കർമാരുടെ നിയമനം**

245 (1490) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായം നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) അങ്കണവാടിയിൽ അവധി ഒഴിവുകളിൽ ജോലി ചെയ്തവർക്ക് അംഗൻവാടി നിയമനത്തിൽ മുൻഗണനയുണ്ടോ; പ്രായത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(സി) അങ്കണവാടി നിയമനത്തിന് മുൻകാലയളവിൽ ജോലി ചെയ്തവർക്ക് നിയമനത്തിനുള്ള പ്രായം 50 ആയി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) അങ്കണവാടി വർക്കർമാരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 46 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) അങ്കണവാടിയിൽ അവധി ഒഴിവുകളിൽ ജോലി ചെയ്തിട്ടുള്ള അംഗൻവാടി വർക്കർമാർക്ക് സ്ഥിരം ഒഴിവുകളിലേക്ക് സെലക്ഷൻ നടത്തുമ്പോൾ ഒരു വർഷത്തെ മുൻപരിചയത്തിന് 2 മാർക്ക് എന്ന തോതിൽ പരമാവധി 5 മാർക്ക് ലഭിക്കുന്നതായിരിക്കും. അംഗൻവാടി ഹെൽപ്പർമാർക്ക് ഒരു വർഷത്തെ മുൻ പരിചയത്തിന് ഒരു മാർക്ക് എന്ന തോതിൽ പരമാവധി 3 മാർക്ക് ലഭിക്കുന്നതാണ്. പ്രായത്തിൽ ഇളവ് അനുവദിച്ചിട്ടില്ല.

(സി) അങ്കണവാടി ജീവനക്കാരായി നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി കേന്ദ്ര സരക്കാർ 44 വയസ്സായി നിജപ്പെടുത്തിയിരുന്നു. എന്നാൽ ഐ.സി.ഡി.എസ്. മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നിയമനത്തിനുള്ള പ്രായപരിധി 18-35 വയസ്സാകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 46 വയസ്സാണ് അങ്കണവാടി ജീവനക്കാരായി നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി. പ്രസ്തുത സാഹചര്യത്തിൽ അങ്കണവാടി നിയമനത്തിന് മുൻകാലയളവിൽ ജോലി ചെയ്തവർക്ക് ഉയർന്ന പ്രായപരിധി 50 വയസ്സായി ഉയർത്തുന്ന വിഷയം പരിഗണനയിലില്ല.

**അങ്കണവാടികളെ ശിശു സൗഹൃദമാക്കുന്നതിനായുള്ള നടപടികൾ**

246 (1491) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികൾ നിലവിലുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഓരോ അങ്കണവാടികളെയും ശിശു സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്ന 33115 അങ്കണവാടികളുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3061 |
| 2 | കൊല്ലം | 2723 |
| 3 | പത്തനംതിട്ട | 1389 |
| 4 | ആലപ്പുഴ | 2150 |
| 5 | കോട്ടയം | 2050 |
| 6 | ഇടുക്കി | 1561 |
| 7 | എറണാകുളം | 2858 |
| 8 | തൃശ്ശൂർ | 3016 |
| 9 | പാലക്കാട് | 2835 |
| 10 | മലപ്പുറം | 3808 |
| 11 | കോഴിക്കോട് | 2938 |
| 12 | വയനാട് | 874 |
| 13 | കണ്ണൂർ | 2504 |
| 14 | കാസർഗോഡ് | 1348 |
| | ആകെ | 33115 |

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത 9096 അങ്കണവാടികളുടെ ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1257 |
| 2 | കൊല്ലം | 1004 |
| 3 | പത്തനംതിട്ട | 577 |
| 4 | ആലപ്പുഴ | 1050 |
| 5 | കോട്ടയം | 749 |
| 6 | ഇടുക്കി | 263 |
| 7 | എറണാകുളം | 884 |
| 8 | തൃശ്ശൂർ | 580 |
| 9 | പാലക്കാട് | 458 |
| 10 | മലപ്പുറം | 920 |
| 11 | കോഴിക്കോട് | 639 |
| 12 | വയനാട് | 71 |
| 13 | കണ്ണൂർ | 537 |
| 14 | കാസർഗോഡ് | 107 |
| | ആകെ | 9096 |

(സി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത 9 അങ്കണവാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അങ്കണവാടി നമ്പർ |
|---|---|---|
| 1 | ഒറ്റപ്പാലം | 88,112 |
| 2 | അമ്പലപ്പാറ | 70 |
| 3 | കരിമ്പുഴ | 147 |
| 4 | ലക്കിടിപേരൂർ | 24 |
| 5 | പൂക്കോട്ട് കാവ് | 34,43 |
| 6 | തച്ചനാട്ട്കര | 148,154 |

(ഡി)

- അങ്കണവാടികളെ ശിശു സൗഹൃദമാക്കുന്നതിനായി Indoor-Outdoor കളിയുപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- എല്ലാ അങ്കണവാടികളിലും Theme Chart മുഖാന്തിരം പഠനക്രമം നടത്തുന്നതിന് 30 themes ഉൾക്കൊള്ളിച്ചുകൊണ്ടുള്ള Theme Chart വിതരണം ചെയ്തിട്ടുണ്ട്.
- Theme chart പ്രകാരം കുട്ടികൾക്ക് വരയ്ക്കുന്നതിനും കളർ ചെയ്യുന്നതിനുമുള്ള വർക്ക് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്.
- ശിശു സൗഹൃദ അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഹാബിറ്റാറ്റിന്റെ സേവനത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.
- നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങളിൽ ചുമർ ചിത്രങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികളിൽ കളിസ്ഥലം ഒരുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.
- സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികളിലും baby friendly toilet നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ**

247 (1492) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പഞ്ചായത്തുകൾ തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) കാസർകോട് ജില്ലയിൽ സ്വന്തമായ കെട്ടിടത്തിലും വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്ന അങ്കണവാടികളുടെ കണക്ക് വേർതിരിച്ച് നൽകാമോ;

(സി) അങ്കണവാടികളുടെ വാടകയിനത്തിൽ മാസംതോറും എത്ര രൂപ ചെലവാക്കുന്നു എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകാമോ;

(ഡി) കാസർകോട് ജില്ലയിൽ പുതിയ അങ്കണവാടികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) കാസർകോട് ജില്ലയിൽ മാതൃകാ അങ്കണവാടി ഇല്ലാത്ത അസംബ്ലി നിയോജക മണ്ഡലം ഉണ്ടോ; ഉണ്ടെങ്കിൽ മണ്ഡലം ഏതാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം ആയി 1 ചേർത്തിരിക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ - 1175

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ - 120

(സി) കാസർഗോഡ് ജില്ലയിലെ അങ്കണവാടികളുടെ വാടകയിനത്തിൽ മാസംതോറും ചെലവാക്കുന്ന തുക സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) പുതിയതായി അങ്കണവാടികൾ അനുവദിക്കുന്നത് കേന്ദ്രസർക്കാരാണ്. 2015-16 സാമ്പത്തിക വർഷം അങ്കണവാടി ഓൺ ഡിമാന്റ് പ്രകാരം 203 അങ്കണവാടികൾ സംസ്ഥാനത്ത് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ 29 അങ്കണവാടികൾ കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്നു. പ്രസ്തുത അങ്കണവാടികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് നിയോജക മണ്ഡലം ഒഴികെയുള്ള നിയോജക മണ്ഡലങ്ങളിൽ മാതൃകാ അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് നിയോജക മണ്ഡലത്തിൽ സ്ഥലം ലഭ്യമല്ലാത്തതാണ് ഇതിന് കാരണം.

**സ്നേഹപൂർവ്വം പദ്ധതി**

248 (1493) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള അപേക്ഷകൾ കുറയാനിടയായ സാഹചര്യം പരിശോധിക്കുമോ;

(സി) അർഹരായിട്ടുള്ളവർ എപ്രകാരമാണ് ഈ പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്നതെന്നും, അപേക്ഷ ആർക്കാണ് നൽകേണ്ടതെന്നും, എന്തൊക്കെ രേഖകൾ സമർപ്പിക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ;

(ഡി) പദ്ധതിക്ക് അർഹരായിട്ടുള്ളവരെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരണപ്പെട്ട കുടുംബങ്ങളിലെ കുട്ടികളെ സാമ്പത്തിക പരാധീനതയാൽ അനാഥാലയങ്ങളിൽ പ്രവേശിപ്പിക്കുന്ന പ്രവണത ഒഴിവാക്കി അവരെ സ്വഭവനങ്ങളിൽ/ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് ബിരുദതലം വരെ വിദ്യാഭ്യാസം ചെയ്യിപ്പിച്ച് അവരെ സമൂഹത്തിൽ മുഖ്യധാരയിലെത്തിക്കുകയെന്നതാണ് സ്നേഹപൂർവം പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഓരോ വർഷത്തിലും ലഭിച്ച അപേക്ഷകളുടെ എണ്ണം പരിശോധിക്കുമ്പോൾ അപേക്ഷകൾ കുറയുന്ന സാഹചര്യം ഉണ്ടായിട്ടില്ല. 2014-15-ൽ 57051 അപേക്ഷകളും, 2015-16-ൽ 68949 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(സി) ഓരോ അദ്ധ്യയന വർഷത്തിലും അപേക്ഷ ക്ഷണിക്കുമ്പോൾ സ്ഥാപനമേധാവി മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും അർഹരായവരെ തെരഞ്ഞെടുക്കുന്നു.

അപേക്ഷ കുട്ടികൾ പഠിക്കുന്ന സ്ഥാപന മേധാവിക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷകരായ വിദ്യാർത്ഥികൾ വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം ചുവടെപ്പറയുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

- ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ്/ബി.പി.എൽ സാക്ഷ്യപത്രം അഥവാ എ.പി.എൽ ആണെങ്കിൽ കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയിലും നഗരപ്രദേശങ്ങളിൽ 22,375/- രൂപയിലും കുറവാണെന്ന് കാണിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

- മാതാവോ പിതാവോ അഥവാ രണ്ടുപേരും മരണപ്പെട്ടതിന്റെ അംഗീകൃത മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്

- അപേക്ഷകന്റെ ആധാർകാർഡിന്റെ പകർപ്പ്

- കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ കോർബാങ്കിംഗ് സംവിധാനമുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ ജോയിന്റ് അക്കൗണ്ട് എടുത്തതിന്റെ പകർപ്പ്.

വിദ്യാലയങ്ങളിൽ ചേർക്കാത്ത 5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ഈ ധനസഹായത്തിന് നിശ്ചിത അപേക്ഷ ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.

(ഡി) ഈ പദ്ധതിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സ.ഉ (സാധാ) 83/2014/സാനീവ തീയതി 10-10-2014 പ്രകാരം എല്ലാ വിദ്യാഭ്യാസ സ്ഥാപനമേധാവികൾക്കും സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 14 ജില്ലകളിലുമുള്ള വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും പ്രസ്തുത ധനസഹായം സംബന്ധിച്ച് കത്ത് നൽകിയിരുന്നു. എല്ലാ ദൃശ്യശ്രവ്യ മാധ്യമങ്ങൾ മുഖേനയും വേണ്ട പ്രചരണം നൽകിയിട്ടുണ്ട്.

**സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം**

249 (1494) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം 2014-15, 2015-16 വർഷങ്ങളിൽ അരൂർ മണ്ഡലത്തിലെ എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് സഹായമായി ലഭ്യമാക്കുന്നത്;

(സി) ഈ തുക വളരെ കുറവായതിനാൽ തുക വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) മാതാപിതാക്കൾ ഉപേക്ഷിച്ച വിദ്യാർത്ഥികൾക്കും ജോലി ചെയ്യാനാവാത്ത വിധം തളർന്ന് കിടക്കുന്ന രക്ഷകർത്താക്കളുടെ മക്കൾക്കും ഈ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2014-15-ൽ 630-ഉം, 2015-16-ൽ 464-ഉം വിദ്യാർത്ഥികൾക്ക് സ്നേഹപൂർവ്വം പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) സ്നേഹപൂർവ്വം പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയുടെ വിശദാംശം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| 5-വയസ്സിനു താഴെയുള്ളവർക്കും 1-ാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സുവരെയുള്ളവർക്കും | പ്രതിമാസം 300 രൂപ വീതം |
| 6-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെയുള്ളവർക്ക് | പ്രതിമാസം 500 രൂപ വീതം |
| 11, 12 ക്ലാസ്സുകളിൽ ഉള്ളവർക്ക് | പ്രതിമാസം 750 രൂപ വീതം |
| ബിരുദം/പ്രൊഫഷണൽ ബിരുദ കോഴ്സുകളിൽ ഉള്ളവർക്ക് | പ്രതിമാസം 1000 രൂപ വീതം |

ഒരു അദ്ധ്യയന വർഷത്തിൽ പരമാവധി 10 മാസത്തേക്ക് തുക അനുവദിക്കുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) മാതാപിതാക്കൾ ഉപേക്ഷിച്ച വിദ്യാർത്ഥികൾക്കും ജോലി ചെയ്യാനാവാത്തവിധം തളർന്ന് കിടക്കുന്ന രക്ഷകർത്താക്കളുടെ മക്കൾക്കും പഠനധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി സാമൂഹ്യനീതി വകുപ്പ് നിലവിൽ നടപ്പിലാക്കുന്നുണ്ട്. അതിനാൽ ഈ വിഭാഗത്തിലുള്ളവരെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല.

**എൻഡോസൾഫാൻ ദുരിതബാധിതർ**

250 (1495) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിത ബാധിതർക്കായി സമഗ്രവും ശാശ്വതവുമായ പദ്ധതികൾ ആസൂത്രണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത നിർദ്ദേശങ്ങൾ 6 വർഷം പിന്നിട്ടിട്ടും നടപ്പിലാക്കാത്തവർക്കെതിരെ സമയബന്ധിത നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ റവന്യൂ, ആരോഗ്യം, സാമൂഹ്യനീതി, ഭക്ഷ്യപൊതു വിതരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ മുഖാന്തരമാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കളക്ടറേറ്റിൽ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലയുടെ ചുമതലയുള്ള മന്ത്രി ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ആയി ഒരു ജില്ലാതല സെൽ പ്രവർത്തിച്ചുവരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി സ്പെഷ്യാലിറ്റി-സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് പ്രതിമാസ പെൻഷനും അവരെ പരിചരിക്കുന്നവർക്കുള്ള 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള ധനസഹായവും കുടിശ്ശിക തീർത്തും നല്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ സ്കോളർഷിപ്പ്, സൗജന്യ റേഷൻ, ചികിത്സയ്ക്കുള്ള യാത്രാ സൗകര്യങ്ങൾ തുടങ്ങിയവ ദുരിതബാധിതർക്ക്

നൽകിവരുന്നുണ്ട്. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായത്തിന്റെ രണ്ട് ഗഡുക്കൾ അർഹതപ്പെട്ടവർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ലയിലെ ആരോഗ്യ, സാമൂഹ്യ, വിദ്യാഭ്യാസ, സേവന മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി നബാർഡ്-RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ 236 പദ്ധതികളിൽ 166 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് മൂളിയാർ പഞ്ചായത്തിൽ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവർക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും ശിപാർശ ചെയ്ത 5 ലക്ഷം രൂപയിൽ രണ്ടു ഗഡുക്കളും (ആകെ 3 ലക്ഷം രൂപ വീതം) മറ്റു വൈകല്യങ്ങൾ ഉള്ളവർക്ക് ശിപാർശ ചെയ്ത 3 ലക്ഷം രൂപയിൽ രണ്ടു ഗഡുക്കളും (ആകെ 2 ലക്ഷം രൂപ വീതം) നൽകി കഴിഞ്ഞിട്ടുണ്ട്. പട്ടികയിൽപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നതുസംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തില്ലെങ്കിലും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കും സർക്കാർ 3 ലക്ഷം രൂപ വീതം നൽകുന്നതിന് ഉത്തരവാകുകയും രണ്ടു ഗഡുക്കൾ നൽകുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരിൽ നിന്നും മേൽപ്പറഞ്ഞ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് ഡോക്ടർമാരുടെ പാനലിനെ നിയോഗിക്കാൻ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള പാനലാണ് ഇപ്രകാരം ധനസഹായത്തിന് അർഹരായവരെ കണ്ടെത്തിയത്. ഒന്നാമത്തെ ശിപാർശയിൽ തന്നെ ആവശ്യമായ ധനസഹായം കേന്ദ്രസർക്കാർ നൽകണമെന്നുകൂടി എൻ.എച്ച്.ആർ.സി. നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് 2012-ൽ സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഇതുവരെയും അനുകൂലമായ നടപടികൾ ഉണ്ടായിട്ടില്ല.

എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യ ചികിത്സ കേരളത്തിലും കർണ്ണാടകത്തിലുമായി എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലൂടെ ലഭ്യമാക്കി വരുന്നു. രോഗികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. കാസർഗോഡ് ജനറൽ ആശുപത്രിയിൽ നെഫ്രോളജി ഡിപ്പാർട്ടുമെന്റ് ആരംഭിക്കുന്നതിനായി ഐ.സി. യൂണിറ്റ്, സി.ടി. സ്കാൻ സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. എന്നാൽ ഡോക്ടർമാരുടെ ദൗർലഭ്യം മൂലം നെഫ്രോളജി, ന്യൂറോളജി യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന് പരമാവധി പരിശ്രമം ഉണ്ടായിട്ടുണ്ട്.

**അങ്കണവാടികൾക്ക് കെട്ടിടം**

251 (1496) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാതെയുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ച് നൽകാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 9096 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

(ബി) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ചുനൽകുവാൻ ഉദ്ദേശിക്കുന്നു. ആയതിന് നിലനിൽക്കുന്ന പ്രധാന തടസ്സം അങ്കണവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ലാത്തതാണ്. സ്ഥലം ലഭ്യമാക്കുന്നതിന് ഇതര വകുപ്പുകളുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചുനൽകുന്നതിന് നടപടി**

252 (1497) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ള എത്ര അങ്കണവാടികൾക്ക് കെട്ടിടം ഇല്ലാത്തതായുണ്ട്; അവയുടെ ഐ.സി.ഡി.എസ്, ഗ്രാമപഞ്ചായത്ത്, വാർഡ്, അങ്കണവാടി നമ്പർ അടക്കമുള്ള വിശദാംശം നൽകുമോ;

(ബി) എത്ര അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമില്ലാതെ മറ്റു കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ വിശദാംശം നൽകുമോ;

(സി) ചേലക്കര നിയോജക മണ്ഡലത്തിൽ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ള കെട്ടിടമില്ലാത്ത 3 അങ്കണവാടികൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പഞ്ചായത്ത് | വാർഡ് | സെന്റർ നമ്പർ |
|---|---|---|---|
| വടക്കാഞ്ചേരി | വരവൂർ | 6 | 38 |
| വടക്കാഞ്ചേരി | വരവൂർ | 2 | 47 |
| വടക്കാഞ്ചേരി | ദേശമംഗലം | 9 | 57 |

(ബി)സ്വന്തമായി സ്ഥലമില്ലാത്ത 18 അങ്കണവാടികൾ മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| പ്രോജക്ട് | പഞ്ചായത്ത് | സെന്റർ നമ്പർ |
|---|---|---|
| വടക്കാഞ്ചേരി | വരവൂർ | 46 |
| വടക്കാഞ്ചേരി | ദേശമംഗലം | 63,65,66,67 |
| വടക്കാഞ്ചേരി | മുള്ളൂർക്കര | 84,85,86,89 |
| പഴയന്നൂർ | വള്ളത്തോൾ നഗർ | 11,17,152,10,14 |
| പഴയന്നൂർ | ചേലക്കര | 173,175 |
| പഴയന്നൂർ | പഴയന്നൂർ | 171,176 |

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ചേലക്കര നിയോജകമണ്ഡലത്തിലെ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ചുനൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**പെൺകുട്ടികൾക്ക് കൗമാര കൗൺസിലിംഗ്**

253 (1498) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ പെൺകുട്ടികൾക്ക് കൗമാര കൗൺസിലിംഗ് നൽകുന്നുണ്ടോ; ഏതെല്ലാം വിഷയങ്ങളാണ് ഇവർക്ക് നൽകുന്ന കൗൺസിലിംഗിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ ഇത്തരം കൗൺസിലിംഗ് നൽകുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥിനികൾക്കും കൗമാര കൗൺസിലിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രഥമ ശുശ്രൂഷ, മൃഗപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ, പരിസര ശുചിത്വം എന്നീ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി ഈ കൗൺസിലിംഗ് വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കൗൺസിലിംഗ് നൽകിവരുന്നു.

1. സ്കോളാസ്റ്റിക്
2. പരീക്ഷാഭീതി
3. പ്രോബ്ലം വിത്ത് ടീച്ചർ (അദ്ധ്യാപകരുമായുള്ള പ്രശ്നങ്ങൾ)
4. വൈകാരികമായ പ്രശ്നങ്ങൾ
5. പ്രേമബന്ധം
6. ശാരീരിക ബുദ്ധിമുട്ടുകൾ
7. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം
8. ഉത്കണ്ഠ
9. ഫീലിംഗ് ഓഫ് വർത്ത് ലെസ്സ്നസ്സ്
10. സൈക്ക്യാട്രിക് പ്രോബ്ലം
11. സൈബർ പ്രോബ്ലം
12. ലൈംഗിക ചൂഷണം
13. ഫോബിയ
14. കുടുംബ പ്രശ്നങ്ങൾ
15. സാമൂഹിക പ്രശ്നങ്ങൾ
16. ബിഹേവിയറൽ പ്രോബ്ലം
17. അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടീവ് ഡിസെബിലിറ്റി
18. പേഴ്സണൽ പ്രോബ്ലം
19. സാമ്പത്തിക പ്രശ്നങ്ങൾ
20. രക്ഷിതാക്കളുമായുള്ള പ്രശ്നങ്ങൾ
21. ജെറിയാറ്റിക് ഐസൊലേഷൻ
22. സമപ്രായക്കാരുമായിട്ടുള്ള പ്രശ്നങ്ങൾ

(ബി&സി) അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ വകുപ്പിന്റെ പരിധിയിലുള്ള സ്കൂൾ കൗൺസിലേഴ്സ്, കൗൺസിലിംഗ് നൽകുന്നില്ല.

(ഡി) പ്രഥമ ശുശ്രൂഷ, പരിസര ശുചിത്വം, മൃഗപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പുതിയ റേഷൻ കാർഡ് വിതരണം**

254 (1499) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മുതൽ പുതിയ റേഷൻ കാർഡ് വിതരണം നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കിയ റേഷൻകാർഡും പുതിയ റേഷൻ കാർഡും എന്നുമുതൽ വിതരണം ചെയ്യുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ വിഭാഗത്തെ കണ്ടെത്തി പുതിയ റേഷൻകാർഡ് നൽകുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതു കാരണം RCMS മരവിപ്പിച്ചിരിക്കുന്നതിനാൽ പുതിയ റേഷൻ കാർഡുകൾ നൽകാൻ കഴിയുന്നില്ല. എന്നാൽ ആവശ്യമെങ്കിൽ താൽക്കാലിക കാർഡുകൾ നൽകിവരുന്നുണ്ട്.

(ബി) 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള കരട് പട്ടിക പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അതിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും പരിഹരിച്ച് പുതുക്കിയ റേഷൻ കാർഡുകൾ നൽകുന്നതാണ്. 2016 ഡിസംബറോടു കൂടി ഇത് സാധ്യമാകുമെന്നാണ് കരുതുന്നത്. പുതുക്കിയ റേഷൻ കാർഡുകൾ നൽകിക്കഴിഞ്ഞാൽ പുതിയ അപേക്ഷകൾ സ്വീകരിക്കുകയും പുതിയ കാർഡുകൾ നൽകുകയും ചെയ്യുന്നതാണ്.

**പെട്രോൾ പമ്പുകളിലെ ജീവനക്കാരുടെ വേതനം**

255 (T 1500) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന പെട്രോൾ പമ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പമ്പുകളിലെ ജീവനക്കാർക്ക്, സർക്കാരിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് നൽകുന്ന വേതനത്തിന് തുല്യമായ തുക നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പെട്രോൾ പമ്പുകളിലെ ജീവനക്കാർക്ക് മേൽസൂചിപ്പിച്ച പ്രകാരം വേതനം നൽകുന്നതിന് എന്തു നിലപാടാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) കോർപ്പറേഷൻ നടത്തുന്ന പെട്രോൾ പമ്പുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. വിൽപ്പനയുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും പെട്രോൾ ബങ്കുകളുടെ പ്രവർത്തനം വിലയിരുത്തി വിൽപ്പന വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ പെട്രോൾ ബങ്കുകളെക്കുറിച്ചുള്ള പരാതി ലഭിച്ചാൽ അത് ഉടൻ പരിഹരിച്ച് പെട്രോൾ പമ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

(ബി&സി) ഉണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**'വിശപ്പ് രഹിത' സംസ്ഥാനം**

256(1501) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ 'വിശപ്പ് രഹിത' സംസ്ഥാനമാക്കുന്നതിന് തീരുമാനമെടുത്ത എൽ.ഡി.എഫ്. സർക്കാർ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

കുടുംബശ്രീയുടെയും സ്വകാര്യ മേഖലയുടെയും പങ്കാളിത്തത്തോടെ ആവശ്യമുള്ളവർക്കെല്ലാം ഒരു നേരത്തെ ഊണ് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ നടപ്പാക്കാൻവേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്.

**ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ**

257 (1502) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ നിന്നും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള സൗജന്യ നിരക്കിലുള്ള അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവ അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ;

(ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ നിരക്കുകൾ കൃത്യമായി അവർ അറിയുന്നില്ലെന്നും അത് അവർക്ക് ലഭിക്കുന്നില്ലെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബി.പി.എൽ. കാർഡുകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ഉണ്ടെന്നും റേഷൻ കടയിൽ നിന്നും ഏതെല്ലാം ആനുകൂല്യങ്ങൾ അവർ കൈപ്പറ്റിയെന്നും അറിയുന്നതിനുള്ള ഇന്റിമേഷൻ&റിസീവ്ഡ് കാർഡ് സിസ്റ്റം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) റേഷൻ വ്യാപാരികൾക്കും ബി.പി.എൽ. ഉപഭോക്താക്കൾക്കും ഇടയിൽ സൗജന്യ നിരക്കിലുള്ള ഭക്ഷ്യ സാധനങ്ങളുടെ ചോർച്ച സംഭവിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും തൂക്കത്തിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ റേഷൻ കടകളിൽ നിരന്തരം പരിശോധന നടത്തുന്നു. റേഷൻ കാർഡുകളും റിക്കാർഡുകളുമായി ഒത്തുനോക്കി കാര്യക്ഷമമായ പരിശോധന നടത്തുന്നു.

(ബി) പ്രസ്തുത സാഹചര്യം നിലവിലില്ല. റേഷൻ കടകളിലൂടെ പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ അളവും നിരക്കും പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നു. കൂടാതെ റേഷൻകടകളിൽ വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം stock-cum-price board എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ www.civilsupplieskerala.gov.in എന്ന സൈറ്റിൽ റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ അളവും നിരക്കും എല്ലാ മാസവും പ്രദർശിപ്പിക്കുന്നുണ്ട്.

(സി) പരിശോധിച്ചുവരുന്നു. ഭക്ഷ്യ സുരക്ഷാ നിയമം 2013 നടപ്പാക്കി കഴിയുമ്പോൾ റേഷൻ കടകളിൽ ബയോമെടിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ സാധനങ്ങളുടെ വിതരണം ടി മെഷീനിലൂടെയാക്കുന്നതോടുകൂടി റേഷൻ വിതരണത്തിന് കൂടുതൽ സുതാര്യത ലഭിക്കും. എഫ്.സി.ഐ.-യിൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് മൊത്ത വിതരണ ശാലകളിൽ (AWD) സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളിലൂടെ (ARD) കാർഡുടമകൾക്ക് വിതരണം ചെയ്യുന്നത് വരെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഓൺലൈൻ മൊഡ്യൂൾ പൊതുവിതരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) റേഷൻ കടകളിൽ വിലവിവരപ്പട്ടികയും പ്രതിമാസ ലഭ്യതയും ഉപഭോക്താക്കൾ കാണത്തക്കവിധം stock-cum-price board എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ www.civilsupplieskerala.gov.in എന്ന സൈറ്റിൽ റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ അളവും നിരക്കും എല്ലാ മാസവും പ്രദർശിപ്പിക്കുന്നുണ്ട്. അനധികൃതമായി കടത്തിക്കൊണ്ടുപോകുന്ന ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും അനധികൃതമായി വ്യാപാരം നടത്തുന്നതിനായി സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും പിടിച്ചെടുത്ത് പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുകയും ആയതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ കുറ്റക്കാർക്കെതിരെ പോലീസ് കേസ്/അവശ്യ സാധന നിയമം (Essential Commodities Act-1955), Prevention of Black Marketing and Maintenance of Supply of Essential Commodities Act-1980 എന്നിവ പ്രകാരം നടപടിയെടുത്തുവരുന്നു.

**ശബരി ഉല്പന്നങ്ങൾ**

258 (1503) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.സി. എസ്.സി. വഴി വിറ്റഴിച്ച് വന്നിരുന്ന പരലുപ്പ് (ശബരി), ഉത്സവസീസണുകളിലും മറ്റും അവയുടെ ഔട്ട്ലെറ്റുകളിൽ ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സന്ദർഭങ്ങളിൽ ഔട്ട്ലെറ്റുകളിലൂടെ സ്വകാര്യ കമ്പനികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് സ്വകാര്യ ഉടമകൾക്ക് കോടികൾ ലാഭമുണ്ടാക്കി കൊടുക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്ന നടപടി നിരുത്സാഹപ്പെടുത്തുമോ;

(സി) പൊതുജനങ്ങൾക്ക് സർക്കാർ ഉൽപ്പന്നങ്ങൾ മുടക്കമില്ലാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഔട്ട്ലെറ്റുകളിലൂടെ സർക്കാർ ഉല്പന്നങ്ങൾക്ക് ലാഭം കുറഞ്ഞാലും അവ വിറ്റഴിക്കുന്നതിന് പകരം സ്വകാര്യകമ്പനികളുടെ ഉല്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ നടപടി നിരുത്സാഹപ്പെടുത്തുമോ?

ഉത്തരം

(എ) എറണാകുളം മുതലുള്ള തെക്കൻ ജില്ലകളിൽ ശബരി ഉപ്പ് വിതരണത്തിന് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള തമിഴ്നാട് ആസ്ഥാനമായുള്ള കമ്പനി കനത്ത മഴയും വെള്ളപ്പൊക്കവുംമൂലം പ്രവർത്തനരഹിതമായതുമൂലം ശബരി ഉപ്പിന്റെ വിതരണം തടസ്സപ്പെട്ടിരുന്നു. പ്രസ്തുത കമ്പനിയുമായുള്ള കോൺട്രാക്ട് 2016 ജൂലൈ മാസത്തിൽ അവസാനിക്കും. പുതിയ കോൺട്രാക്ടിനുള്ള നടപടിക്രമങ്ങൾ ഏകദേശം പൂർത്തിയായി. 2016 ആഗസ്റ്റ് മാസം മുതൽ തടസ്സമില്ലാതെ വിതരണം സാധിക്കുന്നതാണ്. തൃശ്ശൂർ മുതലുള്ള വടക്കൻ ജില്ലകളിൽ വിതരണം തടസ്സപ്പെട്ടിട്ടില്ല.

(ബി) സപ്ലൈകോ ഔട്ട്ലെറ്റുകളിൽ ശബരി ഉല്പന്നങ്ങൾക്ക് സമാനമായ മറ്റ് കമ്പനി ഉല്പന്നങ്ങളുടെ വിൽപ്പന മൂന്ന് എണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) ശബരി ഉല്പന്നങ്ങൾ ആവശ്യാനുസരണം മുടക്കമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശബരി ഉല്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മറ്റ് കമ്പനികളുടെ സമാനമായ ഉല്പന്നങ്ങൾ മൂന്നിലധികം വിൽക്കുവാൻ പാടില്ല എന്ന് ഔട്ട്ലെറ്റ് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി**

259 (1504) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയതായി റേഷൻകാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടെങ്കിൽ ആയതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

പുതിയതായി റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് തുടങ്ങിയിട്ടില്ല. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ മാത്രമാണ് നൽകിവരുന്നത്.

**പുതിയ റേഷൻ കാർഡ്**

260(1505) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് കിട്ടുന്നതുവരെ അത്യാവശ്യമുള്ള റേഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പുതിയ റേഷൻ കാർഡ് ലഭിക്കാത്തതിന്റെ ബുദ്ധിമുട്ട് പരിഹരിക്കാൻ നിലവിൽ എന്തെല്ലാം പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ കാർഡുടമകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം ഒരു തടസ്സവും കൂടാതെ കാർഡുടമകൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) പുതിയ റേഷൻ കാർഡ് നൽകുന്നതുവരെ അപേക്ഷകർക്ക് താൽക്കാലിക റേഷൻ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ അതിന്റെ അവസാന ഘട്ടത്തിലാണ്.

**പുതിയ റേഷൻ കാർഡുകൾ**

261 (1506) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പോരായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നതുകൊണ്ടാണ് കാലതാമസം നേരിടുന്നത്. മുൻഗണനാ പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറായിട്ടുണ്ട്. പട്ടികയിലെ അപാകതകൾ പരിഹരിച്ച് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

**പുതിയ റേഷൻ കാർഡുകളുടെ അച്ചടി**

262 (1507) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകളുടെ അച്ചടി ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്; സർക്കാർ പ്രസ്സിലല്ലെങ്കിൽ ഏത് പ്രസ്സിൽ എത്ര രൂപയ്ക്കാണ് ഇതിന്റെ കരാർ നൽകിയിട്ടുള്ളത്;

(ബി) എത്ര റേഷൻകാർഡുകളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) ദരിദ്ര കുടുംബങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് റേഷൻകാർഡുകൾ എങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളത്; എ.പി.എൽ./ ബി.പി.എൽ. വിഭാഗങ്ങളായി തരം തിരച്ചിട്ടുണ്ടോ?

ഉത്തരം

(എ) പുതിയ റേഷൻകാർഡുകളുടെ ഉൾപേജുകൾ അച്ചടിക്കുന്നതിന് കാർഡ് ഒന്നിന് 2.14 രൂപ നിരക്കിൽ കെ.ബി.പി.എസ്.-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. റേഷൻ കാർഡിന്റെ ഔട്ടർ പേജ് അച്ചടിച്ച് ലാമിനേറ്റ് ചെയ്ത് സ്റ്റേപ്പിൾ ചെയ്ത് ലഭ്യമാക്കുന്നതിനായി കാർഡ് ഒന്നിന് 13.50 രൂപ നിരക്കിൽ സി-ഡിറ്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) 8024724 റേഷൻകാർഡുകളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 8,79,703 |
| കൊല്ലം | 6,91,877 |
| ആലപ്പുഴ | 5,51,850 |
| പത്തനംതിട്ട | 3,19,557 |
| കോട്ടയം | 4,84,221 |
| എറണാകുളം | 7,92,379 |
| തൃശ്ശൂർ | 7,76,365 |
| ഇടുക്കി | 2,76,000 |
| പാലക്കാട് | 6,78,403 |
| മലപ്പുറം | 8,33,084 |
| കോഴിക്കോട് | 7,02,211 |
| വയനാട് | 1,96,228 |
| കണ്ണൂർ | 5,66,011 |
| കാസർഗോഡ് | 2,76,835 |

(സി) ദരിദ്ര കുടുംബങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി റേഷൻ കാർഡുകൾ മുൻഗണന/മുൻഗണന ഇതര എന്നിങ്ങനെയാണ് തരം തിരിച്ചിരിക്കുന്നത്. മുൻഗണനാ വിഭാഗത്തിൽ എ.എ.വൈ. കാർഡുകളും ഉൾപ്പെടുന്നു.

## നെല്ല് സംഭരണ പദ്ധതി

263 (1508) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സപ്ലൈകോ നിർവ്വഹണ ഏജൻസിയായി 2005 മുതൽ സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ കീഴിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ ഈ പദ്ധതി കേരളത്തിൽ നടപ്പാക്കിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം കർഷകർ ഉല്പാദിപ്പിച്ച നെല്ല് അടിസ്ഥാന താങ്ങുവിലയും അതോടൊപ്പം സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്സും ഉൾപ്പെടുത്തി കേരള സർക്കാർ നിശ്ചയിക്കുന്ന സംഭരണ വില നൽകി സംഭരിക്കുന്നു. ഇപ്രകാരം സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണപരമായി സപ്ലൈകോയിൽ ഗവൺമെന്റ് സ്കീം എന്ന ഒരു പ്രത്യേക വിഭാഗം ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഫീൽഡ് തലത്തിൽ 10 പാഡി മാർക്കറ്റിംഗ് ഓഫീസർമാർ 5 പാഡി പേമെന്റ് ഓഫീസർമാർ, അരി ഗുണനിലവാര പരിശോധനയ്ക്ക് 4 ജൂനിയർ മാനേജർമാർ (ക്യൂ.സി.) എന്നിവർ ഉൾപ്പെടെ 6 ഓഫീസുകൾ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നു.

## ഭക്ഷ്യ സുരക്ഷാ പദ്ധതി

264 (1509) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ അനുശാസിക്കും പ്രകാരം ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പിലാക്കിയാൽ ഭൂരിപക്ഷം കാർഡുടമകളും പദ്ധതിക്ക് പുറത്താകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ എല്ലാ റേഷൻ ഉപഭോക്താക്കൾക്കും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

നിലവിൽ 582735 ലക്ഷം എ.എ.വൈ. കാർഡുകളിൽ ഉൾപ്പെട്ട 2797128 പേരും 1479612 ബി.പി.എൽ. കാർഡുകളിൽപ്പെട്ട 6806215 പേരും ചേർത്ത് ആകെ 9603343 ആളുകളാണ് ഉള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ 15480040 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) പേർ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും. നിലവിലുള്ള ബി.പി.എൽ./എ.എ.വൈ. കാർഡുകളിലെ അർഹതയുള്ളവർ പുറത്താകുവാനുള്ള സാധ്യതയില്ല. എന്നാൽ അനർഹർ ഉണ്ടെങ്കിൽ പുറത്താകുന്നതാണ്.

## ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റി

265 (1510) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ താലൂക്കിൽ ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റി കൂടാറില്ല എന്ന വിവരം അറിയാമോ; പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുവാനുള്ള ആലോചനയുണ്ടോ ?

### ഉത്തരം

നിലമ്പൂർ താലൂക്കിൽ 21-8-2015-നാണ് താലൂക്ക്തല ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റി അവസാനമായി യോഗം ചേർന്നത്. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും റേഷൻ കാർഡ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട ജോലികളുടെ ആധിക്യം മൂലമാണ് യഥാസമയം യോഗം ചേരാൻ കഴിയാതിരുന്നത്. പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികൾ പുനഃസംഘടിപ്പിച്ച് താലൂക്ക്തല ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികൾ അടിയന്തരമായി കൂടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## റേഷൻ കാർഡ് പുതുക്കൽ

266 (1511) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ ആധികാരിക രേഖകളിൽ ഒന്നായ റേഷൻ കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് പുതുക്കാനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) റേഷൻ കാർഡുകൾ കുറ്റമറ്റ രീതിയിൽ പുതുക്കി നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തി മുൻഗണനാ റാങ്കിംഗ് ചെയ്ത് കരട് മുൻഗണനാ/മുൻഗണനാ ഇതര പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. ഇതിലെ അപാകതകൾ പരിഹരിച്ച് ഉടൻ തന്നെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(സി) സ്വീകരിക്കും.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വാഹന ഇന്ധന ഔട്ട്ലെറ്റ്

267 (1512) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിൽ എത്ര വാഹന ഇന്ധന ഔട്ട്ലെറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഔട്ട്ലെറ്റുകൾ മുഖേന കോർപ്പറേഷന് നഷ്ടം സംഭവിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഔട്ട്ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഒല്ലൂർ നിയോജക മണ്ഡലത്തിലെ മണ്ണുത്തിയിൽ ഇത്തരത്തിൽ വാഹന ഇന്ധന ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിൽ 13 വാഹന ഇന്ധന ഔട്ട്ലെറ്റുകൾ ഉണ്ട്.

(ബി) വാഹന ഇന്ധന ഔട്ട്ലെറ്റുകൾ മുഖേന കോർപ്പറേഷന് നഷ്ടം സംഭവിക്കാറില്ല.

(സി) ഔട്ട്ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഓയിൽ കമ്പനികളുമായി ചർച്ചകൾ നടത്തുന്നുണ്ട്.

(ഡി) പെട്രോൾ/ഡീസൽ പമ്പുകൾ ആരംഭിക്കുന്നത് ഓയിൽ കമ്പനികളാണ്. ഓയിൽ കമ്പനി അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് ഒല്ലൂർ നിയോജക മണ്ഡലത്തിലെ മണ്ണുത്തിയിൽ സ്ഥലം ലഭിക്കുമെങ്കിൽ സപ്ലൈകോ പെട്രോൾ പമ്പ് ആരംഭിക്കുന്നതിന് അപേക്ഷ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ**

268 (1513) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടി ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) റേഷൻ കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടി ആരംഭിച്ചത് 16-7-2014-ൽ ആണ്.

(ബി) റേഷൻ കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ പൂർണ്ണമായും ഡേറ്റാ എൻട്രി ചെയ്തിരുന്നുവെങ്കിലും തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ചേർക്കുന്നതിനുമായി ഡേറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കട വഴി കാർഡുടമകൾക്ക് വിതരണം ചെയ്തിരുന്നു. ഈ പ്രിന്റൗട്ടുകൾ തിരികെ വാങ്ങി ആയതിന്റെ ഡേറ്റാ എൻട്രിയും 2016 ജനുവരി അവസാനത്തോടുകൂടി പൂർത്തീകരിച്ചിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് മുൻഗണനാ കുടുംബങ്ങളുടെ റാങ്കിംഗ് നടത്തി മുൻഗണനാ/മുൻഗണനാ ഇതര പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പട്ടിക പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിക്കാൻ തദ്ദേശസ്വയംഭരണ തലത്തിൽ വെരിഫിക്കേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

## മാവേലി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ

269 (1514) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എത്ര കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്;

(ബി) പ്രസ്തുത സർക്കാർ, വിപണിയിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് ആവശ്യമായ തുക നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പാവപ്പെട്ടവർക്ക് മാവേലി സ്റ്റോറുകളിൽനിന്നും സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) വിപണിയിൽ ഇടപെടുന്നതിനും സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നൽകുന്നതിനും എത്ര കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാർക്കറ്റിടപെടൽ പദ്ധതിക്കായി ചെലവഴിച്ച തുകയും സർക്കാരിൽനിന്നും ലഭിച്ച ധനസഹായത്തിന്റെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം നടത്തി വരുന്നു. സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും കൂടുതൽ ജനങ്ങളിലേക്ക് സബ്സിഡിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 38 പഞ്ചായത്തുകളിൽ മുൻഗണന നൽകി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ പ്രത്യേകിച്ച് സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥല സൗകര്യം കുറഞ്ഞ വില്പന ശാലകളിൽ കൂടുതൽ തവണ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നു.

(2) മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വില്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തി അവശ്യ സാധനങ്ങൾ എത്രയും വേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യ സാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പുവരുത്താറുണ്ട്. വിജിലൻസ് വിഭാഗം കുറേക്കൂടി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(5) ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിലേക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷം സപ്ലൈകോയുടെ വിപണിയിടപെടൽ പദ്ധതിക്കായി സംസ്ഥാന സർക്കാർ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും ഇതുവരെ 50 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

**ഇന്ധനം ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിലെ മാറ്റം**

270 (1515) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധന വിതരണ കേന്ദ്രങ്ങളിൽ നിന്ന് ഇന്ധനം ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) വാഹനവുമായി ഇന്ധനം നിറയ്ക്കാൻ പെട്രോൾ പമ്പിലെത്തുന്നവർക്ക് ഇന്ധനത്തിന്റെ വില നൽകിയാലും ഹെൽമെറ്റുണ്ടെങ്കിലെ ഇന്ധനം നൽകാവൂ എന്ന് സിവിൽ സപ്ലൈസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അത് ഏത് നിയമ വ്യവസ്ഥ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഹെൽമെറ്റ് ധരിക്കാത്ത ഇരുചക്രവാഹന യാത്രക്കാർക്ക് പെട്രോൾ നൽകുന്നതിന് ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണത്തിന് തയ്യാറാകുന്നുണ്ടോ യെന്ന വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) നിലവിലുള്ള നിയമത്തിൽ അധിഷ്ഠിതമായി തന്നെ ഹെൽമെറ്റ് ധരിക്കുന്നതിനുള്ള അവബോധം വർദ്ധിപ്പിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നതാണ്.

**സപ്ലൈകോ വഴി മിതമായ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി**

271 (1516) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പുവഴി വിൽക്കുന്ന നോൺ മാവേലി ഇനങ്ങളിൽ പലതിനും മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സപ്ലൈകോ മുൻകാലങ്ങളിൽ നടത്തിയ അശാസ്ത്രീയമായതും ആക്ഷേപങ്ങൾ നിറഞ്ഞതുമായ പർച്ചേയ്സ് രീതികൾ പുനഃപരിശോധിക്കുന്നതിനും ന്യൂനതകൾ പരിഹരിച്ച് മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ സ്ഥാപനമായ സപ്ലൈകോ വഴി വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. എല്ലാ ബ്രാൻഡഡ് നോൺ മാവേലി സാധങ്ങൾക്കും MRP-യിൽ നിന്നും 5% മുതൽ 30% വരെ ഡിസ്കൗണ്ട് നിലവിൽ നൽകിവരുന്നുണ്ട്. സാധനങ്ങളുടെ ആവശ്യകത, പ്രതിമാസം വിൽപ്പന നടത്തുന്നതിന്റെ അളവ്, നിലവിലെ സ്റ്റോക്ക് എന്നിവ കണക്കിലെടുത്ത് ശാസ്ത്രീയമായ രീതിയിലാണ് നിലവിൽ സപ്ലൈകോയിൽ ഉൽപ്പന്നങ്ങൾ പർച്ചേസ് ചെയ്യുന്നത്.

## മൊബൈൽ മാവേലി സ്റ്റോറുകൾ

272 (1517) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് അനുവദിച്ച മൊബൈൽ മാവേലി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇവയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് അനുവദിച്ച മൊബൈൽ മാവേലി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| എറണാകുളം | 3 |
| ആലപ്പുഴ | 1 |
| കോട്ടയം | 1 |
| ഇടുക്കി | 2 |
| പാലക്കാട് | 1 |
| മലപ്പുറം | 1 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 1 |
| വയനാട് | 2 |
| ആകെ | 13 |

(ബി) ഇവയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| എറണാകുളം | 3 |
| ആലപ്പുഴ | 1 |
| കോട്ടയം | 1 |
| ഇടുക്കി | 2 |
| പാലക്കാട് | 1 |
| മലപ്പുറം | 1 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 1 |
| വയനാട് | 2 |
| ആകെ | 13 |

## സിവിൽ സപ്ലൈസ് - കുട്ടനാട്

273 (1518) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിൽ സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

കുട്ടനാട്ടിൽ സപ്ലൈകോ വഴി നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2015-16 ഒന്നാം സീസണിൽ (2015 ഒക്ടോബർ മുതൽ 2015 ഡിസംബർ വരെ) ആലപ്പുഴ ജില്ലയിൽ നിന്നും 42400 മെട്രിക് ടൺ നെല്ലും 2015-16 രണ്ടാം സീസണിൽ (2016 ജനുവരി മുതൽ 2016 ജൂൺ വരെ) ആലപ്പുഴ ജില്ലയിൽനിന്നും 114267 മെട്രിക് ടൺ നെല്ലും സംഭരിച്ചിട്ടുണ്ട്. ഈ പദ്ധതി 2016-17 വർഷവും തുടരുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ അനുവദിക്കാൻ നടപടി

274 (1519) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ താലൂക്കുകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഡിപ്പോകൾ ഇല്ലാത്ത താലൂക്കുകളിൽ പുതിയ ഡിപ്പോ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) അടച്ച് പൂട്ടിയ കോതമംഗലം ഡിപ്പോ, ആവശ്യമായ സ്റ്റാഫുകളെ നിയമിച്ചുകൊണ്ട് പഴയ രീതിയിൽ തന്നെ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പുതുതായി രൂപീകരിച്ചിട്ടുള്ള താലൂക്കുകൾ ഉൾപ്പെടെ 17 താലൂക്കുകളിൽ സപ്ലൈകോ ഡിപ്പോകൾ പ്രവർത്തിക്കുന്നില്ല. താലൂക്ക് ഡിപ്പോകൾ പ്രവർത്തിക്കുന്നില്ലെങ്കിലും ഈ താലൂക്കുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ സപ്ലൈകോ വിൽപ്പന ശാലകൾ എന്നിവയ്ക്ക് സമീപ പ്രദേശങ്ങളിലുള്ള ഡിപ്പോകളിൽ നിന്ന് അവശ്യ സാധനങ്ങൾ പരാതിക്ക് ഇടവരാതെ കാര്യക്ഷമമായി വിതരണം ചെയ്തുവരുന്നുണ്ട്. നിലവിൽ സപ്ലൈകോയുടെ സാമ്പത്തിക അവസ്ഥ മോശമായതിനാൽ പുതിയ ഡിപ്പോകൾ ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) മൂവാറ്റുപുഴ ഡിപ്പോയുടെ ഒരു എക്സ്റ്റൻഷൻ ഡിപ്പോ കോതമംഗലം താലൂക്കിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും കോതമംഗലം താലൂക്കിലെ മാവേലി സ്റ്റോറുകൾക്ക് മാവേലി ഇനങ്ങളും റേഷൻ കടകൾക്ക് ആട്ടയും പഞ്ചസാരയും വിതരണം നടത്തിവരുന്നുണ്ട്. പഴയ രീതിയിൽ ഡിപ്പോയായി പ്രവർത്തിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## സപ്ലൈകോ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില

275 (1520) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ, കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ നൽകാൻ ബാക്കിയുള്ള തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കർഷകർക്ക് നൽകാനുള്ള നെല്ലിന്റെ വില ഏതു തീയതിക്കകം നൽകുമെന്ന് അറിയിക്കാമോ;

(സി) ഈ വർഷത്തെ ഒന്നാം വിള നെല്ലിന്റെ സംഭരണം കാര്യക്ഷമമാക്കാനും, സംഭരണവില നെല്ല് സംഭരിച്ച തീയതി മുതൽ ഒരാഴ്ചയ്ക്കകം നൽകാനും നടപടികളെടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) സപ്ലൈകോ കർഷകരിൽനിന്നും 2015-16 രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ നൽകാൻ ബാക്കിയുള്ള തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 6351113.70 രൂപ |
| കൊല്ലം | 5900401.90 രൂപ |
| പത്തനംതിട്ട | 59660287.40 രൂപ |
| ആലപ്പുഴ | 728430201.80 രൂപ |
| കോട്ടയം | 211799473.60 രൂപ |
| ഇടുക്കി | 184007.90 രൂപ |
| എറണാകുളം | 15148114.30 രൂപ |
| തൃശ്ശൂർ | 476783540.90 രൂപ |
| പാലക്കാട് | 298954818.30 രൂപ |
| മലപ്പുറം | 124583074.30 രൂപ |
| കോഴിക്കോട് | 5650157.00 രൂപ |
| വയനാട് | 1004888.50 രൂപ |
| കണ്ണൂർ | 4920177.10 രൂപ |
| കാസർകോഡ് | 1844150.70 രൂപ |

(ബി) നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം 169.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2016-17 നെല്ല് സംഭരണം സെപ്റ്റംബർ മാസം ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അനുവാദം ചോദിച്ച് കത്ത് അയച്ചിട്ടുണ്ട്. നെല്ല് സംഭരണ വിലയിലെ അടിസ്ഥാന താങ്ങുവില ആഴ്ച തോറും നല്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. ആനുപാതികമായ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് (SIB) നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കണ്ണൂർ ജില്ലയിലെ മാവേലി സ്റ്റോറുകൾ**

276 (1521) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ജില്ലയിൽ പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്ന പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 73 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) (i) കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ii) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ കോലത്ത് വയൽ പ്രദേശത്ത് മാവേലിസ്റ്റോർ ആരംഭിക്കുന്നതുമായിബന്ധപ്പെട്ട് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച തീരുമാനം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(iii) കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്തിലെ കണ്ണാടിപറമ്പിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുതുക്കിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ നടപടി**

277 (1522) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കൽ നടപടികൾ രണ്ട് വർഷത്തോളമായി നിർത്തിവച്ചിരിക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കിയ റേഷൻകാർഡ് ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി കരട് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2016 ഡിസംബറോടുകൂടി പുതുക്കിയ റേഷൻ കാർഡുകൾ നൽകാൻ സാധിക്കുമെന്ന് കരുതുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആലത്തൂർ മോഡേൺ റൈസ് മിൽ**

278 (1523) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചു പൂട്ടിയ ആലത്തൂർ മോഡേൺ റൈസ്മിൽ നടത്തിപ്പ് ചുമതല സഹകരണ സംഘത്തെ ഏല്പിച്ച് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ പുനരുദ്ധരിക്കാനുള്ള ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവത്കരണത്തിന് പദ്ധതി**

279 (1524) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ രംഗം കമ്പ്യൂട്ടർവത്കരിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ ഭരണതലത്തിൽ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വകുപ്പിൽ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിക്കുകയും റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി തിരുവനന്തപുരം എറണാകുളം ജില്ലകളിലെ 22 കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കിയിരുന്നു.

(ബി) ഈ പദ്ധതി പ്രകാരം ചുവടെ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(1) റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുക.

(2) എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല (സപ്ലൈ ചെയിൻ) പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക, ഭക്ഷ്യ ധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് റേഷൻ കടകളിൽ എത്തിക്കുന്നതിനുള്ള ഡോർ ടു ഡോർ ഡെലിവറി സംവിധാനം ഒരുക്കുക.

(3) എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.

(4) ഗുണഭോക്താക്കൾക്കായി സുതാര്യമായ പരാതി പരിഹാര സംവിധാനം (കൺസ്യൂമർ ഗ്രീവൻസ് റെഡ്രസൽ സിസ്റ്റം) തയ്യാറാക്കുക.

ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സാധിക്കും. തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരാതിയുടെ തൽസ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയേയും പരസ്പരം യോജിപ്പിച്ചു കൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ State Apex Committee, വിവിധ വിഷയങ്ങൾ പരിഗണിച്ച് സംസ്ഥാന മന്ത്രിസഭയ്ക്ക് മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team) രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ധനകാര്യ വകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി. മിഷൻ, SPeMT, എൻ.ഐ.സി., WFP തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ അപെക്സ് കമ്മിറ്റിക്ക് ശിപാർശ നൽകുന്നത് SPeMT ആണ്. SPeMT-യ്ക്ക് സാങ്കേതിക വിഷയങ്ങളിൽ ശിപാർശ നൽകുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിവിധ സാങ്കേതിക വിഷയങ്ങളിലുള്ള ശിപാർശകൾ ടെക്നിക്കൽ കമ്മിറ്റി ചർച്ച ചെയ്ത് SPeMT-യ്ക്ക് സമർപ്പിക്കുന്നു. കൂടാതെ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) സാങ്കേതിക സഹായം പ്രോജക്ടിന് ലഭ്യമാണ്.

**ആലത്തൂർ മണ്ഡലത്തിലെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ**

280 (1525) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ എത്രയെണ്ണമാണ് അനുവദിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര എണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും 2015-2016 വർഷത്തിൽ എത്ര രൂപയുടെ വിറ്റുവരവാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ;പ്രസ്തുത മാവേലി സ്റ്റോറുകൾ ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല.

**കോഴിക്കോട് താലൂക്കിലെ റേഷൻ വിതരണ കമ്മീഷൻ കുടിശ്ശിക**

281 (1526) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് താലൂക്കിൽ റേഷൻ വിതരണ ഡിപ്പോകളിൽ കഴിഞ്ഞ ആറ് മാസമായി കമ്മീഷൻ നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിലെ റേഷൻ വ്യാപാരികൾക്ക് 2015 ജൂലൈ മുതൽ 2015 ഒക്ടോബർ വരെയുള്ള AAY കമ്മീഷൻ ഇനത്തിൽ 32,43,435 രൂപയും 2015 ഒക്ടോബർ മുതൽ 2015 നവംബർ വരെ വർദ്ധിപ്പിച്ച കമ്മീഷൻ 65,54,250 രൂപയും 2016 ഫെബ്രുവരി വരെ അന്നപൂർണ്ണ കമ്മീഷൻ 22106 രൂപയും അലോട്ട്മെന്റ് നൽകിയിരുന്നു. 28-3-2016-ന് ബിൽ ട്രഷറിയിൽ സമർപ്പിച്ചപ്പോൾ അന്നപൂർണ്ണ കമ്മീഷൻ തുകയുടെ ബിൽ മാത്രമേ പാസ്സാക്കിയിരുന്നുള്ളൂ. ബാക്കി ബില്ലുകൾക്ക് പ്രീഓതറൈസ്ഡ് സ്ലിപ് അനുവദിക്കുകയാണ് ഉണ്ടായത്. ടി ബില്ലുകൾ 10-06-2016-ന് വീണ്ടും ട്രഷറിയിൽ സമർപ്പിച്ചപ്പോൾ AAY കമ്മീഷൻ ബില്ലായ 32,43,435 രൂപയുടെ ബില്ല് 15-6-2016-നും വർദ്ധിപ്പിച്ച കമ്മീഷൻ ബിൽ തുകയായ 65,54,250 രൂപ 29-6-2016-നും പാസ്സാക്കുകയും തുക റേഷൻ വ്യാപാരികൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. മൊത്ത വ്യാപാരികളുടെ 2015 ജനുവരി മുതൽ 2015 മാർച്ച് വരെയുള്ള കമ്മീഷൻ കുടിശ്ശിക 16,63,687 രൂപയും 2015 നവംബർ മുതൽ 2016 ഫെബ്രുവരി വരെയുള്ള AAY കമ്മീഷൻ ഇനത്തിലുള്ള 29,58,103 രൂപയും അനുവദിച്ച അലോട്ട്മെന്റ് ലഭിക്കുകയും ബില്ലുകൾ 28-6-2016-ന് പാസ്സാകുകയും ചെയ്തിട്ടുണ്ട്.

**സപ്ലൈകോ ജീവനക്കാരുടെ പ്രശ്നങ്ങൾ**

282 (1527) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുവാൻ തീരുമാനമെടുക്കുമോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയ 230 പുതിയ സപ്ലൈകോ ഔട്ട്ലെറ്റുകൾക്ക് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ന്യൂനത പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി. വഴി നിയമിതരായ സപ്ലൈകോ ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊമോഷനും പെൻഷനും നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(ഇ) പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ഇവയിലേക്ക് നിയമനം തുടങ്ങിയോയെന്നും വ്യക്തമാക്കാമോ;

(എഫ്) കോമൺ സർവ്വീസ് റൂൾ സപ്ലൈകോയിൽ എന്നു മുതൽ നടപ്പിലാക്കുമെന്ന് വിശദമാക്കാമോ;കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി സപ്ലൈകോയിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ജി) സപ്ലൈകോയിലെ ദിവസവേതനപ്രകാരം ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് മിനിമം കൂലി നടപ്പിൽ വരുത്തുമോ; 2016 ജൂൺ 30-ാം തീയതി വരെ സപ്ലൈകോയിൽ സ്ഥിരം ജീവനക്കാരുടെ ജൂനിയർ അസിസ്റ്റൻറ്, സീനിയർ അസിസ്റ്റന്റ്-II, സീനിയർ അസിസ്റ്റന്റ്-I, എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച് സർക്കാർ തീരുമാനങ്ങളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ബി) സപ്ലൈകോയിൽ ആവശ്യമായ മനുഷ്യവിഭവ ശേഷിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പി.എസ്.സി. വഴി നിയമിതരായ സപ്ലൈകോ ജീവനക്കാർക്ക് നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി പ്രൊമോഷൻ നൽകിവരുന്നുണ്ട്. പെൻഷൻ സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) പരിശോധിച്ചുവരുന്നു.

(ഇ) റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(എഫ്) പരിശോധിച്ചുവരുന്നു.

(ജി) സപ്ലൈകോയിലെ ദിവസ വേതനപ്രകാരം ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല. ഇവരുടെ ഇപ്പോഴത്തെ വേതനം മിനിമം കൂലിയുടെ പരിധിയിൽ വരുന്നതാണ്. 2016 ജൂൺ 30-ാം തീയതി വരെ സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റിന്റെ 11-ഉം സീനിയർ അസിസ്റ്റന്റിന്റെ II-ന്റെ ഒന്നും ഒഴിവുകൾ ഉണ്ടായിരുന്നു. സീനിയർ അസിസ്റ്റന്റ്-I-ന്റെ ഒഴിവുകളൊന്നും ഉണ്ടായിരുന്നില്ല.

## വിലക്കയറ്റം തടയാൻ പുതിയ മാവേലി സ്റ്റോറുകൾ

283 (1528) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി പുതുതായി മാവേലി സ്റ്റോറുകളും സപ്ലൈകോ സ്റ്റോറുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തിരുവമ്പാടി മണ്ഡലത്തിലെ കുമ്പാറ, കാരമൂല, സൗത്ത് കൊടിയത്തൂർ എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും കൂടുതൽ ജനങ്ങളിലേക്ക് സബ്സിഡിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 38 പഞ്ചായത്തുകളിൽ മുൻഗണന നൽകി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സപ്ലൈകോ വില്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് കുമ്പാറയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാമെന്ന് അറിയിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കാരമൂല, സൗത്ത് കൊടിയത്തൂർ എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ഒന്നുംതന്നെയില്ല.

## അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

284 (1529) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നിലവിലുണ്ടായിരുന്ന 13 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തൃപ്പൂണിത്തുറ ഫ്ലോട്ടിംഗ് മാവേലി സ്റ്റോർ

285 (1530) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉൾനാടൻ ജലപാത പ്രയോജനപ്പെടുത്തി ഒരു ഫ്ലോട്ടിംഗ് മാവേലി സ്റ്റോറിന്റെ സേവനം ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പൊതുജനത്തിനു പ്രയോജനകരമാകുന്ന തരത്തിൽ ഇത്തരം സേവനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സപ്ലൈകോയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഫ്ലോട്ടിംഗ് മാവേലി സ്റ്റോർ പദ്ധതി ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**റേഷൻ കടകളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം**

286 (1531) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഗോഡൗണുകളിൽ റേഷൻസാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യക്കുറവുമൂലം റേഷൻ വിതരണത്തിനുള്ള സാധനങ്ങൾ കേടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഗുണനിലവാര പരിശോധന കർശനമാക്കി റേഷൻകടകളിലൂടെ ഗുണനിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല മുഖേന വിതരണം ചെയ്യേണ്ട ഭക്ഷ്യ സാധനങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളിലൂടെയാണ്. ആയത് വിട്ടെടുക്കുന്നതിന് മുമ്പായി അതതു ജില്ലാ സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ. ഗോഡൗണിൽ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽനിന്നും എ.ഡബ്ല്യൂ.ഡി.-കൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുന്ന സാമ്പിളുകൾ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. കൂടാതെ എ.ഡബ്ല്യൂ.ഡി.കളിൽനിന്നും റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ വിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തി സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നു. കൂടാതെ എല്ലാ റേഷൻ കടകളിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു. മാത്രമല്ല, ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നത് ഉറപ്പു വരുത്തുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

## മാവേലിസ്റ്റോറുകളുടെയും സപ്ലൈകോ സ്റ്റോറുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തൽ

287 (1532) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെയും സപ്ലൈകോ സ്റ്റോറുകളുടെയും നാമമാത്രമായ പ്രവർത്തനങ്ങൾ വിലവർദ്ധനവിന് കാരണമായിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജനസാന്ദ്രതയും പ്രാദേശികമായ ആവശ്യകതയും കണക്കിലെടുത്ത് പുതുതായി മാവേലി സ്റ്റോറുകളും സപ്ലൈകോ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പൊതുവിപണിയിൽ വിലവർദ്ധനവ് ഉണ്ടാക്കുന്ന ഘടകങ്ങളെ നിയന്ത്രിക്കുവാനും സ്വാധീനിക്കുവാനുമുള്ള സംവിധാനം വളരെ പരിമിതമാണ്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉല്പാദക സംസ്ഥാനങ്ങളിൽ ഉൽപ്പാദനം കുറഞ്ഞതുമൂലം മുളകിനും പയർവർഗ്ഗങ്ങൾക്കും പ്രത്യേകിച്ച് ഉഴുന്ന്, തുവര, കടല എന്നിവയുടെ വിലയിൽ അടുത്തകാലത്തായി വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്.

(ബി&സി) സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും കൂടുതൽ ജനങ്ങളിലേക്ക് സബ്സിഡിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 38 പഞ്ചായത്തുകളിൽ മുൻഗണന നൽകി നിലവിലുള്ള

മാനദണ്ഡങ്ങൾക്ക് വിധേയമായി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കുന്ദമംഗലം കൺസ്യൂമർ കോടതി**

288 (1533) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് കൺസ്യൂമർ കോടതി കെട്ടിട നിർമ്മാണം പൂർത്തിയായിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോടതി ഈ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിനു വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2015 ഡിസംബർ മാസത്തിൽ പൂർത്തിയായിരുന്നു. എന്നാൽ മുകൾ നിലയിൽ പുതുതായി നിർമ്മിച്ച ഭാഗത്തെ വൈദ്യുതീകരണ പ്രവൃത്തികളും ഓഫീസ് നെറ്റ്‌വർക്ക് കേബിളിംഗ് ജോലികളും പൂർത്തീകരിക്കാനുണ്ട്. ഇവ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്.

**ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളം**

289 (1534) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർ ആശ്രയിക്കുന്ന ഇടത്തരം ഹോട്ടലുകളിൽ പോലും സൗജന്യ കുടിവെള്ളത്തിനു പകരം മിനറൽ വാട്ടർ പണം നൽകി വാങ്ങുന്നതിന് നിർബന്ധിതമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സാഹചര്യത്തിൽ ഹോട്ടലുകളിൽ ശുദ്ധമായ കുടിവെള്ളം മുൻകാലങ്ങളിലെ പോലെ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് ജില്ലയിലെ റീജിയണൽ അനലറ്റിക്കൽ ലാബിൽ ജി.സി.എം.എസ്. സ്ഥാപിക്കാൻ നടപടി

290 (1535) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ റീജിയണൽ അനലറ്റിക്കൽ ലാബിൽ ജി.സി.എം.എസ്. പോലുള്ള ആധുനിക ഉപകരണങ്ങൾ ഇല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) കേരളത്തിൽ ഏതെല്ലാം ജില്ലകളിലെ ലാബുകളിലാണ് ഈ ഉപകരണങ്ങൾ ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ജി.സി.എം.എസ്. എന്ന ഉപകരണം റീജിയണൽ അനലറ്റിക്കൽ ലാബിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി തിരുവനന്തപുരം, റീജിയണൽ അനലറ്റിക്കൽ ലബോറട്ടറി എറണാകുളം എന്നിവിടങ്ങളിൽ ജി.സി.എം.എസ്. എന്ന ഉപകരണം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കായംകുളത്ത് ലീഗൽ മെട്രോളജി സബ് സെന്റർ പ്രവർത്തിപ്പിക്കുന്നതിന് നടപടി

291 (T 1536) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മിനി സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജോയിന്റ് ആർ.ടി.ഒ.-യുടെ ഓഫീസിന് അനുബന്ധമായി, മണ്ഡലത്തിലെ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് മീറ്റർ പതിപ്പിക്കുന്നതിനായി മാസത്തിൽ രണ്ട് തവണയെങ്കിലും ലീഗൽ മെട്രോളജി സബ് സെന്റർ അനുവദിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

ഉത്തരം

സ്ഥല ലഭ്യത പരിശോധിച്ച ശേഷം ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് മീറ്റർ പതിപ്പിക്കുന്നതിനായി ലീഗൽ മെട്രോളജി സബ് സെന്റർ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ലീഗൽ മെട്രോളജി പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾ 2011 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

292 (1537) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾ 2011 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര; എത്ര തുക പിഴയിനത്തിൽ ഈടാക്കി; വിശദമാക്കുമോ;

(ബി) പ്രസ്തുത റൂൾ നിലവിൽ വന്നശേഷം ഓരോവർഷവും വ്യവസ്ഥകൾ ലംഘിച്ച് വിപണനം നടത്തിയതായി കണ്ടെത്തിയ ഉല്പന്നങ്ങൾ എന്തെല്ലാമാണെന്നും അവ നിലവിൽ വിപണിയിൽ ഉണ്ടോ എന്നും വ്യക്തമാക്കാമോ; ഒരിക്കൽ കണ്ടെത്തി പിഴ ഈടാക്കിയ ശേഷം വീണ്ടും വിപണനം കണ്ടെത്തിയ ഉല്പന്നങ്ങൾ/സ്ഥാപനങ്ങൾ ഏതെല്ലാമെന്നുള്ള വിശദാംശം നൽകുമോ;

(സി) പായ്ക്ക് ചെയ്ത് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നവരും വിതരണത്തിലെത്തിക്കുന്നവരും ലീഗൽ മെട്രോളജി വകുപ്പിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ പ്രകാരം എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) നിയമപ്രകാരം രജിസ്റ്റർ ചെയ്യാതെ സംസ്ഥാനത്തു വിപണനം നടത്തുന്ന പ്രധാന ഉല്പന്നങ്ങൾ കണ്ടെത്താനും വിപണനം തടയാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| വർഷം | കേസ് | പിഴ |
|---|---|---|
| 2011-12 | 1423 | 64,57,550 |
| 2012-13 | 2940 | 1,54,01,250 |
| 2013-14 | 4003 | 2,26,19,500 |
| 2014-15 | 3894 | 23,57,750 |
| 2015-16 | 3832 | 2,87,02,250 |
| 2016-17 (Up to May) | 379 | 21,88,500 |

(ബി)

| വർഷം | വ്യവസ്ഥകൾ ലംഘിച്ച് വിപണനം നടത്തിയ ഉല്പന്നങ്ങൾ |
|---|---|
| (1) | (2) |
| 2011 | ഫ്രൂട്ട്സ് പായ്ക്കറ്റ്, സോഡ, ബ്രഡ്, സോഫ്റ്റ് ഡ്രിങ്ക്സ്, ടെക്സ്റ്റൈൽസ്, ബേക്കറി, സിമന്റ്, എയർ ഫ്രഷ്നർ |
| 2012 | കിഡ്സ് ഡ്രസ്സ്, ലേഡീസ് ചപ്പൽസ്, ചിക്കൻ പാക്കറ്റ്സ്, കശുവണ്ടി പാക്കറ്റ്സ്, ഗ്യാസ് സ്റ്റൗ, കേക്ക്, ടീ ഷർട്ട്സ്, ചോക്കളേറ്റ്സ്, കാസറോൾ, ലഞ്ച് ബോക്സ്, മസ്റ്റാർഡ്, കാരം, പെർഫ്യൂം, പഞ്ചസാര, പെപ്പർ, സിറപ്പ്, സിമന്റ്, സോപ്പ്, ബേബി ഫുഡ്, വിനാഗിരി, അരി, കാരയ്ക്കാ, പെയിന്റ്, സ്വീറ്റ്സ്, ഐസ്ക്രീം, പരിപ്പ്, ബെഡ് ഷീറ്റ്, ഫിഷ് ഫുഡ്, പത്തിരിപ്പൊടി. |

| (1) | (2) |
|---|---|
| 2013 | ബ്രഡ്, വാഷിംഗ് സോപ്പ്, മിൽക്ക്, അരിഷ്ടം, ടൈൽസ്, പെയിന്റ്, മിക്സി, പാമോയിൽ, പർദ്ദ, ചില്ലി പൗഡർ, ബെഡ് ഷീറ്റ്, ഫാൻ, ഈന്തപ്പഴം, സിമന്റ്, അരി, ഇൻഡക്ഷൻ കുക്കർ, മണൽ, ഗ്ലാസ്സ്, പവർ ടൂൾസ് |
| 2014 | ഷട്ടിൽ കോക്ക്, പെയിന്റ്, ബാറ്ററി, ഹൽവ, ടൈൽസ്, ബൾബ്, ഹോട്ട് ബോക്സ്, എൽ.പി.ജി., വെളിച്ചെണ്ണ, അപ്പച്ചട്ടി. |
| 2015 | അരി, കാർ വാഷ്, ഈന്തപ്പഴം, ടൈൽ ഫിക്സ്, എ 4 പേപ്പർ, സ്വീറ്റ്സ്, വളം, ബൾബ്, എയർ ഫിൽട്ടർ, പെയിന്റ്, കമ്പ്യൂട്ടർ, അസസറീസ്, കേക്ക്, അരി, ടോർച്ച്, മിൽക്ക് പൗഡർ, ബി.പി. അപ്പാരറ്റസ്, ബ്രഡ് |
| 2016 | ഓട്ടോ മൊബൈൽ പാർട്സ്, കേക്ക്, സ്വീറ്റ്സ്, പഞ്ചസാര, വെളിച്ചെണ്ണ, ബൾബ്, സോപ്പ്, അച്ചാർ, കളിപ്പാട്ടം, ഡയപ്പർ, ബ്രഡ്, ചെയിൻസോ |

മുകളിൽ പറഞ്ഞ പായ്ക്കറ്റുകൾ നിയമലംഘനത്തോടുകൂടി വീണ്ടും വിപണിയിൽ കണ്ടിട്ടില്ല.

നിയമലംഘനം കണ്ടെത്തിയതിനത്തുടർന്ന് പിഴ ഈടാക്കിയ ഉല്പന്നങ്ങൾ വീണ്ടും വിപണനം നടത്തുന്നതായി കണ്ടെത്തിയിട്ടില്ല.

(സി) പായ്ക്കർ രജിസ്ട്രേഷൻ എടുത്തവരുടെ എണ്ണം - 14278

ഇംപോർട്ട് രജിസ്ട്രേഷൻ എടുത്തവരുടെ എണ്ണം - 444

(ഡി) നിയമപ്രകാരം രജിസ്ട്രേഷൻ നടത്താതെ വിപണനം നടത്തുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനായി നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവരിൽനിന്നും പിഴ ഈടാക്കുകയും ചെയ്യുന്നു. ഇതിനുവേണ്ടി സ്പെഷ്യൽ ഡ്രൈവ് പരിശോധനകളും സംഘടിപ്പിക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1367, 1453 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 Am]

## II അടിയന്തരപ്രമേയം

### രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും

മി.സ്പീക്കർ : കണ്ണൂർ ജില്ലയിൽ ഇന്നലെയുണ്ടായ രാഷ്ട്രീയ കൊലപാതകങ്ങൾ ഉൾപ്പെടെ കേരളത്തിൽ വർദ്ധിച്ചു വരുന്ന കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും അരക്ഷിതാവസ്ഥയും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, റ്റി. എ. അഹമ്മദ് കബീർ, സി. എഫ്. തോമസ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഈ സർക്കാർ അധികാര മേറ്റതിനുശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള അക്രമപ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് ഈ അടിയന്തരപ്രമേയം. നിരവധി പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായി ഉന്നയിച്ചുകൊണ്ട് ആ പ്രശ്നങ്ങൾ എല്ലാം പരാമർശിച്ച് പോകേണ്ടതായതിനാൽ സമയം കുറച്ച് നീണ്ടുപോകുമെന്നാണ് തോന്നുന്നത്. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ രാമന്തളി ചുള്ളേരി വീട്ടിൽ ബാലകൃഷ്ണന്റെ മകനും ഡി.വൈ.എഫ്.ഐ.-യുടെ മുൻ വില്ലേജ് സെക്രട്ടറിയുമായ 40 വയസ്സുള്ള ധനരാജനെ കഴിഞ്ഞ 11-ാം തീയതി രാത്രി 9.45 മണിയോടെയാണ് ബി.ജെ.പി. പ്രവർത്തകരായ 10 പേർ രാഷ്ട്രീയ വിരോധം കാരണം വീട്ടുമുറ്റത്ത് വച്ച് വെട്ടിക്കൊലപ്പെടുത്തിയ സംഭവം ഉണ്ടായത്. ഇക്കാര്യത്തിൽ ധനരാജിന്റെ അയൽവാസി പ്രജീഷ് നൽകിയ മൊഴിപ്രകാരം പയ്യന്നൂർ പൊലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. ഈ സംഭവത്തിലുള്ള വിരോധത്താലാണ് പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ തന്നെയുള്ള വെള്ളൂര് അന്നൂർ പടിഞ്ഞാറേക്കര കുഞ്ഞികോമ്പ്രത്ത് വീട്ടിൽ താമസിക്കുന്ന ബി.ജെ.പി. പയ്യന്നൂർ നിയോജകമണ്ഡലം കമ്മിറ്റി മെമ്പറായ 40 വയസ്സുള്ള രാമചന്ദ്രനെ കഴിഞ്ഞ 11-ന് രാത്രി 12.30 മണിയോടുകൂടി വെട്ടിക്കൊലപ്പെടുത്തിയ സംഭവം ഉണ്ടായത്. അതിൽ രാമചന്ദ്രന്റെ ഭാര്യ രജനിയുടെ മൊഴിപ്രകാരം പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. ഇതിനെത്തുടർന്നുണ്ടായ ചില അക്രമ സംഭവങ്ങളിൽ പോലീസ് ഫലപ്രദമായി ഇടപെടുകയും ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാകുകയും ചെയ്തിട്ടുണ്ട്. കൊല്ലം കളക്ടറേറ്റിലുണ്ടായ ബോംബ് സ്ഫോടനത്തെക്കുറിച്ച് അടിയന്തരപ്രമേയ

നോട്ടീസിൽ പരാമർശിച്ചിട്ടുണ്ട്. ജൂൺ 15-ന് രാവിലെ 10.45 മണിയോടെ കൊല്ലം കളക്ടറേറ്റ് വളപ്പിൽ മുൻസിഫ് കോടതിക്ക് സമീപം പാർക്ക് ചെയ്തിരുന്ന ലേബർ ഡിപ്പാർട്ടുമെന്റ് വക ജീപ്പിനുള്ളിൽ ഉഗ്രസ്ഫോടനം ഉണ്ടായി. സ്ഫോടനത്തിൽ ഒരു സിവിൽ കേസ്സുമായി ബന്ധപ്പെട്ട് കോടതിയിൽ എത്തിയ സാബുവിന്റെ മുഖത്ത് പരിക്കേറ്റിരുന്നു. മറ്റ് അപായങ്ങൾ ഒന്നും ഉണ്ടായില്ല. ഇതിൽ ജില്ലാ ലേബർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. റൈറ്റസിന്റെ പരാതി പ്രകാരം കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിൻമേൽ കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ എ.സി.പി. ശ്രീ. കെ. ലാൽജിയുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം സ്ക്വാഡുകളായി തിരിഞ്ഞ് അന്വേഷണം നടത്തിവരികയാണ്. എ.ഡി.ജി.പി. സൗത്ത് സോൺ, ഐ.ജി.പി. ഇന്റേണൽ സെക്യൂരിറ്റി, ഐ.ജി.പി. തിരുവനന്തപുരം റേഞ്ച്, കൊല്ലം സിറ്റി പോലീസ് കമ്മീഷണർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടക്കുന്നത്. പ്രതിയെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. പോത്തൻകോട് സുജിത്തിനെ മർദ്ദിച്ചുവെന്ന ആരോപണം നോട്ടീസിൽ ഉന്നയിച്ചിരുന്നു. ജൂലൈ 6-ാം തീയതി രാത്രി 7 മണിയോടെ പോത്തൻകോട് പോലീസ് സ്റ്റേഷനിലെ അരിയോട്ടുകോണം എന്ന സ്ഥലത്ത് പ്രദേശവാസികൾ തമ്മിൽ സംഘർഷമുണ്ടായതറിഞ്ഞ് പോലീസ് സ്ഥലത്തെത്തി രണ്ടു വിഭാഗത്തേയും പിരിച്ചുവിട്ടു. തുടർന്ന് രാത്രി 8 മണിയോടെ രണ്ടു വിഭാഗവും വീണ്ടും സംഘടിച്ചപ്പോൾ പോലീസ് ആ ഘട്ടത്തിലും ഇടപെട്ട് ഇവരെ പറഞ്ഞയച്ചു. ആ സമയം സുജിത്ത് എന്നയാൾ പോലീസ് ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചപ്പോൾ സുജിത്തിനെ പോലീസ് കസ്റ്റഡിയിലെടുക്കുകയും അന്നുതന്നെ ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തു. പക്ഷേ പോലീസ് മർദ്ദിച്ചു എന്ന് ആരോപിച്ച് സുജിത്ത് രാത്രി 8.45 മണിയോടെ കന്യാകുളങ്ങര പ്രൈമറി ഹെൽത്ത് സെന്ററിലും തുടർന്ന് അടുത്ത ദിവസം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിത്സതേടി. പോലീസ് ഇയാളെ മർദ്ദിച്ചു എന്ന ആരോപണം ശരിയല്ല. ഒരു വലിയ സംഘർഷം അവിടെ ഉയർന്നുവരുമ്പോൾ അത് ഒഴിവാക്കുന്നതിനായി പോലീസ് കാര്യക്ഷമമായി പ്രവർത്തിക്കുകയാണ് ചെയ്തത്. ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആറ്റിങ്ങലിൽ ഒരു യുവാവിനെ വെട്ടിക്കൊന്ന സംഭവത്തെക്കുറിച്ച് നോട്ടീസിൽ പറയുന്നുണ്ട്. ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ പരിധിയിലെ കിഴുവില്ലം വില്ലേജിൽ പ്ലാമൂർക്കോണം പ്രദീപ് ഭവനിൽ 33 വയസ്സുള്ള ദിലീപിനെ, പ്രതിയുടെ ഭാര്യയുമായി അവിഹിത ബന്ധമുണ്ടെന്ന് ആരോപിച്ച് ജൂലൈ 3-ന് വൈകുന്നേരം 4.30-ന് കിഴുവില്ലം പോളയിൽ എന്ന സ്ഥലത്ത് വച്ച് മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചു വന്നിരുന്ന മുരുകൻ തടഞ്ഞു നിർത്തി കയ്യിലുണ്ടായിരുന്ന വെട്ടുകത്തി കൊണ്ട് ദിലീപിന്റെ

കഴുത്തിലും കൈക്കുഴിയിലും വെട്ടി കൊലപ്പെടുത്തി. ഈ സംഭവത്തിൽ ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് മുരുകനെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്. തുടർന്നുള്ള അന്വേഷണം സി.ഐ.-യുടെ നേതൃത്വത്തിൽ നടന്നു വരികയാണ്. തൃശ്ശൂർ ചാവക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ രമേശൻ കൊല്ലപ്പെട്ടത് നോട്ടീസിൽ പരാമർശിക്കുന്നുണ്ട്. ചാവക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ പാലയൂർ വാറനാട്ട് വീട്ടിൽ പരമേശ്വരൻ നായരുടെ മകൻ രമേശൻ (54 വയസ്സ്) ജൂലൈ 6-ന് വൈകിട്ട് 7 മണിയോടെ മോട്ടോർ സൈക്കിളിൽ പ്ലസ് ടു വിന് പഠിക്കുന്ന മകളും പ്ലസ് വണ്ണിന് പഠിക്കുന്ന മകനുമായി അനുഗ്യാസ് റോഡിലുള്ള തന്റെ തറവാട് വീട്ടിലേയ്ക്ക് പോകവേ വീടിന് 100 മീറ്റർ അകലെ റോഡരികിലിരുന്ന ചെറുപ്പക്കാർ കളിയാക്കുകയുണ്ടായി. തറവാട് വീട്ടിലെത്തിയ രമേശൻ കുട്ടികളെ വീട്ടിലാക്കി തിരിച്ചുവന്ന് കളിയാക്കിയ ചെറുപ്പക്കാരെ ചോദ്യം ചെയ്ത സമയം അവരുമായി വാക്കുതർക്കവും ഉന്തും തള്ളുമുണ്ടായി, തുടർന്ന് രമേശൻ കുഴഞ്ഞുവീണ് മരണപ്പെട്ടു. ഇതിലേക്ക് രമേശന്റെ ബന്ധുവായ ബാബു എന്നയാളുടെ പരാതിപ്രകാരം ചാവക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് അന്വേഷണത്തിൽ മരണ കാരണം ഹൃദയാഘാതമാണെന്ന് ഡോക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സത്യൻ, ഫയാസ്, ദീപക് എന്നിവരെ അറസ്റ്റ് ചെയ്ത് ഈ കേസ്സിൽ റിമാന്റ് ചെയ്തിട്ടുണ്ട്. ഈ സംഭവം അതീവ ഗൗരവമായി തന്നെയാണ് സർക്കാർ കാണുന്നത്. ഒരു അച്ഛൻ മക്കളേയും കൊണ്ടുപോകുമ്പോൾ കളിയാക്കിയതിന്റെ ഭാഗമായി അച്ഛൻ അതിലിടപെട്ട് ചോദ്യം ചെയ്തു. അതിന്റെ തുടർച്ചയായി മരണപ്പെട്ടു എന്ന സംഭവം ഗൗരവമായി തന്നെയാണ് സർക്കാർ കാണുന്നത്. ഇതോടൊപ്പം കോവളം പോലീസ് സ്റ്റേഷൻ പരിധിയിൽ മരിയാദാസിനെ കൊലപ്പെടുത്തിയ സംഭവം ഉന്നയിക്കുന്നുണ്ട്. ജൂലൈ 6-ാം തീയതി രാത്രി 10.30-നും ജൂലൈ 7-ന് പുലർച്ചെ 4.30-നും ഇടയ്ക്കുള്ള ഏതോ സമയത്ത് തിരുവല്ലം മുട്ടയ്ക്കാട് കോളിയൂർ ചാനൽക്കര ചരുവിള പുത്തൻവീട്ടിൽ താമസിച്ചു വരുന്ന മരിയാദാസിനേയും ഭാര്യ ഷീജയേയും ആരോ വീടിന്റെ പുറകുവശത്തെ വാതിൽ കുത്തിപ്പൊളിച്ച് അകത്തുകയറി ഏതോ മാരകായുധം ഉപയോഗിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചതിൽ മരിയാദാസ് (50 വയസ്സ്) അവിടെ വച്ചു തന്നെ മരണപ്പെട്ടു. ടിയാന്റെ ഭാര്യ ഷീജ (41 വയസ്സ്) മുഖത്തും ദേഹത്തും ഗുരുതരമായ പരിക്കുകളോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇക്കാര്യത്തിൽ കോവളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം ഫോർട്ട് എ.സി.-യുടെ നേതൃത്വത്തിൽ നടത്തുകയും പ്രതികളായ കൊലുസ് ബിനു എന്ന അനിൽകുമാറിനേയും അയാളുടെ സുഹൃത്ത് തമിഴ്നാട് സ്വദേശി ചന്ദ്രനേയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്.

ഒറ്റപ്പാലം കോടതി പരിസരത്ത് മാധ്യമ പ്രവർത്തകരെ ആക്രമിച്ച സംഭവവും നോട്ടീസിൽ ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ ജൂൺ 9-ാം തീയതി രാവിലെ 8.45 മണിയോടെ ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ ഗവൺമെന്റ് ഹൈസ്കൂളിന് എതിർവശത്തുവച്ച് എസ്.എഫ്.ഐ. പ്രവർത്തകരും എ.ബി.വി.പി. പ്രവർത്തകരും തമ്മിൽ സംഘർഷം ഉണ്ടായതിൽ ഇരു കൂട്ടത്തിൽപ്പെട്ടവർക്കും പരിക്കേറ്റിരുന്നു. ആ സംഭവത്തിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവത്തിലുള്ള വിരോധത്താൽ ജൂൺ 11-ന് രാത്രി 8.00 മണിയോടെ നെല്ലായ - പൊറ്റച്ചിറ എന്ന സ്ഥലത്ത് വച്ച് സി.പി.ഐ.(എം) പ്രവർത്തകനായ പ്രജിത്തിനെ ബി.ജെ.പി. പ്രവർത്തകർ ദണ്ഡ് കൊണ്ട് അടിച്ച് പരിക്കേൽപ്പിക്കുകയും ആ സംഭവത്തിൽ ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷനിൽ ബി.ജെ.പി. പ്രവർത്തകരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ബി.ജെ.പി.- ആർ.എസ്.എസ്. പ്രവർത്തകർ പ്രതികളായ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട ജ്യോതിഷ്, രോഹിത്, മണികണ്ഠൻ, രാജേഷ്, ദീപേഷ്, പ്രകാശ് എന്നിവരെ ജൂൺ 14-ാം തീയതി ഉച്ചയ്ക്ക് 1.30-ഓടെ ഒറ്റപ്പാലം കോടതി മുമ്പാകെ ഹാജരാക്കാൻ കൊണ്ടുവന്ന സമയത്ത് കോടതിയുടെ മുൻവശത്ത് റോഡിൽ നിന്നുകൊണ്ട് പ്രതികളുടെ ഫോട്ടോയെടുക്കാൻ ശ്രമിച്ച മാധ്യമപ്രവർത്തകരെ തടഞ്ഞുവച്ച് ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ ബി.ജെ.പി. പ്രവർത്തകർക്കെതിരെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ഒറ്റപ്പാലം എസ്.ഐ.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരികയുമാണ്. പ്രധാന പ്രതികളായ ജി. ജി. വിഷ്ണുവും സുമേഷും ഒറ്റപ്പാലം സ്വദേശികളല്ല. ജി. ജി. വിഷ്ണു തിരുവനന്തപുരം സ്വദേശിയും ആർ.എസ്.എസ്.-ന്റെ ഒറ്റപ്പാലത്തുള്ള ജില്ലാ പ്രേരക്കമാണ്. സുമേഷ് പട്ടാമ്പി സ്വദേശിയും ആർ.എസ്.എസ്. പട്ടാമ്പി, കൊപ്പം ശാരീരിക് പ്രമുഖുമാണ്. ഇവർ രണ്ടുപേരെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. അടുത്തത് കെ.എസ്.ആർ.ടി.സി. ഡ്രൈവറെ മർദ്ദിച്ചുവെന്ന ആരോപണമാണ്. ജൂലൈ 10-ാം തീയതി തിരുവനന്തപുരത്ത് നിന്നും കൊച്ചുവേളിയിലേക്ക് സർവ്വീസ് നടത്തിയ കെ.എസ്.ആർ.ടി.സി. ബസ് വൈകിട്ട് 4.15 മണിയോടെ കൊച്ചുവേളിയിൽ യാത്രക്കാരെ ഇറക്കിയ സമയം ഈ ബസ് ....

<u>ശ്രീ. പി. സി. ജോർജ്</u> : സർ, പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ : ഇപ്പോൾ പോയിന്റ് ഓഫ് ഓർഡർ ഇല്ല. മുഖ്യമന്ത്രി പറഞ്ഞ് പൂർത്തിയാക്കിയതിന് ശേഷം താങ്കളുടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുക. ഇതിനിടയ്ക്ക് സമയം അനുവദിക്കാൻ കഴിയില്ല. മുഖ്യമന്ത്രി സഭയിൽ എന്ത് സംസാരിക്കണമെന്ന് ചെയറിന് റൂൾ ചെയ്യാൻ കഴിയില്ല. താങ്കൾ ഇരിക്കു.. ഇപ്പോൾ അനുവദിക്കാൻ കഴിയില്ല. ...(ബഹളം)....

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, അങ്ങ് റൂൾ 52 (i) വായിക്കണം. ഈ ക്രമപ്രശ്നം കറക്ടാണ്.

മി. സ്പീക്കർ : നിങ്ങൾ സഭയിൽ കൊടുത്ത നോട്ടീസുമായി ബന്ധപ്പെട്ട ഉത്തരമാണ് മുഖ്യമന്ത്രി പറയുന്നത്. രാഷ്ട്രീയ കൊലപാതകങ്ങൾ സാമാന്യവൽക്കരിച്ചു കൊണ്ടുള്ള നോട്ടീസാണ് കൊടുത്തിരിക്കുന്നത്. മുഖ്യമന്ത്രിയെ പ്രൊസീഡ് ചെയ്യാൻ അനുവദിക്കു.

ശ്രീ. പിണറായി വിജയൻ : സർ, ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെക്കുറിച്ച് വിശദീകരണം നൽകണമല്ലോ! അതാണ് നൽകുന്നത്. ഞാൻ നേരത്തെ പറഞ്ഞുവന്ന വിഷയം കെ.എസ്.ആർ.ടി.സി. ഡ്രൈവറെ മർദ്ദിച്ചുവെന്ന ആരോപണത്തെക്കുറിച്ചാണ്. കെ.എസ്.ആർ.ടി.സി. ബസ് വൈകിട്ട് 4.15 മണിയോടെ കൊച്ചുവേളിയിൽ യാത്രക്കാരെ ഇറക്കിയ സമയം ഈ ബസ്സിന് എതിർ വശത്തായി ടയർ പഞ്ചറായതിനെത്തുടർന്ന് ഒരു കെ.എസ്.ആർ.ടി.സി. ബസ്സും പാർക്ക് ചെയ്തിരുന്നു. ഇതിനിടയിൽ വച്ച് രണ്ട് മോട്ടോർ സൈക്കിളുകൾ തമ്മിൽ കൂട്ടിയിടിക്കുകയും തുടർന്ന് ഒരു ബൈക്കിൽ വന്ന യാത്രക്കാർ കെ.എസ്.ആർ.ടി.സി. ഡ്രൈവർ സുരേഷ് ബാബുവിനെ ദേഹോപദ്രവം ഏൽപ്പിക്കുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് വലിയതുറ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമം നടത്തിവരികയാണ്. പിന്നെ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ളത് കുന്നുകുഴിയിൽ ഉണ്ടായ ഒരു സംഭവമാണ്. മാർച്ച് 22-ന് രാത്രി 11.40-ഓടെ മ്യൂസിയം പോലീസ് സ്റ്റേഷൻ പരിധിയിലെ കുന്നുകുഴി ആർ.സി. ജംഗ്ഷനിൽ വച്ച് ജോണി, സുമിത്, സൈബിൻ ജോൺ അവരുടെ സുഹൃത്ത് എന്നിവരെ ഉണ്ണി, അബി വർഗ്ഗീസ് തുടങ്ങിയ പത്തുപേർ ചേർന്ന് പട്ടികവടി കൊണ്ട് അടിക്കുകയും ചവിട്ടി പരിക്കേൽപ്പിക്കുകയും ചെയ്തിരുന്നു. ഗുരുതരമായി

പരിക്കേറ്റ സൈബിൻ ജോൺ (21 വയസ്) പി.ആർ.എസ്. ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഏപ്രിൽ 25-ന് മരണപ്പെട്ടു. ഇക്കാര്യത്തിന് ടി പത്തുപേരെ പ്രതികളാക്കി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ആറ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മംഗലപുരം എസ്.ഐ.-യെയും പാർട്ടിയേയും മർദ്ദിച്ചുവെന്ന ആരോപണം നോട്ടീസിൽ ഉന്നയിച്ചിട്ടുണ്ട്. ജൂലൈ 5-ാം തീയതി വൈകിട്ട് 5.00 മണിയോടെ കരിച്ചാറക്കടവിന് സമീപം 4 പേർ മദ്യപിച്ച് കൂട്ടംകൂടി നിൽക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ മംഗലപുരം എസ്.ഐ.-യും പോലീസ് പാർട്ടിയും സ്ഥലത്തെത്തി പൊതുസ്ഥലത്ത് മദ്യപിച്ചതിനെ എതിർക്കുകയും മദ്യപിച്ച് നിന്ന അഖിൽ എന്ന കണ്ണനെ ജീപ്പിൽ കയറ്റാൻ ശ്രമം നടത്തിയപ്പോൾ മറ്റുള്ളവർ എതിർക്കുകയും ചെയ്തു. അപ്പോൾ സമീപവാസികൾ കൂട്ടംകൂടി ജീപ്പിൽ കയറ്റിയ കണ്ണനെ പിടിച്ചിറക്കി. കൂടുതൽ ആളുകൾ അവിടെ കൂട്ടം കൂടിയതുകാരണം ക്രമസമാധാനപ്രശ്നം ഉണ്ടാകാതിരിക്കാൻ പോലീസ് സ്ഥലത്തുനിന്നും പോയി. ഈ സംഭവത്തിൽ പത്തുപേരെ പ്രതികളാക്കി കേസ് എടുത്തിട്ടുണ്ട്. ജനക്കൂട്ടത്തിലുണ്ടായിരുന്നവർ എസ്.ഐ.-യെ പിടിച്ച് തള്ളുകയും സ്ഥലത്ത് ജനക്കൂട്ടം അക്രമാസക്തമായി നിന്നതിനാൽ കൂടുതൽ പ്രശ്നം ഉണ്ടാകാതിരിക്കുന്നതിന് എസ്.ഐ.-യും സംഘവും ഉദ്ദേശം 50 മീറ്റർ അകലത്തിൽ പാർക്ക് ചെയ്തിരുന്ന പോലീസ് ജീപ്പിലേക്ക് നടന്നുപോയി കയറുകയാണുണ്ടായത്. അടുത്തത് ഓപ്പറേഷൻ കുബേരയുടെ കാര്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബ്ലേഡ് മാഫിയയ്ക്കെതിരെ റെയ്ഡുകളും തുടർനടപടികളും ശക്തമായി തുടരുന്നുണ്ട്. ഓപ്പറേഷൻ കുബേര നിർത്തിവച്ചുവെന്ന ആരോപണം ശരിയല്ല. ബ്ലേഡ് മാഫിയയ്ക്കെതിരെയുള്ള നടപടികൾ ശക്തമായി തുടരുകതന്നെ ചെയ്യും. പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയ കാര്യവും ഇവിടെ ആരോപിക്കുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരെ തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്തുവെന്ന് പറയുന്നത് ശരിയല്ല. പെൻഷനായതിനെത്തുടർന്ന് ഒഴിഞ്ഞ സീറ്റുകളിൽ പ്രൊമോഷനും മറ്റും നൽകിയതിനെത്തുടർന്നുണ്ടായ ഒഴിവുകൾ നികത്തുകയാണ് ചെയ്തത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ക്രമസമാധാനനില ആകെ തകർന്നുവെന്ന നിലയിലുള്ള ചിത്രീകരണം ശരിയല്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള ഒരു പ്രത്യേക സംഭവങ്ങളും അരങ്ങേറിയിട്ടില്ല. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിട്ടില്ല.

ശ്രീ. എ. കെ. ബാലൻ : സർ, റൂൾ 50 പ്രകാരം അടിയന്തര പ്രമേയത്തിനുള്ള നോട്ടീസ് നൽകിയാൽ ബഹുമാനപ്പെട്ട സ്പീക്കർ അത് പരിശോധിക്കണം. Rule 52(ii)-ൽ പറയുന്നത് "not more than one matter shall be discussed on the same motion" എന്നാണ്. ഇവിടെ പത്ത്-ഇരുപത് സംഭവങ്ങളാണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇത് പരിശോധിക്കേണ്ടതാണ്. ഇത് യഥാർത്ഥത്തിൽ അഡ്മിറ്റ് ചെയ്യാൻ പാടില്ലാത്ത ഒരു അടിയന്തര പ്രമേയമാണ്.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ പറഞ്ഞ റൂൾ 52(ii) ശരിയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാന്യനായ മന്ത്രിതന്നെ അങ്ങയെ ചോദ്യം ചെയ്യുകയാണ്. സംസ്ഥാനത്ത് വ്യാപകമായ അക്രമം അരങ്ങേറുകയാണെന്ന് കാണിക്കുവാൻ വേണ്ടിയാണ് ഈ നോട്ടീസ് കൊടുത്തത്. ബഹുമാന്യനായ മന്ത്രി തന്നെ അതിനെ ചോദ്യം ചെയ്യുകയാണ്. അത് ശരിയാണോ സർ?

ശ്രീ. പി. സി. ജോർജ് : സർ, റൂൾ 52-ൽ പറയുന്നത്, "പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേൽ നിയന്ത്രണങ്ങൾ" എന്നതിനെക്കുറിച്ചാണ്. ക്ലോസ് (i) "ഒരേ യോഗത്തിൽ അങ്ങനെയുള്ള ഒന്നിലധികം പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ പാടില്ല; (ii) ഒരേ പ്രമേയത്തിന്മേൽ ഒന്നിലധികം സംഗതികൾ ചർച്ച ചെയ്യാൻ പാടില്ല." ഇപ്പോൾ മുഖ്യമന്ത്രി മറുപടി പറഞ്ഞതിൽ ഒരുപാട് പ്രമേയമായി. ഇതെന്ത് ഇടപാടാണ്? ഇത് അനുവദിക്കാൻ പാടില്ല. ഈ പ്രമേയം അംഗീകരിക്കാൻ പാടില്ല. മുഖ്യമന്ത്രി മറുപടി പറയാനും പാടില്ല. അത് തെറ്റാണ്, റൂളിന് വിരുദ്ധമാണ്. മേലിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടിയുണ്ടാകണം.

ശ്രീ. വി. ഡി. സതീശൻ : സർ, റൂൾ 50-ഉമായി ബന്ധപ്പെട്ട് ഇവിടെ റൂൾ 52-ന്റെ റീഡിംഗ് പറഞ്ഞതെല്ലാം ശരിയാണ്. ഇവിടത്തെ ഒരു പ്രീസിഡന്റുണ്ട്. റൂൾ 52 അനുസരിച്ചാണോ ഈ നിയമസഭയിൽ അടിയന്തരപ്രമേയത്തിന് എല്ലാവരും നോട്ടീസ് കൊടുത്തിരുന്നത്? ഇവിടെ ഒറ്റ വിഷയമേയുള്ളൂ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അക്രമങ്ങൾ. അതിന്റെ ഉദാഹരണങ്ങളായിട്ടാണ് വിവിധ കാര്യങ്ങൾ ഇവിടെ വിശദീകരിച്ചിരിക്കുന്നത്. ആ വിഷയം സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാൻ വേണ്ടി, അതിനെ സ്ട്രെങ്ത്തൻ ചെയ്യാൻ വേണ്ടി ധാരാളം ഉദാഹരണങ്ങൾ പറയും. ഇവിടത്തെ പഴയ പ്രീസിഡന്റ് എടുത്ത് നോക്കിക്കോളൂ. അതുകൊണ്ട് ഇപ്പോൾ കൊടുത്തിരിക്കുന്ന നോട്ടീസ് നിലനിൽക്കുന്നതാണ്.

<u>മി. സ്പീക്കർ</u> : റൂൾ 50-ൽ ഇവിടെ നൽകിയ അടിയന്തരപ്രമേയം കണ്ണൂർ ജില്ലയിൽ ഇന്നലെയുണ്ടായ രാഷ്ട്രീയ കൊലപാതകങ്ങളുൾപ്പെടെ കേരളത്തിൽ വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളെ സംബന്ധിച്ചുള്ളതാണ്. വിശദീകരണക്കുറിപ്പിൽ വിശദമായി എല്ലാം പരാമർശിച്ച പശ്ചാത്തലത്തിൽ മുഖ്യമന്ത്രിക്ക് അതിന് മറുപടി പറയേണ്ടിവരും. അതാണ് ഇവിടെയുണ്ടായത്.

<u>ശ്രീ. കെ. എം. മാണി</u> : സർ, അക്രമസംഭവങ്ങളുടെ പരമ്പരയാണ് ഇവിടെ വിശദീകരിച്ചത്. അപ്പോൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നതിൽ ജസ്റ്റിഫിക്കേഷനുണ്ട്. സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>മി. സ്പീക്കർ</u> : ആദ്യം നോട്ടീസ് നൽകിയ ശ്രീ. കെ. മുരളീധരൻ അവതരണാനുമതി തേടി സംസാരിക്കട്ടെ.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഒരു മാസക്കാലമായി സംസ്ഥാനത്ത് നടന്ന സംഭവവികാസങ്ങളെക്കുറിച്ച് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുമ്പോൾ ഗുണ്ടാ മാഫിയാ സംഘങ്ങളുടെ വിളയാട്ടം എന്നൊക്കെ പറഞ്ഞ് കാതടച്ച് വെടിവച്ചാൽപോരാ, ഇത് നിയമസഭയാണ്. നിയമസഭയിൽ ഒരു പ്രശ്നം ഉന്നയിക്കുമ്പോൾ ഏതൊക്കെ സ്ഥലങ്ങളിൽ അക്രമം നടന്നു, എന്തൊക്കെയാണ് ഇതിനെത്തുടർന്നുണ്ടായ സംഭവങ്ങളെന്ന് വിശദീകരിക്കേണ്ട ചുമതലയുണ്ട്. അതുകൊണ്ടാണ് അടിയന്തരപ്രമേയം അവതരിപ്പിക്കാൻവേണ്ടി സഭയുടെ പെർമിഷൻ ചോദിക്കുമ്പോൾ നടന്ന സംഭവങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം ഈ നോട്ടീസിൽ നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാന്യമായിത്തന്നെ അതിന് മറുപടി നൽകി. അതിന് ആദ്യംതന്നെ നന്ദി രേഖപ്പെടുത്തുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങളിൽ വന്ന ചില വാർത്തകളുണ്ട്. ഒന്ന്, ജൂലൈ മാസം എട്ടാം തീയതി കേരള കൗമുദി പത്രത്തിൽ വന്ന വാർത്തയാണ്. ഈ പത്രം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോട് ചായ്‌വുള്ള ഒരു പത്രമല്ല, ഇടതുപക്ഷ ആശയങ്ങൾ മുറുകെപ്പിടിക്കുന്ന ഒരു പത്രമാണ്. ആ പത്രത്തിൽ ജൂലൈ 8-ാം തീയതി വന്ന വാർത്ത 'കേരളത്തിനെ നടുക്കി അറുംകൊലകൾ' എന്നത് ഒരു പത്രത്തിലെ ഹെഡ്‌ലൈനാണ്. അതിൽ പറയുന്നുണ്ട് 'തിരുവനന്തപുരത്ത് റിപ്പർ മോഡൽ കൊലപാതകം', 'കോളിയൂരിൽ ഗൃഹനാഥനെ തലയ്ക്കടിച്ച് കൊന്നു; ഭാര്യയെ ഗുരുതരമായി പരിക്കേല്പിച്ചു'. അതേ പത്രത്തിൽത്തന്നെ 'മക്കളെ പരിഹസിച്ചത് ചോദ്യംചെയ്ത പിതാവ് മർദ്ദനമേറ്റ് മരിച്ചു; മൂന്നുപേർ കസ്റ്റഡിയിൽ,

സംഭവം ചാവക്കാട്. ഇങ്ങനെ ഓരോ പത്രത്തിലും വാർത്ത വരും. അതുപോലെ 'മലയാള മനോരമ'യിൽ വന്ന വാർത്ത... സ്വരാജിന്റെ ഭാഷയിൽ പറഞ്ഞാൽ 'ക്ഷാമത്തിനിടയിലും ക്ഷേമം' എന്ന് പറയുന്ന അവർ കൂടി അംഗീകരിക്കുന്ന പത്രത്തിൽ 'കടയിൽ സാധനങ്ങൾ വാങ്ങാൻ നിന്ന യുവാവിനെ പോലീസ് മർദ്ദിച്ചെന്ന് പരാതി'. അതുപോലെ 'ഓപ്പറേഷൻ കുബേര തുടരില്ല', 'ബ്ലേഡ് മാഫിയ സംഘം തലപൊക്കുന്നു'. ഇങ്ങനെയുള്ള പ്രധാനപ്പെട്ട വാർത്തകൾ പത്രത്തിൽ വരുമ്പോൾ തീർച്ചയായും അത് സഭയിൽ ചർച്ച ചെയ്യണമെന്ന് പറയുന്നത് തെറ്റാണോ? കുറേ കാര്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി പറഞ്ഞതു കൊണ്ട് ഞാൻ എല്ലാ കാര്യങ്ങളും ആവർത്തിക്കുന്നില്ല. പക്ഷേ ഇന്നലെയും മിനിഞ്ഞാന്നുമായി പയ്യന്നൂരിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി നൽകിയ മറുപടിയിൽ 'മാർക്സിസ്റ്റുപാർട്ടിയിലെ ഒരു യുവാവിനെ, അതായത് സി.പി.ഐ.(എം) പ്രവർത്തകനായ ധനരാജിനെ ഏതാനും ആർ.എസ്.എസ്.-കാർ ചേർന്ന് വെട്ടിക്കൊന്നു. പിറ്റേദിവസം രാമചന്ദ്രൻ എന്നുപറയുന്ന ഒരു ആർ.എസ്.എസ്.-കാരനെ ഏതാനുംപേർ ചേർന്ന് വെട്ടിക്കൊന്നു. ഇപ്പോൾ അവിടെ സംഭവം ശാന്തമാണ്. ബാക്കിയൊന്നുമില്ല. രണ്ട് ദിവസത്തിനുള്ളിൽ രണ്ട് കൊലപാതകങ്ങൾ. ആ കൊലപാതകം നടത്തിയത് ആരാണ്? ഒരു ഭാഗത്ത് കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടി. മറുഭാഗത്ത് കേരളം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടി. ഇങ്ങനെ രണ്ട് ദിവസത്തിനുള്ളിൽ രണ്ട് കൊലപാതകങ്ങൾ. അതും മുഖ്യമന്ത്രിയുടെ സ്വന്തം ജില്ലയിൽ. അങ്ങേക്ക് ട്രഷറി ബഞ്ചിൽ നോക്കിയാൽ കാണാം നാല് മന്ത്രിമാർ കണ്ണൂർ ജില്ലയിൽ നിന്നുള്ളവരാണ്. കണ്ണൂർ ജില്ലയിൽ ഭരണകക്ഷിയും കേന്ദ്രത്തിലെ ഭരണകക്ഷിയും തമ്മിൽ സംഘർഷങ്ങളുണ്ടാകുമ്പോൾ അതിൽ ജനങ്ങൾക്ക് ആശങ്കയുണ്ടാകില്ലേ? കൊലപാതകം ആര് നടത്തിയാലും തെറ്റാണ്. ബ്ലേഡ് മാഫിയയാലും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്കാരായാലും കൊലപാതകം നടത്തിയാൽ തെറ്റാണ്. കണ്ണൂർ ജില്ലയെ സംബന്ധിച്ച് അങ്ങേക്ക് അറിയാവുന്നതാണല്ലോ. എല്ലാ കാലഘട്ടങ്ങളിലും രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്ന ഒരു ജില്ലയിൽ ഏതെങ്കിലും ചെറിയ സംഭവങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും ജനത്തിന് ഭയമുണ്ടാകും. ഇപ്പോൾത്തന്നെ ഈ ചെറുപ്പക്കാരനെ കൊന്നതിന്റെ പിറ്റേദിവസം മറ്റൊരു കൊലപാതകം നടന്നു. ഇന്നലെ ബി.ജെ.പി.-യുടെ ഒരു നേതാവിന്റെ സ്റ്റേറ്റ്മെന്റ് കണ്ടു. അദ്ദേഹം പറഞ്ഞു ഞങ്ങളും വെറുതെയിരിക്കാൻ പോകുന്നില്ല, ഞങ്ങളും ഇത് തുടരുകയാണെന്ന്.

സ്വാഭാവികമായും അതിന് റിയാക്ഷനുണ്ടാകും. ദിവസേന ഇങ്ങനെ കൊലപാതകങ്ങളുടെ പരമ്പര അരങ്ങേറിയാൽ അത് തടയേണ്ട ഉത്തരവാദിത്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കല്ലേ? പ്രത്യേകിച്ച് അദ്ദേഹം ഈ സംസ്ഥാനത്തിന്റെ ഭരണത്തലവനാണ്, കണ്ണൂർ ജില്ലയിൽനിന്ന് ദീർഘകാലം ഈ നിയമസഭയെ പ്രതിനിധാനം ചെയ്യുകയും ഇപ്പോഴും ചെയ്യുന്ന ഒരു ഭരണകർത്താവാണ്, ദീർഘകാലം മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന ആളാണ്. അദ്ദേഹത്തിന് ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വമില്ലേ? ഈ പറഞ്ഞ സംഭവങ്ങളുടെയൊക്കെ കുഴപ്പം എന്താണ്; മറ്റൊന്നുമല്ല. പോലീസ് ഉദ്യോഗസ്ഥന്മാരെ തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്തതിന്റെ ഫലമായി അവർക്ക് മനോവീര്യം നഷ്ടപ്പെട്ടു. അതുകൊണ്ടാണ് പലയിടത്തും പോലീസ് കാഴ്ചക്കാരെപ്പോലെ നോക്കിനിൽക്കുന്ന സാഹചര്യമുണ്ടായത്. സാധാരണഗതിയിൽ ഭരണം മാറുമ്പോൾ ഉദ്യോഗസ്ഥന്മാരെ മാറ്റുന്നത് തെറ്റാണെന്നൊരു അഭിപ്രായമൊന്നുമെനിക്കില്ല. എല്ലാവരും മാറ്റും. പക്ഷെ ഇവിടെ നല്ല ഭൂരിപക്ഷത്തോടുകൂടിയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്നിട്ടുള്ളത്. മാറ്റുന്നതിന് കുറച്ച് സാവകാശം കൊടുക്കാമായിരുന്നു; ആക്രാന്തം കാണിക്കേണ്ട കാര്യമില്ലായിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ഒരു കൊലപാതകം നടന്നു. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതിനാൽ ഞാനത് ആവർത്തിക്കുന്നില്ല. ഞാൻ സർക്കിൾ ഇൻസ്പെക്ടറെ വിളിച്ച് കേസ് അന്വേഷണം ഏതുവരെയായി എന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞ മറുപടി 'സർ പത്തോളം പ്രതികളുണ്ട്. 6 പേരെ പിടിച്ചു. എനിക്ക് ട്രാൻസ്ഫറായി. ബാക്കി വരുന്ന ആൾ നോക്കട്ടെ' എന്നാണ്. എനിക്ക് പിന്നെ ഒന്നും പറയാനില്ല. അതുപോലെതന്നെ ഒരു സുപ്രഭാതത്തിൽ ഡി.ജി.പി.-യെ മാറ്റി. മാറ്റാനുള്ള ഗവൺമെന്റിന്റെ അധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ മാന്യമായിട്ടുള്ള ഒരു ഒഴിഞ്ഞുപോക്കിന് അനുവദിച്ചുകൂടേ? അതായത് അർദ്ധരാത്രി കിടന്നുറങ്ങുമ്പോൾ 'നിങ്ങളെ മാറ്റിയിരിക്കുന്നു' എന്ന് ഡി.ജി.പി.-ക്ക് ഫോൺ വന്നു. പിറ്റേ ദിവസം സ്വാഭാവികമായും പത്രക്കാർ വിളിക്കുകയും അദ്ദേഹം പ്രതികരിക്കുകയും ചെയ്തു. ഡി.ജി.പി.-യെ മാറ്റുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ ഞാനൊന്ന് ചോദിക്കട്ടെ, ഡി.ജി.പി.-യെ തലപ്പത്ത് വയ്ക്കുന്ന ആൾക്കാരൊന്നും എൽ.ഡി.എഫും. യു.ഡി.എഫുമൊന്നുമല്ലല്ലോ? ഭരിക്കുന്ന സർക്കാരിന്റെ ...... (ബഹളം) ....

<u>മി. സ്പീക്കർ :</u> വിഷയത്തിലേക്ക് വരൂ.....

ശ്രീ. കെ. മുരളീധരൻ : സർ, പോലീസിന്റെ മനോവീര്യം തകർന്നതിന്റെ കാരണത്തിലേക്കാണ് ഞാൻ വരുന്നത്. കാരണം ഡി.ജി.പി.-യായിരുന്ന വ്യക്തിക്കുതന്നെ പെട്ടെന്ന് ഒരു സ്ഥാനചലനം ഉണ്ടായപ്പോൾ അദ്ദേഹവും പ്രതികരിച്ചുതുടങ്ങി. സി.ഐ.-ക്കും എസ്.ഐ.-മാർക്കും സ്ഥലംമാറ്റം. ഇങ്ങനെയുള്ള സംസ്ഥാനത്തിലേക്ക് എങ്ങനെയാണ് ക്രമസമാധാനനില പര്യവേഷിക്കാൻ കഴിയുക; ഇവിടെയുണ്ടായ സംഭവങ്ങൾ നിസ്സാരമാണോ? പരസ്യമായി ആളുകളെ നടുറോഡിലിട്ട് വെട്ടിക്കൊല്ലുമ്പോൾ പോലീസിന് പ്രതികരിക്കാൻ സാധിക്കുന്നുണ്ടോ? അടുത്ത കൊലപാതകം ഉണ്ടാകാതിരിക്കാൻവേണ്ടി ഡി.ജി.പി. ഇപ്പോൾ പയ്യന്നൂരിൽ നിൽക്കുകയാണ്. ഇങ്ങനെയൊരു സ്ഥിതിയിലേക്ക് പോയാൽ ഈ സംസ്ഥാനത്തിന്റെ ഗതിയെന്താകും? ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാൻ 15 മിനിട്ടെടുത്തു. അങ്ങ് സാധാരണ 5 മിനിട്ട് കഴിയുമ്പോഴേക്കും ബെല്ലടിക്കുന്നതാണ്. ഞാൻ പറഞ്ഞതിന്റെ അർത്ഥം കഴിഞ്ഞ ഒരു മാസക്കാലമായി ഈ സംസ്ഥാനത്ത് നടക്കുന്ന ഗുണ്ടാവിളയാട്ടങ്ങളും രാഷ്ട്രീയ സംഘർഷങ്ങളും കൊലപാതകങ്ങളും ഈ സംസ്ഥാനത്തിന്റെ ക്രമസമാധാനനില തകർത്തിട്ടുണ്ട്. ഒരു സംഭവം ഞാൻ പറയാം. ഇന്നലെ ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാറിൽ യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ഗണേശനും അദ്ദേഹത്തിന്റെ ഭാര്യ വനിതയും ജീപ്പിൽ പോകുമ്പോൾ അവരെ ചിലർ ആക്രമിച്ചു. ആ സ്ത്രീ അവിടത്തെ പഞ്ചായത്ത് (വണ്ടിപ്പെരിയാർ) മെമ്പറാണ്. അവർ എസ്. സി. കുടുംബാംഗങ്ങളാണ്. ആക്രമിച്ചു എന്ന് മാത്രമല്ല ആ സ്ത്രീയെ ദേഹോപദ്രവം ഏല്പിക്കുകയും ചുരിദാർ ഉൾപ്പെടെ വലിച്ചുകീറുകയും ചെയ്തു. അവരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. അതുപോലെ കടയ്ക്കൽ എന്ന സ്ഥലത്തുള്ള സുലോചന എന്ന ദളിത് വിഭാഗത്തിൽപ്പെട്ട ഒരു സ്ത്രീ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് കൊടുത്ത പരാതി ഞാൻ പറയാം. അവരുടെ കൊച്ചുമകളായ ദേവിക ചിതറ ഗവൺമെന്റ് ഹൈസ്കൂളിൽ 9-ാം ക്ലാസ്സിൽ പഠിക്കുന്നു. അതായത് ശ്രീ. മുല്ലക്കര രത്നാകരന്റെ നിയോജകമണ്ഡലത്തിൽ. ആ കുട്ടിയെ സദാചാര ഗുണ്ടകളും കൂടെ ഒരു പോലീസുകാരനും ചേർന്ന് (പോലീസുകാരന്റെ പേര് പരാതിയിൽ പറയുന്നുണ്ട്) ഭീഷണിപ്പെടുത്തിയതിന്റെ ഫലമായി ആ കുട്ടിക്ക് ക്ലാസ്സിൽപോകാൻ കഴിയുന്നില്ല. ആ കുട്ടി ഭയപ്പെട്ട് ക്ലാസ്സിൽ പോകാതിരിക്കുകയാണ്. ഇവിടെ പറയാത്ത ഒരു കാര്യംകൂടിയുണ്ട്. മങ്കടയിലുണ്ടായ സംഭവം. മങ്കടയിൽ ഒരു ചെറുപ്പക്കാരനെ ഏതാനും സദാചാര ഗുണ്ടകൾ ചേർന്ന് ഏതാണ്ട് നേരിട്ട് കൊന്നില്ലെങ്കിലും കൊല്ലുന്ന സാഹചര്യമുണ്ടാക്കി. ഇങ്ങനെ നടന്നിട്ടുള്ള ഓരോ

സംഭവങ്ങളും ഏത് ജില്ലയിൽ നടന്നാലും ശരി, ഇവിടെ മുഖ്യമന്ത്രി പറഞ്ഞ മറുപടിയിൽനിന്നുതന്നെ ഇവിടെ പോലീസിന് നിയന്ത്രിക്കാൻ കഴിയാത്ത രീതിയിൽ കാര്യങ്ങൾ ചെന്നെത്തിയിരിക്കുന്നു എന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ് ഞാൻ പറയുന്നത് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന്. ഗുണ്ടകളുടെ ആക്രമണത്തിൽനിന്ന് കേരളത്തെ ഇപ്പോൾ രക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇനി ഇവരെ ഒരിക്കലും നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. ഇനി വരുന്ന തെരഞ്ഞെടുപ്പുകൾപോലും ഗുണ്ടകൾ കൈകാര്യം ചെയ്യുന്ന ഉത്തരേന്ത്യൻ ശൈലിയിലേക്ക് കേരളം പോകാതിരിക്കണമെങ്കിൽ ഇത് ഇവിടെ ചർച്ച ചെയ്യുകയും ഈ വിഷയം അവസാനിപ്പിക്കാൻ നമുക്ക് കഴിയുകയും വേണം. അതിന് സഭ ഒറ്റക്കെട്ടായി നിൽക്കണമെന്ന് സഭാദ്ധ്യക്ഷനായ അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഇക്കാര്യം സംബന്ധിച്ച് സ്ഥലം എം.എൽ.എ. റൂൾ 304 പ്രകാരം ഒരു സബ്മിഷൻ എഴുതിത്തന്നിട്ടുണ്ട്. അദ്ദേഹത്തിന് ഒരു വാചകം പറയാവുന്നതാണ്.

[10.00 AM]

ശ്രീ. സി. കൃഷ്ണൻ : സർ, എന്റെ മണ്ഡലത്തിലെ രാമന്തളി പഞ്ചായത്തിലെ കുന്നരുവിലാണ് സി. വി. ധനരാജൻ അതിദാരുണമായി മിനിഞ്ഞാന്ന് കൊലചെയ്യപ്പെട്ടത്. ധനരാജന്റെ വീടിന്റെ പരിസരത്ത് അമ്മയുടെയും ഭാര്യയുടെയും കുട്ടികളുടെയും മുന്നിൽവച്ചാണ് ഒരു സംഘം ആർ.എസ്.എസ്.കാർ ആയുധങ്ങളേന്തി വന്ന് അതിഭീകരമായി അദ്ദേഹത്തെ വെട്ടിക്കൊലപ്പെടുത്തിയ സംഭവം ഉണ്ടായത്. ഞാൻ ഇന്നലെ പ്രസ്തുത സ്ഥലവും വീടും സന്ദർശിക്കുകയുണ്ടായി. അത്യന്തം വേദനാജനകമായ കാഴ്ചയാണ് അവിടെ കാണാൻ സാധിച്ചത്. ഈ കൊലപാതകത്തെത്തുടർന്ന് അതിന്റെ പരിസരപ്രദേശത്തുള്ള കക്കമ്പാറയിലുള്ള എം. പി. റിനേഷ്, വി. വി. ഭരതൻ എന്നീ രണ്ട് സി.പി.ഐ (എം) പ്രവർത്തകന്മാരുടെ വീടും വീട്ടുപകരണങ്ങളും പൂർണ്ണമായും അടിച്ച് നിരപ്പാക്കിയ നിലയിലാണ് കാണാൻ സാധിച്ചത്. ഇതിനെത്തുടർന്നുണ്ടായ സംഘർഷത്തിനിടയിലാണ് പയ്യന്നൂരിൽ രാമചന്ദ്രൻ എന്നൊരാൾ അവിടെയും കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് അറിയുന്നത്. അതും ദൗർഭാഗ്യകരമായ സംഭവമാണ്. അക്രമത്തെത്തുടർന്നുള്ള സംഘർഷം വ്യാപിപ്പിക്കാതിരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും പോലീസ് അധികൃതരുടെ ഭാഗത്തുനിന്ന് നടത്തിക്കൊണ്ടിരിക്കുകയാണ്. ധനരാജന്റെ കൊലപാതകം

ആസൂത്രിതമായിട്ടുള്ളതാണ്. ഡിവൈ.എഫ്.ഐ.യുടെയും സി.പി.ഐ(എം)-ന്റെയും ഉശിരനായ പ്രവർത്തകനായിരുന്ന ധനരാജൻ അവിടെയും പരിസര പ്രദേശങ്ങളിലുമെല്ലാം വർഗ്ഗീയ-തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഒരു പൊതുപ്രവർത്തകനാണ്. അതുമൂലമുള്ള വിരോധമാണ് ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും നേതാക്കന്മാർ മാസങ്ങൾക്ക് മുമ്പുതന്നെ ധനരാജന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് ഭീഷണി മുഴക്കുകയും അതുപോലെതന്നെ കൊലയാളികൾക്ക് പ്രചോദനം നൽകുകയും ചെയ്യുന്ന പരാമർശങ്ങൾ നടത്തുകയും ചെയ്തിരുന്നത്. ആസൂത്രിതമായി നടത്തിയ ഈ നിഷ്ഠൂരമായ കൊലപാതകത്തിൽ പങ്കാളികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുമുള്ള നടപടികളുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : സർ, ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ ആവശ്യപ്പെട്ട രീതിയിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഒരു പ്രശ്നവും കേരളത്തിൽ ഉണ്ടായിട്ടില്ല. നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്ന വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. ബ്ലേഡ് മാഫിയ മുതൽ ഡ്രഗ് മാഫിയ വരെ തഴച്ചുവളർന്ന ഒരു ഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുവരുന്നത്. അത് അവസാനിപ്പിച്ച് സാമൂഹിക സുരക്ഷിതത്വം ഉറപ്പ് വരുത്താനുള്ള ശക്തമായ നടപടികളുമായിട്ടാണ് ഈ സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിൽ അധോലോക സംഘങ്ങൾക്കും മാഫിയാ സംഘങ്ങൾക്കും ഭീതിയും അസഹിഷ്ണുതയും സ്വാഭാവികമായും ഉണ്ടാകും. വർഗ്ഗീയ ശക്തികൾ മുതൽ ഭീകരശക്തികൾക്കുവരെ കടുത്ത അതൃപ്തിയും അമർഷവും ഉണ്ടാകും. അത്തരം ശക്തികളുടെ ഒറ്റപ്പെടലാണ് എല്ലാ ജനാധിപത്യ ശക്തികളും സാധാരണ നിലയ്ക്ക് ആഗ്രഹിക്കേണ്ടത്. ഇവിടെ ഒരു കാര്യം മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ, ഇത്തരം ദുഷ്ടശക്തികളുടെ താൽപ്പര്യങ്ങൾ ഒരു വാക്കിൽപ്പോലും പ്രതിഫലിക്കാതിരിക്കാൻ നമ്മളെല്ലാവരും ശ്രദ്ധിക്കണം. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് ഇരുപത്തിനാല് മണിക്കൂർ കഴിയുന്നതിനുമുമ്പുതന്നെ ക്രമസമാധാന തകർച്ച എന്ന മുറവിളി ഉയർത്താൻ ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. അതിൽ ഉന്നയിച്ച ഒരു പ്രശ്നം, കണ്ണൂർ ജില്ല - മുഖ്യമന്ത്രിയുടെ നാട്, കുറച്ച് മന്ത്രിമാരുടെ ജില്ല എന്നിങ്ങനെയുള്ള പരാമർശം ഉയർന്നുവരികയുണ്ടായി. ആദ്യം ഉന്നയിച്ചത് മുഖ്യമന്ത്രിയുടെ നാടെന്നാണ്. ആ വില്ലേജിൽ ആളുകൾക്ക് രക്ഷയില്ല എന്നായിരുന്നു പരാമർശം.

ഇവിടെ യഥാർത്ഥത്തിൽ സംഭവിച്ചത് എന്താണ്? തെരഞ്ഞെടുപ്പിന്റെ ആഹ്ലാദ പ്രകടനത്തെ ആർ.എസ്.എസ്.-കാർ ആക്രമിക്കുകയും രവി എന്ന് പേരുള്ള ഒരാളെ വാഹനം കയറ്റി കൊല്ലുകയുമാണ് ചെയ്തത്. ഇതെല്ലാം എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷേ ഇവിടെ അക്രമത്തെ അക്രമമായി കാണേണ്ടവർ സ്വീകരിച്ച നിലപാടെന്താണ്? ആർ.എസ്.എസ്.-നെ പ്രീണിപ്പിക്കണമെന്ന ആഗ്രഹത്തോടെ പിണറായി എന്ന ഗ്രാമത്തിൽ ആർക്കും രക്ഷയില്ലാത്ത അവസ്ഥയാണെന്ന് പ്രചരിപ്പിക്കാനാണ് തയ്യാറായത്. ഇത് അക്രമത്തെ എതിർക്കലാണോ; അക്രമത്തെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്തത്? കേരളത്തിലെ കോൺഗ്രസ്സിനെപ്പോലുള്ള ഒരു പാർട്ടിയുടെ കൂടി പിന്തുണ ഇക്കാര്യത്തിലുണ്ടെന്ന് വന്നപ്പോൾ ആർ.എസ്.എസ്. സ്വീകരിച്ച സമീപനം എന്തായിരുന്നു? ആർ.എസ്.എസ്. എല്ലാ നിലയും മറന്നു കൊണ്ട് അതിനെതിരെ നീങ്ങി. അതിന്റെ ഭാഗമായി ആർ.എസ്.എസ്.-ന്റെ അഖിലേന്ത്യാ നേതൃത്വവും ബി.ജെ.പി.-യുടെ അഖിലേന്ത്യാ നേതൃത്വവുമെല്ലാം ഇതിൽ ഇടപെടുന്ന സ്ഥിതിയുണ്ടായി. ആടിനെ പട്ടിയാക്കുകയും പിന്നെ പേപ്പട്ടിയാക്കുകയും ചെയ്യുന്ന ചൊല്ല് നമ്മുടെ ഇടയിലുണ്ട്. അതാണല്ലോ അവിടെയുണ്ടായത്. അവിടെ ആർക്കും രക്ഷയില്ലായെന്ന് പറഞ്ഞുകൊണ്ട് ഈ കൊല നടത്തിയവർ രാജ്യവ്യാപകമായ പ്രചരണം നടത്താൻ പുറപ്പെട്ടില്ലേ? നിങ്ങൾ ഏതിന്റെ കൂടെയാണ് നിന്നത്? എന്തായിരുന്നു നിങ്ങളുടെ താൽപ്പര്യം? ആർക്കുവേണ്ടിയാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്? എല്ലാകാലത്തും രാഷ്ട്രീയ കൊലപാതകം നടക്കുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2016 ഫെബ്രുവരി 24-ന് അങ്ങ് സഭയിൽ നൽകിയ ഒരു മറുപടി ഉണ്ട്. ആ മറുപടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 1722 കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അങ്ങ് നൽകിയിട്ടുണ്ട്. എല്ലാ ജില്ലയിലെയും കണക്കുകൾ ഞാൻ പരാമർശിക്കുന്നില്ല. കണ്ണൂർ ജില്ലയിൽ 119 കൊലപാതകവും തിരുവനന്തപുരം ജില്ലയിൽ 193 കൊലപാതകവും പാലക്കാട് ജില്ലയിൽ 133 കൊലപാതകവുമാണ് നടന്നിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ ഒറ്റതിരിഞ്ഞ് എന്തോ ഭയങ്കര സംഭവം നടക്കുന്നു എന്നുള്ള നിലയിലല്ല വെളിപ്പെടുത്തിയത്. അങ്ങുതന്നെ വെളിപ്പെടുത്തിയ കണക്കാണിത്. നാട്ടിൽ ധാരാളം സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ഇവിടെ പോലീസിനുപോലും രക്ഷയില്ലെന്ന് പറയുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പോലീസിനെതിരെ 3497 അക്രമങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ പ്രതിപക്ഷ നേതാവ് ഇതുസംബന്ധിച്ച് ചിലപ്പോൾ സംസാരിക്കുമായിരിക്കും.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന സംഭവമായതിനാൽ ഇക്കാര്യങ്ങൾ അദ്ദേഹത്തിന് അറിയാവുന്നതാണ്. കൊല്ലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന മണിയൻ പിള്ള എന്ന പോലീസുകാരന്റെ അവസ്ഥ അറിയില്ലേ? അദ്ദേഹത്തെ കുത്തി കൊലപ്പെടുത്തിയ ആട് ആന്റണി എന്ന പ്രതിയെ എത്ര വർഷം കഴിഞ്ഞതിനു ശേഷമാണ് പിടികൂടാൻ സാധിച്ചത്? ഇതെല്ലാം നമുക്ക് അറിയാവുന്ന കാര്യങ്ങളാണ്. ഒറ്റപ്പെട്ട സംഭവങ്ങളെ പൊതുവൽക്കരിച്ച് തെറ്റിദ്ധരിപ്പിക്കാൻ നോക്കരുത്. കുറ്റകൃത്യങ്ങൾ പോലീസ് അന്വേഷിക്കുകയും പ്രതിയെ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. കളക്ടറേറ്റിൽ ബോംബ് സ്ഫോടനമുണ്ടായപ്പോൾ പ്രതിയെ കണ്ടെത്താനുള്ള ഗൗരവമായ ശ്രമംതന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്.

ഓപ്പറേഷൻ കുബേരയെക്കുറിച്ച് പരാമർശിച്ചല്ലോ. അതിനെ സംബന്ധിച്ച് ഈ സഭയിൽ തന്നെ നേരത്തെ മറുപടി നൽകിയിട്ടുണ്ട്. ആ മറുപടിയിൽ പറഞ്ഞിട്ടുള്ളത് 3 പേർ മാത്രമാണ് ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ശിക്ഷിക്കപ്പെട്ടത് എന്നാണ്. ഇതാണ് ആ ഉത്തരം. ഇപ്പോൾ പ്രതിപക്ഷ നേതാവായിരിക്കുന്ന അദ്ദേഹം തന്നെ നൽകിയ മറുപടിയാണിത്; ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടവരിൽ പോലീസ് റെയിഡുകളിലൂടെ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം 2594. അറസ്റ്റ് ചെയ്തവരിൽ റിമാന്റ് ചെയ്യപ്പെട്ടവരുടെ എണ്ണം 1373. കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവരുടെ എണ്ണം 2459. അതിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം 3. ഇതിന്റെയെല്ലാം പിന്നിൽ സംഭവിച്ച കാര്യങ്ങൾ ഈ സഭയിലുള്ള എല്ലാവർക്കും അറിയാവുന്നതാണല്ലോ? ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, രണ്ടായിരത്തോളം ആളുകളെ ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്ത് അവരെ കോടതിയിൽ എത്തിച്ചുകഴിഞ്ഞാൽ കോടതിയിലെ കേസ്സുകൾക്ക് സമയമെടുക്കുമല്ലോ? അത് ഗവൺമെന്റിന്റെ കുറ്റമല്ലല്ലോ? കേസ് ചാർജ്ജ് ചെയ്തവരുടെ കുറ്റമല്ലല്ലോ പ്രശ്നമല്ലല്ലോ? അതിന് സമയമെടുക്കില്ലേ; കൺവിക്ഷന് വേണ്ടി സമയമെടുക്കില്ലേ?

ശ്രീ. പിണറായി വിജയൻ : അതേ, 2459 പേരുടെ പേരിൽ കുറ്റപത്രം സമർപ്പിച്ച കേസ്സിൽ ആകെ ശിക്ഷിക്കപ്പെട്ടത് 3 ആളുകൾ മാത്രമാണ്. നമ്മൾ അത് കാണേണ്ടതായിട്ടുണ്ട്. അത് കാണാതിരിക്കണ്ട എന്നർത്ഥം. കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള അവസരങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. അത് മറക്കാതിരിക്കണം. ഇവിടെ ക്രമസമാധാനം തകർന്നു എന്ന നിലയുണ്ടാക്കാൻവേണ്ടി ശ്രമിച്ചിട്ട്

കാര്യമില്ല. ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. അതിൽ ചില കൊലപാതകങ്ങൾ ഉണ്ട്. ഭർത്താവും ഭാര്യയും കിടന്നുറങ്ങുമ്പോൾ കൊലനടത്തിയ ആളെ 'കൊല്ലസ്' എന്നല്ലേ വിളിച്ചത്. എന്താണ് 'കൊല്ലസ്' എന്ന് അറിയാമല്ലോ? എങ്ങനെയാണ് അയാൾക്ക് 'കൊല്ലസ്' എന്ന പേര് വന്നത്? ഒരു തരത്തിലുള്ള കുറ്റവാസനയുടെ ഭാഗമായിട്ട് വന്ന പേരാണത്. ഇങ്ങനെയുള്ള കുറ്റവാസനയുള്ളവർ നമ്മുടെ സമൂഹത്തിലുണ്ട്. ആ കുറ്റവാസനക്കാർ നടത്തുന്ന അക്രമങ്ങൾക്കെതിരെ ശക്തമായ നടപടി ഉണ്ടാകുന്നുണ്ടോ എന്നുള്ളതാണ് പ്രശ്നം. ശക്തമായ നടപടി ഉണ്ടായിട്ടുണ്ട്. കിടന്നുറങ്ങുന്ന ആ കുടുംബത്തെ അക്രമികൾ കയറി കൊലപ്പെടുത്തിയത് കേരളത്തിന്റെ ക്രമസമാധാന തകർച്ചയുടെ ഭാഗമാണെന്ന് പറയാൻ പറ്റുമോ? അത്തരം കാര്യങ്ങൾക്കെതിരെ ശക്തമായ നടപടിയുണ്ടാകുമെന്നാണ് വ്യക്തമാക്കാനുള്ളത്. ഒരു വശത്ത് അക്രമവും കൊലപാതകവും നടത്തുകയും മറുവശത്ത് അതേ കൂട്ടർ തന്നെ ക്രമസമാധാന തകർച്ചയെക്കുറിച്ച് പ്രചരിപ്പിക്കുന്നതുമാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. അതും കേരളത്തിലെ ഒരു കാഴ്ചയാണ്. ക്രമസമാധാനം നിലനിർത്തുക എന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഒരു സംശയവും വേണ്ട, കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെയുള്ള കർശനമായ നടപടിയുണ്ടാകും. സമാധാനം പാലിക്കുന്നതിന് കൃത്യമായ ഇടപെടലുകളുമുണ്ടാകും. അങ്ങ് ഇവിടെ പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാറ്റത്തിന്റെ കാര്യം വലിയ തോതിൽ ഉന്നയിക്കുകയുണ്ടായി. ഡി.ജി.പി.-യെ മാറ്റിയതാണ് അങ്ങ് പ്രധാനമായും ആക്ഷേപിച്ചത്. ഡി.ജി.പി.-യെ മാറ്റിയത് സാധാരണ സ്വീകരിക്കുന്ന നടപടിയാണല്ലോ. എന്താണ് കാരണം? കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളിൽ പോലീസിന്റെ ഭാഗത്തുനിന്ന് വന്ന വീഴ്ചയ്ക്ക് ഡി.ജി.പി. തന്നെയാണ് പ്രധാന ഉത്തരവാദി. ആ ഉത്തരവാദിത്വമുള്ള ഒരാളെ ഡി.ജി.പി. സ്ഥാനത്ത് തുടർന്ന് നിർത്തുന്നതിൽ അർത്ഥമില്ല. വീഴ്ചയെ ന്യായീകരിച്ചുകൊണ്ടു നടക്കുകയായിരുന്നു അദ്ദേഹം. എങ്ങനെയെല്ലാം വീഴ്ച സംഭവിച്ചു എന്ന് പറയുന്നത് ശരിയല്ലാത്തതു കൊണ്ട് ഞാൻ ഇപ്പോൾ പറയുന്നില്ല. പക്ഷേ ഗവൺമെന്റ് മാറ്റിയത് മാറ്റണ മെന്നുള്ളതുകൊണ്ട് തന്നെയാണ്. അത്തരമൊരു ഉദ്യോഗസ്ഥൻ കേരളത്തിന്റെ പോലീസിന്റെ തലപ്പത്തിരുന്നുകൂട എന്ന ധാരണയിൽ തന്നെയാണ്. അതിന് കേരളത്തിന് ഗുണവുമുണ്ടായിട്ടുണ്ട്. ആ മാറ്റം പിന്നീടുള്ള അന്വേഷണങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്. അത് ഗുണപരമായിട്ടാണ് പ്രതിഫലിച്ചിട്ടുള്ളത്. അത് ഏതെങ്കിലും രാഷ്ട്രീയ നീക്കത്തിന്റെ ഭാഗമല്ല. ഒരു രാഷ്ട്രീയ നീക്കവും അക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഒരു രാഷ്ട്രീയ താല്പര്യവുമില്ല. ഈ നാടിന്റെ

താല്പര്യമാണ്. നാടിന്റെ താല്പര്യം സംരക്ഷിക്കാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. ആ താല്പര്യത്തിന് അനുസൃതമല്ലാത്ത, ആ താല്പര്യത്തിനൊപ്പം സഞ്ചരിക്കാൻ തയ്യാറല്ലാത്ത ഒരു പ്രധാന ഉദ്യോഗസ്ഥൻ പോലീസിനെ നയിച്ചുകൂടാ. അത് തന്നെയാണ് പ്രശ്നം. മുഖ്യമന്ത്രിയുടെ ഉത്തരവാദിത്വം അദ്ദേഹം ഓർമ്മിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. ഒരു ആശങ്കയും സംശയവും വേണ്ട. അത് കൃത്യമായി പാലിച്ചുകൊണ്ടുതന്നെ നാടിന്റെ ക്രമസമാധാനം നിലനിർത്തുന്നതിന് വേണ്ടി ഗൗരവമായ ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും എന്നാണ് വ്യക്തമാക്കാനുള്ളത്. ആകെ തകർന്ന് പോകുന്ന തരത്തിലേക്ക് കാര്യങ്ങൾ എത്തിയിട്ടില്ലായെന്നുള്ളത് നാം ഓർക്കണം.

പയ്യന്നൂർ എന്ന സ്ഥലം അങ്ങേക്കും അറിയാമല്ലോ? പയ്യന്നൂർ നമ്മുടെ കേരളത്തിലെ മറ്റേതൊരു സ്ഥലവും പോലെ ശാന്തമായ ഒരു സ്ഥലമാണ്. ഏതെങ്കിലും തരത്തിൽ ഒരു അക്രമ പ്രദേശമാണ് എന്ന് ചിത്രീകരിക്കാൻ കഴിയുന്ന സ്ഥലമേയല്ല. ആർ.എസ്.എസ്.-ന്റെ സംഭവങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. ഞാൻ അതിന്റെ കൂടുതൽ കഥകളിലേക്കൊന്നും പോകേണ്ടതില്ലല്ലോ? അതിൽ കണ്ണൂരിൽ നേരത്തെ കുറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ആ ഘട്ടങ്ങളിലെല്ലാം പയ്യന്നൂർ പൂർണ്ണമായും മാറി നിൽക്കുകയായിരുന്നു. അവിടെ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക സംഭവമുണ്ടായി എന്ന് പറയേണ്ടതില്ല. അങ്ങേക്ക് പയ്യന്നൂരിന്റെ ഘടനയും അവിടത്തെ ജനങ്ങളുടെ നിലയുമൊക്കെ അറിയാമല്ലോ? പ്രത്യേകമായ ലക്ഷ്യത്തോടെ ആക്രമണം നടത്താൻ ചെല്ലുക, പ്രത്യേകിച്ച് ഒരു പ്രശ്നവുമില്ലാത്ത സമാധാനം നിലനിന്നൊരു പ്രദേശത്ത് അക്രമം ഉണ്ടാവുക; ഇതൊക്കെയല്ലേ അവിടെ സംഭവിച്ചത്? നല്ലതുപോലെ അങ്ങേയ്ക്ക് അറിയാവുന്ന കാര്യങ്ങളെക്കുറിച്ച് അങ്ങ് ഒരു വാക്കുപോലും പറഞ്ഞില്ലല്ലോ എന്നാണ് എനിക്കുള്ള ഒരു സങ്കടം. ഇനി സംസാരിക്കാൻ പോകുന്നവർക്ക് അത്രത്തോളം അറിയില്ല. പക്ഷേ ഈ പ്രശ്നം അവതരിപ്പിച്ച ശ്രീ. കെ. മുരളീധരന് പയ്യന്നൂര് അറിയാത്തതല്ല. ആ പ്രദേശത്തിന്റെ പ്രത്യേകതയെ കുറിച്ച് അദ്ദേഹത്തിന് പറയാമായിരുന്നു. അവിടെ നടന്ന അക്രമം എങ്ങനെയാണ് ഉണ്ടായത് എന്നതിനെ കുറിച്ച് പറയാമായിരുന്നു. ഏതായാലും ഒരു കാര്യമുറപ്പാണ്. ഒരു തരത്തിലുമുള്ള അക്രമപ്രവർത്തനങ്ങളും സമ്മതിക്കില്ല. അക്രമം നടന്നാൽ അത് ആര് നടത്തി എന്നുള്ളത് നോക്കുന്ന പ്രശ്നമുണ്ടാവില്ല. നിയമം നിയമത്തിന്റെ വഴിക്ക് നീങ്ങുകതന്നെ ചെയ്യും. ഇതാണ് എനിക്ക് വ്യക്തമാക്കാനുള്ളത്. ഇവിടെ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു. (അടിയന്തരപ്രമേയാവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, മുഖ്യമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് കേരളത്തിൽ കഴിഞ്ഞ കുറെ ദിവസങ്ങളായി നടന്നുകൊണ്ടിരിക്കുന്ന അക്രമപ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞത്. ഇന്നലെ രണ്ട് കൊലപാതകങ്ങളാണ് പയ്യന്നൂരിൽ ഉണ്ടായത്. കണ്ണൂർ ജില്ലയെ വീണ്ടുമൊരു കുരുതിക്കളമാക്കി മാറ്റാനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റ് ഭരിക്കുന്നവരും കേരളാ ഗവൺമെന്റ് ഭരിക്കുന്നവരും ചെയ്യുന്നത്. ബി.ജെ.പി.-ക്കും സി.പി.ഐ.(എം)-ക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമില്ലേ? കേന്ദ്രം ഭരിക്കുന്ന പാർട്ടിയും കേരളം ഭരിക്കുന്ന പാർട്ടിയും ചേർന്ന് കേരളത്തെ ഒരു കുരുതിക്കളമാക്കിമാറ്റാൻ ശ്രമിച്ചാൽ ജനങ്ങൾ അതിനെ ചെറുക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ രണ്ട് പാർട്ടിക്കും ഉത്തരവാദിത്വമില്ലേ? ഇവിടെ ബഹുമാന്യനായ പയ്യന്നൂർ എം.എൽ.എ. ഒരാൾ മരിച്ചു എന്നാണ് പറഞ്ഞത്. ഒരാളിനെപ്പറ്റി അദ്ദേഹം കേട്ടതേയുള്ളൂ, രണ്ടാമത്തെ ആളിനെ അറിഞ്ഞില്ല അദ്ദേഹം. രണ്ടാമത്തെ ആളിനെപ്പറ്റി പയ്യന്നൂർ എം.എൽ.എ. മറന്നുപോയി. ഇവിടെയാണ് പ്രശ്നം.......

മി. സ്പീക്കർ : അങ്ങ് പറയുന്നത് വസ്തുതാപരമായി ശരിയല്ല. അദ്ദേഹം രണ്ടും പറഞ്ഞിരുന്നു........

ശ്രീ. രമേശ് ചെന്നിത്തല : സർ, ഈ രണ്ട് കൊലപാതകങ്ങളെയും ഞങ്ങൾ ശക്തമായി അപലപിക്കുന്നു. ഈ രണ്ട് കൊലപാതകങ്ങളും കേരളത്തിൽ വരുത്തി വയ്ക്കുന്ന വിനാശകരമായ സാഹചര്യത്തെപ്പറ്റിയാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഇവിടെ എന്നെല്ലാം ഇടതുപക്ഷം അധികാരത്തിൽ വന്നിട്ടുണ്ടോ അന്നെല്ലാം ആർ.എസ്.എസ്.-കാർ സി.പി.എം.-കാരെ കൊല്ലും സി.പി.എം.കാർ ആർ.എസ്.എസ്.-കാരെയും കൊല്ലും. അക്രമപരമ്പരകളുടെ തുടക്കമാണ് ഇവിടെ നടക്കുന്നത്. സ്വന്തം അനുയായികളെ നിയന്ത്രിക്കാൻ ഇവർക്ക് രണ്ട് കൂട്ടർക്കും കഴിയുന്നില്ല എന്നുള്ളതിന് തെളിവല്ലേ ഇത്? മുഖം നോക്കാതെ നടപടി ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. മുഖം നോക്കാതെ ഇവിടെ നടപടി ഉണ്ടാകുന്നില്ല. കണ്ണൂർ ജില്ലയിൽ പിണറായി വിജയനല്ല പി. ജയരാജനാണ് പോലീസിനെ നയിക്കുന്നത്. അതാണ് ഇവിടെ പ്രശ്നം. ഇന്നലെ പി. ജയരാജന്റെ വാക്കുകൾ കേട്ടില്ലേ? അക്രമങ്ങൾക്ക് പരസ്യമായ അനുവാദം കൊടുക്കുന്നതായിരുന്നു പി. ജയരാജൻ എന്ന സി.പി.എം. ജില്ലാ സെക്രട്ടറിയുടെ പ്രസ്താവന. ഇത് ശരിയാണോ? ഒരു പൊതുപ്രവർത്തകൻ, ഒരു പാർട്ടിയുടെ ഉന്നതനായ ജില്ലാ സെക്രട്ടറി ഇങ്ങനെ പരസ്യമായി പറയുന്നത് ശരിയാണോ? അപ്പുറത്ത് കുമ്മനം രാജശേഖരനും ബി.ജെ.പി.-ക്കാരും എന്തുപറയുന്നു? ഞങ്ങൾ ആയുധം എടുക്കുമെന്ന് പറയുന്നു.

ശ്രീ. എ. പ്രദീപ്കുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. രമേശ് ചെന്നിത്തല : സർ, എന്ത് പോയിന്റ് ഓഫ് ഓർഡർ ആണ്. റൂൾ ഏതാണ് ?

ശ്രീ. എ. പ്രദീപ്കുമാർ : സർ, റൂൾ 307. സഭയിലില്ലാത്ത ആളെക്കുറിച്ച് (പി. ജയരാജനെ സംബന്ധിച്ച്) വളരെ ആക്ഷേപകരമായ പരാമർശമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നടത്തിയത്. അത് ശരിയല്ല. ആ പറഞ്ഞത് രേഖയിൽ ഉണ്ടാകരുത്.

മി. സ്പീക്കർ : സഭയിൽ ഇല്ലാത്ത ആളെക്കുറിച്ച് പരാമർശിക്കുന്നത് പൊതുവേ ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, രാഷ്ട്രീയ നേതാക്കന്മാരെപ്പറ്റി പരാമർശം നടത്തുന്നത് പുതിയ കാര്യമല്ല. പല രാഷ്ട്രീയ നേതാക്കന്മാരെപ്പറ്റിയും പരാമർശം നടത്തും. ഒരു ഭാഗത്ത് ശ്രീ. പി. ജയരാജൻ അക്രമത്തിന് നേതൃത്വം കൊടുക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. അദ്ദേഹം അതിന് പച്ചക്കൊടി കാട്ടുന്നു. മറുഭാഗത്ത് ബി.ജെ.പി.-യുടെ നേതാവും അതിന് പച്ചക്കൊടി കാട്ടുന്നു. കേരളത്തിലെ ജനങ്ങൾക്ക് എങ്ങനെ സ്വൈര്യമായി ജീവിക്കാൻ കഴിയും? കണ്ണൂർ വീണ്ടും അക്രമത്തിന്റെ, കൊലപാതകത്തിന്റെ ഭൂമിയായി മാറുന്നെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിന് തന്നെയായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ മുഖം നോക്കാതെ നടപടി ഉണ്ടാകുന്നില്ല. അക്രമകാരികളെ പിടിക്കാൻ തയ്യാറാകുന്നില്ല. കണ്ണൂരിലെ കൊലപാതകങ്ങളുടെ എണ്ണം കുറഞ്ഞുവെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിനുള്ള ഏറ്റവും വലിയ സർട്ടിഫിക്കറ്റാണ് ശ്രീ. പിണറായി വിജയൻ നൽകിയത്. ഞങ്ങൾ ശക്തമായ നടപടി കണ്ണൂരിൽ സ്വീകരിച്ചു. അതിന്റെ ഫലമായാണ് കണ്ണൂരിൽ കൊലപാതകങ്ങളുടെ എണ്ണം കുറഞ്ഞത്. അത് അന്വേഷിക്കാനായി ഞങ്ങൾ കഴിവുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു, കരുത്തുള്ള നടപടികൾ സ്വീകരിച്ചു. ശ്രീ. പിണറായി വിജയൻ ഞങ്ങൾക്ക് നൽകിയ ഒരു സർട്ടിഫിക്കറ്റ് ആണത്. ഞാനതിൽ സന്തോഷിക്കുന്നു. ഈ സംഭവം ഉണ്ടായതിനുശേഷം അവിടെ എന്തുനടന്നു? വീടുകൾ പരസ്പരം ആക്രമിക്കപ്പെട്ടു; സി.പി.എം.-കാരുടെയും ബി.ജെ.പി.-ക്കാരുടെയും വീടുകൾ അടിച്ച് തകർക്കപ്പെട്ടു. ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത, സ്വാതന്ത്ര്യസമരത്തിന്റെ മഹത്തായ പാരമ്പര്യമുള്ള പയ്യന്നൂരിന്റെ മണ്ണിൽ സ്വൈര്യമായി ആളുകൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഈ രണ്ടുപേരും ഇതിനകത്ത് പ്രതിക്കൂട്ടിലാണ്. ഇവരുടെ ഈ കൊലപാതക രാഷ്ട്രീയം അവസാനിപ്പിച്ചില്ലെങ്കിൽ

കണ്ണൂർ മാത്രമല്ല, കേരളത്തിലെ ജനങ്ങളുടെ സ്വൈര്യജീവിതം തന്നെ അസാധ്യമാകുന്ന നിലയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു മൂന്ന് കാര്യങ്ങൾ പറയുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ ഒന്നരമാസം കൊണ്ട് പത്രങ്ങളിൽ നിന്നും കിട്ടിയ കണക്കനുസരിച്ച് കൊലപാതകങ്ങളുടെ എണ്ണം 37, കൊലപാതകശ്രമം 48 , ഗുരുതരമായി പരിക്കേറ്റവർ 129, ലഹള 289, കൊള്ള 6, പിടിച്ചുപറി 56, മോഷണം 227, രാഷ്ട്രീയ സംഘട്ടനം 162 എന്നിങ്ങനെയാണ്. ഞാൻ എല്ലാം വായിക്കുന്നില്ല. ഒന്നര മാസംകൊണ്ടുള്ള കേരളത്തിലെ ഇടതുമുന്നണിയുടെ ഭരണം ഇതാണോ? ഭാവിയിൽ കേരളത്തിൽ ഒരു സ്ത്രീക്കും തലയ്ക്ക് കീഴേ കത്തിവച്ച് കിടക്കേണ്ട അവസ്ഥ ഉണ്ടാകില്ലെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. ഹെൽമറ്റ് വച്ച് കിടക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. വീട്ടിൽ കിടന്ന് ഉറങ്ങിയ മരിയാദാസിനെ കുത്തിക്കൊലപ്പെടുത്തിയ സംഭവമുണ്ടായി. ഞാൻ ആ വീട്ടിൽ പോയതാണ്. കേരളത്തിലുടനീളം അക്രമങ്ങളും കൊലപാതകങ്ങളും ഉണ്ടാകുന്നു.

മി. സ്പീക്കർ :............(ബഹളം)..........പ്ലീസ്........ അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഗുരുവായൂർ ക്ഷേത്രത്തിൽ വിവാഹിതരായ ശേഷം വീട്ടിലേക്ക് മടങ്ങിയ വധൂവരന്മാരെ പോലീസ് പിടികൂടി മൂന്നുമണിക്കൂർ നേരം വിവാഹ വേഷത്തിൽ പോലീസ് സ്റ്റേഷനിൽ ഇരുത്തി. ഈ വാർത്ത അങ്ങും കണ്ടുകാണുമല്ലോ? വിവാഹം കഴിഞ്ഞുപോയ രണ്ടുപേർ പോലീസ് സ്റ്റേഷനിൽ കാത്തിരിക്കുന്നു എന്ന വാർത്ത മാതൃഭൂമി പത്രത്തിൽ വന്നു. പിണറായി വിജയന്റെ ഭരണകാലത്ത് മാത്രമേ ഇങ്ങനെ ഉണ്ടാകുകയുള്ളൂ. വേറെ ഒരു കാലത്തും ഉണ്ടാകില്ല. ശ്രീ. കെ. മുരളീധരൻ നിരവധി കാര്യങ്ങൾ പറഞ്ഞു. ഇത്രയും ഒരു ചെറിയ കാലഘട്ടത്തിനിടയിൽ ഒരു ഗവൺമെന്റിന്റെ ഭരണകാലത്ത് ഇതുപോലെ അരാജകത്വം ഉണ്ടാകാനുള്ള കാരണം എന്താണ്? പോലീസ് ഉദ്യോഗസ്ഥന്മാർ തങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് മുഖ്യമന്ത്രിയാണ്. അങ്ങത് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. "പോലീസ് ഉദ്യോഗസ്ഥന്മാർ എഴുതിത്തരുന്നത് മാത്രം അങ്ങ് വിശ്വസിക്കരുത്. ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ഒരാളാണ്. അവർ അവരുടെ ഇഷ്ടത്തിന് എഴുതിത്തരും. അവരെ സംരക്ഷിക്കാൻ എഴുതിത്തരും. അങ്ങ് പാർട്ടി സെക്രട്ടറിയായിരുന്ന ആളല്ലേ? അങ്ങേക്ക് ധാരാളം സോഴ്സ് ഇല്ലേ? ഞാൻ എപ്പോഴും ചെയ്യുന്നത് അങ്ങനെയാണ്. പോലീസ് ഉദ്യോഗസ്ഥർ എഴുതിത്തരുന്നതല്ലാതെ നമ്മുടെ സോഴ്സും കൂടി അതിൽ ഉപയോഗിക്കണം. " *

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിലനിർത്താൻ തിരുമാനിച്ചു.

മി. സ്പീക്കർ : പ്ലീസ്.........പ്ലീസ്...........

ശ്രീ. രമേശ് ചെന്നിത്തല : സർ, പോലീസ് ഉദ്യോഗസ്ഥന്മാർ എഴുതിത്തരുന്ന കാര്യങ്ങൾ മാത്രം അങ്ങ് ഇവിടെ വായിച്ചത് ദൗർഭാഗ്യകരമായിപ്പോയി. മാത്രമല്ല സർ....

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : റൂൾ ഏതാണ്? ...(ബഹളം)...താങ്കൾ പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

ശ്രീ. രമേശ് ചെന്നിത്തല : സർ, ..........(ബഹളം)........... കൊല്ലം കളക്ടേറ്റിൽ ഒരു സ്ഫോടനമുണ്ടായി. .........(ബഹളം)................

മി. സ്പീക്കർ : .......പ്ലീസ്....... ശ്രീ. കെ. എം. ഷാജി, ശ്രീ. അൻവർ സാദത്ത് ഇരിക്കൂ,.....(ബഹളം)...... ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇരിക്കൂ. (ബഹളം)........... മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംസാരിക്കുമ്പോൾ കമന്റുകൾ പാടില്ല എന്നുള്ളത് ശരിയാണ്. പക്ഷേ നിങ്ങളും മോശമല്ല. നിങ്ങളും മുഖ്യമന്ത്രി സംസാരിച്ചപ്പോൾ കമന്റ് ചെയ്തിരുന്നു. ആരും അങ്ങനെ ചെയ്യാൻ പാടില്ല. ...........(ബഹളം)...........ഇരിക്കൂ...... എല്ലാവരും ഇരിക്കൂ. അദ്ദേഹത്തെ പ്രസംഗിക്കാൻ അനുവദിക്കുകയാണ് വേണ്ടത്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, റൂൾ 303 അനുസരിച്ചാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ്. ഇവിടെ അടിയന്തരപ്രമേയ സമയത്ത് അദ്ദേഹം മറുപടി പറഞ്ഞത്, "പോലീസിൽനിന്ന് കിട്ടിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല പാർട്ടി സോഴ്സിൽകൂടി ഞാൻ മറുപടി പറഞ്ഞുവെന്നാണ്.'' അതീവ ഗുരുതരമായ പ്രശ്നമാണ്. ഈ ഒരു മറുപടിയുടെ ഭാഗമായാണ് തൃശ്ശൂരിൽ മൂന്ന് കോൺഗ്രസ്സുകാർ കൊലചെയ്യപ്പെടാൻ കാരണമായത്. ഒരിക്കലും അത് റിക്കോർഡിൽ ഉണ്ടാകാൻ പാടില്ല. മന്ത്രിക്ക് ഗവൺമെന്റ് ഉദ്യോഗസ്ഥർ എഴുതിത്തരുന്നത് തന്നെയാണ് പറയാൻ പറ്റുക. അല്ലാതെ പാർട്ടി സോഴ്സിൽ വിവരം അന്വേഷിച്ചിട്ടല്ല നിയമസഭ മുമ്പാകെ മറുപടി പറയേണ്ടത്. ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും കിട്ടുന്ന മറുപടിയാണ് പറയേണ്ടത്. അല്ലാതെ പാർട്ടി ഓഫീസിൽ നിന്നും കിട്ടുന്ന മറുപടിയല്ല പറയേണ്ടത്. ഒരിക്കലും അത് റിക്കോർഡിൽ ഉണ്ടാകാൻ പാടില്ല. അത് എക്സ്പഞ്ച് ചെയ്യണം." *

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു

മി. സ്പീക്കർ : പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ചില സംഭവങ്ങളിൽ പോലീസ് ഉദ്യോഗസ്ഥന്മാർ എഴുതിത്തതരുന്നത് നമ്മൾ വെരിഫൈ ചെയ്യാറുണ്ട് എന്നാണ് ഞാൻ പറഞ്ഞത്. നമ്മൾ അത് വെരിഫൈ ചെയ്യും. അങ്ങനെ വെരിഫൈ ചെയ്യേണ്ടത് ആവശ്യമാണ്. കൊല്ലം കളക്ടറേറ്റിലുണ്ടായ സംഭവത്തെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. കൊല്ലം കളക്ടറേറ്റിൽ സ്ഫോടനമാണ് ഉണ്ടായത്. എന്തുകൊണ്ട് ഇതുവരെ കൊല്ലം കളക്ടറേറ്റിലുണ്ടായ സ്ഫോടനത്തിന് ഉത്തരവാദികളായ ആളുകളെ പിടിച്ചിട്ടില്ല; കാര്യക്ഷമമായ അന്വേഷണം നടക്കുന്നില്ല. ഒരു അന്വേഷണവും കൊല്ലം സ്ഫോടനവുമായി ബന്ധപ്പെട്ട് നടക്കുന്നില്ല. ഇത്രയും ഗൗരവതരമായ ഒരു സ്ഫോടനം ജില്ലാ കളക്ടറേറ്റിൽ ഉണ്ടായതിനെപ്പറ്റി അന്വേഷിക്കാൻ തയ്യാറാകുന്നില്ല? മാത്രമല്ല സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന അക്രമപ്രവർത്തനങ്ങളെപ്പറ്റി വളരെ നിസ്സാരവൽക്കരിച്ചാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കേണ്ട പോലീസ് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയെപ്പറ്റിയാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. ഡി.ജി.പി.-യുടെ കാര്യം പറയുകയുണ്ടായി. ഏത് ഗവൺമെന്റിനും ഇഷ്ടമുള്ള ഉദ്യോഗസ്ഥന്മാരെ പോസ്റ്റ് ചെയ്യുന്നതിനകത്ത് അപാകതയുണ്ടെന്ന് കരുതുന്ന ഒരാളല്ല ഞാൻ. പക്ഷേ ഒരു കോൺസ്റ്റബിളിനെ മാറ്റുന്ന ലാഘവത്തോടെ ഡി.ജി.പി.-യെ മാറ്റിയത് ശരിയായില്ല എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഉദ്യോഗസ്ഥന്മാരുടെ ആത്മവീര്യം തകർക്കത്തക്ക നിലയിലാണ് സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ : യെസ്, പോയിന്റ് ഓഫ് ഓർഡർ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കോൺസ്റ്റബിളിനെ എങ്ങനെയും മാറ്റാം, അയാൾക്ക് നിയമം ബാധകമല്ല. എന്തൊക്കെയാണ് XXX* ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതാണോ പ്രതിപക്ഷനേതാവ്; XXX*

ശ്രീ. രമേശ് ചെന്നിത്തല: ഈ സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന .......(ബഹളം).........

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ...... (ബഹളം)......

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ പരാമർശം പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഡയസിനുസമീപം വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: എന്താണ് പിൻവലിക്കേണ്ടത്? ........... അതൊന്നും സഭാരേഖയിൽ ഇല്ലാത്ത കാര്യങ്ങളാണ്. രേഖയിലില്ലാത്ത കാര്യങ്ങൾ നീക്കം ചെയ്യാൻ കഴിയില്ല. ......... (ബഹളം)........ രേഖയിൽ ഇല്ലാത്ത കാര്യങ്ങൾ എങ്ങനെയാണ് നീക്കം ചെയ്യുന്നത്? ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിലേക്ക് മടങ്ങിപ്പോകണം. ...... അത് രേഖയിൽ ഇല്ലല്ലോ. ....... (ബഹളം)...... പ്ലീസ് .... പ്ലീസ് ...... go to your seat ........(ബഹളം)....... സഭാരേഖയിൽ ഇല്ലാത്തത് പിൻവലിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിലേക്ക് പോകണം. പ്ലീസ് ........ പ്ലീസ് ........ ഇങ്ങനെയൊരു പരാമർശം രേഖയിലുണ്ടാവില്ല. .......... ചെയർ പരിശോധിച്ച് തീരുമാനമെടുക്കും........... അത്തരം പരാമർശങ്ങൾ രേഖയിലുണ്ടാകില്ല. രേഖയിലില്ലാത്ത കാര്യങ്ങൾ നീക്കം ചെയ്യേണ്ട കാര്യമില്ല. ആക്ഷേപകരമായ ഒരു പരാമർശവും രേഖയിലുണ്ടാവില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിലേക്ക് പോകണം..........പ്ലീസ് ....പ്ലീസ്...... ചെയർ പരിശോധിച്ച് തീരുമാനമെടുക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ അനുവദിക്കണം.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോയി.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രേഖയിൽ ഇല്ലാത്തത് നീക്കം ചെയ്യാൻ കഴിയില്ല എന്ന് പരാമർശിക്കുന്ന റൂൾ 307 അങ്ങേക്ക് ഇതിൽ ഉപയോഗിക്കാൻ കഴിയില്ല. അങ്ങയുടെ ആ വാദഗതിയെ ഞാൻ ഒപ്പോസ് ചെയ്യുന്നില്ല. പക്ഷേ മന്ത്രി പ്രതിപക്ഷ നേതാവിനെ ആംഗ്യം കാണിച്ച് സൂചിപ്പിച്ചത് പിൻവലിക്കുന്നതിന് തയ്യാറാകണം എന്നതാണ് ഞങ്ങളുടെ ആവശ്യം. അങ്ങ് വീഡിയോ പരിശോധിക്കണം.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ദീർഘകാലത്തെ പാരമ്പര്യമുള്ള ഒരു സാമാജികനാണ്. ഉച്ചഭാഷിണിയിലല്ലാതെ സംസാരിക്കുന്ന ഒരു കാര്യവും രേഖയിലുണ്ടാകില്ല എന്ന് അങ്ങേക്ക് നന്നായി അറിയാമല്ലോ.

ശ്രീ. വി. ഡി. സതീശൻ : സർ, I am on a point of order.

മി. സ്പീക്കർ : റൂൾ ഏതാണ്?

ശ്രീ. വി. ഡി. സതീശൻ : സർ, റൂൾ 303 അനുസരിച്ചാണ് ഞാൻ പറയുന്നത്. അങ്ങ് ഒരു കാര്യം ശ്രദ്ധിക്കണമായിരുന്നു. ഈ സഭയുടെ സമീപകാല ചരിത്രത്തിൽ ഒരിടത്തും പ്രതിപക്ഷ നേതാവ് വാക്കൗട്ട് പ്രസംഗം നടത്തിയ അവസരത്തിൽ പോയിന്റ് ഓഫ് ഓർഡർ അനുവദിച്ചിട്ടില്ല. ഇവിടെ ആദ്യമായി അനുവദിക്കുകയും നിരന്തരമായി പ്രതിപക്ഷ നേതാവിന്റെ പ്രസംഗം തടസ്സപ്പെടുത്തുകയും ചെയ്തത് ദൗർഭാഗ്യകരമാണ്. മൂന്ന് പ്രാവശ്യമാണ് പ്രസംഗം തടസ്സപ്പെടുത്തിയത്. അങ്ങത് ഒരിക്കലും അനുവദിക്കാൻ പാടില്ലായിരുന്നു. ഇവിടെ അങ്ങനെയൊരു precedent ഇല്ല. രണ്ടാമത്, …….

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ, അങ്ങ് ചെയറിന്റെ തീരുമാനത്തെ ചോദ്യം ചെയ്യുകയാണോ?

ശ്രീ. വി. ഡി. സതീശൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ ആംഗ്യഭാഷയിലാണ് കേരളത്തിന്റെ പ്രതിപക്ഷ നേതാവിനെ അപമാനിച്ചത്. ഇവിടെ മൈക്കിലൂടെ പറയാത്ത എന്തും ചെയ്യാമോ? xxx* അത് ഇവിടെ അനുവദനീയമാണോ?

മി. സ്പീക്കർ : അതൊന്നും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രീ. വി. ഡി. സതീശൻ, അങ്ങ് ഇരിക്കണം. പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ അനുവദിക്കണം. പ്ലീസ്... പ്ലീസ്.....

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ആക്ഷേപകരമായി എന്തെങ്കിലും ആംഗ്യങ്ങൾ കാണിച്ചിട്ടുണ്ടെങ്കിൽ വീഡിയോ പരിശോധിച്ചശേഷം അങ്ങ് തീരുമാനമെടുക്കണം.

മി. സ്പീക്കർ : പരിശോധിക്കാം.

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. രമേശ് ചെന്നിത്തല : സർ, കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന അക്രമപ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ കഴിയാത്ത നിലയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ഇവിടെ ബ്ലേഡ് മാഫിയയെപ്പറ്റി പറഞ്ഞു. കേരളം കണ്ട ഏറ്റവും നല്ലൊരു പദ്ധതിയായിരുന്ന 'ഓപ്പറേഷൻ കുബേര'. നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിപ്പിച്ചുകൊണ്ടിരുന്ന ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാൻവേണ്ടി കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന നടപടിയാണിത്. ഇത്രയാളുകളെ അറസ്റ്റ് ചെയ്തു, ഇത്ര രൂപ കണ്ടെത്തിയിട്ടുണ്ട്, ഇത്രപേരുടെ പേരിൽ കോടതിയിൽ കേസ് നടക്കുകയാണ് തുടങ്ങിയ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. കോടതിയിലുള്ള കേസുകൾ നമ്മൾ വിചാരിക്കുന്ന വേഗതയിൽ ശിക്ഷിക്കപ്പെട്ടു എന്നുവരില്ല. അതിന് സമയമെടുക്കും. അതുകൊണ്ട് ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട കേസുകൾ ശരിയായി നടത്തുന്നില്ല എന്ന വാദഗതിയോട് എനിക്ക് യോജിക്കാൻ കഴിയില്ല. ചിറയിൻകീഴ് താലൂക്കിൽ ബ്ലേഡ് മാഫിയ ഒരു കുടുംബത്തെ ഭീകരമായി മർദ്ദിക്കുകയും അവരെ വീട്ടിൽനിന്ന് ഇറക്കിവിടുകയും ചെയ്തു എന്ന വാർത്ത വന്നു. ഗവൺമെന്റ് മാറിയതോടുകൂടി ഗുണ്ടകളും ബ്ലേഡ് മാഫിയകളും സാമൂഹ്യവിരുദ്ധൻമാരും ക്വട്ടേഷൻ സംഘങ്ങളും കൂടുതൽ സജീവമായിരിക്കുന്നു എന്നുള്ള ഗുരുതരമായ സാഹചര്യമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. പയ്യന്നൂരിലെ സംഭവം അടിച്ചമർത്താൻ ഗവൺമെന്റ് മുന്നോട്ട് വന്നില്ലെങ്കിൽ സംസ്ഥാനത്ത് കഴിഞ്ഞ കാലത്തുണ്ടായ സംഭവങ്ങൾ കണ്ണൂരിൽ ആവർത്തിക്കുമോയെന്ന് ഞാൻ ഭയപ്പെടുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കണം. അക്രമങ്ങളുണ്ടാകുമ്പോൾ ഞാൻ ആഭ്യന്തര മന്ത്രിയായിരുന്ന സമയത്ത് എപ്പോഴും ആൾ പാർട്ടി മീറ്റിംഗ് വിളിക്കാറുണ്ട്. കളക്ടറോട് ആവശ്യപ്പെട്ട് അദ്ദേഹം തന്നെ സി.പി.ഐ.(എം)-ന്റെയും ബി.ജെ.പി.-യുടെയും നേതാക്കൻമാരെ ഉഭയകക്ഷി ചർച്ചക്ക് വിളിക്കാറുണ്ട്. ഈ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള സത്വര നടപടികളുണ്ടാകണം. ഒന്നിനുപുറകെ ഒന്നായി ഉണ്ടാകുന്ന അക്രമ സംഭവങ്ങൾ സംസ്ഥാനത്തിന്റെ ക്രമസമാധാന നിലയെ ബാധിക്കുന്നു, ജനങ്ങളുടെ ജീവനും സ്വത്തിനും വെല്ലുവിളിയായി ഉയർന്നുവരുന്നു. ഇവിടെ മുഖ്യമന്ത്രി മറുപടിയിൽ വളരെ ലാഘവത്തോടുകൂടിയാണ് കാര്യങ്ങൾ പറഞ്ഞത്. ഈ നിലപാട് ശരിയല്ല. മുഖ്യമന്ത്രിയെന്ന നിലയിൽ അങ്ങ് ഈ വിഷയം കുറച്ചുകൂടി ഗൗരവത്തോടെ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത്

സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും തമ്മിലുള്ള അക്രമമാണ് എന്നുകരുതി ഞങ്ങൾക്ക് കൈകെട്ടി നോക്കിയിരിക്കുക സാധ്യമല്ല. കാരണം ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അതുകൊണ്ട് ഈ അക്രമങ്ങളും ചോരക്കളിയും അവസാനിപ്പിക്കണം. നമ്മുടെ സംസ്ഥാനത്ത് ആശയപരമായ സംഘട്ടനങ്ങളാണ് ആവശ്യം. അതിനുപകരം എന്താണിവിടെ നടക്കുന്നത്? ആശയങ്ങളെ ആശയപരമായി നേരിടാൻ കഴിയാത്തവർ ആയുധംകൊണ്ട് നേരിടുന്നു. വാക്കുകളെ വാക്കുകൊണ്ട് എതിരിടാൻ കഴിയാത്തവർ തോക്കുകൊണ്ട് നേരിടുന്നു. അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ബി.ജെ.പി.യും സി.പി.ഐ.(എം)-ഉം അക്രമം അവസാനിപ്പിക്കണം. ഇരുകൂട്ടരുടെയും അക്രമമാണ് ഇന്ന് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നത്. സമാധാനം ആഗ്രഹിക്കുന്ന കേരളത്തിലെ ജനങ്ങളുടെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി ഇതാണ്. അതുകൊണ്ട് കേന്ദ്രവും കേരളവും ഭരിക്കുന്നവർ സംയമനത്തോടെ മുന്നോട്ടുപോയാൽ ഇവിടെ അക്രമങ്ങളുണ്ടാകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വളരെ നിരാശാജനകമായ മറുപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇത്തവണ നിയമസഭ ചേർന്നപ്പോൾ സമയക്രമം പാലിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നും വന്ന നിർദ്ദേശം ഞങ്ങൾ വളരെ സംയമനത്തോടെ അംഗീകരിച്ച് സഹകരിച്ച് വരികയാണ്. ഇവിടെ ലാ ആന്റ് ഓർഡറിനെപ്പറ്റി ഒരു അടിയന്തരപ്രമേയം കൊണ്ടുവരികയും പ്രതിപക്ഷ നേതാവ് സംസാരിക്കുകയും ചെയ്യുകയായിരുന്നു. ഞങ്ങൾ ഭരണപക്ഷത്ത് ഇരിക്കുമ്പോൾ മുക്കാൽ മണിക്കൂറോളമൊക്കെയാണ് പ്രതിപക്ഷം വാക്കൗട്ട് പ്രസംഗം നടത്തിയിരുന്നത്. അന്ന് യാതൊരു ഇടപെടലും ഉണ്ടാകാറില്ലായിരുന്നു. ഇന്ന് മന്ത്രിമാരെല്ലാം ചാടിയെഴുന്നേൽക്കുന്ന രംഗമാണ് കണ്ടത്. പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തേക്ക് അവർ പോയത് പൂർണ്ണമായും ഉൾക്കൊണ്ടിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിച്ച സമയക്രമം പാലിക്കാതിരിക്കുന്നത് ഞങ്ങളല്ല, ഉത്തരവാദിത്വപരമായി പെരുമാറാതെ കാര്യങ്ങൾ കൈവിട്ടുപോകുന്ന രീതിയിൽ പെരുമാറുന്നത്

ഭരണപക്ഷമാണ്. സഭയ്ക്കകത്ത് നല്ലരീതിയിൽ കാര്യങ്ങൾ കൊണ്ടുപോകാനും ചർച്ചകൾ നടത്താനും തയ്യാറാകണം. സംസ്ഥാനത്ത് നല്ല രീതിയിൽ കാര്യങ്ങൾ നടക്കാനും ജനജീവിതം സുരക്ഷിതമാക്കാനും കഴിയുന്ന രീതിയിൽ കാര്യങ്ങൾ കാണുന്നതാണ് നിങ്ങൾക്ക് നല്ലത്. സംസ്ഥാനത്തെ ലാ ആന്റ് ഓർഡർ മുഴുവൻ തകർന്നുപോയി എന്നല്ല മറിച്ച് കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് ഈ സ്ഥിതി തടയുന്നതാണ് നല്ലതെന്നാണ് പ്രതിപക്ഷം പറയുന്നത്. ഇന്നലെ ഞാനും പ്രതിപക്ഷ നേതാവും മറ്റു ചിലരുമായി എയർപോർട്ട് ലോഞ്ചിൽ ഇരിക്കുമ്പോൾ, കണ്ണൂരിലെ സംഭവങ്ങൾ ടി.വി.യിൽ കാണുകയുണ്ടായി. സംഭവത്തെത്തുടർന്ന് ബി.ജെ.പി.-യുടെ അഖിലേന്ത്യാ നേതാവ് പറയുന്നത് - ഞങ്ങൾ ഇനി കൈകെട്ടി നോക്കിനിൽക്കാൻ ഉദ്ദേശിക്കുന്നില്ലെന്നാണ്. ഈ പ്രസ്താവന കേട്ടാൽ ആരും പേടിക്കില്ലേ? സി.പി.ഐ.(എം) നോക്കിനിൽക്കില്ലെന്നുള്ളത് നമുക്കറിയാം. സ്വാഭാവികമായും സംസ്ഥാനത്തിന്റെ പോക്ക് എങ്ങോട്ടാകും? അക്രമത്തിന് ഒരു ഭാഷയേയുള്ളു; അക്രമത്തെ നിയമപരമായി അടിച്ചമർത്തണം. എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ചിലപ്പോൾ അക്രമത്തിലുണ്ടാകാം. മങ്കടയിൽ ഒരു സംഭവമുണ്ടായിട്ട് ഞങ്ങൾ ന്യായീകരിച്ചില്ല. അതിൽ മുസ്ലീം ലീഗുകാരും സി.പി.ഐ.(എം)-കാരും ബി.ജെ.പി.ക്കാരും ഉണ്ടാകാം. നിങ്ങൾക്ക് സുഗമമായി ഭരണം നടത്തണമെങ്കിൽ ഒരു സ്ഥലത്തും പഴയ രീതിയിലേക്ക് പോകാൻ കഴിയില്ല. കടപ്പുറത്തൊക്കെ ചില പ്രശ്നങ്ങൾ ഉണ്ട്. ഇക്കാര്യത്തിൽ രാഷ്ട്രീയമായി നമ്മൾ ഭരണത്തിലാണെന്ന ആറ്റിറ്റ്യൂഡ് ഉണ്ടാകില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അത്തരത്തിൽ ഉണ്ടാകാതിരിക്കണമെങ്കിൽ അതിനുള്ള നടപടിയെടുക്കണം. അല്ലെങ്കിൽ സ്ലിപ് ചെയ്തുപോകും. പിന്നെ കണ്ണൂരും മറ്റു സ്ഥലങ്ങളും പിടിച്ചാൽ കിട്ടില്ല. ഒരാളെ കൊന്നാൽ ആ റിയാക്ഷന് ആന്റി റിയാക്ഷൻ ഉണ്ടാകും. അതങ്ങനെ തുടർന്നുപോവുകയും കൊലപാതകങ്ങളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയും ചെയ്യും. നാദാപുരത്തുണ്ടായ സംഭവത്തിൽ, പോലീസിന്റെ റിപ്പോർട്ട് അതുപോലെ സ്വീകരിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് നല്ല സ്പിരിറ്റിലാണ്. ചർച്ച സഭയ്ക്കകത്ത് മാത്രമല്ല പുറത്തും നടക്കണം. ചർച്ച കൂടാതെ ഈ വിഷയങ്ങൾ തീരില്ല. ഇത്രയും പറയുന്നത് നമുക്കും പരാതികൾ ഉള്ളതുകൊണ്ടാണ്. പല സ്ഥലങ്ങളിലും രാഷ്ട്രീയ സംഘട്ടനങ്ങൾ നടക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചതാണ്. സംസ്ഥാനത്ത്

കാര്യങ്ങൾ നല്ല നിലയിൽ പോകണമെന്നുണ്ടെങ്കിൽ പ്രധാനമായും ഭരണകക്ഷി വളരെ സംയമനത്തോടെയുള്ള നിലപാട് സ്വീകരിക്കേണ്ടിവരും. അതിന് പോലീസ് നിയമപരമായി ഇടപെടണം. ഇന്നലെ പയ്യന്നൂരിൽ ഉണ്ടായ സംഭവത്തിൽ കൊലപാതകം നടന്നയുടൻതന്നെ നടപടികൾ കർക്കശമാക്കിയിരുന്നെങ്കിൽ അക്രമം തുടരില്ലായിരുന്നുവെന്ന ആക്ഷേപമുണ്ട്. അതിനെക്കുറിച്ച് എനിക്കറിയില്ല. പക്ഷെ പരിശോധിക്കേണ്ട കാര്യമാണ്. പലതും അർദ്ധരാത്രി നടന്ന സംഭവങ്ങളാണ്. ഈ സ്ഥിതി തുടർന്നാൽ നിങ്ങൾക്ക് പിടിച്ചാൽ കിട്ടുമോ? അതുകൊണ്ട് ആ നിലയിൽ കാര്യങ്ങൾ കാണണം. പഴയകാലത്ത് അക്രമങ്ങളും കൊലപാതകങ്ങളും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ജനങ്ങളാകെ സിവിലൈസ്ഡ് ആയില്ലേ? ഇനി ഡെവലപ്മെന്റിന്റെ സ്ഥിതിയിലേക്ക് പോകണം. അതിന് നല്ല രീതിയിലുള്ള ഭരണം ഉണ്ടാകണം. വെല്ലുവിളിയും കൊലപാതകങ്ങളുടെ എണ്ണമെടുക്കലുമായി കഴിയേണ്ട സ്ഥിതിയല്ല. ഈ വിഷയം സഭയിൽ മാത്രമല്ല പുറത്തും ചർച്ച ചെയ്യണം. ഇപ്പോൾ ശ്രീ. സി. കൃഷ്ണന് മാത്രമേ അഭിപ്രായം പറയാൻ സമയം കിട്ടിയുള്ളൂ. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്തെങ്കിൽ എല്ലാവർക്കും പറയാനുള്ള അവസരം ഉണ്ടാകുമായിരുന്നു, അത്യയധികം സംഭവങ്ങളാണ് ശ്രീ. കെ. മുരളീധരൻ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അക്ഷരാർത്ഥത്തിൽ നല്ല സ്പിരിറ്റിലെടുത്ത് കാര്യങ്ങൾ നിഷ്പക്ഷമായി കൈകാര്യം ചെയ്യണം. അല്ലെങ്കിൽ ബി.ജെ.പി. പ്രസ്താവന ഇറക്കിയതിന് റിയാക്ഷൻ ഉണ്ടാകും. നാളെ പല രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്തുനിന്നും അത്തരത്തിലുള്ള പ്രവർത്തികൾ ഉണ്ടാകും. അതൊഴിവാക്കാൻ ഭരണത്തിൽ സുഗമമായ സ്ഥിതിയുണ്ടാക്കണം. അതല്ല ഇവിടെ കാണുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സർ, നിയമസമാധാനം തകർന്നിരിക്കുന്നുവെന്ന് ഞങ്ങൾ പറഞ്ഞില്ല. നിയമസമാധാന തകർച്ചയിലേയ്ക്ക് സംസ്ഥാനം വഴുതിവീണു കൊണ്ടിരിക്കുന്നു. ഇതാണ് അവസ്ഥയെങ്കിൽ നിയമസമാധാനം തകരാൻ

പോവുകയാണ്. അതിലേക്കുള്ള നീക്കമാണ് നടക്കുന്നത് എന്നാണ് പറഞ്ഞത്. കണ്ണൂർ ഒരു കാലത്ത് കലാപ ഭൂമിയായിരുന്നു. പിന്നീട് അവിടെ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു. വീണ്ടും അവിടെ ചോരപ്പുഴ ഒഴുകിത്തുടങ്ങിയിരിക്കുന്നു എന്നുള്ളത് എല്ലാവർക്കും സങ്കടകരവും നിർഭാഗ്യകരവുമായ കാര്യമാണ്. അവിടെ സമാധാനം പുനഃസ്ഥാപിക്കണം. കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല് എന്ന അവസ്ഥയാണ് ഇപ്പോൾ അവിടെ നടക്കുന്നത്. അത് പാടില്ല. സി.പി.ഐ.(എം) പ്രവർത്തകനെ വീട്ടുമുറ്റത്ത് കയറിച്ചെന്ന് വെട്ടിക്കൊല്ലുന്നതും ബി.ജെ.പി പ്രവർത്തകനെ കതക് തല്ലിപ്പൊളിച്ച് വീട്ടിനകത്ത് ഉറങ്ങി കിടക്കുന്നവനെ വെട്ടിക്കൊല്ലുന്നതും നിർഭാഗ്യകരമായ സംഭവങ്ങളാണ്. അതിനൊരവസാനം ഉണ്ടാക്കണം. പോലീസിനു പോലും രക്ഷയില്ലാത്ത സ്ഥിതിയാണ്. മംഗലപുരം പോലീസ് സ്റ്റേഷനിലെ സി.ഐ.-യെ ആക്രമിച്ച വിഷയത്തിന് ഇവിടെ പറഞ്ഞ മറുപടി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും പോലീസിനെ ആക്രമിച്ചിട്ടില്ലേയെന്നാണ്. അതു പറഞ്ഞിട്ട് കാര്യമില്ല. പോലീസുകാരനെ ആക്രമിച്ച് അര കിലോമീറ്ററോളം റോഡിലൂടെ നടത്തിയത് ആക്ഷേപകരമായ കാര്യമാണ്. ആ സംഭവത്തിൽ എത്ര പ്രതികളെ പിടിച്ചുവെന്നും അന്വേഷണം എന്തായിയെന്നും നമുക്കറിയണ്ടേ? വാസ്തവത്തിൽ സംസ്ഥാനം ക്രമസമാധാന തകർച്ചയിലേക്ക് നീങ്ങുന്ന ഉത്കണ്ഠാജനകമായ അവസ്ഥയാണുള്ളത്. ഈ അവസ്ഥ മാറണം. ഈ അവസ്ഥാ വിശേഷത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ് : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഒന്നര മാസത്തിനിടയിലുണ്ടായിട്ടുള്ള രാഷ്ട്രീയ കൊലപാതകങ്ങളെയും ഗുണ്ടാ ആക്രമണങ്ങളെയും കുറിച്ചാണ് യു.ഡി.എഫ്. ഇന്ന് അടിയന്തപ്രമേയം അവതരിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ കണക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നിരത്തിയത്. അതൊരിക്കലും ഇപ്പോൾ നടന്ന കൊലപാതകങ്ങൾക്ക് ന്യായീകരണമാകില്ല. അക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ആശങ്കയോടെ മാത്രമേ

പൊതുസമൂഹത്തിന് കാണാൻ കഴിയുകയുള്ളൂ. കഴിഞ്ഞ ദിവസങ്ങളിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ നടന്ന സി.പി.ഐ.(എം) - ബി.ജെ.പി. അക്രമം ഉണ്ടാക്കിയ അരക്ഷിതമായ സാഹചര്യങ്ങളെക്കുറിച്ചാണ് ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടിയത്. "കണ്ണുനീരിന് കൊടിയുടെ നിറമില്ല." പല പത്രങ്ങളിലെയും തലക്കെട്ട് വാചകമാണ്. അത് വളരെ അർത്ഥവത്തായതുമാണ്. ഇന്ന് ഉണ്ടാകുന്ന കൊലപാതകങ്ങൾക്കും ആക്രമണങ്ങൾക്കും ഇരയാകുന്നത് സ്ത്രീകളും കുട്ടികളുമാണെന്ന വസ്തുത നമുക്ക് മറക്കാൻ കഴിയില്ല. ഇത്തരത്തിലുള്ള ആക്രമണങ്ങളെ ശക്തമായി ചെറുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ടായ ഒരു സംഭവം ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നു. 3-7-2016-ന് ആമ്പല്ലൂർ പഞ്ചായത്തിലെ ഒരു ദളിത് കുടുംബത്തെ ഇടതുപക്ഷത്തിന്റെ പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ രാത്രി പതിനൊന്നര മണിക്ക് വീട്ടിൽക്കയറി ആക്രമിക്കുകയുണ്ടായി. അവർ ആ സമയത്തുതന്നെ പോലീസിൽ വിവരം അറിയിച്ചുവെങ്കിലും ഒരു പോലീസും ആ പ്രദേശത്ത് വന്നില്ല. അടുത്ത ദിവസം രാവിലെ അവിടത്തെ പൊതുപ്രവർത്തകരുമായി ബന്ധപ്പെട്ട് പോലീസിൽ പരാതികൊടുത്തു. ജാമ്യം ലഭിക്കുന്ന വകുപ്പുകൾ ചുമത്തി പോലീസ് കേസ്സെടുക്കുകയും പ്രതികൾക്ക് ജാമ്യം അനുവദിക്കുകയും ചെയ്തു. ദളിത് കുടുംബത്തിനുണ്ടായ അക്രമത്തിനെതിരെ വളരെ നിസ്സാരവൽക്കരിച്ചാണ് പോലീസ് കേസ്സെടുത്തത്. ഞാൻ അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ പാർട്ടിയിൽ നിന്ന് ഇടപെടൽ ഉണ്ടായിയെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് രേഖാമൂലം ഞാൻ എഴുതി നൽകുന്നുണ്ട്. ഇത്തരത്തിലുള്ള വിഷയങ്ങൾ അതീവ ഗൗരവമായി കാണേണ്ടതാണ്. ഇതൊരു ഒറ്റപ്പെട്ട വിഷയമായി കണക്കാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ : സർ, നമ്മൾ ഏറെ സമയം ഈ കാര്യത്തെപ്പറ്റി ചർച്ച ചെയ്തു. എന്നാൽ കാര്യമായ കാര്യങ്ങൾ സംസാരിക്കുന്നതിന് സമയം കിട്ടുന്നില്ല എന്നത് നിർഭാഗ്യകരമായ സാഹചര്യമാണ്. നിരവധി അക്രമ സംഭവങ്ങൾ കഴിഞ്ഞ ഒന്നരമാസത്തിനകം നടന്നിരിക്കുന്നുവെന്നാണ് ഇവിടെ കുറച്ചുസമയംകൊണ്ട് പുറത്തുവന്നിട്ടുള്ള വസ്തുതകളിൽ നിന്നും മനസ്സിലാകുന്നത്. ആ സംഭവങ്ങളിൽ ഒരു ഭാഗത്ത് ഭരിക്കുന്ന പാർട്ടിയും മറുഭാഗത്ത് മറ്റെല്ലാ പാർട്ടികളുമാണെന്ന് കാണുന്നു. ഇതൊരു ഫീച്ചറാണ്. ഇതിൽ മാർക്സിസ്റ്റ് പാർട്ടിക്കെതിരെയുള്ള സംഭവങ്ങൾ നടന്നാൽ ഉടനെ പോലീസ് വളരെ സജീവമായി കാര്യങ്ങൾ ചെയ്യുന്നു. മറുഭാഗത്താണെങ്കിൽ വളരെ നിസ്സംഗമായി പെരുമാറുന്നു. ഈ വസ്തുതയും പുറത്തുവന്നിട്ടുണ്ട്. നടന്ന ഓരോ സംഭവത്തിലും ആരാണ് കുറ്റക്കാരെന്ന് വിസ്തരിക്കാനുള്ള സ്ഥലമല്ല ഈ വേദി. അത് കോടതിയിൽ കൈകാര്യം ചെയ്യേണ്ട കാര്യമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം ഇത്തരം സംഭവങ്ങൾ വരാതിരിക്കാൻ ഭരണാധികാരികൾ എന്തുചെയ്യണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യമെന്ന് എനിക്ക് തോന്നുന്നു. പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യമുള്ളത് ഇത്തരം സംഭവങ്ങൾ വരുമ്പോൾ ബന്ധപ്പെട്ട കക്ഷികളുടെ യോഗം വിളിച്ച് ഇങ്ങനെ വരാതിരിക്കാനുള്ള മാർഗ്ഗമെന്താണ്; എങ്ങനെ സമാധാനമുണ്ടാക്കാം എന്നാലോചിക്കണം എന്നതാണ്. ഏകപക്ഷീയമായി പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരെ പരസ്യമായി കുറ്റം പറയുന്നത് വളരെ എളുപ്പമുള്ള കാര്യമാണ്. അതാണോ ചെയ്യേണ്ടത്; ഇവിടെ സമാധാനം സ്ഥാപിക്കണം. വികസനത്തിനുള്ള വഴിയൊരുക്കണം. ഇത് ചെയ്യുന്നതിനുപകരം മറ്റ് പ്രതിപക്ഷ കക്ഷികളെയോ അഖിലേന്ത്യാടി സ്ഥാനത്തിലോ സംസ്ഥാന നിലവാരത്തിലോ ഉള്ളവരെ ആക്ഷേപിക്കാൻ വേണ്ടി ഉപയോഗിക്കുന്ന രീതി സ്വീകരിക്കുന്നത് ശരിയല്ല. ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി).

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജി മോൾ]

## III ശ്രദ്ധക്ഷണിക്കൽ

### (1) അന്തർ സംസ്ഥാന നദീജലകരാർ

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, നമ്മുടെ ജലസമ്പത്തിന്റെ സിംഹഭാഗവും നാമറിയാതെ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. അന്തർസംസ്ഥാന നദീജല പ്രശ്നത്തിന്റെ പേരിൽ കാവേരിയും പറമ്പിക്കുളവും ആളിയാറും മുഖേന വലിയ നഷ്ടമാണ് നമുക്ക് നേരിട്ടുകൊണ്ടിരിക്കുന്നത്. പെരിയാറിലെ മുഴുവൻ വെള്ളവും മുല്ലപ്പെരിയാറിന്റെ പേരിൽ നഷ്ടപ്പെടുകയാണ്. ശിരുവാണി ഡാമിൽനിന്നും കരാർ പ്രകാരമുള്ള വെള്ളത്തിന്റെ എത്രയോ അധികം വെള്ളമാണ് തമിഴ്നാട് കൊണ്ടു പോകുന്നത്. അട്ടപ്പാടി പദ്ധതിക്ക് അനുമതി തരുന്നതിൽ അവർ തടസ്സം സൃഷ്ടിക്കുകയും നെയ്യാറിൽ നിന്നും ഒരു കരാറുമില്ലാതെ വെള്ളം കൊണ്ടു പോകുകയുമാണ് ചെയ്യുന്നത്. പറമ്പിക്കുളവുമായി ബന്ധപ്പെട്ട് 1970-ലാണ് കരാറുണ്ടാക്കിയത്. 1958 മുതൽ മുൻകാല പ്രാബല്യമാണ് ആ കരാറിൽ ഉണ്ടായിരുന്നത്. ഇതനുസരിച്ച് 30 വർഷം കൂടുമ്പോൾ കരാർ പുതുക്കുകയും 30 കൊല്ലത്തെ ഡാറ്റ എടുത്ത് അതനുസരിച്ച് വെള്ളം വീതം വയ്ക്കുകയും ചെയ്യണമെന്നാണ് കരാറിലെ വ്യവസ്ഥ. ഇപ്പോൾ 58 കൊല്ലമായി. ഇതുകൊണ്ട് കേരളത്തിനുണ്ടാകുന്ന നഷ്ടം ഭീമമാണ്. ഇങ്ങനെ കരാർ പ്രകാരം വെള്ളത്തിന്റെ കണക്കെടുത്ത് നോക്കിയാൽ നമുക്ക് ഏകദേശം 6 റ്റി.എം.സി. വെള്ളം ലഭിക്കേണ്ടതാണ്. തമിഴ്നാട്തന്നെ ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിൽവച്ച് 4.5 റ്റി.എം.സി. ജലം തരാമെന്ന് തത്വത്തിൽ അംഗീകരിച്ചതാണ്. അതു പ്രകാരമാണെങ്കിൽ ഒരു കിലോ ലിറ്റർ വെള്ളത്തിന് 2 രൂപ വച്ച് കണക്കാക്കിയാൽത്തന്നെ 26 കോടി രൂപ ഒരു വർഷം നമുക്ക് നഷ്ടപ്പെടും. ഇങ്ങനെ 58 വർഷംകൊണ്ട് ഏകദേശം 1500 കോടിയോളം രൂപ പറമ്പിക്കുളം സിസ്റ്റത്തിൽനിന്ന് മാത്രം കേരളത്തിന് നഷ്ടംവന്നുവെന്ന് കണക്കാക്കാം. കാവേരി നദീജലത്തിന്റെ ആയക്കെട്ടിലേക്ക് പോലും പറമ്പിക്കുളത്തുനിന്നും വെള്ളം ഇപ്പോൾ അവർ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കരാറിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ഒരിക്കലും ചെയ്യാൻ പാടില്ലാത്തതാണ്. അതുപോലെ തന്നെ ശിരുവാണി ഡാമിൽനിന്നും കോയമ്പത്തൂരിലേക്ക് വെള്ളം കൊണ്ടുപോകുകയാണ്. കാവേരി ട്രൈബ്യൂണലിലെ വിധി പ്രകാരം കോയമ്പത്തൂരിലേക്ക് വെള്ളം അവർ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ ശിരുവാണിയിലെ വെള്ളം അവിടെ കൊടുക്കേണ്ട ആവശ്യമില്ല. ശിരുവാണിയിൽനിന്ന് 1.3

റ്റി.എം.സി. ജലമാണ് അവർക്ക് അനുവദിച്ചതെങ്കിൽ ഇപ്പോൾ 3 മുതൽ 4 റ്റി.എം.സി. വെള്ളംവരെ അവർ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അത് അട്ടപ്പാടിയിൽ കൊണ്ടുവരാൻ അവർ സമ്മതിക്കുന്നില്ല. കാവേരിയുടെ പ്രശ്നം പറഞ്ഞുകൊണ്ട് അതിലും തടസ്സം നിൽക്കുകയാണ്. കാവേരി ട്രൈബ്യൂണലിന്റെ അവാർഡ് പ്രകാരം നമുക്ക് കിട്ടിയ വെള്ളം നമ്മളുപയോഗിക്കാതെ മുഴുവൻ ഇപ്പോൾ തമിഴ്നാട് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഇന്നത്തെ ചോദ്യത്തിന്റെ ഉത്തരമായി പി.എ.പി. കരാർ സംബന്ധിച്ച ഒരു കേസ്സിന്റെ കാര്യം പറഞ്ഞിട്ടുണ്ട്. അതെന്താണെന്നുവച്ചാൽ 2012-13-ൽ പറമ്പിക്കുളത്തുനിന്നും വെള്ളം ലഭിക്കാത്തതിന്റെ പേരിൽ സർവ്വകക്ഷിയോഗം കൂടുകയും അതിനെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ് കൊടുക്കുകയും ചെയ്തിരുന്നു. കേസ് കൊടുത്തതിൽ ഒരു അപാകത ഉണ്ടായി. – യഥാർത്ഥത്തിൽ കരാർ ലംഘനത്തിന്റെ പേരിലാണ് കേസ് കൊടുക്കേണ്ടിയിരുന്നത്. കരാർ ലംഘനമാണ് അവിടെ നടന്നത്. അത് ചെയ്യാത്തതുകൊണ്ടുള്ള ദോഷം കേരളത്തിനുണ്ടായിട്ടുണ്ട്. ഇപ്പോൾ പറമ്പിക്കുളത്തിന്റെ ചർച്ച ഒന്നും നടക്കുന്നില്ലെന്ന് മാത്രമല്ല ആ വെള്ളം മുഴുവൻ തമിഴ്നാട് കൊണ്ടുപോകുകയാണ്. പാലക്കാട് ജില്ലയിലാണെങ്കിൽ കുടിക്കാൻപോലും വെള്ളം കിട്ടാത്ത അവസ്ഥയാണ്. പെൺകുട്ടികളാണെങ്കിൽ സ്കൂളുകളിൽപോലും പോകാതെ ലോറിയിൽ വെള്ളം കൊണ്ടുവരുന്നതും നോക്കിയിരിക്കുന്ന ഒരവസ്ഥയാണ്. തമിഴ്നാടിനെ ആ ചർച്ചയിൽ കൊണ്ടുവരാൻ സമ്മർദ്ദം ചെലുത്തുകയും വളരെ ഗൗരവമായി ആ കേസിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുകയും വേണം. മുഖ്യമന്ത്രി ഇടപെട്ട് അടിയന്തരമായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർത്ത് എങ്ങനെ നിയമപരമായി അതിനെ നേരിടാൻ സാധിക്കുമെന്നും നമ്മുടെ അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നും നഷ്ടപ്പെടുന്ന ജലം എങ്ങനെ വീണ്ടെടുക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചും ഒരു തീരുമാനമുണ്ടാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതീവ ഗൗരവമുള്ള പ്രശ്നമാണ് ബഹുമാന്യനായ കെ. കൃഷ്ണൻകുട്ടി ഇവിടെ ഉന്നയിച്ചത്. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിനെക്കുറിച്ചും മറ്റ് കാര്യങ്ങളെക്കുറിച്ചുമൊക്കെ അദ്ദേഹം സൂചിപ്പിച്ച കാര്യങ്ങൾ ശരിയാണ്. ഇവിടെ

ഇതുമായി ബന്ധപ്പെട്ട പുനരവലോകന നടപടി 1988-ൽ തന്നെ കേരളം ആരംഭിച്ചിട്ടുണ്ട്. 2011 വരെയുള്ള ഘട്ടത്തിൽ മുഖ്യമന്ത്രിതലത്തിലും മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും ഇതിനായി ചർച്ച നടന്നിട്ടുണ്ട്. എന്നാൽ അധിക ജലലഭ്യത പങ്കുവയ്ക്കുന്ന കാര്യത്തിൽ പരസ്പര ധാരണ ഇതുവരെ ആയിട്ടില്ല. ഇക്കാര്യത്തിൽ 2009 ഫെബ്രുവരി 27-ന് പ്രശ്നങ്ങൾ പരിശോധിച്ച് അന്തിമ തീരുമാനമെടുക്കാൻ പര്യാപ്തമായ സിംഗിൾ പാക്കേജ് രൂപപ്പെടുത്താൻ കേരള-തമിഴ്നാട് സർക്കാരുകളുടെ ഉന്നത ഉദ്യോഗസ്ഥരെ സംയുക്തമായി ചുമതല പ്പെടുത്തിയിരുന്നു. ഇതിന്റെ ഭാഗമായി 2009 ഏപ്രിൽ 8-ന് തിരുവനന്തപുരത്തും 24-ന് ചെന്നൈയിലും യോഗം ചേർന്നിട്ടുണ്ട്. രണ്ട് സംസ്ഥാനങ്ങളുംകൂടി ചൂണ്ടിക്കാണിച്ച പ്രധാന പ്രശ്നങ്ങൾ ഏഴെണ്ണമാണ്. അവകൂടി ഉൾപ്പെടുത്തിക്കൊണ്ട് 2011 ജനുവരി 21-ന് തിരുവനന്തപുരത്ത് ചീഫ് സെക്രട്ടറിതലത്തിൽ ചർച്ച ചെയ്തു. എന്നാൽ 2011-ന് ശേഷം ഇതുമായി ബന്ധപ്പെട്ട പുനരവലോകന ചർച്ചകൾ നടന്നിട്ടില്ല എന്നുള്ളതാണ് നിർഭാഗ്യകരമായ വസ്തുത. 2013 ഏപ്രിൽ 28-ന് ജലവിഭവ വകുപ്പുമന്ത്രിയും തമിഴ്നാടിന്റെ പൊതുമരാമത്ത് വകുപ്പുമന്ത്രിയും തമ്മിൽ നദീജല വിഷയത്തിൽ ചർച്ച നടന്നിട്ടുണ്ട്. ഇതിൽ പി.എ.പി. കരാർ പുനരവലോകന ചർച്ച തുടരാൻ ധാരണയായിട്ടുണ്ട്. പി.എ.പി. കരാർ പ്രകാരം ചിറ്റൂർ പുഴയ്ക്ക് പ്രതിവർഷം 7.2 TMC ജലം ലഭ്യമാകണം. എന്നാൽ ചില വർഷങ്ങളിൽ ഈ ജലം നമുക്ക് ലഭിച്ചിട്ടില്ല.

<u>ശ്രീ. പി. സി. ജോർജ് </u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ചെയർപേഴ്സൺ </u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. സി. ജോർജ് </u>: സർ, ഡെപ്യൂട്ടി സ്പീക്കർ സഭയിലുള്ളപ്പോൾ പാനൽ ഓഫ് ചെയർമാൻ അദ്ധ്യക്ഷപദത്തിലിരുന്ന് സഭ നിയന്ത്രിക്കാറില്ല. ഇത് ക്രമവിരുദ്ധമാണ്. അതുകൊണ്ട് ഡെപ്യൂട്ടി സ്പീക്കർ ചെയറിൽ പോയിരുന്നിട്ട് പാനൽ ഓഫ് ചെയർമാൻ ഇറങ്ങി സീറ്റിൽ വന്നിരിക്കണം. ഇതാണ് എനിക്ക് പറയാനുള്ളത്.

(ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അദ്ധ്യക്ഷവേദിയിലും പാനൽ ഓഫ് ചെയർമാൻ അവരുടെ സീറ്റിലും പോയിരുന്നു.)

11.00 AM]

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ സംസാരിച്ചതുമായി ബന്ധപ്പെട്ടുള്ള വിഷയമല്ല ഇത്.

പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട വെള്ളം നമുക്ക് ലഭിക്കുന്നുണ്ടായിരുന്നില്ല. 2013 ജനുവരി 30-ന് കേരള സർക്കാർ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ കരാർ ലംഘനങ്ങൾക്കെതിരെ നിയമ നടപടി എടുക്കാൻ തീരുമാനിച്ചു. 2013 ഏപ്രിൽ 16-ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അസ്സൽ അന്യായവും ഇടക്കാല ഹർജിയും ഫയൽ ചെയ്തു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതിന്മേൽ നടപടി എടുക്കാൻ ഇരിക്കുന്നതേയുള്ളൂ. പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യാനുള്ള ചർച്ച തുടരുന്നതിന് കേസ് തടസ്സമാവില്ല എന്നുതന്നെയാണ് നാം കാണേണ്ടത്. കേരള താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാവും അവലോകന ചർച്ചകൾ നടത്തുക. കേസ് ദീർഘമായി പോവുകയാണ് ചെയ്യുന്നത്. രണ്ട് സർക്കാരുകളും തമ്മിൽ ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാൻ നല്ലതുപോലെ ശ്രമിക്കേണ്ടതായിട്ടുണ്ട്. കാവേരി നദീജല ട്രിബ്യൂണൽ വിധിപ്രകാരം കേരളത്തിന് 30 TMC ജലം അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇതുപയോഗിക്കാൻ മൂന്ന് പുഴകളിൽ റെഗുലേറ്റർ നിർമ്മിക്കാൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലനിർണ്ണയം നടത്തിവരുന്നതേയുള്ളൂ. ഒൻപത് പുതിയ പദ്ധതികളുടെ സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ട്. അവയുമായി ബന്ധപ്പെട്ട സർവ്വേകളും നടന്നുവരികയാണ്. ഭവാനി ബേസിൽ അട്ടപ്പാടി ഇറിഗേഷൻ പദ്ധതിക്കുള്ള പാരിസ്ഥിതികാനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തമിഴ്നാടിന്റെ അഭിപ്രായംകൂടി തേടണമെന്നാണ് എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ നിർദ്ദേശം. തമിഴ്നാട് അഭിപ്രായം അറിയിച്ചിട്ടില്ല. കാവേരി ജലത്തിന്റെ അർഹമായ വിഹിതം കിട്ടാൻ സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കോയമ്പത്തൂർ പ്രദേശത്ത് കുടിവെള്ളമായി 1300 മില്യൺ ക്യൂബിക് അടിയിൽ കുറയാത്ത തോതിൽ ജലം നൽകണം. ഡാമിന്റെ നിയന്ത്രണം കേരളത്തിനാണ്. കേരളത്തിലെ റിസർവ്വോയറിൽ നിന്നുള്ള വെള്ളം തമിഴ്നാട്ടിലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തുന്നതിനുമുമ്പായി അളന്നാണ് നൽകുന്നത്. ജലം അളന്നു നൽകാനുള്ള സംവിധാനം കേരളത്തിലില്ല. ജല അളവ് നിർണ്ണയിക്കുന്നതിനുള്ള ആധുനിക ഡിജിറ്റൽ സംവിധാനം സ്ഥാപിക്കും. അതിനുള്ള നടപടി എടുത്തു വരികയാണ്. കേസ്സുകളൊക്കെയുണ്ടെങ്കിലും തമിഴ്നാടുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതുതന്നെയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ആ ചർച്ചയ്ക്കും മുൻകൈയെടുക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഉള്ളതു പോലെ ഇന്റർ സ്റ്റേറ്റ് വാട്ടറിന്റെ പ്രശ്നങ്ങളൊക്കെ ചർച്ചചെയ്യാനുള്ള ഒരു സ്ഥിരം സംവിധാനം പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. ആ സംവിധാനം ഏർപ്പെടുത്തുകയും അതുമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ചെയ്താൽ പരസ്യപ്പെടുത്താത്ത കുറേ കാര്യങ്ങൾ നമുക്ക് പറയാൻ അവസരം കിട്ടും. അതുകൊണ്ട് അതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഇവിടെ ചൂണ്ടിക്കാണിച്ച കുറേ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടക്കേണ്ടതും പൂർത്തിയാക്കേണ്ടതുമുണ്ട്. ഇക്കാര്യവും നമുക്ക് നടപ്പാക്കാവുന്നതാണ്.

## (2) മയക്കുമരുന്ന് ഉപയോഗവും വ്യാപനവും

ശ്രീ. ഹൈബി ഈഡൻ: സർ, നമ്മുടെ സമൂഹത്തിൽ പ്രത്യേകിച്ച് കൗമാരക്കാരുടെയിടയിലും യുവാക്കളുടെയിടയിലും ഏറ്റവുമധികം ബാധിക്കുന്ന മയക്കുമരുന്നിന്റെ ഉപയോഗവും വ്യാപനവുമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. മയക്കുമരുന്ന് എന്നതിനെക്കുറിച്ചുള്ള പുരാതനമായ സങ്കല്പം കഞ്ചാവ് എന്ന ഉൽപ്പന്നമാണ്. പലപ്പോഴും വലിയ മാറ്റം അതിൽ ഉണ്ടായിട്ടുണ്ട്. ഇന്ന് നമ്മുടെ സമൂഹത്തിൽ most modern synthetic drugs available ആണ് പ്രത്യേകിച്ച് കൊച്ചി പോലുള്ള സ്ഥലങ്ങളിൽ. ഇന്ന് road-rail-air connectivity മാത്രമല്ല ജലഗതാഗതവും വളരെ കാര്യക്ഷമമായി ഇതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. എൽ.എസ്.ഡി., എം.ഡി.എം.എ., കൊക്കെയ്ൻ, എക്സ്റ്റസി തുടങ്ങിയ വളരെ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയുന്ന ഡ്രഗ്സ് ഇന്ന് അവയിലബിളാണ്. ഇത് പെട്ടെന്ന് പോലീസിനും മറ്റ് ഏജൻസികൾക്കും കണ്ടുപിടിക്കാൻ സാധിക്കാത്ത ഒന്നാണ്. മദ്യത്തിന്റെ മണം കണ്ടുപിടിക്കുന്നതു പോലെ ഇതിന്റെ മണം പെട്ടെന്ന് കണ്ടുപിടിക്കാൻ സാധിക്കില്ല. എൽ.എസ്.ഡി. എന്നുപറയുന്ന ഉൽപ്പന്നം ഒരു സ്റ്റാമ്പിന്റെ വലിപ്പത്തിലുള്ളതാണ്. അത് നമ്മുടെ നാക്കിൽ ഒട്ടിച്ചാൽ ഇരുപത് മണിക്കൂറോളം അതിന്റെ ലഹരി കിട്ടുന്ന സാഹചര്യമുണ്ട്. ശക്തമായ മ്യൂസിക് കേൾക്കുന്ന ആളുകൾ ഇത് ഉപയോഗിക്കാറുണ്ട്. വലിയൊരു കൺസേർട്ട് കേൾക്കുന്നൊരാൾക്ക് അതിൽ ഒരു ഇൻസ്ട്രുമെന്റ് മാത്രമാണ് കേൾക്കാൻ സാധിക്കുന്നത്. ഇങ്ങനെ പൊലിഞ്ഞുപോയ ഒരുപാട് ജീവിതങ്ങൾ കൊച്ചിയിൽ മാത്രമല്ല കേരളത്തിൽ പല സ്ഥലത്തുമുണ്ട്. 'Catch them young' എന്നതാണ് ഈ മയക്കുമരുന്ന് ലോബിയുടെ ഏറ്റവും വലിയ മുദ്രാവാക്യം. 12 വയസ്സ മുതലുള്ള സ്കൂൾ കുട്ടികളെ ടാർജറ്റ് ചെയ്തുകൊണ്ട് കോളേജ്

പരിസരങ്ങളിലും സ്കൂൾ പരിസരങ്ങളിലും ഇന്ന് വ്യാപകമായി ഇത്തരം ഡ്രഗ്സ് അവയിലബിളാണ്. ഒരു വലിയ മയക്കുമരുന്ന് ലോബി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് കൊച്ചിയിൽ റിസ്റ്റി ജോൺ എന്നുപറയുന്ന ഒരു പത്തുവയസ്സുകാരൻ ദാരുണമായി കൊലചെയ്യപ്പെട്ടത്. അങ്ങും ആ ഫ്യൂണറൽ ചടങ്ങിൽ പങ്കെടുത്തതാണ്. കൊച്ചിയിൽ നടക്കുന്ന ആയിരം ഓർഗനൈസ്ഡ് ക്രൈമുകളിൽ 800 എണ്ണം മയക്കുമരുന്നുകൾക്ക് അടിമപ്പെട്ട ആളുകൾ നടത്തുന്നതാണ്. അവിടെയാണ് റിസ്റ്റി ജോണിനെ പ്പോലെയുള്ള കൊച്ചുകുട്ടികളെ മയക്കുമരുന്നിന്റെ അടിമകളായിട്ടുള്ള ആളുകൾ കൊലപാതകം, പിടിച്ചുപറി പോലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുത്തുന്നത്. മദ്യത്തിന്റെ അവയിലബിലിറ്റി ഒരു പരിധിവരെ ഡ്രഗ്സിന്റെ ഉപയോഗം കൂട്ടുന്നതിന് കാരണമായിട്ടുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. ഇവിടെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലതന്നെ കോളേജുകൾ കേന്ദ്രീകൃതമായി കോളേജ് ഹോസ്റ്റലുകൾ, സ്വകാര്യ ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെല്ലാം ഈ ലോബി വളരെ ശക്തമാണ്. പലപ്പോഴും ഇത് ഉപയോഗിക്കുന്ന ആളുകളെത്തന്നെ പെൺകുട്ടികളെയും സ്ത്രീകളെയുമടക്കം innocent carriers ആയി ഉപയോഗിക്കുന്നുണ്ട്. സ്റ്റാറ്റിസ്റ്റിക്സ് സൂചിപ്പിക്കുന്നത് പെൺകുട്ടികളുടെയിടയിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നു എന്നാണ്. പണം ലഭ്യമാകാത്ത സാഹചര്യത്തിൽ പണം ലഭ്യമാക്കി മയക്കുമരുന്ന് വാങ്ങിക്കുന്നതിനുവേണ്ടി ഇവരെ ക്യാരിയേഴ്സായി ഉപയോഗിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് സംസ്ഥാനത്ത് സജ്ജമായിട്ടുണ്ട്. 1985-ലെ NDPS Act ഇന്ന് പര്യാപ്തമല്ല. കാരണം പല സന്ദർഭങ്ങളിലും ഒരു കിലോയ്ക്ക് മുകളിൽ കഞ്ചാവ് ക്യാരി ചെയ്യുന്ന ആളുകളെ ശിക്ഷിക്കാനേ ഇതിനകത്ത് വകുപ്പുള്ളൂ. പല രീതിയിൽ മാൽപ്രാക്ടീസ് നടത്തി ശിക്ഷ ഒഴിവാക്കുന്ന സ്ഥിതിവിശേഷവുമുണ്ട്. അതിനാൽ NDPS Act കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇതൊരു Central law ആണ്. എങ്കിൽക്കൂടിയും ഈ സഭയ്ക്ക് ഒറ്റക്കെട്ടായി ഒരു റെസല്യൂഷൻ പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടേണ്ട പ്രധാനപ്പെട്ട ഒരു law amendment ആണ്. ഞാൻ അത് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

അതുപോലെ NDPS Act-ൽ പറയുന്ന മറ്റൊരു കാര്യമാണ് സ്പെഷ്യൽ കോടതികൾ വേണമെന്നുള്ളത്. ഇത് പൂർത്തീകരിക്കുന്നതിന് ഫാസ്റ്റ് ട്രാക് കോടതികൾ വേണം. ഇതുസംബന്ധിച്ച് മേയ് വരെ 50779 റെയ്ഡുകൾ നടന്നിട്ടുണ്ട്. അതിൽ 14288 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, 13810 അറസ്റ്റുകൾ

നടന്നിട്ടുണ്ട്. പക്ഷേ ശിക്ഷിക്കുന്ന കേസ്സുകളുടെ എണ്ണം വളരെ കുറവാണ്. NDPS Act-ൽ പറയുന്നത് സ്പെഷ്യൽ കോടതികൾ വേണമെന്നാണ്. പക്ഷേ നമ്മൾ സെഷൻ കോടതിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇത് കാര്യക്ഷമമായി നടക്കുന്നില്ല. ഇവരെ ശിക്ഷിക്കുന്നതിന് പ്രത്യേക കോടതികൾ വേണ്ടിയിരിക്കുന്നു. United Nations on Drugs and Crime-ന്റെ World Drug Report 2015-ൽ പറയുന്നത് '.....harm caused by illicit drugs has a significant impact on the peace, security and development' എന്നാണ്. ഒരു രാജ്യത്തിന്റെ വളരെ സുപ്രധാനപ്പെട്ട സമാധാനത്തെ, സുരക്ഷയെ, വികസനത്തെ ബാധിക്കുന്ന ഒന്നായി മയക്കുമരുന്ന് മാറിയിരിക്കുകയാണ്. അതിനാൽ ഈ വിഷയത്തെ വളരെ ഗൗരവത്തോടുകൂടി അങ്ങ് സമീപിക്കുമെന്ന് എനിക്കുറപ്പുണ്ട്. ഇതിൽ ശക്തമായ നടപടികൾ നമുക്ക് എടുക്കേണ്ടതുണ്ട്. ഇതിൽ ഞാൻ നേരത്തെ സൂചിപ്പിച്ച സ്പെഷ്യൽ പോലീസ് കേഡറ്റ്സിനെവച്ച് മുൻ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ 'ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ്' എന്ന പദ്ധതിക്ക് കാര്യക്ഷമമായ പ്രവർത്തനമുണ്ടായിരുന്നു; അവയർനെസ്സുണ്ടാക്കിയിരുന്നു. രക്ഷകർത്താക്കളെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ചേർത്തിട്ടുള്ള ഈ സംഘങ്ങൾ അവബോധം സൃഷ്ടിക്കുന്നതിനോടൊപ്പം തന്നെ നമുക്ക് കൃത്യമായ നടപടികൾ എടുക്കാനും കഴിയേണ്ടിയിരിക്കുന്നു. കൊച്ചി കേന്ദ്രീകൃതമായി ആഡംബര ഹോട്ടലുകളിൽ നടക്കുന്ന പാർട്ടികളിലെല്ലാം വളരെ വ്യാപകമായി ഡ്രഗ്സിന്റെ ഉപയോഗം കാണുന്നുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസം, എക്സൈസ്, പോലീസ് എന്നീ മൂന്ന് വകുപ്പുകളുടെയും കോ-ഓർഡിനേഷനുണ്ടാക്കി ഇതിനെ ശക്തമായി നേരിടാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : സർ, നമ്മുടെ സമൂഹം നേരിടുന്ന ഒരു ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ ഹൈബി ഈഡൻ ഇവിടെ ഉന്നയിച്ചത്. നമ്മുടെ യുവജനങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നം തന്നെയാണിത്. മയക്കുമരുന്നുകളുടെ വിപണനവും വ്യാപനവും തടയുന്നതിന് അദ്ദേഹം സൂചിപ്പിച്ചതുപോലെ എക്സൈസും പോലീസും അതോടൊപ്പം വിദ്യാഭ്യാസ രംഗവുമെല്ലാം ഒന്നിച്ചുതന്നെ നീങ്ങേണ്ടതായിട്ടുണ്ട്. ആരോഗ്യവും സന്തോഷവും അച്ചടക്കവുമുള്ള ഒരു ഭാവിതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ, ആഭ്യന്തര, ആരോഗ്യ വകുപ്പുകൾ സംയുക്തമായിത്തന്നെ ഇക്കാര്യത്തിൽ

പ്രവർത്തിച്ചുവരികയാണ്. ലഹരി പദാർത്ഥങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ പ്രചരിപ്പിക്കാനുള്ള ശ്രമത്തെ ഈ മൂന്നു വകുപ്പുകളും ചേർന്ന് ശക്തമായി ചെറുക്കേണ്ടതായിട്ടുണ്ട്. അതുവഴി നല്ല ആരോഗ്യമുള്ള കേരള ജനതയെ നമുക്ക് വിഭാവനം ചെയ്യാൻ കഴിയും. എക്സൈസ്, ഗതാഗതം, തദ്ദേശസ്വയംഭരണം മുതലായ വകുപ്പുകളുടെയും അച്ചടി, ദൃശ്യ മാധ്യമങ്ങളുടേയും, അദ്ധ്യാപകർ, രക്ഷിതാക്കൾ, വ്യാപാരികൾ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ ഇവരെല്ലാം സംയുക്തമായി സഹകരിച്ച് ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ കുറേ ഭാഗങ്ങളിൽ ഇങ്ങനെയുള്ള പ്രവൃത്തി നടക്കുന്നുമുണ്ട്. റെയ്ഡിന്റെ അനുഭവം പറഞ്ഞാൽ ഹാഷിഷ്, ബ്രൗൺ ഷുഗർ, ഹെറോയ്ൻ, കറുപ്പ്, മയക്കമരുന്ന് ഗുളികകൾ, ആംപ്യൂളുകൾ, കഞ്ചാവ്, വിവിധതരത്തിലുള്ള പാൻമസാലകൾ, മദ്യം, വിദേശമദ്യം, വ്യാജക്കള്ള്, സ്പിരിറ്റ്, ചാരായം, നിരോധിത മേഖലയിൽ വില്പന നടത്താൻ സൂക്ഷിച്ചതായ സിഗരറ്റുകൾ, ബീഡി ഇവയെല്ലാം പിടിച്ചെടുത്തിട്ടുണ്ട്. സ്കൂൾ-കോളേജ് തലത്തിൽ മയക്കു മരുന്നുപയോഗം തടയുന്നതിന് ആന്റി-നാർകോട്ടിക് ക്ലബ്ബുകൾ, സ്പെഷ്യലൈസ്ഡ് ഓപ്പറേഷൻ ഗ്രൂപ്പ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയ പ്രോജക്ടുകളെയെല്ലാം സജീവമാക്കിയും ഏകോപിപ്പിച്ചും മദ്യത്തിനും മയക്കു മരുന്നിനുമെതിരായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്. വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും മുതിർന്നവരെയും റസിഡന്റ്സ് അസോസി യേഷനുകളെയും സ്റ്റുഡന്റ്സ് പോലീസിനെയും പങ്കെടുപ്പിച്ചുകൊണ്ട് മയക്കു മരുന്നുകളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനമൈത്രി പോലീസ് സംവിധാനം വഴി ബോധവത്കരണ ക്ലാസ്സുകളും ലഹരിവിരുദ്ധ സെമിനാറുകളും നടത്തിവരുന്നുണ്ട്. അത് കൂടുതൽ നടത്തേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് റാലികളും ഡോക്യുമെന്ററി പ്രദർശനങ്ങളും ലഹരിവിരുദ്ധ ലഘുനാടകങ്ങളും നടത്തിവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കുട്ടികളെയാണ് ഇതിനായി വലിയ തോതിൽ ഉപയോഗിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ രക്ഷകർത്താക്കളുടെ ഗൗരവമായ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്. മൊബൈൽ ഫോൺ വന്നതോടെ പല രക്ഷകർത്താക്കൾക്കും അതിലൂടെ സംസാരിക്കാനേ സമയമുള്ളൂ. കുട്ടികൾ വീട്ടിൽ വന്നാൽ അവരുമായി പങ്കുവയ്ക്കാൻ സമയം കിട്ടുന്നില്ല. കുട്ടികളുടെ പ്രശ്നങ്ങൾ രക്ഷിതാക്കളുമായി പങ്കുവയ്ക്കാൻ കുട്ടിക്ക് കഴിയുന്നില്ല. ഇങ്ങനെയെല്ലാമുള്ള

പ്രശ്നം നമ്മുടെ സമൂഹത്തിൽ ഉയർന്നുവരുന്നുണ്ട്. അപ്പോൾ രക്ഷിതാക്കളെ ബോധവൽക്കരിക്കൽ വളരെ പ്രധാനമാണ്. ആ ബോധവത്കരണം കാര്യമായി നടക്കേണ്ടതായിട്ടുണ്ട്. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉല്പാദനം, കടത്തൽ, വിതരണം, വിപണനം ഇവയെപ്പറ്റി അന്വേഷിക്കുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനുമായി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ട് ടീമിനു കീഴിൽ സംസ്ഥാന പോലീസിലെ പ്രത്യേക ടീമിനെ ഉൾപ്പെടുത്തി കേരള ആന്റി നർകോട്ടിക് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ ചൈൽഡ്‌ലൈനും ജില്ലാ ജുവനൈൽ ജസ്റ്റിസ് ബോർഡും സംയുക്തമായി നടപ്പാക്കുന്ന 'Trapped Teen Rescue Alleviation Programme' എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ജില്ലകളിലുള്ള ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങളിലെ അധികൃതരുമായി യോജിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. ഇത്തരത്തിലുള്ള നടപടികളെല്ലാം തുടരുമ്പോൾ തന്നെ നമ്മുടെ സമൂഹത്തിൽ ഈ ഡ്രഗ്സ് മാഫിയയും വന്നിരിക്കുന്നു. ഡ്രഗ്സ് മാഫിയ എന്നു പറഞ്ഞാൽ ഒരു ചെറിയ മാഫിയ അല്ല. സാധാരണ എന്തിനെയും മാഫിയ എന്ന് വിളിച്ച് ശീലിച്ചവരാണ് നമ്മൾ. പക്ഷേ അതിൽ നിന്നും വ്യത്യസ്തമാണ് ഡ്രഗ് മാഫിയ. അവർ നമ്മുടെ രാജ്യത്തെ ഏറ്റവും കരുത്തുറ്റ ഗവൺമെന്റുകളെപ്പോലും വെല്ലുവിളിക്കാൻ മാത്രം ശക്തിയുള്ളവരാണ്. അപ്പോൾ അതിന്റെ പ്രവർത്തനം നമ്മുടെ നാട്ടിലേക്ക് വ്യാപിക്കുന്നു എന്ന് കണ്ടുകൊണ്ട് അതിനെ തടയാനുള്ള സമൂഹത്തിന്റെ ഒന്നിച്ചുള്ള നീക്കം ഇക്കാര്യത്തിൽ നടക്കേണ്ടതായിട്ടുണ്ട്. ബോധവത്കരണം നല്ല രീതിയിൽ നടത്തേണ്ടതായിട്ടുണ്ട്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ച 1985-ലെ NDPS Act കേന്ദ്ര നിയമമാണെങ്കിലും ഈ നിയമത്തിലെ അപാകതകൾമൂലം കേരളത്തിൽ കൂടുതൽ പ്രശ്നങ്ങളുണ്ടായി. പഞ്ചാബിൽ ഇതൊരു സാമൂഹിക വിഷയമാണ്. അവിടത്തെ എല്ലാ തലങ്ങളെയും ബാധിക്കുന്ന ഈ വിഷയത്തെ ആസ്പദമാക്കി "ഉഡ്താ പഞ്ചാബ്" എന്നൊരു സിനിമ തന്നെ കഴിഞ്ഞ ദിവസം പുറത്തിറങ്ങി. അതുകൊണ്ട് NDPS Act-ഉം അതിലെ കോടതികളെ സംബന്ധിച്ചുള്ള വിഷയങ്ങളും ഭേദഗതി ചെയ്യാൻവേണ്ടി ഈ സഭ ഒരു റെസല്യൂഷൻ പാസ്സാക്കണമെന്നാണ് ആവശ്യപ്പെടുന്നത്. അതിന് തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതിന്റെ വ്യാപനം തടയുന്നതിന് എന്തു നടപടിയും സ്വീകരിക്കാം. ഈ പറഞ്ഞ കാര്യവും പരിശോധിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യാം.

# IV സബ്മിഷൻ

## (1) മുങ്ങിമരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഇന്നലെ കൊല്ലത്തുണ്ടായ ദാരുണമായ ഒരു സംഭവത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇന്നലെ ശക്തികുളങ്ങരയിൽ വള്ളം മറിഞ്ഞ് നിർദ്ധനരായ രണ്ട് മത്സ്യ തൊഴിലാളികൾ മരിക്കാനിടയായ സംഭവം സർക്കാർ ഏജൻസികളുടെയും മറ്റ് സംവിധാനങ്ങളുടെയും നിരുത്തരവാദപരമായ സമീപനംമൂലം ഉണ്ടായതാണ്. തീരത്തുനിന്ന് ഒരു വിളിപ്പാടകലെയാണ് അപകടമുണ്ടായതെങ്കിലും മറൈൻ എൻഫോഴ്സ്മെന്റോ കോസ്റ്റ് ഗാർഡോ കോസ്റ്റൽ പോലീസ് സ്റ്റേഷൻ അധികൃതരോ വേണ്ടത്ര ജാഗ്രത പുലർത്താത്തതുമൂലമാണ് ഈ സംഭവമുണ്ടായത്. കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തു കൂടിയാണ് വള്ളത്തിൽ ആളുകൾ പോയത്. ആ വള്ളമാണ് തിരയിൽപ്പെട്ട് അപകടത്തിൽപ്പെട്ടത്. കോസ്റ്റൽ പോലീസുകാരും മറൈൻ എൻഫോഴ്സ്മെന്റുകാരും നോക്കിനിൽക്കുകയായിരുന്നു. പിന്നീട് രണ്ടുമൂന്നു മണിക്കൂർ കഴിഞ്ഞതിനുശേഷം മത്സ്യത്തൊഴിലാളികൾ പോയിട്ടാണ് ബാക്കിയുള്ളവരെ രക്ഷപ്പെടുത്തി കൊണ്ടുവന്നത്. ട്രോളിംഗ് നിരോധനമായതിനാൽ ഫിഷറീസ് ഓഫീസ് അധികൃതരും തീരത്തുണ്ടായിരുന്നു. മരണമടഞ്ഞ ക്രിസ്റ്റഫർ വാടക വീട്ടിലാണ് താമസിക്കുന്നത്. ഡാനിമോൻ 6 മാസം പ്രായമുള്ള ഒരു കുഞ്ഞിന്റെ പിതാവാണ്. സർക്കാർ സംവിധാനങ്ങളുടെയും കോസ്റ്റ് ഗാർഡിന്റെയും സമയോജിതമായ ഇടപെടലുണ്ടായിരുന്നെങ്കിൽ ഈ ദാരുണമായ സംഭവം ഒഴിവാക്കാമായിരുന്നു. ഇതുപോലൊരു സംഭവം മൂവാറ്റുപുഴയിലുമുണ്ടായി. മൂവാറ്റുപുഴയിൽ ഒരു കുട്ടി കിണറ്റിൽ വീണു. ഫയർഫോഴ്സ് ഓക്സിജൻ സിലിണ്ടറുമായി വന്നിരുന്നെങ്കിൽ ആ കുട്ടി രക്ഷപ്പെടുമായിരുന്നു. ഗവൺമെന്റ് മെഷിനറിയുടെ ഏജൻസികൾ പലപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കാത്തതു കൊണ്ടാണ് ഇത്തരം അപകടങ്ങളുണ്ടാകുന്നത്. ബന്ധപ്പെട്ട ഏജൻസികളുടെ സമയോജിതമായ ഇടപെടലുണ്ടായിരുന്നെങ്കിൽ ശക്തികുളങ്ങരയിലെ ഈ അപകടമരണങ്ങൾ ഒഴിവാക്കാമായിരുന്നു. മരണമടഞ്ഞവരുടെ നിരാലംബരായ കുടുംബത്തിന് ആവശ്യമായ ധനസഹായം നൽകണമെന്നും കുടുംബത്തിലെ ഒരു വ്യക്തിക്ക് വീതം പ്രദേശത്തെ ഫിഷറീസുമായി ബന്ധപ്പെട്ട ഓഫീസിൽ തൊഴിൽ നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ വിശദീകരിച്ചതുപോലെ ഇന്നലെ ഡാനി - 40 വയസ്സ്, ക്രിസ്റ്റഫർ - 58 വയസ്സ് എന്നീ രണ്ട് മത്സ്യത്തൊഴിലാളികൾ കൊല്ലത്ത് ദാരുണമായി മരണപ്പെടുകയുണ്ടായി. വള്ളത്തിലുണ്ടായിരുന്ന മറ്റ് രണ്ടുപേരെ തൊഴിലാളികൾ രക്ഷപ്പെടുത്തി. ശക്തമായ

കടൽക്ഷോഭം കാരണം കോസ്റ്റൽ പോലീസിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും കടൽ സുരക്ഷാ ബോട്ടുകൾക്ക് അപകടസ്ഥലത്ത് ഉടനടി എത്തിച്ചേരുന്നതിന് തടസ്സം നേരിട്ടു. വിവരമറിഞ്ഞയുടൻ തന്നെ കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും രക്ഷാപ്രവർത്തനം ആരംഭിച്ചെങ്കിലും ശക്തമായ കടൽക്ഷോഭം രക്ഷാപ്രവർത്തനത്തെ തടസ്സപ്പെടുത്തിയെന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. ഇന്നലെ നിയമസഭാ സമ്മേളനത്തിനിടയ്ക്കും ഈ വാർത്തയറിഞ്ഞയുടൻ തന്നെ ഞാൻ കൊല്ലത്ത് എത്തിയിരുന്നു. ജില്ലാ കളക്ടർ, അസിസ്റ്റന്റ് കമ്മീഷണർ, പോലീസ്, മറ്റ് ബന്ധപ്പെട്ടവർ, മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയൻ നേതാക്കൾ, ചവറ എം.എൽ.എ. എന്നിവരടക്കമുള്ളവരുമായി കളക്ടറേറ്റിൽ യോഗം ചേർന്ന് ഈ സംഭവത്തിൽ ബന്ധപ്പെട്ടവർക്ക് എല്ലാ ആശ്വാസവും നൽകാൻ തീരുമാനം എടുത്തിട്ടുണ്ട്. രക്ഷാപ്രവർത്തനത്തിൽ എന്തെങ്കിലും കാലവിളംബം ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടത്തെ പ്രശ്നമെന്ന് പറയുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രക്ഷാപ്രവർത്തനത്തിനു വേണ്ടി മൂന്ന് ബോട്ടുകൾ വാങ്ങിയിരുന്നു. മൂന്നും പ്രവർത്തിക്കുന്നില്ല. അതുമായി ബന്ധപ്പെട്ട് വിജിലൻസ് എൻക്വയറി നടക്കുകയാണ്. ഈ മേഖലകളിൽ ഉത്തരവാദിത്വപൂർണ്ണമായി നിലവാരമുള്ള ഉപകരണങ്ങളൊന്നും നമ്മൾ വാങ്ങുന്നില്ല എന്നുള്ളത് ഒരു പ്രശ്നം തന്നെയാണ്. ഇപ്പോൾ ബോട്ടുകൾ വാടകയ്ക്ക് എടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. എന്നാൽ വാടകയ്ക്ക് എടുക്കുന്ന ബോട്ടുകൾ ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ, വലിയ ക്ഷോഭമുണ്ടാകുമ്പോൾ കടലിൽ പോകാൻ ശേഷിയുള്ളവയല്ല എന്നൊരു പ്രശ്നമുണ്ട്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി ഇടപെട്ട് പരിഹരിക്കുന്നതിന് ഒരു മറൈൻ ആംബുലൻസ് തന്നെ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നിട്ട് ഒന്നര മാസമേ ആയിട്ടുള്ളൂ. ഉടനെ ഇതെല്ലാം വാങ്ങിവയ്ക്കാനുള്ള സമയമായിട്ടില്ല. മറൈൻ ആംബുലൻസ് കാലവിളംബം കൂടാതെ വാങ്ങും. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഏകദേശം 10 ലക്ഷത്തോളം രൂപ വരുന്ന മത്സ്യഫെഡിന്റെയും ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും ഇൻഷ്വറൻസ് തുക കൊടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അത് കൊടുക്കും. വള്ളത്തിന് ഇൻഷ്വറൻസില്ല. അതിനൊരു സംവിധാനം ഇന്നുവരെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിലോ മറ്റേതെങ്കിലും രീതിയിലോ ഇല്ലാത്തതു കൊണ്ട് മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് വള്ളത്തിന്റെ നഷ്ടപരിഹാരം നൽകുന്നതിനു വേണ്ട സംവിധാനമൊരുക്കും. ആ കുടുംബത്തിന് വീട് നിർമ്മിച്ചു കൊടുക്കാനുള്ള അടിയന്തരമായ നടപടി സ്വീകരിക്കും. ആവശ്യമായ എല്ലാ സഹായവും ഉറപ്പാക്കുന്ന തരത്തിൽ ഇന്നലെ ഇടപെട്ടിട്ടുണ്ട്. അങ്ങ് പറഞ്ഞ പ്രശ്നങ്ങൾ അടിയന്തരമായി ഇടപെട്ട് പരിഹരിക്കും.

## (2) കൃഷിനാശം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എന്റെ മണ്ഡലമായ മലമ്പുഴയിലെ കഞ്ചിക്കോട്, പുളിയാൻപറ്റ, ചെമ്പറ്റ, അറുംകുടി, മാമ്പള്ളം, വടളിക്കാട്, കൊട്ടേക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ വൻതോതിൽ കൃഷിനാശം വരുത്തുകയും ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുകയുമാണ്. കഴിഞ്ഞ കുറേ നാളുകളായി പകൽ സമയങ്ങളിൽപ്പോലും കാട്ടാനക്കൂട്ടം ഈ പ്രദേശങ്ങളിൽ സ്വൈരവിഹാരം നടത്തി വൻതോതിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. ഈ പ്രദേശത്തെ ജനങ്ങളാകെ ഭീതിയുടെ നിഴലിലാണ് ജീവിച്ചുപോകുന്നത്. ഏകദേശം 100 ഏക്കറോളം വരുന്ന ഈ പ്രദേശത്തെ കാർഷിക വിളകളെല്ലാം തന്നെ ഇതിനകം വന്യമൃഗങ്ങൾ നശിപ്പിച്ചു. ഇതിൽ വാഴ, തെങ്ങ്, കമുക് മുതലായവയെല്ലാം ഉൾപ്പെടും. ആയതിനാൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും അടിയന്തരമായി ഈ വിഷയങ്ങളിൽ ഇടപെടുകയും വന്യമൃഗങ്ങൾ നശിപ്പിച്ച കാർഷിക ഇടങ്ങളുടെയും വിളകളുടെയും കണക്കെടുത്ത് തക്കതായ നഷ്ടപരിഹാരം കർഷകർക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. കൂടാതെ കാട്ടാനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും ശല്യം ശാശ്വതമായി തടഞ്ഞു നിർത്തുവാൻ ഫെൻസിംഗ്, കിടങ്ങ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഈ പ്രദേശത്ത് അടിയന്തരമായി നടപ്പിലാക്കി കാട്ടാന ശല്യത്തിൽ നിന്ന് ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മലമ്പുഴ നിയോജക മണ്ഡലത്തിൽപ്പെട്ട വാളയാർ മുതൽ കല്ലടിക്കോട് വരെയുള്ള വനപ്രദേശം ഉൾപ്പെടുന്ന പാലക്കാട് ഡിവിഷനിലെ ഒലവക്കോട്-വാളയാർ റേഞ്ചുകളിൽ വന്യമൃഗങ്ങൾ ധാരാളമായി നാട്ടിലിറങ്ങി കൃഷിയും മറ്റും നശിപ്പിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരികയുണ്ടായി. ഇത് തടയുന്നതിനുവേണ്ടി എലിഫെന്റ് പ്രൂഫ് ട്രെഞ്ചുകൾ, സോളാർ പവർ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് ഫലപ്രദമായ രീതിയിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. പാലക്കാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള ഒലവക്കോട് ഫോറസ്റ്റ് റേഞ്ചിൽ 16.4 കി.മീ. ദൂരം സോളാർ പവർ ഫെൻസിംഗും 3.3 കി.മീ. ദൂരം ആനപ്രതിരോധ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വാളയാർ ഫോറസ്റ്റ് റേഞ്ചിൽ 43.6 കി.മീ. ദൂരം സോളാർ പവർ ഫെൻസിംഗും നിർമ്മിച്ചിട്ടുണ്ട്. ഇതിനുപുറമേ 11 ജീവനക്കാരടങ്ങിയ ദ്രുതകർമ്മ സേനയുടെ സേവനം 24 മണിക്കൂറും വിനിയോഗിച്ചുവരുന്നു. പാലക്കാട് ഡിവിഷന്

കീഴിൽ ഒലവക്കോട്, മുണ്ടൂർ എന്നിവിടങ്ങളിലായി രണ്ട് ദ്രുതകർമ്മസേനാ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ യൂണിറ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി രണ്ട് വാഹനങ്ങൾ കൂടുതലായി അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം, കൃഷിനാശം എന്നിവയ്ക്കായി കഴിഞ്ഞ വർഷത്തിൽ ആകെ 8,78,557 രൂപ നഷ്ടപരിഹാരമായി നൽകുകയുണ്ടായി. കൃഷിനാശം സംഭവിച്ചവർക്ക് 5,31,288 രൂപയും സ്വത്തുവകകളുടെ നാശനഷ്ടത്തിനായി 46,822 രൂപയും കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ച വകയിൽ 26,900 രൂപയും പരിക്കുപറ്റിയവർക്ക് 73,547 രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് 2,00,000 രൂപയും നൽകിയത് ഇതിനകത്ത് ഉൾപ്പെടുന്നു. വന്യമൃഗ ആക്രമണം തടയുന്നതിനായി പാലക്കാട് വനം ഡിവിഷനിലെ പ്രശ്നബാധിത മേഖലകളിൽ കൂടുതൽ എലിഫെന്റ് പ്രൂഫ് ട്രെഞ്ചുകൾ, സോളാർ പവർ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി 15 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട അംഗം ഈ വിഷയത്തിന്റെ രൂക്ഷത പ്രത്യേകമായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി 20 ലക്ഷം രൂപകൂടി ഈ ആക്രമണ നിരോധന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി അനുവദിക്കുന്നതാണ്.

## (3) യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് അടച്ചുപൂട്ടൽ ഭീഷണി

<u>ശ്രീ. എം. നൗഷാദ്</u> : സർ, എന്റെ നിയോജക മണ്ഡലത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന മീറ്റർ കമ്പനി. കേരളത്തിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ മുഴുവൻ മീറ്ററും നൽകിക്കൊണ്ടിരുന്നത് ആ കമ്പനിയിൽ നിന്നാണ്. അത് മെക്കാനിക്കൽ മീറ്ററായിരുന്നു. എന്നാൽ പിന്നീട് ഇലക്ട്രോണിക്സ് മീറ്റർ സംവിധാനം വന്നപ്പോൾ അതിന് അവിടെ സൗകര്യമില്ല എന്ന തരത്തിൽ മറ്റ് സ്വകാര്യ കമ്പനികളിൽ നിന്നും മീറ്റർ വാങ്ങാൻ തുടങ്ങി. ഇപ്പോൾ ആ കമ്പനിയിൽ ഇലക്ട്രോണിക്സ് മീറ്റർ തയ്യാറാക്കാനുള്ള എല്ലാ സജ്ജീകരണങ്ങളുമുണ്ട്. 1951-ൽ ആരംഭിച്ചതാണ് ആ കമ്പനി. ഇപ്പോൾ 65 വർഷം കഴിഞ്ഞു. 700-ൽപ്പരം തൊഴിലാളികൾ ജോലി ചെയ്തുകൊണ്ടിരുന്ന ആ കമ്പനിയിൽ ഇന്ന് വെറും 82 തൊഴിലാളികൾ മാത്രമാണുള്ളത്. ഇലക്ട്രിസിറ്റി ബോർഡ് അവിടെ നിന്ന് മീറ്റർ വാങ്ങിച്ചെങ്കിൽ മാത്രമേ കമ്പനിക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

അതുപോലെ വാട്ടർ മീറ്ററും അവർ തയ്യാറാക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയും ആ മീറ്ററുകൾ വാങ്ങിച്ചാൽ കമ്പനിയെ രക്ഷപ്പെടുത്താൻ സാധിക്കും. വർക്കിംഗ് ക്യാപ്പിറ്റലിന്റെ പോരായ്മയാണ് ഇന്ന് ആ കമ്പനി നേരിടുന്ന പ്രധാന പ്രശ്നം. കൊല്ലം പട്ടണത്തിന്റെ ഹൃദയഭാഗത്ത് 6 ഏക്കർ 14 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മീറ്റർ കമ്പനിയെ നവീകരിക്കുന്നതിനും ആ സ്ഥലം കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ വ്യവസായം, ജലവിഭവം, വൈദ്യുതി തുടങ്ങിയ വകുപ്പുകളെല്ലാംകൂടി ചേർന്ന് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നിലപാട് സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, 1950-ൽ സ്ഥാപിച്ച ഒരു വ്യവസായ സ്ഥാപനമാണ് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. ഏതാണ്ട് 133 തൊഴിലാളികളും ജീവനക്കാരുമായി പ്രവർത്തിച്ചുവരികയാണ്. ഈ സ്ഥാപനത്തിന്റെ പ്രധാന ഉത്പന്നം ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമുള്ള മീറ്ററാണ്. ഈ ഉപകരണത്തിന് മതിയായ ആവശ്യക്കാരില്ലാത്തതുകാരണവും അതോടൊപ്പം കാലോചിതമായിട്ടുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പ്രവർത്തിക്കാൻ കഴിയാത്തതിന്റെയും ഫലമായി ഈ മീറ്ററിന് മാർക്കറ്റ് നഷ്ടപ്പെട്ടു. മീറ്റർ പ്രധാനമായും വാങ്ങിക്കൊണ്ടിരുന്നത് കെ.എസ്.ഇ.ബി.-യാണ്. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് ആറ് ലക്ഷം മീറ്ററിന് ഓർഡർ നൽകിയതിൽ മൂന്ന് ലക്ഷം മീറ്റർ ഉത്പാദിപ്പിച്ചുകൊടുക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. ക്രമേണ മീറ്ററിന്റെ ഗുണനിലവാരം കുറവാണെന്ന് പറഞ്ഞ് കെ.എസ്.ഇ.ബി. ഈ കമ്പനിയെ ഉപേക്ഷിച്ചു. എന്നാൽ പിന്നീട് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സി.പി.ആർ.ഐ. (സെൻട്രൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)-യുടെ സഹായത്തോടെ പരിശോധിച്ചപ്പോൾ കമ്പനിക്ക് ഏതാണ്ട് ഒരു ദിവസം 2000 മീറ്റർ മെച്ചപ്പെട്ട ഗുണനിലവാരത്തിൽ ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് അവർ നൽകിയിട്ടുള്ള റിപ്പോർട്ട്. മാസത്തിൽ 60000 മീറ്ററെങ്കിലും ഉത്പാദിപ്പിക്കാൻ സാധിക്കും. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ കമ്പനി അതിന്റെ യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് ഫർണിച്ചറുകൾ ഉണ്ടാക്കുക, ഹോസ്പിറ്റൽ ഫർണിച്ചറുകൾ ഉണ്ടാക്കുക, സോളാർ പ്രോജക്ട് ഉണ്ടാക്കുക, സോളാർ പവർ പ്ലാന്റ് ഇൻസ്റ്റലേഷൻ തുടങ്ങി മറ്റ് പല സംരംഭങ്ങളിലേക്കും പോവുകയും കമ്പനിയുടെ പൊതുനിലയിൽ നിന്ന് മാറി വലിയ നഷ്ടത്തിലാവുകയും ചെയ്തു. കുറേ വർഷങ്ങളായി കമ്പനി നഷ്ടത്തിലാണ്. ആ കമ്പനി അടച്ചുപൂട്ടാതെ സജീവമായി പ്രവർത്തിപ്പിക്കാനാണ് സർക്കാർ

ഉദ്ദേശിക്കുന്നത്. മീറ്റർ കമ്പനി ഉത്പാദിപ്പിക്കുന്ന മീറ്റർ പൂർണ്ണമായും വാങ്ങാനുള്ള ആവശ്യം ഇലക്ട്രിസിറ്റി ബോർഡിനുണ്ട്. കെ.എസ്.ഇ.ബി. മീറ്റർ വാങ്ങുകയും ഓപ്പൺ മാർക്കറ്റിൽ മീറ്ററിന്റെ പ്രചരണം ശക്തിപ്പെടുത്തുകയും കാലോചിതമായ മാറ്റം വരുത്തി മീറ്ററിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് മാർക്കറ്റിൽ ഇടപെടാൻ കഴിയണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്യുന്നതിന് പ്രത്യേക മീറ്റിംഗ് വിളിച്ചുചേർത്തിട്ടുണ്ട്. ഇപ്പോൾ കമ്പനി ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രോഡക്ട് കുറച്ചുകൂടി മോഡേണൈസ് ചെയ്യണം. പഴയതുപോലെ വെറും മീറ്റർ മാത്രം ഉല്പാദിപ്പിച്ചാൽ പോരാ. ഇലക്ട്രോണിക്സ് മീറ്റർ തയ്യാറാക്കാൻ കഴിയണം. മീറ്ററുകൾ ഉപഭോക്താക്കൾ തന്നെ വാങ്ങി ഉപയോഗിക്കണമെന്ന രീതിയെക്കുറിച്ച് കെ.എസ്.ഇ.ബി. ആലോചിക്കുന്നുണ്ട്. വയറിംഗ് നടത്തുന്നതുപോലെ മീറ്ററും ഉപഭോക്താക്കൾ തന്നെ വാങ്ങി ഘടിപ്പിക്കണം എന്നൊരു കണ്ടീഷനിലേയ്ക്ക് വരുന്നുണ്ട്. മീറ്റർ, മെയിൻ സ്വിച്ച്, മറ്റ് സ്വിച്ചുകൾ, ഫ്യൂസ് എല്ലാംകൂടി ചേർത്തുകൊണ്ട് മാർക്കറ്റിലിറക്കാൻ സാധിക്കത്തക്ക നിലയിൽ മോഡേണൈസ് ചെയ്ത മീറ്റർ ബോക്സ് നിർമ്മിക്കുകയാണെങ്കിൽ അതുവാങ്ങി കണക്ഷൻ കൊടുത്താൽ വീടുകൾക്കും കച്ചവടസ്ഥാപനങ്ങൾക്കും ഗുണകരമായിത്തീരും. അത്തരമൊരു പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി പ്രാഥമികമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ സ്ഥാപനം നിലനിർത്തിക്കൊണ്ടുപോകാനുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ത്രിതല പഞ്ചായത്തുകളിൽ ഫർണിച്ചറുകൾ വില്പന നടത്താനാണ് കമ്പനി ഇപ്പോൾ ആലോചിച്ചു കൊണ്ടിരിക്കുന്നത്. അതിൽ നിന്നും മാറി അതിന്റെ തനിസ്വഭാവത്തിൽ മീറ്റർ ഉല്പാദിപ്പിച്ചുകൊണ്ട് ഇലക്ട്രിക്കൽ രംഗത്തും ഇലക്ട്രോണിക്സ് രംഗത്തുമുള്ള ഒരു സ്ഥാപനമെന്നുള്ള നിലയിൽ കൊല്ലം മീറ്റർ കമ്പനിയെ പ്രവർത്തിപ്പിക്കാൻ കഴിയും. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ ഉത്കണ്ഠപ്പെടേണ്ട കാര്യമില്ല. അതിനുള്ള എല്ലാ ഇടപെടലുകളും നടത്തിക്കൊണ്ടിരിക്കുകയാണ്.

## (4) ചെക്ക് പോസ്റ്റ് നിർമ്മാണം

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : സർ, എന്റെ നിയോജക മണ്ഡലത്തിലെ മഞ്ചേശ്വരം വാണിജ്യനികുതി ചെക്ക് പോസ്റ്റിന്റെ സ്ഥിതി വളരെ ദയനീയമാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരുമാന മാർഗ്ഗമുണ്ടാക്കുന്ന പ്രധാന ചെക്ക് പോസ്റ്റുകളിലൊന്നാണ് മഞ്ചേശ്വരം ചെക്ക് പോസ്റ്റ്. എന്നാൽ ഈ ചെക്ക് പോസ്റ്റിന്റെ നവീകരണത്തിന് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ചെക്ക് പോസ്റ്റിനടുത്ത് നാഷണൽ ഹൈവേയിലുണ്ടാകുന്ന ഗതാഗതക്കുരുക്കും വാഹനാപകടങ്ങളുമാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. മുപ്പത്തിയാറോളം പേർ മരണപ്പെട്ടിട്ടുണ്ട്. പയ്യന്നൂർ മുതലുള്ള രോഗികൾ കടന്നുപോകുന്ന വഴിയും കൂടിയാണിത്. ദിവസേന നൂറ് കണക്കിന് ആംബുലൻസുകൾ കടന്നുപോകുന്ന ഈ വഴി എന്നുനോക്കിയാലും വാഹനക്കുരുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. അങ്ങനെ പല രോഗികളും മരണപ്പെട്ട സംഭവവും ഇതിനുമുമ്പുണ്ടായിട്ടുണ്ട്. അതുപോലെ തുടർപഠനത്തിനുവേണ്ടി കാസർഗോഡ് ജില്ലയിൽനിന്നുള്ള കൂടുതൽ കുട്ടികളും മംഗലാപുരത്തെയാണ് ആശ്രയിക്കുന്നത്. രാവിലെ ഏഴ് മണിക്ക് കുട്ടികൾ പോയാൽ തിരിച്ചുവരാൻ ചിലപ്പോൾ രാത്രി 12, 1 മണിവരെ കാത്തു നിൽക്കേണ്ട സ്ഥിതിവിശേഷമാണ് രക്ഷിതാക്കൾക്കുണ്ടാകുന്നത്. കേരളത്തിലേക്ക് പ്രവേശിക്കുന്ന ചരക്ക് വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ സൗകര്യമില്ലാത്തതാണ് ഈ പ്രശ്നത്തിന് കാരണം. വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി 9 ഏക്കർ സ്ഥലം കഴിഞ്ഞ ഏഴ് വർഷം മുമ്പ് ഏറ്റെടുത്തിട്ടുണ്ട്. പക്ഷേ നവീകരണ പ്രവർത്തനം ഇതുവരെ നടന്നിട്ടില്ല. ഈ ഗൗരവമായ വിഷയം കണക്കിലെടുത്ത് പ്രശ്ന പരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരത്ത് പുതിയ ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനുവേണ്ടി 9.37 ഏക്കർ സ്ഥലം സർക്കാർ അക്വയർ ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. അടിയന്തരമായി ഈ സ്ഥലത്തേയ്ക്ക് ചെക്ക് പോസ്റ്റ് മാറ്റുന്നതിന് നടപടി സ്വീകരിക്കും. പൂർണ്ണമായി നിർമ്മാണം പൂർത്തിയാക്കാൻ കാത്തുനിൽക്കാതെ നിർമ്മാണം നടക്കുമ്പോൾ തന്നെ ചെക്ക് പോസ്റ്റ് മാറ്റി ഗതാഗതക്കുരുക്ക് പരമാവധി ഒഴിവാക്കും. ഇത് സംയോജിത ചെക്ക് പോസ്റ്റായിരിക്കും. എല്ലാ വകുപ്പുകളുടെയും ചെക്ക് പോസ്റ്റുകൾ ഒരുമിച്ചായിരിക്കും. ആധുനികമായ ഉപകരണങ്ങളും സജ്ജീകരണങ്ങളുമുണ്ടാകും. കഴിയുമെങ്കിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്കാനിംഗ് മെഷീനുംകൂടി വയ്ക്കുന്നതിന് പരിശ്രമിക്കും. എല്ലാ വകുപ്പുകളുംകൂടി ഒരുമിച്ച് വരുക, പരിചയമില്ലാത്ത സാങ്കേതിക വിദ്യകൾ കൊണ്ടുവരിക എന്നുള്ളത് വളരെ സങ്കീർണ്ണമായ നടപടിക്രമമാണ്. അതുകൊണ്ട് ഇത് നിർമ്മിക്കുന്നതിനും എക്യുപ്മെന്റ് പ്രൊക്യുവർ ചെയ്യുന്നതിനും സർക്കാർ ഒരു ഏജൻസിയെ തീരുമാനിക്കും. ഇതിനുള്ള നോഡൽ ഏജൻസിയായി

വാണിജ്യ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആഗസ്റ്റ് മാസത്തിൽ ഞാൻ അവിടെ സന്ദർശിക്കാം. എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളോടെല്ലാം ചർച്ച ചെയ്ത് അവസാന രൂപം നൽകാം. രണ്ടോ മൂന്നോ മാസത്തിനുള്ളിൽ പുതിയ സ്ഥലത്തേക്ക് ചെക്ക് പോസ്റ്റുകൾ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കും.

## (5) ജില്ലാ ആശുപത്രിയിൽ സൗകര്യങ്ങൾ ഒരുക്കൽ

ശ്രീ. സി. ദിവാകരൻ : സർ, എന്റെ മണ്ഡലത്തിലെ സർക്കാർ ജില്ലാ ആശുപത്രിയിൽ 1961-ൽ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരാണ് നിലവിലുള്ളത്. ആ ജീവനക്കാരിൽതന്നെ 16 പേരുടെ കുറവുണ്ട്. ജില്ലാ ആശുപത്രിയിൽ താലൂക്കാശുപത്രിയുടെ സൗകര്യങ്ങൾ പോലും നിലവിലില്ല. പ്രതിദിനം 1500 മുതൽ 2000-ൽപ്പരം രോഗികൾ വരുന്ന ഒരു മലയോര പ്രദേശമാണ്. അരുവിക്കര, പാലോട്, നെടുമങ്ങാട് എന്നീ മൂന്ന് വിപുലമായ മലയോര മണ്ഡലങ്ങളിലെ രോഗികളുടെ ഏക ആശ്രയം ഈ ആശുപത്രിയാണ്. ഈ ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്കില്ല, ഓപ്പറേഷൻ തിയേറ്റർ സ്ഥിരമായി പ്രവർത്തിക്കുന്നില്ല, ആവശ്യമായ ഡോക്ടർമാർ കാഷ്വാലിറ്റിയിൽ ഇല്ല. നാല് ഡോക്ടർമാരെ അനുവദിച്ചതിൽ ഒരു ഡോക്ടറാണ് ഇപ്പോൾ അവിടെയുള്ളത്. ചുരുക്കത്തിൽ അവിടെയൊരു മോർച്ചറി പോലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അത്ര ദാരുണമായ അവസ്ഥയാണ്. പാവപ്പെട്ട രോഗികൾ വന്നാൽ അവർക്ക് മെഡിക്കൽ കോളേജിൽ പോകാനുള്ള ശിപാർശയാണ് കൊടുക്കുന്നത്. നഗരത്തിൽ താമസിക്കുന്നില്ല എന്ന ഒറ്റക്കാരണം കൊണ്ട് ഇതുപോലെയുള്ള മലയോര പ്രദേശത്തെ കാർഷിക മേഖലയിലെ പാവപ്പെട്ട ആളുകൾക്ക് ഒരാനുകൂല്യങ്ങളും കിട്ടാത്ത ദാരുണമായ അവസ്ഥ എങ്ങനെയാണുണ്ടാകുന്നത്? ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണ്. സാധാരണ സബ്മിഷനുകളിലൊന്നും ഞാൻ പ്രാദേശികമായ കാര്യങ്ങൾ ഉന്നയിക്കാറില്ല. പക്ഷേ അവിടെ തീരെ ഗതിയില്ല. എനിക്ക് ആ മണ്ഡലത്തിൽ പോകാനോ ആശുപത്രിയുടെ നടവഴി പോകാനോ നിവൃത്തിയില്ല. ഗവൺമെന്റ് അടിയന്തരമായി രണ്ട് കാര്യങ്ങൾ ചെയ്യണം. ഒന്ന് ഈ മെഡിക്കൽ സർവ്വീസിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ പുതുക്കണം. കേരളത്തിലെ ഒരു ഗവൺമെന്റും ഇത് പുതുക്കിയിട്ടില്ല. 55 വർഷത്തിന് മുമ്പുള്ള സ്റ്റാഫ് പാറ്റേൺ വച്ചാണ് ഇപ്പോഴും സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നത്. എന്നിട്ടുപോലും 16 ആളുകളുടെ ഒഴിവ് ഇപ്പോഴും അവിടെയുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ദയവുചെയ്ത് ഈ കാര്യത്തിൽ സജീവമായ ഇടപെടൽ നടത്തി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഗൗരവമേറിയ പരിഗണന അർഹിക്കുന്നതാണ്. കേരളത്തിലെ ആരോഗ്യമേഖലയിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ഇത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണ്. ഇതിനെക്കുറിച്ച് ആലോചിച്ചു വരുന്നുണ്ട്. 2013-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് നെടുമങ്ങാട് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയത്. അവിടെ 225 കിടക്കകളാണുള്ളത്. ഈ ആശുപത്രിയിൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, കുടുംബക്ഷേമ സേവനം, ശിശുരോഗ വിഭാഗം, അനസ്തേഷ്യ, നേത്രവിഭാഗം, ത്വക് രോഗ വിഭാഗം, ഫിസിക്കൽ മെഡിസിൻ, ഇ.എൻ.റ്റി., ഓർത്തോ, സൈക്യാട്രി, ദന്തരോഗം തുടങ്ങിയ വകുപ്പുകൾ പ്രവർത്തിക്കണം എന്നുള്ളതാണ് തീരുമാനമായിട്ടുള്ളത്. ഈ ആശുപത്രിയിൽ ഇപ്പോൾ സൂപ്രണ്ട്, ഡോക്ടർമാർ എന്നിവരടക്കം 27 തസ്തികകളാണ് നിലവിലുള്ളത്. കൂടാതെ എൻ.എച്ച്.എം.-ന്റെ ഭാഗമായി രണ്ട് ഡോക്ടർമാരും അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറും ജോലി ചെയ്തുവരുന്നു. വിവിധ വിഭാഗങ്ങളിലായി മെയിൽ മെഡിക്കൽ വാർഡ്, ഫീമെയിൽ മെഡിക്കൽ സർജിക്കൽ വാർഡ്, മെറ്റേണിറ്റി വാർഡ്, പീഡിയാട്രിക് വാർഡ്, നഴ്സറി, ഐസൊലേഷൻ വാർഡ് എന്നിവയും പ്രവർത്തിക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട മുൻമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫ് തന്നെ പൂർണ്ണമായിട്ടില്ല. ഇവിടെ സ്റ്റാഫിന്റെ കുറവുണ്ട്. കേരളത്തിലെ മഹാഭൂരിപക്ഷം ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരും സ്പെഷ്യാലിറ്റി ഡോക്ടർമാരുമില്ലാത്ത പ്രശ്നമുണ്ട്. അതെല്ലാം പരിഹരിക്കാൻ ഈ ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമായി നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും സൂചിപ്പിച്ചതുപോലെ ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള ആശുപത്രിയായി മാറ്റുക എന്നതാണ് ഗവൺമെന്റിന്റെ അടിയന്തര ലക്ഷ്യം. അതിനാവശ്യമായ പദ്ധതി രേഖയും എല്ലാ ജില്ലാ ആശുപത്രികളുടെയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കാൻ ഡി.എം.ഒ.-മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗവുംകൂടി അത് ശ്രദ്ധിച്ചാൽ അത്തരത്തിലുള്ള റിപ്പോർട്ട് തയ്യാറായി വരുന്നതാണ്. ഈ പദ്ധതി അനുസരിച്ച് ആരാണോ ആദ്യം എല്ലാം തയ്യാറാക്കി തരുന്നത് അവർക്ക് ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ സൗകര്യവും ചെയ്യും. സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ കിട്ടാനുള്ള പ്രയാസമാണ് തടസ്സമായി നില്ക്കുന്നത്. അതിന് ചില അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്തായാലും നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ നില മെച്ചപ്പെടുത്താൻ അടിയന്തര ഇടപെടലുകൾ ഉണ്ടാകും.

## (6) സ്റ്റാഫും തസ്തികയും അനുവദിക്കൽ

ശ്രീ. കെ. വി. വിജയദാസ്: സർ, കോങ്ങാട് നിയോജക മണ്ഡലത്തിലെ ഏക സി.എച്ച്.സി. ആണ് കോങ്ങാട് സി.എച്ച്.സി. ഏതാണ്ട് 20 കിലോമീറ്റർ ചുറ്റളവിലുള്ള രോഗികൾക്കുള്ള ഏക ആശ്രയം കൂടിയാണ് ഈ സി.എച്ച്.സി. കോങ്ങാട് മണ്ഡലം ഒരു മലയോര മണ്ഡലം കൂടിയാണ്. ദിവസേന 300 മുതൽ 500 വരെ ഔട്ട് പേഷ്യന്റ്സ് ചികിത്സയ്ക്കായി ഈ ആശുപത്രിയിൽ എത്താറുണ്ട്. ഇവിടെ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം ഇല്ലാത്തതു കാരണം ഗർഭിണികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കേണ്ടി വരുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് അനുവദനീയമായ സ്റ്റാഫിനെ നിയമിച്ചുതരണമെന്നും കിടത്തി ചികിത്സ ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2008-ലെ ഉത്തരവുപ്രകാരമാണ് കോങ്ങാട് സി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്തിയത്. എന്നാൽ അതിനനുസരിച്ചുള്ള തസ്തികകൾ ഇപ്പോഴും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഇതുപ്രകാരം ഗൈനക്കോളജി, പീഡിയാട്രിക് തുടങ്ങിയ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കേണ്ടതായിട്ടുണ്ട് എന്ന് പ്രഖ്യാപിച്ചെങ്കിലും അതിനാവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കപ്പെടാത്തതു കൊണ്ട് ഈ കാര്യങ്ങൾ ഭംഗിയായി നടത്താൻ കഴിയാത്ത സാഹചര്യം ഇപ്പോൾ കോങ്ങാട് സി.എച്ച്.സി.-യിലുണ്ട്. ഇവിടെ ഒ.പി. വിഭാഗത്തിൽ ശരാശരി 177 പേഷ്യന്റ്സ് വരുന്നതായിട്ടാണ് രേഖകൾ കാണുന്നത്. അതുപോലെ 18 കിടക്കകളാണുള്ളത്. പാലക്കാട് ജില്ലയിലെ ഏക സി.എച്ച്.സി. ആണ് കോങ്ങാട്. സി.എച്ച്.സി.-യിൽ നിന്ന് ജില്ലാ ആശുപത്രിയിലേക്കുള്ള ദൂരം 20 കിലോമീറ്ററാണ്. അപ്പോൾ സി.എച്ച്.സി.-യുടെ ഒ.പി. ലോഡ് ശരാശരി പി.എച്ച്.സി.-യേക്കാൾ താഴെയാണ്. സി.എച്ച്.സി.-യിൽ നിന്ന് പാലക്കാട് ജില്ലാ ആശുപത്രി 20 കിലോമീറ്റർ അകലെയാണ് എന്നതിനാൽ ഇവിടെ ബേസിക് സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മാത്രം മതിയെന്നാണ് കണക്കാക്കേണ്ടത്. മെഡിസിൻ, പീഡിയാട്രിക്, ഗൈനക്കോളജി സൗകര്യങ്ങൾ ഇവിടെ പരിഗണിക്കേണ്ടതായിട്ടുണ്ട്. സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സ്റ്റാഫിനെ നിശ്ചയിക്കുന്നതിനും ആവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (7) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി കുമ്പളങ്ങി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സർക്കാർ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കുമ്പളങ്ങി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രതിമാസം ശരാശരി 9,000 ഔട്ട് പേഷ്യന്റ്സും 50 ഇൻപേഷ്യന്റ്സും 150-ൽപ്പരം രോഗികൾ രാത്രികാലങ്ങളിലും ചികിത്സ തേടാറുണ്ട്. 2010-ൽ തന്നെ ആവശ്യമായ കെട്ടിട ഭൗതിക സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. മതിയായ സജ്ജീകരണങ്ങൾ ഒരുക്കാത്തത് ആശുപത്രിയുടെ പ്രവർത്തനത്തെ പിന്നോട്ടടിച്ചിരിക്കുകയാണ്. സ്റ്റാഫ് പാറ്റേൺ തീർത്തും അപര്യാപ്തമായതുകൊണ്ട് സർക്കാർ അംഗീകരിച്ച പ്രൊപ്പോർഷൻ പ്രകാരം 4 സ്റ്റാഫ് നേഴ്സുമാർ, ഒരു ഫാർമസിസ്റ്റ്, ഒരു ഹെഡ് നേഴ്സ്, 2 നേഴ്സിംഗ് അസിസ്റ്റന്റുമാർ, 2 അറ്റൻഡർമാർ കൂടാതെ 5 സ്പെഷ്യാലിറ്റി ഡോക്ടർമാർ, 4 അസിസ്റ്റന്റ് സർജൻമാർ എന്നിവരെ അടിയന്തരമായി നിയമിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കുമ്പളങ്ങി പി.എച്ച്.സി.-യെ 1988-ലാണ് സാമൂഹിക ആരോഗ്യ കേന്ദ്രമാക്കി മാറ്റിയത്. 2014-ൽ ഗൈനക്കോളജി, പീഡിയാട്രിക് ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ ഇതുവരെ ക്രിയേറ്റ് ചെയ്യപ്പെട്ടിട്ടില്ല. അവിടെ ചില താല്ക്കാലിക അറേഞ്ച്മെന്റുകൾ നടത്താനുള്ള തീരുമാനം എടുത്തിരുന്നുവെങ്കിലും ഫലപ്രദമായിട്ടില്ല. കാരണം നിലവിലുള്ള തൊട്ടടുത്ത പി.എച്ച്.സി.-യിൽ നിന്ന് ചില പോസ്റ്റുകൾ കുമ്പളങ്ങിയിലേക്ക് മാറ്റി കാര്യങ്ങൾ ക്രമീകരിക്കാനാണ് ശ്രമിച്ചത്. അതുകാരണം ആ പി.എച്ച്.സി.യിൽ പ്രവർത്തന തടസ്സം ഉണ്ടാകുമെന്ന് വന്നതിനാൽ അന്ന് ഈ പോസ്റ്റുകൾ അങ്ങോട്ടു മാറ്റാനും സാധിച്ചിട്ടില്ല. അവിടെ ഇപ്പോൾ എൻ.എച്ച്.എം. വഴി പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം ലഭ്യമാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. 8-6-2016-ന് ചേർന്ന എച്ച്.എം.സി.യുടെ തീരുമാനപ്രകാരം അവിടെ ഒരു ആംബുലൻസ് അനുവദിക്കപ്പെട്ടിരുന്നെങ്കിലും ഓടിക്കാൻ ഡ്രൈവറില്ലായിരുന്നു. ഇപ്പോൾ ഡ്രൈവറെ നിശ്ചയിച്ച് ആംബുലൻസ് ഓടിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. നിലവിൽ ഒരു സിവിൽ സർജനും, 3 അസിസ്റ്റന്റ് സർജൻമാരും 2 എൻ.എച്ച്.എം. ഡോക്ടർമാരുമാണ് ഇവിടെ ജോലി ചെയ്യുന്നത്. കുമ്പളങ്ങി സി.എച്ച്.സി.-യുടെ 15 കിലോമീറ്റർ ചുറ്റളവിലായി ഫോർട്ട് കൊച്ചി താലൂക്കാശുപത്രി, ഗവൺമെന്റ് മഹാരാജാസ് ആശുപത്രി, കരിവേലിപ്പടി സ്ത്രീകളുടെയും കുട്ടികളുടെയും

ആശുപത്രി, മട്ടാഞ്ചേരി എന്നീ ആശുപത്രികളും നിലവിലുണ്ട്. 5 ഡോക്ടർമാരുള്ള ഈ ആശുപത്രിയിൽ ശരാശരി 300 ഒ.പി. പ്രതിദിനം ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുമ്പളങ്ങി ആശുപത്രിയുടെ സ്ഥിതി മെച്ചപ്പെടുത്താൻ നിരന്തരമായി സമരങ്ങളും കാര്യങ്ങളുമെല്ലാം നടന്നുവന്നതാണ്. ചില കോടതി ഉത്തരവുകൾതന്നെ ഇതിന്റെയെല്ലാം ഭാഗമായിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ അടക്കമുള്ള സാധാരണക്കാർ ചികിത്സ തേടിയെത്തുന്ന ആശുപത്രിയാണ്. അതുകൊണ്ടുതന്നെ സി.എച്ച്.സി. സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഒരുക്കുന്നതിനും അതുപോലെ നിലവിലുള്ള സി.എച്ച്.സി.-യുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## (8) റോഡ് പുനരുദ്ധാരണം

ശ്രീ. ഡി. കെ. മുരളി : സർ, വാമനപുരം നിയോജക മണ്ഡലത്തിലെ ഏറ്റവും ദൈർഘ്യമേറിയതും വളരെ പ്രധാനപ്പെട്ടതുമായ റോഡാണ് വി.സി. റോഡെന്ന് അറിയപ്പെടുന്ന വാമനപുരം-ചിറ്റാർ റോഡ്. വാമനപുരം, കല്ലറ, പാങ്ങോട്, നന്ദിയോട്, പെരിങ്ങമ്മല എന്നീ അഞ്ചു പഞ്ചായത്തുകളെയും കേശവദാസപുരം-അങ്കമാലി എം.സി. റോഡിനേയും ചെങ്കോട്ട റോഡിനേയും ബന്ധിപ്പിക്കുന്ന, കല്ലറ-പാങ്ങോട് വിപ്ലവ സ്മൃതി മന്ദിരത്തിന് മുന്നിലൂടെയും വി.ബി.ഐ. (വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്) എന്ന പ്രശസ്ത സ്ഥാപനത്തിന്റെ മുന്നിലൂടെയും പോകുന്ന ഒരു പ്രധാനപ്പെട്ട റോഡുകൂടിയാണിത്. ഈ റോഡിലുടനീളം നീരുറവകളുണ്ട്. ഓടയുടെ അപര്യാപ്തതയുണ്ട്. ഈ റോഡ് ഇപ്പോൾ പരിതാപകരമായ അവസ്ഥയിലാണ്. കഴിഞ്ഞ കാലത്ത് ഏകദേശം 18 പ്രവൃത്തികളിലായി മൂന്നര കോടിയോളം രൂപ ഇതിനുവേണ്ടി ചെലവാക്കിയെങ്കിലും യാതൊരു പ്രയോജനവും കിട്ടിയിട്ടില്ല. BM&BC മെത്തേഡിൽ ഈ റോഡ് നവീകരിക്കുക മാത്രമാണ് പരിഹാരമായി കാണാനുള്ളത്. കഴിഞ്ഞ കാലത്തെ ജനപ്രതിനിധിയായിരുന്ന ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരുടെ അഞ്ചു വർഷക്കാലത്തെ കഠിനമായ പരിശ്രമത്തിന്റെ ഫലമായി 1-10-2015-ൽ G.O.(Rt) No.1470/2015/പി.ഡബ്ല്യു.ഡി. നമ്പരായി ഗവൺമെന്റ് ഓർഡർ ഇറക്കി. അതിൽ 16.65 കോടി രൂപ ആവശ്യമായി വരുന്ന പ്രവൃത്തിയുടെ ഒന്നാംഘട്ടത്തിൽ ഏഴ് കോടി രൂപ മാത്രമാണ് അനുവദിച്ചത്. രണ്ടാംഘട്ടം സംബന്ധിച്ച് ആ ഉത്തരവിൽ യാതൊന്നും തന്നെ പറയുന്നുമില്ല. ഈ റോഡിന്റെ നവീകരണത്തിനാവശ്യമായ മുഴുവൻ തുകയും അനുവദിക്കുന്നതിനും അനുവദിച്ച തുകയ്ക്കുള്ള നടപടികൾ പൂർത്തിയാക്കി പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ഈ സഭയിൽ 11-7-2016-ൽ ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ചോദിച്ച 737-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനുള്ള ഉത്തരത്തിൽ എല്ലാ വിവരവും വിശദമായി നൽകിയിട്ടുണ്ട്. സബ്മിഷൻ ഉന്നയിച്ചിരിക്കുന്നതുകൊണ്ട് അത് ആവർത്തിക്കുകയാണ്. അങ്ങയുടെ മണ്ഡലത്തിലെ വാമനപുരം-ചിറ്റാർ റോഡ് പുനർനിർമ്മിക്കുന്നതിന് 18.8 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ഒന്നാം ഘട്ട പ്രവൃത്തിക്കായി 7 കോടി രൂപയാണ് വേണ്ടിയിരുന്നത്. അതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഒന്നാം ഘട്ടപ്രവൃത്തിക്ക് ആദ്യതവണ ദർഘാസ് ക്ഷണിച്ചതിൽ കരാറുകാരാരും ക്വാളിഫൈ ചെയ്തിട്ടില്ല. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലിരുന്നതിനാൽ തെരഞ്ഞെടുപ്പ് കഴിഞ്ഞാണ് രണ്ടാം തവണ ദർഘാസ് തുറന്നത്. കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ അധികമായതിനാൽ അംഗീകാരത്തിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചകളൊന്നുമുണ്ടാകുകയില്ല.

## (9) പുതിയ പാലം

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള സ്രോതസ്സും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രവുമാണ് അരുവിക്കര ഡാം. 2015-ൽ അരുവിക്കര ക്ഷേത്രത്തോടനുബന്ധിച്ച് ബലിമണ്ഡപവും ബലിക്കടവും നിർമ്മിച്ചതോടുകൂടി വലിയ പിതൃതർപ്പണ കേന്ദ്രമായി അരുവിക്കര മാറിക്കൊണ്ടിരിക്കുകയാണ്. അരുവിക്കരയെ മറ്റുപ്രധാനപ്പെട്ട താലൂക്ക് കേന്ദ്രങ്ങളുമായും സിറ്റിയുമായും ബന്ധപ്പെടുത്തുന്ന റോഡുകൾക്ക് വീതിയുണ്ടെങ്കിലും കരമന ആറിന് കുറുകെയുള്ള പാലം ഒരു കുപ്പിക്കഴുത്തായി (Bottleneck) ഇരിക്കുന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച തൂണുകൾക്കുമേൽ 1980-ൽ ഉണ്ടാക്കിയ ഒരു ഇടുങ്ങിയ പാലമാണ് അത്. ഇപ്പോൾ ഈ പാലം ട്രാഫിക് കുരുക്കുകളും ഗതാഗതപ്രശ്നങ്ങളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. അവിടെ വരുന്ന ഭക്തജനങ്ങൾക്കും ടൂറിസ്റ്റുകൾക്കും വലിയ ബുദ്ധിമുട്ടായി മാറിയിരിക്കുകയാണ്. അരുവിക്കരയുടെ വിനോദസഞ്ചാര പ്രാധാന്യവും കുടിവെള്ള വിതരണവും ഭക്തജനത്തിരക്കും കണ്ടുകൊണ്ട് കരമനയാറിന് മീതെ ഒരു പുതിയ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അരുവിക്കരയിൽ കരമന നദിക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള നിലവിലുള്ള പാലത്തിന് 64 മീറ്റർ നീളവും 5 മീറ്റർ വീതിയുമാണുള്ളത്. ഈ പാലം ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള അരുവിക്കര ഹെഡ്‌വർക്ക്സ് ഡിവിഷന്റെ അധികാര പരിധിയിലാണ്. അഞ്ച് മീറ്റർ മാത്രം വീതിയുള്ളതിനാൽ ഇരുവശങ്ങളിലേക്കുമുള്ള വാഹന ഗതാഗതം സുഗമമായിട്ടല്ല ഇപ്പോൾ നടക്കുന്നത്. നിലവിലെ പാലത്തിന് ഇരുവശത്തുമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണ്. ഈ പാലത്തിന് സമാന്തരമായി പുതിയ ഒരു പാലം നിർമ്മിച്ച് ഇപ്പോഴത്തെ ഗതാഗത പ്രതിസന്ധിക്ക് പരിഹാരം കാണാവുന്നതാണ്. എന്നാൽ ഇതിനായുള്ള സാധ്യതാ പഠനമൊന്നും ഇതുവരെ നടത്തിയിട്ടില്ല. വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്താൻ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (10) പാലം പുതുക്കിപ്പണി

ശ്രീ. അനിൽ അക്കര : സർ, തൃശ്ശൂർ ജില്ലയിലെ ഏറ്റവും ജനത്തിരക്കേറിയതും ഗതാഗതക്കുരുക്കുള്ളതുമായ റോഡാണ് തൃശ്ശൂർ-കുന്നംകുളം റോഡ്. തൃശ്ശൂരിൽ നിന്നും ഗുരുവായൂരിലേക്കും കോഴിക്കോട്ടേക്കും കൂടുതൽ വാഹനങ്ങൾ കടന്നുപോകുന്ന റോഡാണിത്. പൂങ്കുന്നം മുതൽ മുണ്ടൂർ വരെ നാലുവരിപ്പാതയാണ്. അതിനിടയിൽ, തൃശ്ശൂർ പട്ടണത്തിൽനിന്നും അടാട്ട് പഞ്ചായത്തിലേക്ക് കടക്കുന്ന, ഏതാണ്ട് 150 വർഷം പഴക്കമുള്ള പാലമാണ് പുഴയ്ക്കൽ പാലം. ആ പാലം പുതുക്കി പണിയാത്തതു കൊണ്ട് അവിടെമാത്രം നാലുവരിപ്പാതയില്ലാത്ത അവസ്ഥയാണ്. കൂടുതൽ ഗതാഗതത്തിരക്കുണ്ടാകുന്ന സമയത്ത് ഈ പാലത്തിന് മുകളിലൂടെ ചെറിയ വാഹനങ്ങൾ കടത്തിവിട്ടിരുന്നു. കഴിഞ്ഞ രണ്ടാഴ്ച മുമ്പ് ഈ പാലം പൂർണ്ണമായി തകർന്ന് വെള്ളത്തിനടിയിൽ വീണതുമൂലം പുഴയ്ക്കൽ തോടിലൂടെയുള്ള ജലത്തിന്റെ ഒഴുക്ക് പൂർണ്ണമായും നിലച്ചു. രണ്ട് ഗ്രാമങ്ങൾ വെള്ളത്തിനടിയിലാകാനുള്ള സാധ്യത നിലനിൽക്കുകയാണ്. ഇപ്പോൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 കോടി രൂപ കൊണ്ട് ഈ പാലം പൂർണ്ണമായും പുതുക്കി പണിയാൻ കഴിയില്ല. അപ്രോച്ച് റോഡ് കൂടി വരുമ്പോൾ ഏതാണ്ട് 20 കോടി രൂപ ചെലവ് വരും. ഇത് പൂർത്തീകരിച്ചാൽ മാത്രമേ തൃശ്ശൂർ നഗരത്തിലേക്കുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കഴിയുകയുള്ളൂ. അടിയന്തരമായി ഈ പാലം പുനർനിർമ്മിക്കാൻ ആവശ്യമായ ഫണ്ട് വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച പുഴയ്ക്കൽ പഴയ പാലം നിലവിൽ ഗതാഗതത്തിന് ഉപയോഗിക്കുന്നില്ല. ഈ പാലം 24-6-2016-ന് വൈകിട്ട് 4 മണിയോടുകൂടി തകർന്നുവീണതായി പരിസരവാസികൾ അറിയിച്ചതിനെത്തുടർന്ന് പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ചപ്പോൾ വെട്ടുകല്ലിൽ നിർമ്മിച്ച തൂണുകൾ ദ്രവിച്ച് ഇരുമ്പ് ഗട്ടറുകൾ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമായേക്കാവുന്ന രീതിയിൽ മറിഞ്ഞുവീണതായി കാണപ്പെട്ടു. ഉപയോഗിക്കാത്ത പാലമാണെങ്കിലും പൊതുജനങ്ങളും കാൽനടയാത്രക്കാരും അങ്ങോട്ട് പ്രവേശിച്ച് അപകടത്തിൽ പെടാതിരിക്കാൻ ഉടൻതന്നെ വാണിംഗ് ടേപ്പ് കെട്ടി മുൻകരുതൽ എടുത്തിട്ടുണ്ട്. പഴയ പാലത്തിന്റെ അലൈൻമെന്റിൽ കൂടി പുതിയ പാലം നിർമ്മിക്കുന്നതിനു വേണ്ട സർവ്വേ വർക്കുകളും ഇൻവെസ്റ്റിഗേഷൻ വർക്കുകളും നടന്നുവരുന്നു. പാലം തകർന്നുവീണിരിക്കുന്ന സാഹചര്യത്തിൽ ഇരുമ്പ് ഗട്ടറുകൾ വെള്ളത്തിന്റെ ഒഴുക്കിനെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ നീക്കം ചെയ്യുന്നതിനും വെള്ളത്തിന്റെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടാതിരിക്കാനും തകർന്ന് കിടക്കുന്ന തൂണുകളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും പൊതുജനങ്ങളും വളർത്തുമൃഗങ്ങളും അപകടത്തിൽപ്പെടാതിരിക്കാനുമായി തകർന്നുവീണ പാലത്തിന്റെ ഇരുവശങ്ങളും അടച്ചുകെട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## (11) പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. കഴിഞ്ഞ ഏതാനും വർഷങ്ങളായി പെരുമ്പാവൂർ ടൗണിൽ അനുഭവിച്ചുവരുന്ന ഗതാഗതക്കുരുക്ക് ഇന്ന് അതിരൂക്ഷമായിരിക്കുകയാണ്. പലപ്പോഴും മെയിൻറോഡുകളിൽപ്പോലും ഒരു മണിക്കൂർ വരെ ഗതാഗത സ്തംഭനം അനുഭവപ്പെടുന്നു. ശബരിമലയിലേക്കും മൂന്നാറിലേക്കും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കും പോകുന്ന എം.സി. റോഡും എ.എൻ. റോഡും ടൗണിൽ കൂടിയായതുകൊണ്ടാണ് ഇത്രയേറെ തിരക്കുണ്ടാകുന്നത്. ഇതിന് പരിഹാരമെന്ന നിലയിൽ ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി 10 കോടി രൂപ അനുവദിച്ച് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ

കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നു. എന്നാൽ ഇതിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്ത് 6(i) നോട്ടിഫിക്കേഷൻ കഴിഞ്ഞെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭൂമി ഏറ്റെടുക്കൽ നടന്നിട്ടില്ല. കൂടാതെ ഇതിന് നൽകിയ അനുമതി കാലാവധി തീർന്നതിനെത്തുടർന്ന് ഗവൺമെന്റ് ഓർഡറിലൂടെ 15-4-2013-ൽ ദീർഘിപ്പിച്ച് നൽകിയിരുന്നു. ആ കാലാവധിയും 2014 മാർച്ച് 31-ന് തീർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പെരുമ്പാവൂർ ബൈപ്പാസ് യാഥാർത്ഥ്യമാക്കണമെങ്കിൽ പുതിയ ഭരണാനുമതി ആവശ്യമുണ്ട്. അതിനാൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണത്തിന് 40 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി യാഥാർത്ഥ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, 2010 ഏപ്രിൽ 29-ലെ ഉത്തരവുപ്രകാരം പെരുമ്പാവൂർ ബൈപ്പാസിന്റെ നിർമ്മാണ ചുമതല കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഈ നിർമ്മാണപ്രവൃത്തിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. 2014 ഏപ്രിൽ 30-ലെ ഉത്തരവുപ്രകാരം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഭരണാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിനും മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2015 ജൂലൈ 21-ന് ചേർന്ന യോഗത്തിൽ തീരുമാനമുണ്ടായതുപ്രകാരം 2015 നവംബർ 9-ന് വീണ്ടും ചേർന്ന യോഗത്തിൽ അധികമായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമുഖേന നടപ്പാക്കാൻ നിർദ്ദേശമുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയുടെ കാലാവധി 2017 മാർച്ച് 31 വരെ നീട്ടുന്നതിനും സ്ഥലമേറ്റെടുക്കുന്നതിലേക്കായി നിലവിലെ പ്രാദേശിക നിരക്കിൽ പുതുക്കിയ തുകയായ 27.4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ കൺസ്ട്രക്ഷൻ കോർപ്പറേഷനോട് സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

### 1. ലിസ്റ്റ് 1 പ്രകാരം

കാലതാമസ പത്രിക സഹിതം സമർപ്പിക്കുന്ന നിയമസഭാ ചോദ്യോത്തരങ്ങൾ

ചട്ടം 47(2) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 6092, പത്താം സമ്മേളനത്തിലെ 237, പതിനാലാം സമ്മേളനത്തിലെ 4242, 5404, പതിനാറാം സമ്മേളനത്തിലെ 693, 1766, 1900, 1915 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 1770, പതിനഞ്ചാം സമ്മേളനത്തിലെ 2486 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1309, പതിനാറാം സമ്മേളനത്തിലെ 270 നമ്പരിലുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെയും 2745, 2746, 2748, 2753 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെയും മറുപടികളും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## ലിസ്റ്റ് 2 പ്രകാരം

## സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന ബഡ്ജറ്റ് വിഭജനപ്രകാരമുള്ള ചെലവ് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ പട്ടിക

[ചട്ടം 236 (6) പ്രകാരമുള്ളത്]

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| II | 2014-15 | പൊതുഭരണം (സംസ്ഥാന വിവരാവകാശ കമ്മീഷൻ-2052-00-092-88) |
| | 2015-16 | പൊതുഭരണം (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) |
| | 2015-16 | ആസൂത്രണ സാമ്പത്തിക കാര്യം (സി.പി.എം.യു) |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ. | | |
| II- സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2011-12<br>2012-13<br>2013-14 | കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ |
| | 2014-15 | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള |

| (1) | (2) | (3) |
|---|---|---|
| XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2015-16 | പൊതുഭരണം (സ്പെഷ്യൽ-എ) [2070-00-003-99 ഐ.എ.എസ്, പ്രൊബേഷണർമാരുടെ പരിശീലനം] |
| XVI-പെൻഷനും പലവകയും | 2015-16 | പൊതുഭരണം (എസ്എസ്.)[2075-00-104-99 ജീവൻ രക്ഷാപതക്ക്] |
| XXI-ഭവന നിർമ്മാണം | 2013-14 | കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം |
| | 2014-15 | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് (2216-80-001-97) |
| XXXVII-വ്യവസായങ്ങൾ | 2014-15 | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) |
| XLV-പലവക വായ്പകളും മുൻകൂറുകളും | 2015-16 | പൊതുഭരണം (സ്പെഷ്യൽ-സി) [7610-00-800-93]-അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള മറ്റ് മുൻകൂറുകൾ) |
| XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2015-16 | പൊതുഭരണം (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ-ബി) |

2. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്.സുനിൽ കുമാർ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-കൃഷി | 2014-15 | കേരള കാർഷിക സർവ്വകലാശാല |

3. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II-സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥന്മാർ<br><br>III-നീതിന്യായ നിർവ്വഹണം<br><br>XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2014-15 | 1. നിയമ (ഭരണ)വകുപ്പ്<br>2. നിയമ (നോഡൽ) വകുപ്പ്<br>3. നിയമ (ഔദ്യോഗിക ഭാഷ പ്രസിദ്ധീകരണ സെൽ)<br>4. നിയമ (മോണിറ്ററിംഗ് സെൽ)<br>5. അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം<br>6. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ<br>7. ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ<br>8. നിയമ (കെ.എൽ.ബി.എഫ്) വകുപ്പ്.<br>9. കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി<br>10. അഡ്മിനിസ്ട്രേറ്റർ, ജനറൽ ആന്റ് ഒഫിഷ്യൽ ട്രസ്റ്റി, എറണാകുളം. |
| XXV-പട്ടികജാതി/പട്ടികവർഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2014-15 | പിന്നോക്ക സമുദായ വികസനം |

4. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII- വ്യവസായങ്ങൾ | 2013-14 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| | | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |
| | | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) |
| | | കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്) |
| | | കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി) |
| | | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ (കെ.എസ്.ബി.സി) |
| | | ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള (എച്ച്.ഡി.സി.കെ) |
| | 2014-15 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| | | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| | | മൈനിംഗ് ആന്റ് ജിയോളജി |
| | | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| | | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, തിരുവനന്തപുരം. |
| | | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| | | കേരള സിറാമിക്സ് ലിമിറ്റഡ് |

5. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XV-പെൻഷനും പലവകയും | 2015-16 | ധനകാര്യം(4250-00-800-99-SDF FOR MLAs ) |

12.00 PM]

## VI ക്രമപ്രശ്നം

### (1) സഭാതലത്തിൽ നൽകിയ ഉറപ്പുകളിന്മേലുള്ള നടപടിയും നിയമസഭാ ചോദ്യങ്ങളിന്മേലുള്ള മറുപടിയും യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ : സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 258-ാം വകുപ്പുപ്രകാരം അതത് സമയത്ത് സഭാതലത്തിൽവച്ച് മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ, വാഗ്ദാനങ്ങൾ, ഏറ്റകാര്യങ്ങൾ മുതലായവ പരിശോധിക്കുകയും അവ എത്രത്തോളം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും; നടപ്പിൽ വരുത്തിയിട്ടുള്ളപക്ഷം, അങ്ങനെ നടപ്പിൽ വരുത്തിയിട്ടുള്ളത് ആ കാര്യത്തിന് ആവശ്യമുള്ള ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തന്നെയാണോ എന്നും മോണിറ്റർ ചെയ്യുന്നതിന് നിയുക്തമായിരിക്കുന്നതാണ് ഉറപ്പുകൾ സംബന്ധിച്ച സമിതി. അതിന്റെ റിപ്പോർട്ടുകൾ പരിശോധിക്കുന്ന അവസരത്തിൽ കാലാകാലങ്ങളിൽ മാറിമാറിവരുന്ന സർക്കാരുകൾ സഭയ്ക്ക് ഉറപ്പുകളും വാഗ്ദാനങ്ങളും നൽകുന്നതല്ലാതെ ഇവ ചട്ടങ്ങൾ നിർദ്ദേശിക്കപ്പെട്ട വിധത്തിൽ പാലിക്കപ്പെടുന്നില്ല എന്നും അഥവാ പാലിക്കപ്പെട്ടാൽതന്നെ സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി യഥാസമയം സഭയേയോ സമിതിയേയോ അറിയിക്കാൻ ആർജ്ജവം കാണിക്കാത്ത ഒരു സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഉദാഹരണമായി, ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014) ശ്രീ. വി. എസ്. സുനിൽകുമാർ അദ്ധ്യക്ഷനായിരുന്ന സമിതിയുടെ ഒന്നാമത്, മൂന്നാമത് റിപ്പോർട്ടുകൾ യഥാക്രമം കുടിവെള്ള പദ്ധതികളെയും, കർഷക ആത്മഹത്യകളെയും സംബന്ധിച്ചുള്ളതും അതിന്മേൽ മാറിമാറി വരുന്ന സർക്കാരുകൾ തീരുമാനമെടുക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും കാലവിളംബം വരുത്തിയിട്ടുള്ളതിനെ സമിതി

കണ്ടെത്തുകയും അതിനെ നിശിതമായി വിമർശിക്കുകയും ചെയ്തിട്ടുള്ളതാണ്. ചുരുക്കിപ്പറഞ്ഞാൽ വിവിധ നിയമസഭകളുടെ കാലയളവുകളിലായി മൂവായിരത്തിലധികം ഉറപ്പുകൾ ഇനിയും പാലിക്കപ്പെടാനുണ്ട്. ഇതിൽത്തന്നെ IX-ാം കേരള നിയമസഭയുടെ കാലഘട്ടം മുതലുള്ള (1991 മുതലുള്ള) ഉറപ്പുകൾ ഇപ്പോഴും പരിഗണനയിലാണ്. സഭയിൽ വരുന്ന ഉറപ്പുകൾ ഒന്നരപ്പതിറ്റാണ്ടിനുശേഷവും പാലിക്കപ്പെടാതെ പോകുന്നത് ഏത് സർക്കാരായാലും സഭയോടും ജനങ്ങളോടുമുള്ള പ്രതിബദ്ധത ഇല്ലായ്മകാണിക്കുന്നതാണ്. സർക്കാർ സഭാതലത്തിൽ ഉറപ്പുനൽകുന്ന വിഷയം രണ്ടുമാസത്തിനകം തീർപ്പുകൽപ്പിച്ച് സമിതിയെ അറിയിക്കണമെന്നാണ് ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തനങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ അനുശാസിക്കുന്നത്. എന്നാൽ ഇത്തരത്തിൽ ചട്ടങ്ങൾ പാലിക്കാതെ സഭയോടും സഭാസമിതിയോടും ജനങ്ങളോടും എക്സിക്യൂട്ടീവ് കാണിക്കുന്ന അനാദരവ് വളരെ ഗൗരവമായി കാണേണ്ടതാണ്. ഉറപ്പുകൾ പാലിക്കപ്പെടുന്ന കാര്യത്തിൽ പ്രത്യേകിച്ച് ഏത് മുന്നണിയായിരുന്നാലും ഒരു ഉറപ്പും പാലിക്കപ്പെടാതെ പോകുന്നു. ഉറപ്പുകൾ പാലിക്കുന്നതിൽ കാലതാമസം നേരിടുമ്പോൾ യഥാർത്ഥമായ ചെലവുകളേക്കാൾ കൂടുതൽ സാമ്പത്തിക നഷ്ടം ഉണ്ടാകുകയാണ്. ഉറപ്പുകളുടെ യഥാർത്ഥ ഗുണം അർഹതപ്പെട്ടവർക്കോ സമൂഹത്തിനോ യഥാസമയം ലഭിക്കുന്നില്ല. ഇത് സ്വാഭാവിക നീതിയുടെ ലംഘനമാണ്. ഉദാഹരണമായി, 1991-ൽ നൽകിയ ഉറപ്പുകൾ നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല. അതുപോലെ തന്നെ 5-7-2005-ൽ തീരദേശങ്ങൾക്കുവേണ്ടി പ്രത്യേക പാക്കേജ് നൽകുമെന്ന് ഉറപ്പുനൽകി. പക്ഷേ പാലിക്കപ്പെട്ടിട്ടില്ല. അതുപോലെ തന്നെ ഇടുക്കി ജില്ലയിലെ വ്യാജപട്ടയങ്ങൾ സംബന്ധിച്ച അന്വേഷണം 7-2-2006-ലാണ് ഉറപ്പ് നൽകിയത്. 5-7-2005-ൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമം ഉണ്ടാക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. പക്ഷേ നിയമം ഉണ്ടാക്കിയിട്ടില്ല. ഇങ്ങനെ പാലിക്കപ്പെടാതെ പോകുന്ന ഉറപ്പുകൾ യഥാർത്ഥത്തിൽ നിയമസഭാ ചട്ടങ്ങളോടും നിയമസഭയോടും നിയമസഭാ സമിതികളോടും കാണിക്കുന്ന അനാദരവാണ്. ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നല്ല, കഴിഞ്ഞ കാലങ്ങളിൽ മാറിമാറി വന്ന ഗവൺമെന്റുകളും മാറിമാറി വന്ന മുന്നണികളും ഭരിച്ചപ്പോൾ നൽകിയ ഉറപ്പുകളാണ്. അത് സഭയോടുള്ള അനാദരവാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ശക്തമായ റൂളിംഗ് നൽകി ഇത് നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ഒന്നാമത്തെ ക്രമപ്രശ്നം.

രണ്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 47-ാം വകുപ്പുപ്രകാരം ചോദ്യങ്ങൾക്ക് മന്ത്രിമാർ സഭയിൽ നൽകുവാൻ ഉദ്ദേശിക്കുന്ന മറുപടികൾ ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന ദിവസത്തിന്റെ തൊട്ടുമുമ്പിലത്തെ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി സെക്രട്ടറിക്ക് കൈമാറണമെന്നും കൂടാതെ 47(2) ഉപവകുപ്പുപ്രകാരം ചോദ്യത്തിനുള്ള മറുപടി ഒരു ഇടക്കാല മറുപടിയാണെങ്കിലും പ്രസ്തുത ചോദ്യത്തിനുള്ള അന്തിമ നടപടി എത്രയും നേരത്തേ നൽകേണ്ടതും എന്നാൽ പ്രസ്തുത ചോദ്യം ലിസ്റ്റിൽ ചേർത്ത തീയതി മുതൽ 15 ദിവസം വൈകാതിരിക്കാൻ പാടില്ലാത്തതുമാണെന്ന് കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. XIV-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 6-ാം നമ്പർ ബുള്ളറ്റിൻ പരിശോധിച്ചപ്പോൾ XII-ാം കേരള നിയമസഭയുടെ 46 ചോദ്യങ്ങൾക്ക് ഇനിയും സർക്കാരിൽനിന്നും മറുപടി ലഭിക്കാനുണ്ട് എന്നും 19-ാം നമ്പർ ബുള്ളറ്റിൻ പരിശോധിച്ചപ്പോൾ നടപ്പുസമ്മേളനത്തിന്റെ 131 ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടില്ല എന്നും മനസ്സിലാക്കാൻ സാധിച്ചു. 2005-ലെ വിവരാവകാശ നിയമപ്രകാരം 10 രൂപ ഫീസ് ഒടുക്കിയാൽ ഏതൊരു പൗരനും 30 ദിവസത്തിനുള്ളിൽ വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്. മാത്രമല്ല മറുപടി നൽകുന്നതിൽ അനാവശ്യ കാലതാമസം വരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ ആ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിയമസഭാംഗം സഭയിൽ ഉന്നയിക്കുന്ന ചോദ്യത്തിന് വർഷങ്ങൾ കഴിഞ്ഞിട്ടും മറുപടി നൽകാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപവും സഭയോടുള്ള അനാദരവുമാണ്. അതുകൊണ്ട് ഈ വിഷയം ഗൗരവമായി പരിഗണിക്കപ്പെടേണ്ടതും പരിഹരിക്കേണ്ടതുമാണ്. ഒന്നു രണ്ട് ഉദാഹരണം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ചോദ്യങ്ങൾ ചോദിക്കുന്ന ആളുകൾ മാറുകയാണ്. കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ഇവിടെ ഇരുന്ന് ഉന്നയിച്ച ഇതേ ചോദ്യങ്ങളാണ്. ഇപ്പോൾ മറുപടി പറയേണ്ട ഭാഗത്ത് അദ്ദേഹം എത്തി. പക്ഷേ കാര്യങ്ങൾക്ക് യാതൊരു മാറ്റവുമില്ല. ആളുകൾ അപ്പുറവും ഇപ്പുറവും മാറിയിരിക്കുന്നുവെന്നല്ലാതെ സഭയ്ക്ക് നൽകുന്ന ഉറപ്പുകളുടെ കാര്യത്തിൽ യാതൊരു വ്യത്യാസവുമില്ല. 9-9-2009-ൽ മറുപടി നൽകേണ്ടത് 2016 ജൂൺ 8-നാണ് മറുപടി ലഭിച്ചത്. മറുപടി നൽകാൻ യാതൊരു പ്രയാസവുമില്ലാത്ത ഈ കാലഘട്ടത്തിൽ, മൊബൈൽ, ഇന്റർനെറ്റ് തുടങ്ങിയ എല്ലാ വിധ സൗകര്യങ്ങളും എല്ലായിടത്തുമുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ഒരു array തന്നെ താഴെത്തട്ടുമുതൽ ഉണ്ട്. എന്നിട്ടും മറുപടി നൽകുന്നില്ല. ശ്രീ. ബി. ബാബുപ്രസാദ്, ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിച്ച ഒരു ചോദ്യമാണിത്. 'സംസ്ഥാനത്ത് ബോംബു നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടുത്ത കാലത്ത് ബോംബു നിർമ്മിക്കുന്നതിനിടയിൽ ബോംബു പൊട്ടി രണ്ട് യുവാക്കൾ മരിച്ച സംഭവം....'

മി. സ്പീക്കർ : താങ്കളുടെ പോയിന്റ് ക്ലിയറായി.

ശ്രീ. എം. ഉമ്മർ : സർ, ഇതൊന്നു പറഞ്ഞോട്ടെ. 2016 ജൂൺ 8-നാണ് 2009-ലെ ഈ ചോദ്യത്തിന്റെ മറുപടി ലഭിച്ചത്. 'സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ സ്ഫോടക വസ്തുക്കൾ നിർമ്മിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സംസ്ഥാനത്ത് 9-9-2009-ന് മുമ്പായി അടുത്തകാലത്ത് ബോംബ് നിർമ്മിക്കുന്ന രണ്ട് യുവാക്കൾ മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.' (ഡി) ബോംബുനിർമ്മാണം നടത്തുന്നത് തടയാൻ എന്തുനടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? ഉത്തരം-ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. 2009-ലെ ചോദ്യത്തിനുള്ള മറുപടിയാണിത്. ഇതുകൊണ്ട് പർപ്പസ് ഇല്ല. ഇത് ഈ സഭയോടുള്ള അനാദരവാണ്.

മി. സ്പീക്കർ : അങ്ങയുടെ ഇന്റൻഷൻ വളരെ വ്യക്തമാണ്. ഇരിക്കൂ...... ഇരിക്കൂ... ഉന്നയിച്ച കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതും വ്യക്തവുമാണ്. അത് സഭയുടെ മുന്നിൽ വന്നുകഴിഞ്ഞു. ഇനി സമയം കൂട്ടതലെടുക്കരുത്. പ്ലീസ്..... ഉദാഹരണങ്ങൾ മുഴുവൻ പറഞ്ഞാൽ ഒരുപാട് പറയേണ്ടിവരും.

ശ്രീ. എം. ഉമ്മർ : സർ, ഒരുദാഹരണം കൂടിപറയാം. 2009-ൽ ബഹുമാനപ്പെട്ട അംഗം പി. അയിഷാ പോറ്റി ചോദിച്ച ചോദ്യത്തിന് മറുപടി ലഭിച്ചത് 2016 ജൂൺ 8-നാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചോദിച്ച ചോദ്യങ്ങളുമുണ്ട്.

മി. സ്പീക്കർ : വളരെ വ്യക്തമാണ്. വളരെ ഗൗരവമാണ്.

ശ്രീ. എം. ഉമ്മർ : സർ, ഇത് ചോദിക്കുന്ന ആളുകൾ പരസ്പരം മാറിയിരുന്നാലും മറുപടി നൽകുന്ന ആളുകൾ മാറിമാറി ഇരുന്നാലും യാതൊരു വ്യത്യാസവുമില്ലാതെ ബ്യൂറോക്രസിയുടെ കടന്നാക്രമണം തടയുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനും മന്ത്രിമാർക്കും ആർജ്ജവമുണ്ടാകണമെന്നും, ചെറുപ്പക്കാരനായ ബഹുമാനപ്പെട്ട സ്പീക്കറിൽ ഞങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ട്, ഇത് തടയാൻ അങ്ങ് കാര്യമായ നടപടിയെടുക്കണം എന്നുമാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ് ക്രമപ്രശ്നംവഴി ബഹുമാനപ്പെട്ട മെമ്പർ സഭയുടെ മുമ്പാകെ

കൊണ്ടുവന്നത്. 2499 ഉറപ്പുകളിന്മേൽ സർക്കാർ നടപടി പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. IX, X, XI, XII, XIII നിയമസഭകളിലെ ഉറപ്പുകളാണ് ബാക്കിയുള്ളത്. യഥാർത്ഥത്തിൽ അഷ്വറൻസ് കമ്മിറ്റിക്ക് ഇതിനുള്ള എല്ലാ അധികാരവുമുണ്ട്. അഷ്വറൻസ് കമ്മിറ്റിയുടെ ചെയർമാനും മെമ്പർമാരും വിചാരിച്ചു കഴിഞ്ഞാൽ ഇക്കാര്യത്തിൽ പരിഹാരം കാണാൻ സാധിക്കും. അതിനുവേറെ ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ആ കമ്മിറ്റി കമ്മിറ്റിയായി ഫങ്ഷൻ ചെയ്യണം. അതുകൊണ്ട് അഷ്വറൻസ് കമ്മിറ്റിയുടെ പ്രവർത്തനം ബൈലാ പ്രകാരം അവർ ചെയ്യേണ്ട പണി കൃത്യമായി ചെയ്താൽ ഏത് ഉദ്യോഗസ്ഥന്റെ അടുക്കൽ നിന്നും കാര്യങ്ങൾ കൃത്യമായി കിട്ടും. നടപടികൾ പൂർത്തീകരിക്കാനും കഴിയും. അതുകൊണ്ട് അഷ്വറൻസ് കമ്മിറ്റിയെ ശക്തിപ്പെടുത്താനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. രണ്ടാമത്തെ കാര്യം, ചോദ്യവുമായി ബന്ധപ്പെട്ടുള്ളതാണ്. അത് കറകുട്ടാണ്. പത്ത് വർഷത്തിനിടയിൽ ബഹുമാനപ്പെട്ട സ്പീക്കർമാർ 8 റൂളിംഗുകൾ ഇതിന്റെ ഭാഗമായി നൽകുകയുണ്ടായി. ചട്ടം 47 പ്രകാരം നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി നൽകേണ്ട ദിവസത്തിന് തൊട്ടുമുമ്പ് വരുന്ന ദിവസം വൈകിട്ട് 5 മണിക്ക് മുമ്പായി മറുപടി നിയമസഭാ സെക്രട്ടറിക്ക് കൈമാറേണ്ടതാണ്. ഇടക്കാല മറുപടിയാണ് നൽകുന്നതെങ്കിൽ അന്തിമ മറുപടി എത്രയും വേഗം നൽകേണ്ടതാണ്, എന്നാൽ ചോദ്യം ലിസ്റ്റിൽ ചേർത്ത തീയതി മുതൽ 15 ദിവസത്തിനകം നൽകേണ്ടതാണ്. അല്ലാത്തപക്ഷം അത് സംബന്ധിച്ച റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. ഈ സഭ ചേർന്ന് 2016 മേയ് 31-ാം തീയതിയിലെ ഒരു ബുള്ളറ്റിൻ ഞാൻ കണ്ടു. ആ ബുള്ളറ്റിൻ പ്രകാരം പന്ത്രണ്ടാം സമ്മേളനത്തിൽ ലഭിക്കേണ്ട മറുപടി പോലും കൊടുക്കാൻ ഇപ്പോഴും ബാക്കിയാണ്. ഞാൻ പ്രതിപക്ഷത്ത് ഇരിക്കുന്ന സമയത്ത് ചോദിച്ച ചോദ്യത്തിന് ഞാൻ മന്ത്രിയായിട്ട് മറുപടി പറയാൻ നിർബന്ധിക്കപ്പെട്ട സാഹചര്യമാണ്. അതാണ് അനുഭവം. അതുകൊണ്ട് ചോദ്യത്തിന് കൃത്യമായ മറുപടി ലഭിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകില്ല; ചീഫ് സെക്രട്ടറി ശക്തമായ നിലപാടെടുത്താൽ മതിയാകും. ഇന്ന തീയതിക്കകം മറുപടി കൊടുക്കണം, കൊടുക്കുന്നില്ലെങ്കിൽ നടപടി ഉണ്ടാകുമെന്ന ഒരു വാചകം പറഞ്ഞുകഴിഞ്ഞാൽ കൃത്യമായ മറുപടി ഇവിടെ കിട്ടും. വിവരാവകാശ കമ്മീഷൻ മുഖേന ചോദിച്ചാൽ കൊടുക്കാൻ നമ്മൾ ബാധ്യതപ്പെടുന്നില്ലേ? അതുകൊണ്ട് ഇത് വളരെ ഗൗരവമായി കാണണം. ഇത് സഭയുടെ ഒരു പൊതുവികാരമാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് ശക്തമായ നിലപാടെടുക്കാൻ കഴിയും. ഇതിൽ യാതൊരു സംശയവും വേണ്ട. ഇത് ഇനി ആവർത്തിക്കാൻ പറ്റില്ല. അതിൽ ശക്തമായ നിലപാട് ബഹുമാനപ്പെട്ട സ്പീക്കർ എടുക്കണം.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ....... ഓർഡർ........

ചട്ടം 303 പ്രകാരം വളരെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. അതിന് സർക്കാർ ഭാഗത്തുനിന്നുള്ള വിശദീകരണവും ചെയർ സശ്രദ്ധം കേൾക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട രണ്ടു വിഷയങ്ങളും നിയമസഭാ നടപടിക്രമവുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ ഏറെ ഗൗരവം അർഹിക്കുന്നവ തന്നെയാണ്. ആദ്യം ഉന്നയിച്ച വിഷയം സഭാതലത്തിൽ സർക്കാർ നൽകിയ ഉറപ്പുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ലായെന്നും ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിച്ച് സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ല എന്നതുമാണ്. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പതിമൂന്നാം കേരള നിയമസഭയിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ കാര്യക്ഷമമായ പ്രവർത്തന ഫലമായി പത്താം കേരള നിയമസഭ വരെയുള്ള ഉറപ്പുകൾ സംബന്ധിച്ച എല്ലാ നടപടികളും പൂർത്തീകരിക്കപ്പെടുകയുണ്ടായി എന്ന് ചെയർ മനസ്സിലാക്കുന്നു. ലഭ്യമായ രേഖകൾ പ്രകാരം ഇനി പതിനൊന്നാം കേരള നിയമസഭയുടെ കാലത്തെ 201 ഉറപ്പുകളിലും പന്ത്രണ്ടാം കേരള നിയമസഭയുടെ കാലത്തെ 1078 ഉറപ്പുകളിലും പതിമൂന്നാം കേരള നിയമസഭയുടെ കാലത്തെ 1220 ഉറപ്പുകളിലുമായി ആകെ 2499 ഉറപ്പുകളിന്മേൽ സർക്കാർ നടപടികൾ പൂർത്തീകരിക്കാനുണ്ട്. അതോടൊപ്പം IX, X, XI, XII, XIII എന്നീ നിയമസഭകളിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ നടപടികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ടെന്നും ചെയർ മനസ്സിലാക്കുന്നു. ഇതുസംബന്ധിച്ച് ചെയറിന് സൂചിപ്പിക്കാനുള്ളത് സഭാതലത്തിൽ സർക്കാർ നൽകുന്ന ഉറപ്പുകളിന്മേലും ഉറപ്പുകൾ സംബന്ധിച്ച സമിതി നൽകുന്ന ശിപാർശകളിന്മേലും സർക്കാർ വകുപ്പുകൾ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്നപക്ഷം ആയതിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഉറപ്പുകൾ സംബന്ധിച്ച സമിതി തന്നെയാണ് എന്നാണ്. അതിന് ആവശ്യമായ കർക്കശമായ നടപടികൾ സ്വീകരിക്കുവാനുള്ള എല്ലാ അധികാരങ്ങളും ചട്ട പ്രകാരം പ്രസ്തുത സമിതിക്കുണ്ട് എന്ന കാര്യവും ചെയർ വീണ്ടും ഓർമ്മിപ്പിക്കുന്നു.

ഈ നിയമസഭയിൽ രൂപീകരിക്കാനിരിക്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും ഈ സഭയിൽ ഉണ്ടാകാവുന്ന ഉറപ്പുകൾ സംബന്ധിച്ചും മുൻ സഭകളിലെ പൂർത്തീകരിക്കാത്ത ഉറപ്പുകൾ സംബന്ധിച്ചുമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ പ്രസ്തുത സമിതി കൈക്കൊള്ളണമെന്നും സർക്കാരിന്റെ വിവിധ വകുപ്പുകൾ സമിതിയുടെ പ്രവർത്തനവുമായി സഹകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച രണ്ടാമത്തെ വിഷയം നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ ഉത്തരം ലഭ്യമാകുന്നില്ല എന്നതാണ്. ഇക്കാര്യം സംബന്ധിച്ചും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. നിയമസഭാ ചോദ്യത്തിന് യഥാസമയം അംഗങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിനെതിരെ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ എട്ട് റൂളിംഗുകളാണ് മുൻ സ്പീക്കർമാർ നൽകിയിട്ടുള്ളതായി കാണുന്നത്. അപ്രകാരം കർശനമായ നിർദ്ദേശം ചെയറിൽനിന്നും നൽകിയിട്ടും ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ തുടർന്നും ഉദാസീനത കാണിക്കുന്നു വെന്നുള്ളത് ഒട്ടും ആശാസ്യകരമല്ല.

നിയമസഭാ സെക്രട്ടേറിയറ്റിലെ രേഖകൾ പ്രകാരം പന്ത്രണ്ടാം കേരള നിയമസഭയുടെ 46 ചോദ്യങ്ങൾക്കും പതിമൂന്നാം കേരള നിയമസഭയുടെ 673 ചോദ്യങ്ങൾക്കും പതിനാലാം കേരള നിയമസഭയിൽ ഇന്നലെവരെ 157 ചോദ്യങ്ങൾക്കും പൂർണ്ണമായോ ഭാഗികമായോ മറുപടി ലഭ്യമാകാനുണ്ട്. ഇത്തരം പ്രവണതകൾ ഇനിയും തുടർന്നുപോകുന്നതിനോട് ചെയറിന് അശേഷം യോജിപ്പില്ല. നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട മന്ത്രിമാർ പരിശ്രമിക്കുകയാണെങ്കിൽ അത് സാധ്യമാകുന്നതാണെന്ന് മുൻകാലങ്ങളിൽ പല മന്ത്രിമാരും തെളിയിച്ചിട്ടുള്ള കാര്യം ഇത്തരുണത്തിൽ ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു. ചട്ടപ്രകാരം മുൻകൂർ നോട്ടീസ് നൽകി ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ മറുപടി ലഭിക്കുക എന്ന ന്യായമായ അവകാശം നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല എന്ന് ചെയർ റൂൾ ചെയ്യുന്നു. ഓർഡർ..... ഓർഡർ......

ശ്രീ. വി. ഡി. സതീശൻ: (മൈക്ക് ഓഫ്)... സർ, ഞാൻ ക്രമപ്രശ്നം ഉന്നയിച്ച് നോട്ടീസ് നൽകിയിരുന്നു.

മി. സ്പീക്കർ: അത് വിശദമായി പരിശോധിച്ച് പിന്നീട് എടുക്കാം. അങ്ങേക്ക് അവസരം തരാം.

(2) 12-7-2016-ലെ ശ്രീ. എം. സ്വരാജിന്റെ ബൈബിൾ പരാമർശം സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ : സർ, ഇന്നലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസാരിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. സ്വരാജ് സംസാരിച്ചത് വളരെ അപമാനകരവും പ്രതിപക്ഷ അംഗങ്ങളെ സംബന്ധിച്ച് അപകീർത്തികരമായ ഒരു വിഷയമാണ് എന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം പറഞ്ഞത് ഈ ബഡ്ജറ്റ് വിശുദ്ധവും അമൂല്യവുമാണ്. "മത്തായിയുടെ സുവിശേഷം ഏഴാം അദ്ധ്യായത്തിലെ ആറാം വാക്യം വായിക്കണം. അത് നിങ്ങൾ വായിച്ചുനോക്കണം. എന്നാൽ ആ വാക്യം ഞാൻ ഇവിടെ വായിക്കുന്നില്ല. വായിച്ചാൽ പ്രകോപനമുണ്ടാകും. നിങ്ങൾ പോയി വായിച്ചുനോക്കിയാൽ മതി" എന്നുപറഞ്ഞ് അദ്ദേഹം അവസാനിപ്പിക്കുകയായിരുന്നു. അത് ഞങ്ങൾ വായിച്ചു നോക്കുകയും ഇന്ന് എല്ലാ പത്രങ്ങളിലും അത് വരികയും ചെയ്തു. ഈ ബഡ്ജറ്റിനെ എതിർത്തവരെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. "മത്തായിയുടെ സുവിശേഷം ഏഴാം അദ്ധ്യായത്തിലെ ആറാം വാക്യം - വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുന്നിൽ ഇടുകയുമരുത്; അവ കാൽകൊണ്ട് അവയെ ചവിട്ടുകയും തിരിഞ്ഞ് നിങ്ങളെ ചീന്തിക്കളയുകയും ചെയ്‌വാൻ ഇടവരരുത്."*** എത്ര അപമാനകരമായ പരാമർശമാണ്. ....(ബഹളം)........

മി. സ്പീക്കർ: യെസ്..... യെസ്...... സഭയിൽ വരാത്ത ഒരു പ്രശ്നത്തെ സംബന്ധിച്ച് ബഹളം ഉണ്ടാക്കണ്ട. സഭയുടെ രേഖകളിൽ ഒരിടത്തും വരാത്ത ഒരു വിഷയത്തെ സംബന്ധിച്ച് അനാവശ്യമായി പ്രശ്നങ്ങളും ബഹളവും ഉണ്ടാക്കണ്ട. അദ്ദേഹം ക്രമപ്രശ്നം ഉന്നയിച്ചു. അത് ചെയർ പരിശോധിക്കും. ചെയറിന് ബൈബിൾ കാണാപാഠമല്ല. ബൈബിൾ കാണാപാഠമല്ലാത്തതുകൊണ്ട് ബൈബിളിൽ ഏത് സാഹചര്യത്തിലാണ് വന്നതെന്നുള്ളതിനെക്കുറിച്ച് പരിശോധിച്ച് ചെയർ റൂളിംഗ് നൽകും. ഇരിക്കൂ...... ഇരിക്കൂ.... (ബഹളം.......) അങ്ങ് പറഞ്ഞല്ലോ.... പറഞ്ഞുകഴിഞ്ഞല്ലോ...

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിലനിറുത്താൻ തീരുമാനിച്ചു.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് പിന്നീട് പരിശോധിച്ച് റൂളിംഗ് നൽകാമെന്ന് പറഞ്ഞാൽ കുഴപ്പമില്ല. അങ്ങ് ഇപ്പോൾ തന്നെ റൂളിംഗ് നൽകരുത്. കാരണം ഈ വാക്യം ഇവിടെ പറയുകയും അതിലെ ഒരു സെന്റൻസ് ഇവിടെ വായിക്കാതെ പോകുകയും, നിങ്ങൾ വായിക്കണമെന്ന് പറയുകയും ഇന്ന് മലയാള മനോരമയും മാതൃഭൂമിയും അടക്കമുള്ള എല്ലാ പത്രങ്ങളിലും ആ ബൈബിൾ വാക്യം ഉദ്ധരിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു. അപമാനകരമായ ഒരു സ്ഥിതിയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കണം. അങ്ങയുടെ ശിഷ്യനാണ് ശ്രീ. എം. സ്വരാജ്. ഇങ്ങനെയാണോ പ്രതിപക്ഷ അംഗങ്ങളെക്കുറിച്ച് സംസാരിക്കേണ്ടത്.

മി. സ്പീക്കർ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അത് സഭയും ചെയറും കേട്ടു. അവിടെ ഇരിക്കു.

ശ്രീ. വി. ഡി. സതീശൻ : സർ, ഇത്തരം അപകീർത്തികരമായ പരാമർശങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വമുള്ള ആളാണ് ബഹുമാനപ്പെട്ട ചെയർ. ഇത്തരം മുൻവിധിയോടുകൂടിയുള്ള കാര്യങ്ങൾ അങ്ങ് പറയുന്നത് ഒട്ടും ശരിയല്ല. It is very unfair from your part.

മി. സ്പീക്കർ: അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, സഭാരേഖകളിൽ ഇല്ലാത്ത കാര്യങ്ങളുന്നയിച്ച് പ്രശ്നങ്ങളിലേക്ക് വലിച്ചിഴയ്ക്കരുതെന്ന് അങ്ങ് പറഞ്ഞു. .......(ബഹളം)........

മി. സ്പീക്കർ : ചെയറിനെ ചോദ്യം ചെയ്യുകയാണോ....ഞാൻ എന്താണ് പറഞ്ഞത്. അത് ശരിയല്ല. അങ്ങ് പറയുന്നത് ശരിയല്ല. അങ്ങനെ പറഞ്ഞിട്ടില്ല. സഭാ രേഖകളിൽ ഇല്ലാത്ത ഒരു കാര്യത്തെ സംബന്ധിച്ച് ബഹളം ഉണ്ടാക്കേണ്ട കാര്യമില്ലെന്നാണ് ഞാൻ പറഞ്ഞത്. ബഹളം ഉണ്ടാക്കേണ്ടെന്നാണ് പറഞ്ഞത്. ...... (ബഹളം)....... സഭാ രേഖകളിൽ ഇല്ലല്ലോ; എന്നാൽ ബൈബിളിൽ ഏത് സാഹചര്യത്തിലാണ് വന്നത്; ചെയറിന് ബൈബിൾ കാണാതെ അറിയില്ല. ചെയർ ബൈബിൾ കാണാപാഠം പഠിച്ചിട്ടില്ല. അതുകൊണ്ട് ബൈബിൾ പരിശോധിച്ച് ബൈബിളിൽ അത് ഏത് സാഹചര്യത്തിലാണെന്ന്, എന്താണെന്ന് പരിശോധിച്ച് ചെയറിന്റെ റൂളിംഗ് നൽകുമെന്ന് തന്നെയാണ് പറഞ്ഞത്. അനുമതി. നിങ്ങൾ ബോധപൂർവ്വം...... ഈ സഭയിൽ hypothecated ആയി ഒരു നിലപാട് എടുക്കാൻ പറ്റുമോ; സഭയിൽ വരാത്ത ഒരു കാര്യം hypothecated ആയി എടുക്കാൻ പറ്റുമോ; പറ്റുമോ; ഇല്ലല്ലോ; ........... (ബഹളം)........ ഞാൻ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിൽ ബൈബിൾ പരിശോധിച്ച് റൂൾ നൽകുമെന്ന് തന്നെയാണ് പറഞ്ഞത്. ചെയറിന് ബൈബിൾ കാണാതെ അറിയില്ല. മനസ്സിലായോ; ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് നിങ്ങൾ ഉന്നയിക്കുന്ന ക്രമപ്രശ്നത്തെ സംബന്ധിച്ച് ബൈബിൾ പരിശോധിച്ചും ബൈബിളിൽ എന്ത് സാഹചര്യത്തിലാണ് വന്നതെന്നും പരിശോധിച്ച് റൂളിംഗ് നൽകുമെന്നാണ് പറഞ്ഞത്. Please be seated. Please.... Please.....(ബഹളം.....)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ബഹുമാനപ്പെട്ട സ്പീക്കർ, എനിക്ക് അങ്ങയോട് ഒരു കാര്യം പറയുവാനുണ്ട്. ഞങ്ങൾ അങ്ങയോട് സഹകരിക്കുന്നുണ്ട്. പക്ഷേ അങ്ങ് ഞങ്ങളോട് എടുക്കുന്ന നിലപാട് ഒട്ടും ശരിയല്ല...... (ബഹളം...)....

മി. സ്പീക്കർ : എന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങനെ പറയുന്നത് നിർഭാഗ്യകരമാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയുന്നു, ഞങ്ങൾ ഈ സഭ സമയത്ത് നിർത്താനും അങ്ങയോട് എല്ലാ രീതിയിലും സഹകരിക്കുകയാണ്. ആ ചെയറിലിരിക്കുമ്പോൾ പ്രതിപക്ഷത്തിന് നീതി തരാൻ അങ്ങേക്ക് ബാധ്യതയുണ്ട്. I am very sorry to say that കാരണം ഞാൻ പറയാം. ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നമുന്നയിച്ചപ്പോൾ അങ്ങത് മുഴുവൻ കേൾക്കുന്നതിന് മുമ്പുതന്നെ റൂൾ ചെയ്യുകയാണ്.

മി. സ്പീക്കർ : അത് അദ്ദേഹം എഴുതിത്തന്നിരുന്നു. അദ്ദേഹം രാവിലെ എഴുതിത്തന്നിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇപ്പോൾ അങ്ങ് ഞാൻ പറയുന്നതുതന്നെ കേൾക്കുന്നില്ലല്ലോ.

മി. സ്പീക്കർ : പറയൂ.... പറയൂ....

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങ് കുറച്ചുകൂടി ക്ഷമ കാണിക്കണം. അങ്ങ് ട്രഷറി ബെഞ്ചിലുള്ള ആളല്ല. അങ്ങ് ഞങ്ങളുടെകൂടി അവകാശം സംരക്ഷിക്കാൻ ബാധ്യസ്ഥനായ സ്പീക്കറാണ്. അങ്ങ് അങ്ങനെ പറയുന്നത് ശരിയല്ല. ഞങ്ങൾക്ക് സ്പീക്കറോടും ചെയറിനോടും ബഹുമാനമുണ്ട്. ഞങ്ങളുടെ പരാതി ഞങ്ങൾക്ക് പറയേണ്ടത് സ്പീക്കറോടാണ്. അല്ലാതെ എവിടെ പറയും; ഈ സഭയിലല്ലാതെ പറയാൻ സാധിക്കുമോ; പ്രതിപക്ഷത്തിന്റെ ഒരു അവകാശമാണത്. അങ്ങത് സമചിത്തതയോടെ കേൾക്കുകയും ഞങ്ങൾ പറയുന്നതിൽ തെറ്റുണ്ടെങ്കിൽ തിരുത്തുകയും ശരിയാണെങ്കിൽ അങ്ങത് പരിശോധിക്കുകയും ചെയ്യുക എന്നുള്ളതാണ് ഇവിടത്തെ നടപടിക്രമം. ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നമുന്നയിച്ചു. എന്താണ് പ്രശ്നം? ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. സ്വരാജ് ബൈബിളിലെ ഒരു വാക്യം ഉദ്ധരിച്ചുകൊണ്ട്.... ഉദ്ധരിച്ചില്ല. നിങ്ങളെല്ലാവരും വായിച്ചു നോക്കാൻ പറഞ്ഞു. ശരി. പക്ഷേ ഇന്ന് എല്ലാ ദിനപത്രത്തിലും അത്

വന്നിട്ടുണ്ട്. അത് പ്രതിപക്ഷത്തോടുള്ള കടുത്ത അവഹേളനമാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങത് പരിശോധിക്കണം. അദ്ദേഹം തന്നെ പറഞ്ഞത് നിങ്ങളിത് വായിക്കണമെന്നാണ്. ഇന്ന് എല്ലാ ദിനപത്രത്തിലും വന്നിരിക്കുന്നു. പ്രതിപക്ഷത്തെ നായ്ക്കളോടും പന്നികളോടും... ഞങ്ങളെ ഉപമിക്കുന്ന നടപടി ശരിയല്ല. അങ്ങത് പരിശോധിക്കണം. പരിശോധിച്ച് ഒരു തീരുമാനമെടുക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എല്ലാ ബഹുമാനവും വച്ചുകൊണ്ട് പറയട്ടെ......

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, അംഗങ്ങളുടെ പ്രസംഗത്തിൽ ദുഃസൂചന പാടില്ല. ദുഃസൂചനയാണിത്. അത് പരിശോധിച്ച് നീക്കം ചെയ്യാവുന്നതേയുള്ളൂ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എല്ലാ ബഹുമാനവും വച്ചുകൊണ്ട് പറയട്ടെ......ശ്രീ. വി. ഡി. സതീശൻ ആ സബ്മിഷന്റെ വിശദാംശങ്ങളെല്ലാം എഴുതിത്തന്നിരുന്നു. അദ്ദേഹം രേഖാമൂലം നൽകിയ സബ്മിഷന്റെ ഉള്ളടക്കം തന്നെയാണ് സഭയിൽ വച്ചത്. അത് പരിശോധിച്ച് റൂളിംഗ് നൽകാമെന്നാണ് ഞാൻ പറഞ്ഞത്. എന്നാൽ അതനുവദിക്കാതെ ബഹളമുണ്ടാക്കിയപ്പോഴാണ് ചെയറിന്റെ ഭാഗത്തുനിന്ന് ഇരിക്കണമെന്ന അഭിപ്രായപ്രകടനമുണ്ടായത്. നിർഭാഗ്യകരമായ രീതിയിൽ അതിനെ കാണുന്നത് ശരിയല്ല. നിർഭാഗ്യകരമായ രീതിയിൽ അതിനെ കാണുന്നത് ശരിയല്ല.... ശരിയല്ല......(ബഹളം).....

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിന്റെ പൊതു ചർച്ചയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ, അങ്ങേക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ,.....(ബഹളം).....(..ബഹളം..)

മി. സ്പീക്കർ : അദ്ദേഹം സംസാരിക്കട്ടെ.....................(ബഹളം)......... ശ്രീ. വി. ടി. ബൽറാം, മുഖ്യമന്ത്രി എന്തുപറയണമെന്ന് നിങ്ങൾക്ക് പറയാൻ പറ്റില്ല. മുഖ്യമന്ത്രി എന്തുപറയണം, എപ്പോൾ പറയണമെന്നൊക്കെ നിർബന്ധിക്കാൻ പറ്റുമോ. അതൊന്നും ചെയറിന് ചെയ്യാൻ പറ്റില്ല. (ബഹളം)...അദ്ദേഹം സംസാരിക്കട്ടെ.... പ്ലീസ്...പ്ലീസ്....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ മത്തായിയെക്കുറിച്ചും മത്തായിയുടെ സുവിശേഷത്തെക്കുറിച്ചൊന്നും എനിക്കറിയില്ല. പ്രതിപക്ഷാംഗങ്ങളെ അപമാനിക്കുന്ന തരത്തിലുള്ള പരാമർശം, അത് ഒരു തരത്തിലും ഭരണപക്ഷം ഉദ്ദേശിക്കുന്നൊരു കാര്യമല്ല. അതെന്താണെന്ന് അങ്ങ് പരിശോധിച്ച് ആവശ്യമായ റൂളിംഗ് നൽകുന്നതായിരിക്കും നന്നാവുക.

## VII ധനകാര്യം

### 2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ബഡ്ജറ്റ് UDF സർക്കാർ തകർത്തെറിഞ്ഞ സംസ്ഥാനത്തിന്റെ സാമ്പത്തിക നില പുനരുദ്ധരിക്കാനുള്ള കൃത്യമായ ചുവടുവയ്പ്പാണ്. സാമ്പത്തിക അരാജകത്വവും അഴിമതിയുമായിരുന്നല്ലോ കഴിഞ്ഞ സർക്കാരിന്റെ മുഖമുദ്ര. അഞ്ച് വർഷംകൊണ്ട് കട്ടുമുടിച്ച് കാലിയാക്കിയ ഒരു ഖജനാവിനെയാണ് UDF ഞങ്ങളെ ഏൽപ്പിച്ചുപോയത് എന്ന് ഈ സർക്കാർ പുറത്തിറക്കിയ ധവളപത്രം അർത്ഥ ശങ്കയ്ക്ക് ഇടവരാതെ വ്യക്തമാക്കിയതാണ്. കഴിഞ്ഞ അഞ്ചുവർഷം ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ എന്താണ് ചെയ്തത്? ധൂർത്തനായ കാരണവർ തറവാട് മുച്ചൂടും നശിപ്പിച്ച് കുളംതോണ്ടുന്നതുപോലെയല്ലേ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും കേരളം ഭരിച്ചു മുടിച്ചത്. സത്യത്തിൽ ഇവർ നമ്മുടെ സമ്പത്ത് മുഴുവൻ കൊള്ളയടിച്ച് ദീവാളി കുളിക്കുകയല്ലേ ചെയ്തത്. സർക്കാരിന്റെ ഔദ്യോഗിക കണക്കുതന്നെ നോക്കുക. ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാർ 2011-ൽ അധികാരമേൽക്കുമ്പോൾ കേരളത്തിന്റെ പൊതുകടം 78,673 കോടി രൂപയിൽ ഏറെയായിരുന്നു. ഇത് കേരള സംസ്ഥാനം രൂപവൽക്കരിക്കപ്പെട്ടത് മുതൽ 2011 വരെയുള്ള അഞ്ചര പതിറ്റാണ്ടുകാലത്തെ കടമായിരുന്നു. എന്നാൽ അഞ്ചുവർഷം ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണം പൊടിപൊടിച്ചപ്പോൾ എന്താണ് കടത്തിന്റെ സ്ഥിതി? 1,55,389 കോടി രൂപയിലേറെയായി വർദ്ധിച്ചില്ലേ? അതായത് 55 കൊല്ലം കൊണ്ടുണ്ടായ കടത്തിന് തുല്യമായ കടമല്ലേ കഴിഞ്ഞ 5 വർഷംകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടി ജനങ്ങളുടെ തലയിൽ കെട്ടിവച്ചത്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയുമാക്കെ ബഹു മിടുക്കൻമാരാണ്. മിടുക്കൻമാർ തന്നെ. ഇവിടെ നിന്നാണ് ഈ സർക്കാർ അതിന്റെ ധനകാര്യ മാനേജ്മെന്റ് ആരംഭിക്കുന്നത്. അത് നേരെയാക്കുമെന്ന പ്രഖ്യാപനമാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഓരോ ഖണ്ഡികയിലും പ്രതിഫലിക്കുന്നത്.

മലയാള മനോരമയ്ക്കുപോലും ബഡ്ജറ്റിനെ പുകഴ്ത്തിപ്പറയേണ്ടി വരുമ്പോൾ.. ക്ഷാമമെങ്കിലും ക്ഷേമം.. ക്ഷാമമെങ്കിലും ക്ഷേമം. (മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ചു) മലയാള മനോരമയുടെ മാനസപുത്രനായ ശ്രീ. ഉമ്മൻ ചാണ്ടിക്ക് എങ്ങനെയാണ് ഈ ബഡ്ജറ്റിനെ എതിർക്കാൻ കഴിയുക; ദീപിക ദിനപത്രം പറഞ്ഞത് 'ക്ഷേമം മുഖ്യമെന്നാണ് '. (ദീപിക ദിനപത്രം - ഉയർത്തിക്കാണിച്ചു.) മംഗളം ദിനപത്രവും ബഡ്ജറ്റിനെ ക്ഷേമ ബഡ്ജറ്റ് എന്നുതന്നെയാണ് വിശേഷിപ്പിച്ചത്. മാതൃഭൂമി ദിനപത്രത്തിൽ ബഡ്ജറ്റ് ജനകീയമെന്നാണ് ഹെഡ്ഡിംഗ്. ബഡ്ജറ്റിനെ ജനകീയമെന്നാണ് വിശേഷിപ്പിച്ചത്. ഒരു ഇടതുപക്ഷ സർക്കാരിന്റെ കന്നി ബഡ്ജറ്റ് എന്തായിരിക്കുമെന്ന് കേരളത്തിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു നമ്മുടെ മാധ്യമങ്ങൾ. അതുകൊണ്ടുതന്നെയാവണം ഇൻഡ്യൻ എക്സ്പ്രസ് പത്രം ഈ ബഡ്ജറ്റിനെ സോഷ്യലിസ്റ്റ് മാനിഫെസ്റ്റോ യെന്ന് വിശേഷിപ്പിച്ചത്. (ഇൻഡ്യൻ എക്പ്രസ് പത്രം ഉയർത്തിക്കാണിച്ചു.) ഇങ്ങനെ മാധ്യമങ്ങൾ ഒന്നടങ്കം നല്ലതെന്ന് പറഞ്ഞൊരു ബഡ്ജറ്റ് വേറെയുണ്ടോ? കേരളം മുഴുവൻ ഈ ബഡ്ജറ്റിനെ അംഗീകരിക്കുന്നുവെന്നല്ലേ ഇത് തെളിയിക്കുന്നത്. അതുകൊണ്ട് അപ്പുറത്തിരിക്കുന്ന എന്റെ മാന്യ സ്നേഹിതൻമാർ കൂടി ഈ ബഡ്ജറ്റിനെ പിന്തുണച്ച് സംസാരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതിനാവശ്യമായ ഒരിടപെടൽ നടത്തണമെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ നിങ്ങളുടെ പ്രസിഡന്റ് ആ പണി ചെയ്തുകളയും എന്ന് പ്രതിപക്ഷനേതാവിനെ ഓർമ്മിപ്പിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലൂടെയുള്ള ഒരു സാമ്പത്തിക യാത്രയാണ് ഈ ബഡ്ജറ്റ് നടത്തുന്നത്. ഈ ബഡ്ജറ്റിനെ നയിക്കുന്ന ഒരു ദർശനമുണ്ട്. മിസ്റ്റർ മാണി ചെയ്തതുപോലെ കണക്കുകൾ കൊണ്ട് കസർത്തു കാണിക്കുകയല്ല ഇതിൽ ചെയ്തിട്ടുള്ളത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ജീവിതം പുരോഗതിയിലേക്ക് നയിക്കുന്നതിനുള്ള നിർദ്ദേശങ്ങളും മാർഗ്ഗരേഖയും അടങ്ങുന്നതാണത്. കേരളത്തിലെ ജനങ്ങളുടെ ജീവിതവും പ്രതീക്ഷകളും തളിരിട്ടു നിൽക്കുന്നതാണ് ഈ ബഡ്ജറ്റ്. പ്രകടനപത്രിക ജനങ്ങളെ പറ്റിക്കാനുള്ള ഒരു പുസ്തകമാണെന്നാണ് യു.ഡി.എഫ്. സർക്കാർ കണക്കാക്കിയിരുന്നത്. 5 വർഷം മുമ്പ് എന്തെല്ലാമാണ് അവർ പ്രകടനപത്രികയിൽ എഴുതിവച്ചിരുന്നത്. അതിലെന്തെങ്കിലും അവരുടെ ഏതെങ്കിലും ബഡ്ജറ്റിൽ പ്രതിഫലിച്ചിരുന്നോ? അതേപ്പറ്റിയൊക്കെ എന്തെങ്കിലും കാര്യം ജനങ്ങളുടെ ഓർമ്മയിലുണ്ടോ? ക്ഷമിക്കണം. ഓർമ്മയിലുണ്ട്. മാണി ലഡ്ഡു തിന്നുന്ന കാര്യം. ജനങ്ങളുടെ

ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ഗതാഗതം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാനാണ് അവർ ഒരു സർക്കാരിനെ തെരഞ്ഞെടുക്കുന്നത്. യു.ഡി.എഫിനേയും ജനങ്ങൾ ആ പ്രതീക്ഷവച്ചാണ് തെരഞ്ഞെടുത്തത്. എന്നിട്ട് നിങ്ങൾ ചെയ്തതെന്താണ്? ആരോഗ്യമേഖല നന്നാക്കാൻ നോക്കുന്നതിനുപകരം എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകളുണ്ടാക്കി എന്ന് മേനിനടിച്ച് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് തൊട്ടടുത്ത് യാതൊരു മാനദണ്ഡവും പാലിക്കാതെ താലൂക്ക് ആശുപത്രികളുടെ സൗകര്യങ്ങൾ പോലുമില്ലാത്ത ആശുപത്രികളിൽ മെഡിക്കൽ കോളേജ് എന്ന ബോർഡ് കെട്ടിത്തൂക്കി. അവിടെ ആവശ്യത്തിന് ഡോക്ടർമാരോ, പാരാ മെഡിക്കൽ സ്റ്റാഫോ, മരുന്നോ ഇല്ല. യു.ഡി.എഫിന്റെ കാലത്ത് വിദ്യാഭ്യാസ മേഖല ഈജിയൻ തൊഴുത്താണെന്ന് കോൺഗ്രസ്സിന്റെ മുഖപത്രമല്ലേ എഴുതിയത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. എന്നാൽ ഇതല്ല എൽ.ഡി.എഫ്. സർക്കാരിന്റെ നയം. കേരളത്തിന്റെ സാമൂഹ്യസാമ്പത്തിക ജീവിതം ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനുമുള്ള കർമ്മ പരിപാടികളാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ മേഖലകളെയെല്ലാം സ്പർശിക്കുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉള്ളതെന്ന് കാണാൻ കഴിയും. സമൂഹത്തിന്റെ താഴേക്കിടയിലുള്ള ജനവിഭാഗങ്ങളുടെ ക്ഷേമവും ഐശ്വര്യവുമാണ് ഈ ബഡ്ജറ്റിന്റെ മുഖമുദ്ര. എൽ.ഡി.എഫ്. സർക്കാരുകൾ എന്നും അങ്ങനെയായിരുന്നു. 1957-ലെ ഗവൺമെന്റിന്റെ കാലം മുതൽ ഈ സമീപനമാണ് കമ്യൂണിസ്റ്റ് പാർട്ടിയും എൽ.ഡി.എഫും കൈക്കൊണ്ടിട്ടുള്ളത്. കാരണം എൽ.ഡി.എഫ്. കേരളത്തിലെ പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങളുടെ നാഡീസ്പന്ദനങ്ങൾ തൊട്ടറിഞ്ഞ് പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ്. എല്ലാ ക്ഷേമ പെൻഷനുകളും 1000 രൂപയാക്കും, കാരുണ്യ പദ്ധതി ജനങ്ങളുടെ അവകാശമാക്കും, 5 വർഷം കൊണ്ട് പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കും, അഗതികൾക്കുള്ള ആശ്രയ പദ്ധതി വിപുലീകരിക്കും, എല്ലാ മാരക രോഗങ്ങൾക്കും സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കും, നെൽവയൽ ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കും, സ്ത്രീകളുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കും എന്നിങ്ങനെ ഒട്ടനവധി പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. 8-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുമെന്നതും ഏറെ ശ്രദ്ധേയമാണ്. 8-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം സൗജന്യവും സാർവത്രികവും നിർബന്ധിതവുമാക്കിയത് 1957-ലെ ഇ.എം.എസ്. സർക്കാരായിരുന്നു എന്ന കാര്യവും ഇതുമായി കൂട്ടി വായിക്കേണ്ടതാണ്. ആദിവാസികൾ, അനാഥക്കുട്ടികൾ, അഗതികൾ, ഭിന്നശേഷിക്കാർ, മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾ, ഭൂരഹിതർ, ഭർത്താവുപേക്ഷിച്ച സ്ത്രീകൾ, എൻഡോസൾഫാൻ

ദുരിതബാധിതർ എന്നു തുടങ്ങി സാമൂഹ്യ ജീവിതത്തിലെ സർവ്വ മേഖലകളേയും സ്പർശിക്കുന്ന അത്യന്തം പുരോഗമനപരമായ കർമ്മ പദ്ധതികളാണ് ബഡ്ജറ്റിലുള്ളത്. വെള്ളക്കരം പോലും അടിക്കടി വർദ്ധിപ്പിച്ച് പാവപ്പെട്ടവരുടെ വെള്ളംകുടിപോലും മുട്ടിച്ചവരല്ലേ യു.ഡി.എഫ്. സർക്കാർ. ആ സ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചത് അഞ്ചുവർഷവും വെള്ളക്കരം വർദ്ധിപ്പിക്കുകയില്ല എന്നാണ്. എനിക്കു ശേഷം ധാരാളംപേർ സംസാരിക്കാനുള്ളതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. ഇവിടെ സൂചിപ്പിച്ച ഏത് കാര്യത്തെയാണ് യു.ഡി.എഫ്.-കാർക്ക് എതിർക്കാൻ കഴിയുക. നിങ്ങൾ എതിർക്കുന്നു എന്നുപറഞ്ഞാൽ ഒന്നുകിൽ നിങ്ങൾ ജനപക്ഷത്തല്ല അല്ലെങ്കിൽ കണ്ണടച്ച് ഇരുട്ടാക്കുകയാണ്. ഇത് രണ്ടിൽ ഏതായാലും യു.ഡി.എഫുകാരാ നിങ്ങളുടെ കാര്യം കഷ്ടമാണ്.....കഷ്ടമാണ്......കാരണം കേരളത്തിലെ ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്. ഒരിക്കൽക്കൂടി ജനക്ഷേമപരമായ ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. വിൻസെന്റ് </u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ പുതുക്കിയ ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. അങ്ങ് ശ്രീനാരയണ ഗുരുദേവന്റെ ദൈവദശകം ഇതിൽ അനുസ്മരിക്കുന്നുണ്ട്, ഞാനും ആ ദൈവദശകത്തിന്റെ ആദ്യത്തെ വരികൾ ഇവിടെ ഉദ്ധരിക്കുകയാണ്.

"ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ "

അങ്ങയുടെ ബഡ്ജറ്റ് പ്രസംഗം കേട്ടപ്പോൾ അറിയാതെ ഈശ്വരനെ വിളിച്ചുപോയി. ഇനി ഈശ്വരൻ വിചാരിച്ചാൽ മാത്രമേ ബഡ്ജറ്റിനു പുറത്തുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇല്ലാത്ത കമ്പനിയുണ്ടാക്കി സർക്കാരിൽ നിന്ന് സുസ്ഥിര വരുമാനം ഉറപ്പുനൽകി, കമ്പോളത്തിൽ നിന്നും കടമെടുത്തും സമൂലമായ നിയമഭേദഗതി വരുത്തി, കിഫ്ബി വഴി കടമെടുത്തും നടപ്പാക്കും എന്നുപറയുന്ന പദ്ധതികൾക്കാണ് ഈ ട്രഷറി ബഞ്ചുകളിൽ നിന്ന് കൈയടി ഉയർന്നത്. തൊഴിലില്ലാത്ത പിതാവ് ശമ്പളം കിട്ടുമ്പോൾ പുത്തനുടുപ്പ് വാങ്ങിത്തരാം എന്നു പറഞ്ഞതുകേട്ട് വിശ്വസിച്ച കുഞ്ഞുങ്ങളെപ്പോലെയാണ് ഇവർ ഓരോ പദ്ധതിക്കും കൈയടിച്ചത്. ഇവിടെ സംസാരിച്ച പ്രതിപക്ഷത്തെ ഒരംഗം പറയുകയുണ്ടായി ഇത് വെറും മലർപ്പൊടിക്കാരന്റെ സ്വപ്നമാണെന്ന്. മലർപ്പൊടിക്കാരന്റെ സ്വപ്നം എന്നു വിശേഷിപ്പിച്ചാൽ മലർപ്പൊടിക്കാരൻ മാനനഷ്ടത്തിന് കേസ്സുകൊടുക്കും. മലർപ്പൊടിക്കാരനുള്ള യുക്തിഭദ്രതയും യാഥാർത്ഥ്യബോധവും പോലും ഈ ബഡ്ജറ്റിനില്ല എന്നുപറയാൻ ആഗ്രഹിക്കുകയാണ്. സർക്കാർ

കടമെടുക്കും, നിക്ഷേപം സ്വീകരിക്കും. എങ്ങനെയാണ് ഈ നിക്ഷേപം വരുന്നത്? ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധവളപത്രം പ്രസിദ്ധീകരിച്ചു. എന്താണ് അതിൽ പറയുന്നത്. കേരളം സമ്പൂർണ്ണ സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നാണ്. കേരളം സമ്പൂർണ്ണമായും സാമ്പത്തിക പ്രതിസന്ധിയിലാണെന്ന ചിത്രമാണ് ഈ ലോകത്തിന് ധനകാര്യമന്ത്രി നൽകിയത്. അങ്ങനെയൊരു ചിത്രം നൽകിയതിനുശേഷം, എങ്ങനെയാണ് ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം വരിക; എങ്ങനെയാണ് ഇരുപതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് അങ്ങേക്ക് ഇവിടെ നടപ്പിലാക്കാൻ സാധിക്കുക? അതുകൊണ്ട് അങ്ങ് നടക്കാത്ത ആശയങ്ങളുടെ പ്രവാചകനും പ്രചാരകനും പ്രയോക്താവുമാണ്. ഇതിനു മുമ്പും ഇത്തരം ആശയങ്ങൾ അങ്ങയുടെ ബഡ്ജറ്റുകളിൽ പറഞ്ഞിട്ടുണ്ട്. 2006-07 ബഡ്ജറ്റിൽ അങ്ങ് ലക്കിവാറ്റ് പ്രഖ്യാപിച്ചു. യാതൊരു പ്രയോജനവുമുണ്ടായില്ല, അങ്ങേക്ക് അത് പിൻവലിക്കേണ്ടി വന്നു. 2009-2010-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പാരാ 192-ൽ അങ്ങ് കേരളത്തിലെ ഡാമുകളിൽ 12000-15000 കോടി രൂപയുടെ വരെ മണലുണ്ടെന്ന് പറഞ്ഞ് ആ മണ്ണ് സംഭരിച്ച് ആ തുകയുംകൂടി പദ്ധതികൾ പ്രഖ്യാപിച്ചു. കൂടാതെ മലമ്പുഴ ഡാമിൽ മാത്രം 300 കോടി രൂപയുടെ മണ്ണ് വാരാൻ സാധിക്കുമെന്ന് പറഞ്ഞ് അതിന്റെ പേരിലും പദ്ധതികൾ പ്രഖ്യാപിച്ചു. എന്തെങ്കിലും യാഥാർത്ഥ്യബോധമില്ലാത്ത തരത്തിലുള്ള വരുമാനം പറയുക, എന്നിട്ട് അതിന്റെ പേരിൽ പദ്ധതികൾ പ്രഖ്യാപിക്കുക. ഇപ്പോൾ അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൂടി വലിച്ചിഴച്ചിരിക്കുകയാണ്. ബഡ്ജറ്റിന്റെ തലേദിവസം മുഖ്യമന്ത്രി ഈ പ്രസംഗം വായിക്കുക മാത്രമല്ല എല്ലാ ഘട്ടങ്ങളിലും അദ്ദേഹം അതിന് നേതൃത്വം നൽകിയെന്നാണ് ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞത്. എന്നുപറഞ്ഞാൽ ഈ പദ്ധതി നടപ്പാക്കാതെ പോയാൽ അതിന്റെ ഉത്തരവാദിത്തം എനിക്ക് മാത്രമല്ല മുഖ്യമന്ത്രിക്ക് കൂടിയുണ്ട് എന്നുപറഞ്ഞ് അദ്ദേഹത്തിനെക്കൂടി ഇതിൽ വലിച്ചിഴച്ചിരിക്കുകയാണ്. ഈ ബഡ്ജറ്റിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന് നടക്കാൻ കഴിയാത്ത പദ്ധതികളുടേതായിട്ടുള്ള ഒരു ഉട്ടോപ്യൻ ഭാഗം. ആ ഭാഗത്തെ മൈനസ് ചെയ്താൽ കിട്ടുന്നത് ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റാണ്. ഈ ഉട്ടോപ്യൻ ഭാഗം മാറ്റിക്കഴിഞ്ഞാൽ ഞങ്ങൾ അവതരിപ്പിച്ച ബഡ്ജറ്റിൽ വള്ളിപുള്ളിമാറ്റാൻ തയ്യാറാകാത്ത ബഡ്ജറ്റാണ് നിങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഈ നടപ്പു സാമ്പത്തിക വർഷം എത്ര പണം അങ്ങ് ചെലവഴിക്കും. ബഡ്ജറ്റിന് പുറത്ത് നിന്നും പണമുണ്ടാക്കി മാന്ദ്യ വിരുദ്ധ പാക്കേജിൽ എത്ര പണം ചെലവഴിക്കുമെന്ന് പ്രഖ്യാപിക്കാൻ അങ്ങ് ആർജ്ജവം കാണിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

ഞാൻ കൈത്തറിയുടെ നാട്ടിൽനിന്നും വരുന്ന ഒരു ജനപ്രതിനിധിയും എന്റെ പിതാവ് ഒരു കൈത്തറി തൊഴിലാളിയുമാണ്. അതുകൊണ്ട് കൈത്തറിക്ക് ഏർപ്പെടുത്തിയ രണ്ട് ശതമാനം നികുതി പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന് എന്തോ പദവി കൊടുക്കാൻ പോകുന്നുവെന്നാണ് കേൾക്കുന്നത്. അദ്ദേഹം മുഖ്യമന്ത്രി ആയിരുന്ന ആളും ആ സ്ഥാനം ആഗ്രഹിച്ച ആളുമാണ്. അതിനാൽ ഈ സർക്കാർ നൽകുന്ന പദവിയിലേക്ക് പോകരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. അങ്ങ് വോട്ട് ചെയ്യാൻ പോയപ്പോൾ പോലും ഒളിഞ്ഞ് നോക്കിയവരുൾപ്പെടുന്ന ഈ മന്ത്രിസഭ നൽകുന്ന ഒരു സ്ഥാനവും അങ്ങ് സ്വീകരിക്കരുത്. ഇന്ദുലേഖയെ മോഹിച്ചിട്ട് വാല്യക്കാരിയെക്കൊണ്ട് തൃപ്തിപ്പെടുന്ന സൂര്യനമ്പൂതിരിപ്പാടിന്റെ അവസ്ഥയിലേക്ക് ബഹുമാന്യനായ അങ്ങ് മാറരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. ബഹുമാനപ്പെട്ട എം. സ്വരാജ് ഇവിടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ഒരു കാലത്ത് സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി കഴിയുമ്പോൾ അദ്ദേഹം പറഞ്ഞതായി പറയപ്പെടുന്ന ചില പദപ്രയോഗങ്ങൾ പത്രമാധ്യമങ്ങളിൽ വരാറുണ്ട്. അതിന്റെ ആധികാരികതയെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. പക്ഷേ അത്തരത്തിലുള്ള പദപ്രയോഗങ്ങൾ പ്രതിപക്ഷത്തിന് നേരെ അങ്ങ് ഉപയോഗിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. രണ്ട് വർഷത്തേക്ക് തസ്തിക നിരോധനമേർപ്പെടുത്തിയ സർക്കാരാണ് 49,000 തസ്തികകൾ ഏർപ്പെടുത്തിയ ഒരു സർക്കാരിനെതിരായി സമരം ചെയ്തത്. ഡി.വൈ.എഫ്.ഐ.-യുടെ നേതാവായിട്ടുള്ള നിങ്ങൾ, തസ്തിക നിരോധനമേർപ്പെടുത്തിയ ഈ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റ് വിശുദ്ധ ബഡ്ജറ്റായി പറഞ്ഞിരിക്കുന്നു. നിങ്ങൾക്ക് യുവജനപ്രസ്ഥാനത്തിലിരിക്കാനുള്ള യോഗ്യതയുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങൾ യുവാക്കളോടെങ്കിലും നീതി പുലർത്തണമെന്ന് ഞാൻ പറയുന്നു.

1993-1995 കാലയളവിൽ കേരളത്തിൽ ആട്-തേക്ക്-മാഞ്ചിയം എന്ന പേരിൽ ഒരു വലിയ തട്ടിപ്പ് നടന്നു. ആയിരം രൂപ മുടക്കിയാൽ അഞ്ച് വർഷം കഴിയുമ്പോൾ ഇരുപതിനായിരം രൂപ കിട്ടുന്ന ആട്. ഇങ്ങനെയുള്ള തട്ടിപ്പ് നിക്ഷേപ പദ്ധതികളെ അനുസ്മരിപ്പിക്കുന്ന ഒരു തട്ടിപ്പ് ബഡ്ജറ്റാണിത്. ഈ തട്ടിപ്പ് ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീമതി ഗീതാ ഗോപി</u> : സർ, കേരളത്തിന് നവജീവൻ നൽകുന്ന ഒരു ജനകീയ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. ഞാൻ ആ ബഡ്ജറ്റിന് പൂർണ്ണ പിന്തുണ നൽകുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളം ഭരിച്ച് സാമ്പത്തിക രംഗമാകെ താറുമാറാക്കിയിരിക്കുകയാണ്. കടം വാങ്ങിച്ച് നിത്യനിദാനച്ചെലവ് നടത്തിയ ഒരു സർക്കാരാണ് കഴിഞ്ഞ അഞ്ചുവർഷം കേരളം ഭരിച്ചിരുന്നത്. എല്ലാ രംഗത്തും മുരടിപ്പും തകർച്ചയുമാണ് കേരള ജനത അനുഭവിച്ചത്. ഈ ബഡ്ജറ്റിനെ മലർപ്പൊടിക്കാരന്റെ സ്വപ്നമെന്ന് വ്യാഖ്യാനിക്കുന്ന പ്രതിപക്ഷത്തിന് ഇറങ്ങിപ്പോകുന്ന സമയത്തെങ്കിലും തകർന്നടിഞ്ഞ കേരളത്തിന്റെ സമ്പദ്ഘടനയെ ഏതെങ്കിലും തരത്തിൽ കൈപിടിച്ചുയർത്തുവാൻ സാധിച്ചോയെന്ന് പറയാൻ സാധിക്കണം. ഇന്ന് പുറത്തിറങ്ങിയ മലയാള മനോരമ പത്രമാണിത്. (മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ചു.) ഈ പത്രത്തിൽ പറയുന്നത് 'സരോജയ്യം നിർഭാഗ്യത്തിന്റെ പെരുമഴക്കാലം'. നിറഞ്ഞ മഴയത്തും കാറ്റത്തും തെരുവിൽ അന്തിയുറങ്ങുന്ന ഒരമ്മയും ആ അമ്മയെ കെട്ടിപ്പിടിച്ച് രണ്ട് മക്കളും. തെരുവോരത്ത് ടെന്റ് കെട്ടിക്കിടക്കുകയാണ് അവർ. കേരളത്തിൽ ഒരു തുണ്ട് ഭൂമിയില്ലാതെ എത്രയോ പാവപ്പെട്ട കുടുംബങ്ങൾ തെരുവിൽ അന്തിയുറങ്ങുന്നു. അവർക്ക് ഭൂമി പതിച്ച് നൽകാനും സ്വന്തമായി ഭവനങ്ങൾ നിർമ്മിച്ച് നൽകാനും ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ ശ്രമിക്കുന്നു. കഴിഞ്ഞ ഭരണത്തിന്റെ അവസാന നാളുകളിൽ കണ്ടതെന്താണ് സാർ? ഭൂമിഗീതം പാടി നടക്കേണ്ട ഗതികേട് ഈ പ്രതിപക്ഷത്തിന് വന്നു. അന്നത്തെ റവന്യൂ വകുപ്പുമന്ത്രി തൃശ്ശൂർ ജില്ലയിൽ ഒരു ഭൂമിഗീതം പരിപാടി സംഘടിപ്പിച്ച് ലക്ഷങ്ങളാണ് പൊടിച്ചത്. അതിൽ വന്ന വരുമാനം ജില്ലാ കളക്ടർ ഖജനാവിലൊതുക്കിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത്. അത് അന്നത്തെ ഭരണാധികാരികൾ കേരള ജനതയോട്, നീതി നിവർവ്വഹണരംഗത്തോട് കാണിച്ച കടുത്ത നിലപാടായിരുന്നു. വരുന്ന അഞ്ച് വർഷത്തിനുള്ളിൽ ഒരു തുണ്ട് ഭൂമിയില്ലാത്തവരായി ആരുംതന്നെ കേരളത്തിൽ ഉണ്ടാവുകയില്ല. ഭൂരഹിതരായവർക്കെല്ലാം ഭൂമി പതിച്ച് നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് തോമസ് ഐസക് സാറിന്റെ ബഡ്ജറ്റിലുള്ളത്. ഈ ഗ്യാലറിയിൽ കാണുന്ന മുഴുവൻ ജനങ്ങളും കേരളത്തിന്റെ ഭരണപരമായ നടപടിക്രമങ്ങളെ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കേരളം വലിയ പ്രതീക്ഷയോടുകൂടിയാണ് അദ്ദേഹത്തിന്റെ ബഡ്ജറ്റിനെ കാണുന്നത്. യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് കേരളത്തിന്റെ ഖജനാവ്

കാലിയാക്കി. ഇപ്പോൾ കേരളത്തിന്റെ ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങളെ സാമൂഹിക പ്രതിബദ്ധതയോടുകൂടി കേരള ജനത നോക്കിക്കാണുകയാണ്. സാമൂഹിക സമ്പദ്ഘടനയിൽ മാറ്റം വരുത്തിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളതെന്ന് ധനകാര്യ വകുപ്പ് മന്ത്രി കഴിഞ്ഞ ദിവസം സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലൂടെ തെളിയിച്ചു. ഏത് ജന സമൂഹവും അംഗീകരിക്കുന്ന ബഡ്ജറ്റാണിത്. എന്തുകൊണ്ടാണ് ഇപ്പോഴും പ്രതിപക്ഷം അതിനെ മലർപ്പൊടിക്കാരന്റെ സ്വപ്നമെന്ന് വ്യാഖ്യാനിക്കുന്നതെന്നാണ് ഞാൻ സംശയിക്കുന്നത്. എന്ത് യാഥാർത്ഥ്യബോധത്തോടുകൂടിയാണ് അവർ ഈ ബഡ്ജറ്റിനെ ഇങ്ങനെ കാണുന്നത്? വളരെ ലജ്ജയുണ്ട്, എത്രയെത്ര തരത്തിലുള്ള സംഭവവികാസങ്ങൾ കേരളത്തിലുണ്ടായി. ആത്മഹത്യ ചെയ്യുന്ന കർഷകൻ, കേരളത്തിലെ ജനതയ്ക്ക് മാതൃകാപരമായിട്ടുള്ള ഒരു വികസനവും നടത്താത്ത ഗവൺമെന്റ്, കടക്കെണിയിലായ കർഷകൻ ആത്മഹത്യ ചെയ്യുന്നു, സ്ത്രീപീഡനങ്ങൾ വർദ്ധിക്കുന്നു, കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്ന ഗവൺമെന്റ്, ഇത്തരത്തിലുള്ള സാമൂഹ്യ പശ്ചാത്തലത്തിൽ വീർപ്പുമുട്ടുന്ന ഈ സർക്കാരിനെ ഒരു കൈ സഹായിക്കാൻ കേരളത്തിന്റെ സാമൂഹ്യ മാറ്റത്തിന്, ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഞങ്ങൾ ഇന്നത് ചെയ്തുവെന്ന് പറയാൻ പ്രതിപക്ഷം ഇപ്പോഴും തയ്യാറാകുന്നില്ല. അതുകൊണ്ടു തന്നെയാണ് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ നിന്നും ഒളിച്ചോടുന്ന നെട്ടോട്ടമാണ് അവർ ഇവിടെ കാണിക്കുന്നത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് വളരെയേറെ നന്ദിയും കടപ്പാടും രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷമായി നാട്ടിക നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. വർഷങ്ങളായി കേരളത്തിലെ ജനങ്ങളോടും ഭരണത്തോടും ഇന്ത്യൻ സാമൂഹിക സാംസ്കാരിക രംഗത്തെ ഒരുപാട് നായകൻമാരോടും നിരന്തരം ആവശ്യപ്പെട്ട ഒരു കാര്യമായിരുന്നു കേരളത്തിന്റെ സാംസ്കാരിക നായകനായ, കവി ആരാധ്യനായ കുഞ്ഞുണ്ണി മാഷിന് ഒരു സ്മാരകം പണിയണമെന്നത്. അതിനായി 25 ലക്ഷം രൂപ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ഉൾപ്പെടുത്തി. കേരളത്തിന്റെ പ്രിയ കവിക്ക് ഒരു സ്മാരകം പണിയുവാനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയതിൽ വളരെയേറെ അഭിമാനമുണ്ട്. അന്യം നിന്നുപോകുന്ന ഒരു സമീപനമാണ് കഴിഞ്ഞ സർക്കാർ ഇതിനെടുത്തത്. ഇതാണ് സാംസ്കാരിക കാര്യങ്ങളിൽ യു.ഡി.എഫ്. ഗവൺമെന്റ് കാണിച്ച നിലപാട്.

മത്സ്യത്തൊഴിലാളി മേഖലയ്ക്കുവേണ്ടി അനിയന്ത്രിതമായിട്ടുള്ള ഒരുപാട് പദ്ധതികൾ കേരളത്തിലുണ്ട്. അത് നിയന്ത്രിതമായിട്ടുള്ള ഒരു രേഖയിലേക്ക്, വികസന സാധ്യതയിലേക്ക്, മത്സ്യത്തൊഴിലാളി മേഖലക്ക്, കാസർഗോഡ് മുതൽ തിരുവനന്തപുരം ജില്ല വരെ ഏകദേശം പന്ത്രണ്ടരലക്ഷത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് അനുബന്ധ തൊഴിലെടുത്ത് ജീവിക്കുന്നത്. അവർക്കുണ്ടാകുന്ന അപകടങ്ങളിലും പ്രതിസന്ധികളിലും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും അടിയന്തരമായി സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി ഒരു ഫണ്ട് ക്ഷേമനിധിയുമായി ബന്ധപ്പെടുത്തി അലോട്ട് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കുടിവെള്ള പ്രശ്നത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന ഒരു മണ്ഡലമാണ് നാട്ടിക. തീരദേശ മേഖലയോടും പുഴയോരമേഖലയോടും കായലോര മേഖലയുമായും ബന്ധപ്പെട്ടുകിടക്കുന്ന ഈ മണ്ഡലത്തിൽ, തീരദേശ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടേയും കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. കുടിവെള്ള പദ്ധതികൾ സമഗ്രമായി നടപ്പിലാക്കാൻ, ഉപ്പ് വെള്ളം കയറാതിരിക്കാൻ, തൃശ്ശൂർ കോൾ മേഖലയ്ക്ക് ഭീഷണിയായി നിൽക്കുന്ന മുനയം റെഗുലേറ്റർ സ്ഥിരം സംവിധാനമാക്കുന്നതിന് വേണ്ടി ഈ ബഡ്ജറ്റിൽ 21.75 കോടി രൂപ ഉൾപ്പെടുത്തണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. തൃപ്രയാർ പാലത്തിന് 30 കോടി രൂപ വകകൊള്ളിച്ച് ആ പാലത്തിന്റെ അപകടാവസ്ഥ മാറ്റാൻ ഈ ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ച ബഹുമാനപ്പെട്ട തോമസ് ഐസക് സാറിനെ അഭിമാനപൂർവ്വം അഭിനന്ദിക്കുന്നു. ഈ നാടിന്റെയും സംസ്ഥാനത്തിന്റെയും ജനവികസന സാമൂഹ്യമാറ്റത്തിനുവേണ്ടി ഒരു ജനകീയ സർക്കാരായി ജനങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് സാധാരണക്കാരുടെ സാമൂഹ്യ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ സർക്കാരിന്റെ ഈ ജനകീയ ബഡ്ജറ്റിന് പൂർണ്ണ പിന്തുണയും ശക്തിയും നൽകിക്കൊണ്ട് ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സജീവമായിട്ടുള്ള പിന്തുണ നൽകിക്കൊണ്ട് നിർത്തുന്നു. അഭിവാദ്യങ്ങൾ.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ഒരു ഭരണമാറ്റം വരുമ്പോൾ ഭരണപക്ഷം ജൂബിലന്റാവുക എന്നത് അസ്വാഭാവികമായ ഒന്നല്ല. പക്ഷേ കുറച്ചൊക്കെ ഒരു മാഗ്നാനിമിറ്റി ഞങ്ങളെ പോലെയുള്ളവർ പ്രതീക്ഷിച്ചിരുന്നു. സമചിത്തതയില്ലാതെ കഴിഞ്ഞ ദിവസങ്ങളിലെ ചർച്ചകളിലെല്ലാം പ്രകടമായ അമിതാവേശം, സത്യത്തിൽ ഈ തെരഞ്ഞെടുപ്പിൽ

ഇത്ര അമിതാവേശം കാണിക്കാൻ എന്താണ് സംഭവിച്ചതെന്ന് വളരെ ഗൗരവതരമായി ആലോചിക്കേണ്ടതാണ്. ഈ വിജയം എൽ.ഡി.എഫിന് കിട്ടിയ ജനവികാരമാണെന്ന് നിങ്ങൾ തെറ്റിദ്ധരിക്കുകയാണ്. യഥാർത്ഥത്തിൽ ടി. പി. ചന്ദ്രശേഖരനെ വധിച്ചതിന് ജനങ്ങൾ നൽകിയ പാരിതോഷികമാണോ ഈ വിജയം. അതോ കതിരൂർ മനോജിനെ കൊന്നതിന് കിട്ടിയ പാരിതോഷികമാണോ ഇത്. ഒരു പുലർകാലവേളയിൽ ചിതറിവീണ പൂങ്കുലപോലെ ഒരു കൊച്ചുകുട്ടിയെ, അരിയിൽ ഷുക്കൂറിനെ വധിച്ചതിന് കിട്ടിയ പാരിതോഷികമാണോ ഇത്. ജയകൃഷ്ണൻ മാഷിനെ ഒരു സ്കൂളിലെ ക്ലാസ് മുറിയിൽ കുട്ടികളുടെ മധ്യത്തിൽവച്ച് വധിച്ചതിന് കിട്ടിയ പാരിതോഷികമൊന്നുമല്ല ഇത്. കേരളത്തിലെ വ്യത്യസ്തമായ ജനവിഭാഗങ്ങൾ വ്യത്യസ്തമായ കാരണങ്ങളാൽ എൽ.ഡി.എഫിന് അനുകൂലമായി വോട്ട് ചെയ്തത് ഒരു താല്ക്കാലിക പ്രതിഭാസമാണെന്ന് വരുംനാളുകളിൽ നിങ്ങൾക്ക് ബോധ്യംവരാനിരിക്കുകയാണ്. ഈ ബഡ്ജറ്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധിച്ചാൽ..... ഞാൻ അതിന്റെ പൊളിറ്റിക്കൽ സൈഡിലേക്കല്ല പോകുന്നത്. ഫ്രഞ്ച് എഴുത്തുകാരനായ Jacques Derrida-യുടെ 'അപനിർമ്മാണം' (ഡീകൺസ്ട്രക്ഷൻ) എന്ന ഗ്രന്ഥത്തിൽ ചർച്ച ചെയ്ത വിഷയമുണ്ട്. നിങ്ങൾ മറച്ചുപിടിച്ചാലും മാറ്റിവച്ചാലും ഉയർന്നുവരുന്ന ചില യാഥാർത്ഥ്യങ്ങളിവിടെയുണ്ട്. ഈ ബഡ്ജറ്റ് ഒരു തുടർച്ച മാത്രമാണെന്ന് നിഷ്പക്ഷമായി ആലോചിക്കുന്ന ആർക്കും മനസ്സിലാകും. ഇവിടെ നവസാമ്രാജ്യത്വവും നവമുതലാളിത്തവും ഉയർത്തുന്ന അക്രമോത്സുകമായ രാഷ്ട്രീയ പരിപാടികളെ നിരാകരിച്ചുകൊണ്ട് വിമോചനത്തിന്റെ ഒരു പുതിയ പാത കൊണ്ടുവന്നുവെന്ന് തെറ്റിദ്ധരിക്കുന്ന ആളുകളോട് സഹതപിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ഇവിടെയെന്താണ് സംഭവിച്ചത്? ധനകാര്യ വകുപ്പുമന്ത്രിയുടെ 'കേരളത്തിന്റെ വികസനം-നിയോ ലിബറൽ അജണ്ടക്കൊരു വിമർശനം' എന്നൊരു പുസ്തകം ഉണ്ട്. അദ്ദേഹത്തിന് എന്തായാലും ആ പുസ്തകം നിരാകരിക്കാൻ കഴിയില്ലല്ലോ; യു.ഡി.എഫ്.-നെ നിഷേധിക്കാൻ എന്ത് വാദമാണുള്ളത്? അദ്ദേഹം ഡോമർ ഗ്യാപ്പിനെക്കുറിച്ച് പറയുന്നുണ്ട്. അതെന്താണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഞാൻ വിശദീകരിക്കേണ്ടതില്ല. ജി.എസ്.ഡി.പി. കൂടുതലും ഇന്ററസ്റ്റ് റേറ്റ് കുറവുമാണെങ്കിൽ ബോറോവിംഗ് സസ്റ്റെയിനബിളാണെന്ന് ഡോമർ ഗ്യാപ് പറയുന്നുണ്ട്. അതനുസരിച്ച് ഇവിടെ ബോറോവിംഗ് നടന്നിട്ടുണ്ട്. ആ ബോറോവിംഗ് 2014-15 വർഷത്തെ ഔദ്യോഗിക റിപ്പോർട്ടിൽ പറയുന്നുണ്ട്. ജി.എസ്.ഡി.പി. 15.35 ആണ്. ഇന്ററസ്റ്റ് റേറ്റ് 7.42. വ്യത്യാസം 7.93. അതിന്റെ അർത്ഥം ബോറോവിംഗ് സസ്റ്റെയിനബിളാണ് എന്നാണ്. ഇപ്പോൾ റവന്യൂ

കമ്മിയെക്കുറിച്ചും ധനകമ്മിയെക്കുറിച്ചും ധനകാര്യ വകുപ്പുമന്ത്രി ഭീതി പരത്തുകയാണ്. ഞാൻ നയപ്രഖ്യാപന പ്രസംഗം രണ്ടുപ്രാവശ്യം വായിച്ചു. അതിന്റെ തുടക്കത്തിലും അവസാനത്തിലും ഭീതിപരത്തുന്നെന്ന് മാത്രം. സംഭ്രമജനകമായ ഒരു സമ്പദ്ഘടന യെക്കുറിച്ച് ഭീതിപരത്തുകയാണിവിടെ. അതിനുശേഷം വൈറ്റ്പേപ്പർ വായിച്ചു. എല്ലാ ഭാഗവുമല്ല, പ്രസക്തമായ ചില ഭാഗങ്ങൾ. ബഡ്ജറ്റ് നിർദ്ദേശങ്ങളും വായിച്ചു. ഫിസ്കൽ റെസ്പോൺസിബിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട് ഒരു വേദവാക്യമാണെന്ന് ധനകാര്യ വകുപ്പുമന്ത്രി വിചാരിക്കുന്നുണ്ടോ? 2011-ൽ ഭേദഗതി കൊണ്ടുവന്ന എഫ്.ആർ.ബി.എം. ആക്ട് പുന:പരിശോധിക്കാൻ കേന്ദ്രഗവൺമെന്റ് ശ്രീ. എൻ. കെ. സിംഗ് അദ്ധ്യക്ഷനായ ഒരു പുതിയ സമിതിയെ നിയമിച്ചിരിക്കുന്നു. അവിടെ ഫിസ്കൽ ഡെഫിസിറ്റ്, ഒരുപക്ഷെ അതിന്റെ ടാർജറ്റ് മാറാം. എന്നിട്ട് ഈ ഭീതിപരത്തി ഐക്യജനാധിപത്യ മുന്നണിയുടെ വർണശബളമായ നേട്ടങ്ങളെ തമസ്കരിക്കാൻ ശ്രമിക്കുന്നത് അന്യായമാണ്. ഇന്നലെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും ഇവിടെ അവതരിപ്പിച്ച വിഷയങ്ങൾ പ്രസക്തമാണെന്ന് മാത്രമല്ല, ഈ ബഡ്ജറ്റിലെ പുതിയ പല നികുതി നിർദ്ദേശങ്ങളും അടിസ്ഥാന വർഗ്ഗത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധവുമാണ്. സബ്ജക്ട് കമ്മിറ്റിയിലെങ്കിലും ഇക്കാര്യങ്ങൾ ഭേദഗതി വരുത്തി ഈ ബഡ്ജറ്റ് ജനോപകാരപ്രദമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിക്കറിയാം, താങ്കളല്ലേ മീഡിയം ടേം ഫിസ്കൽ പോളിസിയിൽ പുതിയൊരാശയം കൊണ്ടുവന്നത്? ഇഫക്ടീവ് റവന്യൂ ഡെഫിസിറ്റ്, ഇഫക്ടീവ് റവന്യൂ റെസീറ്റ് എന്നത് താങ്കളല്ലേ കൊണ്ടുവന്നത്? അതനുസരിച്ച് യു.ഡി.എഫ്.-നെ വിമർശിക്കാൻ സത്യസന്ധമായി ഒരു സാമ്പത്തിക വിദഗ്ദ്ധന് സാധിക്കുമോ എന്ന് താങ്കൾ ആലോചിക്കണം. അതുപോലെ ഞങ്ങൾക്ക് വേണമെങ്കിൽ ശമ്പള കമ്മീഷൻ രണ്ടാമത് മാറ്റിവയ്ക്കാമായിരുന്നില്ലേ? ഒരു കൊല്ലം മാറ്റിവയ്ക്കാമായിരുന്നില്ലേ. ഞങ്ങൾ മാറ്റിവച്ചില്ല. ഞങ്ങൾ അതും നടപ്പിലാക്കി. 2 ശമ്പളക്കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കുകവഴി ഞങ്ങൾ ഏറ്റെടുത്ത ഉത്തരവാദിത്തം മറച്ചുപിടിച്ച് യു.ഡി.എഫ്. സർക്കാരിന്റെ ഭരണനേട്ടങ്ങളെ തമസ്കരിക്കാനും നിരാകരിക്കാനും നടത്തുന്ന ശ്രമം ഒരിക്കലും മലയാളി സമൂഹം അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല. മുൻ സർക്കാരിന്റെ തുടർ പരിപാടികൾ മാത്രമേ ഈ ബഡ്ജറ്റിലുള്ളൂ. പുതിയ സർക്കാരിന്റെ ഒരു ടച്ച് ഉണ്ടെന്നത് നിഷേധിക്കുന്നില്ല. ഞങ്ങളുടെ പബ്ലിക് എക്സ്പെൻഡിച്ചറും ക്യാപിറ്റൽ എക്സ്പെൻഡിച്ചറും പ്ലാൻ എക്സ്പെൻഡിച്ചറും ഗണ്യമായി വർദ്ധിച്ചിട്ടും അതിന്റെ ക്വാളിറ്റി മോശമായിരുന്നില്ല. ഇതിൽ

ആർക്കെങ്കിലും സംശയമുണ്ടോ? സംശയമില്ലെന്ന് നിങ്ങളുടെ നയരേഖ നോക്കിയാൽ അറിയാം. രണ്ട് കാര്യമേ പറയുന്നുള്ളൂ. ഒന്ന് മെട്രോ റെയിൽ. അത് കാക്കനാടേക്ക് നീട്ടുമെന്ന് നിങ്ങൾ പറഞ്ഞു. ആലുവ മുതൽ തൃപ്പൂണിത്തുറവരെയായിരുന്ന പദ്ധതി. അത് കാക്കനാടേക്ക് നീട്ടുമെന്ന് യു.ഡി.എഫ്. തീരുമാനിച്ചു. നിങ്ങൾ അത് ആവർത്തിച്ച് പറഞ്ഞതിന്റെ അർത്ഥമെന്താണ്? ക്യാപിറ്റൽ എക്സ്പെൻഡിച്ചറും അതിന്റെ ക്വാളിറ്റിയും മെച്ചമായിരുന്നു എന്നുള്ളതിന്റെ അംഗീകാരപത്രമാണത്. രണ്ടാമത്തേത്, ജലവിഭവത്തിന്റെ വിതരണ കാര്യമാണ്. മുൻ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതികൾവഴി കേരളത്തിലെ 60 ശതമാനം ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുമെന്ന് ഈ നയരേഖയിൽ പറയുന്നു. അതിന്റെ അർത്ഥം ഈ എക്സ്പെൻഡിച്ചറിന് ക്വാളിറ്റിയുണ്ടായിരുന്നു എന്നാണ്. നമ്മുടെ ജനങ്ങളിൽ ഒരു ഭീതിയുണ്ടാക്കി യു.ഡി.എഫ്. സർക്കാരിന്റെ ഭരണനേട്ടങ്ങളെ തമസ്കരിക്കാൻ എന്തായാലും ആർക്കും സാധ്യമല്ല. ഞങ്ങൾ ഉത്തമവിശ്വാസത്തോടുകൂടി ആത്മാർത്ഥമായി ജനങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി കയ്യിൽകിട്ടിയ വിഭവങ്ങളെ പ്രത്യുല്പാദനപരമായ രംഗത്തേയ്ക്ക് തിരിച്ചുവിട്ട് ഈ സംസ്ഥാനത്തെ വളർച്ചയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിച്ച ഉത്തരവാദിത്തബോധമുള്ള ഒരു ഭരണകക്ഷിയായിരുന്നു വെന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. ഇവിടെ ഇന്നലെ പ്രസംഗിച്ചപ്പോൾ ഞങ്ങൾ തിരസ്കരിക്കപ്പെട്ടവരാണ്, തിരസ്കരിക്കപ്പെട്ട മുന്നണിയാണെന്ന് പറഞ്ഞതാണ് മനസ്സിലാകാത്തത്. ദുർബലമായ ബഡ്ജറ്റ് നിർദ്ദേശങ്ങളെ മുന്നിൽനിർത്തി ഇത്രമാത്രം ഊറ്റംകൊള്ളാൻ എന്താണുള്ളത്. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ കൊണ്ടുവരുന്ന മാറ്റങ്ങൾ അറിയാനിരിക്കുന്നതേയുള്ളൂ. ഒരു ആറ് മാസമെങ്കിലും കഴിഞ്ഞാലല്ലേ യഥാർത്ഥ ചിത്രം വ്യക്തമാകൂ. ശരിക്കും ഈ തെരഞ്ഞെടുപ്പ് ഫലം ഒരു താക്കീതാണ്. ഒരാഹ്വാനമാണ്. ഇതൊരു താക്കീതാണ്. ഏതർത്ഥത്തിൽ? കോൺഗ്രസ് പാർട്ടി ദുരഭിമാനം വെടിഞ്ഞ് യാഥാർത്ഥ്യബോധം കാണിച്ച് ബീഹാർ പരീക്ഷണം പോലെ ദേശീയ രാഷ്ട്രീയത്തിൽ കടന്നുവരണ മെന്ന ഒരു താക്കീതാണ്. അതാത് സംസ്ഥാനത്തിന്റെ ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികൾ ശരിക്ക് വിലയിരുത്തി കോൺഗ്രസ്സ് അടിമുടി മാറണം. മാർക്സിസ്റ്റ് പാർട്ടിക്ക് ഇതിൽ താക്കീതുണ്ട്. അവർക്ക് ഒരവസരം കൂടി കൊടുക്കാൻ മലയാളികൾ സൗജന്യം കാട്ടിയിരിക്കുന്നു. ബംഗാളിൽ മാർക്സിസ്റ്റ് പാർട്ടിയെ പാടെ കൈവിട്ട രീതി ആവർത്തിക്കാൻ മലയാളി തയ്യാറല്ല. കേരളത്തിന് ഒരു പ്രത്യേകതയുണ്ട്. ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഭൂരിപക്ഷം നൽകിയ ഒരു ജനതയാണ് കേരളത്തിലുള്ളത്.

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ്.... ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രിപോലും സമയത്തിന് അവസാനിപ്പിച്ചു. പ്ലീസ്......

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, അടിയന്തരാവസ്ഥക്കാലത്ത് യു.ഡി.എഫിനെ സഹായിച്ച ഒരു ജനതയാണിത്. സദ്ദാംഹുസൈന് വോട്ട് ചെയ്ത ഒരു ജനതയാണിത്. അതുകൊണ്ട് ഈ വോട്ടിംഗ് പാറ്റേണൊന്നും വച്ച് നിങ്ങൾ യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ ഭാവി വിലയിരുത്തുന്നത് ശരിയല്ല. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

1.00 PM]

ശ്രീ. തോമസ് ചാണ്ടി : സർ, ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. അങ്ങയുടെ ആത്മവിശ്വാസത്തെ വാനോളം പുകഴ്ത്താൻതന്നെ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കാരണം ഇവിടത്തെ പത്രങ്ങൾ മാത്രമല്ല സൗദി അറേബ്യയിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും നമ്മൾ വായിക്കാത്ത മലയാളം പത്രങ്ങൾ ധാരാളമുണ്ട്. അവരൊക്കെ എഴുതിയിരിക്കുന്ന വാർത്ത വായിച്ചാൽ എല്ലാവർക്കും ദൈവം കോമൺസെൻസ് കൊടുത്തിട്ടുണ്ട് എന്ന് മനസ്സിലാകും. അങ്ങ് മാന്ദ്യവിരുദ്ധ പാക്കേജ് പണ്ട് പ്രഖ്യാപിച്ചപ്പോൾ കൈ നിറച്ച് കാശ് കിട്ടിയതിനാൽ കുട്ടനാട്ടിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ അന്നെനിക്ക് കഴിഞ്ഞു. അതും മറക്കാനാവില്ല. അതുകൊണ്ട് അങ്ങയുടെ മാന്ദ്യവിരുദ്ധ പാക്കേജിനേയും അഞ്ച് വർഷത്തിനുള്ളിൽ എല്ലാവർക്കും വീട്, എല്ലാവർക്കും ടോയ്‌ലറ്റ് ഇതിനെയെല്ലാം ഞങ്ങൾ വിശ്വസിക്കുന്നു.

അങ്ങ് മൂന്ന് പാലങ്ങൾ തന്നു. ആ മൂന്ന് പാലങ്ങൾ പടഹാരം പാലം, തട്ടാശ്ശേരി പാലം, കൈനകരിയെ ആലപ്പുഴയുമായി (ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരന്റെ മണ്ഡലവുമായി) ബന്ധിപ്പിക്കുന്ന പാലം. ഈ പാലങ്ങൾ നിർമ്മിച്ചു കഴിയുമ്പോൾ കരുവാറ്റ മുതൽ ദേശീയ പാതയ്ക്ക് ഒരു ബൈപ്പാസ് ആകും. ഹരിപ്പാട് മുതൽ ആലപ്പുഴവരെയുള്ള പ്രദേശത്ത് എന്തെങ്കിലും ഒരപകടം വന്നാൽ, തീരദേശത്ത് അപകടം സംഭവിച്ചാൽ അല്ലെങ്കിൽ നാഷണൽ ഹൈവേയിൽ അപകടം സംഭവിച്ചാൽ തിരിച്ച് ആലപ്പുഴ പട്ടണത്തിലേയ്ക്ക് വിടാവുന്ന ഒരു റൂട്ടാണിത്. അതിന് ഒരു തടസ്സമുണ്ട്, കൈനകരി-മുട്ടേൽ പാലം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അതിന് 10 കോടി രൂപ വകയിരുത്തിയിരുന്നു. ഈ ബഡ്ജറ്റിൽ അതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. അതുകൂടിയുണ്ടെങ്കിൽ ഹരിപ്പാട് മുതൽ ആലപ്പുഴ വരെ നാഷണൽ ഹൈവേക്ക് ഒരു ബൈപ്പാസ് ആകും.

രണ്ടാമത്, ആലപ്പുഴയിലെ മൊബിലിറ്റി ഹബ്ബിനെക്കുറിച്ച് ഞാൻ അങ്ങേക്ക് ഒരു നിവേദനം നൽകിയിരുന്നു. അത് അംഗീകരിച്ചതിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു. കാരണം ആലപ്പുഴ ബസ് സ്റ്റാന്റും ആലപ്പുഴയിലെ ബോട്ട്ജെട്ടിയും പ്രൈവറ്റ് ബസ് സ്റ്റാൻഡുമെല്ലാം ഉപയോഗിക്കുന്നത് കുട്ടനാട്ടുകാരാണ്. അവിടെനിന്ന് കയറിപ്പോകുകയും വരികയും ചെയ്യുന്ന ആളുകളുടെ എണ്ണം നോക്കിയാൽ കുട്ടനാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് ബോട്ടിലും വള്ളത്തിലും നടന്നുമെല്ലാം വരുന്നവരാണ് ഇത് ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് എന്ന് കാണാൻ കഴിയും. പ്രൈവറ്റ് ബസ് സ്റ്റാൻഡ് എവിടെയാണെന്ന് ആർക്കും അറിയുകയില്ല. ബോട്ട്ജെട്ടി ഒരു കിലോമീറ്റർ അപ്പുറത്ത് കിടക്കുന്നു. ഇവയെല്ലാം നാല് വഴിക്കാണ് കിടക്കുന്നത്. ഇതെല്ലാംകൂടി ഒരു സ്ഥലത്ത് കൊണ്ടുവന്നാൽ അത് വലിയൊരു സംഭവമായിരിക്കും. ഇത് അംഗീകരിച്ച അങ്ങേയ്ക്ക് കുട്ടനാട്ടിലെ ജനങ്ങളുടെ പേരിൽ ഞാൻ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു. നെല്ലിന്റെ വില 25 രൂപയാക്കണമെന്ന് ഇവിടെ പലരും ആവശ്യപ്പെടുകയുണ്ടായി. ഇന്ന് പോളയുടെ വലിയ തള്ളിക്കയറ്റംകൊണ്ട് തോടായ തോടുകളെല്ലാം തിങ്ങിനിറഞ്ഞ് മനുഷ്യ ജീവിതംപോലും അസാധ്യമായിടത്ത് അങ്ങ് ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. തണ്ണീർമുക്കം ബണ്ട് ഒരു വർഷം തുറന്നിടണമെന്ന്. അപ്പോൾ കടുത്ത ഉപ്പുവെള്ളം കയറും. ഇതല്ലാതെ കുട്ടനാടിന് ശാപമോക്ഷമുണ്ടാകാൻ വേറെ പരിഹാരമാർഗ്ഗമില്ല. ഒറ്റ വർഷം കൊണ്ട് മുഴുവൻ പോളയും ചീഞ്ഞ് താഴ്ന്ന് മലവെള്ളപ്പാച്ചിലിൽ ഒഴുകി അറേബ്യൻ സമുദ്രത്തിൽ പോകും. പിന്നെ നമുക്ക് രണ്ട് കൊല്ലം കൃഷി ചെയ്യാം. വീണ്ടും ഇത് ചെയ്യേണ്ടതായി വരും. 25 രൂപ നെൽ വിലയുണ്ടെങ്കിൽ 14 രൂപ കേന്ദ്രത്തിൽ നിന്ന് നൽകും. ഒരു കർഷകന് 11 രൂപ സബ്സിഡിയായി നൽകാമെങ്കിൽ അവർ നിശബ്ദരായിരിക്കും. കൃഷിയില്ലാതെ ജീവിക്കാൻ സാധിക്കില്ലല്ലോ? ആയതിനാൽ ഇക്കാര്യം അങ്ങ് ശ്രദ്ധിക്കണമെന്ന് എനിക്കൊരു അഭ്യർത്ഥനയുണ്ട്. അതുപോലെ കുട്ടനാട്ടിൽ ആർ.ടി. ഓഫീസുകളുൾപ്പെടെയുള്ള സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിലാണ്. കോൺഫറൻസ് നടത്തുന്നതിന് ഒരു ഹാൾപോലുമില്ല. കുട്ടനാട് സിവിൽ സ്റ്റേഷന്റെ അനെക്സ് ബിൽഡിംഗിന് വർഷങ്ങളായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനുണ്ട്. കുട്ടനാട് സിവിൽ സ്റ്റേഷൻ അനെക്സ് ബിൽഡിംഗിന്റെ നിർമ്മാണത്തിന് 10 കോടി രൂപ അങ്ങയുടെ മാന്ദ്യവിരുദ്ധ പാക്കേജിൽ നൽകി ഞങ്ങളെ സഹായിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു, നന്ദി.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ഒ. ആർ. കേളു : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഗവൺമെന്റിന്റെ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് കേരള ജനത പൊതുവായി അംഗീകരിച്ചിരിക്കുകയാണ്. ഏറ്റവും താഴെത്തട്ടിലുള്ള അദ്ധ്വാന വർഗ്ഗത്തിനും കഷ്ടപ്പെടുന്നവർക്കും മുൻഗണന നൽകുന്നതാണ് ഈ ബഡ്ജറ്റ്. ഒരു തുണ്ട് ഭൂമിയും ഒരു കൊച്ചുവീടുമെന്നത് ഓരോ കുടുംബത്തിന്റെയും സ്വപ്നമാണ്. അതിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ പറയുന്നുണ്ട്. റേഷൻ കടകളും മാവേലി സ്റ്റോറുകളും നീതി സ്റ്റോറുകളും ത്രിവേണി സ്റ്റോറുകളും ശക്തിപ്പെടുത്തുകയും കാർഷിക മേഖലയ്ക്ക് മുൻകൈ നൽകുകയും ചെയ്യുമെന്ന് ഈ ബഡ്ജറ്റിൽ പ്രതിപാദിക്കുന്നുണ്ട്. എല്ലാ ക്ഷേമപദ്ധതികളും ഉൾപ്പെടുത്തി കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വരവില്ലാതെ ചെലവ് ചെയ്യാൻ കഴിയില്ല എന്നത് യാഥാർത്ഥ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നികുതിയായി പിരിച്ചെടുക്കാൻ സാധിക്കാത്ത മുഴുവൻ നികുതിപ്പണവും പിരിച്ചെടുക്കാൻ ഈ ബഡ്ജറ്റിൽ പരാമർശമുണ്ട്. മുൻ സർക്കാരിൽനിന്ന് വിഭിന്നമായി കേരളത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് മുൻഗണ നൽകിയിട്ടുള്ള ഒരു ബഡ്ജറ്റാണിത്. ആദിവാസി മേഖലയെ ഒന്നാകെ പരിഗണിച്ച ഈ സർക്കാരിന്റെ ജനകീയ ബഡ്ജറ്റിനെ നിറഞ്ഞ മനസ്സോടെ സ്വാഗതം ചെയ്യുന്നു. ഇത്തവണ ആദിവാസി വിഭാഗത്തിന് ജനസംഖ്യാനുപാതികമായി രണ്ട് ശതമാനത്തിന് പകരം 2.61 ശതമാനം ഫണ്ട് വകയിരുത്തിയതുതന്നെ ആദിവാസി മേഖലയോടുള്ള ഈ സർക്കാരിന്റെ കാഴ്ചപ്പാടിന്റെ ഉത്തമ ഉദാഹരണമാണ്. അതുപോലെതന്നെ ആദിവാസി വിദ്യാഭ്യാസ മേഖലയിൽ കൊഴിഞ്ഞുപോക്ക് ഗുരുതരമായ പ്രശ്നമാണ്. ഈ പശ്ചാത്തലത്തിലാണ് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നീ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടത്. നിലവിൽ ഇത്തരം സ്ഥാപനങ്ങളുടെ അവസ്ഥ പരിതാപകരമാണ്. പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ ആധുനീകരിക്കുന്നതിന് 150 കോടി രൂപയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ആധുനീകരണത്തിന് 100 കോടി രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആദിവാസി ജനവിഭാഗങ്ങളുടെ പിന്തുണ ഒന്നാകെ നേടുന്ന ഒരു ബഡ്ജറ്റായി ഇതിനെ കണക്കാക്കാൻ സാധിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാമമാത്രമായ തുക അനുവദിക്കപ്പെട്ടിരുന്ന മേഖലയായിരുന്നു ഇത്. അനുവദിക്കപ്പെട്ട തുകതന്നെ ചെലവഴിക്കാത്തതും കഴിഞ്ഞ സർക്കാരിന്റെ

കെട്ടുകാര്യസ്ഥതയാണ്. അതുപോലെതന്നെ പട്ടികജാതി ആദിവാസി വിഭാഗം വിദ്യാർത്ഥികൾക്കുള്ള എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും 25 ശതമാനം വീതം ഉയർത്തിയിട്ടുള്ള ഒരു ബഡ്ജറ്റാണിത്. ആദിവാസി കോളനികളിൽ ഗോത്ര ഭാഷ സംസാരിക്കുന്ന കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പ്രത്യേകിച്ചും പ്രൈമറി വിദ്യാലയങ്ങളിൽ പൊതു കരിക്കുലവുമായി ഇടപഴകുന്നത് അന്യഥാബോധം സൃഷ്ടിക്കുന്നതായി കാണാൻ സാധിക്കും. വയനാട്ടിലെ പ്രൈമറി ക്ലാസുകളുള്ള 241 സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒരു ആദിവാസി സ്ത്രീയെ നിയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി 4 കോടിരൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. സർക്കാർ ആദിവാസികൾക്കുവേണ്ടി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ഈ ബഡ്ജറ്റിലുണ്ട്. അതോടൊപ്പം ആദിവാസി മേഖലക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറിക്കിടക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുന്നതിന് മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള തീരുമാനവും ഈ ബഡ്ജറ്റിലുണ്ട്. ഇത് ഏറെ സന്തോഷകരമാണ്. ആദിവാസി നേതാവിന്റെ പേരിൽ വയനാട്ടിൽ ഒരു പ്രത്യേക കുടുംബ പദ്ധതിതന്നെ ആരംഭിച്ചിട്ടുണ്ട്. പി.കെ. കാളന്റെ പേരിലാണ് ഈ സംരംഭം ആരംഭിക്കാൻ ബഡ്ജറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ മാനന്തവാടി മണ്ഡലത്തിലെ ഒരു ജനപ്രതിനിധി എന്ന നിലയിൽ ഞാൻ വളരെ അഭിമാനിക്കുന്നു. ദീർഘനാളത്തെ ആദിവാസി ഭൂസമര ചരിത്രമുള്ള ഒരു നാടാണ് കേരളം. ഭൂമിക്കുവേണ്ടിയുള്ള പോരാട്ടം വളരെ ശക്തിയാർജ്ജിച്ച കാലഘട്ടമായിരുന്നു കടന്നുപോയത്. എന്നാൽ ഈ ബഡ്ജറ്റിൽ ആദിവാസികൾക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകാൻ സർക്കാർ പ്രതിജ്ഞാ ബദ്ധമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കേരളമൊട്ടാകെ എത്രയും വേഗം ഈ പദ്ധതി നടപ്പാക്കാൻ കഴിയണം. കഴിഞ്ഞ സർക്കാർ ഇതിനായി നീക്കിവച്ച തുകയുടെ നല്ലൊരു ഭാഗം ചെലവഴിച്ചിട്ടില്ലെന്ന് സർക്കാർ രേഖകൾതന്നെ വ്യക്തമാക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് വയനാട് ജില്ലയ്ക്ക് 50 കോടി രൂപയാണ് നീക്കിവച്ചത്. ആ തുകയിൽ ഭൂരിപക്ഷം ഫണ്ടും ചെലവഴിക്കാതെ കിടക്കുകയാണ്. എന്നാൽ തുടർന്നുവന്ന യു.ഡി.എഫ്. ഗവൺമെന്റ് 25 കോടി രൂപ നീക്കിവച്ചതിൽ 10 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് സർക്കാർ രേഖകളിൽ കാണാൻ സാധിക്കും. ട്രൈബൽ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ട കോളനികളിൽ വീടുകൾ നിർമ്മിക്കുന്നതിനുപകരം

കോളനികളിലുള്ള വീടുകളിൽ ടൈൽസ് പതിക്കുന്നതായിട്ടുള്ള വാർത്തകൾ വന്നിട്ടുണ്ട്. ഇത്തരം പദ്ധതികളാണ് കഴിഞ്ഞ ഗവൺമെന്റ് ഇവിടെ നടപ്പാക്കിയിട്ടുള്ളത്. നിരവധി ആദിവാസി വികസന ഫണ്ടുകൾ നമ്മുടെ നാട്ടിൽ ചെലവഴിക്കുന്നുണ്ടെങ്കിലും നിലവിലെ ആദിവാസികളുടെ അവസ്ഥ വളരെ പരിതാപകരമാണ്. കേരളത്തിലെ ആദിവാസികളുടെ സാമ്പത്തിക നില ഇപ്രകാരമാണ് പറയുന്നത്. ബാങ്ക് അക്കൗണ്ടുള്ളവർ 54.7 ശതമാനവും ഇന്റർനെറ്റ് സൗകര്യമുള്ള പട്ടികവർഗ്ഗക്കാർ 1.95 ശതമാനവും ഇരുചക്രവാഹനമുള്ള പട്ടികവർഗ്ഗക്കാർ 7.6 ശതമാനവും ടെലിവിഷനുള്ള ആദിവാസികൾ 39.5 ശതമാനവുമാണ്. സർക്കാർ ജീവനക്കാരായ ആദിവാസികളുടെ കണക്ക് സർക്കാർ ഇവിടെ ഉദ്ധരിച്ചിട്ടുണ്ട്. കേരളത്തിലെ ഗസറ്റഡ് ഉദ്യോഗസ്ഥരായിട്ടുള്ള പട്ടിക വർഗ്ഗക്കാർ 69 പേർ മാത്രമാണ്. ലാസ്റ്റ് ഗ്രേഡിലുള്ള ഉദ്യോഗസ്ഥർ 831 പേരാണ്. എല്ലാം കൂടി ചേർക്കുമ്പോൾ 1581 പേരെ മാത്രമാണ് കേരളത്തിലെ പട്ടികവർഗ്ഗക്കാരായി സർക്കാർ സർവ്വീസിൽ കാണാൻ കഴിയുന്നുള്ളൂ. ഇതെല്ലാം സർക്കാർ രേഖകളാണ്. സാമ്പത്തിക സെൻസസ് രേഖകൾ എടുത്ത് പരിശോധിച്ചാൽ ഇതെല്ലാം വളരെ വ്യക്തമായി കാണാൻ കഴിയും. പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിന് അപേക്ഷകർ അധികമാണെന്ന വാർത്തകൾ വന്നിരുന്നു. എന്നാൽ രണ്ടു കോടി രൂപ നീക്കിവച്ചതിൽ തന്നെ മുഴുവൻ ചെലവഴിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചിട്ടില്ല. പിന്നോക്ക ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ ഉൾപ്പെട്ട ബഡ്ജറ്റാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. മണ്ണിന്റെ മക്കളായ ആദിവാസികളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ വച്ചിരിക്കുന്ന പദ്ധതികളെല്ലാംതന്നെ എത്രയും വേഗം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം വയനാടിനെ ഒരു പ്രത്യേക മേഖലയായി കണക്കാക്കി ഏറ്റവും വലിയ മുൻഗണന കൊടുത്തിട്ടുള്ള ബഡ്ജറ്റാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. പി. കെ. കാളന്റെ പേരിലുള്ള കുടുംബ പദ്ധതി, സ്പൈസസ് പാർക്ക്, ഇടച്ചേന കുങ്കന്റെ പേരിലുള്ള സാംസ്കാരിക കേന്ദ്രം, ഓംകാരനാഥന്റെ പേരിലുള്ള ഇൻഡോർ സ്റ്റേഡിയം, ഗോത്രഭാഷാ പഠന കേന്ദ്രം, വന്യമൃഗ ശല്യത്തിന് 100 കോടി രൂപ ആശ്വാസം അനുവദിച്ചത്, കാർബൺ ന്യൂട്രൽ വയനാട് അതുപോലെ തന്നെ വയനാട്ടിലെ ജനങ്ങളുടെ വലിയ പദ്ധതിയായ ബ്രഹ്മഗിരി ഡെവലപ്മെന്റ് പദ്ധതിക്ക് 10 കോടി രൂപ തുടങ്ങിയ പദ്ധതികളാണ് വയനാടിന് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്.

വയനാട്ടിൽ കഴിഞ്ഞ ഗവൺമെന്റ് ഒരു മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചു എന്നാണ് പറയുന്നത്. എന്നാൽ അവിടെ ഒരു ബോർഡ് മാത്രമാണ് കാണാൻ കഴിയുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന് വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല, അത് പ്രാവർത്തികമാക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണം. വയനാട്ടിൽ മാത്രം കണ്ടുവരുന്ന ഒരു പ്രത്യേക തരം രോഗമാണ് സിക്കിൾ സെൽ അനീമിയ. ആ രോഗബാധിതർക്കുവേണ്ടി ചെറിയ തുകയെങ്കിലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ നേട്ടങ്ങളെ തമസ്കരിക്കാനുള്ള ഒരു വലിയ ശ്രമമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നയപരമായി കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും തമ്മിൽ ഒരു വ്യത്യാസവുമില്ലല്ലോ? അടിസ്ഥാന സൗകര്യ വികസനത്തിൽ തീരുമാനമാകാതെ കിടന്ന എത്രയോ കാര്യങ്ങളിലാണ് ഉമ്മൻചാണ്ടി സർക്കാർ തീരുമാനമെടുത്തത്. കൊച്ചി മെട്രോ, വിഴിഞ്ഞം ഹാർബർ, കണ്ണൂർ വിമാനത്താവളം എന്നിവയെ സംബന്ധിച്ച് എത്രയോ വർഷങ്ങളായി ചർച്ചയായിരുന്നു. അതിനെല്ലാം തീരുമാനമെടുത്ത് മുന്നോട്ട് പോകാനും ഈ രംഗത്തെല്ലാം വലിയ മാറ്റങ്ങളുണ്ടാക്കാനും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞു. കാർഷിക മേഖലയിലെ തളർച്ചയാണ് സംസ്ഥാന ഗവൺമെന്റിന്റെ വരുമാനം കുറച്ചത് എന്ന കാര്യത്തിൽ സംശയമില്ല. റബ്ബറിന്റെ വില ഗണ്യമായി കുറഞ്ഞു. റബ്ബറിന്റെ വിലയിടിവിൽ ഒരു പരിധിവരെ കർഷകരെ സഹായിക്കാനായി ഗവൺമെന്റ് കൊണ്ടുവന്ന നയമായിരുന്നു ഒരു കിലോ റബ്ബറിന് 150 രൂപ ഉറപ്പുവരുത്തുക എന്നത്. അതിനെ ഈ ഗവൺമെന്റ് അംഗീകരിച്ചതിൽ സന്തോഷമുണ്ട്. 500 കോടി രൂപ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ബഡ്ജറ്റിൽ മാറ്റിവച്ചു. ഇന്ന് ഇപ്പോൾ ഒരു കിലോ റബ്ബറിന് 90 രൂപ ആയിരിക്കുമ്പോഴാണ് കിലോയ്ക്ക് 150 രൂപ നിശ്ചയിച്ചത്. റബ്ബറിന് 245 രൂപ വരെ വില വന്നതാണ്. ഇപ്പോൾ 140 രൂപ മാർക്കറ്റ് വിലയുണ്ട്. കൃഷിക്കാർക്ക് അതിന്റെ പ്രയോജനം കിട്ടണമെങ്കിൽ ഈ വില 200 രൂപയാക്കി ഉയർത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. 500 കോടി രൂപകൊണ്ടുതന്നെ നമുക്ക് ആ ചെലവ് നേരിടാൻ കഴിയും. നെല്ലിന്റെ താങ്ങുവില ഒരു കിലോക്ക് 25 രൂപയാക്കണമെന്ന നിർദ്ദേശം എല്ലാ ഭാഗത്തുനിന്നും ഉയർന്നുവരികയാണ്. നാളികേരത്തിന്റെ സംഭരണവും

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ തുടങ്ങിയതാണ്. അത് ഈ കാലയളവിൽ രണ്ട് രൂപയാണ് വർദ്ധിപ്പിച്ചത്. അത് ഒരു കിലോഗ്രാമിന് 30 രൂപയെങ്കിലുമായി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കാർഷിക മേഖലയെ ഉദ്ധരിക്കാതെ, അവയുടെ പുരോഗതി കൈവരിക്കാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ജൈവ കൃഷിക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയ പ്രാധാന്യം കൊടുത്തതാണ്. ഇനിയും അത് തുടരണം. വിഷമില്ലാത്ത പച്ചക്കറി കേരളത്തിൽ ലഭ്യമാക്കുവാൻ ഇനിയും കൂടുതൽ സഹായങ്ങൾ ചെയ്യണം. റെസിഡൻഷ്യൽ സൊസൈറ്റികൾ തുടങ്ങി എല്ലാവർക്കും ജൈവ കൃഷിയിൽ മുന്നോട്ടുപോകുവാനുള്ള വലിയ പ്രോത്സാഹനം ഇനിയും കൊടുക്കണം. ആ നിലയ്ക്ക് ഗവൺമെന്റ് ചിന്തിക്കുന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന വിപ്ലവകരമായ ഒരു മാറ്റമായിരുന്നു ഒരു എം.എൽ.എ.-ക്ക് അസറ്റ് വികസന ഫണ്ട് വഴി 5 കോടി രൂപ. ആ 5 കോടി രൂപ വളരെ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇത്തവണത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ 5 കോടിയിൽ താഴെയുള്ള റോഡുകൾ മുഴുവൻ അസറ്റ് വികസന ഫണ്ടിൽ നിന്ന് ചെയ്യണമെന്ന നിലപാടെടുത്താൽ ഈ റോഡുകൾ മെയിന്റെയിൻ ചെയ്യാൻ കഴിയുമോ? അസറ്റ് വികസന ഫണ്ടിന്റെ സ്പിരിറ്റ് കളയരുത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, കഴിഞ്ഞ ബഡ്ജറ്റിൽ ഉണ്ടായിരുന്നതെല്ലാം അവിടെ തന്നെ ഇരിപ്പുണ്ട്. ഒന്നും മാറ്റുന്നില്ല. അതിന്റെ കൂടെ കുറച്ച് വലിയ സാധനങ്ങൾ കൂടി ചെയ്യുന്നതേയുള്ളൂ. സന്തോഷമല്ലേ അത്?

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, 5 കോടി രൂപയിൽ താഴെയുള്ള വർക്കുകൾ അസറ്റ് വികസന ഫണ്ടിൽ നിന്ന് ചെയ്യണമെന്ന് ഒരു സൂചനയുണ്ട്. അതെങ്ങനെ നടക്കും? അതുകൊണ്ട് അസറ്റ് വികസന ഫണ്ട് കഴിഞ്ഞ തവണ എങ്ങനെ വിനിയോഗിച്ചോ അതുപോലൊരു സ്വാതന്ത്ര്യം എല്ലാ എം.എൽ.എ.-മാർക്കും വിവിധ ആവശ്യങ്ങൾക്കായി ഉണ്ടാകണം. ഇതിൽ ഒരു യാഥാർത്ഥ്യ ബോധമുണ്ടാകണം. ലാൻഡ് അക്വിസിഷനെ സംബന്ധിച്ച് - ഭൂമി ഏറ്റെടുക്കാതെ ഒരു വികസനവും നടക്കില്ല. യു.പി.എ. ഗവൺമെന്റിന്റെ ലാൻഡ് അക്വിസിഷൻ നിയമത്തെ ശക്തമായി എതിർത്തൊരാളാണ് ഞാൻ. കാരണം ആ ഭേദഗതി വികസന പ്രവർത്തനത്തെ ആകെ സ്തംഭിപ്പിച്ചിരിക്കുകയാണ്. അതിന് വലിയൊരു മെഷിണറി ഉണ്ടാക്കുന്നില്ലെങ്കിൽ ഒരിടത്തും നമുക്ക് ഭൂമി ഏറ്റെടുക്കാൻ കഴിയില്ല. ലാൻഡ് അക്വിസിഷൻ നടപടികൾ

ത്വരിതപ്പെടുത്തേണ്ടതായിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ കാര്യത്തിൽ കഴിഞ്ഞ തവണത്തെ പ്രോഗ്രാമുകൾ കൊണ്ട് 60 ശതമാനം ആളുകൾക്ക് വെള്ളമെത്തിച്ചു കൊടുക്കാൻ കഴിയുന്ന നേട്ടമുണ്ടായി എന്നുള്ളത് അംഗീകരിച്ച ഒരു കാര്യമാണ്. പൈപ്പ് മാറ്റുന്ന കാര്യം നയപരമായി അംഗീകരിച്ചു. ഞങ്ങളാണ് അത് തുടങ്ങി വച്ചത്. പക്ഷേ പൈപ്പ് മാറ്റാൻ 1500 കോടി രൂപ വേണം. അതിനുള്ള ഒരു ബൃഹത്തായ പദ്ധതിയുണ്ടെങ്കിലേ അത് നടക്കുകയുള്ളൂ. നിയമന നിരോധനം ഫലത്തിൽ നടപ്പായിരിക്കുകയാണ്. ഹെൽത്ത് ഒഴിച്ചുള്ള ഒരു സ്ഥലത്തും അനുവദിക്കില്ല എന്നുള്ളതാണ്. ഫലത്തിൽ നിയമ നിരോധനം തന്നെയാണ്. ഇക്കാര്യത്തിൽ വ്യത്യസ്തമായിട്ടുള്ള നിലപാടുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജിനോടെടുത്ത സമീപനം ഇടുക്കി മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ കോളേജുകളുടെ കാര്യത്തിലും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ ഏറ്റവും വലിയ പ്രശ്നം ശുചിത്വത്തിന്റെ കാര്യമാണ്. അത് പരിഹരിക്കാതെ കേരളത്തിൽ ടൂറിസത്തിലും മറ്റൊരു മേഖലയിലും നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. ആ മേഖലയിലും അതിശക്തമായ നടപടികളുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ നേട്ടങ്ങളെ മറച്ചു വച്ചുകൊണ്ട് മുന്നോട്ടുപോകുന്നത് ഗുണകരമല്ല. അതിന്റെ തുടർച്ച എന്നുള്ള നിലയിൽ ആ പദ്ധതികളൊക്കെ തുടരാനും കൂടുതൽ നേട്ടങ്ങളുണ്ടാക്കാനും കഴിയണം. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീ. എൽദോ എബ്രഹാം</u> : സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കഴിഞ്ഞ ജൂലൈ മാസം 8-ാം തീയതി കേരള നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ഏറെ അഭിമാനപൂർവ്വം സന്തോഷത്തോടെ സ്വാഗതം ചെയ്യുകയാണ്, പിന്തുണയ്ക്കുകയാണ്.

നമ്മുടെ സംസ്ഥാനം ഇതുപോലെ സാമ്പത്തിക പ്രതിസന്ധിയെ നേരിട്ട ഒരു കാലയളവ് ഉണ്ടോ എന്നുള്ളത് വളരെ സംശയമാണ്. കഴിഞ്ഞ 5 വർഷക്കാലത്തെ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള ഭരണ സംവിധാനംകൊണ്ട് അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കേന്ദ്രമായി നമ്മുടെ സംസ്ഥാനം മാറിയപ്പോൾ, കേരളീയർ ഒന്നടങ്കം-സാധാരണ മനുഷ്യർ, പാവപ്പെട്ടവർ, അവരുടെ ചിന്താധാരയിൽ ഉയർന്നു വന്ന, കേരളത്തിന് ഇനി ഏക പ്രതീക്ഷ എന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി മാത്രമാണ് എന്ന തിരിച്ചറിവാണ് ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഐതിഹാസികമായ വിജയം ഉണ്ടായത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണസമിതിയുടെ കാലയളവിൽ

അവതരിപ്പിക്കപ്പെട്ടിരുന്ന ബഡ്ജറ്റിനെക്കുറിച്ച് പത്ര-ദൃശ്യ-മാധ്യമങ്ങൾ എഴുതാറുണ്ട്, സാധാരണ ജനങ്ങൾ പറയാറുണ്ട് അത് കോട്ടയം ബഡ്ജറ്റ് ആണെന്ന്. കേരളത്തിലെ സാധാരണ ജനങ്ങളുടെ, പാവപ്പെട്ടവരുടെ വിഷമതകൾ, ബുദ്ധിമുട്ടുകൾ, പ്രയാസങ്ങൾ എല്ലാം തിരിച്ചറിഞ്ഞുകൊണ്ടുള്ള നൂതനമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാന്തരം ബഡ്ജറ്റാണ് കേരള ജനതയ്ക്കുമുമ്പിൽ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. കഴിഞ്ഞ 5 വർഷക്കാലത്ത് യു.ഡി.എഫ്.-ന് എടുത്തുപറയുവാൻ കഴിയുന്ന നേട്ടം സോളാറിന്റെ പേരിൽ സരിത എന്ന നാമധേയം അന്തർദേശീയ നിലവാരത്തിൽ മാർക്കറ്റ് ചെയ്തു എന്നതിനപ്പുറത്ത്, അഴിമതി നടത്തി എന്നതിനപ്പുറത്ത്, കേരളത്തിലെ ബാർ തുറക്കുന്നതിനും അടയ്ക്കുന്നതിനും വീണ്ടും തുറക്കുന്നതിനും വേണ്ടി കോഴവാങ്ങിയ ഒരു സർക്കാരിന്റെ നേട്ടങ്ങൾ എടുത്തുകാണിക്കാം എന്നതിനപ്പുറത്ത് പ്രിയപ്പെട്ട കോൺഗ്രസ്സുകാരെ, പ്രിയപ്പെട്ട യു.ഡി.എഫ്.-ന്റെ നേതാക്കളോട് എനിക്ക് ചോദിക്കാനുള്ളത് എന്ത് നേട്ടമാണ്, എന്ത് സംഭാവനയാണ് കേരളത്തിലെ സാധാരണ മനുഷ്യർക്ക് നിങ്ങൾ നൽകിയത്? ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിനെ നിങ്ങൾ ശ്രദ്ധിക്കണം. അതിലെ നാലഞ്ച് പ്രധാനപ്പെട്ട കാര്യങ്ങൾ എടുത്തു നോക്കിയാൽ സവിശേഷത മാനസ്സിലാക്കാൻ സാധിക്കും.

5 വർഷക്കാലത്തേക്ക് വെള്ളക്കരം കൂട്ടില്ല എന്ന് ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ്. ആദിവാസികൾക്ക് ഒരേക്കർ ഭൂമിയിൽ കുറയാത്ത ഭൂമി നൽകുമെന്നും വരുന്ന 5 വർഷക്കാലത്തിനിടയിൽ വീടില്ലാത്ത ഒരാൾപോലും കേരളത്തിൽ ഉണ്ടാകില്ല എന്നും ബഡ്ജറ്റ് നിർദ്ദേശത്തിൽ ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിക്കുകയാണ്. 5 വർഷത്തിനകം കേരളത്തിലെ സർക്കാർ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങളെല്ലാം മെച്ചപ്പെടുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. പാവപ്പെട്ട മനുഷ്യന്റെ ചികിത്സ അപ്രാപ്യമാവുകയല്ല, മറിച്ച് പ്രാപ്യമാകുന്ന സാഹചര്യം കേരളത്തിൽ ഉരുത്തിരിയും, മുന്നോട്ട് കൊണ്ടുവരുമെന്ന് ഈ ബഡ്ജറ്റിലൂടെ പറയുകയാണ്. കുടിവെള്ളക്ഷാമത്തിന് സമഗ്രമായ പദ്ധതികൾ, പരിഷ്കാര നടപടികൾ കൊണ്ടു വരുമെന്ന് ബഡ്ജറ്റിലൂടെ പ്രതിപാദിക്കുകയാണ്. കേരളത്തിലെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭകരമല്ല എന്നതിന്റെ അടിസ്ഥാനത്തിൽ, ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്കുകളുടെ അടിസ്ഥാനത്തിൽ, എത്രയോ

സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടാമെന്ന് കേരളത്തിലെ കോൺഗ്രസ്സുകാർ ആഗ്രഹിച്ചെങ്കിൽ, ഇന്ന് കേരളത്തിലെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പല കെട്ടിടങ്ങളും പരിശോധിച്ചാൽ താക്കീത് നൽകി, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകി പ്രവർത്തിക്കുന്ന ഒരുപാട് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെന്ന് നിങ്ങൾക്ക് മനസ്സിലാകും. കേരളത്തിലെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 1000 എണ്ണം അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുമെന്നും ഇതര സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഫിറ്റ്നെസിന്റെ പേരിൽ ഏതെങ്കിലും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രശ്നമുണ്ടെങ്കിൽ അത്തരം വിഷയത്തിൽ പണം അനുവദിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കു മെന്നും ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇങ്ങനെ നിരവധി വിഷയങ്ങൾ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്.

കുടുംബശ്രീ സംവിധാനം രാജ്യത്തിന് മാതൃകയാണ്. കേരളത്തിന്റെ അടുക്കളയുടെ നാല് ചുമരുകളിൽ കഴിഞ്ഞിരുന്ന സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നത് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. മാത്രമല്ല അവരെ സ്വയം തൊഴിൽ ചെയ്തുകൊണ്ട് പുറത്തേക്ക് ഇറക്കുന്നതിനുള്ള നടപടിയുംകൂടി കുടുംബശ്രീ സംവിധാനം വഴി സ്വീകരിച്ചിരുന്നു. കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ കുടുംബശ്രീ സംവിധാനങ്ങളെ താറുമാറാക്കുന്ന സ്ഥിതിവിശേഷമുണ്ടായി.

ഞാൻ ഒരു കാര്യവുംകൂടി സൂചിപ്പിച്ചുകൊള്ളട്ടെ. പ്രിയപ്പെട്ട ശ്രീ. എം. സ്വരാജ് ഇന്നലെ ബൈബിളിനെ സംബന്ധിച്ച് പറയുകയുണ്ടായി. എന്റെ പ്രിയ സുഹൃത്ത് ശ്രീ. വി. ടി. ബൽറാമും മറ്റ് യുവനേതാക്കന്മാരും അതിനെ വിമർശിക്കുകയുണ്ടായി. ബൈബിളിലെ മത്തായിയുടെ സുവിശേഷം നിങ്ങൾ എല്ലാവരും വായിക്കണമെന്ന് അദ്ദേഹം പറയുകയുണ്ടായി. ദയവുചെയ്ത് പ്രതിപക്ഷാംഗങ്ങൾക്ക് ഒരു ബൈബിൾ അടിയന്തരമായി വാങ്ങി കൊടുക്കണം. അവർ എല്ലാവരും മത്തായിയുടെ സുവിശേഷം വായിക്കണം. ശ്രീ. എം. സ്വരാജിനെ പോലെയുള്ള ഇടതുപക്ഷ യുവജനപ്രസ്ഥാനത്തിന്റെ നേതാക്കൾക്ക് ആ സ്ഥാനം നൽകിയതിനെക്കുറിച്ച് ശ്രീ. എം. വിൻസെന്റ് ഇവിടെ വിമർശിക്കേണ്ട ആവശ്യമില്ല. ആ സ്ഥാനം നൽകാൻ ഉത്തരവാദപ്പെട്ട പാർട്ടിയുണ്ട്. അതുകൊണ്ട് ശ്രീ. എം. സ്വരാജ് ഇരിക്കുന്ന കസേരയിൽ അദ്ദേഹത്തെ ഇരുത്തിയിട്ടുണ്ടെങ്കിൽ ഒട്ടേറെ സമര പോരാട്ടങ്ങളുടെ

പാതയിൽ സഞ്ചരിച്ച പ്രിയപ്പെട്ട സഖാവ് എവിടെ ഇരിക്കണമെന്ന് ബന്ധപ്പെട്ട പാർട്ടിയും ഇടതുപക്ഷവും തീരുമാനിക്കും. അതുകൊണ്ട് ഞങ്ങളെ ചോദ്യം ചെയ്യാൻ നിങ്ങളൊന്നും വളർന്നിട്ടില്ല. നിങ്ങളൊന്നും അതിന് ആയിട്ടില്ല. അതുകൊണ്ട് കേരളത്തിലെ പാവപ്പെട്ട മനുഷ്യരുടെ വികസന സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുന്ന ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിൽ സമസ്തമേഖലയേയും പരാമർശിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സമഗ്രമായ പദ്ധതികൾ കൃഷിവകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വിലക്കയറ്റം തടഞ്ഞുനിർത്താൻ ധാരാളം പാക്കേജുകൾ, പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടു. കേരളത്തിലെ വനമേഖലയെ സംരക്ഷിക്കാൻ പദ്ധതികളുണ്ട്. അങ്ങനെ പരിശോധിച്ചാൽ റോഡ്, പാലം, വ്യവസായ രംഗത്ത് പുതിയ സംരംഭങ്ങൾ കൊണ്ടുവരുന്നതിൽ, നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിൽ, സംസ്ഥാനത്തിന്റെ പൊതുകടം തീർക്കുന്നതിൽ ഉൾപ്പെടെ വരുന്ന എല്ലാ മേഖലകളിലും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വരാൻ പോകുന്ന 5 വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടു കൂടി അവതരിപ്പിച്ചിട്ടുള്ള ഏറ്റവും സുപ്രധാനമായ ബഡ്ജറ്റാണ് ഇത്. ഒരുപക്ഷേ കഴിഞ്ഞ കാൽനൂറ്റാണ്ട് കാലത്തിനിടയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നിരവധി ഘട്ടങ്ങളിൽ ഭരിക്കാൻ അവസരം ലഭിച്ചിരുന്നെങ്കിൽ ആ സമയത്തെല്ലാം വർണ്ണാഭമായ, ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന, ഭാവനാപൂർണ്ണമായൊരു ബഡ്ജറ്റാണ് 2016-17 സാമ്പത്തിക വർഷത്തിൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിനെ അഭിമാനത്തോടുകൂടി പിന്തുണച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ : സർ, എനിക്ക് രണ്ട് മിനിട്ടാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയാം. ഏറെ കാര്യങ്ങൾ പറയാനുണ്ട്. സമയം അനുവദിക്കില്ലെന്നുള്ളതുകൊണ്ട് വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളു. ഇവിടെ മുമ്പ് ഭരിച്ച യു.ഡി.എഫ്. ഗവൺമെന്റിന്റെ വീഴ്ചകളെപ്പറ്റി ധാരാളം പറയുന്നുണ്ട്. അതുപോലെതന്നെ മറുഭാഗത്തുനിന്ന് എൽ.ഡി.എഫ്. മുമ്പ് ഭരിച്ചപ്പോഴും ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും പറയുന്നുണ്ട്. എനിക്ക് പറയാനുള്ളത് അതിനെയെല്ലാം കുറ്റം പറഞ്ഞ് സമയം കളയുന്നതിനുപകരം ഇന്നത്തെ യഥാർത്ഥ സ്ഥിതി വിലയിരുത്തിക്കൊണ്ട് എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും എന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്നാണ്. സാമ്പത്തിക രംഗത്തെ തകർച്ചയാണ് ബഡ്ജറ്റിനെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. കൃഷി തകർന്നു; വളരെ മോശം. ഏറ്റവും താഴ്ന്ന നിലയിൽ എത്തിയിരിക്കുന്നു. പുതിയ

വ്യവസായങ്ങൾ വരുന്ന കാര്യത്തിൽ അമാന്തം കാണിക്കുന്നു; പരമ്പരാഗത വ്യവസായങ്ങൾ നാട് വിട്ടുപോകുന്നു; ഈ പശ്ചാത്തലത്തിൽ ഒരു പുതിയ ഇനിഷ്യേറ്റീവ് ആവശ്യമാണ്. അതാണ് വാസ്തവത്തിൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിന്റെ സവിശേഷത. കിഫ്ബി പരിപാടിയെ സംബന്ധിച്ച് ബഡ്ജറ്റിൽ പറയുന്നുണ്ട്. അതൊരു നല്ല ഐഡിയ ആണ്. അതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം അതിൽ അപകടവും പതുങ്ങി ഇരിക്കുന്നുണ്ട്; അത് അധികാര കേന്ദ്രീകരണത്തിന് വഴിവയ്ക്കുമോ എന്നുള്ള ഭയാശങ്കയുണ്ട്. ഇൻഡിപ്പെൻഡന്റായ അതോറിറ്റിയെ നിശ്ചയിക്കുന്ന കാര്യത്തിൽ, പാർട്ടിയുടെ വേണ്ടപ്പെട്ട ആൾക്കാരെ തെരഞ്ഞുപിടിച്ച് നിശ്ചയിച്ച് ഒരു പാർട്ടി പരിപാടിയാക്കി മാറ്റുന്ന സാഹചര്യമുണ്ട്. കുടുംബശ്രീ പരിപാടി ഇൻഡിപ്പെൻഡന്റായി ആവിഷ്കരിച്ചു. അത് എങ്ങനെ പാർട്ടിയുടെ ഒരു പോഷകസംഘടന എന്ന രീതിയിലാക്കി മാറ്റി? ആ തരത്തിലാക്കുമോ എന്നുള്ള ആശങ്ക നിലനിൽക്കുന്നുണ്ട്. ഇപ്പോൾ ആ റിസ്ക് ഉണ്ടെന്ന് അംഗീകരിച്ചുകൊണ്ട് തന്നെ ആ റിസ്ക് എടുക്കാതെ മുന്നോട്ടുപോകാൻ സാധിക്കില്ല. ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ തീർച്ചയായും അത് ഉൾക്കൊള്ളുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു പ്രധാനപ്പെട്ട കാര്യം കൂടി ചൂണ്ടിക്കാണിക്കേണ്ട ആവശ്യമുണ്ട്. ഇതുവരെ കാലഹരണപ്പെട്ട പഴയ പാശ്ചാത്യ ആശയങ്ങളെ അനുകരിച്ചുകൊണ്ടുള്ള പരിപാടികളൊക്കെയാണ് സ്വീകരിച്ചത്. ഇപ്പോൾ അതിന് അടിസ്ഥാനപരമായ മാറ്റം വരുത്തിക്കൊണ്ട്, സ്വദേശിയായിട്ടുള്ള ആചാര്യന്മാരെ, നവോത്ഥാന നായകന്മാരെ കണ്ടെത്തിക്കൊണ്ട്, അവരുടെ മാർഗ്ഗങ്ങളിൽനിന്ന് ആവേശം ഉൾക്കൊണ്ട്, അത് വെറും ആധ്യാത്മികം മാത്രമല്ല ഭൗതികമായിട്ടുള്ള ദൈനംദിന കാര്യങ്ങൾക്കും അത് പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നുള്ളതിന്റെ ഒട്ടേറെ കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ സാംസ്കാരിക രംഗത്തെപ്പറ്റി എടുത്തു പറയേണ്ടതായിട്ടുണ്ട്. ഒന്ന്, ഒട്ടേറെ മഹാത്മാക്കളെ ആദരിക്കുന്ന പരിപാടികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. എന്തുകൊണ്ട് കുഞ്ചൻ നമ്പ്യാരെ വിസ്മരിച്ചുപോയി എന്ന് എനിക്ക് അറിഞ്ഞുകൂടാ. അത് പരിഹരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ എറണാകുളത്ത് ക്യാൻസർ ഹോസ്പിറ്റൽ സ്ഥാപിക്കുന്നതിനുവേണ്ടി വളരെ താൽപ്പര്യം പ്രകടിപ്പിക്കുകയും അതിനുവേണ്ടി ചില ശ്രമങ്ങൾ നടത്തുകയും ചെയ്തിരുന്നു. അതിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒരു പരാമർശവും കാണുന്നില്ല. തീർച്ചയായും അദ്ദേഹത്തെ വിസ്മരിക്കാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ ആശയം സഫലീകരിക്കാൻവേണ്ടി ശ്രമിക്കണം. ഈ പശ്ചാത്തലത്തിൽ ഗവൺമെന്റിന്

ധൈര്യപൂർവ്വം മുന്നോട്ടുപോകാൻ സാധിക്കും. കാരണം ഒരു പാർട്ടിസിപ്പേറ്ററി ഫെഡറലിസം എന്ന കാഴ്ചപ്പാടിൽ ഈ സംസ്ഥാന സർക്കാർ - ഏത് പാർട്ടിക്കാർ ആയാലും, അവർക്ക് വികസനത്തിനുവേണ്ട എല്ലാ സഹായങ്ങളും നൽകുന്ന ഒരു കേന്ദ്ര സർക്കാർ ഭരിക്കുന്ന സാഹചര്യത്തിൽ ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടു പോകാൻ സാധിക്കും. അത് പ്രയോജനപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സാംസ്കാരിക കേന്ദ്രങ്ങൾ ജില്ലതോറും സ്ഥാപിക്കാൻ തീരുമാനിച്ചത് വളരെ നല്ല കാര്യമാണ്. തിരുവനന്തപുരത്തുള്ള കവടിയാർ കൊട്ടാരത്തിന്റെ തൊട്ടടുത്തുതന്നെ മൂന്നുനാല് ഏക്കർ സ്ഥലം ഹാബിറ്റേറ്റ് എന്ന പേരിൽ അക്വയർ ചെയ്തിട്ടുണ്ട്. അത് ഇതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണ്. ആ കാര്യംകൂടി പരിഗണിക്കണമെന്ന് ഊന്നി പറഞ്ഞുകൊണ്ട് സമയം തീർന്ന സാഹചര്യത്തിൽ എന്റെ പ്രസംഗം അവസാനിപ്പിക്കേണ്ടി വന്നിരിക്കുന്നു. നമസ്കാരം.

ശ്രീ. സി. കൃഷ്ണൻ : സർ, ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ ഉയർത്തിയ ഒരു പ്രശ്നം എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും എന്നതാണ്. ആ വാക്യം അന്വർത്ഥമാക്കാൻ ഉതകുന്ന വിധത്തിലുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ അടങ്ങിയ ഈ ബഡ്ജറ്റ് ജനങ്ങളാകെ സ്വാഗതം ചെയ്യുന്ന ഒന്നാണ് എന്ന കാര്യം എല്ലാവർക്കും അറിയാം. അതുപോലെ പരമ്പരാഗത വ്യവസായ മേഖലകൾ, അംഗൻവാടി, ആശാ വർക്കർമാർ, സ്കൂൾ പാചക തൊഴിലാളികൾ, പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ തുടങ്ങിയ വിഭാഗങ്ങളെ സഹായിക്കാനുതകുന്ന നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നത് ആശാവഹമായ, അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. പരമ്പരാഗത വ്യവസായങ്ങളെ നവീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. കൈത്തറി മേഖലയെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിൽ അനുവദിച്ച 71 കോടി രൂപയ്ക്കുപുറമേ വരുമാന ഉറപ്പുപദ്ധതി നടപ്പാക്കുന്നതിനും മാർക്കറ്റ് ഇടപെടലിനും വേണ്ടി 30 കോടി രൂപ അധികമായി വകയിരുത്തിയത് സ്വാഗതാർഹമായ കാര്യമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി വളർന്നുവന്ന ഖാദി, ഗ്രാമ വ്യവസായത്തിന് 14 കോടി രൂപ വീതം വകയിരുത്തിയതിനുപുറമെ വരുമാന ഉറപ്പുപദ്ധതിയുടെ ഭാഗമായി 10 കോടി രൂപയും അനുവദിക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത് സ്വാഗതാർഹമാണ്. കൈത്തറിയും ഖാദിയും എല്ലാ കാലത്തും സർക്കാരിന്റെ സഹായത്തോടെ നിലനിന്നിട്ടുള്ള വ്യവസായമാണ്. എന്നാൽ മുൻ ഗവൺമെന്റ് തുണിക്ക് മൂല്യവർദ്ധിത നികുതി എന്ന നിലയിൽ ഒരു ശതമാനം

നികുതി ചുമത്തിയിരുന്നത് രണ്ട് ശതമാനമായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ഇതിലുണ്ട്. അതിൽനിന്ന് ഖാദിയെയും കൈത്തറിയെയും ഒഴിവാക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് സഹായകരമായിരിക്കും. കേരളത്തിലെ ബീഡി വ്യവസായം എരിഞ്ഞു തീർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ആ എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെയാണ് കഴിഞ്ഞ ഗവൺമെന്റ് 14 ശതമാനം പ്രത്യേക ടാക്സ് ചുമത്തിയത്. ആ നികുതി ഇനിയും നിലനിർത്തുന്നത് തീ ആളിക്കത്തുന്നതിന് മാത്രമേ ഇടയാവുകയുള്ളൂ. ബീഡി വ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ദിനേശ് ബീഡി സഹകരണ സംഘത്തിൽനിന്ന് പിരിച്ച നികുതിക്ക് പരിഹാരമായി 8 കോടി രൂപ ഗ്രാന്റായി നൽകുന്നത് സ്വാഗതാർഹമായ കാര്യമാണ്. അതുമാത്രം പോര. ആ വ്യവസായം തകരാതിരിക്കുന്നതിനുവേണ്ടി ബീഡിയുടെ മേൽ ചുമത്തിയിട്ടുള്ള നികുതി പിൻവലിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട രണ്ടു മൂന്ന് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഈ ബഡ്ജറ്റിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. മൂന്ന് റോഡുകൾ, രണ്ട് പാലങ്ങൾ, കോടതി സമുച്ചയം, പൂരക്കളി അക്കാദമി, ടൂറിസം മേഖലയിലെ നിർദ്ദേശങ്ങൾ തുടങ്ങിയവയൊക്കെ അതിൽ വന്നിട്ടുണ്ട്. ഇതെല്ലാം സന്തോഷകരമായ കാര്യങ്ങളാണ്. അതോടൊപ്പം പയ്യന്നൂർ മണ്ഡലം പൊതുമരാമത്ത് റോഡുകളുടെ കാര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സ്ഥലമാണ്. 10 വർഷത്തിലധികമായി റീട്ടാർ ചെയ്യാത്ത നിരവധി റോഡുകളുണ്ട്. ഈ പ്രശ്നം മുൻനിർത്തി തെരഞ്ഞെടുപ്പിന് നാല് മാസം മുമ്പ് ഒരു എം.എൽ.എ. എന്ന നിലയിൽ എനിക്ക് അനിശ്ചിത കാലത്തേക്ക് ഉപവാസ സമരം നടത്തേണ്ടതായി വന്നു. അതിനുശേഷം ചില പദ്ധതികൾ ഏറ്റെടുത്തുവെങ്കിലും അതും പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ട് റോഡുകളുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന നൽകണം. അതിൽ ആദ്യം തന്നെ ഉൾപ്പെടുത്തേണ്ട റോഡായിരുന്നു വെള്ളോറ-അക്കറ-കടുക്കാരമുക്ക് റോഡ്. ഇതുൾപ്പെടെയുള്ള ചില റോഡുകളുടെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഇതിനകം പെടുത്തിയിട്ടുണ്ട്. ആ കാര്യം പ്രത്യേകമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊന്ന്, മുൻ ഗവൺമെന്റ് പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ പയ്യന്നൂർ ഉൾപ്പെടെ നൂറ് ശതമാനവും അർഹതപ്പെട്ട താലൂക്കുകളുടെ കാര്യത്തിൽ കടുത്ത വിവേചനവും അവഗണനയുമാണ് അന്ന് കാണിച്ചത്. 12 താലൂക്കുകൾ പ്രഖ്യാപിച്ചപ്പോൾ പയ്യന്നൂർ ഉൾപ്പെടെ അതിൽ ഉൾപ്പെടേണ്ട ചില താലൂക്കുകൾ ഉൾപ്പെട്ടില്ല. ആ പ്രശ്നം ഉന്നയിച്ചുകൊണ്ട് രാഷ്ട്രീയത്തിനതീതമായി ഞങ്ങളെല്ലാവരും നിരന്തരമായി സമരം നടത്തി. ആ

സമരത്തിന്റെ പ്രത്യേക ഘട്ടത്തിൽ പയ്യന്നൂർ താലൂക്ക് അനുവദിക്കും എന്നൊരു പ്രഖ്യാപനം നടത്തി. പക്ഷേ ദൗർഭാഗ്യവശാൽ ആദ്യത്തെ നിലപാടുപോലെതന്നെ ആ താലൂക്കിന് ഭരണാനുമതി നൽകാത്ത ഒരു നിലപാടാണ് സ്വീകരിച്ചത്. ഇക്കാര്യത്തിൽ തുടർന്നുവന്നിട്ടുള്ള അവഗണനയും വിവേചനവും ഈ ഗവൺമെന്റിന്റെ കാലത്തുണ്ടാവില്ല എന്ന് ഞങ്ങൾ കരുതുന്നു. ഇക്കാര്യം ഞങ്ങൾ പ്രതീക്ഷയോടെയാണ് കാണുന്നത്. ഈ രണ്ട് കാര്യങ്ങളും പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. പയ്യന്നൂരിൽ അടുത്ത ദിവസമുണ്ടായ ചില സംഭവങ്ങൾ സംബന്ധിച്ച് നേരത്തെ അടിയന്തരപ്രമേയ ചർച്ചയ്ക്കിടയിൽ ഞാൻ ഇടപെട്ട് സംസാരിച്ചപ്പോൾ പറഞ്ഞ കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രദ്ധിക്കാത്തതുകൊണ്ടാണ്, ഞാൻ ഒന്നുമാത്രം പറഞ്ഞു, രണ്ടാമത്തേത് പറഞ്ഞില്ല എന്നുപറഞ്ഞു. ഞാൻ രണ്ടു കാര്യവും പറഞ്ഞിരുന്നു. അവിടെ ഒരാൾ കൊല്ലപ്പെട്ടുവെന്നും കുറെ വീടുകൾ ആക്രമിക്കപ്പെട്ടുവെന്നും അതിനെത്തുടർന്നുണ്ടായ സംഘർഷത്തിനിടയിൽ രണ്ടാമതൊരാൾ കൂടി കൊല്ലപ്പെട്ടുവെന്ന കാര്യം ദൗർഭാഗ്യകരമാണെന്നും ഞാൻ പറഞ്ഞിരുന്നു. അത് പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെടാത്തത് കൊണ്ടായിരിക്കാം ഞാൻ ഒരു കാര്യം മാത്രമേ പറഞ്ഞുള്ളൂ എന്നുപറയുന്നത്. ഇത് ഖേദകരമാണെന്ന് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നു. ഇതുപോലുള്ള കാര്യങ്ങളിൽ വർഗ്ഗീയ ശക്തികൾക്ക് അനുകൂലമായ മൃദു സമീപനം കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നുണ്ടാകുന്നു എന്നത് അവർക്ക് വളം വച്ചുകൊടുക്കുന്ന കാര്യമാണ്. പക്ഷംചേരാതെ ഇതിനെ ശക്തമായി എതിർക്കുന്ന നിലപാട് എല്ലാ കാലത്തും സ്വീകരിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ സ്വീകരിച്ചില്ല എന്നതുകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എല്ലാ മേഖലയിലും ഉൾപ്പെട്ടവരെ സഹായിക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ബഡ്ജറ്റിനെ സർവാത്മനാ സ്വാഗതം ചെയ്യേണ്ടത് തന്നെയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി 300 കോടി രൂപ പ്രത്യേകമായും സൗജന്യറേഷൻ കൊടുക്കുന്നതിനുവേണ്ടി 450 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് ജനങ്ങൾക്ക് വളരെയേറെ സഹായകരമാകുന്ന കാര്യമാണ്. അതോടൊപ്പം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക സാധനങ്ങൾക്കും കുടിവെള്ളത്തിനും 5 വർഷത്തേയ്ക്ക് വില വർദ്ധിപ്പിക്കില്ല, ഭൂരഹിതരായ വർക്ക് ഭൂമിയും, വീട് ഇല്ലാത്തവർക്ക് വീടും നൽകും തുടങ്ങി സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ട, സർവതല സ്പർശിയായ, എല്ലാവിഭാഗം ആളുകളെയും സഹായിക്കുന്ന ഒരു ബഡ്ജറ്റാണ് എന്നതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റിന് എല്ലാവിഭാഗം ആളുകളുടെയും പിന്തുണയുണ്ടാകുമെന്ന കാര്യത്തിൽ യതൊരു സംശയവുമില്ല. ഒരിക്കൽ കൂടി ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, ഈ ബഡ്ജറ്റിലും അത്ഭുതങ്ങളൊന്നും സംഭവിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസത്തെ പത്രക്കട്ടിംഗ് ആണ് എന്റെ കയ്യിലുള്ളത് (പത്രക്കട്ടിംഗ് ഉയർത്തിക്കാണിച്ചു). അതിൽ പറയുന്നത് "വൈലോപ്പിള്ളി കവിതയുടെ ഉദ്ധരണികളിലൂടെ പച്ചയും ചുവപ്പും വർണ്ണങ്ങളെ ബഡ്ജറ്റിൽ സന്നിവേശിപ്പിച്ച് പരിസ്ഥിതി സൗഹൃദത്തിന്റെയും സാമൂഹിക നീതിയുടെയും ബഡ്ജറ്റ് അവതരിപ്പിച്ച ഡോ. തോമസ് ഐസക്കിന്റെ പ്രഖ്യാപനങ്ങളിൽ ഭൂരിപക്ഷവും ഇപ്പോഴും കടലാസിൽ തന്നെയാണ്" എന്നാണ്. 2006-ൽ അധികാരമേറ്റെടുക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നത് 2011-ൽ മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുമെന്നാണ്. എന്നാൽ ആ ലക്ഷ്യം ഇത്തവണയും നേടാനായിട്ടില്ലെന്നും പറയുന്നു. അതേഗതി തന്നെയാണ് ഈ ബഡ്ജറ്റിലും ഉണ്ടാകാൻ പോകുന്നത്. കഴിഞ്ഞ സർക്കാർ കടബാധ്യത ഉണ്ടാക്കിപ്പോയിയെന്നാണ് ഇപ്പോൾ പറയുന്നത്. അന്ന് ബഡ്ജറ്റ് അവതരിപ്പിച്ച ദിവസത്തെ പത്രക്കട്ടിംഗ് ആണിത് (പത്രക്കട്ടിംഗ് ഉയർത്തിക്കാണിച്ചു). അതിൽ പറയുന്നത് 'പോണപോക്കിൽ 4000 കോടി രൂപയുടെ അധിക ബാധ്യത അടുത്ത സർക്കാരിന്റെ തലയിൽ' എന്നാണ്. അടുത്ത സർക്കാരിന്റെ തലയിൽ 4000 കോടി രൂപയുടെ ബാധ്യത കെട്ടിവച്ചുകൊണ്ടാണ് അന്നദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചത്. ആ ബഡ്ജറ്റിന് വ്യത്യസ്തമായി ഒന്നും ഉണ്ടാകാൻ പോകുന്നില്ല. ഇപ്പോൾ വൈലോപ്പിള്ളി കവിതയ്ക്ക് പകരം നാരായണ ഗുരുവിനെ പിടിച്ചുവെന്ന വ്യത്യാസമേ ഈ ബഡ്ജറ്റിനുള്ളൂ. കേരളത്തെ സമഗ്രമായ സാമ്പത്തിക വളർച്ചയിലേയ്ക്ക് നയിക്കുന്ന ഒരു ദിശാസൂചിക പോലും ഈ ബഡ്ജറ്റിൽ ഇല്ല. ബഡ്ജറ്റ് വിലക്കയറ്റം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം വികസന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ തകർക്കുന്നതിനും മാത്രമേ ഉപകരിക്കുവെന്ന കാര്യത്തിൽ സംശയമില്ല. സാധാരണക്കാരനെ ബുദ്ധിമുട്ടിക്കുന്ന നികുതി നിർദ്ദേശങ്ങളല്ലാതെ മറ്റേതെങ്കിലും തരത്തിലുള്ള നികുതി നികുതിയേതര നിർദ്ദേശങ്ങളോ മറ്റ് മാർഗ്ഗങ്ങളോ കണ്ടെത്താൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി വൈറ്റ് പേപ്പർ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനുമുമ്പ് പ്രസിദ്ധീകരിച്ച റെഡ് പേപ്പറിൽ പറയുന്നത്, നിത്യ നിദാനച്ചെലവുകൾക്കുപോലും ഗതിയില്ലാത്ത ഒരു സർക്കാരിന് ബഡ്ജറ്റിന് പുറത്ത് പദ്ധതികൾക്കുവേണ്ടി വായ്പ സമാഹരിക്കുന്നതിന് കഴിയാത്ത സ്ഥിതിയുണ്ടാകുമെന്നാണ്. വൈറ്റ് പേപ്പറിലും ഇത്തരത്തിൽ പറഞ്ഞിട്ടുള്ള മന്ത്രി എവിടെ നിന്നാണ് ഫണ്ട് കണ്ടെത്താൻ പോകുന്നതെന്ന് അറിയില്ല. വെളിച്ചെണ്ണയ്ക്ക് അഞ്ച് ശതമാനം നികുതി കൂട്ടി.

അതിന്റെ പ്രയാസം അനുഭവിക്കാൻ പോകുന്നത് കേര കർഷകരാണ്. ജനങ്ങൾ പാമോയിൽ ഉപയോഗിക്കാൻ തുടങ്ങും. ഇപ്പോൾത്തന്നെ നട്ടുവൊടിഞ്ഞ് കിടക്കുന്ന കേരകർഷകർ നടുക്കടലിലേക്ക് എടുത്തുചാടേണ്ട സ്ഥിതിയാണ് വെളിച്ചെണ്ണയുടെ നികുതി വർദ്ധനവിലൂടെ ഉണ്ടാകുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ദാനനിശ്ചയം എന്നീ കാര്യങ്ങൾക്ക് 1000 രൂപയുണ്ടായിരുന്നത് മൂന്ന് ശതമാനം വർദ്ധിപ്പിച്ചു. ഇതിലൂടെ സാധാരണക്കാരന്റെ കുടുംബ ജീവിതത്തിനു മേൽ വലിയ ഭാരം അടിച്ചേൽപ്പിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തിരിക്കുന്നത്. ഇന്ന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയിൽ കുറച്ച് അസഹിഷ്ണുത കാണിച്ചെങ്കിലും നല്ല മനസ്സിന്റെ ഉടമയാണ് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അദ്ദേഹത്തിന്റെ അറിവോടുകൂടിയാണോ ബഡ്ജറ്റിൽ ഇത്തരമൊരു നിർദ്ദേശം ഉൾക്കൊള്ളിച്ചത് എന്നറിയാൻ ആഗ്രഹമുണ്ട്. ആട്ട, മൈദ, സൂചി, റവ, ബസ്മതി അരി, ഹോട്ടൽ ഭക്ഷണം, തുണി, അലക്കുസോപ്പ് തുടങ്ങിയ എല്ലാ സാധനങ്ങൾക്കും വില വർദ്ധിക്കാൻ പോവുകയാണ്. ഒരു സാധനത്തിനു മാത്രമാണ് വില വർദ്ധിക്കാതെയുള്ളത്. മദ്യത്തിന്. ഞാൻ ബഡ്ജറ്റ് പുസ്തകം തിരിച്ചും മറിച്ചും നോക്കിയെങ്കിലും ഒരു സ്ഥലത്തുപോലും മദ്യത്തിന് നികുതി കൂട്ടിയതായി കാണുന്നില്ല. XX* അതുകൊണ്ടാണ് മദ്യത്തിന് നികുതി കൂട്ടാൻ ഈ ഗവൺമെന്റ് മുന്നോട്ടു വരാത്തത്. 2 കോടി രൂപ വിവാദത്തിലൂടെ നാടുകടത്തിയ വ്യക്തിയാണ് സാന്റിയാഗോ മാർട്ടിൻ. ആ സാന്റിയാഗോ മാർട്ടിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് ശ്രീ. എം. കെ. ദാമോദരൻ കോടതിയിൽ ഹാജരായതോടെ ഈ ഗവൺമെന്റിനെ ** തെളിയിക്കപ്പെട്ടിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ.....(ബഹളം)...

മി. സ്പീക്കർ : ശ്രീ. പി. ഉബൈദുള്ള, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. ഉബൈദുള്ള : സർ, പോയിന്റ് ഓഫ് ഓർഡർ പ്രശ്നമില്ല. എനിക്ക് സമയം അനുവദിക്കണം.

ശ്രീ. ആർ. രാജേഷ് : സർ, XXXXXXX* അതിന്റെ ഫലമാണ് ഈ സർക്കാർ ഇവിടേക്ക് വന്നത്.

മി. സ്പീക്കർ : പോയിന്റ് എന്താണ്?

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. ആർ. രാജേഷ് : സർ, ഈ പരാമർശം രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ : അത് പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. പി. ഉബൈദുള്ള : സർ, അതുമാത്രമല്ല, മുൻമുഖ്യമന്ത്രി ജനങ്ങൾക്കിടയിലാണ് ജീവിച്ചത്. 24 മണിക്കൂറും അദ്ദേഹം ജനസമ്പർക്ക പരിപാടിയിലായിരുന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം ഞാൻ പല തവണ തിരുവനന്തപുരത്ത് വന്നപ്പോഴും അദ്ദേഹം ജനങ്ങളോടൊപ്പമാണ്. ഇപ്പോഴത്തെ മുഖ്യമന്ത്രിയും തെരഞ്ഞെടുപ്പിന് മുമ്പ് ജനസമ്പർക്ക പരിപാടി നടത്തി. ആരെയൊക്കെയാണ് അദ്ദേഹം പോയി കണ്ടതെന്ന് നിങ്ങൾക്ക് അറിയില്ലേ. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പോയി സമ്പന്നരെയും വ്യവസായികളെയും വിളിച്ചുകൂട്ടി. അവരിൽ നിന്നാണ് എല്ലാം ശരിയാക്കാൻ പോകുന്ന പുതിയ സർക്കാരിന്റെ നയപരിപാടികളിലേക്ക് ഇപ്പോഴത്തെ മുഖ്യമന്ത്രി ആശയങ്ങൾ സ്വീകരിച്ചത്. അങ്ങനെ സമ്പന്നന്മാരുടെ അഭിപ്രായം തേടി അധികാരത്തിൽ വന്ന ഗവൺമെന്റാണിത്. ലേബർ ക്യാമ്പുകളിൽ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികളുടെ വിഷമങ്ങൾ മനസ്സിലാക്കാൻ വേണ്ടിയല്ല ഇപ്പോഴത്തെ മുഖ്യമന്ത്രി ഗൾഫിൽ പോയത്. അവിടത്തെ വൻവ്യവസായികളെയും സമ്പന്നരേയും വിളിച്ചുകൂട്ടിയാണ് ഈ ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ച് അഭിപ്രായം തേടിയത്.

മി. സ്പീക്കർ : ശ്രീ. പി. ഉബൈദുള്ള, സമയം അവസാനിച്ചു.

ശ്രീ. പി. ഉബൈദുള്ള : സർ, ഇത് ഏതാണ് പാർട്ടി. സഖാവ് എ.കെ.ജി.-യെ പോലുള്ള ആളുകൾ പീടികത്തിണ്ണയിൽ കിടന്നുറങ്ങിയും കട്ടൻചായ കുടിച്ചും പരിപ്പുവട കഴിച്ചും വളർത്തിയെടുത്ത പ്രസ്ഥാനം ഇന്ന് സമ്പന്നന്മാരുടെ മുമ്പിൽ പണയം വച്ചിരിക്കുന്നു. ഈ ഗവൺമെന്റിന് ഇത്തരത്തിലുള്ള ബഡ്ജറ്റല്ലാതെ അവതരിപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. അവസാനമായി എല്ലാവർക്കുംവേണ്ടി ഒരു കാര്യം ഉന്നയിക്കുകയാണ്. എം.എൽ.എ. ഫണ്ട് വർഷങ്ങൾക്ക് മുമ്പ് ഒരു കോടി രൂപയായതാണ്. എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ എം.എൽ.എ. ഫണ്ട് 2 കോടി രൂപയും ആസ്തി വികസന ഫണ്ട് 10 കോടി രൂപയുമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച 2016-17-ലേക്കുള്ള ബഡ്ജറ്റിനെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. സ്വപ്നാടനക്കാരന്റെ ബഡ്ജറ്റ് എന്നാണ് ഈ ബഡ്ജറ്റിനെ എന്റെ പ്രതിപക്ഷ സുഹൃത്തുക്കൾ പരിഹസിച്ചത്. ലോകത്തിലെ വിശ്രുതരായ ചിന്തകരെല്ലാം നല്ലൊരു ലോകത്തെ കിനാവ് കണ്ടവരായിരുന്നു. ക്രെംലിനിലെ സ്വപ്നാടനക്കാരൻ എന്നാണ് ലെനിനെ ചിലർ വിശേഷിപ്പിച്ചത്. പ്രതീക്ഷകളുടെ സ്വപ്നം ഇല്ലെങ്കിൽ ജീവിതം എത്രമാത്രം വിരസമായിരിക്കും. സ്വപ്നം കാണുകയെന്നുള്ളത് തന്നെ വലിയ കാര്യമാണ്. സ്വപ്നമില്ലാത്ത ലോകം എത്രമാത്രം വിരസമായിരിക്കും. വയലാറിന്റെ വരികൾ ഞാൻ ഓർക്കുകയാണ്;

" സ്വപ്നങ്ങൾ സ്വപ്നങ്ങളേ നിങ്ങൾ സ്വർഗ്ഗ കുമാരികളല്ലോ,

നിങ്ങളീ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ

നിശ്ചലം ശൂന്യമീ ലോകം".

സ്വപ്നങ്ങളില്ലാത്ത ലോകം വിരസവും ശൂന്യവുമായിരിക്കും. കേരളത്തിന്റെ വികസനത്തെക്കുറിച്ച് ഡോ. തോമസ് ഐസക് സ്വപ്നം കാണുന്നതിൽ എന്താണ് തെറ്റ്? യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ വികസനവും നാടിന്റെ മുന്നേറ്റവും സ്വപ്നം കാണുകയും ആ സ്വപ്നം യാഥാർത്ഥ്യവൽക്കരിക്കാൻ നിശ്ചയദാർഢ്യത്തോടെയുള്ള നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്ന ധനകാര്യ വകുപ്പുമന്ത്രിയെയാണ് ഈ ബഡ്ജറ്റിലൂടെ കേരളം കാണുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കഴിഞ്ഞ അഞ്ച് വർഷം സാമ്പത്തിക അരാജകത്വവും അവമതിപ്പും ഉളവാക്കിയ ഒരു ഭരണമായിരുന്നു. സംസ്ഥാനത്തെ എല്ലാതരത്തിലും ഞെരുക്കിയവരാണ് ഇന്ന് ഈ ഗവൺമെന്റിനെ കുറ്റം പറയുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങളെല്ലാം വലിയ പ്രതിസന്ധി നേരിട്ട കാലഘട്ടമായിരുന്നു അത്. കേരളത്തെ മുന്നോട്ടുനയിക്കാൻ ഡോ. തോമസ് ഐസക് കാണിച്ച രജതദ്യുതിയായിട്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ കാണുന്നത്. 2011 ജൂലൈ മാസം 8-ാം തീയതി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിന്റെ ആമുഖത്തിലെ മൂന്നാം ഖണ്ഡികയിൽ, ഒരൊറ്റ വ്യക്തിയുടെ പിന്നാക്കാവസ്ഥ പോലും സമൂഹത്തിന്റെയാകെ ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുമെന്ന സാമ്പത്തിക സിദ്ധാന്തം അടിസ്ഥാനമാക്കിക്കൊണ്ട് ഒരു ഭരണ സംവിധാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ ആകെ ലക്ഷ്യം എല്ലാ ജനങ്ങളുടെയും ഉന്നതി എന്നതായിരിക്കണം. അതായിരിക്കും എന്റെ ബഡ്ജറ്റും ഗവൺമെന്റും എന്നദ്ദേഹം

പറയുകയുണ്ടായി. എന്ത് സാമ്പത്തികമായ പുരോഗതിയാണ് ഈ സംസ്ഥാനത്തിന് അദ്ദേഹത്തിന്റെ ഗവൺമെന്റും ബഡ്ജറ്റും നൽകിയത്. ഏതെങ്കിലും പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞോ? എയർ കേരള നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. 2013-ൽ എയർ കേരള പറന്നുയരുമെന്ന് പറഞ്ഞു, ഒന്നുമുണ്ടായില്ല. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എയർ സ്ട്രിപ്പ് പ്രാവർത്തികമാക്കുമെന്ന് പറഞ്ഞു. ഒന്നുമുണ്ടായില്ല. കർഷകരുടെ ക്ഷേമം മുൻനിർത്തി ഒരുപാട് കാര്യങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞ അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗങ്ങളെല്ലാം നമ്മുടെ മുന്നിലുണ്ട്. കർഷകർക്കായി പ്രഖ്യാപിച്ച എല്ലാ പദ്ധതികളും താളം തെറ്റിപ്പോയില്ലേ? അദ്ദേഹം കർഷകർക്കൊരു കിസ്സാൻ പാസ്സ്ബുക്ക് പ്രഖ്യാപിച്ചു. അദ്ദേഹംതന്നെ ഓർക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. ബഡ്ജറ്റ് രേഖ ഇവിടെയുണ്ട്. അത് കേവലമായ ഒരു പാസ്സ്ബുക്ക് മാത്രമായിരുന്നില്ല. ഭൂമിയുടെ പ്രമാണം പണയപ്പെടുത്തുന്നതിനുപകരം ഈ കിസ്സാൻ പാസ്സ്ബുക്കുമായി ചെന്നാൽ ബാങ്കുകാർ ലോൺ കൊടുക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ആർക്കെങ്കിലും കിട്ടിയോ; ആ കിസ്സാൻ പാസ്സ്ബുക്കുമായി ബാങ്കുകളിൽ ചെന്നിട്ടുണ്ടെങ്കിൽ അവർ ഓടിച്ചിട്ടുണ്ടാകും. വണ്ടിച്ചെക്കിന്റെ വിലപോലുമില്ലാത്തതാണ് ആ കിസ്സാൻ പാസ്സ്ബുക്ക്. അദ്ദേഹം ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളൊക്കെ മഹാഭൂരിപക്ഷവും ചാപിള്ളയായി മാറുകയാണ് ചെയ്തത്. വനം - പരിസ്ഥിതി നിയമത്തിൽനിന്ന് കാർഷിക ഭൂമിയെ രക്ഷിക്കുമെന്ന് പറഞ്ഞു. ഒന്നും നടന്നില്ല. പ്രഖ്യാപനം മാത്രം ബാക്കിയായി. സ്വയം സംരംഭക മിഷനു വേണ്ടി 500 കോടി രൂപ വകയിരുത്തി. കേരളത്തിൽ എവിടെയെങ്കിലും കണ്ടോ? അദ്ദേഹം മറ്റൊരു കാര്യം പറഞ്ഞു. ഒരു മാലിന്യ വിമുക്ത കേരളം നടപ്പിലാക്കും. അഞ്ചുവർഷക്കാലം ഈ സംസ്ഥാനത്ത് ഏതെങ്കിലുമൊരു സ്ഥലത്ത് അത്തരമൊരു പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞോ? നടപ്പിലായിട്ടില്ല. അപ്പോൾ നടപ്പിലാക്കാത്ത ഒട്ടേറെ കാര്യങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഭരണരംഗത്ത് ധാരാളം മാറ്റങ്ങൾ പ്രഖ്യാപിച്ചു. പെർഫോമൻസ് മോണിറ്ററിംഗ് ഇവാല്യുവേഷൻ പദ്ധതി കേരളത്തിൽ നടപ്പിലായോ? അഞ്ച് വർഷം ശ്രീ. ഉമ്മൻ ചാണ്ടി ഭരിച്ചു. ആ പദ്ധതി നടപ്പിലായില്ല. കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രഖ്യാപിച്ചു. ഈ കാര്യങ്ങളിലൊന്നും മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. നമ്മുടെ പരമ്പരാഗത മേഖലകളിൽ വലിയ തോതിലുള്ള തൊഴിൽ നഷ്ടം മാത്രമാണ് ആ സർക്കാരിന്റെ കാലത്തുണ്ടാക്കിയത്. ഇവിടെ പ്രസംഗിക്കുന്നവരെല്ലാം മത്സ്യത്തൊഴിലാളികളെക്കുറിച്ച് പറയുന്നു. ആദിവാസികൾ കഴിഞ്ഞാൽ തൊഴിൽ

ലഭ്യതയുടെ കാര്യത്തിൽ ഏറെ പിന്നോക്കം നിൽക്കുന്നവരാണിവർ എന്നത് ശരിയാണ്. പക്ഷെ ഈ പാവങ്ങളെ കഴിഞ്ഞ ഗവൺമെന്റ് ഓർമ്മിച്ചിരുന്നോ? ബാർ വിവാദത്തിന്റെയും എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെയും വർക്കുകളുടെ തിരക്കിൽ ശ്രീ. കെ. ബാബു മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മറക്കുകയല്ലേ ചെയ്തത്? മത്സ്യത്തൊഴിലാളികൾ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. കോൺഗ്രസ് നേതൃത്വത്തിലുള്ള കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അടിച്ചേൽപ്പിച്ച കാര്യങ്ങളാണ് അവരെ ഇന്ന് ബാധിക്കുന്ന എല്ലാ ദുരവസ്ഥകളുടെയും അടിസ്ഥാനം. ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി നൽകിയത് നരസിംഹറാവു ഗവൺമെന്റായിരുന്നു. ആ നയം ഇപ്പോഴും തുടരുകയാണ്. ബഹുമാനപ്പെട്ട നരേന്ദ്ര മോദി ആ നയത്തിന് ഒരു മാറ്റവും വരുത്തിയില്ല എന്ന് മാത്രമല്ല മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ശബ്ദമുയർത്തുന്നുവെന്ന് പറയുന്ന മത്സ്യത്തൊഴിലാളി സംഘവും അവരുടെ സ്വദേശി ജാഗ്രൻ മഞ്ചും ഒക്കെ വിളിച്ച മുദ്രാവാക്യം വെറുതെയായിപ്പോയി. അവരും അതേ നയം നടപ്പിലാക്കുകയാണ്. ഇവിടെ മത്സ്യലഭ്യത വലിയ തോതിൽ കുറയുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുമ്പോൾ മീൻ കിട്ടുന്നില്ല. എന്റെ നാടായ ചാവക്കാട് ശ്രീ. രാഹുൽ ഗാന്ധി വന്ന് ഒരു നാടകം നടത്തി. ശ്രീ. റ്റി. എൻ. പ്രതാപനാണ് ആ നാടകത്തിന്റെ സൂത്രധാരൻ. ശ്രീ. രാഹുൽ ഗാന്ധിക്ക് ആ ബുദ്ധി നേരത്തെ ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ഗവൺമെന്റിനെക്കൊണ്ട് ഈ വിദേശ ട്രോളറുകൾക്ക് അനുമതി നൽകിയ തീരുമാനം പിൻവലിപ്പിക്കാമായിരുന്നു. നാടകം നടത്തി അദ്ദേഹം തിരിച്ചുപോയി എന്നല്ലാതെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രതിസന്ധികൾ ഇപ്പോഴും തുടരുകയാണ്. എനിക്ക് ഈ ഗവൺമെന്റിനോട് പറയാനുള്ളത്, മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി പലപ്പോഴും അനുവദിക്കുന്നുണ്ട്. പക്ഷേ തടസ്സമുണ്ട്. തടസ്സമെന്ന് പറയുന്നത് വീടുണ്ടാക്കാൻ സാധിക്കുന്നില്ല. ഇപ്പോഴും പഞ്ചായത്ത് മുൻസിപ്പൽ സെക്രട്ടറിമാർ അവരുടെ വീട് പുനർനിർമ്മിക്കാൻവേണ്ടി ചെല്ലുമ്പോൾ സി.ആർ.ഇസഡ്.-ന്റെ പേരിൽ അനുമതി നിഷേധിക്കുകയാണ് ചെയ്യുന്നത്. അവർക്ക് വീടുനിർമ്മിക്കാനുള്ള അനുമതി നൽകുന്നില്ല. വലിയ തോതിൽ മത്സ്യത്തൊഴിലാളി രംഗത്ത് പ്രതിസന്ധി ഇപ്പോഴും നിലനിൽക്കുകയാണ്. അതുകൊണ്ട് സർക്കാർ ഈ ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളി രംഗത്തുൾപ്പെടെ പ്രഖ്യാപിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ഇന്ന് നിലവിലുള്ള സി.ആർ.ഇസഡ്. നിയമത്തിൽ അവർക്ക് അനുകൂലമായ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വികസനവും പരിസ്ഥിതിയും സംബന്ധിച്ചുള്ള സുപ്രധാനവും പൊതുവായിട്ടുള്ളതുമായ ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്. വരുന്ന പതിറ്റാണ്ടിൽ കേരളം നേരിടാൻ പോകുന്ന ഗുരുതരമായ ഒരു പ്രശ്നമാണിത്. വികസനവും പരിസ്ഥിതി സംരക്ഷണവും നമുക്ക് അനിവാര്യമായ സംഗതികളാണ്. ഏതെങ്കിലും ഒന്നിനെ നമുക്ക് ഒഴിവാക്കാൻ പറ്റില്ല. പക്ഷെ ഇത് രണ്ടും പരസ്പര വൈരുദ്ധ്യമുള്ള സംഗതികളുമാണ്. ചില കാര്യങ്ങളിൽ ഈ വൈരുദ്ധ്യം ഏറ്റവും കൂടുതൽ മൂർച്ഛിച്ചിരിക്കുന്നത് കേരളത്തിലാണ്. ഇപ്പോൾ റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഒരു പ്രധാനപ്പെട്ട ഭാഗമെന്ന് പറയുന്നത് കരിങ്കല്ലാണ്. കരിങ്കല്ലിന്റെ അമിത ഉപയോഗംമൂലം പാറകളും മലകളും ഇല്ലാതാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കരിങ്കല്ലും പാറയുമില്ലാതെ റോഡുകൾ നിർമ്മിക്കാൻ കഴിയുന്ന ഒരു സാങ്കേതിക വിദ്യയെ സംബന്ധിച്ച് കേരളം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ സാമ്പത്തിക അവലോകന റിപ്പോർട്ടനുസരിച്ച് ജില്ലാ-സംസ്ഥാന റോഡുകളുടെ മാത്രം ദൈർഘ്യം 31,811 കിലോമീറ്ററാണ്. ഗ്രാമീണ റോഡുകൾ കൂടിച്ചേർക്കുമ്പോൾ അത് 1.5 ലക്ഷം വരും. ഇത്രയും റോഡുകൾ നിർമ്മിക്കുകയോ നവീകരിക്കുകയോ ചെയ്യുമ്പോൾ ആവശ്യമായി വരുന്ന പാറ നമുക്ക് ലഭ്യമല്ല. അതുകൊണ്ട് കേരളം ഏറ്റവും പ്രധാനപ്പെട്ടതായി കാണേണ്ട ഒരു കാര്യം കേരളത്തിന്റെ ഭാവി വികസനത്തിന്, വരുന്ന 5-10 വർഷത്തിനുള്ളിൽ നമ്മളെ തുറിച്ചുനോക്കുന്ന ഒരു യാഥാർത്ഥ്യം, ഒരു ബദൽ സംവിധാനം ഇതിന് കാണണമെന്നാണ്. മറ്റൊരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പ്രവാസി മേഖലയിൽ ഗവൺമെന്റ് വളരെ ശ്രദ്ധേയമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. അവരുടെ ക്ഷേമപദ്ധതി നവീകരിക്കുന്നതിന് ഈ ഗവൺമെന്റ് ആ ക്ഷേമനിധി നിയമത്തിൽ മാറ്റം വരുത്തണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി.

2.00 PM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. ഇങ്ങനെയൊരു ബഡ്ജറ്റ് ചർച്ച തന്നെ ഇവിടെ നടന്നത് വലിയ കാര്യമാണ്. കുറേ നാളുകളായി ഇവിടെ ബഡ്ജറ്റ് ചർച്ച നടക്കാറില്ല. ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മാണി സാറിന് ബഡ്ജറ്റ് പോലും അവതരിപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. ഇവിടെ ബഹുമാന്യനായ മുൻ പ്രതിപക്ഷ നേതാവും മുൻ മുഖ്യമന്ത്രിയുമായ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രസംഗം ഞാൻ വളരെ കൗതുകത്തോടുകൂടി കേൾക്കുകയായിരുന്നു.

ധനകാര്യ കമ്മീഷൻ ചെയർമാനാകുന്നുവെന്ന് കരുതി ഒരു മംഗളപത്രം ശ്രീ. വി. എസ്. അച്യുതാനന്ദൻ എഴുതുമെന്ന് ഞാൻ കരുതിയില്ല. അദ്ദേഹത്തിന്റെ സ്ഥിതിയിൽ എനിക്ക് വളരെ സഹതാപമുണ്ട്. അദ്ദേഹം കണ്ട അല്ലെങ്കിൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്തെ ഡോ. ടി. എം. തോമസ് ഐസക് അല്ല ഇപ്പോൾ ഇവിടെ ഇരിക്കുന്നതെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. – ഒരു നിറം മാറിയ തോമസ് ഐസക്കിനെയാണ് നമ്മളിപ്പോൾ കണ്ടു കൊണ്ടിരിക്കുന്നത്. നവ ലിബറലിസത്തിനെതിരായ ഒരു ബദൽ ഈ ബഡ്ജറ്റിലില്ല. കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള വിമർശനം ഇവിടെയില്ല. കേന്ദ്രവുമായി ഒരു കൺഫ്രണ്ടേഷൻ ഈ ബഡ്ജറ്റിലില്ല. വ്യാപാരികളും വ്യവസായികളും ബിസിനസ്സുകാരുമൊക്കെ അദ്ദേഹത്തിന് സൗഹൃദം സ്ഥാപിക്കാൻ കഴിയുന്നവരായി മാറിയിരിക്കുന്നു. എന്തൊരു മാറ്റമാണ് നമ്മൾ കാണുന്നത്? ഡോ. ടി. എം. തോമസ് ഐസക്കിന് വന്ന മാറ്റം ശ്രീ. വി. എസ്. അച്യുതാനന്ദനിൽ നിന്നും ശ്രീ. പിണറായി വിജയനിലേയ്ക്ക് എത്തിയപ്പോഴുണ്ടായ മാറ്റമായിട്ടാണ് എനിക്ക് തോന്നുന്നത്. ലാറ്റിൻ അമേരിക്കയെപ്പറ്റിയും വെനിസ്വേലയെപ്പറ്റിയും ഡോ. ടി. എം. തോമസ് ഐസക് പറയുമായിരുന്നു. ഇന്ന് വെനിസ്വേലയുടെ സ്ഥിതിയെന്താണ്; നവലിബറൽ സമീപനങ്ങൾക്കെതിരായിട്ടുള്ള ബദൽ വെനിസ്വേലയെ കണ്ടുകൊണ്ടാണ് അങ്ങ് ആവിഷ്കരിച്ചത്. ഇന്ന് വെനിസ്വേലയിൽ പട്ടിണിയും സോഷ്യൽ ടെൻഷനും പ്രയാസങ്ങളും അനുഭവിക്കുന്നുവെന്ന് അങ്ങേക്കും അറിയാവുന്ന കാര്യമാണല്ലോ. അങ്ങ് ഉട്ടോപ്യൻ ആശയങ്ങളുടെ രാജാവായി മാറിയിരിക്കുകയാണ്. അങ്ങ് ഇതിനുമുമ്പ് 2010-ലെ ബഡ്ജറ്റിൽ പലിശരഹിത ബാങ്ക് പ്രഖ്യാപിച്ചു, എവിടെ? 2011-ലെ ബഡ്ജറ്റിൽ ഡാമിൽ നിന്നും മണൽ വാരി ഹരിത ബഡ്ജറ്റ് കണ്ടെത്തിയത് എവിടെയാണ്? പാരഗ്രാഫ് 106-ലാണ് അങ്ങത് പറഞ്ഞത്. 2011-ലെ ബഡ്ജറ്റിൽ ഒരു കമ്പനി രൂപീകരിച്ച് 40,000 കോടി സമാഹരിക്കുമെന്ന് പറഞ്ഞു, ഒരു രൂപയെങ്കിലും സമാഹരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോയെന്ന് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. എല്ലാം സ്വപ്നങ്ങളായി അവശേഷിക്കുകയായിരുന്നു. ഈ ബഡ്ജറ്റ് എന്നുപറയുന്നത് മാന്ദ്യവിരുദ്ധ പാക്കേജിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പൊക്കിയ ഒന്നാണ്. ഇത് യഥാർത്ഥ ബഡ്ജറ്റല്ല, 'It is only a correctional Budget' അതായത് 'ഒരു തിരുത്തൽ ബഡ്ജറ്റ് മാത്രമാണ്. ശ്രീ. ഉമ്മൻ ചാണ്ടിയാണ് 2016-17-ലെ ബഡ്ജറ്റ് അവതരിപ്പിച്ചത്. പക്ഷെ ഒരു ഫുൾ ബഡ്ജറ്റ് അവതരിപ്പിച്ച മട്ടാണ് അങ്ങയുടെ ഭാവം കണ്ടാൽ തോന്നുന്നത്. ഈ ബഡ്ജറ്റിന്റെ sanctity തന്നെ അങ്ങ് നഷ്ടപ്പെടുത്തിയിരിക്കുകയാണ്. വികസനത്തിന് ബഡ്ജറ്റിന് പുറത്തുനിന്നും

പണം കണ്ടെത്തും എന്നുപറയുന്ന സമീപനം കൊള്ളാം. പക്ഷേ അത് അപ്രായോഗികമാണ്. സംസ്ഥാന ചരിത്രത്തിൽ ആദ്യമായിട്ടാണ് ആസൂത്രണ വികസന പദ്ധതി ഇല്ലാതായിരിക്കുന്നത്. മാർക്കറ്റിൽനിന്ന് അങ്ങ് പന്തീരായിരം കോടി രൂപ കണ്ടെത്തുമെന്നുള്ളത് വെറുമൊരു സ്വപ്നം മാത്രമാണ്. അതിന് ആർ.ബി.ഐ.-യുടെ പെർമിഷൻ വേണ്ടേ, ബോണ്ടുകൾക്ക് സെബിയുടെ ഗൈഡ്‌ലൈൻസ് പാലിക്കണ്ടേ? ഇതിന് എത്ര സമയം വേണ്ടിവരും. ഈ സാമ്പത്തിക വർഷമെന്ന് പറയുന്നത് ഇനി അഞ്ചുമാസമാണുള്ളത്. ഇതിനിടയിൽ ഈ ബഡ്ജറ്റിലൂടെ ഇത് നടപ്പാക്കാൻ കഴിയുമോ? സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെക്കുറിച്ച് അങ്ങ് പറഞ്ഞു. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വേണമെങ്കിൽ ഒരു വയബിൾ ബിസിനസ് മോഡൽ വേണം. അങ്ങനെയൊരു വയബിൾ ബിസിനസ് മോഡൽ അങ്ങ് മുന്നോട്ടുവയ്ക്കുന്നില്ലല്ലോ; ലെന്റേഴ്സിനും ഇൻവെസ്റ്റേഴ്സിനും താല്പര്യമുള്ള ബിസിനസ് മോഡൽ ഉണ്ടെങ്കിൽ മാത്രമേ ഇൻവെസ്റ്റ്മെന്റ് വരികയുള്ളൂ. ഉദാഹരണമായി ഇന്ത്യയിലെ ഏറ്റവും നല്ല ഒരു ബിസിനസ് മോഡൽ ആയിരുന്നു നാഷണൽ ഹൈവേ അതോറിറ്റി. അതുകൊണ്ടാണ് ആളുകൾ അതിൽ ഇൻവെസ്റ്റു ചെയ്യാൻ മുന്നോട്ടുവന്നതും ഇന്ത്യയിൽ നാഷണൽ ഹൈവേ അതോറിറ്റിയിൽ ഇഷ്ടംപോലെ പണമുണ്ടെന്ന് പറയുന്നതും. കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്ഗരി പറഞ്ഞു, ഞങ്ങൾക്ക് പണം ഇഷ്ടംപോലെയുണ്ടെന്ന്. കാരണം, അതൊരു വയബിളായ ബിസിനസ് മോഡലായിരുന്നു. കോസ്റ്റ് ഓഫ് കാപ്പിറ്റലിനെക്കാൾ കൂടുതൽ റിട്ടേൺ ഓൺ കാപ്പിറ്റൽ ഉണ്ടായാൽ മാത്രമേ ഇൻവെസ്റ്റ്മെന്റ് ഉണ്ടാകുകയുള്ളൂ. ഇതിൽ വയബിൾ ബിസിനസ് മോഡൽ എവിടെയാണ്? അതുകൊണ്ട് മാന്ദ്യവിരുദ്ധ പാക്കേജ് ഒരു പേപ്പറിൽ മാത്രം അവശേഷിക്കുന്ന ഒന്നായി മാറാൻ പോകുന്നു എന്നുള്ളതാണ് സത്യം. അതുമാത്രവുമല്ല, ഡോ. ടി. എം. തോമസ് ഐസക് ഇപ്പോൾ മുഖ്യമന്ത്രിയുടെ റോളിലാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളെയും നിയന്ത്രിക്കുന്ന തരത്തിലേക്ക് അദ്ദേഹം മാറുന്നു എന്നുള്ളത് ആശാസ്യകരമായ ഒരു കാര്യമല്ല.

25 ശതമാനം കൊമേഴ്സ്യൽ ടാക്സ് പിരിവ് വർദ്ധിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. വെസ്റ്റ് ഏഷ്യയിലെ സ്ഥിതി എന്താണ്? ഞാൻ മാതൃഭൂമിയിൽ ഒരു ലേഖനമെഴുതിയപ്പോൾ അങ്ങ് ഫെയ്സ് ബുക്കിൽ അതിനെ എതിർത്തു കൊണ്ടെഴുതി. വെസ്റ്റ് ഏഷ്യയിൽനിന്ന് വരുന്ന എൻ.ആർ.ഐ. റെമിറ്റൻസ് കുറയുകയാണ്. എൻ.ആർ.ഐ. റെമിറ്റൻസ് രണ്ടുതരത്തിലുണ്ട് - ബാങ്ക് ഡെപ്പോസിറ്റും കൺസംപ്ഷനുവേണ്ടിയുള്ളതും. ബാങ്ക് ഡെപ്പോസിറ്റ് കൂടുന്നുണ്ടാകും, പക്ഷേ

കൺസംപ്ഷൻ കൂട്ടുന്നില്ല. അതിന്റെ ഫലമായി എക്കണോമിക് ആക്ടിവിറ്റിയും ബിസിനസ് ആക്ടിവിറ്റിയും നടക്കുന്നില്ല. റിയൽ എസ്റ്റേറ്റ് ബിസിനസും കൺസ്ട്രക്ഷൻ മേഖലയും തകരുന്നു. ഇതിന്റെയെല്ലാം ഫലമായി കൊമേഴ്സ്യൽ ടാക്സ് കുറയുന്നു. നമ്മുടെ നികുതി വരുമാനത്തിന്റെ 60 ശതമാനം എന്നുപറയുന്നത് കൊമേഴ്സ്യൽ ടാക്സാണ്. അങ്ങ് 25 ശതമാനംവരെ എത്തും എന്നുപറയുന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. സൗദി അറേബ്യയിൽ ഓയിൽ പ്രൈസിൽ ഉണ്ടായ തകർച്ചമൂലം 100 ബില്യൺ ഡോളറിന്റെ റവന്യൂ ഡെഫിസിറ്റാണുണ്ടായിട്ടുള്ളത്. ഓയിൽ പ്രൈസിലുണ്ടായ തകർച്ച കേരളത്തേയും വളരെ ഗുരുതരമായി ബാധിക്കുകയാണ്. അതിന്റെ ഫലമായി ഇവിടെ എക്കണോമിക് ആക്ടിവിറ്റിയും കൺസംപ്ഷൻ റേറ്റും കുറയുന്നു. അങ്ങനെ വരുമ്പോൾ നമുക്ക് 25 ശതമാനം എത്താൻ കഴിയുമെന്ന് പറയുന്നത് it is only a visual thinking. അത് നടപ്പാകാൻ പോകുന്ന ഒന്നല്ല. മാണി സാറിന്റെ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് ഇവിടെ അങ്ങ് വിമർശിച്ചു. പതിനാലാം ധനകാര്യ കമ്മീഷൻ അനുവദിച്ച ധനക്കമ്മി 3 ശതമാനമാണ്. ഞങ്ങളുടെ ഗവൺമെന്റെടുത്തത് 2.7 ശതമാനം. ഡെബ്റ്റ് - ജി.ഡി.പി. റേഷ്യോ അനുസരിച്ച് അനുവദനീയമായ കടം 31.34. ഞങ്ങൾ എടുത്തത് 29. എൽ.ഡി.എഫ്.-ന്റെ കാലത്ത് എല്ലാ വർഷവും വെയ്സ് ആന്റ് മീൻസ് എടുത്തു. എന്നാൽ യു.ഡി.എഫ്. എടുത്തിട്ടില്ല. മാന്ദ്യമുണ്ടായെങ്കിലും 99 ശതമാനം നികുതി പിരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. അങ്ങ് ഈ ഭരണം ഏറ്റെടുത്തപ്പോൾ ട്രഷറി കാലിയാണെന്ന് പറഞ്ഞു. വി. എസ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങ് ധനകാര്യ വകുപ്പുമന്ത്രി സ്ഥാനം ഒഴിയുമ്പോൾ അങ്ങയുടെ സ്ഥിതി എന്തായിരുന്നു; 1963.47 കോടി രൂപയുടെ വമ്പിച്ച സാമ്പത്തിക ബാധ്യതയായിരുന്നില്ലേ? അതെല്ലാം കൊടുത്തുതീർത്തത് യു.ഡി.എഫ്. ഗവൺമെന്റല്ലേ? മുൻ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടി ചോദിച്ച ചോദ്യത്തിന് അങ്ങ് മറുപടി പറയണം. നികുതിയേതര വരുമാനം, ലോട്ടറി, എക്സൈസ് തുടങ്ങിയ മേഖലകളിൽ ഞങ്ങൾ വരുത്തിയിട്ടുള്ള മാറ്റം ചെറുതാണോ? ഡോ. ടി. എം. തോമസ് ഐസക് റിപ്വാൻ വിംഗിളിനെപ്പോലെയാണ്. He was in a deep slumber, when he awakened he had forgotten everything. ഉണർന്നപ്പോൾ അഞ്ചുവർഷം യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയതെല്ലാം അദ്ദേഹം മറന്നുപോയി എന്നതാണ് സത്യം. അങ്ങ് റിപ്വാൻ വിംഗിളിനെപ്പോലെ അവിടെ ഇരിക്കുന്നതിലാണ് എനിക്ക് ആശ്ചര്യം. ജനങ്ങൾക്കുവേണ്ടിയുള്ള കാരുണ്യ പദ്ധതിക്കുവേണ്ടി ഒന്നര ലക്ഷം ആളുകൾക്ക് 1200 കോടി രൂപയുടെ പദ്ധതി നടപ്പാക്കിയതും 12.90 ലക്ഷത്തിൽ നിന്ന് 37.82

ലക്ഷം പേർക്ക് ക്ഷേമ പെൻഷൻ കൊടുത്തതും തെറ്റാണോ? എൽ.ഡി.എഫ്.-ന്റെ കാലത്ത് സി.എം.ഡി.ആർ.എഫ്.-ന് 120.24 കോടി രൂപ കൊടുത്തപ്പോൾ യു.ഡി.എഫ്.ന്റെ കാലത്ത് 798 കോടി രൂപ കൊടുത്തത് തെറ്റാണോ? എല്ലാ ബി.പി.എൽ.കാർക്കും ഞങ്ങൾ സൗജന്യ റേഷൻ കൊടുത്തു. ഞങ്ങൾ തെറ്റുചെയ്തു എന്നുപറയുന്നത് ക്ഷേമ പ്രവർത്തനങ്ങൾക്കും വികസന കാര്യങ്ങൾക്കും വേണ്ടിയാണ്. കേരളത്തിന്റെ ചരിത്രത്തിലുണ്ടാകാത്ത, സമാനതകളില്ലാത്ത വികസനമാണ് കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അഞ്ചുവർഷക്കാലം ചെയ്തത് എന്ന് എല്ലാവർക്കും അറിയുന്ന കാര്യമാണ്. ചില സമയത്ത് നികുതി പിരിവ് കുറഞ്ഞിട്ടുണ്ട്. നികുതി പിരിവ് എന്നുപറയുന്നത് മാർക്കറ്റിലുണ്ടാകുന്ന ഫ്ലക്ച്വേഷൻ അനുസരിച്ചിരിക്കും. നാണ്യവിളകളുടെ വില കുറഞ്ഞു, റബ്ബറിന്റെ വില കുറഞ്ഞു, കൺസ്ട്രക്ഷൻ ആക്ടിവിറ്റീസ് കുറഞ്ഞു, മറ്റുപല എക്സ്റ്റേണൽ ഫാക്ടേഴ്സുകൊണ്ടും നികുതി പിരിവ് കുറഞ്ഞിട്ടുണ്ട്. അഴിമതി കൊണ്ടാണ് നികുതി പിരിവ് കുറഞ്ഞതെന്ന് അങ്ങ് പറഞ്ഞു. എവിടെയാണ് അഴിമതി ഉണ്ടായത് ? അങ്ങ് അത് ചൂണ്ടിക്കാണിക്കണം. അല്ലാതെ വെറുതെ പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ ഓയിൽ പ്രൈസിൽ ഉണ്ടായിരിക്കുന്ന വമ്പിച്ച തകർച്ച നമുക്ക് ഗുണകരമാണെങ്കിലും വെസ്റ്റ് ഏഷ്യൻ രാജ്യങ്ങളിലെ പല ഗവൺമെന്റുകൾക്കും അത് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. അതിന്റെ പ്രതിഫലനം ഇവിടെ വരാൻ പോകുന്നതേയുള്ളൂ. ഓയിൽ പ്രൈസിലുണ്ടാകുന്ന ഫ്ലക്ച്വേഷൻ റുപ്പി, ഡോളർ, നാണയ വിനിമയം ഉൾപ്പെടെയുള്ള കാര്യങ്ങളെ എങ്ങനെ ബാധിക്കുമെന്ന് എനിക്കറിയില്ലായെന്ന് അങ്ങയുടെ ബഡ്ജറ്റിൽത്തന്നെ അങ്ങ് പറയുന്നുണ്ട്. വികസനവും കരുതലുമായിരുന്നു ഞങ്ങളുടെ ഗവൺമെന്റിന്റെ ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ധാരാളം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇടുക്കി പദ്ധതിക്കുശേഷം കേരളത്തിൽ നടപ്പാക്കിയ ഏറ്റവും വലിയ പദ്ധതിയല്ലേ മെട്രോ റെയിൽവേ; ഞങ്ങൾ ആരംഭിച്ചതല്ലേ വിഴിഞ്ഞം പദ്ധതിയും കണ്ണൂർ വിമാനത്താവളവും. ഇതെല്ലാം നടപ്പാക്കാൻ മുന്നോട്ടുവന്നത് ഞങ്ങളുടെ ഗവൺമെന്റാണ്. രണ്ട് ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പാക്കിയത് ഞങ്ങളുടെ ഗവൺമെന്റാണ്. ഞങ്ങൾ ചെയ്തിട്ടുള്ള മുഴുവൻ കാര്യങ്ങളെയും തമസ്കരിച്ചുകൊണ്ട് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല എന്നുള്ള തെറ്റിദ്ധാരണ പരത്തത്തക്ക നിലയിലുള്ള പ്രവർത്തനമാണ് അങ്ങ് ഈ ബഡ്ജറ്റിലൂടെ കാഴ്ചവച്ചത്. എനിക്ക് അതിനകത്തൊരു ആക്ഷേപം ഉണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ പറയാതെ അതിനുമുമ്പ് എൽ.ഡി.എഫ്.

ഗവൺമെന്റ് ചെയ്ത കാര്യങ്ങളാണ് അങ്ങ് പറഞ്ഞത്. അങ്ങേക്ക് ഇതുകൂടി പരാമർശിക്കാമായിരുന്നു. അതുകൊണ്ടാണ് ഞാൻ അങ്ങയെ റിപ്‌വാൻ വിംഗിളിനോട് ഉപമിച്ചത്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് മാറ്റമുണ്ടാകണമെന്ന് തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി ഉണ്ടാകണം. ഇന്ത്യ ഇന്ന് ലോകത്തിനുമുന്നിൽ വളർന്നുവരുന്ന ഒരു രാജ്യമാണ്. ലോകത്തുള്ള ഏത് രാജ്യത്തെക്കാളും സാമ്പത്തിക പുരോഗതി കൈവരിക്കാൻ കഴിവുള്ള രാജ്യമാണ് ഇന്ത്യ. അതിനുള്ള അടിത്തറയിട്ടത് കോൺഗ്രസ് ഗവൺമെന്റുകളാണ്. ആ നയങ്ങളാണ് ഇപ്പോൾ എല്ലാപേരും പിന്തുടരുന്നത്. അങ്ങയുടെ നവലിബറൽ സമീപനങ്ങൾ അങ്ങ് ഉപേക്ഷിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അങ്ങേയ്ക്കും അങ്ങ് അല്ലാതെ വേറൊരാൾ അവിടെയിരുന്നാലും ഇതുമാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. പക്ഷെ യാഥാർത്ഥ്യ ബോധമില്ലാത്ത നിലയിലുള്ള ഒരു സമീപനമാണ് അങ്ങ് കാട്ടിയിട്ടുള്ളത്. രണ്ടുകാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒന്ന്, അങ്ങ് ഇവിടെ വെളിച്ചെണ്ണക്ക് നികുതി ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇത് സാധാരണക്കാരെയും കേരകർഷകരെയുമാണ് ബാധിക്കുന്നത്. 205 കോടി രൂപയുടെ അധികവിഭവം കണ്ടെത്താൻ അങ്ങ് ശ്രമിക്കുന്നു. സാധാരണക്കാരായ ആളുകളെയാണ് ഇത് ബാധിക്കുന്നത്. അതുപോലെ കുടുംബങ്ങൾ തമ്മിലുള്ള ഭാഗാധാരം സംബന്ധിച്ച് പാവപ്പെട്ട കുടുംബങ്ങൾക്ക് വലിയ തോതിലുള്ള ബുദ്ധിമുട്ടുകളും സാമ്പത്തികമായ പ്രയാസങ്ങളും ഉണ്ടാകും. അച്ഛൻ മക്കൾക്ക് ഭൂമി കൊടുക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ അത് രജിസ്റ്റർ ചെയ്യുന്നതിന് നികുതി ഈടാക്കുക എന്നുപറയുന്നത് വലിയ തോതിൽ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് അതങ്ങ് പുനഃപരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ കയർ മേഖല പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുകയാണ്. നമ്മുടെ ജില്ലയിലാണ് കയർ കൂടുതലുള്ളത്. അതുകൊണ്ട് കയർ മേഖലയ്ക്കുവേണ്ടി കുറേക്കൂടി കാര്യങ്ങൾ ചെയ്യേണ്ടതായും കൂടുതൽ പണം മാറ്റിവയ്ക്കേണ്ടതായുമുണ്ട്. കയർ തൊഴിലാളികളുടെ ക്ഷേമത്തിനും കയറിന്റെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാനുമുള്ള നടപടികളുമായി മുന്നോട്ടുവരണമെന്നു കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ജനങ്ങളുടെ തലയിൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്നതോടുകൂടി വലിയതോതിലുള്ള വിലക്കയറ്റമുണ്ടാകാൻ പോകുന്നു. നമുക്കാവശ്യമായ എല്ലാ സാധനങ്ങളും  മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. ട്രക്കുകൾക്കും ലോറികൾക്കും ഏർപ്പെടുത്തിയിരിക്കുന്ന നികുതിയുടെ

ഫലമായി വൻതോതിലുള്ള വിലക്കയറ്റം നമ്മൾ അനുഭവിക്കാൻ പോവുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൂടി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങ് മൻമോഹൻ ബംഗ്ലാവിൽ താമസിക്കുന്നതുകൊണ്ടോ, 13-ാം നമ്പർ കാറിൽ സഞ്ചരിക്കുന്നതുകൊണ്ടോ അല്ല അങ്ങേക്ക് ബുദ്ധിമുട്ടുണ്ടാകാൻ പോകുന്നത്. നടക്കാത്ത ഈ ബഡ്ജറ്റുകൊണ്ടാകും. നിങ്ങൾ നൂൽപാലത്തിൽനിന്ന് വീഴാൻ പോകുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. യാഥാർത്ഥ്യ ബോധമില്ലാതെ ഓരോ ബഡ്ജറ്റ് പ്രഖ്യാപിക്കുമ്പോഴും ഒത്തിരി പദ്ധതികൾ പ്രഖ്യാപിക്കുന്നു. പക്ഷെ ഒന്നും നടക്കുന്നില്ല. Mr. Thomas Issac I sympathize with you. Thank you.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : സർ, ഈ ബഡ്ജറ്റ് ചർച്ചയിലുടനീളം വന്ന ഒരു പ്രയോഗമാണ് 'സ്വപ്നം'. ചിലർക്ക് സ്വപ്ന ബഡ്ജറ്റ്, മറ്റു ചിലർക്ക് മലർപ്പൊടിക്കാരന്റെ സ്വപ്നം, സ്വപ്നാടനം ഇങ്ങനെ പലതും. ഡോ. എ. പി. ജെ. അബ്ദുൾ കലാം യുവാക്കളോട് സ്വപ്നം കാണണമെന്ന് പറഞ്ഞു. അതനുസരിച്ച് ഞാൻ പറഞ്ഞതെന്നാണ് ഇവിടെ ശ്രീ. അബ്ദുൽ റസ്സാക്ക് പറഞ്ഞത്. അബ്ദുൾ കലാമിന്റെ ആ വാചകത്തെ ഞാൻ ഓർമ്മിപ്പിക്കട്ടെ. സ്വപ്നം ഉറക്കത്തിൽ കാണുന്നതല്ല, ഉറക്കം കെടുത്തുന്ന തീഷ്ണമായിട്ടുള്ള പ്രതീക്ഷയാണ്. ഈ ബഡ്ജറ്റ് നിങ്ങളുടെ ഉറക്കം കെടുത്തുന്ന തീഷ്ണമായ പ്രതീക്ഷയുടെ ഒരു ബഡ്ജറ്റാണ്. എന്തുകൊണ്ടാണ് നിങ്ങളിതിനെ സ്വപ്നം എന്നൊക്കെ വിശേഷിപ്പിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഇത് പറഞ്ഞാണല്ലോ അവസാനിപ്പിച്ചത്. കാരണം ഇതിൽ പറഞ്ഞിരിക്കുന്ന പുതിയ പ്രഖ്യാപനങ്ങളിൽ മഹാഭൂരിപക്ഷവും പ്രത്യേക നിക്ഷേപ പദ്ധതിയുടെ ഭാഗമായി പുറത്തുനിന്നും പണം കണ്ടെത്തി നടപ്പാക്കേണ്ടതാണ്. പക്ഷേ അതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെയും പരാമർശങ്ങൾ ആധുനിക പണക്കമ്പോളം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നുള്ള ഒരു ധാരണയില്ലായ്മയുടെ മകുടോദാഹരണങ്ങളാണ്. ഉമ്മൻ ചാണ്ടി സാറിനെ ആ ഗണത്തിൽപ്പെടുത്തുന്നില്ല. ഞാൻ ലളിതമായി പ്രതിപാദിക്കാൻ ശ്രമിക്കാം. നമ്മൾ ഇപ്പോൾ ബഡ്ജറ്റിനു പുറത്ത് വായ്പയെടുത്ത് വലിയ പദ്ധതികൾ നടപ്പാക്കുന്നു. അങ്ങ് പറഞ്ഞ കൊച്ചി മെട്രോ എങ്ങനെയാണ്? ബഡ്ജറ്റിന് പുറത്തെ പണമാണ്. ജപ്പാൻകാരുടെ പണം വായ്പയെടുത്തിട്ടാണ്. ഇതുപോലെ നമ്മുടെ വൻകിട പദ്ധതികളെല്ലാം അത്തരത്തിലാണ്. ഇങ്ങനെ ഒരു നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി വായ്പയെടുക്കാൻ പോകുമ്പോഴുള്ള ബുദ്ധിമുട്ട് എന്തൊക്കെയാണ്? ഈ പദ്ധതിക്കുവേണ്ടി വായ്പ തരാൻ തല്പരനായിട്ടുള്ള

ഒരു വായ്പക്കാരനെ കണ്ടുപിടിക്കണം. ആ വായ്പക്കാരന് അവരുടേതായിട്ടുള്ള ഒരുപാട് നിബന്ധനകളുണ്ടാകും. അപ്പോൾ ചർച്ച ചെയ്യണം; നെഗോഷ്യേറ്റ് ചെയ്യണം; ചിലപ്പോൾ വർഷങ്ങളെടുക്കും. ചർച്ച ചെയ്ത് അവസാനം ഒരു തീർപ്പിലെത്തി ആ പണം വാങ്ങിച്ച് ചെയ്യും. ഒരു കാര്യം സമ്മതിക്കണം, ഇപ്പോൾ തന്നെ ബഡ്ജറ്റിനു പുറത്ത് നമ്മൾ ഈ പണി ചെയ്യുന്നുണ്ട്. പക്ഷേ, ഇവിടത്തെ പ്രശ്നം, ഇത് നിർദ്ദിഷ്ട പദ്ധതിക്കേ സാധിക്കൂ. ഈ പദ്ധതിയിൽ താല്പര്യമുള്ള ആളെ കണ്ടെത്തണം, ഇത്രയും മാസം ചർച്ച ചെയ്യണം. പക്ഷേ ഇന്നിപ്പോൾ പണക്കമ്പോളം പ്രത്യേക പദ്ധതിക്ക് വായ്പ തരാനുള്ള ധനകാര്യ സ്ഥാപനങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതല്ല. മറിച്ച്, ഹൈ നെറ്റ്‌വർത്ത് ഇൻഡിവിഡ്വൽസ്, കമ്പനികൾ, മ്യൂച്വൽ ഫണ്ട്സ്....അവരുടെ കൈയിൽ സർപ്ലസ് ഫണ്ടുണ്ട്, എവിടെയെങ്കിലും നിക്ഷേപിക്കണം അല്ലെങ്കിൽ അവരുടെ പണം ഇതിനു വേണ്ടിയുള്ളതാണ്. പക്ഷേ അത് ഫ്ളോട്ടിംഗ് മണിയാണ്. വായ്പ കൊടുത്ത് ഏതെങ്കിലും പ്രോജക്ടിൽ ടൈ അപ് ചെയ്തിടാൻ അവർക്ക് ആഗ്രഹമില്ല. സ്റ്റോക്ക് ബ്രോക്കറായി വർക്ക് ചെയ്യുന്നയാൾക്ക് തൽക്കാലം പണം പാർക്ക് ചെയ്യാൻ സ്ഥലം വേണം. പക്ഷേ സ്റ്റോക്കിന്റെ വില കൂടുമ്പോൾ അത് മേടിക്കാൻ പോകും. അപ്പോൾ ഇത് പിൻവലിക്കാൻ സാധിക്കണം. അതിനുവേണ്ടിയിട്ടാണ് ബോണ്ട് എന്നുള്ള സംവിധാനം. നിങ്ങൾ ബോണ്ട് മേടിച്ചാൽ അതിന് പലിശ കിട്ടും, എപ്പോൾ വേണമെങ്കിലും വിൽക്കുകയും ചെയ്യാം. ആധുനിക പണ കമ്പോളം ഇതിനെ ആസ്പദമാക്കിയാണ് പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള പണം ഇന്ത്യയിലെ കോർപ്പറേറ്റുകൾക്കെല്ലാം ലഭ്യമാക്കുന്നതിനുവേണ്ടി റിസർവ് ബാങ്കും സെബിയും ഒരുപാട് പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. വിവിധതരത്തിലുള്ള ബോണ്ടുകൾ-ഓരോ കാര്യത്തിനും ഉചിതമായി പെട്ടെന്ന് പണമെടുക്കാനും പണം കൊടുക്കുന്നയാൾക്ക് താല്പര്യമുണ്ടാക്കാനും തരത്തിലുള്ള പുതിയ ധാരാളം ഇൻസ്ട്രുമെന്റ്സ് സെബിയും മറ്റും അംഗീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കോർപ്പറേറ്റുകൾ മാത്രം ഉപയോഗിക്കുന്ന ഒന്നാണ്. നമ്മൾ നമ്മുടെ പരമ്പരാഗതമായ വഴിയിൽ JICA-യുടെ പിറകെ പോകും, അല്ലെങ്കിൽ ജർമ്മനിയുടെ പിറകെ പോകും. അവരുമായി ചർച്ച ചെയ്യും. അവർക്കാണെങ്കിലോ എന്തൊക്കെ നിബന്ധനകൾ; അതൊക്കെ ചർച്ച ചെയ്ത് മേടിച്ച് നമ്മൾ കൊണ്ടുവന്ന് നടപ്പാക്കും. ബാക്കിയുള്ള കമ്പനികളൊക്കെ ഇവിടെനിന്ന് വായ്പയെടുക്കുന്നതല്ലേ. അതുപോലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്ന സ്ഥാപനമുണ്ടാക്കി. ബാങ്കിൽ പോയി വായ്പയെടുക്കുന്ന പോലെയല്ല. ബോണ്ട് മാർക്കറ്റിലെ സ്ഥിതികൾ നോക്കണം, എവിടെയാണ് ഫണ്ട് എന്ന് നോക്കണം. അതനുസരിച്ചുള്ള ഒരുപാട്

തരത്തിലുള്ള ഇൻസ്ട്രുമെന്റ്സുണ്ട്. ഞാൻ ചില പേരുകൾ പറഞ്ഞിട്ടുണ്ട്, ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.ഐ.എഫ്.), ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ഇൻവിറ്റ്), ഇൻഫ്രാസ്ട്രക്ച്ചർ ഡെബ്റ്റ് ഫണ്ട് (ഐ.ഡി.എഫ്.) ഇങ്ങനെ സെബി അംഗീകരിച്ചിട്ടുള്ള ക്രെഡിറ്റ് ഇൻസ്ട്രുമെന്റ്സുണ്ട്, അതനനുസരിച്ച് ബോണ്ടിറക്കി പണം സമാഹരിക്കും. അതിന് കഴിയുമോ ഇല്ലയോ? കഴിയില്ല, കഴിയില്ല എന്നല്ലേ ഇവിടെ എല്ലാവരുടെയും വാദം. ഞാൻ ഞെട്ടിപ്പോയത് മുൻ ധനകാര്യ വകുപ്പുമന്ത്രി ഇതിന് സാധിക്കില്ലെന്ന് പറഞ്ഞപ്പോഴാണ്. 2011-ൽ ഞാൻ ഇത്രയും പോയിട്ടില്ല, അന്ന് വളരെ സിംപിൾ റവന്യൂ മോഡലായിരുന്നു. ഒരു എസ്.പി.വി.-ക്ക് റവന്യൂ വരുമാനത്തിന്റെ ഒരു ഭാഗം നിയമംമൂലം നിശ്ചയിച്ചുകൊടുക്കുക. ആ വരുമാനം ഭാവിയിൽ കിട്ടുന്നത് ചൂണ്ടിക്കാണിച്ച് അവർ വായ്പയെടുക്കുന്നു. ഒരുപക്ഷേ ഈ ചർച്ചയിൽനിന്ന് മനസ്സിലാകുന്നത് വേറെയാർക്കും മനസ്സിലായിട്ടില്ല. ശ്രീ. ഉമ്മൻ ചാണ്ടിക്ക് മനസ്സിലാകും. അതുകൊണ്ടാണ് അദ്ദേഹം മിണ്ടാതിരിക്കുന്നത്. അദ്ദേഹം ഇത് സ്വപ്നമാണെന്ന് പറഞ്ഞില്ലല്ലോ. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ ക്യാപ്പിറ്റൽ ലിമിറ്റഡിനെക്കൊണ്ട് വിശദമായ പഠനം നടത്തിച്ചു. ചിലപ്പോൾ ചില ഉദ്യോഗസ്ഥന്മാരായിരിക്കും അതിന് മുൻകൈ എടുത്തിരിക്കുന്നത്. അതിലെ ഒരു നിർദ്ദേശം നിങ്ങൾ നടപ്പാക്കി, അതും പറയാം. ഷോർട്ട് ടേം ഫണ്ടുകൊണ്ട് എങ്ങനെ ലിക്വിഡിറ്റി ക്രൈസിസ് മറികടക്കാനാകാം. അങ്ങനെയാണ് ഈ ബിൽ ഡിസ്കൗണ്ടിംഗ് സ്കീം കോൺട്രാക്ടർമാർക്ക് വന്നത്. എസ്.ബി.ഐ. ക്യാപ്പിറ്റൽ ലിമിറ്റഡിന്റെ നിർദ്ദേശമാണിത്. അവർ വിശദമായി ഈ കാര്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ട്. ഇതൊന്നും ഞാൻ ഭാവനയിൽ കണ്ടതല്ല. മന്ത്രിയായപ്പോൾ ആദ്യമേ തന്നെ ഞാൻ ഈ റിപ്പോർട്ടാണ് അന്വേഷിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ പഠിച്ചു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : സർ, അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ മുഴുവൻ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിംഗിനേയും ബോറോയിംഗിനെയും കുറിച്ചാണ്. അതിന് ഗവൺമെന്റ് ഗ്യാരന്റി വേണം എന്നുമാത്രമല്ല കേരളീയരുടെ ആളോഹരി കടബാധ്യത കൂട്ടുകയും ചെയ്യും. റവന്യൂവല്ല, ബോറോയിംഗ് ആണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, വളരെ കറക്ടാണ്. ഈ കടം വാങ്ങിക്കുന്നത് ആസ്തിയുണ്ടാക്കാനാണ്. അപ്പോൾ ബാലൻസ് ഷീറ്റിന്റെ ഒരുവശത്ത് നിങ്ങൾ പറയുന്ന കട ബാധ്യതയും മറുവശത്ത് ആസ്തിയുമുണ്ട്. നമുക്ക് നൂലിന്മേൽക്കൂടി നടക്കാം, ഒരു പ്രശ്നവുമില്ല. അത് well balanced ആണ്. മാണി സാറിന്റെ പ്രസംഗം കേട്ടപ്പോഴാണ് ഞാൻ ഞെട്ടിപ്പോയത്. കാര്യം ശരിയാണ്,

മാണി സാറിന്റെ അവസാനത്തെ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് ഞങ്ങൾ ഇവിടെ വലിയ ബഹളമൊക്കെയുണ്ടാക്കിയതാണ്. അദ്ദേഹത്തിന് അത് വായിക്കാനൊന്നും പറ്റിയില്ലെങ്കിലും എഴുതിയ ബഡ്ജറ്റ് പ്രസംഗമൊന്ന് വായിച്ചിട്ടായിരിക്കുമല്ലോ അങ്ങ് വന്നത്. നിങ്ങളുടെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിന് 25,000 കോടി രൂപ കിഫ്ബി വഴി വായ്പ എടുക്കുന്നതിനെക്കുറിച്ചുള്ള പരാമർശം അതിലുണ്ടല്ലോ. പിന്നെ എങ്ങനെ നിങ്ങൾക്ക് ഈ നിലപാട് എടുക്കാൻ കഴിയും? വേണമെങ്കിൽ കിഫ്ബി-യിൽ ഇന്ന കാര്യങ്ങൾകൂടി വേണമെന്നുള്ളത് നിങ്ങൾക്ക് പറയാം. പക്ഷേ, ഈ പറഞ്ഞ പദ്ധതികൾ മുഴുവൻ പൊള്ളയാണ്, സ്വപ്നമാണ് എന്നൊക്കെ എങ്ങനെയാണ് പറയുക. മുനീർ സാഹിബും എന്തൊക്കെയോ പറഞ്ഞു. ഇക്കാര്യം നിങ്ങൾ സ്വയമൊന്ന് പരിശോധിക്കണം. എന്തടിസ്ഥാനത്തിലാണ് നിങ്ങൾ വിമർശിക്കുന്നത്; നിങ്ങളുടെ ബഡ്ജറ്റിൽ തന്നെ നടപ്പാക്കുന്നതിനുവേണ്ടി നിർദ്ദേശം വയ്ക്കുകയും ഒരുപക്ഷേ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ആലോചിക്കുന്നു എന്നുമാത്രമേയുള്ളൂ, അല്ലാതെ ഇങ്ങനെ ചെയ്യുമെന്നില്ല, പക്ഷെ ഇന്ന കാര്യങ്ങൾക്ക് 25,000 കോടി രൂപയുടെ ബോണ്ടെന്ന് പറഞ്ഞ് വരികയും ചെയ്തു. ഇതൊക്കെ സ്വപ്നം സ്വപ്നമെന്ന് പറഞ്ഞു നടക്കാതെ ലൈനൊന്ന് മാറ്റിപ്പിടിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയാനുള്ളത്. ഇത് ഞങ്ങൾ പറഞ്ഞതാണ്, തോമസ് ഐസക് കട്ടുകൊണ്ടുപോയതാണ് എന്നുപറയുന്നതായിരിക്കും കുറച്ചുകൂടി നല്ലത്. ബഡ്ജറ്റ് ചർച്ചയുടെ അന്ന്, മുൻ പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. സി. പി. ജോൺ കാലത്തു മുതൽ ഈ സ്വപ്നം പറഞ്ഞപ്പോൾ, ഉച്ചയായപ്പോൾ ഞാൻ പറഞ്ഞു ജോണേ, ഇതൊക്കെ ചെയ്യാവുന്നതാണ്, ഇങ്ങനെയൊക്കെയല്ലേ കാര്യങ്ങൾ ചെയ്യേണ്ടത്. ശ്രീ. വിജയരാഘവനും പറഞ്ഞു. വൈകുന്നേരമായപ്പോൾ ജോൺ പറഞ്ഞു, അത് ഞങ്ങൾ പറഞ്ഞതല്ലേയെന്ന്. ഇനി പ്ലേറ്റൊന്ന് മാറ്റി ഇങ്ങനെയൊന്ന് പറഞ്ഞുനോക്ക്. ഒരുപക്ഷെ, ഉമ്മൻ ചാണ്ടി സാർ ഇതിനെക്കുറിച്ച് സ്വപ്നമെന്ന് പറയാതിരുന്നത് അദ്ദേഹത്തിന് ഇത് ഓർമ്മയുണ്ടായിരിക്കും. അതുകൊണ്ട് ഈ ചർച്ചയിൽ നിങ്ങൾ ഉയർത്തിവച്ച വലിയ പുകപടലമുണ്ടല്ലോ........ അത് കളയണം. ഇതിനർത്ഥം ഇങ്ങനെ ഈ കമ്പനിവച്ച് വായ്പയെടുത്ത്, വായ്പയെടുത്ത് മുകളിലോട്ട് പോകുമെന്നല്ല. There must be clear exit plan. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞത് ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം കേരളത്തിലേക്ക് ഇങ്ങനെ വരുത്താൻ ശ്രമിക്കുമെന്നാണ്. നിങ്ങൾ പറഞ്ഞ 25,000 കോടി രൂപ ഫ്ലാഗ്ഷിപ് പ്രോഗ്രാമിൽ തന്നെയുണ്ട്. ഞാൻ കുറച്ചുകൂടി കൂട്ടി ഒരു ലക്ഷം കോടി രൂപ വയ്ക്കുന്നു. ആ ഒരു ലക്ഷം കോടി രൂപയിൽ എത്തുമ്പോൾ നാലാം വർഷമാകും. നാലാം വർഷമാകുമ്പോൾ ഈ ബഡ്ജറ്റിൽ

വലിയ ഒരുമാറ്റം വരാൻ പോകുന്നുണ്ട്. റവന്യൂ ഡെഫിസിറ്റ് പൂജ്യമായില്ലെങ്കിലും അതിന്റെ അടുത്തേയ്ക്ക് കൊണ്ടുവരും. അതിനർത്ഥം വായ്പ എടുക്കുന്നത് മുഴുവൻ മൂലധന ചെലവിലാണ്. അതുപയോഗിച്ച് ഇതിൽ ഒരു ഭാഗം റിട്ടയർ ചെയ്യിക്കും, ഈ ഒരു ലക്ഷത്തിൽ വായ്പകൾ സ്റ്റെബിലൈസ് ചെയ്യും. ഇത് വെറും ഒരു എടുത്തുചാട്ടമൊന്നുമല്ല. കൃത്യമായിട്ടുള്ള exit plan വച്ചുകൊണ്ടുതന്നെയാണ് ചെയ്യുന്നത്. ഇതിൽ അടുത്ത ചോദ്യം വരുന്നത്, എന്തുകൊണ്ട് അസാധാരണമായ നടപടിയിലേക്ക് പോകേണ്ടിവന്നു എന്നുള്ളതാണ്. അതിന്റെ കാരണമാണ് ധവളപത്രത്തിൽ പറയുന്നത്. ധവളപത്രം നിങ്ങളെ ആരെയെങ്കിലും മോശക്കാരനാക്കാനോ, അതിൽ അങ്ങനെയുള്ള പ്രയോഗങ്ങളോ കാര്യങ്ങളോ ഒന്നുമില്ല. ആ ധവളപത്രം confrontation ലിസ്റ്റല്ല. അതാണല്ലോ നിങ്ങൾ പറഞ്ഞ കാര്യം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, ഇന്നത്തെ മാർക്കറ്റ് കണ്ടീഷൻസ് അനുസരിച്ച് ഇത്രയും വലിയ നിക്ഷേപം കൊണ്ടുവരാൻ കഴിയുമെന്ന് ഡോ. തോമസ് ഐസക് വിചാരിക്കുന്നുണ്ടോ? കോസ്റ്റ് ഓഫ് ക്യാപ്പിറ്റലിനേക്കാൾ കൂടുതൽ റിട്ടേൺ ഓഫ് ക്യാപ്പിറ്റൽ വരാതെ ആരെങ്കിലും നിക്ഷേപത്തിന് വരുമോ? അങ്ങനെ വയബിളും ഫീസിബിളുമായിട്ടുള്ള ബിസിനസ് മോഡലുകൾ കൊണ്ടുവരാതെ നിക്ഷേപത്തിന് ആളുകൾ മുന്നോട്ടുവരുമെന്ന തെറ്റിദ്ധാരണ അങ്ങേയ്ക്കുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, നിക്ഷേപം നടത്തുന്ന ആൾ നിങ്ങൾ മുതൽ മുടക്കിയാൽ നിങ്ങൾക്ക് എത്ര ലാഭം കിട്ടും എന്നുചോദിക്കുമെന്ന് പറയുന്നത് it is immaterial. അയാൾ നോക്കുന്നത്, അയാൾക്ക് പലിശ കിട്ടുമോ, അയാളുടെ മുതൽ തിരിച്ചുകിട്ടുമോ? ഇവിടെ റവന്യൂ മോഡലുണ്ട്, പലതുണ്ട്. അതിനാണ് ഓരോ തരത്തിലുള്ള ഇൻസ്ട്രുമെന്റ്സ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ലാഭമില്ലാതെ ആരെങ്കിലും ഇൻവെസ്റ്റ് ചെയ്യാൻ വരുന്നുണ്ടെങ്കിൽ it is well and good.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ബോണ്ട് മേടിക്കുന്നവർക്ക് പലിശയാണ് കൊടുക്കുന്നത്. ബോണ്ടിന്റെ പണം കൊണ്ട് നമ്മൾ ഇൻവെസ്റ്റ് ചെയ്യുന്നു. ഇപ്പോൾ നിങ്ങളെടുത്ത ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം വായ്പ എടുക്കുന്നതിൽ.... എങ്ങനെയാണ് കൊച്ചി മെട്രോയുടെ കാര്യം പോകുന്നത്. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഉപയോഗിച്ചാണ്. In the falsifiable feature മുഴുവൻ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വേണ്ടി വരും. നിങ്ങൾ വലിയ റോഡുകൾ ഫ്ലാഗ്ഷിപ് പ്രോഗ്രാമിൽ ചെയ്യുന്നു. ഓരോ majestic infrastructure

പ്രഖ്യാപിച്ചിട്ടുണ്ട്. അതൊന്നും മാറ്റിയിട്ടില്ലേ; അത് ലാഭം ഉണ്ടാക്കുന്ന ഇൻവെസ്റ്റ്മെന്റാണോ? അവർക്ക് പലിശ കിട്ടും, മുതൽ തിരിച്ചുകിട്ടും. അതിന് സർക്കാർ ഗ്യാരന്റിയുണ്ട്, ഈ പണം ട്രഷറിയിൽ പോയി അനാവശ്യ ചെലവുകൾക്ക് പോകില്ലായെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനമുണ്ട്. അതിൽ അവർക്ക് തിരിച്ചടവ് ഉറപ്പുവരുത്തുവാൻ വേണ്ടി നിയമസഭ അംഗീകരിക്കുന്ന നിയമംമൂലം മോട്ടോർ വെഹിക്കിൾ ടാക്സിന്റെ 50 ശതമാനം, ഇത്തരത്തിലുള്ള വരുമാനങ്ങളെല്ലാമുണ്ട്. പിന്നീട് അഞ്ചുവർഷം കഴിയുമ്പോൾ ഇതിൽനിന്ന് ഞങ്ങൾ മെച്ചപ്പെടും. ഇത് വളരെ എളുപ്പമായിരുന്നു. കഴിഞ്ഞ സർക്കാർ അധികാരത്തിൽ നിന്ന് ഇറങ്ങിയ സമയത്താണ് ആ ബഡ്ജറ്റിൽ പറഞ്ഞ ഈ കാര്യങ്ങൾ ചെയ്തിരുന്നുവെങ്കിൽ കാര്യങ്ങൾ എളുപ്പമായേനെ. കാരണം കേരളം സർപ്ലസാണ്. റവന്യൂ ഡെഫിസിറ്റ് താഴ്ന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഒരാൾക്കും പ്രശ്നമില്ല. ഇന്ന് സ്വല്പം പണിപ്പെടേണ്ടി വരും. അതുകൊണ്ടാണ് നൂലിന്മേൽ കൂടി പോകണമെന്ന് പറയുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, കഴിഞ്ഞ പ്രാവശ്യം ഇത് ചെയ്തിരുന്നുവെങ്കിൽ വളരെ എളുപ്പമായിരുന്നു, കാരണം റവന്യൂ ഡെഫിസിറ്റ് വളരെ കുറഞ്ഞുവരികയാണെന്നും ഇപ്പോൾ ഏറ്റവും ബുദ്ധിമുട്ടുള്ള സമയമാണെന്നും പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലെ റവന്യൂ കമ്മിയെന്ന് പറയുന്നത് 10,000 കോടി രൂപയിൽ താഴെയാണ്. അങ്ങ് റിവൈസ്ഡ് ബഡ്ജറ്റിൽ അവതരിപ്പിച്ചിരിക്കുന്ന റവന്യൂ കമ്മി 13,000 കോടി രൂപയിൽ അധികമാണ്. ഇതാണോ മോഡൽ? കുറച്ചുകൂടി അങ്ങ് ബുദ്ധിമുട്ടിലാക്കിയിരിക്കുകയല്ലേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഇത് തന്നെയാണ് പ്രശ്നം. നിങ്ങളുടെ കഴിഞ്ഞ വർഷത്തെ കമ്മി കുറച്ചുവച്ചിരിക്കുകയാണ്. ഇമ്മീഡിയറ്റായി കൊടുത്തുതീർക്കേണ്ട 6,000 കോടി രൂപ വകയിരുത്തിക്കഴിഞ്ഞാൽ കമ്മി കൂടി. ഞാൻ വേറെയൊന്നുമല്ല ചെയ്തത്. എന്തിനാണ് ധവളപത്രം ഇറക്കിയത്? ഈ സാഹചര്യം വിശദീകരിക്കാനാണ്. ആ ധവളപത്രത്തിലെ കൺക്ലൂഷൻ എന്താണ്; അതുകൊണ്ട് യു.ഡി.എഫ്. ആകെ പോയി എന്നല്ല. ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് ഇങ്ങനെയുള്ളൊരു ഇൻസ്ട്രുമെന്റിലേക്ക് പോകണം. ഏതാണ് സാഹചര്യം? ഇവിടെ എന്തെങ്കിലും പ്രതിസന്ധിയുണ്ടെന്ന് ഉമ്മൻ ചാണ്ടി സാർ സമ്മതിക്കുന്നില്ല, അത് പൊതുവികാരമാണെന്നാണ് പറയുന്നത്. പ്രതിസന്ധിയുടെ സൂചിക എന്താണ്? റവന്യൂ കമ്മിയാണ്. നിങ്ങളുടെ വരുമാനത്തിന് ചെലവ് തികയുന്നില്ലായെന്നുള്ളത് ഫിസ്കൽ ഡെഫിസിറ്റല്ല. നിങ്ങൾ കടം മേടിക്കണമെന്ന് വിചാരിച്ചാലും കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ കടം മേടിക്കാൻ പറ്റുമോ? അതുകൊണ്ട്

സ്വാഭാവികമായി മൂന്നിലേയ്ക്ക് മാറും. അല്ലെങ്കിൽ പബ്ലിക് അക്കൗണ്ട് വഴി വായ്പ എടുക്കണം. അതുകൊണ്ട് ഫിസ്കൽ ഡെഫിസിറ്റല്ല, റവന്യൂ ഡെഫിസിറ്റാണ്. ആ റവന്യൂ ഡെഫിസിറ്റിന് എന്താണ് സംഭവിച്ചുകൊണ്ടിരുന്നത്; കഴിഞ്ഞതിന്റെ മുമ്പത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വലിയ പ്രതിസന്ധിവന്നു. അക്കാര്യത്തിൽ തർക്കമൊന്നുമില്ല. കക്ഷിതിരിച്ചിട്ടൊന്നുമല്ല ഞാൻ ഇപ്പോൾ പ്രതിസന്ധിയെക്കുറിച്ച് പറയാൻ പോകുന്നത്. അതിനുശേഷം എ. കെ. ആന്റണി സർക്കാർ വന്നു. കർശന നടപടിയെടുത്ത് ഡെഫിസിറ്റ് കുറച്ചു. കൂടുതലും ചെലവുകൾ ചുരുക്കിക്കൊണ്ടാണ് ഡെഫിസിറ്റ് കുറച്ചത്. ഞങ്ങളുടെ സർക്കാർ വന്നപ്പോൾ ചെലവ് ചുരുക്കിയില്ല, വരുമാനം ഇരട്ടിയായി വർദ്ധിപ്പിച്ചു. നിങ്ങളുടെ സർക്കാർ വന്നപ്പോൾ ചെലവ് ചുരുക്കിയതുമില്ല, വരുമാനം കൂട്ടിയതുമില്ല. അതിന്റെ ഫലമായി പത്ത് വർഷമായി താഴ്ന്നുകൊണ്ടിരുന്ന കമ്മി മുകളിലേക്ക് പോകാൻ തുടങ്ങി. അതാണ് fiscal destabilization എന്നുപറയുന്നത്. ദശാബ്ദംകൊണ്ട് കേരളം നേടിയ ഫിസ്കൽ സ്റ്റെബിലിറ്റി ഇല്ലാതാക്കി. ഗ്രാഫ് നോക്കൂ, മുകളിലോട്ടല്ലേ പോയത്. അപ്പോൾ ഉമ്മൻചാണ്ടി സാർ പറഞ്ഞത് അവസാനത്തെ വർഷം നോക്കൂ എന്നാണ്. അവസാനത്തെ വർഷം 6,000 കോടി രൂപ അനിവാര്യമായി ചെലവാക്കേണ്ടതെല്ലാം പിറ്റേ വർഷത്തേക്ക് മാറ്റി താഴ്ത്തിവച്ചു. ശമ്പള പരിഷ്കരണത്തിന്റെ ചെലവുംകൂടി വരുമ്പോൾ കമ്മി കൂടും. എനിക്ക് ഇന്നേവരെ മനസ്സിലാകാത്ത കാര്യമാണ് രണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കിയെന്ന് പറഞ്ഞത്. എത്ര പേരാണ് പറഞ്ഞത്? പ്രതിപക്ഷ നേതാവ്, മുൻ മുഖ്യമന്ത്രി, മാണിസാർ, എല്ലാവരും പറഞ്ഞു. എന്നാണ് രണ്ടാം ശമ്പള പരിഷ്കരണം വച്ചത്; ഏപ്രിൽ മാസമാണോ? ഒരു മാസത്തെ ശമ്പള ചെലവല്ലേയുള്ളൂ. അതിന്റെ കുടിശ്ശിക എന്നാണ് കൊടുക്കുന്നത്; അടുത്ത വർഷം പലിശയോടുകൂടിയാണ് കുടിശ്ശിക കൊടുക്കുന്നത്. ഞങ്ങൾ രണ്ട് ശമ്പള പരിഷ്കരണം നടത്തിയെന്ന് എന്തടിസ്ഥാനത്തിലാണ് നിങ്ങൾ റിപ്പീറ്റ് ചെയ്തു കൊണ്ടിരിക്കുന്നത്; കേരളത്തിൽ എല്ലാ സർക്കാരുകളുടെയും നില ഇതാണ്. ഞങ്ങൾ ഭരിച്ചിരുന്നപ്പോഴും അങ്ങനെയാണ് ചെയ്തത്. നിങ്ങളുടെ ശമ്പള പരിഷ്കരണം നിങ്ങൾ അംഗീകരിച്ചു, ഞങ്ങൾ നടപ്പിലാക്കി. പോകുന്നതിനുമുമ്പ് ഞങ്ങളും നടത്തി. എന്നാൽ അങ്ങനെ പറഞ്ഞാൽ പോരേ. എന്തിനാണ് ചങ്ക് പറിച്ചുവച്ച് ഞങ്ങൾ രണ്ടെണ്ണം നടത്തിയെന്ന് പറയുന്നത്. അതൊന്നുമില്ല. ധവളപത്രം ആകെ അസത്യമാണെന്നാണ് ഉമ്മൻചാണ്ടി സാർ പറയുന്നത്. ലോട്ടറി, നികുതിയിതര വരുമാന വർദ്ധനവ് പറഞ്ഞില്ല എന്നുള്ളതാണ് കാരണം. ധവളപത്രം എന്ന് പറഞ്ഞാൽ ബ്ലൂ ബുക്കല്ല. ബ്ലൂ ബുക്ക് എന്നുപറഞ്ഞാൽ എല്ലാ വിവരങ്ങളും സമസ്തമായി ശേഖരിച്ചുവയ്ക്കുന്ന ബുക്കാണ്. ധവളപത്രമെന്ന് പറഞ്ഞാൽ അതിന്റെ ഒരു ആർഗ്യുമെന്റിന് ആവശ്യമായ കാര്യങ്ങളാണ് എടുത്തുവയ്ക്കുന്നത്. ഇവിടത്തെ കേന്ദ്ര പ്രശ്നം എന്താണ്? റവന്യൂ കമ്മി കൂടുന്നു. അതിന്റെ കാരണത്തെയാണ് തേടുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് പറയുന്ന കാര്യങ്ങൾ ശരിയാണ്. പക്ഷേ ആ കാര്യങ്ങൾ സ്ഥാപിച്ചെടുക്കാൻ വേണ്ടിയുള്ള കാര്യങ്ങളാണ് അങ്ങ് പറയുന്നത്. ഒരു സംസ്ഥാനത്തിന്റെ വരുമാനത്തെക്കുറിച്ച് പറയുമ്പോൾ നികുതി വരുമാനത്തോടൊപ്പം പ്രാധാന്യം അർഹിക്കുന്നതല്ലേ നികുതിയേതര വരുമാനം. നികുതിയേതര വരുമാനത്തെ കുറിച്ച് നിശ്ശബ്ദമായിരിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ച് കൊല്ലം കൊണ്ട് നികുതിയേതര വരുമാനത്തിൽ 336 ശതമാനം വർദ്ധനവുണ്ടായി. ലോട്ടറിയുടെ വരുമാനം 27 ഇരട്ടി വർദ്ധിപ്പിച്ചു. അത് കാണിച്ചില്ല. അങ്ങ് പറഞ്ഞ കണക്കുകൾ തെറ്റാണെന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ അങ്ങേക്ക് ആവശ്യമുള്ളതു മാത്രം അങ്ങ് ഉൾക്കൊള്ളിച്ചു.

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങനെ നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിച്ചതിന് അഭിനന്ദനങ്ങൾ. വരുമാനമായി ലോട്ടറിയുടെ 40 ശതമാനം എടുത്താൽ മതി. ബാക്കി ടോട്ടൽ ടേൺ ഓവർ ആണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ ടേൺ ഓവർ അല്ല പറയുന്നത്. വരുമാനമാണ്. നിങ്ങളുടെ അവസാന വർഷത്തെ വരുമാനം 111 കോടി രൂപയായിരുന്നു. ഞങ്ങളുടെ അവസാന വർഷത്തെ വരുമാനം 3300 കോടി രൂപയിലധികമാണ്. 27 ഇരട്ടി വരുമാനത്തിൽ തന്നെ വന്നിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ അതിന് അങ്ങയെ അഭിനന്ദിച്ചുകഴിഞ്ഞു. പക്ഷേ നികുതിയേതര വരുമാനം ഇത്രയും വർദ്ധിച്ചിട്ടും റവന്യൂ കമ്മി വർദ്ധിച്ചോ? എന്നുവച്ചാൽ നികുതി വരുമാനം പോലെ പ്രധാനമല്ല നികുതിയേതര വരുമാനം. 80-85 ശതമാനം നികുതിയേതര വരുമാനമേ ബാക്കിയുള്ളൂ. നിങ്ങളുടെ നികുതി വരുമാന വർദ്ധനവിലുണ്ടായ ഇടിവുമൂലം നികുതിയേതര വരുമാനം വർദ്ധിച്ചിട്ടും റവന്യൂ കമ്മി വർദ്ധിച്ചു. ഇതാണ് പ്രസക്തം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞങ്ങൾ ക്യാപിറ്റൽ എക്സ്പെന്റിച്ചറും പ്ലാൻ എക്സ്പെന്റിച്ചറും വർദ്ധിപ്പിച്ചു. അതുംകൂടി നോക്കണം. അങ്ങ് തന്ന കണക്കനുസരിച്ച് ക്യാപിറ്റൽ എക്സ്പെന്റിച്ചറും പ്ലാൻ എക്സ്പെന്റിച്ചറും ഈ അഞ്ച് വർഷവും വർദ്ധിപ്പിച്ചു. ഞങ്ങളെ സംബന്ധിച്ചിടത്തോളം റവന്യൂ കമ്മി എന്നുള്ള ഒരു പേടിയുമില്ല. നാട്ടിൽ ഇന്ന് ചെയ്യേണ്ട കാര്യങ്ങൾ അടുത്ത വർഷം ചെയ്യുമ്പോൾ അത് ഇരട്ടിയാകും. ഇന്ന് ചെയ്യേണ്ട കാര്യങ്ങൾ ഇന്നുതന്നെ ചെയ്യണമെന്നുള്ളതാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്തോ, അതിനുള്ള വരുമാനം കൂടി ഉണ്ടാക്കണം. അതിനുള്ള ചുമതലകൂടി ഏൽക്കണം. അതാണ് കാതലായ പ്രശ്നം. ക്യാപിറ്റൽ എക്സ്പെന്റിച്ചർ വർദ്ധിച്ചു എന്ന് പറയുന്നത് ഈ വർഷത്തെ കണക്കുവച്ചിട്ടാണെന്ന് ഗ്രാഫ് എടുത്ത് നോക്കിയാൽ കാണാം. 1000 കോടി രൂപ ക്യാപിറ്റൽ എക്സ്പെന്റിച്ചർ ആയി ബുക്ക് ചെയ്തിട്ട് ഇപ്പോഴും ട്രഷറിയിൽ കിടക്കുകയാണ്. അത് ഈ ഗ്രാഫിൽ കൃത്യമായി എഴുതിവച്ചിട്ടുണ്ട്. പ്ലാൻ എക്സ്പെന്റിച്ചറിന്റെ കണക്കും അതിൽ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് ഞാൻ പറയാം. ഒന്ന്, ഓരോ ബഡ്ജറ്റ് പ്രസംഗത്തിലും നടത്തുന്ന പുതിയ പ്രഖ്യാപനങ്ങൾ. എന്റെ പ്രസംഗത്തിലെ പ്രഖ്യാപനങ്ങളും അങ്ങനെയാകണമെന്നാണോ പറയുന്നത്. 31 ശതമാനമേ നടപ്പായിട്ടുള്ളൂ. രണ്ട്, സംസ്ഥാന പ്ലാൻ - മൂന്ന് വർഷാവസാനത്തേത് - 74 ശതമാനമേ നടപ്പായുള്ളൂ. ഗ്രോസ് പ്ലാൻ - സി ആന്റ് എ.ജി. കണക്കനുസരിച്ച് 61 ശതമാനം. ഇത് കഴിഞ്ഞ വർഷത്തെ കണക്കാണ്. ഈ വർഷത്തെ കണക്ക് വന്നിട്ടില്ല. എന്തായാലും റവന്യൂ കമ്മി വർദ്ധിക്കുന്നു. റവന്യൂ കമ്മി വർദ്ധിച്ചതിന്റെ ഫലം എന്താണ്? ഒന്ന്, സ്വാഭാവികമായും വായ്പ എടുക്കുന്ന പണത്തിന്റെ നല്ലൊരു പങ്ക് ഇതിനുവേണ്ടി ചെലവഴിക്കേണ്ടിവരും. ക്യാപിറ്റൽ എക്സ്പെന്റിച്ചർ ഇടിഞ്ഞു. രണ്ട്, നോൺ പ്ലാൻ റവന്യൂ എക്സ്പെന്റിച്ചറാണ് നടത്തുന്നതെങ്കിൽ പ്ലാൻ എക്സ്പെന്റിച്ചറിനെ ബാധിക്കും. മൂന്ന്, റവന്യൂ കമ്മിയുടെ ടാർജറ്റ് തീർന്നിരുന്നെങ്കിൽ 6000 കോടി രൂപ ഈ വർഷം വായ്പ എടുക്കാമായിരുന്നു. സംസ്ഥാനത്തിന് ഇതുപോലെയുള്ള നഷ്ടങ്ങൾ. കേന്ദ്ര ഫിനാൻസ് കമ്മീഷന്റെ തീർപ്പിൽ കണ്ടീഷണലായിട്ടുള്ള ഗ്രാന്റുകൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം. ഭാവിയിലേക്കുള്ള കാര്യങ്ങളാണ് ധവളപത്രത്തിൽ പറയാൻ ശ്രമിച്ചത്. അടുത്തവർഷം ശമ്പള പരിഷ്കരണം വരുന്നു. അതിന്റെ ചെലവ് കൂടുമ്പോൾ റവന്യൂ കമ്മി അടുത്ത വർഷത്തെ ബഡ്ജറ്റിലും കൂടും. ഒന്നും ചെയ്യാൻ കഴിയില്ല. ശമ്പളവും പെൻഷനും പലിശയും കുറയ്ക്കാൻ കഴിയുമോ. 25 ശതമാനം റവന്യൂ വരുമാനം കൂട്ടാം. അങ്ങ് പറയുന്നു അത് നടപ്പുള്ള കാര്യമല്ല, എങ്ങും കൂടിയിട്ടില്ല എന്ന്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, കഴിഞ്ഞ ജൂണിനെ അപേക്ഷിച്ച് ഈ ജൂണിൽ 19 ശതമാനം നികുതി വരുമാനം വർദ്ധിച്ചു. അങ്ങ് പറയുന്നതല്ല. I am challenging you. എനിക്ക് എതിരായി ഒരു പ്രിവിലേജ് മോഷൻ കൊടുക്കൂ. 19 ശതമാനമെന്ന് ഞാൻ നാലാം തവണയല്ലേ ഈ നിയമസഭയിൽ പറയുന്നത്. അല്ലാതെ 8 ശതമാനമേയുള്ളൂ എങ്കിൽ അങ്ങ് ഒരു പ്രിവിലേജ് മോഷൻ കൊടുക്കൂ, let the truth come out.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങയുടെ മൂന്ന് മാസത്തെ കണക്കനുസരിച്ച് 7349.83 കോടി രൂപ. കഴിഞ്ഞ വർഷം ഇതേ മൂന്ന് മാസം 6756 കോടി രൂപ. 562 കോടി രൂപയാണ് വർദ്ധിച്ചത്. ഈ മൂന്ന് മാസത്തെ കണക്കെടുക്കുമ്പോൾ 8 ശതമാനമാണ് വർദ്ധിച്ചത്. അങ്ങ് ഒരിക്കലും തെറ്റ് പറയുകയില്ല. പക്ഷേ അങ്ങേക്ക് ആവശ്യമായ കണക്കിൽ കൊണ്ടെത്തിക്കും. തെരഞ്ഞെടുപ്പ് കാരണം ഏപ്രിൽ മാസത്തിൽ ടാക്സ് കളക്ഷൻ കുറഞ്ഞു. മേയ് മാസത്തിൽ വർദ്ധിച്ചു. അതിനേക്കാൾ അല്പംകൂടി വർദ്ധിച്ചു ജൂൺ മാസത്തിൽ. ഇലക്ഷൻ കാലത്തെ കുറവിൽ നിന്ന് ഒരു ശതമാനം കണക്കിലെടുത്തിരിക്കുകയാണ്. ഞാൻ ഈ മൂന്ന് മാസത്തെ ആകെ വർദ്ധനവ് എടുത്തിട്ട് പറയുന്നു. ഞാൻ അങ്ങയുടെ ചലഞ്ച് സ്വീകരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ ജൂൺ മാസത്തിൽ ഇത്ര ശതമാനം വർദ്ധിച്ചുവെന്ന് പറയുമ്പോൾ ഉമ്മൻ ചാണ്ടി സാർ പറയുന്നത് ഏപിൽ, മെയ്, ജൂൺ മാസങ്ങളിലെ ശരാശരി എടുത്തിട്ടാണ്. ഏപ്രിൽ, മേയ് മാസം നിങ്ങളാണ് ഭരണത്തിനുകീഴിൽ തുടർച്ചയായി വരുന്നത്. ഞങ്ങൾ ജൂണിൽ അധികാരത്തിൽ വരുന്നു. അതുതന്നെ നികുതിദായകർക്ക് ഒരു മെസ്സേജ് കൊടുക്കുന്നു. ഇതാണ് എന്റെ വ്യാഖ്യാനം. നിങ്ങളുടെ വ്യാഖ്യാനം വേറെയാണെങ്കിൽ അങ്ങനെ ഇരുന്നോട്ടെ.

ഈ ധവളപത്രത്തിലെ പ്രൊജക്ഷൻ പ്രകാരം, ഇത് ഞങ്ങളുണ്ടാക്കിയതല്ല. ഞാനിപ്പോൾ കയറിയതല്ലേയുള്ളൂ. ഈ പ്രൊജക്ഷൻ പ്രകാരം ഇനി വരാൻ പോകുന്ന രണ്ട് വർഷക്കാലം റവന്യൂ കമ്മി പിടിച്ചുനിർത്താൻ ഭയങ്കര ബുദ്ധിമുട്ടുണ്ടാകും. അപ്പോൾ നമുക്ക് ക്യാപിറ്റൽ എക്സ്പെന്റിച്ചർ എവിടെനിന്നാണ്. ഈ ക്യാപിറ്റൽ എക്സ്പെന്റിച്ചർ ഇല്ലാത്തപക്ഷം എന്ത് സംഭവിക്കാൻ പോകുന്നു. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞപോലെ റബ്ബറിന് മാത്രമല്ല ഗൾഫ് പണത്തിന്റെ വരുമാനം കുറഞ്ഞു തുടങ്ങിയിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പ്ലാനിംഗ് ബോർഡ് പ്രെഡിക്ട് ചെയ്തത് കേരളത്തിന്റെ വളർച്ച മൂന്ന് ശതമാനത്തിലേക്ക് വേണമെങ്കിൽ കുറയാം എന്നുള്ളതാണ്. This is dangerous. It is a calamity. കേരളം മുഴുവൻ ജാഗ്രതപ്പെടാൻ പോകുകയാണ്. എന്തായിരിക്കും കേരളത്തിലെ സോഷ്യൽ ടെൻഷൻ. നൂൽപ്പാലത്തിൽക്കൂടി നടന്നാലും ക്യാപിറ്റൽ എക്സ്പെന്റിച്ചർ വർദ്ധിപ്പിക്കും. ഇതിന്റെ പ്രതിരോധം ഉയർത്തും. രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് അതാണ്. Appreciate ചെയ്യണം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : സർ, അങ്ങ് പറഞ്ഞ കിഫ്ബി പോലെ അരുൺ ജെറ്റ്‌ലി കേന്ദ്ര ബഡ്ജറ്റിൽ നാഷണൽ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്നൊരു സ്ഥാപനം തുടങ്ങുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. അമ്പതിനായിരം കോടിയോളം രൂപ, ഞാൻ മനസ്സിലാക്കുന്നത് അതിനുവേണ്ടി പ്രൈവറ്റ് ഫണ്ടിംഗിൽ നിന്ന് 49 ശതമാനം കേന്ദ്രസർക്കാരിന്റെ ഭാഗമൊക്കെ വച്ചാണ് പ്ലാൻ ചെയ്യുന്നത് എന്നാണ്. ഇക്കാര്യത്തിൽ അങ്ങയുടെ പാർട്ടിയുടെ നിലപാട്, കേന്ദ്രത്തിന്റെ നിലപാട് തന്നെയാണോ കേരളത്തിനും ഉള്ളതെന്ന് അറിയാൻ താല്പര്യമുണ്ട്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഞങ്ങളുടെ പാർട്ടിയുടെ നിലപാട് ഒന്നുതന്നെയാണ്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. പക്ഷേ ഒരു മുന്നണി സർക്കാർ ഭരിക്കുന്നു. സംസ്ഥാന സർക്കാർ ഭരിക്കുന്നു. ആ സംസ്ഥാന സർക്കാർ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ നോക്കിയിട്ട് നിലപാട് സ്വീകരിക്കും. അതും പാർട്ടിയുടെ നിലപാടും തമ്മിൽ യാതൊരു തർക്കവുമില്ല. ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതാണ് ആന്റി നിയോ ലിബറൽ. എന്നാലത് ബോണ്ട് മാർക്കറ്റിൽ പോയാൽ നിയോ ലിബറൽ ആയി എന്നാണോ. This is the situation. ഇതിന്റെ യുക്തി ഇതാണ്. അങ്ങയുടെ ബഡ്ജറ്റിന്റെ തുടർച്ചയാണ് ഈ ബഡ്ജറ്റ് എന്നതിൽ സംശയമില്ല. ബഡ്ജറ്റ് വോളിയം I - പൊതുമരാമത്ത് വർക്ക്. ആകെ വകയിരുത്തിയിരിക്കുന്നത് 6200 കോടി രൂപയാണ്. അതാണ് 12000 കോടി രൂപയായി വർദ്ധിക്കുന്നത്. ഞാൻ അഞ്ച് വർഷത്തെ കണക്കെടുത്ത് നോക്കി. അഞ്ച് വർഷത്തെ ചെലവ് 6500 കോടി രൂപയാണ്. ആ 6500 കോടി രൂപ അഞ്ച് വർഷം കൊണ്ട് ചെലവിട്ട സ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് മാത്രമായി 12000 കോടി രൂപയാണ് വർദ്ധിക്കുന്നത്. അഞ്ച് വർഷം ഇങ്ങനെ നിക്ഷേപം നടന്നാൽ കേരളത്തിൽ എന്താണ് സംഭവിക്കുക. നിങ്ങൾ ചിന്തിച്ചുനോക്കൂ. ഇതാണ് സ്റ്റാർട്ടിംഗ്. അതിനുള്ള തന്റേടം വേണം. അല്ലാതെ ബഡ്ജറ്റ് പ്രസംഗത്തിൽ എഴുതിവച്ചിട്ട് ഇപ്പോൾ വന്നിട്ട് സ്വപ്നം എന്നുപറഞ്ഞ് പോകലല്ല. ഇങ്ങനെ വളരെ സീരിയസ്സായിട്ടുള്ള സിറ്റ്വേഷൻ കേരള സമ്പദ്ഘടന നേരിടുകയാണ്. അതിനെ ഞങ്ങൾ ഇങ്ങനെ കാണാൻ ശ്രമിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ 5000 കോടി രൂപയുടെ പാലങ്ങൾ, ഫ്ലൈ ഓവറുകൾ മുതലായവ പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങ് പറയുന്നത് കിഫ്ബി സമാഹരിക്കുന്ന പണം ഒരു കാരണവശാലും ഡിപ്പാർട്ടുമെന്റ് മുഖേന ചെലവഴിക്കരുതെന്നാണ്. ഒന്നാം പാക്കേജിൽ ചെലവഴിച്ചത് ഡിപ്പാർട്ടുമെന്റ് മുഖേനയാണ്. എന്തുകൊണ്ടാണ് രണ്ടാം പാക്കേജിൽ ആ നയം മാറ്റിയത്?

ഡോ. ടി. എം. തോമസ് ഐസക് : സർ, മനസ്സിലായി. അപ്പോൾ ഇതായിരുന്നു നിങ്ങൾ സ്വപ്നം കഴിഞ്ഞാൽ രണ്ടാമത് സമാന്തരം എന്നു പറഞ്ഞത്. പ്രതിപക്ഷനേതാവും ആ ആക്ഷേപം ഉന്നയിക്കുന്നതിൽ ഒട്ടും കുറഞ്ഞ ആളല്ല. നിലവിലുള്ള ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് ആയിരത്തി ഇരുനൂറ്റി ചില്വാനം കോടി രൂപയാണ് മാറ്റിവച്ചത്. ഇതുപോലെ ഓരോ വകുപ്പിനും മാറ്റിവച്ചിട്ടുണ്ട്. കൂടുതൽ നിക്ഷേപം വേണമെങ്കിൽ ഇതല്ലാതെ വേറെ മാർഗ്ഗമില്ലായെന്ന് പറഞ്ഞുകഴിഞ്ഞില്ലേ? കാരണം 2009-ലേതുപോലെ ഭാവിയിൽ റവന്യൂ കമ്മി കുറഞ്ഞുവരും. അപ്പോൾ മൂലധനച്ചെലവിനായി വായ്പ എടുക്കുന്നത് കൊടുത്തുതീർക്കാമെന്നുള്ള ഒരു സ്ഥിതിയല്ല നിങ്ങൾ ഉണ്ടാക്കി വച്ചിരിക്കുന്നത്? വേറൊരു ചോയിസും ഇല്ല. എങ്ങനെയാണ് ഇത് ചെയ്യുക? ഓരോ ഡിപ്പാർട്ടുമെന്റും ഓരോ പ്രോജക്ടുകൾക്കും ഡി.പി.ആർ. തയ്യാറാക്കും. എല്ലാമാകുന്നതുവരെ കാത്തുനിൽക്കണ്ട. 250-ന്റെയോ 300-ന്റെയോ ഫ്രാഞ്ചൈസായി കിഫ്ബിക്ക് കൊടുക്കും. അതിൽ 25 ശതമാനം വയ്ക്കണമെന്നുള്ളതിന് എ.എസ്.-ന്റെ പ്രശ്നമില്ല. ഏത് എജൻസിയാണെന്നുള്ളത് അവർ നിശ്ചയിക്കും. റോഡ് ഫണ്ട് ബോർഡാണ് പൊതുമരാമത്ത് പണികളിൽ വലിയ പങ്ക് വഹിക്കുന്നത്. കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്. ഇത് നവ ലിബറലിസത്തിന്റേതാണെന്ന് പറഞ്ഞു. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയെ സംബന്ധിച്ച് 'വിഷൻ -2030'-ൽ നിങ്ങൾ എന്താണ് പറഞ്ഞത്. കൃത്യമായി പറഞ്ഞാൽ കച്ചവടമാക്കണമെന്നാണ്. Tradable sectors ആയി ഇവയെ മാറ്റാത്തതുകൊണ്ടാണ് ഇവയ്ക്ക് വളർച്ചയില്ലാത്തത്. അതിനുവേണ്ടി ഇൻവെസ്റ്റുമെന്റ് മീറ്റ് അടക്കം നടത്തുന്നു. ഞങ്ങൾ ആ പണിക്കല്ല പോകുന്നത്, മറിച്ച് പൊതുനിക്ഷേപം വർദ്ധിപ്പിച്ച് പൊതുവിദ്യാഭ്യാസത്തെയും പൊതു ആരോഗ്യ സംവിധാനത്തെയും ശക്തിപ്പെടുത്തുന്നതിന് കൂടുതൽ മുൻഗണന നല്കി. ഇതാണ് ബദൽ. ഞങ്ങളുടെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ നഷ്ടത്തിലാക്കിയില്ലേ; ഞങ്ങൾ പുനരുദ്ധരിക്കാനാണ് പോകുന്നത്. അല്ലാതെ വില്ക്കാനല്ല. ഇതാണ് ബദലെന്നു പറഞ്ഞത്.

കയർ, കശുവണ്ടി വ്യവസായങ്ങളിൽ എന്തു ചെലവാക്കിയെന്ന് ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഈ പാവങ്ങൾക്കുവേണ്ടി ഞങ്ങൾ എന്തും ചെയ്യും, എത്ര രൂപ വേണമെങ്കിലും മുടക്കും. അവർ ഉണ്ടാക്കുന്ന കൈത്തറി, കയർ എന്നീ ഉല്പന്നങ്ങൾ സർക്കാർ വാങ്ങി നഷ്ടത്തിൽ വിറ്റ് അവർക്ക് സമ്പൂർണ്ണ സംരക്ഷണം നല്കും. ഇതാണ് ബദൽ. ധനകാര്യത്തിൽ എഫ്.ആർ.ബി.എം.

ആകുണ്ടാക്കി സംസ്ഥാന സർക്കാരുകൾ ഇങ്ങനെ അഷ്ടിക്കുള്ള വരുമാനം വച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടുപോയാൽ മതിയെന്നുള്ള നിയമം നില്ക്കുമ്പോൾ ആ നിയമത്തിനുപുറത്ത് വിഭവസമാഹരണം നടത്തി ഇടപഴകി നിക്ഷേപിക്കാനുള്ള പരിപാടിയുണ്ടാക്കുന്നു. ഇതാണ് ഇടതുപക്ഷ ബദൽ. ഇത് നവലിബറലിസമല്ല. മറിച്ച് എഫ്.ആർ.ബി.എം. ആക്ട് നിലനില്ക്കുന്നു. അതില്ലാതാക്കാൻ കഴിയില്ല. അതിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് എങ്ങനെ മറികടക്കാം, അതാണ് ചെയ്തിരിക്കുന്നത്. ഇത് പാടില്ലായെന്ന് ആർ.ബി.ഐ.-ക്ക് പറയാൻ പറ്റുമോ? എസ്.ബി.ഐ., ക്യാപിറ്റൽ മാർക്കറ്റുകാരല്ലേ പറഞ്ഞിരിക്കുന്നത്.

<u>ക്ലാരിഫിക്കേഷൻസ്:</u>

1. നിയമന നിരോധനത്തെക്കുറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയവും ഈ ബഡ്ജറ്റിന്റെ നയവും ഒന്നുതന്നെയാണ്. ഒരു നിയമന നിരോധനവും ഇല്ല. ആരോഗ്യ മേഖലയിൽ മാത്രമല്ല വിദ്യാഭ്യാസ മേഖലയിലും മറ്റെല്ലാ മേഖലയിലും നോംസ് അനുസരിച്ച് എത്ര തസ്തികകൾ സൃഷ്ടിക്കണോ അത്രയും തസ്തികകൾ സൃഷ്ടിക്കുകയും നിയമിക്കുകയും ചെയ്യുമെന്ന് ഉറപ്പിച്ചു പറയുന്നു. അതുകൊണ്ട് വേറെ ചർച്ച ഇതിനെക്കുറിച്ച് വേണ്ട.

2. ക്ഷേമപെൻഷനുകളെക്കുറിച്ച് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി പറഞ്ഞു. അതുതന്നെയാണ് മനസ്സിലുള്ളത്. ഇപ്പോൾ നിലവിൽ 1000 രൂപയെക്കാൾ കൂടുതൽ കിട്ടുന്നവർക്കൊക്കെ അത് കിട്ടിക്കൊണ്ടിരിക്കും. പ്രവാസികളെ വിട്ടുകളയുകയോ അവഗണിക്കുകയോ ചെയ്തിട്ടില്ല. ഉണ്ടായിരുന്ന അടങ്കൽ ഇരട്ടിയാക്കി. അതും പോരെന്നറിയാം. നോർക്കയും ബന്ധപ്പെട്ട വകുപ്പും റീഹാബിലിറ്റേഷൻ സ്കീം ഉണ്ടാക്കിക്കഴിയുമ്പോൾ ആവശ്യമായ പണം നല്കും. അത് ഈ ബഡ്ജറ്റിലുണ്ട്. കൈത്തറിയുടെ മേലുള്ള രണ്ടുശതമാനം നികുതിയെക്കുറിച്ച് വിമർശനം വന്നു. ഞാൻ പറയുന്നു, വർഷം മുഴുവൻ കൈത്തറിക്ക് അഞ്ച് ശതമാനം റിബേറ്റ് ഏർപ്പെടുത്തും. അപ്പോൾ നികുതി കൂടുതൽ വാങ്ങുന്ന പ്രശ്നമില്ലല്ലോ. ഓണത്തിനും വിഷുവിനുമൊക്കെ പണ്ടത്തെപ്പോലെ ഇരുപതോ ഇരുപത്തിയഞ്ചോ ശതമാനം റിബേറ്റ്. കാരണം കൈത്തറി മുഴുവൻ സംഭരിച്ച് സർക്കാർതന്നെ വില്ക്കും. അടുത്ത തവണയാകുമ്പോഴേക്കും യൂണിഫോം മുഴുവൻ കൈത്തറിയുടേതാണ്. എത്ര നെയ്യാൻ പറ്റുമോ അത്രയും നെയ്യാനുള്ള അനുവാദം കൊടുക്കാൻ പോകുകയാണ്. മാർക്കറ്റ് ഇന്റർവെൻഷന് വേണ്ടത്ര പണം തികയില്ല. പണം മാറ്റി വച്ചിരിക്കുന്നു; അതിനായി പ്രത്യേകം ഹെഡ്ഡുണ്ട്. കൂടുതൽ അനുവദിച്ചു. ഇനിയും കൂടുതൽ അനുവദിക്കുന്നതാണ്.

<u>അഡീഷൻസ്:</u>

പ്ലാന്റേഷൻ മേഖലയിൽ ഒരു പാക്കേജ് വേണമെന്നുള്ളത് ഡിമാന്റ് പ്രസംഗങ്ങളിലെല്ലാം വന്നു. ലായങ്ങളിലെ വീടുകളെല്ലാം ഭവനപദ്ധതിയുടെ ഭാഗമായി പുനർനിർമ്മിച്ച് നല്കും. ഈ പശ്ചാത്തലത്തിൽ പ്ലാന്റേഷൻ മേഖലയിലെ പഞ്ചായത്തുകൾക്ക് ദുർവഹമായ ഭാരം വരുന്നെങ്കിൽ അതിനുള്ള അഡീഷണൽ പണം സർക്കാർ നല്കുന്നതാണ്. പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകൾ തുറക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തരത്തിലുള്ള പ്ലാന്റേഷൻ പാക്കേജിനാണ് രൂപം നല്കുന്നത്. കക്ക സഹകരണ സംഘങ്ങളിൽ നിന്ന് റോയൽറ്റി പിരിക്കുന്നുണ്ട്. ആ റോയൽറ്റി അവർക്കുതന്നെ ക്ഷേമത്തിന് നല്കും. ഇപ്പോൾ തല്ക്കാലം മൂന്ന് കോടി രൂപ അതിന് വകയിരുത്തും. പീലിംഗ് തൊഴിലാളികളെ മത്സ്യാനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധിയിലുൾപ്പെടുത്തുകയും ആനുകൂല്യം വർദ്ധിപ്പിക്കുകയും ചെയ്യും.

ഞാൻ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ വയനാട്ടിലെ പ്രൈമറി സ്കൂളിൽ ആദിവാസി സ്ത്രീയെ നിയമിക്കുമെന്ന് പറഞ്ഞു. അത് ആദിവാസി ടീച്ചറെ നിയമിക്കുമെന്നാക്കി മാറ്റണം. 140 മണ്ഡലങ്ങളിലും സ്കൂളുകൾ ഹൈടെക് നിലവാരത്തിലേക്ക് മാറ്റുന്നതിന് ഒരു പദ്ധതിയുണ്ട്. ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങളൊക്കെ ഏതാണ്ട് നടപ്പിലായിക്കൊണ്ടിരിക്കുന്നു. മൂന്നു നാല് മണ്ഡലങ്ങളുണ്ട്. അവ ഇമ്മീഡിയറ്റായി ആരംഭിക്കും. അത് പുതുക്കാട്, തളിപ്പറമ്പ്, ആലപ്പുഴ, കോഴിക്കോട് എന്നീ മണ്ഡലങ്ങളാണ്. കൂടാതെ ഓരോ ക്ലാസ് മുറിയും സന്ദർശിച്ച് അവിടെ എന്തൊക്കെ ഉറപ്പുകൾ ഉണ്ടാക്കണമെന്ന് പരിശോധിച്ച് കസ്റ്റമൈസ്ഡായിട്ടുള്ള ഡി.പി.ആർ. ഉണ്ടാക്കിയാൽ മാത്രമേ അത് നടപ്പാക്കാൻ സാധിക്കൂ. ആ പണികൾ ആരംഭിക്കും. അതിലെ അക്കാഡമിക് കണ്ടന്റിനെക്കുറിച്ച് ഈ നാല് മണ്ഡലങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങളിൽ നിന്നായിരിക്കും കാര്യങ്ങൾ എടുക്കുക.

അധികമായി പി.ജി കോഴ്സുകൾ അനുവദിക്കുന്ന പ്ലാന്റേഷൻ മേഖലയിലെ കോളേജുകളിൽ മാനന്തവാടി സർക്കാർ കോളേജും ഉൾപ്പെടുത്തും. വയനാട്ടിലെ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന് 41 കോടി രൂപ നബാർഡ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇത് ഉപയോഗിച്ചുതീരുന്ന മുറയ്ക്ക് അധിക പണം അനുവദിക്കുന്നതാണ്. പ്രസംഗത്തിൽ മെഗാ ഫുഡ് പാർക്കെന്നു പറഞ്ഞിരിക്കുന്നത് വയനാട്ടിലെ മെഗാ ഫുഡ് പാർക്കാണ്. കുട്ടനാട്ടിലെ വള്ളംകളികളുടെ മൊത്തം പ്രോത്സാഹനത്തിന് 2 കോടി രൂപ വകയിരുത്തുന്നു. ചമ്രവട്ടം റെഗുലേറ്ററിന്റെ ചോർച്ച അടച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുക ലഭ്യമാക്കും. വഖഫ് ബോർഡിന് രണ്ടു കോടി രൂപ ഗ്രാന്റ് നൽകും. അന്യാധീനപ്പെട്ടു കിടക്കുന്ന വഖഫ് സ്വത്തുക്കൾ

സംരക്ഷിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കും. ഹജ്ജ് ഹൗസ് നവീകരണത്തിന് ഒരു കോടി രൂപ അനുവദിക്കുന്നു. മേഴ്സിക്കുട്ടൻ അക്കാഡമിക്ക് 50 ലക്ഷം രൂപ അനുവദിക്കുന്നു. കൊച്ചി ബിനാലേക്ക് 7 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ സ്ഥിരം വേദി നിർമ്മിക്കുന്നതിന് വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പണം അനുവദിക്കുന്നതാണ്. എസ് സി./എസ് റ്റി. ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള ക്രസ്റ്റിന്റെ കാമ്പസ് കോഴിക്കോട് സൈബർ പാർക്കിൽ സ്ഥാപിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 15 കോടി രൂപ വകയിരുത്തുന്നു. ഗാന്ധി സേവാ സദനം കഥകളി ക്ലാസിക് ആർട്സ് അക്കാദമിയുടെ വാർഷിക ഗ്രാന്റ് 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായി ഉയർത്തുന്നു. തിരുവനന്തപുരം പ്രസ് ക്ലബിലെ മീഡിയ മാനേജ്മെന്റ് ആന്റ് ജേണലിസ്റ്റ്സ് ട്രെയിനിംഗ് സെന്ററിന് 25 ലക്ഷം രൂപ അനുവദിക്കുന്നു. ആലപ്പുഴയിലെ ദേശീയ ഗെയിംസ് റോവിംഗ് ട്രാക്ക് സ്ഥിരം വേദിയായി സംരക്ഷിക്കുന്നതിനും പരിശീലനത്തിനായി വരുന്നവർക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റലും മറ്റും നിർമ്മിക്കുന്നതിനും പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 10 കോടി രൂപ വകയിരുത്തുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 25 കോടി രൂപ വകയിരുത്തുന്നു. അഖിലേന്ത്യാ സർവ്വീസ് ഓഫീസർമാരുടെ ഫ്ലാറ്റ് സമുച്ചയത്തിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് 15 കോടി രൂപ വകയിരുത്തുന്നു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കടൽത്തീര സംരക്ഷണത്തിന് ഓരോ പ്രദേശത്തും ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. ഇത്തരത്തിൽ ഓരോ പ്രദേശത്തിനും മൂർത്തമായ പദ്ധതികൾ തയ്യാറാക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുന്നു. ബഡ്ജറ്റിലെ ഗണ്യമായ പങ്ക് പ്രഖ്യാപനങ്ങൾക്കും വിശദമായ ഡി.പി.ആർ.-കൾ ഇനിയും തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി ഒരു ടെക്നിക്കൽ അസിസ്റ്റന്റ്സ് ഫണ്ടിനുവേണ്ടി 5 കോടി രൂപ വകയിരുത്തുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഇ.എം.എസ്. വേദപഠനം നടത്തിയ തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിന് ഒരു കോടി രൂപ അവരുടെ കൺസർവേഷൻ വർക്കിനായി പ്രഖ്യാപിച്ചിരുന്നു. തുടർന്നുവന്ന സർക്കാർ തുക കൈമാറിയില്ല. മഠത്തിന്റെ സംരക്ഷണ പ്രവർത്തനത്തിന് ഒരു കോടി രൂപ അനുവദിക്കുന്നു. കടമല്ലൂർ അന്യോന്യത്തിന് 10 ലക്ഷം രൂപ അനുവദിക്കുന്നു. ശുചിത്വ കാമ്പയിൻ സംഘാടനത്തിനായി ശുചിത്വമിഷന് 15 കോടി രൂപ അധികമായി നൽകുന്നു. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവരുടെ തുടർ ചികിത്സയ്ക്ക് മരുന്നുകൾ വിലകുറച്ച് ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കും. കരൾരോഗം, പക്ഷാഘാതം, ബ്രെയിൻ ട്യൂമർ തുടങ്ങിയ രോഗങ്ങൾക്കും നിലവിലുള്ള

പരിധിക്കകത്ത് നിന്ന് കാരുണ്യയിൽ നിന്നും സഹായം ലഭ്യമാക്കും. അഞ്ച് വർഷമായി കലാ-സാംസ്കാരിക സംഘങ്ങൾക്കുള്ള ഗ്രാന്റ് നൽകിയിട്ടില്ല. കുടിശ്ശിക തീർത്തു നൽകും. അത് കാലോചിതമായി പരിഷ്കരിക്കും. നാടാർ, മുസ്ലീം പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് കാൽ നൂറ്റാണ്ട് മുമ്പ് 150 രൂപയായി നിശ്ചയിച്ചതാണ്. അതിന് ഒ.ഇ.സി. ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായമറിഞ്ഞ് കാലോചിതമായ വർദ്ധന നടത്തും. ഒ.ഇ.സി., എസ് സി., എസ് ടി., വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് തുക മാത്രം ഏതാണ്ട് 200 കോടി രൂപ കൊടുക്കാനുണ്ട്. കണക്കുകൾ ഞാൻ നോക്കി. ഒരു സംശയവും വേണ്ട അത് ഈ വർഷം വിതരണം ചെയ്യും. സ്മാരകങ്ങളുടെ ഏർപ്പാട് ഇനിയുണ്ടാവുകയില്ല. 40-ഉം 50- ഉം കോടി രൂപ മുടക്കി ഓരോ ജില്ലയിലും വലിയ സാംസ്കാരിക സമുച്ചയങ്ങൾ പണിയുകയാണ്. അതിനൊക്കെ നാടകശാല, തിയേറ്റർ, കൂത്തമ്പലം എല്ലാമുണ്ട്. നമ്മുടെ ജില്ലകളിലെ പ്രധാനപ്പെട്ട എല്ലാ സാംസ്കാരിക നായകരുടേയും പേരുകൾ അതിന് വരുന്നതോടുകൂടി It does not add up into any thing. നേരത്തെ തുക ലഭിച്ചിട്ടുള്ള ഏതാനും കാര്യങ്ങൾ കൂടി ചേർത്തിട്ടുണ്ട്. ചേർത്തല കടക്കരപ്പള്ളിയിലെ ഇട്ടി അച്യുതൻ സ്മാരകം ഏറ്റെടുക്കുന്നതിന് 50 ലക്ഷം രൂപ, തിരുവനന്തപുരം - എൻ. കൃഷ്ണപിള്ള സ്മാരകം - 25 ലക്ഷം രൂപ, ചിറയിൻകീഴ് - പ്രേംനസീർ സ്മാരകം - 25 ലക്ഷം രൂപ, എറണാകുളം-ടി. കെ. രാമകൃഷ്ണൻ സ്മാരകം - 50 ലക്ഷം രൂപ, കുന്നംകുളത്തെ സി. വി. ശ്രീരാമൻ ട്രസ്റ്റിന് 25 ലക്ഷം രൂപ, വൈകുണ്ഠസ്വാമി അന്തർദ്ദേശീയ പഠന ഗവേഷണ കേന്ദ്രത്തിന് 25 ലക്ഷം രൂപ, സുകുമാർ അഴീക്കോട് ട്രസ്റ്റിന് 50 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തുന്നു. വെള്ളനേഴി കലാഗ്രാമങ്ങളും പൈതൃക ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. അന്ധകാരനഴി കടൽത്തീരവും ഇടുക്കി രാമക്കൽമേടും പശ്ചാത്തല സൗകര്യം ഒരുക്കുന്ന ടൂറിസം പദ്ധതികളിൽ ഉൾപ്പെടുത്തുന്നതാണ്. 20 പദ്ധതികളിൽ ആറെണ്ണമേ പ്രഖ്യാപിച്ചിട്ടുള്ളൂ.

താഴെപ്പറയുന്ന പുതിയ കുടിവെള്ള പദ്ധതികൾ കൂടി നടപ്പിലാക്കുന്നതാണ് :

ചീക്കോട് - ബേപ്പൂർ കുടിവെള്ള പദ്ധതി, കുണ്ടൂർതോട് നവീകരണം, ചാത്തന്നൂർ-കല്ലുവാതുക്കൽ കുടിവെള്ള പദ്ധതി, പട്ടുവം ജപ്പാൻകുടിവെള്ള പദ്ധതി, അമ്പലപ്പാറ-നച്ചനാട്ടുകര കുടിവെള്ള പദ്ധതി, ചിറ്റൂർ-മൂലത്തറ-റൈറ്റ് ബാങ്ക് കനാൽ (ഇത് കുടിവെള്ള പദ്ധതിയല്ല, ജലസേചന പദ്ധതിയാണ്), പുതുക്കാട്-കാനത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ്, തൃപ്പൂണിത്തുറ-അന്ധകാരത്തോട് നവീകരണം, താനൂർ കുടിവെള്ള പദ്ധതി.

34 റോഡുകൾക്ക് പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 560 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് ആവശ്യമുള്ളവർക്ക് പരിശോധിക്കാവുന്നതാണ്.

ഇവിടെ ഇരിക്കുന്ന മഹാഭൂരിപക്ഷം എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും ചുരുങ്ങിയത് 100 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഏതാനും പേരുടെ മണ്ഡലങ്ങളിൽ അത്രയ്ക്ക് പ്രവൃത്തികൾ വന്നിട്ടില്ല. ശ്രീ. വി. റ്റി. ബൽറാം വേണ്ടെന്ന് പറഞ്ഞ റോഡിന് പോലും ഞാൻ തുക വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ വേണ്ടെന്ന് പറഞ്ഞതു കൊണ്ടല്ല, ആ റോഡ് ആവശ്യമാണെന്നുള്ളതുകൊണ്ടാണ് തുക വകയിരുത്തിയത്. ശ്രീ. വി.റ്റി. ബൽറാമിന് ആ റോഡ് വേണ്ടെങ്കിലും ഞങ്ങൾക്ക് ആ റോഡ് വേണം. ചുരുങ്ങിയത് 70 കോടി രൂപയുടെ വർക്കുകൾ ഓരോ മണ്ഡലത്തിലുമുണ്ട്. ചില മണ്ഡലങ്ങളിൽ അതിൽ കൂടുതൽ വരും. ഏതെങ്കിലും എം.എൽ.എ.-യുടെ മണ്ഡലത്തിൽ അത് ലഭിച്ചിട്ടില്ല എങ്കിൽ പറഞ്ഞാൽ പരിഹരിക്കുമെന്നുള്ളതിന് ഒരു തർക്കവും വേണ്ട.

105 കോടി രൂപ 6 ബൈപ്പാസുകൾക്ക് വകയിരുത്തിയിട്ടുണ്ട്. പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ്, താമരശ്ശേരി ബൈപ്പാസ്, പെരുമ്പാവൂർ ബൈപ്പാസ്, കരുനാഗപ്പള്ളി ബൈപ്പാസ്, പൊന്മുണ്ടം ബൈപ്പാസ്, പള്ളാത്തുരുത്തി-കിഴക്കൻ ബൈപ്പാസ്.

താഴെപ്പറയുന്ന പാലങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. :

ഏലത്തൂർ-കോരപ്പുഴ പാലം, കണ്ണൻകുണ്ട് പാലം, ശ്രീധരി പാലം, പറയൻ കടവ് പാലം, മുറിഞ്ഞപുഴ-ചെമ്പുവാലേൽപാലം, അറക്കടവ് പാലം, മങ്കരപ്പാലം, പുനൂർ ടൗൺ പാലം, നെയ്യാറ്റിൻകര-മുള്ളറവിള ആയയിൽ പാലം, തേറണ്ടി പാലത്തിന് പകരം കാട്ടാമ്പള്ളി പാലം, പുലിക്കാട്ട് കടവ് പാലത്തിന് പകരം തിരുനെല്ലി നിട്ടറ പാലം.

90 കോടി രൂപ ചെലവിൽ 5 ഫ്ളൈ ഓവറുകൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. കൊടുവള്ളി സിറാജ് ഫ്ളൈ ഓവർ, കാലിക്കട്ട് എയർപോർട്ട് ജംഗ്ഷൻ ഫ്ളൈ ഓവർ, കൊട്ടുമണ്ട ഫ്ളൈ ഓവർ, അയത്തിൽ ജംഗ്ഷൻ ഫ്ളൈ ഓവർ, കുണ്ടന്നൂർ ഫ്ളൈ ഓവർ എന്നിവയാണവ. ശ്രീകാര്യത്തെ ഫ്ളൈ ഓവറിന് ഡി.പി.ആർ. തയ്യാറാക്കിയിട്ട് പണം അനുവദിക്കാം.

70 കോടി രൂപ ചെലവിൽ 4 റെയിൽവേ ഓവർ ബ്രിഡ്ജുകൾക്കുകൂടി തുക വകയിരുത്തുന്നു. കുട്ടിക്കുളം റെയിൽവേ ഓവർബ്രിഡ്ജ്, ഇരവിപുരം റെയിൽവേ ഓവർബ്രിഡ്ജ്, താനൂർ ടൗൺ-തെയ്യാല റെയിൽവേ ഓവർബ്രിഡ്ജ്, തലശ്ശേരി കൊടുവള്ളി റെയിൽവേ ഓവർബ്രിഡ്ജ്. താഴെപ്പറയുന്ന സ്റ്റേഡിയങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

തലശ്ശേരി വി. ആർ. കൃഷ്ണയ്യർ സ്റ്റേഡിയം, കൊടുമൺ സ്റ്റേഡിയം, കോതമംഗലം ചേലാട് സ്റ്റേഡിയം, പട്ടാമ്പി കോളേജിന് മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്, താനൂർ സ്റ്റേഡിയം, വണ്ടൂർ സ്റ്റേഡിയം.

ഫുട്ബോൾ ഹബ്ബായി മലപ്പുറത്തെ വികസിപ്പിക്കുന്നതിന് പ്രത്യേകം സ്പോർട്സ് വകുപ്പ് പരിപാടി തയ്യാറാക്കുമ്പോൾ അതിനുള്ള പണം നൽകുന്നതാണ്. അടിമാലി, പട്ടാമ്പി, നിലമ്പൂർ, വടകര, ചടയമംഗലം, മതിലകം, പത്തനാപുരം തുടങ്ങിയ ഏഴ് റവന്യൂ ടവറുകളുടെ നിർമ്മാണം കൂടി ഏറ്റെടുക്കുകയാണ്.

നികുതി സംബന്ധിച്ച് പല അഭിപ്രായങ്ങൾ വന്നു. എല്ലാ അഭിപ്രായങ്ങളും തുറന്ന മനസ്സോടെ പരിശോധിക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റിയിൽ നമുക്കത് ചർച്ച ചെയ്യാം.

3.00 PM]

<u>ശ്രീ. കെ. എം. മാണി</u> : സർ, ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് എന്നുപറയുന്നത് 730 കോടി രൂപയുടെ അധികച്ചെലവോടുകൂടി 746 കോടി രൂപയുടെ കമ്മി ബഡ്ജറ്റാണ്. ഇപ്പോൾ ഈ പ്രഖ്യാപനങ്ങൾ എല്ലാം കഴിഞ്ഞപ്പോൾ വർഷാന്ത്യ കമ്മി എവിടെ പോയി നിൽക്കുന്നു?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഞാൻ അതിനെക്കുറിച്ച് പറയാം. തുറന്ന മനസ്സോടുകൂടി നമുക്ക് അത് സബ്ജക്റ്റ് കമ്മിറ്റിയിൽ പരിശോധിക്കാം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, സഭയുടെ എല്ലാ ഭാഗത്തുനിന്നും ഇവിടെ വന്നിട്ടുള്ള രണ്ടു കാര്യങ്ങളുണ്ട്. നെല്ലിന്റെ സംഭരണവില ഉയർത്തുന്ന കാര്യവും റബ്ബറിന് സബ്സിഡൈസ്ഡ് സ്കീമിൽ സബ്സിഡി കൊടുക്കുന്ന കാര്യവും.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഇപ്പോൾ സബ്സിഡി ഇനത്തിൽ 500 രൂപ കൊടുത്ത് തീർന്നതിനുശേഷം ആലോചിക്കാം. അതായിരിക്കും ഉചിതമായിട്ടുള്ളത്. നെല്ലിന്റെ വിലയെ സംബന്ധിച്ച് കൃഷി വകുപ്പ് ആലോചിച്ച് പ്രഖ്യാപിക്കുന്നതാണ്. ബഡ്ജറ്റിൽ ഒന്നും പ്രഖ്യാപിക്കുന്നില്ല. അതിൽ ഒരു നികുതി നിർദ്ദേശമുള്ളത് ബ്രാൻ ഓയിലിന്മേലുള്ള നികുതി ഇളവ് പുനഃപരിശോധിക്കുന്നതാണ് എന്നുള്ളത്. ഇതിൽ നിന്നും 10 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു. തവിട് എണ്ണയ്ക്ക് ഇപ്പോൾ നികുതി സീറോയാണ്. തവിടെണ്ണ ഉണ്ടാക്കുന്ന രണ്ട് ഫാക്ടറികൾക്ക് ധനസഹായം സർക്കാർ നൽകും. തവിടെണ്ണയുടെ പേരിൽ വലിയ

തോതിൽ പുറത്തുനിന്ന് എണ്ണ കൊണ്ടുവന്നിരിക്കുകയാണ്. അക്കാര്യം എന്നോട് പറഞ്ഞത് മറ്റാരുമല്ല എണ്ണ വ്യാപാരികൾ തന്നെയാണ്. അതിനുമേൽ 5 ശതമാനം നികുതി വരും. ഞാൻ ദീർഘിപ്പിക്കുന്നില്ല. ... I won't take anything. ഇപ്പോൾ ഇതെല്ലാം അവിടെ നിൽക്കട്ടെ. നിങ്ങൾക്ക് ഇതെല്ലാം കൂടി ഒരൊറ്റ ബ്രാഞ്ചായിട്ടല്ല ചെയ്യുന്നത്. ആവുന്ന മുറയ്ക്ക് അനുവദിക്കുകയാണ്. അതിന്റെ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാകട്ടെ. ……. No. I'm not going to take anything.

മി. സ്പീക്കർ : യെസ്......പ്ലീസ് സിറ്റ് ഡൗൺ......ഇനി സ്വീകരിക്കുന്നില്ല എന്ന് മിനിസ്റ്റർ പറഞ്ഞുകഴിഞ്ഞല്ലോ; പ്ലീസ് കൺക്ലൂഡ്.

ഡോ. ടി. എം. തോമസ് ഐസക് : Let me complete. Please...... ഒരുപാട് സ്കൂളുകൾക്കും കോളേജുകൾക്കും പോളിടെക്നിക്കുകൾക്കുമാണ് എം.എൽ.എ.മാർ എഴുതിത്തന്നിട്ടുള്ളത്. ഇതിനൊക്കെ ആവശ്യത്തിനുള്ള പണം പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും ലംപ്സം ആയി പ്രൊവൈഡ് ചെയ്തിട്ടുണ്ട്. അത് സ്കൂളുകളുടെയും പോളിടെക്നിക്കുകളുടെയും നവീകരണത്തിന് ഡി.പി.ആർ. തയ്യാറാക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ ചെയ്യാവുന്നതിന്റെ പരമാവധിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

Shri. K. M. Mani : Sir, I am on a point of order....

മി. സ്പീക്കർ : പ്രത്യേകമായ ബഡ്ജറ്റ് പരാമർശം ആവശ്യമില്ല.

ഡോ. ടി. എം. തോമസ് ഐസക് : സർ,

2016-17-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)

റവന്യൂ വരുമാനം - 84616.85, റവന്യൂ ചെലവ് - 97683.10, റവന്യൂ കമ്മി - (-)13066.25, മൂലധനച്ചെലവ് - (തനി) - 9540.86, വായ്പകളും മുൻകൂറുകളും (തനി) - (-)532.78, പൊതുകടം (തനി) - 17926.14, പൊതുകണക്ക് (തനി) - 4502.37, ആകെ കമ്മി - (-)711.38, വർഷാരംഭ രൊക്ക ബാക്കി - (-)105.21, വർഷാന്ത്യ രൊക്ക ബാക്കി - (-)816.59 ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ്- 730.10, പ്രഖ്യാപിച്ച ഇളവുകൾ - 5, വർഷാന്ത്യ രൊക്ക ബാക്കി - (-)746.69, സഭയിൽ പ്രഖ്യാപിച്ച അധികച്ചെലവ് - 32.85, സഭയിൽ പ്രഖ്യാപിച്ച അധികവിഭവ സമാഹരണം - 10, പുതുക്കിയ വർഷാന്ത്യ രൊക്ക ബാക്കി - (-)769.54.

മി. സ്പീക്കർ : ഇനി വഴങ്ങുന്നില്ല. അദ്ദേഹം ഫിനിഷ് ചെയ്യു.

## VIII. പ്രമേയം

ചട്ടം 236 (2) സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ചട്ടം 236 (2) സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, "2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ വിഷയനിർണ്ണയ സമിതികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് വിഷയനിർണ്ണയ സമിതികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇതിൽ ചട്ടം 236(2) അനുസരിച്ച് സബ്ജക്ട് കമ്മിറ്റികൾ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധന നാലാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. അത് സാധിക്കാത്തതുകൊണ്ടാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ..............ഓർഡർ................. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂലൈ മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 3.05-ന് പിരിഞ്ഞു.)